# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

**2017 ആഗസ്റ്റ് 24, വ്യാഴം**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 168 - നമ്പർ 12

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 24, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

462/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 30
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 79

**II അടിയന്തരപ്രമേയം**

ഹൈക്കോടതി പരാമർശം
(അവതരണാനുമതി നിഷേധിച്ചു) .. 304

**III ശ്രദ്ധ ക്ഷണിക്കൽ**

പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസന പ്രവർത്തനങ്ങൾ—
ശ്രീ. ബി. സത്യൻ .. 345

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല)

**IV സബ്മിഷൻ**

1. പി.എസ്.സി. പരീക്ഷ—
ശ്രീ. റ്റി. വി. രാജേഷ് .. 349
2. എസ്.ബി.ടി./എസ്.ബി.ഐ. ലയനം—
ശ്രീ. കെ. രാജൻ .. 350
3. വിസ്ഡം ഗ്ലോബൽ മിഷൻ പ്രവർത്തകർക്ക് മർദ്ദനം—
ശ്രീ. പി. ടി. എ. റഹീം .. 352
4. യു.ഐ.ഡി.എസ്.എസ്.എം.ടി.—
ശ്രീ. എ. എൻ. ഷംസീർ .. 354
5. സ്പിൽവേ നിർമ്മാണത്തിലെ അപാകത—
ശ്രീമതി സി. കെ. ആശ .. 356

| | | | പേജ് |
|---|---|---|---|
| | 6. ബോട്ട് സർവ്വീസ്— | | |
| | ശ്രീ. ജോൺ ഫെർണാണ്ടസ് | .. | 358 |
| | 7. വെട്ടിക്കോട് ചാൽ ടൂറിസം വികസനം— | | |
| | ശ്രീ. ആർ. രാജേഷ് | .. | 360 |
| | 8. സ്റ്റാഫ് പാറ്റേൺ— | | |
| | ശ്രീമതി പി. അയിഷാ പോറ്റി | .. | 361 |
| | 9. പരമ്പരാഗത ചികിത്സ— | | |
| | ശ്രീ. സി. കെ. ഹരീന്ദ്രൻ | .. | 362 |
| **V** | **അറിയിപ്പ്** | .. | 364 |
| | **സബ്മിഷൻ (തുടർച്ച)** | .. | 364 |
| | 10. ആർദ്രം പദ്ധതി— | | |
| | ശ്രീ. ജി. എസ്. ജയലാൽ | .. | 364 |
| | 11. പാലം പുതുക്കി പണിയൽ— | | |
| | ശ്രീ. സി. കെ. നാണു | .. | 367 |
| **VI** | **റിപ്പോർട്ട് സമർപ്പണം** | | |
| | (1) സംസ്ഥാനം നേരിടുന്ന മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് | .. | 369 |
| | (2) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത്തേയും മൂന്നാമത്തേയും റിപ്പോർട്ടുകൾ | .. | 370 |
| **VII** | **നിയമനിർമ്മാണകാര്യം** | | |
| | (1) 2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും | .. | 370 |

*പേജ്*

**VIII പ്രസ്താവന**

സിംഗിൾ ബഞ്ച് വിധിയിലെ പരാമർശം—

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) .. 393

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(2) സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും .. 393

**IX അവകാശലംഘന പ്രശ്നങ്ങൾ** .. 408

**X പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) .. 409

**XI അവലോകനം** .. 409

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

*2017 ആഗസ്റ്റ് 24, വ്യാഴം*


| വാല്യം 168] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 12 |
|---|---|---|


നിയമസഭ 2017 ആഗസ്റ്റ് മാസം 24-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ......ഓർഡർ.......... ചോദ്യം നമ്പർ (*361)

(കേരള സംസ്ഥാന ബാലാവകാശ കമ്മീഷനിലെ രണ്ടംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പുമന്ത്രി അധികാര ദുർവിനിയോഗം നടത്തിയതായി ഹൈക്കോടതി പരാമർശമുണ്ടായതിനാൽ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ യു.ഡി.എഫ്. അംഗങ്ങൾ ബാനറും പ്ലക്കാർഡുമായി നടുത്തളത്തിലിരുന്ന് മുദ്രാവാക്യം മുഴക്കി സഭാ നടപടികൾ തടസ്സപ്പെടുത്തി കൊണ്ടിരുന്നു.)

### ഇറച്ചിക്കോഴി ഉത്പാദനത്തിൽ സ്വയം പര്യാപ്തത

1 (*361) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) ഇറച്ചിക്കോഴി വളർത്തലിൽ കർഷകരും ഉപഭോക്താക്കളും അയൽ സംസ്ഥാനങ്ങളിലെ വ്യാപാരികളുടെ ചൂഷണത്തിന് വിധേയരാകുന്നത് അവസാനിപ്പിക്കാനായി എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഈ മേഖലയിൽ സംസ്ഥാനത്തെ കർഷകരെ സ്വയംപര്യാപ്തമാക്കുന്നതിനായി ആവശ്യത്തിന് ജനിതകമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളും കോഴിത്തീറ്റയും ലഭ്യമാക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇക്കാര്യത്തിൽ കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിച്ച് ഉല്പാദനത്തിനുവേണ്ട ഭൗതിക സാഹചര്യങ്ങൾ സ്വയംപര്യാപ്തത നേടാൻ പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) കുടുംബശ്രീ, കെ.എസ്.പി.ഡി.സി., മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിച്ച് വില നിയന്ത്രണം സാധ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരികയാണ്. 2017-18 വർഷം 1000 യൂണിറ്റും തുടർ വർഷങ്ങളിൽ ഘട്ടംഘട്ടമായി ആകെ 5000 യൂണിറ്റുകളും തുടങ്ങുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകൾവഴി കേരള വെറ്ററിനറി യൂണിവേഴ്സിറ്റി ഇതര കേന്ദ്ര/കേരള സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ വീട്ടുവളപ്പിലെ കോഴി കൃഷിക്ക് അനുയോജ്യമായ ജനിതക മേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകി മുട്ട, ഇറച്ചി ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം സാധ്യമാക്കുവാൻ 59 ലക്ഷം വിരിയിപ്പ് മുട്ടകളും 49 ലക്ഷം കോഴിക്കുഞ്ഞുങ്ങളെയും ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

കെ.എസ്.പി.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ കുടുംബശ്രീ യൂണിറ്റുകൾ വഴിയുള്ള കോഴിവളർത്തൽ, കോഴിവളർത്തൽ ഗ്രാമം പദ്ധതി, റൂറൽ ബാക്ക് യാർഡ് പദ്ധതി, പട്ടികജാതിക്കാർക്കുവേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി എന്നിവയിലൂടെ 69800 മുട്ടക്കോഴികളെ വിതരണം ചെയ്യുന്നു. കൂടാതെ കെപ്കോ ആശ്രയ പദ്ധതി, കെപ്കോ നഗരപ്രിയ പദ്ധതി, കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി, കോൾ നിലങ്ങളിലെ കോഴിവളർത്തൽ, ഇന്റഗ്രേഷൻ പദ്ധതി എന്നീ പദ്ധതികളും നടപ്പിലാക്കുന്നു. തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ബ്രീഡർ ഫാമിൽ മേൽത്തരം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മൃഗസംരക്ഷണ വകുപ്പും കൊല്ലം ജില്ലാ പഞ്ചായത്തും സംയുക്തമായി ആയൂരിലെ തോട്ടത്തറ ഹാച്ചറിയിൽ 5.82 കോടി രൂപ ചെലവഴിച്ച് ഉല്പാദനം കൂട്ടുവാനുള്ള പദ്ധതി പൂർത്തിയാക്കി വരികയാണ്. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ 3 കോടി രൂപ ചെലവഴിച്ച് പുതിയ ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ തന്നെ ആതവനാട് കോഴി വളർത്തൽ ഫാമിൽ ഈ വർഷം

തന്നെ ഹാച്ചറി പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഹാച്ചറികൾ നവീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു. കൂടാതെ കെ.എസ്.പി.ഡി.സി.-യുടെ തൃശ്ശൂർ ജില്ലയിലെ മാളയിൽ നിർമ്മാണത്തിലിരിക്കുന്ന കെപ്കോ കോഴിത്തീറ്റ ഉല്പാദന യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്ന മുറയ്ക്ക് മേൽത്തരം കോഴിത്തീറ്റ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതാണ്.

(സി) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ മേൽനോട്ടത്തിൽ സ്ഥല സൗകര്യം, ഫണ്ട് എന്നിവയുടെ ലഭ്യതയനുസരിച്ച് പുതിയ ഫാമുകൾ സ്ഥാപിക്കാനും ഹാച്ചറി സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും അതുവഴി സംസ്ഥാനത്തിന് ആവശ്യമായ ഇറച്ചിക്കോഴികളെ ഇവിടെത്തന്നെ ഉല്പാദിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കാനും ഉദ്ദേശിക്കുന്നു. അതിന് പര്യാപ്തമായ വിധത്തിൽ ഫാമുകളുടെയും ഹാച്ചറികളുടെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതാണ്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടത്തിയ ഫാം തൊഴിലാളികളുടെ വേതന വർദ്ധനവ് ആ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് വലിയൊരളവോളം ആശ്വാസം പകരുന്നുണ്ട്. കേരളത്തിൽ ജി.എസ്.ടി. നിലവിൽ വന്നതിനുശേഷമാണ് കോഴിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശരിയായ രീതിയിൽ പുറത്തുവന്നതെന്നാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവനയിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത്. കേരളത്തിന് ആവശ്യമായ കോഴിയുടെ നാലിൽ ഒന്നുപോലും കേരളത്തിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. തമിഴ്നാട് സർക്കാർ അവിടെയുള്ള കോഴി കർഷകർക്കാവശ്യമായ സബ്സിഡി നൽകുന്നതുകൊണ്ട് അവർക്ക് ലാഭകരമായ രീതിയിൽ കോഴിവളർത്തൽ നടത്താനും അതിനെ വലിയ വ്യവസായമാക്കി മാറ്റാനും കഴിഞ്ഞിട്ടുണ്ട്. അത്തരത്തിലുള്ള എന്തെങ്കിലുമൊരു സംവിധാനം സംസ്ഥാനത്ത് നടപ്പാക്കുവാൻ സർക്കാരിന്റെ ഭാഗത്തു നിന്ന് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കെ. രാജു</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലെയും തൊഴിലാളികളുടെ ശമ്പള വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. ദിവസ വേതനക്കാരായ തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ കൂലി 630 രൂപയായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലും നടപ്പാക്കിവരികയാണ്. പ്രധാനമായും ഇറച്ചിക്കോഴി വളർത്തൽ നിർവ്വഹിക്കുന്നത് കെപ്കോ എന്ന സ്ഥാപനമാണ്. ഇറച്ചിക്കോഴിയുടെ വിപണി വില നിയന്ത്രിക്കാനായി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 21-7-2017-ൽ ധനകാര്യ വകുപ്പുമന്ത്രിയും ഞാനും

കുടുംബശ്രീ മിഷൻ, കെപ്കോ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്, മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രോജക്ടിൽ ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളുടെ വില 35 രൂപയായും കോഴിത്തീറ്റയുടെ വില 30 രൂപയായും ഇറച്ചിക്കോഴികളുടെ വില 87 രൂപയായും കണക്കാക്കി പ്രോജക്ട് രൂപപ്പെടുത്തുന്നതിനാവശ്യമായ തീരുമാനമെടുത്തിട്ടുണ്ട്. ഈ നിലയ്ക്ക് ഭേദഗതി വരുത്തിയ പ്രോജക്ട് ധനകാര്യ വകുപ്പുമന്ത്രിയുടെയും മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെയും പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 1000 യൂണിറ്റുകൾ തുറന്ന് പ്രവർത്തിക്കുകയും വരും വർഷങ്ങളിൽ, 2020-21-ഓടെ 5000 യൂണിറ്റുകൾ സ്ഥാപിക്കാനുമാണ് വിഭാവന ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രോജക്ട് നടപ്പിലാക്കി ഇറച്ചിക്കോഴികളുടെ ഉൽപ്പാദനത്തിലും വില നിയന്ത്രണത്തിലും ഫലപ്രദമായി ഇടപെടാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. കുടുംബശ്രീ യൂണിറ്റുകളെയാണ് ഈ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കർഷകർക്ക് മിതമായ നിരക്കിൽ ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ നൽകുകയും 45 ദിവസം കഴിഞ്ഞതിനുശേഷം അവയെ അപ്പോഴത്തെ വില നിശ്ചയിച്ച് തിരിച്ചെടുക്കുകയും ചെയ്യുന്ന ഒരു പദ്ധതിയാണ്. അതുവഴി ഇറച്ചിക്കോഴികളുടെ ഉൽപ്പാദനം കേരളത്തിൽ വർദ്ധിപ്പിക്കാൻ കഴിയും. അതുവഴി മാത്രമേ അന്യസംസ്ഥാന കച്ചവടക്കാരുടെ ചൂഷണം ഒരുപരിധിവരെ ഒഴിവാക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, അന്യസംസ്ഥാനങ്ങളിലെ പ്രമുഖ കമ്പനികൾ കേരളത്തിലെ ചെറുകിട ഫാമുകളിൽ വലിയതോതിൽ വില ഈടാക്കിക്കൊണ്ട് മുട്ടകളും കോഴിക്കുഞ്ഞുങ്ങളും വിതരണം ചെയ്യുകയും അത് തിരിച്ചെടുക്കുമ്പോൾ കുറഞ്ഞ വില നൽകുകയും ചെയ്യുന്ന ഒരു സമീപനം ഇന്ന് നിലനിൽക്കുന്നുണ്ട്. അത്തരത്തിലുള്ള ആളുകളെ കണ്ടെത്തി അവർക്ക് നേരിട്ട് മുട്ടക്കോഴികളെയും കോഴിക്കുഞ്ഞുങ്ങളെയും നൽകുന്ന ഒരു പദ്ധതി തയ്യാറാക്കാൻ സർക്കാരിന് സാധിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ഇതുസംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ഈ രംഗത്ത് അന്യസംസ്ഥാന കച്ചവട ലോബികളെ ഒഴിവാക്കുന്നതിനായി പരമാവധി ഉൽപ്പാദനം കേരളത്തിൽ നടത്തുന്നതിനുവേണ്ടിയാണ് കുടുംബശ്രീയുമായി ചേർന്നു കൊണ്ട് ഒരു വലിയ പ്രോജക്ട് നടപ്പിലാക്കാൻ സർക്കാർ ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ ഭാഗമായി ഈ വർഷം തന്നെ 1000 യൂണിറ്റുകൾ ആരംഭിക്കും. വരും വർഷങ്ങളിൽ, 2020-21 ആകുമ്പോൾ 5000 യൂണിറ്റുകൾ കേരളത്തിലൊട്ടാകെ വ്യാപിപ്പിക്കാൻ കഴിയും. അതിന്റെ ഭാഗമായി കേരളത്തിൽ വൻ തോതിൽ ഇറച്ചിക്കോഴികളെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകും. പേരന്റ് എഗ്ഗ് പരമാവധി കെപ്കോ അടക്കമുള്ള സ്ഥാപനങ്ങളിൽനിന്ന് നേരിട്ടുവാങ്ങി കർഷകർക്ക് ഹാച്ചറികളിലേയ്ക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്. കൂടുതൽ ഹാച്ചറികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, ഇറച്ചിക്കോഴി വളർത്തൽ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കുന്ന രീതിയിൽ എങ്ങനെ കൊണ്ടുപോകാമെന്നതിന്റെ അടിസ്ഥാനത്തിൽ Hatchery Management and Chicks Sexing എന്ന അഞ്ചുമാസത്തെ കോഴ്സ് തൊഴിലധിഷ്ഠിത പരിശീലനത്തിന്റെ ഭാഗമായി എസ്.എസ്.എൽ.സി./വി.എച്ച്.എസ്.ഇ./ പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്കായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ സാധിക്കുമോ; ഇതുവഴി കേരളത്തിലെ ചെറുപ്പക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, കോഴിവളർത്തൽ കാർഷികവൃത്തിയായി ഇതുവരെ അംഗീകരിച്ചിട്ടില്ല. അത് കാർഷികവൃത്തിയായി അംഗീകരിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ ഈ മേഖലയിൽ തൊഴിലധിഷ്ഠിതമായ നിരവധി കോഴ്സുകൾ വി.എച്ച്.എസ്.ഇ. വഴിയും മറ്റും നടപ്പിലാക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, ജി.എസ്.ടി. നടപ്പിലാക്കിയത് ജൂലൈ 1-നാണ്. അതിനുമുമ്പ് ഇറച്ചിക്കോഴിയുടെ വില ടാക്സ് ഉൾപ്പെടെ 14.5 ശതമാനമായിരുന്നു. എന്നാൽ ജൂലൈ 1 മുതൽ ഇറച്ചിക്കോഴി 14.5 ശതമാനം ടാക്സ് കുറച്ചുള്ള തുകയായ 87 രൂപയ്ക്ക് വിൽക്കണമെന്ന് സർക്കാർ തീരുമാനമെടുക്കുകയും അതുസംബന്ധിച്ച് പ്രചരണം നടത്തുകയും ചെയ്തിരുന്നു. എന്നാൽ അതിനെതിരെ കോഴിക്കച്ചവടക്കാർ സമരം നടത്താനാണ് തീരുമാനിച്ചത്. എന്റെ ചോദ്യം, അങ്ങ് സൂചിപ്പിച്ചതു പോലുള്ള എല്ലാ നടപടികളും സ്വീകരിച്ചാലും കോഴി അവശ്യസാധന നിയമത്തിന്റെ പരിധിയിൽ വരാത്തതുകൊണ്ട് വില നിയന്ത്രിക്കുന്നതിന് സർക്കാരിന് സാധിക്കുമോ?

ശ്രീ. കെ. രാജു: സർ, ഉൽപ്പാദനം പരമാവധി വർദ്ധിപ്പിച്ച് ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കുന്നതിനാവശ്യമായ പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഇറച്ചിക്കോഴിക്ക് ജി.എസ്.ടി. ബാധകമല്ല. പക്ഷേ നിലവിലുണ്ടായിരുന്ന 14.5 ശതമാനം നികുതി എടുത്തുകളഞ്ഞെങ്കിലും കോഴിയുടെ വില കുറയാത്ത സാഹചര്യത്തിലാണ് ധനകാര്യ വകുപ്പുമന്ത്രി ഇടപെട്ട് കോഴിക്കച്ചവടക്കാരുമായി ചർച്ച നടത്തി പരമാവധി വില കുറച്ചുനൽകുന്നതിനും ടാക്സ് ഒഴിവായ സാഹചര്യത്തിൽ അതിന്റെ ആനുകൂല്യം ഉപഭോക്താവിന് കിട്ടുന്ന തരത്തിലുള്ള കാര്യങ്ങൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടത്. പക്ഷേ കോഴിക്കച്ചവടക്കാർ ചെറുത്തുനിൽപ്പ് സമീപനമാണ് സ്വീകരിച്ചത്. ഗവൺമെന്റ് ഇടപെടൽമൂലം കമ്പോളത്തിലുണ്ടായിരുന്ന വിലയിൽനിന്ന് കാര്യമായ കുറവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എം. നൗഷാദ്: സർ, തെരുവ് നായ്ക്കളുടെയും വന്യമൃഗങ്ങളുടെയും ആക്രമണംമൂലം ഇറച്ചിക്കോഴികൾ കൊല്ലപ്പെടുന്നത് നിത്യസംഭവമായി മാറിയിട്ടുണ്ട്. അതുമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം വളരെ വലുതാണ്. പ്രകൃതിക്ഷോഭം, പകർച്ചവ്യാധികൾ, വന്യമൃഗങ്ങളുടെയും മറ്റും ആക്രമണം എന്നിവമൂലം ഇറച്ചി കോഴികൾ കൊല്ലപ്പെടുമ്പോൾ ഇറച്ചിക്കോഴി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അങ്ങനെയൊരു പദ്ധതി ആരംഭിക്കുമോ?

ശ്രീ. കെ. രാജു: സർ, എന്തെങ്കിലും ദുരന്തംമൂലം വളർത്തുമൃഗങ്ങൾക്ക് നാശനഷ്ടം സംഭവിച്ചാൽ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി മൃഗസംരക്ഷണ വകുപ്പിൽ നിലവിലുണ്ട്. പക്ഷേ നഷ്ടപരിഹാരത്തുക വളരെ കുറവാണ്. ഒരു കോഴിക്ക് 50 രൂപ നഷ്ടപരിഹാരം നൽകാനാണ് നിലവിൽ നിയമമുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നുണ്ട്. സംസ്ഥാനത്തൊട്ടാകെ അത്തരത്തിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള തീരുമാനമെടുത്ത് ഓരോ ജില്ലകൾക്കും ഗവൺമെന്റ് തുക അനുവദിച്ചുനൽകിയിട്ടുണ്ട്. ജില്ലകളിൽ പെൻഡിംഗുണ്ടായിരുന്ന തുക കൊടുത്തുതീർക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പക്ഷിപ്പനി പിടിപെട്ട് ആലപ്പുഴ, കോട്ടയം ജില്ലകളിലെ ആയിരക്കണക്കിന് താറാവുകൾ കൊല്ലപ്പെടുകയും അവയെ കൊല്ലേണ്ട സ്ഥിതിയുണ്ടാവുകയും ചെയ്തു. താറാവ് കർഷകർക്ക് 11.83 കോടി രൂപ ഗവൺമെന്റ് നഷ്ടപരിഹാരം നൽകിക്കഴിഞ്ഞു.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, ഏഷ്യയിലെ ഏറ്റവും വലിയ സ്ഥാപനമാണ് ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി. ഇറച്ചിക്കോഴി വിൽപ്പനയും മുട്ട വിപണനവുമാണ് അവിടെ പ്രധാനമായി നടത്തിയിരുന്നത്. കഴിഞ്ഞകാല ഗവൺമെന്റിന്റെ പ്രവർത്തനഫലമായി ആ സ്ഥാപനം തകർച്ചയിലായി. അത് നവീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഒട്ടേറെ നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. അത് സ്വാഗതാർഹമാണ്. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി നവീകരിച്ചാൽ കേരളത്തിലേയ്ക്കാവശ്യമായ മുട്ട അവിടെനിന്ന് ഉൽപ്പാദിപ്പിക്കാവുന്നതാണ്. അവിടെനിന്ന് ലഭിച്ച chicks sexing പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾ ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. ഏകദേശം അഞ്ചര ഏക്കർ സ്ഥലവും അതിനാവശ്യമായ സംവിധാനങ്ങളുമുള്ള സെൻട്രൽ ഹാച്ചറി നവീകരിച്ചാൽ ഇറച്ചിക്കോഴി വിൽപ്പനയിലും മുട്ട വിപണനത്തിലും വലിയ സാധ്യതയാണുള്ളത്. അത് ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, ചെങ്ങന്നൂരിലെ സെൻട്രൽ ഹാച്ചറിയാണ് മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ ഹാച്ചറി. അവിടെ ഉൽപ്പാദനം നടക്കുന്നുണ്ടെങ്കിലും അതിന്റെ മുഴുവൻ കപ്പാസിറ്റിയിലും ഉൽപ്പാദനം നടക്കുന്നില്ല. അവിടത്തെ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും കേരളത്തിലേയ്ക്കും കേരളത്തിന് വെളിയിലേയ്ക്കും കോഴിക്കുഞ്ഞുങ്ങളെ കൊടുക്കാൻ കഴിയുന്ന രീതിയിൽ ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. സെൻട്രൽ ഹാച്ചറി നവീകരണവുമായി ബന്ധപ്പെട്ടുള്ള നിരവധി ചർച്ചകൾ നടന്നുകഴിഞ്ഞു. അവിടെ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, safe to eat product കേരളത്തിൽ വ്യാപകമാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോഴി ഇറച്ചിയുടെ കാര്യത്തിൽ കേരളത്തെ മിച്ച സംസ്ഥാനമാക്കുന്നതിന് അങ്ങ് പരിശ്രമിച്ചാൽ കഴിയുമെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് പാലുൽപ്പാദന രംഗത്ത് 83 ശതമാനത്തിലേയ്ക്ക് അതിന്റെ വർദ്ധനവ് എത്തിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത്. ഈ മാതൃകയിൽ സ്കൂൾ കുട്ടികൾക്കുള്ള "കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്" ഉൾപ്പെടെയുള്ള പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ടോ; നഗരങ്ങളിൽ വിതരണം ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള "നഗരപ്രിയ" ഉൾപ്പെടെയുള്ള പദ്ധതികൾ സംസ്ഥാനത്ത് വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനാണ് ഇറച്ചിക്കോഴി ഉൽപ്പാദന മേഖലയിലെ പ്രധാനപ്പെട്ട പ്രവൃത്തികൾ ചെയ്തുവരുന്നത്. കെപ്കോയുടെ ആഭിമുഖ്യത്തിൽ നിരവധി പദ്ധതികൾ നിലവിലുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്, ആശ്രയ, നഗരപ്രിയ പദ്ധതികൾ കെപ്കോവഴി നടപ്പിലാക്കിവരുന്നുണ്ട്. കെപ്കോയുടെ ആസ്ഥാനം തിരുവനന്തപുരത്താണ്. കോഴികളെ ലഭ്യമാക്കുന്ന പ്രധാനപ്പെട്ട കേന്ദ്രം തിരുവനന്തപുരത്ത് കുടപ്പനക്കുന്നിലാണ്. അതുകൊണ്ടുതന്നെ കോഴികളെ സംസ്ഥാനത്തിന്റെ വടക്കൻ പ്രദേശങ്ങളിലേയ്ക്ക് എത്തിക്കുന്ന കാര്യത്തിൽ വേണ്ടത്ര സൗകര്യമില്ല. അതിന് പരിഹാരം കാണുന്നതിനായി സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലും കെപ്കോയുടെ ആഭിമുഖ്യത്തിൽ ഹാച്ചറികളും കോഴിവളർത്തൽ കേന്ദ്രങ്ങളും ആരംഭിക്കുന്നത് സംബന്ധിച്ചുള്ള ആലോചനകൾ നടക്കുന്നുണ്ട്. കെപ്കോയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ധനകാര്യ വകുപ്പുമന്ത്രിയും ഞാനും ചേർന്ന് പ്രത്യേകമായ യോഗം കൂടി ഇതിനുവേണ്ടിയുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ തന്നെ കുറെക്കൂടി മെച്ചപ്പെട്ട നിലയിൽ കേരളത്തിൽ വ്യാപകമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കേവലം 14 ദിവസംകൊണ്ട് പൂർണ്ണ വളർച്ച പ്രാപിക്കുന്നതിന് തമിഴ്നാട്ടിലെ കോഴികളിൽ നടത്തിവരുന്ന അമിത അളവിലുള്ള ഹോർമോൺ കുത്തിവയ്പിന്റെ ദൂഷ്യഫലം ആ ഇറച്ചി ഉപയോഗിക്കുന്നവരിൽ ജനിതക മാറ്റവും അമിത വണ്ണവും വളർച്ചാ വൈകൃതവും പിൽക്കാലത്ത് ക്യാൻസർ, പ്രമേഹം തുടങ്ങിയ അസുഖങ്ങളായും രൂപപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാജു: സർ, കോഴികളിൽ ഹോർമോൺ കുത്തിവയ്ക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതുസംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *362.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പുകയില-മയക്കുമരുന്നു വിപണനം.

(ചോദ്യം ഉന്നയിക്കേണ്ട അംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 362 പരിഗണനയ്ക്കെടുത്തില്ല.)

**മിനിമം വേതനം സമയബന്ധിതമായി പുതുക്കി നിശ്ചയിക്കുവാൻ നടപടി**

2 (*363) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. രാജു എബ്രഹാം:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മിനിമം വേതനം പുതുക്കാനായി നിശ്ചയിച്ചിട്ടുള്ള കാലാവധി എത്രയെന്ന് അറിയിക്കാമോ; കാലാവധി കഴിഞ്ഞിട്ടും മുൻ സർക്കാർ മിനിമം വേതനം പുതുക്കി നിശ്ചയിക്കാതിരുന്ന തൊഴിൽ മേഖലകൾ ഏതെല്ലാമായിരുന്നു; ഇത്തരം മേഖലകളിലുൾപ്പെടെ മിനിമം വേതനം സമയബന്ധിതമായി പുതുക്കി നിശ്ചയിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ഇനിയും മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ വേതനം പരിഷ്കരിക്കാൻ നടപടിയുണ്ടാകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) മിനിമം വേതന നിയമം, 1948 പ്രകാരം മിനിമം വേതനം 5 വർഷത്തിനകം പുതുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കാലാവധി കഴിഞ്ഞിട്ടും മുൻ സർക്കാർ മിനിമം വേതനം പുതുക്കി നിശ്ചയിക്കാതിരുന്ന തൊഴിൽ മേഖലകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇത്തരം മേഖലകളിലുൾപ്പെടെ 18 തൊഴിൽ മേഖലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിനിമം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ 6 തൊഴിൽ മേഖലകളിൽ 4 എണ്ണത്തിൽ മിനിമം വേതനം നിശ്ചയിച്ചുനൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയായ 27 തൊഴിൽ മേഖലകളിൽ തെളിവെടുപ്പ് നടത്തി മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് 4-7-2017-ലെ സ.ഉ.(പി)65/2017/തൊഴിൽ നമ്പർ പ്രകാരം സബ്കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്ന മേഖലകളിൽ മിനിമം വേതനം സമയബന്ധിതമായി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ മിനിമം വേതന ഉപദേശക സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇനിയും മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, മിനിമം വേജസ്സിന്റെ പരിധിയിൽ വരാത്തതായ പലതരം വ്യാപാര വ്യവസായ യൂണിറ്റുകൾ കുടുംബശ്രീ പ്രവർത്തകർ ജീവിക്കാൻവേണ്ടി സ്വന്തമായി നടത്തുന്നുണ്ട്. ഇവർക്ക് തുച്ഛമായ വരുമാനം മാത്രമാണ് ലഭിക്കുന്നത്. മറ്റാനുകൂല്യങ്ങൾ ലഭിക്കുന്നുമില്ല. നിയമത്തിന്റെ മുമ്പിൽ ഇവർ സ്ഥാപന ഉടമകളാണ്. അതുകാരണം ചികിത്സാ സഹായങ്ങളോ ഫെസ്റ്റിവൽ അലവൻസോ ലഭിക്കുന്നില്ല. ഇവരുടെ കുടുംബം ചികിത്സ ലഭിക്കാൻ പ്രയാസപ്പെടുന്നു. ഇത്തരത്തിൽ നാമമാത്ര വരുമാനത്തിൽ ജീവിക്കുന്ന കുടുംബശ്രീ പ്രവർത്തകരെ ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, സംസ്ഥാനത്തെ സ്വീപ്പിംഗ്, ക്ലീനിംഗ് തൊഴിലാളികളെ മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി കുറഞ്ഞ കൂലി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. 5 വർഷം പൂർത്തിയായതിനാൽ ഈ മേഖലയിലെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിന് മിനിമം വേതന ഉപദേശക സമിതിയുടെ സബ്കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കുടുംബശ്രീ ശുചീകരണ തൊഴിലാളികളുടെ തൊഴിൽ, ജീവിത സാഹചര്യം, വേതനഘടന എന്നിവ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമായി ആലോചിച്ച് ഒരു പഠനം നടത്തുന്ന കാര്യം തൊഴിൽ വകുപ്പ് ആലോചിച്ചുവരികയാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യം പരിശോധിക്കുമെന്ന് പറഞ്ഞു. മുമ്പ് തോട്ടികളാണ് മാലിന്യ സംസ്കരണ പരിപാടി നടത്തിയിരുന്നത്. മനുഷ്യൻ മലം ചുമക്കാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ടാണ് അതവസാനിപ്പിച്ചത്. ഇപ്പോൾ കുടുംബശ്രീ പ്രവർത്തകൾ വീടുകളിൽ പോയി കുട്ടികളുടെ മലവിസർജ്ജ്യമടക്കം എടുത്തുകൊണ്ട് പോകേണ്ട

സ്ഥിതിയാണ്. അതിന് അവർക്കാവശ്യമായ സൗകര്യങ്ങൾ ഒന്നുമില്ലാതെയാണ് പ്രവർത്തിക്കുന്നത്. ചൊറി ഉൾപ്പെടെയുള്ള രോഗങ്ങൾ പിടിച്ച് വിഷമകരമായ അവസ്ഥയിലാണ് അവർ ജോലി ചെയ്യുന്നത്. ഇവരുടെ സേവന വേതന വ്യവസ്ഥകൾ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പഠനവിധേയമാക്കാൻ തീരുമാനിച്ചതായി അറിഞ്ഞു. അത് വളരെ വേഗത്തിൽ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കോർപ്പറേഷനുകളിലും നഗരസഭകളിലും ഇന്ന് നേരിടുന്ന വലിയ ഒരു പ്രശ്നമാണ് മാലിന്യ സംസ്കരണം. ഈ രംഗത്ത് കുടുംബശ്രീ മേഖലയിലെ അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവരുടെ ജീവിത സാഹചര്യം വളരെ പ്രയാസമേറിയതാണ്. ഈ വിഷയത്തിന്റെ ഗൗരവം പരിശോധിച്ച് ഇത്തരം തൊഴിലാളികളുടെ സംരക്ഷണ നടപടികൾ ഏതെല്ലാം തരത്തിൽ സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്.

ശ്രീ. രാജു എബ്രഹാം: സർ, 2009-10 വർഷങ്ങളിലാണ് മിനിമം വേതനം ഇതിനുമുമ്പ് പുതുക്കിയത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് പാവപ്പെട്ട ലക്ഷക്കണക്കിന് ആളുകളുടെ മിനിമം വേതനം പുതുക്കാൻ തയ്യാറായില്ല. ആ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കാൻ തയ്യാറായ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയെ അനുമോദിക്കുകയാണ്. അവശേഷിക്കുന്നവർക്ക് മിനിമം വേതനം എന്നത്തേയ്ക്ക് പുതുക്കി നൽകാൻ കഴിയുമെന്നും അത്തരത്തിൽ വേതനം പുതുക്കി നൽകാത്ത തൊഴിൽ ഉടമയ്ക്കെതിരെ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുള്ള മേഖലകളിലെല്ലാം സമയബന്ധിതമായി മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം ഗൗരവമായി കണ്ട് ഓരോ മേഖലയിലേയും സ്ഥിതിഗതികൾ പരിശോധിച്ച് ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ആധുനിക കാലഘട്ടത്തിൽ ഉദ്യോഗസ്ഥരായ സ്ത്രീകൾ അനുഭവിക്കുന്ന പ്രയാസമാണ് കുട്ടികളെ നോക്കാൻ കഴിയാത്തതും വീട്ടു കാര്യങ്ങൾ നോക്കാൻ കഴിയാത്തതും. ഈ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ അനിവാര്യമായ കാര്യമാണ് ഗാർഹിക ജോലികൾക്കുള്ള തൊഴിലാളികളെ കിട്ടുകയെന്നുള്ളത്. വീട്ടുജോലിക്ക് ആളുകളെ കിട്ടാനില്ലാത്ത സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. ഇത് പരിഹരിക്കാൻ കുടുംബശ്രീയുമായി ചേർന്ന് ഒരു സംവിധാനമുണ്ടാക്കി മിനിമം വേതനം നിശ്ചയിച്ച് ഇ.എസ്.ഐ., പി.എഫ്. തുടങ്ങിയ ആനുകൂല്യങ്ങൾ കൂടി നൽകി, ഗാർഹിക ജോലികൾ നിർവ്വഹിക്കുന്നതിനും കുട്ടികളെ നോക്കുന്നതിനും തൊഴിലാളികളെ കിട്ടുന്നതിനുള്ള ഒരു സംവിധാനമുണ്ടാക്കാൻ ഗവൺമെന്റ് പരിശ്രമിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഗാർഹിക തൊഴിലാളികൾക്കും ഉച്ചഭക്ഷണം പാകം ചെയ്യുന്ന തൊഴിലാളികൾക്കും മിനിമം കൂലി നിശ്ചയിച്ച് കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം, ഈ തൊഴിലാളികളെ ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്നുള്ളതാണ്. ഇ.എസ്.ഐ. സ്കീം ഒരു പ്രത്യേക നിയമത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. ആ നിയമവുമായി ബന്ധപ്പെട്ട് എങ്ങനെ ഇവരുടെ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതും കേന്ദ്ര ഗവൺമെന്റിന്റെയും ഇ.എസ്.ഐ. കോർപ്പറേഷന്റെയും മുമ്പിൽ ഈ പ്രശ്നം കൊണ്ടുവരുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. വിജയൻ പിള്ള: സർ, മിനിമം വേതന നിയമം പുതുക്കിയ അങ്ങയേയും ഈ ഗവൺമെന്റിനേയും ഞാൻ അഭിനന്ദിക്കുന്നു. അന്യസംസ്ഥാന തൊഴിലാളികളെ കൂലിയുടെ കാര്യത്തിൽ ഗ്രാമപ്രദേശങ്ങളിൽ ചൂഷണത്തിന് വിധേയരാക്കുന്ന ഏജന്റുമാരെ നിയന്ത്രിക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രശ്നം വളരെ ഗൗരവമായാണ് ഈ ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളത്. കേരളത്തിൽ ഇന്ന് അനുവദനീയമായ നിയമങ്ങളെല്ലാം അവർക്കും കൂടി ബാധകമാണ്. അവർക്ക് മിനിമം കൂലി ലഭിക്കുന്നുണ്ടോയെന്ന് ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ പരിശോധിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തി ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള നടപടി തുടർന്നും സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്ന കാര്യമാണ് ഞാൻ സൂചിപ്പിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന് വിട്ടുകൊടുത്ത തിരുവനന്തപുരത്തെ പൊതുമേഖലാ സ്ഥാപനമായ ബ്രഹ്മോസിൽ നമ്മൾ വിട്ടുകൊടുത്ത തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നില്ല. വേതനവും ലഭിക്കുന്നില്ലെന്ന പരാതി പല തവണ ഉണ്ടായിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് മലയാളികളായ തൊഴിലാളികളുടെ സുരക്ഷയ്ക്ക് പ്രത്യേക പരിഗണന നൽകി അവരുടെ ശമ്പളം ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ വിഷയത്തിൽ പ്രത്യേക നോട്ടീസ് വേണ്ടതാണ്. എന്നാൽ എല്ലാ സ്ഥാപനങ്ങളിലും മിനിമം വേതനം ലഭിക്കുന്നുണ്ടോ എന്നുള്ളത് ഗൗരവമായി പരിശോധിച്ച് മിനിമം വേതനം ലഭ്യമാക്കുന്നതിനുവേണ്ട എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, സംസ്ഥാനത്ത് തൊഴിലാളികളുടെ മിനിമം വേതനം പ്രതിദിനം 600 രൂപയായി നിശ്ചയിക്കുമെന്ന ഗവൺമെന്റിന്റെ നയം പ്രഖ്യാപിച്ചിട്ടുള്ളതാണ്. ചില മേഖലകളിൽ പ്രതിദിന വേതനം 600 രൂപ നൽകുന്നുമുണ്ട്. എന്നാൽ കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് വർഷങ്ങൾക്ക് മുമ്പ് പ്രഖ്യാപിച്ച മിനിമം വേതനം പോലും ഇപ്പോഴും ലഭിക്കുന്നില്ല. കൈത്തറി, ഖാദി തുടങ്ങിയ പതിനായിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന മേഖലകളിൽ പ്രഖ്യാപിച്ച മിനിമം വേതനം ലഭിക്കുന്നുണ്ടെന്നുള്ളത് ഉറപ്പുവരുത്തുമോ; അതോടൊപ്പം അവരുടെ മിനിമം വേതനം ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പ്രതിദിനം 600 രൂപയിലേയ്ക്ക് ഉയർത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, പ്രഖ്യാപിച്ച മിനിമം വേതനം എല്ലാ വിഭാഗം തൊഴിലാളികൾക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ലേബർ എൻഫോഴ്സ്മെന്റ് വിഭാഗം ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിലെ ഏറ്റവും കുറഞ്ഞ കൂലി 600 രൂപ ആയിരിക്കണമെന്നതാണ് ഗവൺമെന്റിന്റെ പൊതുസമീപനം. എന്നാൽ ഓരോ മേഖലയുടെയും പ്രായോഗികമായ നിലപാട് പരിശോധിച്ച് മാത്രമേ അപ്രകാരമുള്ള കാര്യങ്ങൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. മിനിമം വേജ് അഡ്വൈസറി ബോർഡ് ഒരു സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയാണ്. ആ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള മിനിമം വേജ് പ്രാവർത്തികമാക്കിക്കൊണ്ട് തന്നെയാണ് ഇക്കാര്യങ്ങളിൽ ഗവൺമെന്റ് നിലപാട് സ്വീകരിക്കുന്നത്. 600 രൂപയിലേയ്ക്ക് കൂലി ഉയർത്തുന്നതിന് സഹായകരമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, മിനിമം വേതനം നടപ്പാക്കുന്നതിനുള്ള മാക്സിമം എഫർട്ടാണ് ഗവൺമെന്റെടുക്കുന്നത്. എന്നാൽ കേരളത്തിൽ ഇത് നടപ്പാക്കുമ്പോൾ ഗവൺമെന്റ് നിയന്ത്രണത്തിലുള്ളതും അർദ്ധസർക്കാർ സ്ഥാപനങ്ങളും ഉൾപ്പെടെ ചില പരിമിതികളും നടപ്പാക്കാൻ ചില പ്രയാസങ്ങളും നേരിടുന്നുണ്ട്. ഒന്ന്, ഗവൺമെന്റ് സംവിധാനത്തിലും ഗവൺമെന്റ് നിയന്ത്രണ സംവിധാനത്തിലും മുഴുവൻ ഇത് നടപ്പാക്കികൊണ്ടുമാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. രണ്ട്, മിനിമം വേതനം 600 രൂപ എന്നത് നടപ്പാക്കുമ്പോൾ പ്രൊഡക്ഷൻ കോസ്റ്റും വിലയുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുമുണ്ട്. അതെങ്ങനെ പരിഹരിക്കാമെന്നതിനെക്കുറിച്ച് ഒരു പഠനവും അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു സംവിധാനവും രൂപപ്പെടുത്തുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഗവൺമെന്റ് സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമെല്ലാം ഓരോ ഘട്ടത്തിലും മിനിമം കൂലി എന്തായിരിക്കണമെന്നുള്ളത് സംബന്ധിച്ച് ധനകാര്യ വകുപ്പ് പ്രത്യേകമായി നോട്ടിഫൈ ചെയ്യുന്നുണ്ട്. അങ്ങനെ നോട്ടിഫൈ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലുള്ള കൂലി ഗവൺമെന്റ് സർവ്വീസിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. 600 രൂപ കൂലി നടപ്പിലാക്കുമ്പോൾ അതിന്റെ പ്രായോഗികത പരിശോധിച്ച് ആവശ്യമായ പഠനം നടത്തിക്കൊണ്ടുമാത്രമേ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഈ പ്രശ്നം ആ അർത്ഥത്തിൽ തന്നെയാണ് ഗവൺമെന്റും പരിഗണിക്കുന്നത്.

ശ്രീ. കെ. ദാസൻ: സർ, മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ഇപ്പോൾ സർക്കാർ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പരാമ്പരാഗത വ്യവസായങ്ങളിൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ ഗ്യാരന്റീഡ് മിനിമം കൂലി എന്നൊരു സംവിധാനമുണ്ടാക്കിയിരുന്നു. അത് പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; കേരളത്തിൽ മിനിമം കൂലി ഉള്ളതുകൊണ്ടും അയൽ സംസ്ഥാനങ്ങൾ പലതിലും മിനിമം കൂലി ഇല്ലാത്തതുകൊണ്ടും അവിടെനിന്ന് ഉൽപ്പന്നങ്ങൾ ഇങ്ങോട്ടേയ്ക്ക് കടന്നുവരുന്നുണ്ട്. അത് നിയന്ത്രിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേരളത്തിലെയും ഇതര സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്കും ബാധകമാകത്തക്ക നിലയിലുള്ള ഒരു സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. മിനിമം കൂലി നിശ്ചയിക്കുന്നത് തൊഴിലാളിയുടെ ജീവിത നിലവാരവും ജീവിത ചെലവിന്റെയും അടിസ്ഥാനത്തിലാണ്. അതിന് നിരവധി മാനദണ്ഡങ്ങളുണ്ട്. അതെല്ലാം പാലിച്ചുകൊണ്ടാണ് മിനിമം കൂലി നിശ്ചയിക്കുന്നത്. ഇതാണ് ഗവൺമെന്റിന്റെ പൊതുസമീപനം.

ശ്രീ. എ. എൻ. ഷംസീർ: സർ, തൊഴിലാളി മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ ശ്രമങ്ങളെയും അഭിനന്ദിക്കുകയാണ്. അങ്ങ് വലിയ ശ്രമം തന്നെയാണ് തൊഴിൽ മേഖലയിലിടപെട്ട് നടത്തിക്കൊണ്ടിരിക്കുന്നത്. മിനിമം വേതനം ഇപ്പോൾ പല മേഖലകളിലും താങ്കളുടെ നേതൃത്വത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഫർണിച്ചർ നിർമ്മാണ മേഖലയിലെ മിനിമം വേതനത്തിന്റെ കാര്യത്തിൽ എന്തെങ്കിലും തീരുമാനമായോ; ഈ മേഖലയിൽ ജോലി ചെയ്യുന്നവർ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഫർണിച്ചർ തൊഴിലാളികളുടെ മിനിമം വേതനം നടപ്പാക്കാനുള്ള നടപടികൾ ഏതുവരെയായി; അത് ഏതുസമയത്ത് നടപ്പിലാക്കുമെന്ന് ഉറപ്പുനൽകാൻ സാധിക്കും?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ഈ നിർദ്ദേശം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ലൈറ്റ് ആന്റ് സൗണ്ട് മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനത്തെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനും അവർക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനും തയ്യാറാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, മിനിമം വേതനം നടപ്പിലാക്കുന്നതിനായി ബാക്കിയുള്ള എല്ലാ മേഖലകളും പരിശോധിച്ചുവരികയാണ്. കേരളത്തിൽ ഇന്ന് 80 മേഖലകളെ മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനകത്ത് ഫർണിച്ചർ നിർമ്മാണം ഉൾപ്പെടെയുള്ള മേഖലകളുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള വിഷയങ്ങളുൾപ്പെടെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കുന്നതാണോ എന്നുള്ളത് പരിശോധിച്ച് ആവശ്യമായ നടപടികൾ ഈ കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *364

മരവല്ലരണം എന്ന കർമ്മ പദ്ധതി

(ചോദ്യം ഉന്നയിക്കേണ്ട അംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 364 പരിഗണനയ്ക്കെടുത്തില്ല.)

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി സാമൂഹ്യക്ഷേമ പരിപാടികൾ**

3 (*365) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ബി. സത്യൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പരിപാടിയുടെ വിശദാംശം നൽകുമോ;

(ബി) ഭൂരഹിത പുനരധിവാസ പദ്ധതി ലക്ഷ്യം നേടുന്നതിൽ എത്രമാത്രം വിജയിച്ചിട്ടുണ്ട്; ഈ പദ്ധതിയുടെ പ്രായോഗികത കണക്കിലെടുത്ത് പരിഷ്കരിച്ച് വിപുലമായ തോതിൽ നടപ്പിലാക്കാൻ സാധിക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ ജനസമൂഹവും മുഖ്യധാരാ സമുദായങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ മാനവികമാക്കി തീർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം, ലക്ഷ്യപ്രാപ്തിക്കുതകുംവിധം പുനഃസംഘടിപ്പിച്ച് വ്യാപകമായ തോതിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വിജ്ഞാൻവാടികൾ സ്ഥാപിക്കാനുള്ള പദ്ധതി എത്രമാത്രം പ്രാവർത്തികമായിട്ടുണ്ട് എന്നറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ:

1. വിവാഹ ധനസഹായം:

   പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് നൽകുന്ന വിവാഹ ധനസഹായം 50,000 രൂപയിൽനിന്ന് 75,000 രൂപയായി വർദ്ധിപ്പിച്ചു.

2. <u>മിശ്ര വിവാഹിതർക്ക് ധനസഹായം:</u>

മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടിക ഇതര സമുദായത്തിൽപ്പെട്ടതുമായിരിക്കണം) വിവാഹത്തെ തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നൽകുന്ന ധനസഹായം ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 50,000 രൂപയായിരുന്നത് 75,000 രൂപയായി വർദ്ധിപ്പിച്ചു.

3. <u>ഭൂരഹിത പുനരധിവാസ പദ്ധതി:</u>

പട്ടികജാതിയിൽപ്പെട്ട ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഈ പദ്ധതി മുഖേന ഭൂമി അനുവദിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 5 സെന്റ് വാങ്ങാൻ 3,75,000 രൂപയും നഗരസഭകളിൽ 3 സെന്റ് വാങ്ങാൻ 4,50,000 രൂപയും കോർപ്പറേഷനിൽ 3 സെന്റ് വാങ്ങാൻ 6 ലക്ഷം രൂപയും നൽകുന്നു.

4. <u>ഭവന നിർമ്മാണ ഗ്രാന്റ്:</u>

2014-15 സാമ്പത്തിക വർഷം മുതൽ 3,00,000 രൂപയായിരുന്നു ഭവനനിർമ്മാണഗ്രാന്റായി നൽകിയിരുന്നത്. അത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

5. <u>ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി:</u>

ഭൂരഹിത ഭവനരഹിതരായ വേടൻ, നായാടി, ചക്ലിയ, കല്ലാടി, അരുന്ധതിയാർ എന്നീ ദുർബല സമുദായങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതി. വീടിന് 3,50,000 രൂപയും സ്ഥലം വാങ്ങാൻ 3,75,000 രൂപയും നൽകുന്നു.

6. <u>പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധി:</u>

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ പട്ടികജാതിക്കാരിൽ 1,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് പട്ടികജാതി പട്ടികവികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 50,000 രൂപവരെയും അതേസമയം ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ഡയാലിസിസ് എന്നിവയ്ക്ക് ഒരു ലക്ഷം രൂപ വരെയും അനുവദിക്കുന്നു. ഈ സർക്കാർ വന്നതിനുശേഷം വരുമാന പരിധി 50,000 രൂപയിൽനിന്ന് ഒരു ലക്ഷം രൂപയാക്കി ഉയർത്തി.

7. <u>സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം:</u>

പട്ടികജാതി പട്ടികവർഗ്ഗ ജനസമൂഹവും മുഖ്യധാരാ സമുദായങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളവും ഇഴയടുപ്പവുമുള്ളതാക്കി തീർക്കുന്നതിന് ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം ആചരിക്കുന്നു.

8. <u>ഭവനപുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായ പദ്ധതി:</u>

ഭവനനിർമ്മാണത്തിന് സർക്കാരിൽനിന്ന് മുമ്പ് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ ക്ഷയോന്മുഖമായ ഭവനത്തിൽ താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവന പുനരുദ്ധാരണത്തിന് പുതിയതായി ഒരു മുറികൂടി നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്. 2 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്.

9. <u>വിജ്ഞാൻവാടി:</u>

പട്ടികജാതി വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകരമായതാണ് വിജ്ഞാൻവാടികൾ.

10. <u>ഹോമിയോ ഹെൽത്ത് സെന്റർ:</u>

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 29 പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ച് ഹോമിയോ ഹെൽത്ത് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

11. <u>വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം:</u>

അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീ-യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി നൽകിയിരുന്ന ധനസഹായം 50,000 രൂപയിൽനിന്ന് 1,00,000 രൂപയാക്കി ഉയർത്തി.

<u>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ:</u>

1. സമഗ്ര ആരോഗ്യ പദ്ധതി
2. പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ സഹായ പദ്ധതി

3. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി

4. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ് പദ്ധതികൾ

5. ഭവനരഹിതരായവർക്ക് ഭവന നിർമ്മാണ പദ്ധതി

6. ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി

7. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

8. അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

9. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിന് ഗോത്രസാരഥി പദ്ധതി

10. വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നം പരിഹരിക്കുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും സാമൂഹ്യ പഠന മുറി, ഗോത്രബന്ധു പദ്ധതികൾ

11. പട്ടികവർഗ്ഗ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി ഗോത്ര വാത്സല്യ നിധി പദ്ധതി. (1,38,000 രൂപ 4 ഗഡുക്കളായി ഗവൺമെന്റ് നിക്ഷേപിക്കുകയും 18 വയസ്സാകുമ്പോൾ 3,00,000 രൂപ ലഭിക്കുന്ന സമഗ്ര ഇൻഷ്വറൻസ് പാക്കേജാണിത്.) അത് ഈ ഗവൺമെന്റ് വന്നതിനുശേഷം രൂപപ്പെടുത്തിയ പദ്ധതിയാണ്

12. തൊഴിലവസരം സൃഷ്ടിക്കുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലനം

13. പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി.

14. ജീവനോപാധി പ്രവർത്തനങ്ങൾ/സ്വയം തൊഴിൽ പദ്ധതികൾ.

(ബി) <u>പട്ടികജാതി വികസന വകുപ്പ്:</u>

മുൻവർഷങ്ങളിൽ ഭൂരഹിത പുനരധിവാസ പദ്ധതി ഭൗതികലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ട് എന്നത് ഈ പദ്ധതിയുടെ വിജയത്തെ കാണിക്കുന്നു. 2016-17-ൽ 4465 കുടുംബങ്ങൾ സ്ഥലം വാങ്ങി. 100 ശതമാനം നേട്ടം കൈവരിച്ചു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്:</u>

ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 9-11-2001 വരെ 63/01/പജപവവിവ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം രൂപീകൃതമായ ആദിവാസി പുനരധിവാസ വികസന മിഷൻ ഭൂരഹിതരും നാമമാത്ര ഭൂമിയുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരു ഏക്കറിൽ കുറയാതെയും ഭൂമി കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ച് അഞ്ച് ഏക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ സർവ്വതോന്മുഖമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും ലക്ഷ്യമിട്ടാണ് രൂപീകരിച്ചത്.

മിഷൻ രൂപീകരിച്ചതിനുശേഷം നാളിതുവരെ 7718 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 9737.49 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ 5 ഏക്കർ വീതവും മറ്റിടങ്ങളിൽ ഒരു ഏക്കർ വീതവും ഭൂമി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

റവന്യൂ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഒരേക്കറിൽ കുറവ് ഭൂമിയും നൽകിയിട്ടുണ്ട്. പുനരധിവസിപ്പിച്ച ചില പ്രദേശങ്ങളിൽ രൂക്ഷമായ വന്യമൃഗ ശല്യമുള്ളതിനാൽ ചില മേഖലകളിൽ പുനരധിവസിപ്പിച്ചവർ സ്ഥിരമായി താമസിക്കുവാൻ തയ്യാറാകാത്ത സ്ഥിതിയുണ്ട്. നൽകിയ ഭൂമി കൃഷ്യയോഗ്യമല്ലാത്തതിനാൽ ഉപേക്ഷിച്ചു പോയവരുമുണ്ട്. മിഷന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ ഭൂരഹിതരായി 22,052 പേരുണ്ടായിരുന്നതിൽ 7,718 പേർക്ക് ഭൂമി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ എന്നിവയിലൂടെയും വനാവകാശ നിയമപ്രകാരം നൽകേണ്ട ഭൂമിയും നൽകുന്നതിന് കർശനവും സമയബന്ധിതവുമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. നിക്ഷിപ്ത വനഭൂമി സർവ്വെ നടത്തുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചു. നിലവിലുള്ള ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിൽ ആക്ഷേപങ്ങൾ ഒഴിവാക്കുന്നതിനായി പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശം തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വനവകാശ നിയമം നടപ്പിലാക്കുന്നതിന് സമയബന്ധിതമായ നടപടി സ്വീകരിക്കുന്നു.

പുനരധിവാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും വനം, റവന്യൂ, പട്ടികവർഗ്ഗ ക്ഷേമവകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പ്രശ്നങ്ങൾ സർക്കാർ തലത്തിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് ഭൂരഹിതരായ 11,594 പട്ടികവർഗ്ഗ കുടുംബങ്ങളുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ടിയാളുകൾക്ക് റവന്യൂ ഭൂമി ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ഭൂമി വാങ്ങി നൽകുന്നതിനും നടപടി സ്വീകരിക്കുന്നു.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണത്തിന് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, വനം വകുപ്പ് APCCF എന്നിവർ അംഗങ്ങളായ സ്പെഷ്യൽ ടീമിനെ നിയമിച്ച് ടി ഭൂമി സർവ്വേ നടത്തി വിതരണത്തിന് അനുയോജ്യമാക്കുന്നതിനുള്ള നടപടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 1011 പേർക്ക് 1341.36 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്.

ടി പദ്ധതിയിൽ ഭൂരഹിതരായിട്ടുള്ള മുഴുവൻ കുടുംബങ്ങളെയും എല്ലാ സൗകര്യങ്ങളോടുംകൂടി പുനരധിവസിപ്പിക്കുവാൻതക്ക പ്രോജക്ടുകൾ ജില്ലാ മിഷൻ മുഖേന തയ്യാറാക്കി 4 വർഷംകൊണ്ട് എല്ലാ ഭൂരഹിതർക്കും ഭൂമി നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്.

(സി) രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിജിയുടെ ജന്മദിനത്തോടനുബന്ധിച്ച് ഒക്ടോബർ 2 മുതൽ 16 വരെയുള്ള കാലയളവ് സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണമായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ ആചരിച്ചു വരികയാണ്.

ടി കാലയളവിൽ കോളനികൾ കേന്ദ്രീകരിച്ച് ശുചീകരണ പ്രവർത്തനങ്ങളും ബോധവത്കരണ ക്ലാസുകളും സെമിനാറുകളും വ്യാപകമായി നടത്തിവരുന്നു. 'ബഹുസ്വരതാധിഷ്ഠിത ഇൻഡ്യൻ ദേശീയത' എന്ന സന്ദേശം അടിസ്ഥാനമാക്കി എല്ലാ പഞ്ചായത്ത്/നഗരസഭാതലത്തിലും ബോധവത്കരണ പരിപാടികൾ നടത്തുവാനാണ് ഈ വർഷം ഉദ്ദേശിക്കുന്നത്.

(ഡി) പട്ടികജാതി വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനും സഹായകമാകുന്ന കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ. ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടറുകൾ, വായനശാല എന്നിവ സജ്ജീകരിച്ചു കൊണ്ട് പട്ടികജാതി കോളനികൾ/സങ്കേതങ്ങളോടനുബന്ധിച്ചാണ് വിജ്ഞാൻവാടികൾ പ്രവർത്തിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ വിജ്ഞാൻവാടി പദ്ധതിക്ക് ലക്ഷ്യം നേടുവാൻ കഴിഞ്ഞിട്ടില്ല. ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ട 140-ൽ 70-ഉം രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ട 1000-ൽ 162-ഉം മാത്രമേ പൂർത്തിയായിട്ടുള്ളൂ.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, തൃശ്ശൂർ ജില്ലയിൽ പട്ടികജാതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളുണ്ട്. ഈ രണ്ട് സ്കൂളുകളിലും ആൺകുട്ടികൾക്ക് മാത്രമാണ് പഠിക്കാൻ സൗകര്യമുള്ളത്. ഒരു സ്കൂൾ വടക്കാഞ്ചേരിയിൽ ചേലക്കരയിലാണുള്ളത്. പട്ടികജാതി കുടുംബങ്ങൾ കൂടുതൽ താമസിക്കുന്ന ഒരു മണ്ഡലമാണ് ചേലക്കര. അവിടത്തെ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് പഠിക്കാൻ വലിയ താൽപ്പര്യമുണ്ട്. ഇപ്പോൾ ചേലക്കര മണ്ഡലത്തിൽ പുതുതായി നിർമ്മിച്ച് ഉത്ഘാടനം കാത്തുകിടക്കുന്ന ഈ കെട്ടിടത്തിൽ അത്തരം സൗകര്യമുണ്ട്. അവിടെ പെൺകുട്ടികൾക്കും പഠിക്കാനുള്ള സൗകര്യമുണ്ടാക്കികൊടുക്കാൻ കഴിയുമോ?

ശ്രീ. എ. കെ ബാലൻ: സർ, കേരളത്തിൽ പൊതുവെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ വളരെ ഫലപ്രദമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. നല്ല രീതിയിലുള്ള ഭക്ഷണവും താമസസൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാ ഹോസ്റ്റലുകളും നവീകരിച്ചു. ഇവിടെയുള്ള വിദ്യാഭ്യാസ നിലവാരം മനസ്സിലാക്കികൊണ്ടുതന്നെ കൂടുതൽ കുട്ടികൾ ഇതിലേയ്ക്ക് ആകർഷിക്കപ്പെടുകയാണ്. തൃശ്ശൂർ ജില്ലയിൽ ആൺകുട്ടികൾക്ക് വടക്കാഞ്ചേരിയിലും ചേലക്കരയിലുമായി രണ്ട് എം.ആർ.എസ്.കളാണുള്ളത്. ചേലക്കരയിൽ എം.ആർ.എസ്. തുടങ്ങുമ്പോൾ പെൺകുട്ടികളെക്കൂടി അക്കോമഡേറ്റ് ചെയ്യാൻ പറ്റാവുന്ന പശ്ചാത്തല സൗകര്യമുണ്ടോ എന്ന് പരിശോധിച്ച് അതിനുള്ള നടപടി സ്വീകരിക്കും. ഇല്ലെങ്കിൽ ഒരു പ്രത്യേക ബ്ലോക്കിനുള്ള സാധ്യതയെ സംബന്ധിച്ചും ആലോചിക്കുന്നതായിരിക്കും.

ശ്രീ. യു. ആർ. പ്രദീപ്: സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ജോലിക്കായും പഠിക്കാൻ വേണ്ടിയും ഓൺലൈൻ സംവിധാനം വേണ്ട തരത്തിൽ ഉപയോഗിക്കാൻ അറിയില്ല. ഇത്തരം വിദ്യാർത്ഥികൾ അക്ഷയ സെന്ററുകളിലും സ്വകാര്യ സ്ഥാപനങ്ങളിലും പോകുമ്പോൾ ഇതിന്റെ തുടർനടപടികൾ വേണ്ടത്ര അവർക്ക് പറഞ്ഞുകൊടുക്കാനും മനസ്സിലാക്കികൊടുക്കാനും അവർ തയ്യാറാകുന്നില്ല. ഓൺലൈൻ അപേക്ഷ മുഖേന വേണ്ടത്ര ഗുണം കിട്ടിയിട്ടില്ല എന്ന് പല കുട്ടികളും പരാതിപ്പെടുന്നുണ്ട്. ഇതിനൊരു പരിഹാരമെന്ന നിലയ്ക്ക് പട്ടികജാതിയിൽപ്പെട്ട ജനപ്രതിനിധികളെയും എസ്.സി. പ്രൊമോട്ടർമാരെയും ഉൾപ്പെടുത്തി അവർക്ക് സ്പെഷ്യൽ ക്ലാസ്സും പഞ്ചായത്തുതലത്തിൽ പ്രത്യേകം ട്രെയിനിംഗും ചെറിയ ലഘുലേഖകൾ കൊടുക്കുന്നതിനും സംവിധാനമുണ്ടാക്കാൻ കഴിയുമോ?

ശ്രീ. എ. കെ ബാലൻ: സർ, ഇത് ഗവൺമെന്റിന്റെ പരിഗണനയിലുള്ള കാര്യമാണ്. ഓൺലൈൻ ഉപയോഗിക്കുന്ന കാര്യത്തിലും അക്ഷയ കേന്ദ്രങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും പാവപ്പെട്ട ഈ വിഭാഗത്തിന് കഴിയുന്നില്ല. പഞ്ചായത്തിനെയും പട്ടികജാതി വകുപ്പിനെയും പ്രൊമോട്ടർമാരെയും വച്ചുകൊണ്ടുള്ള ഒരു ബോധവത്കരണത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതായിരിക്കും.

മി. സ്പീക്കർ: പ്ലീസ്..... പ്രതിഷേധം പ്രകടിപ്പിച്ചു. ഇനി സീറ്റിലേയ്ക്ക് പോകു. പ്ലീസ്..പ്ലീസ്.....

ശ്രീ. ബി. സത്യൻ: സർ, വിവാഹ ധനസഹായം, മിശ്രവിവാഹിതർ, ഭൂരഹിതർ എന്നിവർക്കുള്ള ധനസഹായം, വരുമാന പരിധി ഒരു ലക്ഷം രൂപയായി ഉയർത്തിയത് എന്നീ കാര്യങ്ങളെല്ലാം സ്വാഗതം ചെയ്യുന്നു. അങ്ങ് നടപ്പിലാക്കുന്ന ഈ പദ്ധതികളെല്ലാം പാവപ്പെട്ട ആളുകൾക്ക് ഗുണം ചെയ്യും. സാധാരണരീതിയിലുള്ള രോഗങ്ങൾക്ക്

ഇപ്പോൾ നൽകുന്ന ധനസഹായം പരമാവധി 50,000 രൂപയാണ്. വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയ, അവയവമാറ്റം, ഗുരുതരമായരോഗം ബാധിച്ചവർ എന്നിവർക്കാണ് ഒരു ലക്ഷം രൂപ നൽകുന്നത്. ആശുപത്രിയിലാണ് ഇത് നൽകുന്നതെന്ന് പറയുന്നു. പല ആളുകൾക്കും ആ തുക വളരെ പരിമിതമാണ്. അത് വർദ്ധിപ്പിക്കണം. വൃക്ക മാറ്റിവയ്ക്കലിനും ഡയാലിസിസിനും വിധേയമാകുന്ന രോഗികൾക്കും അവയവമാറ്റം നടത്തേണ്ടിവരുന്ന രോഗികൾക്കും ഗുരുതരമായി രോഗം ബധിച്ചവർക്കും ഇപ്പോൾ നൽകുന്ന തുക വർദ്ധിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. എ. കെ ബാലൻ: സർ, ഇതിൽ നിർല്ലോഭമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സാധാരണരീതിയിലുള്ള രോഗങ്ങൾക്ക് ഏതാണ്ട് 50,000 രൂപ നൽകുന്നുണ്ട്. നേരത്തെ പറഞ്ഞതുപോലെ ഗുരുതരമായ രോഗങ്ങൾക്ക് ഒരു ലക്ഷം രൂപയാണ് നൽകുന്നത്. പക്ഷെ ചില പ്രത്യേക രോഗങ്ങൾക്ക് പ്രത്യേകിച്ച് അവയവമാറ്റം പോലുള്ള രോഗങ്ങൾക്ക് ആ തുക പര്യാപ്തമാകില്ല. അതിന് ലക്ഷക്കണക്കിന് രൂപയുടെ ബാധ്യതയാണ് വരുന്നത്. അങ്ങനെ വരുന്ന കേസുകൾ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് ശിപാർശ ചെയ്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ വളരെ നല്ല സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് പട്ടികജാതി വകുപ്പിൽനിന്ന് ഒരു ലക്ഷം രൂപയിലധികം ചെലവു വരുന്ന കേസുകൾ എന്റർടെയിൻ ചെയ്യാൻ കഴിയുന്നില്ലെങ്കിൽപ്പോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് ഇപ്പോൾ അത് കൈകാര്യം ചെയ്യുന്നുണ്ട്.

ശ്രീ. കെ. ജെ. മാക്സി: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഈ ഗവൺമെന്റ് വിവിധ പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഈ മേഖലയിലെ ഗുണഭോക്താക്കൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഗ്രാന്റുകളും മറ്റ് സഹായങ്ങളുമൊക്കെ ഈ ഗവൺമെന്റ് വന്നതിനുശേഷം വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ ചില പദ്ധതികൾ ഉദ്യോഗസ്ഥരുടെ സാങ്കേതികത്വത്തിൽ കുടുങ്ങി നടക്കാതെ പോകുന്നുണ്ട്. ഉദാഹരണത്തിന് ഓരോ മണ്ഡലത്തിലേയ്ക്കും രണ്ട് കോളനികൾക്ക്, അംബേദ്കർ കോളനിയെന്ന പേരിൽ ഒരു കോടി രൂപ വീതം ധനസഹായം ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. അതിൽ മിനിമം 40 കുടുംബങ്ങൾ ഉണ്ടായിരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. എന്നാൽ ചില സാങ്കേതികത്വത്തിന്റെ പേരിൽ ഒന്നോ രണ്ടോ കുടുംബങ്ങളുടെ കുറവുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ചില ഉദ്യോഗസ്ഥർ ഈ പദ്ധതി നടപ്പിലാക്കുന്നില്ല. ഇങ്ങനെ വരുമ്പോൾ ബാക്കി വരുന്ന ഗുണഭോക്താക്കൾക്കാണ് ഇതിന്റെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്. സർക്കാർ ഇടപെട്ട് ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, 25 ശതമാനം മുതൽ 100 ശതമാനം വരെയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗ്രാന്റ് വർദ്ധിപ്പിച്ചിട്ടുള്ളത്. അംബേദ്കർ കോളനി ഒരു മണ്ഡലത്തിൽ രണ്ടെണ്ണമാണ് എടുക്കുന്നത്. അതിന്റെ

നടപടികൾ ആരംഭിച്ചു. അതിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമെന്ന് പറയുന്നത് ഒരു കോളനിയിൽ 40 കുടുംബങ്ങൾ മിനിമം വേണം. ഇപ്പോൾ 100-ഉം 150-ഉം കുടുംബങ്ങളുള്ള എത്രയോ കോളനികളുണ്ട്. ആ കോളനികളെയെല്ലാം ഒഴിവാക്കി കൊണ്ട് 40 കുടുംബത്തിൽ താഴെയുള്ള കോളനിയെ ഇതിനായി തെരഞ്ഞെടുക്കുന്നത് ഗുണം ചെയ്യില്ല. അതുകൊണ്ടാണ് മിനിമം 40 കുടുംബങ്ങൾ എന്ന് വച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഉദ്യോഗസ്ഥർ 40-ൽ കുറഞ്ഞ കുടുംബങ്ങളുള്ള കോളനികൾ എടുക്കാത്തത്. ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിൽ തന്നെ 40-ൽ കൂടുതൽ കുടുംബങ്ങളുള്ള കോളനികളുള്ള സ്ഥലമുണ്ടാകും. അത് ഓപ്റ്റ് ചെയ്താൽ മതി. മിനിമം 40 കുടുംബങ്ങൾ എന്നതിൽ എന്തെങ്കിലും റിലാക്സേഷൻ വരുത്തേണ്ടതുണ്ടോ എന്നുള്ളത് പിന്നീട് തീരുമാനിക്കാം. 40-ൽ കൂടുതൽ കുടുംബങ്ങളുള്ള കോളനികളാണ് നിലവിൽ കൂടുതലായുള്ളത്.

ശ്രീ. എം. രാജഗോപാലൻ: സർ, ദേശീയ മനുഷ്യാവകാശ കമ്മീഷന് പിന്നാലെ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദളിത് പീഡനം നടക്കുന്ന സംസ്ഥാനങ്ങളിലൊന്നായ ഉത്തർപ്രദേശിൽനിന്നുള്ള ബി.ജെ.പി. എം.പി.-യായ ശ്രീ. രാംശങ്കർ കത്തേരിയ ചെയർമാനായ ദേശീയ പട്ടികജാതി കമ്മീഷൻ, പട്ടികജാതിക്കാർക്കെതിരെ അക്രമം വർദ്ധിക്കുന്നുവെന്നും ഇക്കാര്യം സംബന്ധിച്ച് രാഷ്ട്രപതിക്ക് റിപ്പോർട്ട് നൽകുമെന്നും ഇന്നലെ വാർത്താസമ്മേളനത്തിൽ ഭീഷണി ഉയർത്തിയിരിക്കുകയാണ്. കമ്മീഷന്റെ അന്വേഷണം ഏകപക്ഷീയമാണെന്നുള്ളത് വേറെകാര്യം. മുമ്പ് കേന്ദ്ര സഹമന്ത്രിയായിരുന്ന ശ്രീ. രാംശങ്കർ കത്തേരിയ. വ്യാജ ബിരുദ-ബിരുദാനന്തര സർട്ടിഫിക്കറ്റുണ്ടാക്കിയെന്ന ആരോപണത്തെത്തുടർന്ന് രാജിവച്ചയാളാണ് അദ്ദേഹം. സർവ്വോപരി പ്രശസ്ത വിദ്വേഷ പ്രാസംഗികനും കൂടിയാണ് അദ്ദേഹം. എസ്.സി/ എസ്.ടി വിഭാഗത്തിന്റെ വിദ്യാഭ്യാസ, സാംസ്കാരിക, സാമൂഹിക ഉന്നമനത്തിനു വേണ്ടി ഏറ്റവും ശ്രദ്ധേയമായ രീതിയിൽ ദ്രുതഗതിയിൽ നടപടികളുമായി മുന്നോട്ടു പോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്താനുള്ള ദുരുദ്ദേശപരമായ ഈ പ്രസ്താവനയിലെ രാഷ്ട്രീയ ദുഷ്ടലാക്ക് തുറന്നുകാണിക്കാൻ ഈ സർക്കാർ അനന്തരനടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ എന്തുപറഞ്ഞാലും കേരളത്തിലെ ദളിത് പീഡനം കുറഞ്ഞുവരുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഞാൻ കണക്കുകളിലേയ്ക്കൊന്നും കടക്കാനാഗ്രഹിക്കുന്നില്ല. എന്റെ കയ്യിൽ എല്ലാ കണക്കുകളുമുണ്ട്. എവിടെയെങ്കിലും ഒരു പ്രശ്നമുണ്ടായാൽ എസ്.സി/എസ്.ടി. പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് പ്രകാരം കേസെടുക്കുകയും ആനുകൂല്യങ്ങൾ അവരുടെ കുടുംബത്തിലേയ്ക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് ഇപ്പോഴുള്ളത്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു പ്രതിയെപ്പോലും പിടിക്കാൻ ബാക്കിയില്ല. ശക്തമായ നിലപാടാണ് ഗവൺമെന്റ് ഇക്കാര്യത്തിലെടുക്കുന്നത്. കേരള

ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങളെ സംബന്ധിച്ച് തെറ്റായ റിപ്പോർട്ടുകൾ കേന്ദ്രത്തിന് നൽകാൻ ചില ഏജൻസികൾ തീരുമാനിച്ചാൽ ഒരു നിവൃത്തിയുമില്ല. പഴയ കാലഘട്ടത്തെ അപേക്ഷിച്ച് ഈ മേഖലയിലെ പീഡനങ്ങൾ കുറഞ്ഞിരിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ശ്രീ. ആർ. രാജേഷ്: സർ, ആനുകൂല്യങ്ങളെല്ലാം വർദ്ധിപ്പിക്കുകയും ആനുകൂല്യം ലഭിക്കാനാവശ്യമായ വരുമാന പരിധി നാൽപ്പതിനായിരം രൂപയിൽനിന്നും ഒരുലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തത് അഭിനന്ദനാർഹമാണ്. ഇതിൽ മിശ്രവിവാഹിതർക്ക് ധനസഹായം ലഭ്യമാകുന്നതിനുള്ള പരിധി നാൽപ്പതിനായിരം രൂപയിൽനിന്നും ഒരു ലക്ഷം രൂപയാക്കി മാറ്റിയിട്ടുണ്ടോ; അങ്ങനെ മാറ്റിയിട്ടുണ്ടെങ്കിൽ പല സ്ഥലത്തും ഇപ്പോഴും നാൽപ്പതിനായിരം രൂപയുടെ പരിധിയും വച്ചുകൊണ്ടാണ് അപേക്ഷകൾ കൈകാര്യം ചെയ്യുന്നത്. ഒരു ലക്ഷം രൂപയാക്കി ഉയർത്തിയ സഹായം മിശ്രവിവാഹിതർക്ക് ലഭ്യമാകുന്നില്ല. ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായ ഇടപെടൽ നടത്തുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മിശ്രവിവാഹിത കുടുംബങ്ങൾക്ക് ധനസഹായം കിട്ടുന്നതിനുള്ള വാർഷിക വരുമാനം അമ്പതിനായിരം രൂപയായിരുന്നു. അത് ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥർ അതിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നുണ്ടെങ്കിൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കും. ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ച ഉത്തരവ് കൊടുത്തിട്ട് കുറേ നാളുകളായി.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, അംബേദ്കർ സെറ്റിൽമെന്റ് കോളനിയിൽ നല്ല പഠനമുറികൾ തയ്യാറാക്കുന്നുണ്ടോ; വിജ്ഞാൻവാടികളിൽ ആധുനിക സൗകര്യങ്ങളുണ്ടെന്നുള്ളത് സത്യമാണ്. അത് വേഗത്തിൽ നടത്തുന്നുണ്ടോയെന്ന് പരിശോധിക്കാൻ ആരെയാണ് ചുമതലപ്പെടുത്തുന്നത്?

ശ്രീ. എ. കെ. ബാലൻ: സർ, അംബേദ്കർ മോഡൽ കോളനികൾ ഇപ്രാവശ്യം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇതിനോടൊപ്പംതന്നെ ചില വീടുകൾ താമസയോഗ്യമാകില്ല, അത് പൊളിച്ചു മാറ്റാനും കഴിയുകയില്ല. അത് renovation നടത്തുന്നതിനുള്ള തീരുമാനവുമെടുത്തിട്ടുണ്ട്. മുമ്പ് അനുവദിച്ച വീടുകളിൽ പഠിക്കാൻ കഴിയുന്ന ഒരു പഠനമുറിയും ഉണ്ടാകില്ല. അവിടെ രണ്ട് ലക്ഷം രൂപ ചെലവഴിച്ച് അയ്യായിരം പഠനമുറി പട്ടികജാതി വിഭാഗങ്ങൾക്കും സാമൂഹ്യ പഠനമുറി എന്ന രൂപത്തിൽ 100 പഠനമുറി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ചെയ്തുകൊടുക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇത് ഏറെ ശ്രദ്ധ പിടിച്ചു പറ്റുന്നൊരു സ്കീമാണ്. ഇതിന്റെ ലോഞ്ചിംഗ് ഉടനെ നടക്കാൻ പോവുകയാണ്. ഇപ്പോൾ അതിന്റെ എ.എസ്. കിട്ടിക്കഴിഞ്ഞു. വിജ്ഞാൻവാടികൾ വളരെ ഫലപ്രദമായി മുന്നോട്ടുപോവുകയാണ്. അതിന്റെ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു</u>: സർ, ഇന്ന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഓണക്കിറ്റും പ്രായമായ പട്ടികവർഗ്ഗക്കാർക്ക് ഓണപ്പുടവയും കൊടുക്കുന്ന പദ്ധതി നടപ്പിലാക്കി പട്ടികവർഗ്ഗ കോളനികളിൽ മഹനീയമായ കാര്യങ്ങൾ നടത്തുകയാണ്. എന്നാൽ കേരളത്തിലെ പട്ടികവർഗ്ഗ/പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കുകൂടി ഓണപ്പുടവ കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ ബാലൻ</u>: സർ, ഇപ്പോൾ ഓണക്കിറ്റും ഓണപ്പുടവയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കാണ് കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് നല്ലൊരു നിർദ്ദേശമാണ്. അത് ഈ വർഷം നടപ്പിലാക്കാൻ സാധിക്കില്ല. ഇതിന്റെ ഗുരുലഘുത്വത്തെ സംബന്ധിച്ച് വകുപ്പും ഗവൺമെന്റും വളരെ ഗൗരവമായി പരിശോധിക്കാം. പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് ഓണപ്പുടവ കൊടുക്കുന്നത് നല്ല പദ്ധതിയാണ്. അത് അടുത്ത വർഷം ആരംഭിക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതായിരിക്കും.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ എം.ആർ.എസ്.-കൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുവെന്ന അങ്ങയുടെ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുകയാണ്. എന്നാൽ ഇവിടെ സ്ഥിരം അധ്യാപക നിയമനം നടക്കുന്നില്ല എന്നൊരു പരിമിതിയുണ്ട്. കോൺട്രാക്ട് അടിസ്ഥാനത്തിൽ അധ്യാപക നിയമനം നടത്തുന്നതുകൊണ്ടുതന്നെ പഠനനിലവാരത്തെ അത് ബാധിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ എം.ആർ.എസ്.-കളിൽ സ്ഥിരമായി അധ്യാപകരെ നിയമിക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഇത് ശരിയാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് കോൺട്രാക്ട് തലത്തിലുള്ള അദ്ധ്യാപകരുടെ നിയമനംകൊണ്ട് കഴിയില്ല, സ്ഥിരം അധ്യാപകർ വേണം. ഇത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിൽ വാച്ച്മരം, ആനക്കയം, ഷോളയാർ എന്നിവിടങ്ങളിലെ ആദിവാസികൾക്ക് വീടുവയ്ക്കാനോ കൃഷി ചെയ്യാനോ സ്ഥലമില്ലാത്തൊരവസ്ഥയാണുള്ളത്. ഇതിനുമുമ്പുള്ള രണ്ട് ഗവൺമെന്റിന്റെ കാലത്തുമുള്ള വനം വകുപ്പുമന്ത്രിമാരും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രിമാരും വനം വകുപ്പ് ഉദ്യോഗസ്ഥരും അവിടെ സന്ദർശിച്ച് അനുയോജ്യമായ സ്ഥലം കണ്ടെത്തിയതാണ്. എന്നാൽ അവിടെ ആന ഉൾപ്പെടെയുള്ള മൃഗങ്ങൾ വരുന്ന സ്ഥലമാണെന്നും അതുകൊണ്ട് ആ സ്ഥലം വിതരണം ചെയ്യാൻ

കഴിയില്ലെന്നുമാണ് ഇപ്പോൾ വനം വകുപ്പിൽനിന്ന് വന്നിട്ടുള്ള റിപ്പോർട്ട്. ആദിവാസികൾ താമസിക്കുന്നത് ആനയും കടുവയും പുലിയുമൊക്കെയുള്ള വനാന്തരത്തിലാണ്. ഈ സ്ഥലം അവർക്ക് തൃപ്തികരമാണെന്ന് ആദിവാസി ഊരുക്കൂട്ടം തീരുമാനിച്ചിട്ടുള്ളതാണ്. അത് അവർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി അങ്ങ് വനം വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് അടിയന്തരമായി ഇടപെട്ട് ഭൂരഹിത ആദിവാസികൾക്ക് ഭൂമി നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച മൂന്ന് ഊരുകളിൽ ഭൂമി ലഭ്യമാകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളുണ്ടായിരുന്നു. അതിന് ഞങ്ങൾ ചർച്ച നടത്തി. പക്ഷെ അവിടെ വന്യമൃഗ ശല്യമുണ്ടാകുമെന്നാണ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും കിട്ടിയ വിവരം. വന്യമൃഗശല്യമുണ്ടാകുമെന്ന് വനം വകുപ്പുദ്യോഗസ്ഥർ പറയുമ്പോൾ ആ ഊരിലെ ജനങ്ങൾ അങ്ങനെയൊന്നും ഉണ്ടാകില്ലെന്നു പറഞ്ഞാൽ, എന്തെങ്കിലും സംഭവിച്ചുകഴിഞ്ഞാൽ അതിന്റെ ഉത്തരവാദിത്വം ആർക്ക് ഏറ്റെടുക്കാൻ കഴിയും? അതുകൊണ്ട് ഇക്കാര്യം വളരെ ഗൗരവത്തിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കും.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ വളരെ കാര്യമായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ ഈ വിഷയം ഉന്നയിച്ചതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ ഡിഗ്രിക്കും, പി.ജി.-ക്കും പ്രൊഫഷണൽ കോഴ്സുകൾക്കും സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുണ്ട്. അവർക്ക് പട്ടികജാതി ഡിപ്പാർട്ടുമെന്റാണ് ഫീസ് കൊടുക്കുന്നത്. ആ ഫീസ് കൊടുക്കാത്തതുകൊണ്ട് അവരുടെ വിദ്യാഭ്യാസ കാലം കഴിഞ്ഞാലും സർട്ടിഫിക്കറ്റ് കിട്ടാത്ത അവസ്ഥ നിലനിൽക്കുകയാണ്. അതുകൊണ്ടുതന്നെ ഈ കുട്ടികൾക്ക് ഹയർ എഡ്യൂക്കേഷനോ, പി.എസ്.സി. പോലുള്ള പരീക്ഷകൾക്കോ, ഇന്റർവ്യൂവിനോ പോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അത്തരം സ്ഥാപനങ്ങൾക്ക് പട്ടികജാതി ഡിപ്പാർട്ടുമെന്റ് കൊടുക്കാനുള്ള കുടിശ്ശിക കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, സ്വകാര്യ മേഖലയിൽ കുടിശ്ശികയുണ്ടായിരുന്നു. അത് ഈ ഗവൺമെന്റ് വന്നതിനുശേഷം കൊടുക്കുന്നതിനുള്ള നടപടിയെടുത്തു. ഇപ്പോൾ ആ പ്രശ്നമുണ്ടെന്ന് തോന്നുന്നില്ല. എന്നാലും സ്വകാര്യ മേഖലയിൽ എവിടെയെങ്കിലും കുടിശ്ശിക ബാക്കിയുണ്ടെങ്കിൽ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പാരലൽ കോളേജുകളിൽ കുറേ കുടിശ്ശികയുണ്ടായിരുന്നു. അത്

കൊടുത്ത് തീർക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. സ്പെസിഫിക്കായി എവിടെയെങ്കിലും ഈ രൂപത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ എഴുതിത്തന്നാൽ അവിടെ പ്രത്യേക പരിഗണന കൊടുക്കുന്നതും ഗവൺമെന്റ് ഇടപെടുന്നതുമായിരിക്കും.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നിലവിൽ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതിക്കാർക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള ലിസ്റ്റ് പട്ടികജാതി വികസന വകുപ്പ് അംഗീകരിച്ചിരുന്നു. പക്ഷെ ഇപ്പോൾ അവർക്ക് വീട് നൽകുന്നില്ല. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുമെന്ന് പറഞ്ഞാണ് തടസ്സപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ലൈഫ് പദ്ധതിയുടെ പ്രധാന മാനദണ്ഡം റേഷൻ കാർഡാണ്. ഒറ്റമുറി വീടുകളിൽ താമസിക്കുന്ന, നിരവധി കുടുംബങ്ങൾ ഒന്നിച്ചുതാമസിക്കുന്ന പട്ടികജാതിക്കാർക്ക് ലൈഫ് പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് ഇപ്പോൾ വീട് ലഭ്യമാകാത്ത സ്ഥിതി വരികയാണ്. അതുകൊണ്ട് ഇത് പ്രത്യേകമായി പരിഗണിച്ച് ലൈഫ് പദ്ധതിയിൽ അവർക്ക് ഇളവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ലൈഫ് പദ്ധതിയിൽ വീടുകൾ കൊടുക്കുന്നതിന് ചില നിബന്ധനകളുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഏതെങ്കിലും രൂപത്തിൽ ലൈഫ് പദ്ധതിയിൽ വീട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടെങ്കിൽ അത് പ്രത്യേകം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

**വന-പരിസ്ഥിതി സംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ**

4 (*366) ശ്രീ. ഒ. ആർ. കേളു :
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വന സംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി വനം വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകളെ സംരക്ഷിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) പരിസ്ഥിതി സംരക്ഷണ അവബോധം വളർത്തുകയെന്ന ലക്ഷ്യത്തോടെ ഇക്കോ ടൂറിസം രംഗത്ത് വനം വകുപ്പ് എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കാമോ; വനശ്രീ സംവിധാനം ശക്തിപ്പെടുത്താനായി നടപടിയെടുക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വന സംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി നിരവധി പ്രവർത്തനങ്ങൾ വനം വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. എനിക്ക് ആദ്യമേ സൂചിപ്പിക്കാനുള്ളത് ഈ ചോദ്യംകൊണ്ടുതന്നെ നമ്മുടെ എം.എൽ.എ.-മാർക്ക് വനത്തെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുമൊക്കെ മനസ്സിലാക്കാൻ താൽപ്പര്യമുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. അങ്ങുകൂടി അനുവദിക്കുകയാണെങ്കിൽ താൽപ്പര്യമുള്ള എം.എൽ.എ.-മാരെ കാട്ടിനകത്ത് കൊണ്ടുപോയി കാടറിയാൻ സൗകര്യമൊരുക്കാമായിരുന്നു.

മി. സ്പീക്കർ: തീർച്ചയായും. അതിനുവേണ്ടിയുള്ള എല്ലാ സൗകര്യങ്ങളും അങ്ങേയ്ക്ക് വാഗ്ദാനം ചെയ്യുന്നു.

ശ്രീ. കെ. രാജു: സർ, അങ്ങയുടെ സഹകരണത്തോടുകൂടി അത് നടപ്പിലാക്കാം. പ്രതിപക്ഷാംഗങ്ങളടക്കം വരാൻ താൽപ്പര്യമുള്ള എം.എൽ.എ.-മാരെ കാട് സന്ദർശിക്കുന്നതിന് ഒന്നോ രണ്ടോ ദിവസം നീണ്ടുനിൽക്കുന്ന സൗകര്യപ്രദമായ ഒരു തീയതി തീരുമാനിച്ച് നടപ്പിലാക്കുന്നതായിരിക്കും.

ഈ ചോദ്യത്തിന്റെ ഉത്തരം കുറച്ച് ദീർഘമായിട്ടുള്ളതാണ്. ഞാൻ എല്ലാ കാര്യങ്ങളിലേയ്ക്കും കടക്കുന്നില്ല. ഈ ഉത്തരം മേശപ്പുറത്തുവയ്ക്കുന്നു.

(എ) വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെയും വന സംരക്ഷണം നടത്തുന്നു.

കാട്ടുതീമൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർ ലൈനുകൾ നിർമ്മിക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നു. പരിസ്ഥിതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നത് പരിസ്ഥിതി വകുപ്പാണ്. എന്നാൽ വനം വകുപ്പുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട പല പരിസ്ഥിതിപരമായ പരിപാടികളും നടന്നുവരുന്നു.

പരിസ്ഥിതി സംരക്ഷണത്തിനായി ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് ഹരിത കേരളം പദ്ധതിയുടെ കുടക്കീഴിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി എന്റെ മരം, നമ്മുടെ മരം പദ്ധതികൾ പ്രകാരം വിവിധയിനം തൈകൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ പൊതുജനങ്ങൾ, വിവിധ മതരാഷ്ട്രീയ സംഘടനകൾ, പഞ്ചായത്തുകൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവർക്ക് സൗജന്യമായോ സർക്കാർ നിശ്ചയിച്ച നിരക്കിലോ തൈകൾ വിതരണം ചെയ്തുവരുന്നുണ്ട്.

കാവു സംരക്ഷണത്തിന് ധനസഹായം നൽകൽ, കുരുവിക്കൊരുക്കൂട്, വനമിത്ര, പ്രകൃതി മിത്ര അവാർഡുകൾ നൽകൽ, സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ധനസഹായം നൽകൽ, നക്ഷത്ര വനം, ഹെർബൽ ഗാർഡൻ, നദീതീരങ്ങളിൽ മുള നട്ടുവളർത്തുന്ന പദ്ധതി, ആവാസ വ്യവസ്ഥ സംരക്ഷണ പ്രവർത്തനങ്ങൾ, കടലാമ സംരക്ഷണ പ്രവർത്തനങ്ങൾ, വഴിയോരത്തണൽ, പക്ഷി സർവ്വേ, സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരണം എന്നീ പരിപാടികളാണ് നടത്തിവരുന്നത്.

ഇവ കൂടാതെ പരിസ്ഥിതി ദിനത്തിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പരിസ്ഥിതി സംരക്ഷണത്തിനും വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനായി പരിസ്ഥിതി പഠനക്യാമ്പുകളും സെമിനാറുകളും റാലികളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകളെ സംരക്ഷിക്കാനായി വിവിധയിനം പദ്ധതികൾ നടത്തിവരുന്നുണ്ട്. വേമ്പനാട്, കണ്ണൂർ ഭാഗങ്ങളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായുള്ള പദ്ധതി 2006-07 വർഷം മുതൽ 2013-14 വരെ 100 ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. കണ്ടൽ തൈകളുടെ ഉൽപ്പാദനവും നട്ടുപിടിപ്പിക്കലും കായൽ ജലം മലിനമാകാതിരിക്കാൻ മാലിന്യ നിർമ്മാർജ്ജന പരിപാടികൾ, ശുചിത്വ പദ്ധതികൾ, മത്സ്യസമ്പത്ത്, പക്ഷിസമ്പത്ത് എന്നിവ വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ, വിപുലമായ ബോധവത്കരണ പരിപാടികൾ എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുണ്ട്. പുതിയ കണ്ടൽക്കാടുകൾ വളർത്തിയെടുക്കുന്നതിനും നിലവിലുള്ളവ വ്യാപിപ്പിക്കുന്നതിനുമായി കൊല്ലം, കോട്ടയം ഡിവിഷനുകളിൽ കണ്ടൽ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കണ്ടൽ തൈകൾ ഉത്പാദിപ്പിച്ച് നട്ടുപിടിപ്പിക്കുന്ന പദ്ധതി കോഴിക്കോട് റീജിയണിൽ നടന്നുവരുന്നു. ഗ്രീൻ ഇന്ത്യ മിഷന്റെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി വരും വർഷങ്ങളിൽ കൂടുതൽ സ്ഥലത്ത് കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള 237.916 ഹെക്ടർ കണ്ടൽവനം റിസർവ് വനമായി പ്രഖ്യാപിച്ച് വനനിയമങ്ങൾ അനുസരിച്ച് സംരക്ഷിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെയും തൃശ്ശൂർ ജില്ലയിലെയും ഇത്തരം കണ്ടൽ വനങ്ങൾ റിസർവ് വനമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് 30 വനം ഡിവിഷനുകളുടെ കീഴിലായി വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയായ വനസംരക്ഷണ സമിതികളുടെ (VSS) നേതൃത്വത്തിൽ പങ്കാളിത്ത വനപരിപാലന സംവിധാനത്തിൻ കീഴിൽ പരിസ്ഥിതി സൗഹൃദ രീതിയിൽ 60 ഇടങ്ങളിൽ പങ്കാളിത്ത ഇക്കോ ടൂറിസം നടപ്പാക്കിവരുന്നു. പരിസ്ഥിതി സംരക്ഷണ അവബോധം വളർത്തുകയെന്ന ലക്ഷ്യത്തോടെ ആദിവാസി വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ് (KITTS) എന്ന സ്ഥാപനംവഴി പരിശീലനം നൽകുന്നുണ്ട്. ഇത്തരത്തിൽ പരിശീലനം സിദ്ധിച്ച ഗൈഡുകൾ സന്ദർശകർക്ക് പരിസ്ഥിതി സംരക്ഷണ അവബോധം നൽകുകയും കാനന യാത്രകളിൽ സന്ദർശകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഈ ഗൈഡുകളെ സന്ദർശക സുരക്ഷയ്ക്കായും മാലിന്യ നിർമ്മാർജ്ജനത്തിനായും ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ നിയോഗിക്കാറുണ്ട്.

ഇക്കോടൂറിസം പ്രദേശങ്ങൾ സന്ദർശിക്കുന്നവർക്കായി നിലവിലുള്ള കെട്ടിടങ്ങളോ പരിസ്ഥിതി സൗഹൃദ വസ്തുക്കളോ ഉപയോഗിച്ചുള്ള സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. പരിസ്ഥിതിക്ക് കൂടുതൽ ആഘാതം ഉണ്ടാകുമെന്നതിനാൽ കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താറില്ല. സന്ദർശകരിൽ പരിസ്ഥിതി സംരക്ഷണത്തെപ്പറ്റി അവബോധം വളർത്തുന്നതിനും അവരുടെ സുരക്ഷയ്ക്കുമായി പ്രത്യേകം സന്ദേശങ്ങൾ എഴുതിയ ബോർഡുകൾ, ഇന്റർപ്രട്ടേഷൻ സെന്ററുകൾ, കാനന യാത്രകൾ, പ്രകൃതി പഠന ക്യാമ്പുകൾ എന്നിവയും പങ്കാളിത്ത ഇക്കോടൂറിസത്തിന്റെ ഭാഗമായി ഏർപ്പെടുത്താറുണ്ട്.

സംസ്ഥാനത്ത് 23 വന വികാസ ഏജൻസികളുടെ കീഴിലായി 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 37 വനശ്രീ ഇക്കോ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. വനശ്രീ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വനശ്രീ യൂണിറ്റുകളുടെ എണ്ണം 100 ആയി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വന വിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംഭരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയ്ക്കായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഗോഡൗണുകൾ, സംസ്കരണ ശാലകൾ എന്നിവ ഒരുക്കിയിട്ടുണ്ട്. വനശ്രീ ഉൽപ്പന്നങ്ങളുടെ വിപണനം വിപുലീക രിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ വിപണന സൗകര്യം ഒരുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, മന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വനം-പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനായി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായി എന്തെങ്കിലും പ്രത്യേക പരിപാടികൾ നടത്താൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കെ. രാജു</u>: സർ, നിരവധി ബോധവൽക്കരണ പരിപാടികൾ ഇപ്പോൾ തന്നെ നടന്നുവരുന്നുണ്ട്. പഠന ക്യാമ്പുകൾ, സെമിനാറുകൾ, റാലികൾ തുടങ്ങിയവയും സ്കൂളുകൾവഴി ഫോറസ്റ്റ് ക്ലബ്ബുകൾ രൂപീകരിച്ച് അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികളും നടത്തിവരുന്നുണ്ട്. വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് സഹായം നൽകിവരുന്നുണ്ട്. നക്ഷത്ര വനം, ഹെർബൽ ഗാർഡൻ, നദീതീരങ്ങളിൽ മുള നട്ടുവളർത്തുന്ന പദ്ധതി, ആവാസ വ്യവസ്ഥ സംരക്ഷണ പ്രവർത്തനങ്ങൾ, കടലാമ സംരക്ഷണ പ്രവർത്തനങ്ങൾ, വഴിയോരത്തണൽ, പക്ഷി സർവ്വെ, സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകളുടെ രൂപീകരണം എന്നീ പരിപാടികളാണ് ഇപ്പോൾ നടന്നുവരുന്നത്. ഇവ കൂടാതെ പരിസ്ഥിതി സംരക്ഷണത്തിനും വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി പരിസ്ഥിതി പഠന ക്യാമ്പുകളും സെമിനാറുകളും റാലികളും സംഘടിപ്പിക്കുന്നുണ്ട്. ഇത് കൂടാതെ സ്വകാര്യ ഭൂമിയിൽ മരങ്ങൾ വച്ചുപിടിപ്പിക്ക

ന്നതിനാവശ്യമായ പ്രോത്സാഹനം നൽകുന്നൊരു പദ്ധതിയും നിലവിലുണ്ട്. സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് ചെറിയ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ഇപ്പോൾത്തന്നെ നിലവിലുണ്ട്. ഇതുകൂടാതെ കണ്ടൽക്കാടുകളും മറ്റും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ നിരവധി പദ്ധതികൾ ഗവൺമെന്റ് നടപ്പിലാക്കിവരുന്നുണ്ട്. കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കണ്ടൽ തൈകളുടെ ഉത്പാദനവും നട്ടുപിടിപ്പിക്കലും വിതരണവും ഏറ്റെടുത്ത് നടപ്പിലാക്കുന്ന രണ്ട് ഫോറസ്റ്റ് ഡിവിഷനുകൾ ഇപ്പോൾത്തന്നെ ചെയ്യുന്നുണ്ട്. സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾ ഫോറസ്റ്റ് വകുപ്പിന് വിട്ടുതരാൻ തയ്യാറാണെങ്കിൽ ഏറ്റെടുത്ത് സംരക്ഷിക്കാൻ ഫോറസ്റ്റ് വകുപ്പ് തയ്യാറാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പുകയില മയക്കമരുന്ന് വിപണം

5 (*362) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പുകയില-മയക്കമരുന്ന് ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഭാവി തലമുറയെ നാശത്തിലേക്ക് നയിക്കുന്ന പ്രസ്തുത വിപത്തിനെ നേരിടാനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസസ്ഥാപനാധികൃതർ, എക്സൈസ്, പോലീസ്, രക്ഷാകർത്താക്കൾ, വിദ്യാർത്ഥി പ്രതിനിധികൾ തുടങ്ങിയവരുടെ ഏകോപിത സംവിധാനം കാര്യക്ഷമമാക്കി പ്രസ്തുത വിപത്ത് നേരിടാനാവശ്യമായ നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) പ്രത്യേകമായി വിശകലനം ചെയ്തിട്ടില്ല.

(ബി) ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വൈവിദ്ധ്യവും വിപുലവുമായ ബോധവത്കരണ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന കോട്പ ആക്ട് പ്രകാരം നിരോധിച്ചിട്ടുണ്ട്. അബ്കാരി ആക്ട്, എൻ.ഡി.പി.എസ്.ആക്ട്, എം.&റ്റി.പി. ആക്ട്&റൂൾ എന്നിവ പ്രകാരം അനധികൃത മദ്യ ലഹരി വിപണനത്തിനും, കൈവശം വയ്ക്കൽ, കടത്തൽ, ഉൽപ്പാദനത്തിനുമെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ജുവനൈൽ ജസ്റ്റീസ് (Care and Protection of Children) ആക്ട് 2015 പ്രകാരം പ്രായപൂർത്തിയാകാത്തവർക്ക് മദ്യം, ലഹരിമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവ വിൽപ്പന നടത്തുന്നവർക്കും പ്രേരണ നൽകുന്നവർക്കും എതിരെ നടപടികൾ എടുക്കുന്നു. യുവാക്കളിലും കുട്ടികളിലും മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതു തടയുവാൻ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി.,എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ-സന്നദ്ധ-സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി "ലഹരി വിമുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിദ്യാർത്ഥികളിലും യുവജനങ്ങളിലും പൊതു സമൂഹത്തിലും ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ- " വിമുക്തി" എന്ന ബൃഹത്തായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലത്തിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. 1385 സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചുകഴിഞ്ഞു.

ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളേയും യുവജനങ്ങളേയും ബോധവത്കരിക്കുന്നതിന് എക്സൈസ് വകുപ്പ് ബോധവത്കരണ ക്ലാസ്സുകൾ, പോസ്റ്റർ രചന മത്സരം, ചിത്രരചന മത്സരം, ഷോർട്ട് ഫിലിം പ്രദർശനം, മാഗസിൻ മത്സരം, ക്വിസ് മത്സരം, പ്രദർശന സ്റ്റാളുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് അവാർഡുകൾ നൽകുന്നുണ്ട്. മെഡിക്കൽ സ്റ്റോറുകളിൽ കൂടി വിൽക്കുന്ന ഔഷധങ്ങൾ ലഹരി വസ്തുക്കളായി ഉപയോഗിക്കാതിരിക്കുവാൻ മെഡിക്കൽ സ്റ്റോർ ഉടമകൾക്ക് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ മുഖാന്തിരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നുണ്ട്. ജനകീയ സമിതികൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എന്നിവരെ ഉൾപ്പെടുത്തി ലഹരിക്കെതിരെ എക്സൈസ് വകുപ്പ് ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്.

## മരവൽക്കരണം എന്ന കർമ്മപദ്ധതി

6(*364) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന മരവത്കരണം എന്ന കർമ്മപദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഓരോ അഞ്ച് വർഷവും അഞ്ഞൂറ് രൂപ ധനസഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കുള്ള വൃക്ഷത്തൈകൾ നൽകുന്ന കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സ്വകാര്യ ഭൂമിയിൽ വനങ്ങൾ വച്ചുപിടിപ്പിക്കുന്ന മരവൽക്കരണം എന്ന കർമ്മ പദ്ധതിക്ക് വനം വകുപ്പ് രൂപം നൽകിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 17-2-2012-ലെ ജി.ഒ.(ആർ.ടി.) നമ്പർ 99/12/വനം, 29-9-2012-ലെ ജി.ഒ.(ആർ.ടി.)486/12/വനം എന്നിവ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40 രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30 രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്.

(ബി) സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതിയിൽ ചോദ്യത്തിൽ സൂചിപ്പിച്ചപ്രകാരമുള്ള ധനസഹായമില്ല. ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷ തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച്

മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40 രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30 രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്.

2. പ്രോത്സാഹന ധനസഹായത്തിന് പരിഗണിക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് 1 മുതൽ 2 വർഷം വരെ പ്രായമുള്ളതും ആരോഗ്യ മുള്ളതുമായ 50 തൈകൾ പരിശോധനാ സമയത്ത് ഉണ്ടായിരി ക്കേണ്ടതാണ്.

3. ഒരു നിശ്ചിത സ്ഥലത്ത് പ്രോത്സാഹന ധനസഹായത്തിനുള്ള അർഹത പത്ത് വർഷത്തിൽ ഒരിക്കൽ ആയിരിക്കും. പിൽക്കാലത്ത് ഈ സ്ഥലങ്ങളിൽ കൂടുതലായി നടുന്ന തൈകൾക്ക് (ചുരുങ്ങിയത് 50 എണ്ണം) അർഹമായ അധിക പ്രോത്സാഹന ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

4. പ്രോത്സാഹന ധനസഹായത്തിന്റെ 50% ഒന്നാം ഗഡുവായി ആദ്യവർഷവും ബാക്കി 50% രണ്ടാം ഗഡുവായി മൂന്നാം വർഷവും നൽകുന്നതായിരിക്കും. ആദ്യ വർഷാവസാനം തേക്ക്, മഹാഗണി എന്നീ മരങ്ങൾ ചുരുങ്ങിയത് ഒരു മീറ്റർ ഉയരവും മറ്റ് തൈകൾക്ക് ചുരുങ്ങിയത് ½ മീറ്റർ വീതം ഉയരവും പരിശോധനാ സമയത്ത് ഉണ്ടായിരിക്കണം. തൈകളുടെ വളർച്ചയും ആരോഗ്യവും കണക്കിലെടുത്തായിരിക്കും പ്രോത്സാഹന ധനസഹായത്തിന്റെ രണ്ടാം ഗഡു (മൂന്നാം വർഷം) അനുവദിക്കുന്നത്.

5. ഈ സ്കീമിൽ പൊതുജനങ്ങൾക്കുള്ള താൽപ്പര്യം നിലനിർത്തു ന്നതിനായി പ്രോത്സാഹന ധനസഹായം നൽകപ്പെട്ട സ്ഥലങ്ങൾ ഓരോ 5-ാം വർഷം അവസാനവും 10-ാം വർഷം അവസാനവും ഇതുമായി ബന്ധപ്പെട്ട കമ്മിറ്റി സന്ദർശിച്ച് ഏറ്റവും നല്ല പ്രകടനം കാഴ്ചവയ്ക്കുന്ന മൂന്ന് പേർക്ക് ജില്ലാ തലത്തിൽ ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും.

(സി) പ്രസ്തുത പദ്ധതിക്കാവശ്യമായ മേൽപ്പറഞ്ഞ 10 ഇനം വൃക്ഷത്തൈകൾ വനം വകുപ്പിന്റെ സാമൂഹ്യവനവൽക്കരണ വിഭാഗം ഉൽപ്പാദിപ്പിച്ച് സർക്കാർ നിരക്കിൽ വ്യക്തികൾക്ക് വിതരണം ചെയ്തുവരുന്നു.

**തൊഴിലാളികൾക്ക് അടിസ്ഥാന വേതനം**

7(*367) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ തൊഴിലാളികൾക്കും അടിസ്ഥാന വേതനം ഉറപ്പു നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി കേവലവേതനാവകാശ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ;

(സി) പ്രസ്തുത നിയമം എന്നുമുതൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈൻ ആയിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയും. 2017-ൽ നാളിതുവരെ 32611 സ്ഥാപന പരിശോധനകൾ നടത്തുകയും 383 ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും 1588 പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉപജീവനത്തിനായി തൊഴിൽ എടുക്കുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും ജീവനക്കാർക്കും ഒരു കേവലമായ വേതനമെങ്കിലും ഉറപ്പുവരുത്തുന്നതിനായുള്ള കേവല വേതന അവകാശ ബിൽ സർക്കാർ പരിഗണനയിലാണ്.

(ബി&സി) ഉണ്ട്. 2015-ലെ സംസ്ഥാന സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ ആദരണീയനായ കേരള ഗവർണർ എല്ലാ തൊഴിലാളികൾക്കും ഒരു അടിസ്ഥാന വേതനം ഉറപ്പുനൽകുന്നതിന് ഒരു നിയമം കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇത്തരത്തിൽ അടിസ്ഥാന വേതനം ഉറപ്പാക്കുന്ന കേവല വേതന അവകാശ ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

**എക്സൈസ് വകുപ്പിന്റെ ശാക്തീകരണം**

8(*368) ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ശാക്തീകരണത്തിനായി ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) അതിർത്തി ചെക്ക്പോസ്റ്റുകളുടെ ആധുനികവൽക്കരണത്തിലും ഓഫീസുകൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിനായുള്ള എക്സൈസ് ടവറുകളുടെ നിർമ്മാണത്തിലും കൈവരിച്ചിട്ടുള്ള പുരോഗതി അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ) :

(എ) 2017-18 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ ശാക്തീകരണത്തിനായി പദ്ധതി വിഹിതത്തിൽ 700 ലക്ഷം രൂപയും, പദ്ധതിയേതര വിഹിതത്തിൽ 165 ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു :

2017-18 സാമ്പത്തികവർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപ ചെലവിൽ എക്സൈസ് വകുപ്പിൽ വയർലെസ് സിസ്റ്റം സ്ഥാപിക്കുന്നതിനും 29 എക്സൈസ് ഫീൽഡ് ആഫീസുകളിൽ വനിതകൾക്ക് ടോയ്‌ലെറ്റ് സൗകര്യത്തോടു കൂടിയുള്ള ഡ്രസ്സിംഗ് റൂം നിർമ്മിക്കുവാൻ 152 ലക്ഷം രൂപയും വനിത പട്രോളിംഗ് സ്ക്വാഡ് രൂപീകരിക്കുന്നതിന്റെ ഭാഗമായി 48.5 ലക്ഷം രൂപ ചെലവിൽ 100 ഇരുചക്രവാഹനങ്ങൾ വാങ്ങുന്നതിനും ഇ-ആഫീസ് സിസ്റ്റം നടപ്പിലാക്കുന്നതിലേയ്ക്കും ഫീൽഡ് ആഫീസുകളായ 138 എക്സൈസ് റേഞ്ച് ആഫീസുകളിൽ ഓരോ കമ്പ്യൂട്ടർ കൂടി നൽകുന്നതിലേയ്ക്കായി 86.15 ലക്ഷം രൂപ ചെലവിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എക്സൈസ് ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി 6 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും 11.13 ലക്ഷം രൂപ ചെലവിൽ 20 ചെക്ക് പോസ്റ്റുകളിൽ ഇരുചക്രവാഹനങ്ങൾ വാങ്ങുന്നതിനും 7.32

ലക്ഷം രൂപ ചെലവിൽ 20 ചെക്ക് പോസ്റ്റുകളിൽ ഡിജിറ്റൽ എൽ.ഇ.ഡി. സൈൻ ബോർഡ് സ്ഥാപിക്കുന്നതിനും 5.9 ലക്ഷം രൂപ ചെലവിൽ 10 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ജില്ലാ അധികാരികളായ 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ഉപയോഗത്തിന് 14 പുതിയ മഹേന്ദ്ര സൈലോ വാഹനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ജോയിന്റ് എക്സൈസ് കമ്മീഷണർമാരുടെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെയും ഉപയോഗത്തിന് 9 പുതിയ ലാപ്ടോപ്പുകൾ വാങ്ങുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ദേവികുളത്തും മലപ്പുറം ജില്ലയിലെ നിലമ്പൂരും ഓരോ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ രൂപീകരിച്ച് സ്ക്വാഡിന്റെ പ്രവർത്തനത്തിനായി 20 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

7 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ നിർമ്മിതി കേന്ദ്രം മുഖേന കണ്ടെയ്നർ മോഡ്യൂൾ സ്ഥാപിച്ചിട്ടുണ്ട്. എക്സൈസ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഉപയോഗത്തിന് ഒരു വെബ് ബെയ്സ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. 25 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ അനെർട്ടിന്റെ സഹായത്തോടെ സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലാമ്പ് സ്ഥാപിക്കുന്നതിനും 14 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന എക്സൈസ് അക്കാഡമിയുടെ ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്ക് പദ്ധതിയിനത്തിൽ 175 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 157 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

(ബി) എക്സൈസ് ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിനായി 2017-18 സാമ്പത്തികവർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 6 ലക്ഷം രൂപയും 20 ചെക്ക് പോസ്റ്റുകളിലെ ജീവനക്കാരുടെ പ്രവർത്തന സൗകര്യത്തിനായി ഇരുചക്ര വാഹനങ്ങൾ വാങ്ങുന്നതിന് 11.13 ലക്ഷം രൂപയും, 20 ചെക്ക് പോസ്റ്റുകളിൽ ഡിജിറ്റൽ എൽ.ഇ.ഡി. സൈൻ ബോർഡ് സ്ഥാപിക്കുന്നതിന് 7.32 ലക്ഷം രൂപയും 10 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിന് 5.9 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തികവർഷം സ്ഥലസൗകര്യം ലഭ്യമല്ലാത്ത 7 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. 25 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ അനെർട്ടിന്റെ സഹായത്തോടെ സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലാമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികളും മുത്തങ്ങ, ചിന്നാർ എന്നീ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികളും 14 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4 എക്സൈസ് ടവറുകൾ പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത ടവറുകൾ കോട്ടയം, പാലക്കാട്, തൃശ്ശൂർ, വയനാട് എന്നിവയാണ്. കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ എക്സൈസ് വകുപ്പിന് സ്വന്തമായുള്ള സ്ഥലത്ത് എക്സൈസ് ടവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. തൃശ്ശൂർ എക്സൈസ് ടവറിന്റെ നിർമ്മാണത്തിനായി സാമ്പത്തിക ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്ലാനും എസ്റ്റിമേറ്റും പരിശോധിച്ചുവരികയാണ്. വയനാട് ജില്ലയിൽ എക്സൈസ് ടവർ നിർമ്മാണത്തിന് എക്സൈസ് വകുപ്പിന് സ്വന്തമായി ഭൂമി ലഭ്യമല്ലാത്തതിനാൽ സർക്കാർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വയനാട് ജില്ലാ കളക്ടറുമായി കൂടിയാലോചിച്ച് സ്വീകരിച്ചുവരുന്നു.

**ഗോത്ര ജീവിക, ഗോത്ര ബന്ധു പദ്ധതികളുടെ ലക്ഷ്യങ്ങൾ**

9(*369) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> :
<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗോത്ര ജീവിക,ഗോത്ര ബന്ധു എന്നീ പദ്ധതികൾ ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിവരുന്നത് എന്നറിയിക്കാമോ; ഈ പദ്ധതികളിലൂടെ വരുന്ന മൂന്ന് വർഷക്കാലയളവിൽ എന്തൊക്കെ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>) :

<u>ഗോത്രജീവിക:</u>

പട്ടികവർഗ്ഗ മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി അവരുടെ അഭിരുചിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കും അനുസൃതമായ രീതിയിൽ എല്ലാ ജില്ലകളിലും ഊരുകളിൽ വച്ചുതന്നെ തൊഴിൽ നൈപുണ്യം നൽകുകയും, പരിശീലനം കഴിഞ്ഞ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ആധുനിക തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള സാമ്പത്തിക സഹായം നൽകുന്നതിനും ഇതിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

2016-17 വർഷം മുതൽ ഗോത്രജീവിക പദ്ധതി പ്രകാരം എല്ലാ ജില്ലയിൽ നിന്നും 1140 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള (വസ്ത്ര നിർമ്മാണം, വയറിംഗ്, കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, കെട്ടിട

നിർമ്മാണം, മരപ്പണി, പ്ലമ്പിംഗ്, ഡ്രൈവിംഗ്) തൊഴിൽ നൈപുണ്യം പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തന ക്ഷമമാകുന്നതുവരെയുള്ള സഹായം നൽകുന്നതിനുമായി 334 ലക്ഷം രൂപയുടെ പദ്ധതി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന നടപ്പിലാക്കിവരുന്നു.

ഗോത്രബന്ധു:

വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നും 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടഞ്ഞ് വിദ്യാലയങ്ങളിൽ എത്തിക്കുകയും വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി." വിദ്യാഭ്യാസ ഉന്നമനത്തിനായി പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസ്സിലെ ടീച്ചറോടൊപ്പം നിന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുകയും, സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇടപഴകാനുള്ള വേദിയൊരുക്കുകയും സഹഅദ്ധ്യാപകർക്ക് ഗോത്രഭാഷ, സംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുക എന്നിവയെല്ലാം ഗോത്രബന്ധു പദ്ധതിപ്രകാരം നിയമിക്കുന്ന മെന്റർ ടീച്ചർമാരുടെ പ്രവർത്തനങ്ങളാണ്. ഗോത്രബന്ധു പദ്ധതിയുടെ ഒന്നാംഘട്ടമായി വയനാട് ജില്ലയിൽ 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് പ്രതിമാസ വേതനമായി 15,000 രൂപ നൽകിവരുന്നു.

**പമ്പാനദിയുടെ സംരക്ഷണം**

10(*370) ശ്രീ. ടി. എ. അഹമ്മദ് കബീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാനദിയുടെ സംരക്ഷണത്തിനായി ദേശീയ നദീസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി എന്ത് തുക അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എന്ത് തുക ഇതുവരെ ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(സി) ബാക്കി തുക ഉപയോഗിച്ച് പമ്പയിലെ മാലിന്യപ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) :

(എ) 2003-ൽ ദേശീയ നദീസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പാ നദിയുടെ സംരക്ഷണത്തിനായി 18.45 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം നൽകിയത്. ഇതിൽ 12.886 കോടി രൂപ കേന്ദ്ര വിഹിതമാണ്.

(ബി) ഈ പദ്ധതിക്കായി നാളിതുവരെ ആകെ 39.73 കോടി രൂപ ചെലവഴിച്ചു. 2004, 2007-08 വർഷങ്ങളിലായി കേന്ദ്ര വിഹിതമായി ആകെ 2.75 കോടി രൂപ അനുവദിച്ചുകിട്ടിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി 5 കോടി രൂപ റിലീസ് (Release) ചെയ്തിട്ടുണ്ട്.

(സി) കേന്ദ്ര-സംസ്ഥാന വിഹിതമായി അനുവദിച്ച തുകയേക്കാൾ വളരെ കൂടുതലാണ് ഈ പദ്ധതിക്കുവേണ്ടി നാളിതുവരെ ചെവഴിച്ചത്. 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി അനുവദിച്ച 5 കോടി രൂപ പമ്പാ ആക്ഷൻ പ്ലാൻ ഫേസ്-1 (Pamba Action Plan Phase-I)-ന്റെ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ആയതിനാൽ പമ്പാ നദീ സംരക്ഷണത്തിനായി അനുവദിച്ചതിൽ ഇനി ബാക്കി തുക ഇല്ല. പമ്പയിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തികളും കൂടി ഉൾപ്പെടുത്തി പമ്പാ ആക്ഷൻ പ്ലാൻ ഫേസ്-II (Pamba Action Plan Phase-II)-ന്റെ ഡി.പി.ആർ. തയ്യാറാക്കുവാനായി ജലവിഭവ വകുപ്പിലെയും പമ്പാ നദിയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ഇതര വകുപ്പുകളിലെയും ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്.

**ഭൂഗർഭ ജലചൂഷണം നിയന്ത്രിക്കാൻ നടപടി**

11 (*371) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലത്തിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) ഭൂഗർഭ ജലചൂഷണമുള്ള സ്ഥലങ്ങൾ എതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിവരിക്കുമോ;

(സി) ഭൂഗർഭ ജലചൂഷണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) സംസ്ഥാനത്ത് ഭൂജലത്തിന്റെ സംരക്ഷണത്തിനും ക്രമമായ ഉപയോഗത്തിനുമായി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. കേരളത്തിൽ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ ഭൂജലം ഉപയോഗത്തിന് കർശനമായ നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇതുകൂടാതെ വ്യാവസായിക ആവശ്യത്തിനും കുടിവെള്ള കമ്പനികൾക്കും ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി. ബാധകമാക്കിയിട്ടുണ്ട്.

(ബി) ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള-മാർച്ച്-2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും, കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക്, പാനൂർ ബ്ലോക്ക്, തലശ്ശേരി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വർ, കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല ബ്ലോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കിയുള്ള 131 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്.

(സി) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 പ്രകാരം കേരള ഭൂജല അതോറിറ്റി രൂപീകരിക്കുകയും, വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ ഭൂജല ഉപയോഗത്തിന് കർശനമായ നിബന്ധനകൾ നിഷ്കർഷിച്ചിട്ടുമുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കുഴൽ കിണറുകളുടെ നിർമ്മാണത്തിനും, നിലവിലുള്ള കിണറുകൾ പരിവർത്തനം ചെയ്യുന്നതിനും അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. സംസ്ഥാനത്ത് കുഴൽകിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും ഭൂജലവകുപ്പിന്റെ ക്ലിയറൻസും 10-1-2014 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്.

**വന മേഖലയിലെ മണ്ണ്-ജല സംരക്ഷണ കർമ്മ പദ്ധതികൾ**

12 (*372) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന മേഖലയിലെ മണ്ണ്-ജല സംരക്ഷണത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയത്; വിശദമാക്കാമോ;

(ബി) ഹരിത കേരളം പദ്ധതിയുമായി സഹകരിച്ച് എന്തെല്ലാം സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തിയത്; വിവരിക്കുമോ;

(സി) ആരുടെയെല്ലാം പങ്കാളിത്തമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയതെന്ന് വെളിപ്പെടുത്താമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനമേഖലയിലെ മണ്ണ്-ജല സംരക്ഷണത്തിനായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയത് :

- വിവിധയിനം വനവൃക്ഷങ്ങളുടെ നടീലും, പരിപാലനവും
- കാട്ടുതീ പ്രതിരോധ-സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഫയർ ലൈനുകളുടെ നിർമ്മാണവും, പരിപാലനവും
- മണ്ണൊലിപ്പ് തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഗള്ളി പ്ലഗ്ഗിംഗ്
- വനാന്തരങ്ങളുടെ നീരുറവകളുടെ സംരക്ഷണത്തിനായി ജലാശയങ്ങളിലെ കളകളും മാലിന്യവും നീക്കം ചെയ്യൽ
- ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് വിവിധയിനം തടയണകളുടെ നിർമ്മാണവും നിലവിലുള്ള തടയണകളുടെ ഉയരം കൂട്ടലും
- നിലവിലുള്ള തടയണകളുടെ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് ജലസംഭരണത്തിന് പ്രാപ്തമാക്കൽ
- നിലവിലുള്ള തടയണകളുടെ ചോർച്ച ഒഴിവാക്കി ജലശേഖരണം ഉറപ്പുവരുത്തൽ
- മണൽചാക്ക്, ബ്രഷ് വുഡ് തുടങ്ങിയവ ഉപയോഗിച്ചുള്ള താൽക്കാലിക തടയണകളുടെ നിർമ്മാണം.
- ചെറു കുളങ്ങളിൽ അടിഞ്ഞിട്ടുള്ള എക്കൽ നീക്കം ചെയ്യൽ (ഡീ സിൽറ്റിംഗ്)

(ബി) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി, വനം വകുപ്പിന്റെ സാമൂഹ്യ വനവത്കരണ വിഭാഗം ചുവടെ ചേർക്കുന്ന വിവിധ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തിയത്. വിവിധയിനം തദ്ദേശീയ വൃക്ഷത്തൈകളുടെ ഉൽപ്പാദനവും വിതരണവുമാണ് ഇവയിൽ മുഖ്യം. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് സൗജന്യമായും ഇതര സംഘടനകൾക്ക് സഹായ നിരക്കിലും സാമൂഹ്യവനവത്കരണ

വിഭാഗം വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു. ലോക പരിസ്ഥിതി ദിനത്തിൽ വ്യാപകമായ വൃക്ഷവത്കരണം നടത്തുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവർക്കാണ് വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷത്തിൽ 65.25 ലക്ഷം തൈകളും തൻ വർഷം 66.12 ലക്ഷം തൈകളും വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ, ഇതിനോടനുബന്ധിച്ച് പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി എക്സിബിഷനുകൾ, ബോധവത്കരണ ക്ലാസ്സുകൾ, റാലികൾ, വനമിത്ര അവാർഡു നൽകൽ എന്നിവയും നടത്തിയിട്ടുണ്ട്. ഗ്രാമ ഹരിത സമിതികളുടെ സഹകരണത്തോടെ സ്കൂൾ കോമ്പൗണ്ടുകൾ, ആശുപത്രികൾ തുടങ്ങിയ പൊതു സ്ഥലങ്ങളിൽ ശുചീകരണം നടത്തുകയും പൊതു കുളങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇക്കോടൂറിസം മേഖലകളിലും പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പരിസര ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും, വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനം വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികളിൻ കീഴിൽ തദ്ദേശീയ വൃക്ഷത്തൈകൾ നേരിട്ട് നട്ടുപിടിപ്പിച്ചുവരുന്നുണ്ട്.

1. വഴിയോര തണൽ പദ്ധതി
2. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് പദ്ധതി

(സി) ഹരിത കേരളം പദ്ധതികളുടെ നടത്തിപ്പിന് സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങൾ, മീഡിയ, മതസ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, യൂത്ത് ക്ലബ്ബുകൾ, കുടുംബശ്രീ പ്രവർത്തകർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി. കേഡറ്റുകൾ പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തമാണ് തൈ വിതരണത്തിനും, തൈ നടീലിനും, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുത്തിയിട്ടുള്ളത്.

**ഭൂഗർഭ ജലസംപോഷണത്തിനായി പദ്ധതി**

13 (*373) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ ഭൂഗർഭ ജലസംപോഷണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇക്കാര്യത്തിൽ സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) തടയണകൾ നിർമ്മിക്കുന്നതിനും നീർച്ചാലുകളും കിണറുകളും കുളങ്ങളും സംരക്ഷിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) വൻതോതിൽ ഭൂഗർഭ ജലം ഊറ്റുക എന്ന ഉദ്ദേശ്യത്തോടെ, നിയന്ത്രിത മേഖലകളിലൂൾപ്പെടെ വ്യാപകമായി കുഴൽകിണറുകൾ നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുഴൽകിണർ നിയന്ത്രിത മേഖലകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) :

(എ) ഭൂഗർഭ ജലത്തിന്റെ നിരപ്പ് ഉയർത്തുന്നതിനും വരൾച്ചയെ പ്രതിരോധിക്കുന്നതിനും ദീർഘകാലാടിസ്ഥാനത്തിൽ കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾ ജില്ലകളിൽ ഭൂജലവകുപ്പ് അവലംബിച്ചുവരുന്നു. തുറന്ന കിണർ/കുഴൽകിണർ വഴിയുള്ള സംപോഷണത്തിന് വകുപ്പ് പ്രാമുഖ്യം നൽകിവരുന്നു. 2016-17 സാമ്പത്തികവർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുറന്ന കിണർ വഴിയുള്ള 41 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലായി 2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി. പ്രസ്തുത പദ്ധതികൾക്കായി ആകെ 39.68 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 സാമ്പത്തികവർഷം ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതിയിൻകീഴിൽ 157 ലക്ഷം രൂപ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. ജില്ലാ ഓഫീസുകളിൽനിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തികൾക്ക് സാങ്കേതികാനുമതി വകുപ്പ് നൽകിവരുന്നു. പ്രവൃത്തികൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. ജലസംരക്ഷണത്തിനു വേണ്ടി ജലസേചന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയവയിലൂടെ ഹരിതകേരളം പദ്ധതി നടപ്പിലാക്കിവരുന്നു. ജല സംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നീരുറവ് എന്ന പേരിൽ ഒരു പദ്ധതിക്ക് ജല അതോറിറ്റി തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ വിവിധ ഓഫീസുകളിലും ഓപ്പൺ വെൽ/ബോർവെൽ സ്രോതസ്സുകൾക്ക് സമീപവും മഴക്കുഴികൾ നിർമ്മിക്കുക, വിവിധ സ്ഥലങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുക തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ജല അതോറിറ്റിയുടെ ആസ്ഥാനത്ത് മഴവെള്ള സംഭരണത്തിന് ഒരു കുളവും നിർമ്മിക്കുന്നുണ്ട്. മേൽ വിഷയത്തിൽ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനത്തെപ്പറ്റി വകുപ്പിൽ വിവരം ശേഖരിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൻകീഴിൽ ചെറുതുരുത്തി പാലത്തിനു സമീപം ഭാരതപ്പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്നതിന് 35 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു.

ഇതുകൂടാതെ നേവൽ അക്കാഡമി, കയ്യൂർ ചീമേനി കുടിവെള്ള പദ്ധതികൾക്കുവേണ്ടി കാര്യങ്കോട് പുഴയിലും എൻമകജെ കുടിവെള്ള പദ്ധതിക്കുവേണ്ടി കാസർഗോഡ് ഷിരിയ പുഴയിലും സ്ഥിരം തടയണയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. മൂവാറ്റുപുഴ നദിക്കുകുറുകെ രാമമംഗലത്ത് സ്ഥിരം തടയണ നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുകയും (1100 ലക്ഷം) പദ്ധതി പൂർത്തീകരിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വേനൽക്കാലങ്ങളിൽ കുടിവെള്ളം സംഭരിക്കുന്നതിനായി താൽക്കാലിക തടയണകളും നിർമ്മിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെയും പാറശ്ശാല പഞ്ചായത്തിൽ പരശ്ശുവയ്ക്കൽ വില്ലേജിലെ വണ്ടിച്ചിറ കുളത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. നദികളിലെയും, തോടുകളിലെയും നീരൊഴുക്ക് ശരിയായ വിധത്തിൽ പുനഃസ്ഥാപിക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞു നിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ളത്തിനും കാർഷികാവശ്യത്തിനും, പാരിസ്ഥിതിക ധർമ്മങ്ങൾക്കും ആവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ തടയണകൾ വി.സി.ബി.-കൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ നബാർഡ്, ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻ സ്കീം, (സ്റ്റേറ്റ് ഫണ്ട്) കാസർഗോഡ് പാക്കേജ് എന്നീ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. നീർച്ചാലുകളിലെ ഒഴുക്ക് തടസ്സപ്പെടാതിരിക്കുന്നതിനും കരയിടിച്ചിൽ തടയുന്നതിനും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനും, പാർശ്വ സംരക്ഷണത്തിനുമായുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് ഭൂജലത്തിന്റെ സംരക്ഷണത്തിനും ക്രമമായ ഉപയോഗത്തിനുമായി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട്-2002 പ്രകാരം തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് എന്നീ ബ്ലോക്കുകൾ 19-11-2005 തീയതി പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കുഴൽകിണറുകളുടെ നിർമ്മാണത്തിനും നിലവിലുള്ള കിണറുകൾ പരിവർത്തനം ചെയ്യുന്നതിനും അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. സംസ്ഥാനത്ത് കുഴൽ കിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും, ഭൂജലവകുപ്പിന്റെ ക്ലിയറൻസും 10-1-2014 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. അമിത ജല ചൂഷണം സംബന്ധിച്ച പരാതികളിന്മേൽ ഭൂജലവകുപ്പ് അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പദ്ധതികൾ

14 (*374) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; വിവരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് നിലവിലുള്ള പദ്ധതികൾ കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിവരുന്നു. വകുപ്പിനുകീഴിൽ പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഐ.റ്റി.ഐ.-കൾ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയും പ്രവർത്തിക്കുന്നു. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും വിദ്യാഭ്യാസ ഉന്നമനത്തിനായും പ്രത്യേക പദ്ധതികളും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി 100 സാമൂഹ്യ പഠനമുറി പദ്ധതി ഈ സാമ്പത്തികവർഷം മുതൽ വകുപ്പ് നടപ്പിലാക്കുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെയുള്ള റ്റി.റ്റി.സി., ബി.എഡ്. പാസ്സായ യുവതീ-യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി ആദ്യഘട്ടമായി വയനാട് ജില്ലയിൽ നടപ്പിലാക്കി. ഇതിൻപ്രകാരം ജില്ലയിലെ 241 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഓരോ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിനുള്ള

പദ്ധതി, സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനം തുടങ്ങിയവ വകുപ്പ് മുഖേന നൽകിവരുന്നു. വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ടോയ്‌ലെറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ നിർമ്മാണം, ട്രസ്റ്റ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽ കിണർ എന്നിവയുടെ നിർമ്മാണവും നടന്നുവരുന്നു. ഭൗതിക സൗകര്യങ്ങൾ വികസനത്തിന്റെ ഭാഗമായി കുട്ടികൾക്ക് ആവശ്യമായ ബഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും, വ്യക്തിത്വ വികസനത്തിന് സഹായകമാകുന്ന ലൈബ്രറി സൗകര്യം, കമ്പ്യൂട്ടർ ലാബുകൾ, കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. എം.ആർ.എസ്സുകളിൽ ആധുനിക രീതിയിലുള്ള സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പരിസ്ഥിതി സൗഹൃദ വികസനം മുൻനിർത്തി സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി പുരോഗമിച്ചു വരുന്നു.

കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സി.സി.റ്റി.വി. സംവിധാനവും പ്രാവർത്തികമാക്കിയിട്ടുണ്ട്. കിഫ്ബി (KIIFB) മുഖേന 2 എം.ആർ.എസുകളും 5 പ്രീമെട്രിക് ഹോസ്റ്റലുകളും, 2 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും, 1 യൂത്ത് ഹോസ്റ്റലും നാട്ടുകാണി ഐ.റ്റി.ഐ.-ക്ക് അക്കാഡമിക്ക് ബ്ലോക്കും ഹോസ്റ്റലും നിർമ്മിക്കുന്നതിനുമായി 100 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ പെൺകുട്ടികൾക്കുവേണ്ടിയുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിനു കീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽനിന്നും ഒന്നു മുതൽ നാലാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനമാണ് ഗോത്ര ബന്ധു പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ ക്ലാസ്സുകളിൽ തന്നെ ഒന്നാം തരത്തിലുള്ള കുട്ടികളെ പദ്ധതിയുടെ ആദ്യവർഷം പ്രത്യേകം കേന്ദ്രീകരിക്കാൻ ലക്ഷ്യമിടുന്നു. സ്കൂളിൽ ഗോത്രഭാഷയിൽ അദ്ധ്യയനം നടത്തുകയും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുകയും പദ്ധതി ലക്ഷ്യമാക്കുന്നു. ഗോത്രബന്ധു പദ്ധതി പ്രകാരം വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 241 പേരെ ഓരോ സ്കൂളിലും മെന്റർ ടീച്ചറായി നിയമിച്ചു. പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി

പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലായി 100 സാമൂഹ്യ പഠനമുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി ഫെസിലിറ്റേറ്ററെ തെരഞ്ഞെടുക്കുന്നതിന് എല്ലാ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്‌മെന്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ആയതുപ്രകാരം പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്‌മെന്റ് ഓഫീസർമാർ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് നൈപുണ്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.റ്റി.റ്റി.എഫ്. മുഖേന വിവിധ സെന്ററുകളിൽ 232 വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ കോഴ്സിനും 100 വിദ്യാർത്ഥികൾക്ക് മൂന്ന് വർഷത്തെ ഡിപ്ലോമ കോഴ്സിനും സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1132/2016/പജപവവിവ തീയതി 17-8-2016 പ്രകാരം 380.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 362.00 ലക്ഷം രൂപ എൻ.റ്റി.റ്റി.എഫ്.-ന് അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

അട്ടപ്പാടിയിൽ നിന്നുള്ള 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2016-17 വർഷം മുതൽ സൈനിക സ്കൂൾ, നവോദയ വിദ്യാലയം, എം.ആർ.എസുകൾ, കേന്ദ്രീയ വിദ്യാലയം മികച്ച നിലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്കൂളുകൾ എന്നിവിടങ്ങളിൽ പ്രവേശനത്തിനായി പരീക്ഷാ പരിശീലനം "CARSEL" എന്ന സ്ഥാപനം മുഖേന നടപ്പിലാക്കിവരുന്നു. 2016-17 വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് വകുപ്പിൽ നിന്നും 19,27,500 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 2017-18 അദ്ധ്യയനവർഷം 4 കുട്ടികൾക്ക് കഴക്കൂട്ടം സൈനിക സ്കൂളിൽ പ്രവേശനം ലഭ്യമായിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനായി നിലവിൽ 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ തിരുവനന്തപുരം (ആൺ), പാലക്കാട് (പെൺ), കോഴിക്കോട് (ആൺ), ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഹോസ്റ്റൽ 100 കുട്ടികൾക്ക് താമസ സൗകര്യമുള്ള സ്ഥിരം കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, തിരുവനന്തപുരം, അട്ടപ്പാടി, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ 100 പെൺകുട്ടികൾക്ക് വീതം താമസസൗകര്യമുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. നടപ്പ് അദ്ധ്യയന വർഷം 10 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ ആസ്ഥാനങ്ങളിലോ, സമീപ പ്രദേശങ്ങളിലോ, വാടക കെട്ടിടങ്ങളിലാണ് ഹോസ്റ്റലുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഒരുക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. ഹോസ്റ്റലുകളിൽ താമസം, ഭക്ഷണം, പഠനോപകരണങ്ങൾ തുടങ്ങിയ എല്ലാ വിദ്യാഭ്യാസ ചെലവുകളും അന്തേവാസികൾക്ക് സൗജന്യമാണ്.

അന്തേവാസികൾക്ക് ട്യൂഷൻ നൽകുന്നതിനായി പാർട്ട് ടൈം ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 17 എം.ആർ.എസ്.-കളും, തിരുവനന്തപുരം ഞാറനീലി, കുറ്റിച്ചൽ(കോട്ടൂർ) എന്നിവിടങ്ങളിലായി 2 സി.ബി.എസ്.ഇ.സ്കൂളുകളും പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലായി 5769 കുട്ടികൾ പഠിച്ചുവരുന്നു. കാസർഗോഡ് ജില്ലയിൽ കൊറഗ വിഭാഗത്തിനായി ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനായി ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജില്ലയിലെ കുണ്ടംകുഴി എന്ന സ്ഥലത്ത് 2017-18 അദ്ധ്യയന വർഷം മുതൽ വാടക കെട്ടിടത്തിൽ ഒന്നാം ക്ലാസ്സ് ആരംഭിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുകയും അദ്ധ്യയനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

**മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തന വിപുലീകരണം**

15 (*375) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനായി മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഫാമുകൾ, ഹാച്ചറികൾ, തീറ്റ നിർമ്മാണശാലകൾ എന്നിവയുടെ വിപുലീകരണത്തിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ഈ മേഖലകളിലെ കർഷകർക്കായുള്ള ക്ഷേമപദ്ധതികളും വിജ്ഞാന വ്യാപനപരിപാടികളും എന്തെല്ലാമാണെന്ന് അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഉണ്ട്.

1. സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉൽപ്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുക്കുട്ടി പരിപാലനം, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കായി ആകെ 53.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. രണ്ട് പദ്ധതികളിലുമായി 2016-17-ൽ എൻറോൾ ചെയ്ത 73538 കന്നുക്കുട്ടികൾക്ക് രണ്ടാം വർഷം സഹായം നൽകുന്നതോടൊപ്പം 2017-18-ൽ പുതിയതായി 35070 കന്നുക്കുട്ടികളെ കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവരും. 2017-18-ൽ ആകെ 108608 കന്നുക്കുട്ടികൾക്ക് പദ്ധതി സഹായം ലഭ്യമാക്കും.

2. മൃഗാശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 12 കോടി രൂപയിൽ നിന്നും 15 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

3. രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടൊപ്പം രാത്രികാല അടിയന്തര വെറ്ററിനറി സേവനം ലഭ്യമാക്കുന്ന ബ്ലോക്കുകളുടെ എണ്ണം 65-ൽ നിന്നും 85 ആയി വർദ്ധിപ്പിച്ചു.

4. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് സെന്റർ മുഖേന പശുവളർത്തൽ, പാൽ വിപണനം, മൂല്യവർദ്ധിത പാൽ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം എന്നിവയ്ക്കുള്ള പരിശീലനം നൽകിവരുന്നു. ഇതിന്റെ ഫലമായി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും കൂടുതൽ പേരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

5. (എ) കന്നുകാലികളുടെ മരണംമൂലവും ഉൽപ്പാദനശേഷി നഷ്ട പ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽതന്നെ നിലനിർത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി 2016-17 പ്രകാരം കറവ പശുക്കളെ ഇൻഷ്വറൻസ് ചെയ്യുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) 2017-18 സംസ്ഥാന ബഡ്ജറ്റിൽ ഗോസമൃദ്ധി പദ്ധതി പ്രഖ്യാപിച്ചതുവഴി കേന്ദ്ര സഹായത്തിന്റെ അഭാവത്തിൽ ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും. ഗോസമൃദ്ധി പദ്ധതി നിർവ്വഹണത്തിന് 5 കോടി രൂപ നീക്കിവച്ചിരിക്കുന്നു. ഇതിന്റെ നടപടിക്രമങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ഇതിനുപുറമെ ഇൻഷ്വറൻസ് പരിരക്ഷ മറ്റ് മാർഗ്ഗങ്ങളിൽനിന്നുള്ള നഷ്ടപരിഹാരം എന്നിവ ലഭിക്കാത്ത കർഷകർക്ക് തങ്ങളുടെ ഉരുക്കൾ നഷ്ടപ്പെട്ടാൽ നഷ്ട പരിഹാരം നൽകുവാൻ 1.4 കോടി രൂപ 2017-18 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

6. മൃഗസംരക്ഷണത്തിലേയും ക്ഷീരമേഖലയിലേയും യന്ത്രവത്കരണവുമായി ബന്ധപ്പെട്ട് 5-ൽ കൂടുതൽ കറവ പശുക്കളുള്ള ക്ഷീര കർഷകർക്ക് ഘട്ടംഘട്ടമായി കറവ യന്ത്രങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 25,000 രൂപ വീതം സബ്സിഡി 696 പേർക്ക് 2016-17-ൽ നൽകി. ഈ വർഷം 184 പേർക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്.

7. കേരള ഫീഡ്സിൽനിന്നും മിനറൽ മിക്സ്ചർ ലഭ്യമാക്കി വിവിധ ജില്ലകളിലെ മൃഗാശുപത്രികൾവഴി സൗജന്യമായി ക്ഷീര കർഷകർക്ക് എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. ഇതിലേയ്ക്ക് ഈ വർഷം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപടികൾ പുരോഗമിക്കുന്നു.

8. അകിടുവീക്ക രോഗം നിയന്ത്രണ പരിപാടി-സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് ഈ പദ്ധതിപ്രകാരം അകിടുവീക്ക നിയന്ത്രണ കിറ്റുകൾ സൗജന്യ നിരക്കിൽ നൽകിവരുന്നു. 2017-18-ൽ 35000 കർഷകർക്ക് ധനസഹായം നൽകുന്നതാണ്. ഇതിലേയ്ക്ക് 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. കന്നുക്കുട്ടി പരിപാലന പദ്ധതി വിപുലീകരിച്ചും പശുക്കളുടെ പ്രസവങ്ങൾ തമ്മിലുള്ള ഇടവേളകൾ കുറച്ചും അകിടു വീക്കം തുടങ്ങിയ രോഗങ്ങൾ നിയന്ത്രിച്ചും ഉൽപ്പാദനം കൂട്ടുവാൻ ലക്ഷ്യമിടുന്നു.

10. കൊല്ലം കുരിയോട്ടുമലയിലെ ബഫല്ലോ ബ്രീഡിംഗ് ഫാമിൽ 240 പശുക്കളെ ഉൾക്കൊള്ളുന്ന ഹൈടെക് ഡയറി ഫാമിന്റെ പ്രവർത്തനം 19-8-2017-ന് ആരംഭിച്ചു.

11. സംസ്ഥാനത്തെ 12 ജില്ലകളിലെ 12 പഞ്ചായത്തുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി മൃഗസംരക്ഷണ വകുപ്പിന്റെ സഹായമായി ഒരു പഞ്ചായത്തിന് 5 ലക്ഷം രൂപ നൽകി മാതൃകാ മൃഗസംരക്ഷണ ഗ്രാമം പ്രാവർത്തികമാക്കുവാൻ ലക്ഷ്യമിടുന്നു.

12. മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ കന്നുകാലി ഫാമുകളിൽ ഇറക്കുമതി ചെയ്ത ഉയർന്ന ജനിതകശേഷിയുള്ള വിത്തുകാളകളുടെ ബീജവും അതോടൊപ്പം ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകളും വിതരണത്തിന് തയ്യാറായിട്ടുണ്ട്. അതുമൂലം അത്യുൽപ്പാദന ശേഷിയുള്ള കറവ പശുക്കളെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും.

13. സംസ്ഥാനത്ത് മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉൽപ്പാദനത്തിന് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കെപ്കോ പദ്ധതികളുടെ വിശദരൂപം അനുബന്ധമായി ചേർക്കുന്നു. കോഴിയിറച്ചിയുടെ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് മണിക്കൂറിൽ 1000 കോഴികളെ സംസ്കരിച്ച് ഇറച്ചി, വിവിധ ഇറച്ചി ഉൽപ്പന്നങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള ആധുനിക രീതിയിലുള്ള മീറ്റ് പ്രോസസ്സിംഗ് പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

മുട്ട, ഇറച്ചി എന്നിവ ലക്ഷ്യമിട്ട് ഈ സാമ്പത്തികവർഷം സ്കൂൾ കുട്ടികൾവഴി കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 905 സ്കൂളുകൾവഴി സ്കൂൾ ഒന്നിന് 5 കോഴിക്കുഞ്ഞുങ്ങൾ അടങ്ങുന്ന 50 യൂണിറ്റുകൾ മുഖേന 226250 മുട്ടക്കോഴികളെ വിതരണം ചെയ്യും. ഇതുവഴി 4 കോടി മുട്ടകളുടെ ഉൽപ്പാദനം ലക്ഷ്യമിടുന്നു. താറാവു വളർത്തൽ പ്രോത്സാഹന പദ്ധതി വഴി നാലായിരം കർഷകർക്ക് പത്ത് താറാവിൻ കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യും. ടർക്കി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട എന്നീ ജില്ലകളിലായി 3 ടർക്കി കോഴി കുഞ്ഞുങ്ങളുടെ 600 യൂണിറ്റുകൾ പ്രാവർത്തികമാക്കുന്നതാണ്.

വകുപ്പിന്റെ പൗൾട്രി ഫാമുകളിൽനിന്നും 49 ലക്ഷം കോഴിക്കുഞ്ഞുങ്ങളെയും 59 ലക്ഷം വിരിയിപ്പ് മുട്ടകളും ഉൽപ്പാദിപ്പിച്ച് വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾവഴി കർഷകർക്ക് വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജിന്റെ ധനസഹായത്തോടെ 77.5 ലക്ഷം രൂപ അനുവദിച്ച് താറാവ് വളർത്തൽ പരിശീലന കേന്ദ്രം, 1.98 കോടി രൂപ അനുവദിച്ച് താറാവ് മുട്ട വിരിയിക്കൽ കേന്ദ്രം എന്നിവയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ കീഴിൽ 5.8 കോടി രൂപ ചെലവഴിച്ച് മൃഗസംരക്ഷണ വകുപ്പും കൊല്ലം ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ആഴ്ചയിൽ 30,000 കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ കഴിയുന്നതാണ്. കൂടാതെ മലപ്പുറം ജില്ലയിലെ എടവണ്ണയിലെ നവീന ഹാച്ചറി യാഥാർത്ഥ്യമായാൽ ആഴ്ചയിൽ 30,000 കോഴിക്കുഞ്ഞുങ്ങളെ അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിക്കും.

(ബി) ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ് ചെറ്റച്ചൽ ഫാമിൽ ഗ്രീൻ മിൽക്ക് ഉൽപ്പാദനവും വിതരണവും ആരംഭിച്ചിട്ടുണ്ട്. ഈ സംരംഭത്തിന് പൊതുജനങ്ങളുടെ ഇടയിൽ നല്ല സ്വീകാര്യതയാണ് ലഭിച്ചിരിക്കുന്നത്.

(സി) മൃഗപരിപാലന മേഖലയെ ലാഭകരവും ജീവനക്ഷമതയുള്ളതും ആക്കുന്നതിനും സംസ്ഥാനത്ത് ഫീൽഡ് സന്ദർശനത്തിൽ അധിഷ്ഠിതമായ മൃഗചികിത്സാ വ്യാപന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കർഷകർക്ക് ആധുനികവും ശാസ്ത്രീയവുമായ സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുന്നതിന് ആറ് കന്നുകാലി പരിപാലന പരിശീലന കേന്ദ്രങ്ങളും (എൽ.എം.റ്റി.സി.) ഒരു കോഴി വളർത്തൽ പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബോധവത്കരണ ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, ശിൽപ്പശാലകൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്.

**സ്വന്തം ആവശ്യങ്ങൾക്കായി മരങ്ങൾ മുറിക്കുവാൻ അനുമതി**

16 (*376) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലമുറകളായി ആദിവാസികൾ നട്ടുവളർത്തിയതോ പരിപാലിച്ചു വരുന്നവയോ ആയ ആഞ്ഞിലി, പ്ലാവ് തുടങ്ങിയ മരങ്ങൾ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്വന്തം ആവശ്യങ്ങൾക്കായി മുറിച്ച് ഉപയോഗിക്കാൻ അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) മേൽപ്പറഞ്ഞപ്രകാരം മരങ്ങൾ മുറിച്ച് ഉപയോഗിക്കുന്നതിന് അനുവാദം നൽകുന്നത് ആദിവാസി വിഭാഗത്തിന് ഇത്തരം മരങ്ങൾ കൂടുതൽ വെച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനമേകും എന്നതിനാൽ ഇതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഉണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 28/2017/വനം തീയതി 27-5-2017-ൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരം സ്വന്തം ആവശ്യങ്ങൾക്കായി ഗിരിജൻ സെറ്റിൽമെന്റുകളിൽ നിൽക്കുന്ന ആഞ്ഞിലി, പ്ലാവ് തുടങ്ങിയ മരങ്ങൾ ആദിവാസികൾക്ക് മുറിച്ച് ഉപയോഗിക്കാവുന്നതാണ്. ഇതിന് അനുവാദം നൽകാനുള്ള ഓതറൈസ്ഡ് ഓഫീസറായി അതാത് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ ചുമതല പ്പെടുത്തിയിട്ടുണ്ട്.

(ബി) മുറിക്കുന്നതിന്റെ അതേ ഇനത്തിലോ അല്ലാത്തതോ ആയ ഇരട്ടി എണ്ണം മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും, അപ്രകാരം നട്ടുപിടിപ്പിച്ചുവെന്ന് ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥ 27-5-2017-ലെ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദിവാസികളുടെ അവകാശങ്ങളും, പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയും ആദിവാസികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനും വേണ്ടിയാണ് പ്രസ്തുത ഉത്തരവിൽ നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. മരം മുറിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

## ഇറിഗേഷൻ പ്രോജക്ടുകൾ പൂർത്തിയാക്കുന്ന നടപടി

17 (*377) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴവാലി, കാരാപ്പുഴ, ഇടമലയാർ എന്നീ ഇറിഗേഷൻ പ്രോജക്ടുകൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച് നടന്ന യോഗത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത യോഗത്തിൽ തീരുമാനിച്ച വിദഗ്ദ്ധ സമിതിയുടെ ഘടന വ്യക്തമാക്കുമോ;

(സി) പ്രസ്തുത സമിതിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്) :

(എ) മൂവാറ്റുപുഴവാലി, കാരാപ്പുഴ, ഇടമലയാർ എന്നീ ഇറിഗേഷൻ പ്രോജക്ടുകൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച് 12-4-2017-ൽ ആസൂത്രണ ബോർഡിൽ യോഗം ചേരുകയും പദ്ധതികളെപ്പറ്റി വിശദമായി പഠിക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുവാൻ നിശ്ചയിക്കുകയുമുണ്ടായി.

(ബി) അഞ്ച് അംഗങ്ങളെ ഉൾപ്പെടുത്തിയുള്ള വിദഗ്ദ്ധ സമിതിയെയാണ് പദ്ധതിയുടെ പഠനത്തിനായി നിയോഗിച്ചിട്ടുള്ളത്. അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

1. ഡോ. രാമകുമാർ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് - ചെയർമാൻ
2. ജലവിഭവ വകുപ്പ് സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ
3. ഡോ. ഇന്ദുമതി എം. നമ്പി-അസോസിയേറ്റ് പ്രൊഫസർ, ഐ.ഐ.റ്റി. ചെന്നൈ.
4. ഡോ. ഇ.ജെ. ജെയിംസ്-മുൻ ഡയറക്ടർ, സി.ഡബ്ല്യൂ.ആർ.ഡി.എം.
5. ചീഫ് (അഗ്രികൾച്ചർ ഡിവിഷൻ), സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്- കൺവീനർ & മെമ്പർ സെക്രട്ടറി.

(സി) മേൽപ്പറഞ്ഞ പദ്ധതികളുടെ ഭാവി പരിപാടി, കുറഞ്ഞ ചെലവിൽ എങ്ങനെ പ്രയോജനപ്രദമായ രീതിയിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും എന്നീ കാര്യങ്ങളെക്കുറിച്ച് സമിതി പ്രധാനമായും പഠനം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വിദഗ്ദ്ധ സമിതി ഇതിനോടകം തന്നെ ഇടമലയാർ ഇറിഗേഷൻ പദ്ധതി, കാരാപ്പുഴ പദ്ധതി, ബാണാസുരസാഗർ പദ്ധതിയും സന്ദർശിക്കുകയുണ്ടായി.

## പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നീക്കിവയ്ക്കുന്ന ഫണ്ടിന്റെ വിനിയോഗം

18 (*378) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നീക്കിവയ്ക്കുന്ന ഫണ്ട് ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാം;

(ബി) ആദിവാസിമേഖലയിൽ ഫണ്ട് വൻതോതിൽ ദുർവ്യയം ചെയ്യപ്പെടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ദുർവ്യയം ഏതൊക്കെ രീതിയിലാണ് എന്നതിന്റെ വിശദവിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പട്ടികവർഗ്ഗക്ഷേമത്തിന് 2016-17 വർഷത്തിൽ, മുൻവർഷങ്ങളിലേതിന് ആനുപാതികമായി വകയിരുത്തിയ ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നീക്കിവയ്ക്കുന്ന ഫണ്ട് ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഡയറക്ടറേറ്റിലെ നിയന്ത്രണോദ്യോഗസ്ഥരുടെ അവലോകന യോഗം രണ്ടാഴ്ചയിൽ ഒരിക്കൽ നടത്തി പദ്ധതി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.

- ഇതിനുപുറമെ വിവിധ ജില്ലകളിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ എന്നിവർ പദ്ധതി അവലോകനം നടത്തുന്നുണ്ട്.

- പദ്ധതി നിർവ്വഹണ വേളയിൽ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും കാലതാമസമോ മറ്റ് തടസ്സങ്ങളോ ഉണ്ടാകുന്നത് കണ്ടെത്തി പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലതല മോണിട്ടറിംഗ് സമിതി നിലവിലുണ്ട്.

- പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, സംസ്ഥാനതലത്തിൽ ജില്ലാ ഓഫീസർമാരുടെ പദ്ധതി അവലോകന യോഗം നടത്തി പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ നേരിട്ട് വിലയിരുത്തുന്നു.

- ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥൻ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

- ജില്ലയിൽ പ്രൊമോട്ടർമാർ മുതൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലെപ്മെന്റ് ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥർ പദ്ധതികൾ വിവിധ തലങ്ങളിൽ സസൂക്ഷമം പരിശോധിക്കുന്നു.

- ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പ്രതിമാസം ചേരുന്ന ജില്ലാ വികസന യോഗത്തിലും ജില്ലാ പട്ടികജാതി/പട്ടികവർഗ്ഗ വികസന കമ്മിറ്റിയിലും പദ്ധതി പുരോഗതി വിലയിരുത്തുന്നു. ജില്ലാ കളക്ടറുടെ മേൽനോട്ടത്തിലാണ് പദ്ധതികൾ നിർവ്വഹണം നടത്തുന്നത്. കോളനി വികസനത്തിനായിട്ടുള്ള പദ്ധതികൾ ഇതിനായുള്ള ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്.

- പരമാവധി ആനുകൂല്യം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി) വഴി നിക്ഷേപി ക്കുന്നതിലൂടെ പദ്ധതി നടത്തിപ്പിൽ സുതാര്യത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ എല്ലാവിധ വിദ്യാഭ്യാസാനുകൂല്യങ്ങളും മറ്റ് ക്ഷേമപ്രവർത്തനങ്ങൾക്കും അനുവദിക്കുന്ന ആനുകൂല്യങ്ങളുടെ വിതരണം സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വകുപ്പിന്റെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തിയും ജില്ലാതല മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം ക്രമപ്പെടുത്തിയും ഊരുകൂട്ടങ്ങളുടെ പ്രവർത്തനവും സോഷ്യൽ ഓഡിറ്റും ശക്തിപ്പെടുത്തിയും പദ്ധതികളുടെ നേട്ടങ്ങൾ ഗുണഭോക്താവിന് എത്തിക്കുന്നതിന് പരമാവധി ഇടപെടലുകൾ നടത്തിവരുന്നു.

(ബി) ഇല്ല. ആദിവാസി മേഖലയിൽ ഫണ്ട് വൻതോതിൽ ദുർവ്യയം ചെയ്യപ്പെടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഊരുകൂട്ടങ്ങൾ കൂടി പദ്ധതി ആസൂത്രണം പൂർത്തിയായാൽ ആയത് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെയോ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെയോ അനുമതിക്കായി സമർപ്പിക്കുന്നതാണ്. പ്രൊപ്പോസലുകൾ ജില്ലാതലത്തിൽ ജില്ലാ കളക്ടർ ഉൾപ്പെട്ട സമിതിയും സംസ്ഥാന തലത്തിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, ഫിനാൻസ്, പ്ലാനിംഗ് ബോർഡ് എന്നീ വകുപ്പുകളുടെ മേലുദ്യോഗസ്ഥർ പദ്ധതികൾ സസൂക്ഷ്മം പരിശോധിച്ച് പദ്ധതികളുടെ ആവശ്യകത ഉറപ്പുവരുത്തി ഭരണാനുമതി ലഭ്യമാക്കുന്ന പദ്ധതികൾ മാത്രമേ നിർവ്വഹണം നടത്തുന്നുള്ളൂ. പ്രസ്തുത സാഹചര്യത്തിൽ ഫണ്ട് ദുർവ്യയം വകുപ്പിൽ ഉണ്ടാകുന്നില്ല.

(സി) 2015-16 വർഷത്തിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി തദ്ദേശസ്വയം ഭരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഉൾപ്പെടെ ആകെ 700.36 കോടി രൂപയും 2016-17 വർഷത്തിൽ 810.16 കോടി രൂപയും ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് 16 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**തൊഴിൽ നയം**

19 (*379) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ തൊഴിൽനയം വിശദമാക്കുമോ;

(ബി) പ്രസ്തുത തൊഴിൽ നയത്തിൽ എത്ര രൂപയാണ് കുറഞ്ഞ ദിവസ വേതനമായി പ്രഖ്യാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വർത്തമാനകാല സാഹചര്യങ്ങൾക്കനുസൃതമായി സേവനത്തിന്റെ സമയക്രമം, ദൈർഘ്യം, വേതനഘടന, തൊഴിൽ സുരക്ഷിതത്വം എന്നിവ പുനരാവിഷ്കരിക്കുന്ന തരത്തിലുള്ളതായിരിക്കുമോ പ്രസ്തുത നയം എന്ന് വ്യക്തമാക്കുമോ;

(ഡി) ഗാർഹിക തൊഴിലാളികളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) കരട് തൊഴിൽ നയം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

(ബി) വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600 രൂപയായി നിജപ്പെടുത്തി നിശ്ചയിക്കുന്നതിനാണ് കരട് തൊഴിൽ നയം ലക്ഷ്യമിടുന്നത്.

(സി) അതെ. ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്ന കരട് തൊഴിൽനയം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.*

(ഡി) ഗാർഹിക തൊഴിലാളികളുടെ ജോലിക്കും സംരക്ഷണത്തിനുമായി പ്രത്യേക ലേബർ ഡേറ്റാ ബാങ്ക് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കരട് തൊഴിൽ നയം ലക്ഷ്യമിടുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തോട്ടം തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ

20 (*380) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തോട്ടം തൊഴിൽ മേഖലയിൽ ഉടലെടുത്ത പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ പ്രശ്ന പരിഹാരത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കുമോ;

(ബി) ഈ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനായി രൂപീകരിച്ച സമിതി ഈ വിഷയത്തിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(സി) തോട്ടം മേഖലയിലെ പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് രൂപീകരിച്ച 'ഭവനം ഫൗണ്ടേഷൻ ഓഫ് കേരള' ഇതിനായി ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) തോട്ടം മേഖല പലതരത്തിലുള്ള പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നു. തേയില, ഏലം, റബ്ബർ എന്നിവയുടെ വിലത്തകർച്ച ഈ മേഖലയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഈ മേഖല അഭിമുഖീകരിക്കുന്ന വിവിധങ്ങളായ വിഷയങ്ങൾ സമഗ്രമായി പഠിച്ച് ഏകാംഗ കമ്മീഷനായ ജസ്റ്റിസ് കൃഷ്ണൻ നായർ റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിശോധനയിലാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ പ്രശ്ന പരിഹാരത്തിനായി മന്ത്രിതലത്തിൽ ചർച്ചകളും അനുബന്ധ നടപടികളും നടന്നുവരുന്നു.

(ബി) ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി 6-2-2017-ൽ തൊഴിലുടമാ പ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. ടി യോഗ തീരുമാനപ്രകാരം റിപ്പോർട്ട് സംബന്ധിച്ച ട്രേഡ് യൂണിയനുകളുടെയും തൊഴിലുടമകളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായുള്ള ഒരു എട്ടംഗ കമ്മിറ്റി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ യോഗം ഉടൻ നടക്കുന്നതാണ്.

(സി) കേരളത്തിലെ വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് തോട്ടം മേഖലയിൽ തന്നെ സ്വന്തമായി വീട് നിർമ്മിച്ച് നൽകുന്നതിനായിട്ടാണ് ഭവനം-പദ്ധതി തോട്ടം മേഖലയിൽ 'സ്വന്തം വീട് സ്കീം' വിഭാവനം ചെയ്തിരിക്കുന്നത്. സ്വന്തമായി 3 സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്ക് 400 സ്ക്വയർഫീറ്റ് വ്യക്തിഗത വീടുകളും സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് 400 സ്ക്വയർഫീറ്റ് ഉള്ള അപ്പാർട്ടുമെന്റുകളും നിർമ്മിച്ച് നൽകാനാണ് ഈ സ്കീമിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. ഭവനം-പദ്ധതി തോട്ടം മേഖലയിൽ 'സ്വന്തം വീട് സ്കീം' സർക്കാരിന്റെ പരിഗണനയിലാണ്.

## കുടിവെള്ള-ജലസേചന പദ്ധതികൾ

21 (*381) ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ജോയി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ ആസൂത്രണം ചെയ്തും പ്രവർത്തനം പൂർത്തീകരിക്കാത്തതോ നിലച്ചതോ ആയ കുടിവെള്ള-ജലസേചന പദ്ധതികളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) കാലാനുസൃതമായ ആവശ്യകത കണക്കിലെടുത്ത്, കാലഹരണപ്പെട്ട ഇത്തരം പദ്ധതികളെ, നിലവിലെ സ്ഥല-വിഭവ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പുനഃക്രമീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) പഴയതും പുതിയതുമായ ഇത്തരം പദ്ധതികൾ കൂട്ടിയിണക്കി കൂടുതൽ ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്):

(എ) കേരള ജല അതോറിറ്റി പദ്ധതി പുരോഗതിയുടെ അവലോകനം നടത്താറുണ്ട്. നടന്നുകൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതിയുടെ പുരോഗതി കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിലും വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലും മന്ത്രിതലത്തിലും അവലോകനം നടത്താറുണ്ട്. കുടിവെള്ള പദ്ധതികളുടെ പ്രവർത്തന പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥലം ലഭ്യമാക്കുന്നതിനുള്ള കാലതാമസം
2. റോഡ് കട്ടിംഗിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുമതിക്ക് കാലതാമസം ഉണ്ടാകുന്നത്.

3. റെയിൽവെ ക്രോസിംഗിന് റെയിൽവെ വകുപ്പിൽനിന്നും അനുമതി ലഭിക്കാൻ ഉണ്ടാകുന്ന കാലതാമസം

4. ഫണ്ടിന്റെ അപര്യാപ്തത

5. സമീപവാസികളുടെ എതിർപ്പ്

പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പഞ്ചായത്തിലോ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ സ്ഥലലഭ്യത ഉറപ്പുവരുത്തുന്നുണ്ടെങ്കിലും പദ്ധതികളുടെ നിർവ്വഹണ സമയത്ത് ഉദ്ദേശിച്ച സ്ഥലം ലഭ്യമാകാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. ഇതുമൂലം സ്ഥലലഭ്യതയ്ക്കും പദ്ധതി നിർവ്വഹണത്തിനും കാലതാമസം വരികയും ചെയ്യാറുണ്ട്. പദ്ധതികളുടെ നിർവ്വഹണത്തിൽ കാലതാമസം ഒഴിവാക്കുവാൻ വകുപ്പുതല മീറ്റിംഗുകളും എം.പി.-മാർ എം.എൽ.എ.-മാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിവരുമായി അവലോകനം നടത്തി പ്രശ്നപരിഹാരം തേടാറുണ്ട്. കാലതാമസം ഒഴിവാക്കുവാൻ ഇപ്പോൾ വിവിധ ഘടകങ്ങൾക്കാവശ്യമുള്ള സ്ഥലം ഉറപ്പാക്കിയതിനുശേഷമേ പദ്ധതികൾക്കുള്ള ടെണ്ടർ നടപടികളുമായി കഴിയുന്നതും മുന്നോട്ടുപോകാറുള്ളൂ. റോഡിൽ കൂടി പൈപ്പുകൾ സ്ഥാപിക്കേണ്ട അവസരങ്ങളിൽ പി.ഡബ്ല്യൂ.ഡി., എൻ.എച്ച്. തുടങ്ങിയ വകുപ്പുകളിൽനിന്നും അനുമതി ലഭിക്കാൻ താമസിക്കുന്നതുമൂലം പദ്ധതികൾ വൈകാറുണ്ട്. മഴക്കാലത്തും, ശബരിമല തീർത്ഥാടനം, തൃശ്ശൂർപൂരം മുതലായ ഉത്സവകാലങ്ങളിലും റോഡിന്റെ നിർമ്മാണത്തിലെ ഗ്യാരണ്ടി പിരീഡ് കഴിയാത്ത അവസരങ്ങളിലും റോഡ് മുറിക്കാനുള്ള അനുമതിക്ക് കാലതാമസം നേരിടാറുണ്ട്. കൂടാതെ നാഷണൽ ഹൈവേയുടെ വികസനം ഉണ്ടാകുമ്പോൾ റോഡിന്റെയും ബേമിന്റെയും സ്ഥാനനിർണ്ണയത്തിനുശേഷം മാത്രമേ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി തരാറുള്ളൂ. ചില പദ്ധതികളിൽ റെയിൽവെ ക്രോസിംഗ് ആവശ്യമായി വരുന്ന സ്ഥലങ്ങളിൽ റെയിൽവെ വകുപ്പിൽനിന്നും അനുമതി ലഭിക്കാൻ ഉന്നതതല ഇടപെടൽ നടത്തിയാലും വളരെയധികം കാലതാമസം അനുഭവപ്പെടാറുണ്ട്. പല തരത്തിലുള്ള അവലോകനത്തിലൂടെയും ഉന്നതതല ഇടപെടലുകളിലൂടെയും ഒരു പരിധിവരെ കാലതാമസം ഒഴിവാക്കാൻ കഴിയുന്നുണ്ട്.

പദ്ധതി വിഭാഗം 1-നു കീഴിലുള്ള കാരാപ്പുഴ ജലസേചന പദ്ധതി 2010 വർഷത്തിൽ ഭാഗികമായി പൂർത്തീകരിച്ചതും 2019-20 വർഷത്തിൽ പൂർത്തീകരണം ലക്ഷ്യമിട്ട് ത്വരിതഗതിയിൽ പ്രവൃത്തികൾ നടന്നുവരുന്നതുമായ പദ്ധതിയാണ്. റീസർവ്വോയറിനു വേണ്ടിയും കനാലുകൾ നിർമ്മിക്കുന്നതിന് വേണ്ടിയും ആവശ്യമായ 102 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാവാത്തത് ഈ പദ്ധതിയുടെ പൂർത്തീകരണം വൈകാൻ ഒരു കാരണമാണ്. ഭൂമി ഏറ്റെടുക്കൽ നടപടി കൂടുതൽ വേഗത്തിലാക്കുന്നതിനുവേണ്ടി നെഗോസിയേഷൻ മുഖേന ഡയറക്ട് പർച്ചേസ് വഴി

ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതിക്കായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. കാവേരി ജല തർക്ക ട്രൈബ്യൂണൽ വിധി അനുസരിച്ച് കബനി ബേസിനിൽ അനുവദിക്കപ്പെട്ട 21 ടി.എം.സി. ജലത്തിൽ കാരാപ്പുഴ പദ്ധതിക്കായുള്ള 2.8 ടി.എം.സി.-യിൽ 1.2 ടി.എം.സി. ജലമാണ് കാരാപ്പുഴ ഡാമിൽ നിലവിൽ സംഭരിക്കുന്നത്. സ്ഥലമേറ്റെടുക്കൽ പൂർത്തിയായാൽ അനുവദിക്കപ്പെട്ട മുഴുവൻ ജലവും ഉപയോഗപ്പെടുത്താൻ സാധിക്കുന്നതാണ്. 2800 ഹെക്ടർ ആയക്കെട്ട് വിസ്തീർണ്ണമുള്ള ബാണാസുര സാഗർ ജലസേചന പദ്ധതിയുടെ പ്രധാന കനാലിന്റെ 85%-വും ബ്രാഞ്ച് കനാലിന്റെയും ഡിസ്ട്രിബ്യൂട്ടറികളുടെയും ഒരു ശതമാനവും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. സ്ഥല മേറ്റെടുക്കലിനു വേണ്ടിവന്ന താമസം ഈ പദ്ധതി വൈകാൻ കാരണമായിട്ടുണ്ട്. കാവേരി ജലതർക്ക ട്രൈബ്യൂണൽ വിധിപ്രകാരം 0.84 ടി.എം.സി. ജലം ബാണാസുര സാഗർ പദ്ധതിക്ക് അനുവദിക്കപ്പെട്ടിട്ടുണ്ട്. 2020 വർഷത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് നടപടികൾ നടന്നുവരുന്നു.

കാരാപ്പുഴ-ബാണാസുരസാഗർ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകര ണത്തിനാവശ്യമായ ഉപായം രൂപവത്കരിക്കുന്നതിനും സാങ്കേതിക പരിശോധനയ്ക്കുമായി രൂപീകരിച്ച് മോണിറ്ററിംഗ് കമ്മിറ്റി പ്രവൃത്തികൾ വിലയിരുത്തുന്നുണ്ട്. കൂടാതെ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ലാത്ത മൂവാറ്റുപുഴ വാലി, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ ജലസേചന പദ്ധതികളുടെ മൂല്യനിർണ്ണയത്തിനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രൂപവത്കരിച്ച സാങ്കേതിക കമ്മിറ്റി 19-8-2017-ന് കാരാപ്പുഴ പദ്ധതിയും 20-8-2017-ന് ബാണാസുര സാഗർ പദ്ധതിയും സന്ദർശിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽപ്പെട്ട അഗളി, ഷോളയൂർ, കോട്ടത്തറ മേഖലയിലെ 4900 ഹെക്ടർ കൃഷി ഭൂമിക്ക് ജലസേചനമൊരുക്കുകയെന്ന ലക്ഷ്യത്തിന് വേണ്ടി വിഭാവനം ചെയ്ത അട്ടപ്പാടിവാലി ജലസേചന പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ 1970-ൽ ആരംഭിക്കുകയും 1973-ൽ പ്രോജക്ട് റിപ്പോർട്ട് സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ 1978-ൽ അണക്കെട്ടിന്റെ (ഫൗണ്ടേഷൻ) നിർമ്മാണവും 6.50 കി.മീ.കനാൽ നിർമ്മാണവും ആരംഭിച്ചുവെങ്കിലും കാവേരി നദീജല തർക്കത്തെത്തുടർന്ന് കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരം ലഭ്യമാവാതിരു ന്നതിനാൽ 1989-ൽ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചു. അണക്കെട്ട് നിർമ്മിക്കുമ്പോൾ പരിധിയിൽ വരുന്ന 73 ഹെക്ടർ വനഭൂമിക്കായുള്ള ക്ലിയറൻസ് ലഭ്യമാക്കേണ്ടതിനാവശ്യമായ രേഖകൾ സമാഹരിക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കസ്തൂരിരംഗൻ റിപ്പോർട്ട് അനുസരിച്ച് പരിസ്ഥിതി ലോല പ്രദേശത്ത് ഉൾപ്പെടുന്നുവെന്നതിനാൽ പരിസ്ഥിതി ആഘാത പഠനത്തിനായുള്ള ടേംസ് ഓഫ് റഫറൻസിന് MOEFCC-യിൽ നിന്നും ക്ലിയറൻസ് ലഭ്യമായിട്ടില്ല. പദ്ധതി വിഭാഗം 2-നു കീഴിൽ മുൻകാലങ്ങളിൽ

ആസൂത്രണം ചെയ്തതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ ജലസേചന പദ്ധതികളാണ് മൂവാറ്റുപുഴവാലി ജലസേചന പദ്ധതിയും ഇടമലയാർ ജലസേചന പദ്ധതിയും. പ്രസ്തുത പദ്ധതികളുടെ ഭാവി തീരുമാനിക്കുന്നതിനായി 12-4-2017-ൽ ആസൂത്രണ ബോർഡിൽ ചേർന്ന യോഗത്തിൽ പദ്ധതികളെപ്പറ്റി വിശദമായി പഠിക്കുന്നതിനു വേണ്ടി ഒരു വിദഗ്ദ്ധ സമിതിയെ ചുമതപ്പെടുത്തുവാൻ നിശ്ചയിക്കുകയുണ്ടായി. പദ്ധതികളുടെ ഭാവി പരിപാടി, കുറഞ്ഞ ചെലവിൽ എങ്ങനെ പ്രയോജനപ്രദമായ രീതിയിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കും എന്നീ കാര്യങ്ങളെക്കുറിച്ച് പഠനം നടത്തി നിർദ്ദേശങ്ങൾ നൽകുവാനാണ് സമിതി പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. വിദഗ്ദ്ധസമിതി ഇതിനോടകംതന്നെ ഇടമലയാർ ഇറിഗേഷൻ പദ്ധതി സന്ദർശിക്കുകയുണ്ടായി. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സ്ഥല-വിഭവ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ധനലഭ്യത കൂടി ഉറപ്പാക്കി കാലാനുസൃത ആവശ്യകത കൂടി കണക്കിലെടുത്ത് പദ്ധതികളുടെ പുനഃക്രമീകരണം നടത്താറുണ്ട്.

(സി) പുതിയ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പഴയ പദ്ധതികളുടെ ഉപയോഗ യോഗ്യമായ പരമാവധി ഘടകങ്ങൾ പുതിയ പദ്ധതികളിൽ പ്രയോജനപ്പെടുത്തുവാൻ ശ്രദ്ധിക്കാറുണ്ട്. 1970-കളിൽ ആരംഭിക്കുകയും ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ലാത്തതുമായ വൻകിട ഇടത്തരം ജലസേചന പദ്ധതികളായ മൂവാറ്റുപുഴവാലി, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ ജലസേചന പദ്ധതികളുടെ സാങ്കേതിക മൂല്യനിർണ്ണയത്തിനായി ഒരു വിദഗ്ദ്ധ സമിതി രൂപവത്കരിക്കണമെന്ന സ്റ്റേറ്റ് പ്ലാനിംഗ് ബോഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച സാങ്കേതിക കമ്മിറ്റി പ്രസ്തുത പദ്ധതികളെ സാങ്കേതികമായി മൂല്യനിർണ്ണയം നടത്തി ശരിയായ രീതിയിൽ പൂർത്തീകരിക്കുന്നതിനായി മാർഗ്ഗ നിർദ്ദേശം നൽകുന്നു.

**പട്ടികവർഗ്ഗക്കാർക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ**

22 (*382) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കായി എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കുമോ;

(ബി) ഈ വിഭാഗക്കാർക്കായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്ക് തുടക്കം കുറിച്ച് ആയത് നടപ്പാക്കി വരുന്നു എന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പ്രധാന ക്ഷേമപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

- സമഗ്ര ആരോഗ്യ പദ്ധതി
- പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ സഹായപദ്ധതി
- പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി
- ഭവനരഹിതരായവർക്ക് ഭവന നിർമ്മാണപദ്ധതി
- ഭൂരഹിതർക്ക് ഭൂമി വാങ്ങുന്ന പദ്ധതി
- അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ് പദ്ധതികൾ
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിനായി ഗോത്രസാരഥി പദ്ധതി
- വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി സാമൂഹ്യ പഠനമുറി, ഗോത്രബന്ധു പദ്ധതികൾ
- പട്ടികവർഗ്ഗ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി ഗോത്ര വാത്സല്യനിധി പദ്ധതി
- തൊഴിലവസരം സൃഷ്ടിക്കുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലനം
- പി. കെ.കാളൻ കുടുംബക്ഷേമ പദ്ധതി

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. സാമൂഹിക പഠനമുറി - 6.21 കോടി രൂപ

2. ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്രവിഭാഗ അദ്ധ്യാപകരുടെ സേവനം - 4 കോടി രൂപ

3. അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് സ്കീം (അടിസ്ഥാന സൗകര്യങ്ങൾ, MGNREGS തൊഴിലുള്ള വേതനം, ആരോഗ്യം, 2013-14 മുതൽ നടപ്പിലാക്കിവരുന്ന ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതിയുടെ സ്പിൽ ഓവർ, പി.കെ. കാളൻ കുടുംബ ക്ഷേമ പദ്ധതി ഉൾപ്പെടെ)-100 കോടി രൂപ

4. ഗോത്രവാത്സല്യനിധി - 2.00 കോടി രൂപ

5. വയനാട് ഗോത്രഭാഷാ പഠന കേന്ദ്രം - 10 ലക്ഷം രൂപ

6. ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.

7. പോഷകാഹാരക്കുറവ്, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ, സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്.

8. കെ.ഐ.ഐ.എഫ്.ബി. മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്/ഹോസ്റ്റലുകളുടെ നിർമ്മാണം.

**ആവാസ് പദ്ധതി**

23 (*383) <u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :

<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി വിഭാവനം ചെയ്ത ആവാസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(സി) പദ്ധതി പ്രാബല്യത്തിൽ വന്നുവോ എന്നും ഇതുസംബന്ധിച്ചുള്ള ബോധവല്ക്കരണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത് എന്നും വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണത്തിലുള്ള വർദ്ധനവ് കണക്കിലെടുത്ത് പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. രാമകൃഷ്ണൻ):

(എ) 27-10-2016-ലെ സ.ഉ.(സാധാ)നമ്പർ 1325/16/തൊഴിൽ ഉത്തരവു പ്രകാരം ആവാസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളെയാണ് ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയിൽ അംഗമാകുന്ന ഈ തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽനിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ കൂടി ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) 27-10-2016-ലെ സർക്കാർ ഉത്തരവുപ്രകാരം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017 സെപ്തംബർ ആദ്യവാരത്തോടു കൂടി ബോധവത്കരണ പ്രവർത്തനങ്ങൾ ആരംഭിച്ച് രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കാൻ സാധിക്കുമെന്ന് കരുതുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുന്ന 21-7-2017-ലെ സർക്കുലർ നമ്പർ 11/17 ലേബർ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പദ്ധതി സമയബന്ധിതമായാണ് നടപ്പിലാക്കുന്നത്.

**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം**

24 (*384) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; സംശുദ്ധമായ ഇറച്ചി ഉല്പന്നങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) മാംസ ഉല്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി ഭക്ഷ്യമാംസ ഉല്പന്നങ്ങൾ വിൽക്കുന്നതിനുള്ള ഔട്ട് ലെറ്റ് തുടങ്ങുന്നതിന് സഹായം നല്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥാപനത്തിന് കീഴിൽ കന്നുകാലി, കോഴി, ആട് എന്നിവ വളർത്തുന്നതിനുള്ള സംവിധാനമുണ്ടോ; വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ആരോഗ്യമുള്ള മൃഗങ്ങളെയും പക്ഷികളെയും ശാസ്ത്രീയരീതിയിൽ കശാപ്പ് ചെയ്ത് അതീവ ശുചിയായി ഉത്പാദിപ്പിക്കുന്ന മാംസവും മാംസോൽപ്പന്നങ്ങളും ജനങ്ങളിൽ എത്തിക്കുകയെന്നതാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉദ്ദേശ്യ ലക്ഷ്യം. അസംസ്കൃത വസ്തുക്കളുടെ വാങ്ങൽ മുതൽ ഉൽപ്പന്നങ്ങൾ ഉപഭോക്താവിന്റെ കൈകളിൽ എത്തുന്നതുവരെയുള്ള എല്ലാ മേഖലകളിലും വിദഗ്ദ്ധ വെറ്ററിനറി ഡോക്ടർമാർ ആവശ്യമായ പരിശോധനകൾ നടത്തി കർശനമായ ഗുണനിലവാരം ഉറപ്പു വരുത്തുന്നു. വിദഗ്ദ്ധ വെറ്ററിനറി ഡോക്ടർമാരുടെ നിരീക്ഷണത്തിൽ മൃഗങ്ങൾ രോഗവിമുക്തമാണെന്ന് ഉറപ്പുവരുത്താൻ കശാപ്പു ചെയ്യുന്നതിനുമുമ്പ് ആന്റിമോർട്ടം ഇൻസ്പെക്ഷനും ശേഷം പോസ്റ്റ്മോർട്ടം ഇൻസ്പെക്ഷനും നടത്തുന്നു. അതിനുശേഷം മാംസം ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നു.

(ബി) 200 പന്നികളെയും 200 മാടുകളെയും പ്രതിദിനം കശാപ്പു ചെയ്യാനുള്ള ഹൈടെക് സ്ലോട്ടർ ഹൗസിന്റെ ട്രയൽ റൺ കഴിഞ്ഞു. പ്രവർത്തനസജ്ജമായി കഴിഞ്ഞാൽ ഉൽപ്പാദനം കൂട്ടാനും കയറ്റുമതി ചെയ്യാനും സാധിക്കും.

(സി) ഉണ്ട്. സംസ്ഥാന പട്ടികജാതി വികസന വകുപ്പും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന "മീറ്റ് ഷോപ്പ്" പദ്ധതി പ്രകാരം അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് മീറ്റ് ഷോപ്പുകൾ തുടങ്ങുന്നതിനുള്ള പദ്ധതി എം.പി.ഐ. നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം ഒരു ഗുണഭോക്താവിന് മീറ്റ് ഷോപ്പ് തുടങ്ങുന്നതിനായി കടമുറി സജ്ജീകരിക്കുന്നതിനുവേണ്ടി 3 ലക്ഷം രൂപയുടെ ധനസഹായം നൽകിവരുന്നു.

(ഡി) എം.പി.ഐ.-യിൽ പന്നി, കോഴി എന്നിവ വളർത്തുന്നതിനുള്ള സംവിധാനമുണ്ട്.

## വിവിധ തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കൽ

25 (*385) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതൊക്കെ മേഖലകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 74 തൊഴിൽ മേഖലകളിലാണ് മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ടത്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*. കൂടാതെ 6 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 2014 മുതൽ 23 മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇനിയും പുതുക്കി നിശ്ചയിക്കാനുള്ള 51 മേഖലകളിൽ 27 മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി 4-7-2017-ലെ സ.ഉ. (പി) 65/2017/ തൊഴിൽ നമ്പർ പ്രകാരം സബ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രിയിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 23 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ മിനിമം വേതന ഉപദേശക സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പുതിയതായി മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ 6 തൊഴിൽ മേഖലകളിൽ 4 എണ്ണത്തിൽ മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കി 2 മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തോട്ടം മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ

26 (*386) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മിറ്റി റിപ്പോർട്ടിന്റെ പ്രസക്തമായ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെന്തെല്ലാമാണ്;

(സി) തോട്ടം മേഖലയിലെ തൊഴിലാളികളിൽ സ്വന്തമായി സ്ഥലമുണ്ടായിട്ടും വീടില്ലാത്തവരും സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവരുമായ ആളുകൾക്കു വേണ്ടി എന്ത് പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(ഡി) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഉറപ്പുവരുത്താൻ നടപ്പുസാമ്പത്തിക വർഷം തന്നെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) റിട്ട.ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ചുവടെ ചേർക്കുന്നു :

1. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും നിലവിലില്ലാത്ത പ്ലാന്റേഷൻ ടാക്സ് നിർത്തലാക്കണം.
2. തോട്ടം ഉടമകളിൽനിന്ന് കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുകയോ അല്ലാത്തപക്ഷം 5 വർഷത്തേയ്ക്ക് മരവിപ്പിക്കുകയോ ചെയ്യണം.
3. വളരെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുള്ളതും ആൾതാമസമില്ലാത്തതുമായ ലയങ്ങളെ കെട്ടിടനികുതിയിൽനിന്നും ഒഴിവാക്കണം.
4. തോട്ടങ്ങളുടെ ഇന്നത്തെ അവസ്ഥ പരിഗണിച്ച് ഭൂനികുതിയിൽ ആവശ്യമായ ഇളവ് അനുവദിക്കേണ്ടതാണ്.

5. തോട്ടങ്ങളിൽ നിന്നും-റബ്ബർ മരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചു മാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം.

6. ദശാബ്ദങ്ങളുടെ പഴക്കമുള്ളതും പൊട്ടിപ്പൊളിഞ്ഞതും മനുഷ്യവാസത്തിന് യോഗ്യമല്ലാത്തതുമായ എല്ലാ ലയങ്ങളും പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് നൽകണം. അത്തരം കെട്ടിടങ്ങളെ 'വർക്കേഴ്സ് ക്വാർട്ടേഴ്സ്' എന്ന് നാമകരണം ചെയ്യണം. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണച്ചെലവ് തൊഴിലുടമയും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കണം.

7. തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. സ്കീം നടപ്പിലാക്കണം. ഇതിനാവശ്യമായ നിയമഭേദഗതികൾ വരുത്തണം.

8. കാലാവസ്ഥാ വ്യതിയാനം തോട്ടവിളകളായ തേയില, ഏലം, കാപ്പി എന്നിവയ്ക്ക് ഭീഷണിയായതിനാൽ തോട്ടങ്ങളിൽ ഇടവിള കൃഷി ചെയ്യുന്നതിന് അനുവദിക്കണം. ഇക്കാര്യത്തിൽ നിയമ ഭേദഗതി ആവശ്യമെങ്കിൽ വരുത്താവുന്നതാണ്.

9. തോട്ടങ്ങളുടെ പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പാട്ടം പുതുക്കി നൽകേണ്ടതും, ആയതുവഴി തൊഴിൽ നഷ്ടവും ഉത്പാദന നഷ്ടവും ഉണ്ടാകാതെ നോക്കേണ്ടതാണ്.

10. കേരളാ ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രജൈൽ ലാന്റ്) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കേണ്ടതാണ്.

11. തേയില, ഏലം, കാപ്പി എന്നിവ സംസ്ഥാന സർക്കാരിന്റെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പോലുള്ള പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തി സർക്കാർ തന്നെ തോട്ടങ്ങളിൽ നിന്ന് നേരിട്ട് ശേഖരിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണം.

12. ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ ചെയ്യണം.

13. പ്രതിസന്ധിയുടെ കാരണം പറഞ്ഞ് തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്കരിക്കാതിരിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ ജീവിത നിലവാരത്തിനനുസരിച്ച് തോട്ടം തൊഴിലാളികളുടെ വേതനത്തിൽ ആവശ്യമായ വർദ്ധനവ് കാലാകാലങ്ങളിൽ നടപ്പിലാക്കേണ്ടതാണ്.

14. പ്ലാന്റേഷൻ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്ന പരിഹാരത്തിന് സുവ്യക്തമായ ഒരു പ്ലാന്റേഷൻ പോളിസി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കേണ്ടതാണ്.

(ബി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായുള്ള ഒരു എട്ടംഗ കമ്മിറ്റി ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ രൂപീകരിച്ചിട്ടുണ്ട്.

(സി) തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി 3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ളവർക്ക് 400 സ്ക്വയർ ഫീറ്റുള്ള വ്യക്തിഗത വീടുകളും സ്വന്തമായി സ്ഥലമില്ലാത്തവർക്ക് 400 സ്ക്വയർഫീറ്റുള്ള അപ്പാർട്ടുമെന്റുകളും നിർമ്മിച്ച് നൽകുന്നതിനുള്ള 'Own your own housing' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) തോട്ടം തൊഴിലാളികൾക്കായി മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുന്നതിനായി 2017-18 വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ 2230-01-103-15(പി) എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർനടപടികൾ ഭവനം ഫൗണ്ടേഷൻ കേരള മുഖാന്തിരം സ്വീകരിച്ചുവരുന്നു.

**ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ**

27 (*387) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി എക്സൈസ് വകുപ്പ് നടത്തുന്ന ബോധവത്ക്കരണ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീ യൂണിറ്റുകളെ പങ്കാളികളാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി പദ്ധതിക്ക് 6-10-2016-ലെ ജി.ഒ.(എംഎസ്) നമ്പർ 94/2016/നി.വ. സർക്കാർ ഉത്തരവുപ്രകാരം രൂപം നൽകിയിട്ടുണ്ട്. (അനുബന്ധമായി ചേർത്തിട്ടുണ്ട്*). മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജനപങ്കാളിത്തത്തോടുകൂടി ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഡി-അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുന്നതിനുള്ള വിവിധ പദ്ധതികൾ വിമുക്തി മിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. വിമുക്തിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ കുടുംബശ്രീ മിഷൻ ഡയറക്ടർ അംഗമാണ്. കൂടാതെ ജില്ല എക്സിക്യൂട്ടീവ് കമ്മിറ്റിയിലും തദ്ദേശ സ്വയം ഭരണസ്ഥാപനതല കമ്മിറ്റികളിലും വാർഡുതല കമ്മിറ്റികളിലും (ജില്ലാ/ബ്ലോക്ക്, കോർപ്പറേഷൻ/മുനിസിപ്പൽ/പഞ്ചായത്ത്) കുടുംബശ്രീ അംഗങ്ങളെയും കൂടി കമ്മിറ്റി അംഗങ്ങളായി ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടുകൂടി സംസ്ഥാനത്തെ 40 ലക്ഷം ഭവനങ്ങളിൽ ലഹരിക്കെതിരായ സന്ദേശം ഉൾക്കൊള്ളുന്ന വിമുക്തി സ്റ്റിക്കറുകൾ പതിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(സി) ലഹരിക്കെതിരെ യുവത്വം എന്ന സന്ദേശമുയർത്തി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി എഫ്.എം. റേഡിയോ വഴിയുള്ള ലഹരി വിരുദ്ധ പരസ്യപ്രക്ഷേപണം, കോളേജ് വിദ്യാർത്ഥികൾക്കായുള്ള ലഹരിവിരുദ്ധ ഷോർട്ട് ഫിലിം മത്സരം, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, ലോക പുകയില വിരുദ്ധ ദിനം മെയ് 31, അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം ജൂൺ 26 എന്നീ ദിനാചരണങ്ങളുടെ ഭാഗമായി സംസ്ഥാനമൊട്ടാകെയുള്ള വ്യാപകമായ ബോധവത്കരണ പ്രവർത്തനം,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്കൂൾ നോട്ടീസ് ബോർഡുകളിൽ ലഹരി വിരുദ്ധ സന്ദേശമടങ്ങിയ പോസ്റ്റർ തയ്യാറാക്കി പതിക്കൽ, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ക്വിസ്സ് മത്സരം, ഉപന്യാസം, ഗ്രൂപ്പ് ആക്ടിവിറ്റി മത്സരങ്ങൾ, ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനർമാർക്ക് ശിൽപ്പശാല, ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പാവനാടകം, എക്സൈസ് ഉദ്യോഗസ്ഥർ അവതരിപ്പിക്കുന്ന ബോധവത്കരണ നാടകം, വിമുക്തി തീം സോംഗ് തയ്യാറാക്കൽ എന്നിവ നിലവിൽ നടത്തിയിട്ടുള്ളതാണ്. കൂടാതെ പാതയോരങ്ങളിൽ വിമുക്തി ഹോർഡിംഗ്സ് സ്ഥാപിക്കൽ, ആദിവാസി തീരദേശ മേഖലകളിൽ പ്രത്യേക ബോധവത്കരണ പ്രവർത്തനം, സ്പോർട്സ് ആക്ടിവിറ്റികൾ, ഔട്ട് റീച്ച് ആക്ടിവിറ്റികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, ലൈബ്രറി കൗൺസിൽ എന്നിവ മുഖേനയുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, കെ.എസ്.എഫ്.ഡി.സി.-യുടെ സഹകരണത്തോടെ ലഹരിക്കെതിരെ ഷോർട്ട് ഫിലിം നിർമ്മാണം, ലഹരി വിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന പോസ്റ്ററുകൾ, ആൽബങ്ങൾ, പരസ്യങ്ങൾ, വീഡിയോകൾ ആനിമേഷൻ എന്നിവ തയ്യാറാക്കി പ്രചരിപ്പിക്കൽ, ഡിജിറ്റൽ മീഡിയാ ക്യാമ്പയിൻ, മോഡൽ കൗൺസിലിംഗ് സെന്റർ സ്ഥാപിക്കൽ, എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡി-അഡിക്ഷൻ സെന്റർ രൂപീകരണം, അട്ടപ്പാടി ഗവൺമെന്റ് ആശുപത്രിയിൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനം, എക്സൈസ് വകുപ്പിന് കീഴിൽ വിമുക്തി മിഷന്റെ ഭാഗമായി ദേശീയ നിലവാരത്തിലുള്ള ഡി-അഡിക്ഷൻ സെന്റർ സ്ഥാപിക്കൽ, വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയുള്ള ലഹരി വിരുദ്ധ പ്രവർത്തനം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളും സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങളും

28 (*388) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്താൻ സാധിച്ചുവോ; വിശദാംശങ്ങൾ നല്കുമോ;

(ബി) സ്വകാര്യമേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ഇതിനോടകം ചെയ്യാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സാധിച്ചിട്ടുണ്ട്. സർക്കാർ/അർദ്ധസർക്കാർ/ബോർഡ്/കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പു മേധാവികൾ/ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടി എടുക്കുന്നതാണെന്നും സർക്കാർ 26-12-2016-ൽ 1046913/ജി2/2016/തൊഴിൽ പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. എംപ്ലോയ്മെന്റ് വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സർക്കാർ/അർദ്ധസർക്കാർ/ബോർഡ്/കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം പരിശോധന നടത്തുകയും നേരിട്ടുള്ള നിയമനങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അപ്രകാരം നിയമനം നേടിയവരെ പിരിച്ചുവിട്ട് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ തൊഴിൽ അന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്വെയർ മുഖേന 3-5-2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സ്വകാര്യമേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് ചുവടെ പറയുന്ന കാര്യങ്ങൾ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കിവരുന്നുണ്ട്.

എംപ്ലോയബിലിറ്റി സെന്റർ പദ്ധതി:

അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ടും ജോബ്ഫെയറുകൾ/റിക്രൂട്ട്മെന്റ് ഡ്രൈവുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം നേടിയെടുക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കികൊടുക്കുന്നുണ്ട്.

മോഡൽ കരിയർ സെന്റർ പദ്ധതികൾ:

തൊഴിലന്വേഷകർക്ക് കരിയർ സേവനങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും നൽകി വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ചും യോഗ്യതയ്ക്കനുസരിച്ചും കഴിവുള്ളതും മികച്ചതുമായ തൊഴിൽദായകരുമായി അവരെ ബന്ധിപ്പിക്കുന്നതിന് ഇതുവഴി ശ്രമം നടത്തുന്നു. കരിയർ കൺസൾട്ടൻസി, സ്കിൽ ഗാപ് അനാലിസിസ്, നൈപുണ്യ പരിശീനങ്ങൾ തുടങ്ങിയവ നൽകുകയും തൊഴിൽ നൈപുണ്യം നേടിയവർക്ക് അർഹമായ ജോലി നേടിയെടുക്കുന്നതിനായി തൊഴിൽ മേളകൾ/ജോബ് ഡ്രൈവുകൾ സംഘടിപ്പിക്കൽ വഴിയും സ്വകാര്യ മേഖലയിലെ തൊഴിലവസരം നേടിയെടുക്കുന്നതിന് മോഡൽ കരിയർ സെന്ററുകൾ പ്രയോജനപ്രദമാകുന്നുണ്ട്.

നിയുക്തി മെഗാ ജോബ്ഫെയർ:

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കിവരുന്ന വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണം പദ്ധതിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി 3 മേഖലകളിലായി എല്ലാ ജില്ലകൾക്കും പ്രാധാന്യം നൽകിക്കൊണ്ട് നിയുക്തി എന്ന പേരിൽ മെഗാ ജോബ്ഫെയറുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിൽദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായി ക്കുകയെന്നതാണ് മെഗാ ജോബ്ഫെയറുകൾ ലക്ഷ്യം വയ്ക്കുന്നത്.

**വനം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ**

29 (*389) ശ്രീ. ആന്റണി ജോൺ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ വനത്തിനുള്ളിലെ നദികളിൽ നിന്നും മണൽ ശേഖരിച്ച് ഭവന നിർമ്മാണത്തിനായി വിതരണം ചെയ്യുന്ന കലവറ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ളതും നശിച്ചുകൊണ്ടിരിക്കുന്നതുമായ കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് വനംവകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. വനമേഖലയ്ക്ക് പുറത്ത് വൃക്ഷം വളർത്തൽ വർദ്ധിപ്പിക്കുന്നതിനുള്ള ഹരിതകേരളം പദ്ധതി.
2. ഗോത്രസമൂഹത്തിന് ഉപകരിക്കുംവിധം 100 സ്ഥലങ്ങളിൽ വിപണന കേന്ദ്രം ആരംഭിക്കും.
3. അതിരുകളിലൂടെ ജണ്ടകൾ സ്ഥാപിച്ച് മുഴവൻ വനപ്രദേശവും സംരക്ഷിക്കും.
4. മനുഷ്യ-വന്യജീവി ഏറ്റുമുട്ടൽമൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് 220.50 കി.മീ. ദൈർഘ്യത്തിൽ സൗരോർജ്ജവേലി, 2.91 കി.മീറ്റർ ആനപ്രതിരോധ മതിൽ, 11.35 കി.മീറ്റർ റെയിൽ ഫെൻസ് എന്നിവ നിർമ്മിക്കും.
5. സംസ്ഥാനത്ത് ഒരു വനമ്യൂസിയം സ്ഥാപിക്കും.
6. വന്യമൃഗ ആക്രമണം ഫലപ്രദമായി പ്രതിരോധിക്കുവാൻ പഞ്ചായത്ത് തലത്തിൽ ജനജാഗ്രതാ സമിതികൾ സ്ഥാപിക്കും.
7. കാവുകളും കുളങ്ങളും നീർത്തടങ്ങളും സംരക്ഷിക്കുവാൻ ആവശ്യമായ നടപടിയെടുക്കും.
8. മൃഗങ്ങൾക്ക് ഭക്ഷണവും, ജലവും ഉറപ്പുവരുത്തുന്നതിനായി ഫല വൃക്ഷങ്ങൾ നടുന്നതിനും, നീർത്തടങ്ങൾ/തടയണകൾ നിർമ്മിക്കുന്നതിനും സമഗ്രമായ പ്രവർത്തനങ്ങൾ നടത്തും.
9. തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.
10. ക്യാമറ സഹായത്തോടെയുള്ള നിരീക്ഷണം ഉൾപ്പെടെ ശാസ്ത്രീയ ജാഗ്രതാ സംവിധാനം ഏർപ്പെടുത്തും.
11. പുനലൂർ ഡിവിഷന് കീഴിൽ ആയൂർ, ഏരൂർ എന്നീ സ്ഥലങ്ങളിൽ രണ്ട് ഇക്കോ കോംപ്ലക്സുകൾ സ്ഥാപിക്കും.

(ബി) ഉണ്ട്. മണൽ വാരുന്നതിന് കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതിയുള്ള തിരുവനന്തപുരം ഡിവിഷനുകീഴിലെ കുളത്തൂപ്പുഴ റെയിഞ്ചിലെ ചോഴിയക്കോട്-മിൽപ്പാലം എന്നീ കടവുകളിൽനിന്നും നിയമാനുസരണം പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധം വനസംരക്ഷണ സമിതികൾ മുഖേന മണൽ ശേഖരണം നടത്തി വരുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന മണൽ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അപേക്ഷകൾ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് സഹിതം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നൽകണം. ഇതിലേയ്ക്കായി മണലിന്റെ വിലയും മറ്റ് നികുതികളും ബാധകമാകും. സ്വന്തം ഉപയോഗത്തിനുമാത്രമാണ് ഈ അനുവാദം നൽകുന്നത്.

(സി) കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെക്കൊടുക്കുന്നു.

1. കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി, കാസർഗോഡ് ജില്ലയിൽ 54.6 ഹെക്ടർ കണ്ടൽക്കാടുകൾ റിസർവ് വനമായി പ്രഖ്യാപിച്ചു. കണ്ണൂർ ജില്ലയിൽ 240.00 ഹെക്ടർ കണ്ടൽക്കാടുകൾ റിസർവ്വാക്കിയതിന് പുറമേയാണിത്.

2. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കണ്ടൽപ്രദേശങ്ങൾ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലവിൽ നാല് ജില്ലകളിലെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ട്. അവയുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | വിസ്തീർണ്ണം |
|---|---|
| തിരുവനന്തപുരം | 45.60 ഹെക്ടർ |
| കൊല്ലം | 97.50 ഹെക്ടർ |
| തൃശ്ശൂർ | 32.54 ഹെക്ടർ |
| കോഴിക്കോട് | 143.97 ഹെക്ടർ |

പുതിയ കണ്ടൽക്കാടുകൾ സൃഷ്ടിക്കുന്നതിനായി ശുഷ്കമായ കണ്ടൽക്കാടുകളിലും കണ്ടൽ അനുയോജ്യമായ പ്രദേശങ്ങളിലും കണ്ടൽച്ചെടികൾ നട്ടുവരുന്നു.

3. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽച്ചെടികൾ സംരക്ഷിക്കുന്നതിനായി പ്രോത്സാഹന ധനസഹായം നൽകി വരുന്നു.

4. കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് പ്രസ്തുത പ്രദേശത്തെ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നു.

5. തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലുള്ള പാവറട്ടി ഗ്രാമ പഞ്ചായത്തിൽ 8-ാം വാർഡിൽ കണ്ടൽ സംരക്ഷണത്തിന് മുഖ്യ പ്രാധാന്യം നൽകിക്കൊണ്ട് കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നവകേരള മിഷൻ (ഹരിത കേരളം) പദ്ധതിപ്രകാരം പാവറട്ടി മേഖലയിലെ കണ്ടൽ പ്രദേശങ്ങളും തൃശ്ശൂർ സാമൂഹ്യ വനവത്കരണ വിഭാഗം വൃത്തിയാക്കിയിട്ടുണ്ട്.

6. എറണാകുളം മംഗളവനം പക്ഷി സങ്കേതത്തിൽ കണ്ടൽക്കാട്ടുകളെ സംരക്ഷിക്കുന്നതിനോടൊപ്പം മംഗളവനത്തിലെ ജലാശയങ്ങൾ ശുചീകരിച്ച് അവയുടെ തീരത്ത് പുതുതായി കണ്ടൽച്ചെടികൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

**മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

30 (*390) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെ ആണെന്ന് അറിയിക്കുമോ;

(ബി) സ്കൂൾ വിദ്യാർത്ഥികൾക്ക് കോഴിക്കുഞ്ഞുങ്ങളെ നൽകുന്ന സ്കൂൾ പൗൾട്രി ക്ലബ്ബ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ നടപ്പാക്കുന്ന "കൂട്ടുകളിൽ കോഴിവളർത്തൽ പദ്ധതി" -യുടെ വിവരങ്ങൾ അറിയിക്കുമോ;

(ഡി) മൃഗസംരക്ഷണ വകുപ്പ് മുഖേന ആട്, താറാവ് എന്നിവയെ വളർത്തുന്നതിനായി നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു :

1. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

2. ഗോസമൃദ്ധി കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

3. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്
4. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാസേവനം
5. രാഷ്ട്രീയ പശുധൻ വികാസ് യോജന
6. ഊർജ്ജിത കന്നുകാലിവികസനം-ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
7. വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും
8. പ്രത്യേക കന്നുകാലി വികസന പദ്ധതി
9. ഗോവർദ്ധിനി
10. ബാക്ക് യാർഡ് പൗൾട്രി ഡെവലെപ്മെന്റ് പ്രോജക്ട്
11. വികസനവും പരിശീലനവും
12. മൃഗസംരക്ഷണ സ്ഥിതിവിവരണ കണക്കും, സാമ്പിൾ സർവ്വേയും (50% കേന്ദ്ര സഹായം)
13. കന്നുകാലി സെൻസസ് (100% കേന്ദ്ര സഹായം)
14. വിവരസാങ്കേതികവിദ്യ മെച്ചപ്പെടുത്തലും ആധുനികവത്കരണവും
15. കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന് സാമ്പത്തികസഹായം
16. കേരള ഫീഡ്സിന് സാമ്പത്തിക സഹായം
17. കെ.എൽ.ഡി. ബോഡിന് സാമ്പത്തിക സഹായം
18. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യക്ക് സാമ്പത്തിക സഹായം.

(ബി) കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി പ്രകാരം സംസ്ഥാനത്ത് മൊത്തം 905 സർക്കാർ/സർക്കാർ എയ്ഡഡ് അപ്പർ പ്രൈമറി സ്കൂൾ/ഹൈസ്കൂൾ ക്ലാസ്സുകളിലെ 50 വീതം വിദ്യാർത്ഥികൾക്ക് 46-60 ദിവസം പ്രായമായ 5 മുട്ടക്കോഴികുഞ്ഞുങ്ങളെ വീതവും തീറ്റ എന്നിവയും നൽകുന്നു. 46-60 ദിവസം പ്രായമായ 5 കോഴിക്കുഞ്ഞുങ്ങളുടെ വില

| | | |
|---|---|---|
| @ രൂപ 115 (വാറ്റ് ഉൾപ്പെടെ) x 5 | = | 575 |
| തീറ്റയുടെ വില | = | 100 |

| | | |
|---|---|---|
| മരുന്ന്, ട്രാൻസ്പോർട്ടേഷൻ സ്റ്റേഷനറി തുടങ്ങിയവ | = | 50 |
| കൂടിന്റെ വില | = | 1200 |
| ആകെ | = | 1925 |

ഇതിൽ കോഴിയുടെ വില, തീറ്റ, മരുന്ന്, വാറ്റ്, ട്രാൻസ്പോർട്ടേഷൻ സ്റ്റേഷനറി തുടങ്ങിയ ചെലവിലേയ്ക്കായി 725/- രൂപ സർക്കാർ ധനസഹായമായും കൂടിന്റെ വില ഗുണഭോക്തൃ വിഹിതമായും വഹിക്കേണ്ടതാണ്. 905 സ്കൂളുകളിൽ 50 വിദ്യാർത്ഥികൾ വീതം ആകെ 45250 വിദ്യാർത്ഥികൾക്ക് @ 725 രൂപ സഹായമായി നൽകുന്നു. 45250 വിദ്യാർത്ഥികൾക്ക് 328.0625 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ 'കെപ്കോ-നഗരപ്രിയ' എന്ന പേരിൽ കൂട്ടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്നുണ്ട്. വീട്ടുമുറ്റത്ത് കോഴികളെ വളർത്താൻ സ്ഥല പരിമിതിയുള്ള നഗരപ്രദേശങ്ങളിൽ കൂട്ടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി ആണ് കെപ്കൊ-നഗരപ്രിയ. ഈ പദ്ധതി പ്രകാരം, മുട്ടയിടാൻ പാകമായ അഞ്ചു കോഴിക്കുഞ്ഞുങ്ങളെ കർഷകന് നൽകുന്നു. കൂടുനിർമ്മാണം, മരുന്ന്, തീറ്റ ഇവ ഉൾപ്പെടെ 10,000 രൂപയാണ് യൂണിറ്റിന്റെ വില. ഇതിൽ 50 ശതമാനം സബ്സിഡിയായി നൽകുന്നു. 5000 ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

(ഡി) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മൂന്ന് ആട് ഫാമുകളും രണ്ട് ആട് വളർത്തൽ യൂണിറ്റുകളുമുണ്ട്.

<u>ആടുഫാമുകൾ:</u>

1. ഗോട്ട് ഫാം പാറശ്ശാല
2. ഗോട്ട് ഫാം അട്ടപ്പാടി
3. ഗോട്ട് ഫാം കൊമേരി

<u>ആടുവളർത്തൽ യൂണിറ്റ്:</u>

1. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം കുടപ്പനക്കുന്ന്,
2. ഹൈടെക് ഡയറി ഫാം, കുരിയോട്ടുമല

ആടുകളിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം മൃഗാശുപത്രികളിൽ ലഭ്യമാണ്. ആടുവളർത്തലിന് സബ്സിഡി സഹായം മൃഗസംരക്ഷണ വകുപ്പ് വഴി നൽകുന്നുണ്ട്. അഞ്ചു പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന ഒരു യൂണിറ്റ് സ്ഥാപിക്കാൻ കർഷകന് 25,000 രൂപ സബ്സിഡി സഹായം (50%) നൽകുന്നുണ്ട്. 50 മുതൽ 60 ദിവസം പ്രായമായ 10 താറാവുകുഞ്ഞുങ്ങളെ സംസ്ഥാനത്തെ 4000 കർഷകർക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. താറാവൊന്നിന് 120 രൂപ വച്ച് 10 താറാവുകൾക്ക് 1200 രൂപയും തീറ്റ, മരുന്ന് എന്നിവയ്ക്കായി 1500 രൂപയും ഉൾപ്പെടെ 2700 രൂപയുമാണ് ഒരു യൂണിറ്റിന്റെ വില. ഇതിനായി 1,08,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള കോർപ്പസ് ഫണ്ട്

1 (3878) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള കോർപ്പസ് ഫണ്ട് 2016-17 സാമ്പത്തിക വർഷത്തിലും 2017-18 സാമ്പത്തിക വർഷത്തിലും ഓരോ ജില്ലയ്ക്കും എത്ര വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയ്ക്ക് അനുവദിച്ച ഫണ്ട് എത്രയെന്നും വിനിയോഗം നിയോജകമണ്ഡലാടിസ്ഥാനത്തിൽ എത്രയാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(സി) കോളനി നവീകരണത്തിനായി പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിലും 2017-18 സാമ്പത്തിക വർഷത്തിലും ജില്ലകൾക്ക് അനുവദിച്ച കോർപ്പസ് ഫണ്ടിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി)

| വർഷം | പദ്ധതികൾക്ക് അനുവദിച്ച തുക | ചെലവഴിച്ച തുക | |
|---|---|---|---|
| 2016-17 | 6,18,55,000 | കൊണ്ടോട്ടി | 69,95,000 |
| | | മലപ്പുറം | 9,98,000 |
| | | മഞ്ചേരി | 28,09,000 |
| | | മങ്കട | 7,20,000 |
| 2017-18 | 6,53,81,500 | ചെലവഴിച്ചിട്ടില്ല | |

(സി) കോളനി നവീകരണത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന അംബേദ്കർ ഗ്രാമ വികസന പരിപാടി പ്രകാരം 196 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനികളിൽ താഴെപ്പറയുന്ന വികസന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയവിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവുവിളക്ക്
7. സാനിറ്റേഷൻ
8. ഭവനപുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/വീവിംഗ്/കരകൗശലം മുതലായവ (വനിതാ സ്വയം തൊഴിൽ പദ്ധതി).

**എസ്.സി./എസ്.ടി. കമ്മീഷനിലെ ഒഴിവുകൾ**

2 (3879) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.റ്റി. കമ്മീഷനിൽ എത്ര ഒഴിവുകൾ നിലവിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഓഫീസിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക നിലവിൽ ഉണ്ടോ; എങ്കിൽ ആയത് പി.എസ്.സി. നിയമനമാണോ; വിശദമാക്കാമോ;

(സി) എസ്.സി./എസ്.റ്റി. കമ്മീഷൻ ചെയർമാന്റെ സി.എ.-യെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ആണോ നിയമിച്ചിരിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷനിൽ എൽ.ഡി.ക്ലാർക്കിന്റെ രണ്ട് ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകൾ 7-7-2017-ൽ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷനിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ രണ്ട് തസ്തികകൾ നിലവിലുണ്ട്. ഈ തസ്തികയിലേയ്ക്ക് പി.എസ്.സി. നിയമനമല്ല. കരാർ അടിസ്ഥാനത്തിലാണ് ഈ തസ്തികയിൽ നിയമനം നടത്തുന്നത്. കമ്മീഷന് നിയമനാധികാരമുള്ള ഏക തസ്തികയാണ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ. ഇപ്രകാരം കരാർ നിയമനം ലഭിച്ച ആളുകൾ ടി തസ്തികകളിൽ ജോലി ചെയ്യുന്നുണ്ട്. നിലവിൽ ഈ തസ്തികയിൽ ജോലി ചെയ്യുന്നവർ 2008 മുതൽ കരാർ അടിസ്ഥാനത്തിൽ ജോലി തുടർന്നുവരുന്നു.

(സി) കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷനിൽ മൂന്ന് സി.എ. തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ ഒരു തസ്തികയിലേയ്ക്ക് പട്ടികജാതി വികസന വകുപ്പിൽനിന്നും ഒരു തസ്തികയിലേയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും റീ-ഡിപ്ലോയ്മെന്റ് മുഖേനയും ഒരു തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുമാണ് നിയമനം നടത്തുന്നത്. തസ്തികകളുടെ അപര്യാപ്തതമൂലം ചെയർമാൻ, മെമ്പർമാർ, രജിസ്ട്രാർ എന്നിവർക്ക് പ്രത്യേകമായി സി.എ.മാരെ നൽകിയിട്ടില്ല. ആവശ്യമായ സമയം സി.എ.-മാരുടെ സേവനം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഡിപ്ലോയ്മെന്റ് വഴി നിയമനം നടത്താൻ ആവശ്യമായ ജീവനക്കാരില്ല എന്നറിയിച്ചിട്ടുള്ളതിനാൽ രണ്ട് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്നും ഒരു സി.എ.-യെ കമ്മീഷനിലേയ്ക്ക് ഡിപ്ലോയ് ചെയ്ത് നിയമിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി**

3 (3880) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നിയമ സേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്; ഇത് സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ആർക്കെല്ലാമാണ് ഇതിന്റെ സേവനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കൂടുതൽ സ്ഥലങ്ങളിലേക്ക് നിയമ സേവന കേന്ദ്രങ്ങൾ വ്യാപിപ്പിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് പതിനാല് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും, 62 താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും 16 എഡിആർ സെന്ററുകളും 48 മീഡിയേഷൻ സബ് സെന്ററുകളും, 3 പെർമനന്റ് ലോക് അദാലത്തുകളും പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തൊട്ടാകെ ജയിലുകൾ, പോലീസ് സ്റ്റേഷനുകൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, പഞ്ചായത്ത് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, കമ്മ്യൂണിറ്റി സെന്ററുകൾ, ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ തുടങ്ങിയ ഇടങ്ങളിലായി 1324 ലീഗൽ എയ്ഡ് ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. ഇവ കൂടാതെ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ഓഫീസിൽ പൊതുജനങ്ങൾക്കായി നിയമ സഹായത്തിനും നിയമോപദേശത്തിനുമായി 'സാകേതം' എന്ന പേരിൽ ഒരു നിയമ സേവന കേന്ദ്രം 15-8-2017 മുതൽ പ്രവർത്തിച്ചുവരുന്നു.

(ബി) നിയമ സഹായത്തിന് അർഹരായ വിഭാഗങ്ങളെ താഴെ കൊടുക്കുന്നു :

1. സ്ത്രീകൾ
2. കുട്ടികൾ
3. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ
4. പ്രകൃതിക്ഷോഭത്തിനോ വംശീയ അതിക്രമത്തിനോ ഇരയായവർ
5. വ്യവസായ തൊഴിലാളികൾ
6. കസ്റ്റഡിയിൽ എടുക്കപ്പെട്ടവർ
7. വികലാംഗർ
8. നിർബന്ധിത വേലയ്ക്ക് വിധേയരാക്കപ്പെട്ടവർ; എന്നിവർക്ക് വരുമാന പരിധി ഇല്ലാതെയും
9. മറ്റുള്ളവർക്ക് 1,00,000 രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും സൗജന്യ നിയമസഹായം ലഭിക്കും. (വരുമാന പരിധി 3,00,000 രൂപയായി വർദ്ധിപ്പിച്ച് കെൽസ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ഉൾപ്പെട്ടിട്ടുള്ള ഫയൽ ഇപ്പോൾ നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്.)

(സി) പുതുതായി രൂപീകരിച്ചിട്ടുള്ള 12 താലൂക്കുകളിൽ കോടതികൾ പ്രവർത്തിക്കുന്ന 7 താലൂക്കുകളിൽ താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന ആവശ്യം ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ വികസനം

4 (3881) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ വാർഡന്റെ ജോലി ആഴ്ചയിൽ ഏഴ് ദിവസം എന്നു നിശ്ചയിച്ചിരിക്കുന്നത് കുറച്ച് അവരുടെ ജോലി ഭാരം ലഘൂകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ആയമാരുടെ സേവനം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) എല്ലാ ദിവസവും ഭൂരിഭാഗം സമയവും കുട്ടികൾ ഉണ്ടാകുന്ന ഹോസ്റ്റലുകളിൽ പി.റ്റി.എസ് തസ്തിക ഉയർത്തി എഫ്.റ്റി.എം. ആക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) അവധി ദിവസങ്ങളിൽ പകൽ സമയത്ത് ഹോസ്റ്റലുകളിൽ വാച്ച്മാൻമാരുടെ സേവനം ഉറപ്പുവരുത്തുമോ;

(ഇ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള വികസന പ്രവർത്തനങ്ങൾ, കോഴ്സുകൾ, തൊഴിൽ സാധ്യതകൾ, ഒഴിവുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട കുട്ടികളിൽ എത്തിക്കാൻ സാധിക്കുന്ന വിധത്തിലുള്ള മാഗസിനുകൾ, അറിയിപ്പുകൾ എന്നിവ പ്രസ്തുത ഹോസ്റ്റലുകളിൽ നല്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ജോലി ചെയ്യുന്ന വാർഡൻ തസ്തികയിലെ ജീവനക്കാർക്ക് ആഴ്ചയിൽ ഒരു ദിവസം നിലവിൽ വീക്കിലി ഓഫ് അനുവദിക്കുന്നുണ്ട്. ടി തസ്തികയിലെ ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിന് സഹായകരമാകുംവിധം ചില മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വകുപ്പിനുകീഴിലുള്ള ബോയ്സ് പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ മെയിൽ വാർഡൻ തസ്തികയും ഗേൾസ് പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ഫീമെയിൽ വാർഡൻ തസ്തികയും അനുവദിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ ആയമാരെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) വിഷയം നിലവിൽ പരിഗണനയിലില്ല.

(ഡി) അവധി ദിവസങ്ങളിൽ പകൽ സമയത്ത് ഹോസ്റ്റലുകളിൽ വാച്ച്മാൻമാരുടെ സേവനം നിലവിൽ ലഭിക്കുന്നുണ്ട്.

(ഇ) പട്ടികജാതി/പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വിഭാഗങ്ങളിൽ എത്തിക്കുന്നതിന് വകുപ്പിന്റെ ബ്രോഷറുകൾ, കൈപ്പുസ്തകങ്ങൾ എന്നിവ തയ്യാറാക്കി നിലവിൽ വിതരണം ചെയ്തുവരുന്നുണ്ട്. കോഴ്സുകൾ, തൊഴിൽ സാധ്യതകൾ, ഒഴിവുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട കുട്ടികളിൽ എത്തിക്കാൻ സാധിക്കുന്ന വിധത്തിലുള്ള മാഗസിനുകൾ, അറിയിപ്പുകൾ എന്നിവ പ്രസ്തുത ഹോസ്റ്റലുകളിൽ നൽകുന്ന വിഷയം പരിശോധിച്ച് പ്രായോഗികമാണെങ്കിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ശ്രീ. ബിനേഷ് ബാലന് സ്കോളർഷിപ്പ് നൽകുന്നതിൽ ഉണ്ടായ കാലതാമസം

5 (3882) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ഉപരിപഠനത്തിനായി കേന്ദ്ര സർക്കാർ നൽകിയ സ്കോളർഷിപ്പ് ശ്രീ. ബിനേഷ് ബാലന് നൽകുന്നതിൽ എന്തെല്ലാം നിയമതടസ്സങ്ങളാണ് ഉണ്ടായിരുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ സ്കോളർഷിപ്പ് അനുവദിച്ചു നൽകുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത ഫയലിലെ നോട്ട് ഫയലിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ഈ വിദ്യാർത്ഥിക്ക് ഉപരിപഠനത്തിനുള്ള സൗകര്യം ഒരുക്കുന്നതിൽ വകുപ്പുമന്ത്രി ഇടപെടാൻ ഉണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിദേശത്ത് ഉപരിപഠനത്തിനായി കേന്ദ്ര സർക്കാർ നൽകുന്ന സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ മുഖേനയല്ല കേന്ദ്ര സർക്കാർ നേരിട്ടാണ് നൽകുന്നത്.

(ബി) ബാധകമല്ല.

(സി) 2-7-2009-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 50/2009/ പജപവവിവ. പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ ഓവർസീസ് സ്കോളർഷിപ്പ് ലഭിച്ചതായും 2016 സെപ്റ്റംബർ അദ്ധ്യയന വർഷത്തിൽ ഇംഗ്ലണ്ടിലെ യൂണിവേഴ്സിറ്റിയിലേയ്ക്ക് വിസയ്ക്ക് അപേക്ഷിക്കുവാനും IELTS, ട്രെയിനിംഗ് മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി 1,50,000 രൂപ അനുവദിക്കണമെന്ന് ശ്രീ. ബിനേഷ്, ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക്

നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ, മേൽ ആവശ്യങ്ങൾക്കും വിസാ ചെലവിനുമായി 1,50,000 രൂപ ശ്രീ. ബിനേഷിന് അനുവദിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അനുബന്ധ രേഖകൾ സഹിതം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ 24-6-2016-ൽ സർക്കാരിലേയ്ക്ക് കത്ത് സമർപ്പിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1043/2016/പജപവവിവ. തീയതി 3-8-2016 പ്രകാരം IELTS ട്രെയിനിംഗ് ഫീസിനത്തിൽ 13,500 രൂപയും അക്കോമഡേഷന് ഫീസിനത്തിൽ 13,000 രൂപയും ചേർത്ത് 26,500 രൂപ മുൻകൂറായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ദിവസം തന്നെ (3-8-2016) മേൽ തുക ശ്രീ. ബിനേഷിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഉത്തരവായിരുന്നു. തുടർന്ന് യൂണിവേഴ്സിറ്റിയിലേയ്ക്കുള്ള യാത്രാ തയ്യാറെടുപ്പുകൾക്കും മറ്റു ചെലവുകൾക്കുമായി 1,23,500 രൂപ കൂടി അനുവദിക്കണമെന്ന് കാണിച്ച് ടിയാൻ 23-9-2016-ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് അപേക്ഷ നൽകിയിരുന്നു. ടി അപേക്ഷ പരിഗണിച്ച്, 1,23,500 രൂപ കൂടി അനുവദിച്ചുകൊണ്ട് (സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1418/2016/പജപവവിവ. തീയതി 1-10-2016) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി തുക 14-10-2016-ൽ ശ്രീ. ബിനേഷിന് അനുവദിച്ച് ഉത്തരവ് നൽകുകയും ചെയ്തിരുന്നു. ഈ രണ്ട് തുകയും 2225-02-227-98-12 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നാണ് അനുവദിച്ചത്. ശ്രീ. ബിനേഷ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം സർക്കാർ ഉത്തരവ് പ്രകാരം ആകെ 1,50,000 രൂപ ടിയാന് അനുവദിച്ചു നൽകിയിട്ടുണ്ട്.

## ഭാസ്കർ നഗർ കോളനി നവീകരണം

6 (3883) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ അതിയന്നൂർ പഞ്ചായത്തിലെ ഭാസ്കർ നഗർ കോളനി നവീകരണത്തിന്റെ ഡി.പി.ആർ. തിരുവനന്തപുരം നിർമ്മിതി കേന്ദ്രം തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ വൈകിയാൽ മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കാൻ കഴിയുമോ;

(സി) ഡി.പി.ആർ. ലഭിച്ചാൽ ഭരണാനുമതി ലഭിക്കാൻ കാലതാമസം ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) ഭരണാനുമതി നൽകിയിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിൽ കുടിയേറിപ്പാർത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം**

7 (3884) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ, പതിറ്റാണ്ടുകൾക്ക് മുൻപ് തമിഴ്നാട്ടിൽ നിന്നും കുടിയേറി താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിരവധി ആളുകൾക്ക് അടുത്ത കാലം വരെ പട്ടികജാതി ആനുകൂല്യത്തിന് ലഭിച്ചിരുന്ന സർട്ടിഫിക്കറ്റ് ഇപ്പോൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1950 നു മുൻപ് കുടിയേറി പാർത്തവർക്കു മാത്രമേ ജാതി സർട്ടിഫിക്കറ്റ് നല്കാവു എന്ന നിലപാടിന്റെ ഭാഗമായി 50/60 വർഷങ്ങളായി, ഇവിടെ ജനിച്ച് പഠിച്ച് വളർന്നവർക്ക് ഈ ആനുകൂല്യം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്കാരം കൊണ്ടും ജീവിതം കൊണ്ടും മലയാളികളായി മാറിയ പ്രസ്തുത തമിഴ് വംശജരായ ആളുകൾക്ക് പട്ടികജാതി ആനുകൂല്യത്തിനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1950-ന് മുമ്പ് കേരളത്തിലേയ്ക്ക് കുടിയേറിപ്പാർത്തവർക്ക് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) 12-2-1986-ലെ സ.ഉ (കൈ) 10/86/പജ.പവ.വി.വ നമ്പർ ഉത്തരവു പ്രകാരമാണ് നിലവിൽ കുടിയേറ്റക്കാർക്ക് സമുദായ സാക്ഷ്യപത്രം അനുവദിച്ചു വരുന്നത്. മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അടിസ്ഥാനമായ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, സംസ്ഥാനത്തിന്റെ പട്ടികജാതി ലിസ്റ്റിലെ ഏതെങ്കിലും സമുദായത്തിൽപ്പെട്ടതായി സാക്ഷ്യപത്രം ലഭിക്കേണ്ട വ്യക്തി, ഏതു സംസ്ഥാനത്ത് നിന്നാണോ 1950-ന് മുമ്പ് കുടിയേറിയത്, ആ സംസ്ഥാനത്തിലെ പട്ടികജാതി ലിസ്റ്റിലെ അംഗീകരിക്കപ്പെട്ട സമുദായത്തിൽപ്പെട്ട ആളായിരിക്കണമെന്നാണ് നിഷ്കർഷിക്കപ്പെട്ടിട്ടുള്ളത്. 1950-ന് മുമ്പ് കേരളത്തിൽ സ്ഥിരതാമസമുണ്ടെന്ന രേഖകൾ ഹാജരാക്കുവാൻ കഴിയാത്തവർക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് അനുവദിച്ചുകിട്ടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലുള്ള പ്രായോഗിക വൈഷമ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധി

8 (3885) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഏതൊക്കെ രോഗങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തീപിടിത്തം, പ്രകൃതിക്ഷോഭം എന്നിവമൂലം വസ്തുവകകൾക്ക് നാശനഷ്ടമുണ്ടാകുന്ന കേസുകളിൽ ധനസഹായത്തിനായി അപേക്ഷയോടൊപ്പം എന്തൊക്കെ രേഖകൾ ഹാജരാക്കണമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങൾക്കും മറ്റ് ഗുരുതരമായ രോഗങ്ങൾക്കും ദീർഘകാല ചികിത്സ വേണ്ടിവരുന്ന രോഗങ്ങൾക്കും ധനസഹായം അനുവദിക്കുന്നു.

(ബി) അപേക്ഷകന്റെ ജാതി/വരുമാന സർട്ടിഫിക്കറ്റുകൾ, ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽനിന്ന് പ്രസ്തുത വകയിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, നാശനഷ്ടം സംബന്ധിച്ച് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/തഹസിൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം.

## കാസർഗോഡ് ജില്ലയിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

9(3886) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) 2017-18 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ ആകെ 7,888.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## പട്ടികജാതി കോളനികളുടെ വികസന പ്രവർത്തനങ്ങൾക്ക് കോർപ്പസ് ഫണ്ടിൽ നിന്നും തുക

10 (3887) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽനിന്നും വിവിധ കോളനികളുടെ വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകി വിവിധ വകുപ്പുകൾവഴി നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ തുക കോർപ്പസ് ഫണ്ടിൽനിന്നും അനുവദിച്ചു നൽകുന്നതിന് വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃശ്ശൂർ ജില്ലയിൽ പട്ടികജാതി വികസന പ്രവർത്തനങ്ങൾക്കുള്ള കോർപ്പസ് ഫണ്ട് അനുവദിച്ചു നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) തൃശ്ശൂർ ജില്ലയിൽ 2016-17 സാമ്പത്തിക വർഷത്തിലെ സ്പിൽ ഓവർ പ്രവൃത്തികൾക്കായി 3,57,04,159 രൂപ 2017-18 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിൽ നടപ്പുസാമ്പത്തിക വർഷത്തെ പ്രവൃത്തികൾക്കായി കോർപ്പസ് ഫണ്ട് വിഹിതം അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## പട്ടികജാതി കോളനികളുടെ വികസനം

11 (3888) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി കോളനികളുടെ വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി കോളനികളുടെ വികസനം ലക്ഷ്യമാക്കി അംബേദ്കർ ഗ്രാമവികസന പരിപാടി നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന സങ്കേതങ്ങളിൽ ഒരു കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്. കോർപ്പസ് ഫണ്ടിൽ നിന്നാണ് അംബേദ്കർ ഗ്രാമവികസന പരിപാടിക്ക് തുക വിനിയോഗിക്കുന്നത്. 2016-17-ൽ 196 സങ്കേതങ്ങൾക്കായി 98 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ ജില്ലാ കളക്ടർമാർ മുഖേനയും സങ്കേത വികസനത്തിനാവശ്യമായ പ്രവൃത്തികൾ നടന്നു വരുന്നുണ്ട്.

**പട്ടികജാതി കോളനികളിലെ കുടുംബങ്ങളെ സോഷ്യൽ മാപ്പിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

12 (3889) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന കോളനികളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകളിലും ഷീറ്റുകൾ കൊണ്ടുള്ള വീടുകളിലും താമസിക്കുന്ന കുടുംബങ്ങൾ കെട്ടിട നമ്പറില്ലാത്തതിന്റെ പേരിൽ, കോളനികളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സോഷ്യൽ മാപ്പിൽ നിന്നും ഒഴിവാക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വിഭാഗങ്ങളെ കൂടി സോഷ്യൽ മാപ്പിൽ ഉൾപ്പെടുത്തുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിലെ ബന്ധപ്പെട്ട ഓഫീസർമാർക്കും പ്രൊമോട്ടർമാർക്കും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

13 (3890) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോളനികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഏത് ഏജൻസിയാണ് നിർമ്മാണ പ്രവർത്തനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമവികസന പരിപാടിയിലേയ്ക്ക് പമ്മത്തിൻമൂല, കരിക്കകത്ത് എന്നീ പട്ടികജാതി കോളനികളെ തെരഞ്ഞെടുത്തിരുന്നു. എന്നാൽ നിലവിലെ നിബന്ധനയനുസരിച്ച് പമ്മത്തിൻമൂല കോളനി ഫീസിബിളല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ടി കോളനിക്ക് പകരം ബഹു മാനപ്പെട്ട എം.എൽ.എ ശിപാർശ ചെയ്യുന്ന കോളനിയെ തെരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കരിക്കകത്ത് കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒന്നാം ഗഡുവായി 50 ലക്ഷം രൂപ അനുവദിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി കൂടുകയും അതിൻപ്രകാരം എസ്റ്റിമേറ്റെടുത്ത് നൽകുന്നതിന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**പട്ടികജാതി സങ്കേതങ്ങളുടെ സമഗ്രവികസനത്തിനുള്ള കർമ്മ പദ്ധതികൾ**

14(3891) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളുടെ സമഗ്രവികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ പദ്ധതി പ്രകാരം ഇവർക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര സങ്കേതങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പദ്ധതിയിൽ ഉൾപ്പെടുത്തിയ സങ്കേതങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് നടപ്പിലാക്കിയത്; വിവരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അംബേദ്കർ ഗ്രാമ വികസന പരിപാടി നടപ്പിലാക്കിവരുന്നു. സ്വയംപര്യാപ്ത ഗ്രാമ വികസന പദ്ധതി, ഗാന്ധി ഗ്രാമം പദ്ധതി എന്നീ പദ്ധതികളുടെ സ്പിൽ ഓവർ

പ്രവൃത്തികളും നടപ്പിലാക്കിവരുന്നു. പദ്ധതികൾക്കാവശ്യമായ തുക കോർപ്പസ് ഫണ്ടിൽ നിന്നുമാണ് ചെലവഴിക്കുന്നത്. കൂടാതെ ജില്ലകൾക്ക് അനുവദിക്കുന്ന $^{1}/_{3}$ കോർപ്പസ് ഫണ്ട് വിനിയോഗിച്ചും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുന്ന പദ്ധതി പ്രകാരവും കുടിവെള്ളം, ടോയ്‌ലെറ്റ് നിർമ്മാണം, വേസ്റ്റ് മാനേജ്മെന്റ്, വൈദ്യുതി, റോഡുകൾ, ശ്മശാനങ്ങൾ മുതലായ പ്രോജക്ടുകളും നടപ്പിലാക്കിവരുന്നു.

(ബി) കോളനികളിൽ നടപ്പാക്കാവുന്ന അടിസ്ഥാന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു :

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയ വിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവു വിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടിക്കൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതാ സ്വയം തൊഴിൽ പദ്ധതി)

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കിവരുന്ന അംബേദ്കർ ഗ്രാമ വികസന പരിപാടി പ്രകാരം നാളിതുവരെ 196 പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 98 കോടി രൂപ ആദ്യ ഗഡുവായി അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) ഇന്റേണൽ റോഡ്/ഫുട്പാത്ത്, കുടിവെള്ള സൗകര്യങ്ങൾ, ഡ്രെയിനേജ് സൗകര്യങ്ങൾ, വൈദ്യുതീകരണം, തെരുവുവിളക്ക്, സാനിറ്റേഷൻ, ഭവന പുനരുദ്ധാരണം, മാലിന്യ നിർമ്മാർജ്ജനം, പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സംരക്ഷണ ഭിത്തി നിർമ്മാണം, ഇറിഗേഷൻ എന്നീ സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയ സങ്കേതങ്ങളിൽ നടപ്പിലാക്കുന്നത്.

**പട്ടികജാതി പെൺകുട്ടികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി**

15 (3892) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പെൺകുട്ടികളുടെ സമഗ്ര വികസനത്തിനുതകുന്ന ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിവരിക്കുമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെ കണ്ടെത്താനാണ് തീരുമാനി ച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി പെൺകുട്ടികൾക്ക് ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തിയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതിയായ വാത്സല്യനിധി എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം എന്നിവ ഉറപ്പുവരുത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ള ഒരു ഇൻഷുറൻസ് ബന്ധിത പദ്ധതിയാണിത്.

(സി) ഈ സാമ്പത്തിക വർഷം ജനിക്കുന്ന പട്ടികജാതി പെൺകുട്ടികളാണ് ഗുണഭോക്താക്കൾ. ടി പദ്ധതി നടപ്പിലാക്കിത്തുടങ്ങിയിട്ടില്ല.

(ഡി) 2017-18 സാമ്പത്തിക വർഷം 2225-01-102-91 (പി) ശീർഷകത്തിൽ 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഇ) പദ്ധതി അംഗീകാരത്തിന്റെ അന്തിമ ഘട്ടത്തിലാണ്.

## പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ചികിത്സയ്ക്കായി ധനസഹായങ്ങൾ

16 (3893) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ചികിത്സക്കായി ഓരോ വിഭാഗത്തിനും നൽകുന്ന ധനസഹായം, ആയതിന് ആവശ്യമായ രേഖകൾ, അപേക്ഷിക്കേണ്ട രീതി, മറ്റ് മാനദണ്ഡങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ എന്താണെന്ന് വിശദീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് പ്രത്യേക അപേക്ഷാഫോമോ മറ്റോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ 1,00,000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് ബഹുമാനപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000 രൂപ വരെ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, ഹീമോഫീലിയ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് 1,00,000 രൂപ വരെ നൽകുന്നു. ചികിത്സാ ധനസഹായത്തിന് നിശ്ചിത ഫോമിലുള്ള അപേക്ഷ, ജാതി/വരുമാന/മെഡിക്കൽ സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നേരിട്ടും അപേക്ഷ നൽകാവുന്നതാണ്. 1-9-2017 മുതൽ ഓൺലൈനായാണ് നടപ്പാക്കുന്നത്.

മാനദണ്ഡങ്ങൾ:

(എ) ചികിത്സാ ധനസഹായം ലഭിക്കുന്നതിന് അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം വരെ ആകാവുന്നതാണ്.

(ബി) അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത ഫോറത്തിൽ പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(സി) ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കാറുണ്ട്. ഇപ്രകാരം അനുവദിക്കുന്ന തുക ചികിത്സ നടത്തുന്ന ആശുപത്രിക്ക് നൽകുന്നു.

(ബി) ചികിത്സാ ധനസഹായവുമായി ബന്ധപ്പെട്ടിട്ടുള്ള നിശ്ചിത ഫോമിലുള്ള അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ

17 (3894) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരലൽ കോളേജുകളിൽ പഠിച്ചുവരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് അടയ്ക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ബി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ധനസഹായ പദ്ധതികൾ എന്തെല്ലാം ; വിശദമാക്കാമോ;

(സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് അർഹതയുള്ള സ്കോളർഷിപ്പ് പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ?

ഉത്തരം

(എ) പാരലൽ കോളേജുകളിൽ പഠിച്ചുവരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫീസ് അടയ്ക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്.

(ബി) 2-7-2009-ലെ സ.ഉ (അച്ചടി) 50/2009/പജപവവിവ. പ്രകാരം അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്നവർക്കും, ഡി.എം.ഇ., ഡി.എച്ച്.എസ്, നേഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നുണ്ട്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടാത്ത സംസ്ഥാനത്തെ അംഗീകൃത അൺ-എയ്ഡഡ് സ്ഥാപനങ്ങളിലെ അംഗീകൃത കോഴ്സുകളിൽ പഠിക്കുന്ന രണ്ടര ലക്ഷത്തിന് താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു.

(സി) 1. പ്രീ-മെട്രിക് സ്കോളർഷിപ്പ്

2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)
5. 9, 10, ക്ലാസ്സുകളിലെ പ്രീ മെട്രിക് സ്കോളർഷിപ്പ് (100 % CSS)
6. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്
7. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം
8. ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം
9. എം.ബി.ബി.എസ്./എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന പട്ടികജാതി വിഭാഗം ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവിന് ധനസഹായം
10. വൃത്തിഹീന സാഹചര്യങ്ങളിലെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം
11. അയ്യങ്കാളി ടാലന്റ് സെർച്ച് &ഡെവലപ്മെന്റ് സ്കോളർഷിപ്പ്
12. വിഷൻ 2013-മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി
13. ബുക്ക് ബാങ്ക് സ്കീം (50% സി.എസ്.എസ്.)
14. പാരലൽ കോളേജിൽ പഠിക്കുന്നവർക്ക് ധനസഹായം
15. കലാകോഴ്സുകൾ പഠിക്കുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം

**പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

18 (3895) <u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണോ എന്ന് വെളിപ്പെടുത്തുമോ;

(സി) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി ഭൂമി നൽകുന്നതിനും, നിലവിലുള്ള വ്യവസായങ്ങൾ പരിരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പദ്ധതികളുടെ ഫലമൂല്യ നിർണ്ണയം സാധ്യമാകത്തക്ക വിധത്തിൽ സമഗ്രമായ ഒരു പഠനം സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് വഴി നടത്തി സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുവാൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും പ്രതിമാസം പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(ബി) 50,000 രൂപ മുതൽ 10,00,000 രൂപ വരെ മുതൽമുടക്ക് ആവശ്യമുള്ള വരുമാനദായക പദ്ധതികൾക്ക് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വായ്പ നൽകിവരുന്നു. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ വായ്പാ വിതരണത്തിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ സംരംഭകരെ സൃഷ്ടിക്കാൻ ഇത്തരം പദ്ധതികൾ വളരെയേറെ ഗുണകരമായിട്ടുണ്ടെന്നതിനാൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്.

(സി) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി ഭൂമി നൽകുന്നത് കോർപ്പറേഷന്റെ പ്രവർത്തന പരിധിയിൽ വരുന്ന വിഷയമല്ല. നിലവിൽ സ്വന്തമായി ഭൂമിയുള്ളതോ അഥവാ ലീസ് അടിസ്ഥാനത്തിൽ ലഭിക്കാൻ സാധ്യതയുള്ളതോ ആയ വിജയ സാധ്യതയുള്ള വ്യവസായ സംരംഭങ്ങൾക്ക് വായ്പ നൽകുന്നതിനാണ് കോർപ്പറേഷൻ മുൻഗണന നൽകിവരുന്നത്. ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് ആവശ്യമായ യന്ത്ര സാമഗ്രികൾക്ക് വേണ്ടിയുള്ള സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും കോർപ്പറേഷന്റെ വായ്പാ പദ്ധതികളിലൂടെ നൽകിവരുന്നുണ്ട്. പട്ടിക വിഭാഗത്തിൽപ്പെടുന്ന സംരംഭകർ നടത്തുന്ന വ്യവസായങ്ങൾ പരിരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ഈ വായ്പകൾ ഉപയോഗിച്ചുവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ആത്മഹത്യാ പ്രവണത

19 (3896) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ആത്മഹത്യാ പ്രവണത വർദ്ധിക്കുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ നിജസ്ഥിതി അന്വേഷിച്ചറിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ആത്മഹത്യാ പ്രവണത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തിരുവനന്തപുരം ജില്ലയിലെ പാലോട്, പെരിങ്ങമല പഞ്ചായത്തുകളിൽ കഴിഞ്ഞ അഞ്ചു വർഷമായി പൊതു സമൂഹത്തിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗങ്ങൾക്കിടയിലും ആത്മഹത്യാ പ്രവണത കൂടുന്നതായി ചില റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിരുന്നു. ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ സംസ്ഥാനത്തെ ശരാശരിയെക്കാൾ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആത്മഹത്യ കൂടിവരികയാണെന്ന് കണ്ടിട്ടുണ്ട്. ഈ പ്രദേശത്ത് പട്ടികജാതി/പട്ടികവർഗ്ഗക്കാരിലും ഈ നിരക്കിന് ആനുപാതികമായ തോതിൽ ആത്മഹത്യാ നിരക്കിലെ വർദ്ധന ദൃശ്യമാണ്.

(ബി) ഈ പ്രശ്നത്തിന്റെ നിജസ്ഥിതി അറിയുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്കസമുദായക്ഷേമ നിയമ സാംസ്കാരിക പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പ്രദേശം സന്ദർശിക്കുകയും ഉദ്യോഗസ്ഥരിൽനിന്നും ജനങ്ങളിൽനിന്നും ചർച്ചയിലൂടെ കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രദേശത്തെ ജനങ്ങളുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങളും ആത്മഹത്യയുടെ കാരണങ്ങളും പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ ഉൾപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മനോരോഗ വിഭാഗത്തിന്റെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക വിലയിരുത്തലിൽ ലഹരിയുടെ അമിതമായ ഉപയോഗമാണ് ആത്മഹത്യകളുടെ പ്രധാന കാരണം എന്ന് മനസ്സിലായതിനാൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണവും നിരീക്ഷണവും ഏർപ്പാടാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് പരിശീലനം

20 (3897) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് പ്ലസ് ടുവിനു ശേഷം വിവിധ പ്രൊഫഷണൽ കോഴ്സുകളുടെ എൻട്രൻസ് പരീക്ഷാ പരിശീലനത്തിനും, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനും, പി.എസ്.സി, യു.പി.എസ്.സി. വഴി ജോലിക്കുവേണ്ടിയുള്ള മൽസര പരീക്ഷകളുടെ പരിശീലനത്തിനും, പങ്കെടുക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെയുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി താമസസൗകര്യമുൾപ്പെടെ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്:

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിലായി 4 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്ലസ് ടു പഠനത്തിനോടൊപ്പം വാരാന്ത്യ/അവധി ദിന മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനവും, മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് ക്രാഷ് കോഴ്സും ടി സെന്ററുകളിൽ നടത്തിവരുന്നുണ്ട്. ഇതിനുപുറമെ പ്ലസ് ടു പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് 11 മാസം നീണ്ടുനിൽക്കുന്ന എൻട്രൻസ് പരീക്ഷാ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും B+ൽ കുറയാത്ത മാർക്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്ലസ് ടു പഠനത്തോടൊപ്പം മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷകൾക്ക് ദീർഘകാല കോച്ചിംഗ് നേടുന്നതിന് ഗ്രാന്റ് അനുവദിച്ചുവരുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു വർഷത്തേയ്ക്ക് 10,000 രൂപ വീതം രണ്ടു വർഷത്തേയ്ക്കും കൂടി പരമാവധി 20,000 രൂപ അനുവദിക്കുന്ന പദ്ധതിയാണിത്.

പി.എസ്.സി., യു.പി.എസ്.സി, ആർ.ആർ.ബി., എസ്.എസ്.സി. തുടങ്ങി സംസ്ഥാന/കേന്ദ്ര സർക്കാർ സർവ്വീസുകളിൽ ജോലി നേടുന്നതിനുള്ള മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കുന്ന പരിശീലനം നൽകിവരുന്നു. പട്ടികജാതി വികസന വകുപ്പിന് കീഴിൽ മണ്ണന്തല ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന ICSETS-ൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് എഴുതുന്നതിനുള്ള പരിശീലനം നൽകിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്:

പ്രൊഫഷണൽ കോഴ്സുകളുടെ എൻട്രൻസ് പരീക്ഷാ പരിശീലനം:

സയൻസ് വിഷയമെടുത്ത് പഠിച്ച് പ്ലസ് ടു/വി.എച്ച്.എസ്.ഇ. പരീക്ഷ പാസ്സായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് NEET/KEAM എന്നീ പൊതുപ്രവേശന പരീക്ഷയ്ക്കു മുമ്പായി പരിശീലനം നൽകി പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരു വർഷത്തെ പരിശീലനം, ഒരു മാസത്തെ ക്രാഷ് കോഴ്സ് എന്നിവ നൽകിവരുന്നു.

സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം:

പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സമർപ്പിക്കുന്ന സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനായുള്ള അപേക്ഷയിന്മേൽ സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങി ധനസഹായം അനുവദിക്കുന്നു.

(ബി) പി.ഇ.ടി.സി.കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാചെലവുൾപ്പെടെയുള്ള ചെലവുകൾക്കായി 400 രൂപ വീതം പ്രതിമാസം സ്റ്റൈപ്പന്റ് അനുവദിച്ചു നൽകുന്നുണ്ട്. കൂടാതെ ഓരോ കോഴ്സിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബുക്ക്, റാങ്ക് ഫയൽ, ചോദ്യകടലാസ്സുകൾ തുടങ്ങിയ പഠനസാമഗ്രികൾ സൗജന്യമായി നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ വകുപ്പ് മുഖേന നൽകിവരുന്ന പൊതു പരീക്ഷാ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് താമസം, ഭക്ഷണം, യാത്രാബത്ത, സ്റ്റഡി മെറ്റീരിയൽസ്, ഒരു നിശ്ചിത തുകയുടെ പോക്കറ്റ്മണി, എൻട്രൻസ് പരീക്ഷ, അപേക്ഷകൾ സംബന്ധിച്ച ചെലവുകൾ എന്നിവ അനുവദിക്കുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠന സൗകര്യം

21 (3898) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠന സൗകര്യം ഉറപ്പുവരുത്താനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മേഖലകളിലെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലുണ്ടായിരുന്ന ദുരവസ്ഥ ഉൾപ്പെടെയുള്ള പരാതികൾ എന്തെല്ലാമെന്നും ഇത് ഒഴിവാക്കുന്നതിനും വിദ്യാർത്ഥികൾക്ക് സുരക്ഷ ഉറപ്പുവരുത്താനും എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി വിദ്യാർത്ഥികളുടെ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്
2. റ്റ്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്/ഇ-ഗ്രാന്റ്സ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
5. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100 % CSS)
6. 9, 10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)
7. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
8. വൃത്തിഹീന സാഹചര്യങ്ങളിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്
9. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി
10. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി
11. സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം
12. ലാപ്ടോപ്പ് വാങ്ങൽ ധനസഹായം
13. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്)

14. മോഡൽ റെസിഡൻഷ്യൽ സ്കൂൾ

15. പ്രീമെട്രിക് ഹോസ്റ്റൽ

16. ഐ.റ്റി.ഐ.കൾ

17. പി.ഇ.റ്റി.സി.

18. ക്രെസ്റ്റ്

19. നഴ്സറികൾ

20. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി

21. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം

22. മെഡിക്കൽ കോളേജ്, പാലക്കാട്

23. ബിരുദ/ബിരുദാനന്തര കലാകോഴ്സകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന/പരിശീലന ഉപകരണങ്ങൾ/ഉപാധികൾ വാങ്ങുന്നതിന് ധനസഹായം.

ഇതിനുപുറമെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി താഴെപ്പറയുന്ന പ്രത്യേക പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്.

1. സ്കൂൾ വിദ്യാർത്ഥികൾക്ക് അകലങ്ങളിലുള്ള സ്കൂളുകളിലേയ്ക്ക് പോകുന്നതിന് പ്രത്യേക യാത്രാ സൗകര്യം ഏർപ്പാടാക്കുന്ന 'ഗോത്രസാരഥി' പദ്ധതി.

2. വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ട്യൂട്ടോറിയൽ പദ്ധതി.

3. യൂണിഫോം വിതരണം.

4. മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ്.

5. സങ്കേതങ്ങൾക്കുള്ളിൽ ഏകാധ്യാപക വിദ്യാലയങ്ങൾ, വികാസ് വാടികൾ, കിന്റർഗാർട്ടനുകൾ, ബാലവാടികൾ.

6. സൈനിക സ്കൂൾ നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനം.

<u>പുതിയ പദ്ധതികൾ:</u>

1. പട്ടികവർഗ്ഗ ഊരുകളിൽ വിദ്യാർത്ഥികൾ കൃത്യമായി ഗൃഹപാഠങ്ങൾ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുവാനും ആധുനിക പഠനോപാധികൾ ഉറപ്പു വരുത്തുവാനും വേണ്ടി 'സാമൂഹ്യ പഠന മുറികൾ' ഈ വർഷം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

2. ഈ വർഷം ആരംഭിച്ച ഒരു പുതിയ സംരംഭമാണ് 'ഗോത്രബന്ധു' പദ്ധതി. ഇതിന്റെ ഭാഗമായി വയനാട് ജില്ലയിലെ പ്രൈമറി ക്ലാസുകളുള്ള എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 241 അദ്ധ്യാപകരെ നിയമിച്ചു. കൊഴിഞ്ഞുപോക്ക് തടയുക, ചെറിയ ക്ലാസുകളിൽ ഭാഷാപരമായ പ്രശ്നങ്ങൾ പഠനത്തിന് തടസ്സം നിൽക്കുന്നത് ഒഴിവാക്കുക, മറ്റ് വിദ്യാർത്ഥികളുമായി ഇടപഴകുന്നതിന് സൗകര്യമൊരുക്കുക എന്നിവയാണ് ഗോത്രബന്ധു അദ്ധ്യാപകരുടെ പ്രധാനപ്പെട്ട ദൗത്യം.

(സി) <u>പട്ടികജാതി വികസന വകുപ്പ്:</u>

പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ പഠന സൗകര്യത്തിൽ വാർഡൻ പ്രത്യേക ശ്രദ്ധചെലുത്തുന്നു. മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് പുറമേ പ്രീ-മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് ബാഗ്, ചെരുപ്പ്, കുട, യൂണിഫോം മുതലായവ വാങ്ങുന്നതിന് തുക അനുവദിക്കുന്നു. എണ്ണ, സോപ്പ്, തോർത്ത് മുതലായ അവശ്യസാധനങ്ങൾ വാങ്ങുന്നതിന് അലവൻസ്, പോക്കറ്റ് മണി എന്നിവ അനുവദിച്ചുവരുന്നു. സൗജന്യ താമസവും ഭക്ഷണവും നൽകുന്നു.

പോസ്റ്റ്മെട്രിക് ഹോസ്റ്റലിൽ പഠനസഹായത്തിനായി റെസിഡൻഷ്യൽ ട്യൂട്ടർമാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് പുറമേ പോക്കറ്റ് മണിയും അനുവദിച്ചുവരുന്നു. സൗജന്യ താമസവും ഭക്ഷണവും നൽകുന്നു. ഹോസ്റ്റൽ അന്തേവാസികളുടെ സുരക്ഷയ്ക്കായി വാർഡൻ, വാച്ച്മാൻ എന്നിവരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്:</u>

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി 50 ഹോസ്റ്റലുകളിൽ സിസിറ്റിവി സ്ഥാപിക്കുന്നതിനായി 276.88 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 40 ഹോസ്റ്റലുകളിൽ സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീനുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനായി 17.53 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ

22 (3899) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളും നൽകിയിരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിലെ സർക്കാർ ഇവയിൽ ഏതെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു നൽകി; വിശദാംശം ലഭ്യമാക്കുമോ;

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ സ്വന്തമായ വീടോ, വീടുവയ്ക്കാൻ സ്ഥലമോ ഇല്ലാത്തവർ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) അവർക്ക് വീടുവയ്ക്കുവാനും സ്ഥലമില്ലാത്തവർക്ക് സ്ഥലമുൾപ്പെടെ വീട് നൽകാനും ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയിരുന്ന സഹായങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം ചുവടെ കൊടുത്തിരിക്കുന്ന സഹായങ്ങളും ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട് :

1. പ്രീമെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം 25% വർദ്ധിപ്പിച്ചു.
2. മിശ്രവിവാഹ ധനസഹായം, വിവാഹ ധനസഹായം എന്നീ ആനുകൂല്യങ്ങൾ 50,000 രൂപയിൽനിന്നും 75,000 രൂപയായി വർദ്ധിപ്പിച്ചു.
3. വിദേശ തൊഴിൽ ധനസഹായ പദ്ധതി പ്രകാരം അനുവദിക്കുന്ന ആനുകൂല്യം 50,000 രൂപയിൽ നിന്നും 1,00,000 രൂപയായി വർദ്ധിപ്പിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. വിവാഹ ധനസഹായത്തിനുള്ള കുടുംബ വാർഷിക വരുമാന പരിധി നിലവിലുള്ള 50,000 രൂപയിൽ നിന്നും 1,00,000 രൂപയായി വർദ്ധിപ്പിച്ചു.

5. മിശ്രവിവാഹ ധനസഹായത്തിനുള്ള കുടുംബ വാർഷിക വരുമാന പരിധി 40,000 രൂപയിൽ നിന്നും 1,00,000 രൂപയായി വർദ്ധിപ്പിച്ചു.

6. പെരിപ്പതറ്റിക്/ഏകാധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്ക് പ്രതിവർഷ യൂണിഫോം അലവൻസ് 400 രൂപയിൽ നിന്ന് 500 രൂപയായും കുട്ടികളുടെ പ്രതിദിന ഭക്ഷണചെലവ് 15 രൂപയിൽ നിന്നും 40 രൂപയായും വർദ്ധിപ്പിച്ചു.

7. അരിവാൾ രോഗികൾക്ക് സാന്ത്വനം - പ്രതിമാസം 2,000 രൂപയിൽ നിന്നും 2500 രൂപയായി വർദ്ധിപ്പിച്ചു.

(സി) 2009-ൽ കില നടത്തിയ സർവ്വെ പ്രകാരം സംസ്ഥാനത്ത് 30,698 ഭൂരഹിതരായ പട്ടികജാതിക്കാരും 26,210 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളും ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂരഹിതരായ 11,594 പേരും സ്വന്തമായി ഭൂമിയുള്ളവരിൽ ഭവനരഹിതരായ 15,176 പേരും ഉണ്ട്.

(ഡി) ഗ്രാമപ്രദേശത്ത് സ്വന്തമായി രണ്ട് സെന്റും, നഗര പ്രദേശങ്ങളിൽ കുറഞ്ഞത് ഒന്നര സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതരായ പട്ടികജാതിക്കാർക്ക് 3,00,000 രൂപ 4 ഗഡുക്കളായി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നു. നിലവിൽ സ്ഥലം ഇല്ലാത്ത പട്ടികജാതിക്കാർക്ക് സ്ഥലം ലഭ്യമാക്കുന്നതിന് ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചുവരുന്നു. ഭൂമി വാങ്ങുന്നതിനായി ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 5 സെന്റ് ഭൂമിക്ക് 3.75 ലക്ഷം രൂപയും, മുനിസിപ്പാലിറ്റികളിൽ കുറഞ്ഞത് 3 സെന്റ് ഭൂമിക്ക് 4.50 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ കുറഞ്ഞത് 3 സെന്റ് ഭൂമിക്ക് 6 ലക്ഷം രൂപയും അനുവദിക്കുന്നു. കൂടാതെ ഭൂരഹിതരും ഭവന രഹിതരും വേടൻ, നായാടി, ചക്ലിയ/അരുന്ധതിയാർ, കള്ളാടി എന്നീ ദുർബല സമുദായത്തിൽ ഉൾപ്പെട്ടവരുമായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിന് 7.25 ലക്ഷം രൂപ അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് 'ഭൂമി വാങ്ങി നൽകൽ പദ്ധതി', ആദിവാസി പുനരധിവാസ വികസന മിഷൻ തുടങ്ങിയ പദ്ധതികൾ പ്രകാരം ഭൂമി ലഭ്യമാക്കിവരുന്നു. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ജനറൽ ഹൗസിംഗ് പദ്ധതി, എ.റ്റി.എസ്.പി. ഭവന പദ്ധതി, ഹഡ്കോ ഭവന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി വീടുകൾ അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ വനബന്ധു കല്യാൺ യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയും വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇവ കൂടാതെ ഗ്രാമവികസന വകുപ്പ് മുഖാന്തിരം പി.എം.എ.വൈ. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയും പട്ടികവർഗ്ഗക്കാർക്ക് വീടുകൾ അനുവദിച്ചുവരുന്നു.

## പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലെ വാച്ച്മാന്മാരുടെ ഡ്യൂട്ടി സമയം

23 (3900) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ എണ്ണം എത്ര; ഈ ഹോസ്റ്റലുകളിലെ ആകെ വാച്ച്മാന്മാരുടെ തസ്തിക എത്ര; വ്യക്തമാക്കാമോ ;

(ബി) ഈ ഹോസ്റ്റലുകളിൽ പ്രവർത്തിക്കുന്ന വാച്ച്മാന്മാരുടെ ഒരു ദിവസത്തെ ഡ്യൂട്ടി സമയവും ഒരാഴ്ചത്തെ പരമാവധി ഡ്യൂട്ടി സമയവും എത്രയാണെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ ഹോസ്റ്റലുകളിൽ പ്രവർത്തിക്കുന്ന വാച്ച്മാന്മാർ പ്രതിദിനം 18 മണിക്കൂർ മുതൽ 24 മണിക്കൂർ വരെ ഡ്യൂട്ടി ചെയ്യേണ്ട സാഹചര്യം നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 2017 മാർച്ച് 22-ന് പുറപ്പെടുവിച്ച ഉത്തരവ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സർക്കാരിന് നൽകിയ നിർദ്ദേശം എന്താണെന്നും ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന് അനുവദിച്ചിരുന്ന സമയപരിധി എത്രയാണെന്നും വ്യക്തമാക്കുമോ;

(ഇ) ഇതിന്മേൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അനുവദിച്ചിരുന്ന സമയപരിധി പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമയപരിധി പാലിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ നിലവിൽ 109 ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. ആയതിൽ 109 വാച്ച്മാന്മാരുടെ തസ്തികയുണ്ട്.

(ബി) ഇല്ല. വാച്ച്മാന്റെ ജോലി സമയം നിശ്ചയിച്ചുകൊണ്ട് പ്രത്യേക ഉത്തരവ് നിലവിലില്ല. ടി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് വീക്കിലി ഓഫാണ് അനുവദിച്ചുവരുന്നത്.

(സി) ഉണ്ട്. വകുപ്പിലെ വാച്ച്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ഉണ്ട്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 22-3-2017-ൽ പുറപ്പെടുവിച്ച വിധിന്യായ പ്രകാരം കൂടുതൽ വാച്ച്മാൻമാരെ നിയമിച്ച് ഇക്കാര്യത്തിൽ ശാശ്വത പരിഹാരം കാണാനും judgment-ന്റെ വെളിച്ചത്തിൽ working hours - 8 hours a day and 48 hours a week എന്ന രീതിയിൽ ആക്കുവാനും കഴിയുന്നതാണെന്നും ആയത് നടപ്പിലാക്കുവാനായി ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാനുമാണ് സർക്കാരിനോട് നിർദ്ദേശിച്ചിരിക്കുന്നത്. വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കിട്ടിയതിനുശേഷം മൂന്ന് മാസത്തിനുള്ളിൽ നിർദ്ദേശം നടപ്പിലാക്കണമെന്ന ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(എഫ്) സമയപരിധി കഴിഞ്ഞിട്ടില്ല.

**പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി**

24 (3901) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ പെൺകുട്ടികളുടെ സമഗ്ര വികസനത്തിനുതകുന്ന ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിവരിക്കുമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ;

(ഇ) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഗോത്ര വാത്സല്യനിധി പദ്ധതി എന്ന പേരിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പാക്കൽ, കഴിവ് മെച്ചപ്പെടുത്തുക, സാമൂഹ്യ പദവി ഉയർത്തുക എന്നീ കാര്യങ്ങൾക്കുവേണ്ടി ഒരു ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. പട്ടികവർഗ്ഗ പെൺകുട്ടികളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനത്തിനായി ഗോത്ര വാത്സല്യനിധി എന്ന പദ്ധതി ലക്ഷ്യമിടുന്നു. പെൺകുട്ടി പത്താം ക്ലാസ് ആകുമ്പോഴോ, 18 വയസ്സ് ആകുമ്പോഴോ ഈ ദീർഘകാല നിക്ഷേപ പദ്ധതി പൂർത്തിയാവുന്നതാണ്. ഇതനുസരിച്ച് പെൺകുഞ്ഞിന്റെ ജനന രജിസ്ട്രേഷൻ, പ്രതിരോധ കുത്തിവെയ്പ്പ്, സ്കൂൾ പ്രവേശനം തുടങ്ങി പത്താം ക്ലാസ്സ് എത്തുന്നതോടെ ഒരു സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്. ഇൻഷ്വറൻസ് തുക ജീവിത നിലനിൽപ്പിനായോ, ഉന്നത വിദ്യാഭ്യാസത്തിനോ ഉപയോഗിക്കാവുന്നതാണ്. ഇതിനായുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതും വാങ്ങൽ നടപടിക്രമവും സർക്കാർ ഉത്തരവ് വഴി ആയിരിക്കണം. ഇതൊരു ദീർഘകാല പദ്ധതി ആയതിനാൽ ഇതിനായി ഒരു മോണിറ്ററിംഗ് സോഫ്റ്റ്വെയർ രൂപീകരിച്ച് ഗുണഭോക്താക്കളുടെ ഇൻഷ്വറൻസ് വരി സംഖ്യയുടെ അടവ് നിരീക്ഷിക്കേണ്ടതാണ്.

(സി) 1-4-2017 മുതൽ ജനിച്ച പട്ടികവർഗ്ഗ പെൺകുട്ടികളുടെ ഡേറ്റ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേന സ്വീകരിച്ചുവരികയാണ്.

(ഡി) 2017-18 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 2225-02-102-76 ഗോത്ര വാത്സല്യ നിധി (പ്ലാൻ) ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) ഗോത്രവാത്സല്യനിധി പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനായി പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് മുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്.

**ചികിത്സാ ധനസഹായം വിതരണം ചെയ്യാൻ ഉണ്ടാകുന്ന കാലതാമസം**

25 (3902) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിന് ചികിത്സാധനസഹായം അനുവദിച്ച് ഉത്തരവിറങ്ങിയിട്ടും ജില്ലാ ഓഫീസുകളിൽനിന്നും പണം വിതരണം ചെയ്യാൻ ആറുമാസത്തിലധികം സമയമെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്;

(സി) അനുവദിച്ച ചികിത്സാ സഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗത്തിന് ചികിത്സാ ധനസഹായം അനുവദിക്കുന്ന ഉത്തരവുകളിന്മേൽ ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽനിന്നും ചികിത്സാ ധനസഹായ തുക വിതരണം ചെയ്യാൻ 6 മാസത്തിലധികം സമയം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ചികിത്സാധനസഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 1-9-2017 മുതൽ പദ്ധതി ഓൺലൈൻ ആയി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**അനാഥാലയങ്ങളിൽ വളരുന്ന കുട്ടികളുടെ സാമൂഹ്യ പിന്നോക്കാവസ്ഥ**

26 (3903) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങളിൽ ജാതിയും മതവും അറിയാതെ വളരുന്ന കുട്ടികളെ ജാതിയുടെയും മതത്തിന്റെയും മറ്റ് പിന്നോക്കാവസ്ഥയുടെയും അടിസ്ഥാനത്തിൽ ലഭിക്കേണ്ടതായ ഏതെങ്കിലും ആനുകൂല്യങ്ങൾക്ക് പരിഗണിക്കാതിരിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ ആനുകൂല്യം നിഷേധിക്കപ്പെടുന്ന സാഹചര്യം പഠിക്കുന്നതിനോ പരിശോധിക്കുന്നതിനോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അനാഥാലയങ്ങളിൽ വളരുന്ന കുട്ടികളുടെ സാമൂഹ്യ പിന്നോക്കാവസ്ഥ പരിഗണിച്ച് ഈ വിഷയം പരിശോധിക്കുന്നതിന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ വിഷയത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) സംസ്ഥാനത്തെ എല്ലാ അനാഥാലയങ്ങളിലെയും അനാഥരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് വിശദമായ ഒരു പഠനം നടത്തുന്നത് സംബന്ധിച്ച വിഷയം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ പരിഗണനയിലാണ്.

## ഭൂരഹിതരായിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി

27 (3904) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി നല്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഭൂമി ലഭിക്കുന്നതിന് എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) 2016 മേയ് 1 മുതൽ 2017 ജൂലൈ 31 വരെ ഈ വിഭാഗത്തിലെ എത്ര പേർക്ക് ഭൂമി നല്കിയെന്ന കണക്ക് ലഭ്യമാക്കാമോ?

### ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50,000 രൂപയിൽ താഴെ വരുമാനമുള്ളതും സ്വന്തമായി ഭൂമിയില്ലാത്തതുമായ അപേക്ഷകർക്ക് പഞ്ചായത്തുകളിൽ 5 സെന്റ് സ്ഥലം വാങ്ങുന്നതിന് 3,75,000 രൂപയും മുനിസിപ്പാലിറ്റികളിൽ 3 സെന്റിന് 4,50,000 രൂപയും കോർപ്പറേഷനിൽ 3 സെന്റിന് 6,00,000 രൂപയും നിരക്കിൽ അനുവദിച്ചുവരുന്നു. ഗുണഭോക്താക്കളെ ഗ്രാമസഭാ/വാർഡ് സഭ ലിസ്റ്റുകളിൽനിന്നും തെരഞ്ഞെടുക്കുന്നു. വാർഡ്സഭ/ഗ്രാമസഭ ലിസ്റ്റ് ലഭ്യമല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വകുപ്പ് മുഖേന നേരിട്ട് അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ അർഹതാ മാനദണ്ഡങ്ങളനുസരിച്ച് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിന് പുതിയ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. 2016-17-ൽ 4465 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി നൽകി. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മുൻ സർക്കാർ ഊർജ്ജിതമായി നടപ്പിലാക്കാതെ മാറ്റിവച്ചിരുന്ന വനാവകാശ നിയമ പ്രകാരം ഭൂമി നൽകുന്ന നടപടി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ത്വരിതപ്പെടുത്തി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്നിവരടങ്ങിയ ഒരു സമിതിയെ നിയോഗിക്കുകയും അതിൻപ്രകാരം നിക്ഷിപ്ത വനഭൂമി വിതരണത്തിന് അനുമതി ലഭിച്ച കാസർഗോഡ്, കണ്ണൂർ, വയനാട്,

പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലെ ഭൂമി 3 മാസത്തിനകം അളന്ന് തിരിച്ച് വിതരണം ചെയ്യുന്നതിന് സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിച്ചു. അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 1-1-1977-നുമുമ്പ് വനഭൂമി കൈവശമുള്ള പട്ടികവർഗ്ഗക്കാർക്കും പട്ടയം നൽകുന്നതിന് ഉത്തരവാകുകയും തുടർനടപടി റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചുവരികയുമാണ്. റവന്യൂ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി ലഭിക്കുന്നതിനായി 22,182 അപേക്ഷകൾ നിലവിലുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി ലഭിക്കുന്നതിനായി ഓരോ ജില്ലയിലും ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നമ്പർ | ജില്ല | ഭൂമി ലഭിക്കുന്നതിന് നിലവിലുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | കൊല്ലം | 12 |
| 3 | പത്തനംതിട്ട | 106 |
| 4 | കോട്ടയം | 49 |
| 5 | ആലപ്പുഴ | 43 |
| 6 | ഇടുക്കി | 62 |
| 7 | എറണാകുളം | 11 |
| 8 | തൃശ്ശൂർ | 6 |
| 9 | കോഴിക്കോട് | 11 |
| 10 | പാലക്കാട് | 130 |
| 11 | മലപ്പുറം | 74 |
| 12 | കണ്ണൂർ | 0 |
| 13 | വയനാട് | 3743 |
| 14 | കാസർഗോഡ് | 446 |
| | ആകെ | 4695 |

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 4732 പേർക്ക് 2016 മേയ് മുതൽ 2017 ജൂലൈ വരെ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2016 മേയ് മുതൽ 2017 ജൂലൈ വരെ നൽകിയ ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | നിക്ഷിപ്തവന ഭൂമി | 667 പേർക്ക് 558 ഏക്കർ ഭൂമി |
| 2 | ഭൂമി വാങ്ങി നൽകുന്ന പദ്ധതി | 202 പേർക്ക് 86.863 ഏക്കർ ഭൂമി |
| 3 | വനാവകാശനിയമപ്രകാരം കൈവശരേഖ നൽകിയത് | 136 പേർക്ക് 705 ഏക്കർ ഭൂമി. |

**പ്രൊമോട്ടർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചു നൽകാൻ നടപടി**

28 (3905) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തെ മുൻനിർത്തി ഇവർക്കിടയിൽ പ്രവർത്തിക്കുന്നതിനായി പ്രൊമോട്ടർമാരെ നിയമിച്ചത് എന്നുമുതലാണ്; ഇവർക്ക് നൽകിയിട്ടുള്ള ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരിൽ ഓരോ വിഭാഗത്തിനും നൽകുന്ന പ്രതിമാസ ഓണറേറിയം എത്ര എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഓരോ വിഭാഗത്തിനും ഓണറേറിയം ഏറ്റവുമൊടുവിൽ വർദ്ധിപ്പിച്ചു നൽകിയത് എന്നാണെന്നും എത്ര വീതം തുകയാണ് വർധിപ്പിച്ചു നൽകിയതെന്നും വ്യക്തമാക്കാമോ;

(സി) ജോലിഭാരം താരതമ്യേന കൂടുതലുള്ള പട്ടികജാതി പ്രൊമോട്ടർമാർക്ക് നൽകുന്ന ഓണറേറിയം മാത്രം വർദ്ധിപ്പിച്ചു നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് പട്ടികവർഗ്ഗ പ്രമോട്ടർമാർക്ക് നൽകുന്ന ഓണറേറിയം വർദ്ധിപ്പിച്ചു നൽകിയ തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ ഓണറേറിയം വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തെ മുൻനിർത്തി ഭവന നിർമ്മാണ പദ്ധതികളുടെ സഹായത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 26-7-2000-ലെ സ.ഉ. (സാധാ)531/2000/പജപവവിവ. പ്രകാരം നിയമിക്കപ്പെട്ട എസ്.സി.

വോളണ്ടിയർമാരാണ് പിന്നീട് എസ്.സി.പി. കോർഡിനേറ്ററും അതിനുശേഷം എസ്.സി. പ്രൊമോട്ടറുമായി പുനർനാമകരണം ചെയ്യപ്പെട്ടത്. എസ്.സി. പ്രൊമോട്ടർമാരുടെ ചുമതലകൾ അനുബന്ധമായി ചേർക്കുന്നു*. 28-8-2011-ലെ സ.ഉ. (കൈ) 41/ 2001/പജപവവിവ. പ്രകാരമാണ് പട്ടികവർഗ്ഗ മേഖലകളിൽ പ്രൊമോട്ടർമാരെ നിയമിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സർക്കാർ പ്രഖ്യാപിക്കുന്ന വിവിധ ക്ഷേമ പദ്ധതികളുടെ ഗുണഫലങ്ങൾ അർഹരായ പട്ടികവർഗ്ഗ ജനവിഭാഗങ്ങളിൽ എത്തിക്കുക, സർക്കാർ ആശുപത്രികളിൽ ചികിത്സ തേടി എത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ചികിത്സ ഉറപ്പ് വരുത്തുക, ഊരുകൂട്ടങ്ങൾ കൂടുന്നതിനും പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഗുണഭോക്താക്കളെയും വികസന വകുപ്പുകളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന കണ്ണിയായും പ്രവർത്തിക്കുക എന്നിവയാണ് എസ്.ടി. പ്രൊമോട്ടർമാരുടെ ചുമതലകൾ.

(ബി) പട്ടികജാതി പ്രൊമോട്ടർമാരുടെ ഓണറേറിയം 7000 രൂപയും, പ്രീമെട്രിക് ഹോസ്റ്റലുകളിലെ റസിഡന്റ് ട്യൂട്ടർമാരുടെ ചുമതല കൂടി വഹിക്കുന്ന പ്രൊമോട്ടർമാരുടെ ഓണറേറിയം 7,500 രൂപയുമാണ്. എസ്.ടി. പ്രൊമോട്ടർമാർക്ക് 9000 രൂപ ഓണറേറിയവും 625 രൂപ യാത്രാബത്തയും ഉൾപ്പെടെ 9625 രൂപയാണ് നൽകുന്നത്. 7-11-2015-ലെ സ.ഉ. (കൈ) 84/2015/പജപവവിവ. പ്രകാരം പട്ടികജാതി പ്രൊമോട്ടർമാരുടെ ഓണറേറിയം 4000 രൂപയിൽനിന്ന് 7,000 രൂപയായും പ്രീമെട്രിക് ഹോസ്റ്റലുകളിലെ റസിഡന്റ് ട്യൂട്ടർമാരുടെ ചുമതല കൂടി വഹിക്കുന്ന പ്രൊമോട്ടർമാരുടെ ഓണറേറിയം 4,500 രൂപയിൽ നിന്ന് 7,500 രൂപയായും വർദ്ധിപ്പിച്ചിരുന്നു. 30-1-2016-ലെ സ.ഉ. (കൈ) 9/16/പജപവവിവ പ്രകാരമാണ് എസ്.ടി. പ്രൊമോട്ടർമാരുടെ ഓണറേറിയം 5,000 രൂപയിൽനിന്ന് 9,000 രൂപയായി വർദ്ധിപ്പിച്ചത്.

(സി) പട്ടികജാതി പ്രൊമോട്ടർമാരുടെ ഓണറേറിയം 7-11-2015-ൽ വർദ്ധിപ്പിച്ചിരുന്നു. ആയത് കഴിഞ്ഞിട്ട് 21 മാസക്കാലയളവ് മാത്രമേ പൂർത്തിയായിട്ടുള്ളൂ.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ജനനി ജന്മരക്ഷ പദ്ധതി**

29 (3906) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കും അമ്മമാർക്കും പോഷകാഹാരം നൽകുന്നതിന് 'ജനനി ജന്മരക്ഷ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയ്ക്കായി നടപ്പു സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മൺസൂൺ കാലത്ത് ഈ വിഭാഗക്കാരുടെ പട്ടിണി ഇല്ലാതാക്കുന്നതിനായി ഭക്ഷ്യ സഹായ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) പദ്ധതി പ്രകാരം ഏതെല്ലാം ഭക്ഷ്യധാന്യങ്ങളാണ് ഇവർക്ക് വിതരണം ചെയ്യുന്നതെന്നും അതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വിഭാഗക്കാർക്കായി മുൻ വർഷം നടപ്പാക്കിയ പോലെ ഓണക്കിറ്റും ഓണക്കോടിയും വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ഈ വർഷവും നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടേയും അവരുടെ കുഞ്ഞുങ്ങളുടേയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'ജനനി ജന്മരക്ഷ' പദ്ധതി. എ.പി.എൽ., ബി.പി.എൽ., വ്യത്യാസമില്ലാതെ എല്ലാ ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും മുലയൂട്ടുന്ന അമ്മമാരുടേയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ പ്രസവശേഷമുള്ള 12 മാസം വരെ (ആകെ 18 മാസം) പ്രതിമാസം 1,000 രൂപ (ആയിരം രൂപ മാത്രം) അർഹരായ അപേക്ഷകർക്ക് (ഗുണഭോക്താക്കൾക്ക്) ലഭ്യമാക്കുന്നു. അമ്മയ്ക്കും കുഞ്ഞിനും ആവശ്യമായ പോഷകാഹാരം സ്വന്തം നിലയ്ക്ക് വാങ്ങി കഴിക്കുന്നതിനുവേണ്ടിയാണ് ടി തുക നൽകുന്നത്.

(ബി) ജനനി ജന്മരക്ഷാ പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം 15 കോടി രൂപ വകയിരുത്തിയതിൽ 6 കോടി 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഭക്ഷ്യ സഹായ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന സാധനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | അരി | - | 15 Kg |
| 2. | ചെറുപയർ/വൻപയർ | - | 1 Kg |
| 3. | കടല | – | 1 Kg |
| 4. | വെളിച്ചെണ്ണ | - | 1 Lr. |

നടപ്പ് സാമ്പത്തിക വർഷം ഭക്ഷ്യ സഹായ പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തിയതിൽ 8,93,41,600 രൂപ (എട്ട് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി അറുന്നൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് മുൻവർഷത്തെപ്പോലെ തന്നെ ഓണക്കോടിയും ഓണക്കിറ്റും ഈ വർഷവും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 1,55,471 കുടുംബങ്ങൾക്ക് ഓണക്കിറ്റും 60 വയസ്സ് മുതൽ പ്രായമുള്ള പട്ടികവർഗ്ഗക്കാരായ 51,476 പേർക്ക് (23107 പുരുഷന്മാർ, 28369 സ്ത്രീകൾ) ഓണക്കോടിയും വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ആദിവാസി കോളനിയുടെ നവീകരണം**

30 (3907) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഏക ആദിവാസി കോളനിയുടെ നവീകരണം സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനിയുടെ അടിസ്ഥാന/പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മങ്കട കള്ളിക്കൽ കോളനിയിലെ 6 കുടുംബങ്ങൾക്കും വീട്, വൈദ്യുതി എന്നിവയും, എം.പി. ഫണ്ട് ഉപയോഗിച്ച് റോഡും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ നടപ്പ് വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്. വീട്, കുടിവെള്ളം, വൈദ്യുതി, റോഡ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ ഈ കോളനിയിൽ ഇനി സംരക്ഷണ ഭിത്തി മാത്രമാണ് നിർമ്മിക്കേണ്ടത്. ഇതിനാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായതിനാൽ ഈ കോളനിയിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതില്ല.

## ആദിവാസി മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ വീഴ്ചകൾ വരുത്തിയ ഉദ്യോഗസ്ഥർ

31 (3908) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖലയിൽ അവരുടെ ഉന്നമനങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള പല പദ്ധതികളും നടപ്പിലാക്കുന്നതിൽ മുൻകാലങ്ങളിൽ ഉദ്യോഗസ്ഥർ വളരെയേറെ അലംഭാവവും കാലതാമസവും വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വീഴ്ചകൾ വരുത്തിയവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എസ്.റ്റി. പ്രൊമോട്ടർമാർ ഉൾപ്പെടെ ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ ചുമതലകൾ സംബന്ധിച്ച് മോണിറ്റർ ചെയ്യുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗുരുതരമായ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽനിന്നും മാറ്റിനിർത്തി കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും അടങ്ങുന്ന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു.

## ആദിവാസി കോളനികളിലെ അരി വിതരണം

32 (3909) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടമലക്കുടി ഉൾപ്പെടെയുള്ള ആദിവാസി കോളനികളിൽ സൗജന്യമായി വിതരണം ചെയ്യേണ്ട അരി യഥാസമയം വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്ന കാര്യം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇത്തരം കോളനികളിൽ ഭക്ഷ്യധാന്യവിതരണം നടത്തുന്നതിന് ഏതെങ്കിലും സൊസൈറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്ക് യഥാസമയം ഫണ്ട് വിതരണം ചെയ്യാത്തതാണ് ഇത്തരം സ്ഥിതിവിശേഷത്തിന് ഇടയാക്കിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റേഷൻ വിതരണമുൾപ്പെടെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ സൗജന്യമായി വിതരണം ചെയ്യേണ്ട അരി വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇടുക്കി ജില്ലയിലെ ഇടമലക്കുടി പട്ടികവർഗ്ഗ കോളനിയിൽ റേഷൻ സാധനങ്ങൾ വിതരണം നടത്തുന്നത് ദേവികുളം ഗിരിജൻ സർവ്വീസ് സൊസൈറ്റി മുഖേനയാണ്. റേഷൻ സാധനങ്ങളുടെ ചുമട്ട് കൂലി വിതരണം നടത്തുന്നത് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുമാണ്. 2017 ജനുവരി 31 വരെയുള്ള കുടിശ്ശിക തുക വിതരണം ചെയ്തിട്ടുണ്ട്. 1-2-2017 മുതൽ 30-4-2017 വരെയുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ ഭക്ഷ്യധാന്യ വിതരണം നടത്തുന്നത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയാണ്. ഫണ്ടിന്റെ ലഭ്യത കുറവുമൂലം ഭക്ഷ്യധാന്യ വിതരണം നിലച്ചിട്ടില്ല.

(സി) യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കോതമംഗലം മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പ്രവർത്തനം**

33 (3910) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകളായ ഇളമ്പ്ലാശ്ശേരിക്കുടി-ഞണ്ടുകുളം, മണികണ്ഠചാൽ-വെള്ളാരം കുത്ത് എന്നിവയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) ഇളമ്പ്ലാശ്ശേരി-ഞണ്ടുകുളം റോഡിന് വനാവകാശ നിയമ പ്രകാരം അനുമതി ലഭ്യമായിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടുകിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രശ്നം പരിഹരിച്ച് റോഡ് നിർമ്മാണം വേഗത്തിൽ ആക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭരണാനുമതി നൽകിയ എസ്റ്റിമേറ്റ് പ്രകാരം ഇളമ്പ്ലാശ്ശേരി-ഞണ്ടുകുളം റോഡിന്റെ നിർമ്മാണം നടത്താൻ സാധ്യമല്ലാത്തതിനാൽ നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. മണികണ്ഠചാൽ-വെള്ളാരംകുത്ത് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. 20% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി നടത്തുന്നതിനായി വനം വകുപ്പിൽ നിന്നും അനുമതി നൽകിയ ടി സ്ഥലത്ത് റോഡ് നിർമ്മാണം അനുവദിക്കുന്നത് വന്യജീവികളുടെ സ്വൈര്യവിഹാരത്തിന് തടസ്സം നേരിടും, ജനറൽ വിഭാഗക്കാർ വനം കയ്യേറുന്നതുമൂലം കുറ്റകൃത്യങ്ങൾ വർദ്ധിക്കും തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി അനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്തതായി മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

(സി) ഇളമ്പ്ലാശ്ശേരി-ഞണ്ടുകുളം റോഡിന്റെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും വനംവകുപ്പിന്റെ എൻ.ഒ.സി.-യും ലഭിച്ചതിനുശേഷം മാത്രമേ തുടർനടപടികൾ സാധ്യമാകുകയുള്ളൂ.

**ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾ**

34 (3911) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ രേഖകൾ പ്രകാരം സംസ്ഥാനത്തെ ഭൂരഹിത/ഭവനരഹിത/ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) നാളിതുവരെ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിവിധ പദ്ധതികളിലായി ഭവന നിർമ്മാണത്തിന് തുക അനുവദിച്ചിട്ടും പണി പൂർത്തിയാക്കാത്ത വീടുകളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ലൈഫ് മിഷൻ സർവ്വേ പ്രകാരം സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ, ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ, ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾ എന്നിവയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ലൈഫ് മിഷൻ സർവ്വേ പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങളുടെ പൂർത്തിയാകാത്ത വീടുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കണക്കുകളും ലൈഫ് മിഷൻ സർവ്വേയിലൂടെ കണ്ടെത്തിയ കണക്കുകളും തമ്മിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) ലൈഫ് മിഷൻ സർവ്വേയിൽ അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾപ്പെട്ടിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) 1-7-2017 തീയതിയിലെ സ്ഥിതിവിവരം അനുസരിച്ച് സംസ്ഥാനത്ത് 11594 ഭൂരഹിതരും, സ്വന്തമായി ഭൂമിയുള്ളവരിൽ 15176 ഭവനരഹിതരുമാണുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകളിൽ 18659 വീടുകളും ഗ്രാമവികസന വകുപ്പിൽനിന്നും അനുവദിച്ച വീടുകളിൽ 4754 വീടുകളും പണി പൂർത്തിയാക്കാത്തതായുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(സി) ലൈഫ് മിഷൻ പദ്ധതി പ്രകാരം കുടുംബശ്രീ നടത്തിയ സർവ്വേയിന്മേൽ ആദ്യ ഘട്ട അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയം ആഗസ്റ്റ് 10-ന് അവസാനിച്ചിട്ടുണ്ട്. ആയതിന്മേൽ രണ്ടാംഘട്ട അപ്പീൽ ജില്ലാതലത്തിൽ നൽകുന്നതിനുള്ള അവസാന തീയതി സെപ്റ്റംബർ 16 വരെയാണ്. അന്തിമ പട്ടിക ലഭ്യമായെങ്കിൽ മാത്രമേ ഭൂരഹിതരുടെയും ഭവന രഹിതരുടെയും പട്ടിക ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാകുകയുള്ളൂ.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ചതും ഇനിയും പൂർത്തീകരിക്കാനുള്ള വീടുകളുടെ എണ്ണം ജില്ലാതല ഉദ്യോഗസ്ഥന്മാർ മുഖേന ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസർക്ക് ആഗസ്റ്റ് 31-ന് മുമ്പായി സമർപ്പിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ആയത് നടന്നുവരുന്നു. അന്തിമ പട്ടിക ലഭ്യമായിട്ടില്ല.

(ഇ) കുടുംബശ്രീ മുഖേന ലൈഫ് മിഷനുവേണ്ടി നടത്തിയ സർവ്വെയിൽ ഭവനരഹിതരും ഭൂരഹിതരുമായ ഭൂരിഭാഗം പട്ടികവർഗ്ഗക്കാരും ഉൾപ്പെട്ടിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂരഹിതരും ഭവന രഹിതരുമായ പട്ടികവർഗ്ഗക്കാരെ ലൈഫ് മിഷൻ സർവ്വേ പ്രകാരം തയ്യാറാക്കുന്ന പട്ടികയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൾപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ പട്ടിക പരിശോധിച്ച് അർഹരായ എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തുന്നതിന് അപ്പീൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികയിൽ ഉൾപ്പെടാത്ത അർഹതപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങളെ പ്രസ്തുത പട്ടികയിലുൾപ്പെടുത്തുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പ്രൊമോട്ടർമാർ മുഖേന അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

**അംബേദ്കർ ഗ്രാമപദ്ധതി**

35 (3912) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിലെ ഏതൊക്കെ കോളനികളെയാണ് അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്നറിയിക്കാമോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉദുമ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലേയ്ക്ക് കോളനികളെ ഉൾപ്പെടുത്തിയിട്ടില്ല. ഉദുമ നിയോജകമണ്ഡലത്തിലെ ഉജംപാടി പട്ടികജാതി കോളനി, ചാപ്പാടി ചൂരിമൂല പട്ടികജാതി കോളനി എന്നീ കോളനികളെയാണ് പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ചാപ്പാടി ചൂരിമൂല പട്ടികജാതി കോളനി സർക്കാർ നിബന്ധനകളനുസരിച്ച് ഫീസിബിളല്ലാത്തതിനാൽ ടി കോളനിയെ ഒഴിവാക്കി പകരം പുതിയ കോളനിയെ ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിക്കുന്ന മുറയ്ക്ക് ആയതിന് അംഗീകാരം നൽകി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഉജംപാടി കോളനിക്കുവേണ്ടി കോർപ്പസ് ഫണ്ടിൽനിന്നും ഈ ആവശ്യത്തിലേയ്ക്കായി ഒന്നാം ഗഡുവായി 50 ലക്ഷം രൂപ വീതം നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതിയനുസരിച്ച് തുടർഗഡുക്കൾ നൽകുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

36 (3913) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ, പട്ടികജാതി ക്ഷേമ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള പദ്ധതികളുടെ തുകയുൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനോടകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ ?

### ഉത്തരം

(എ&ബി) പട്ടികവർഗ്ഗം:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി തുടർ പദ്ധതികൾക്കു പുറമേ തെരഞ്ഞെടുത്തിട്ടുള്ള പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. സാമൂഹിക പഠനമുറി - 6.21 കോടി രൂപ
2. ഗോത്രബന്ധു - പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം - 4 കോടി രൂപ
3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം.

അടിസ്ഥാന സൗകര്യങ്ങൾ, എം.ജി.എൻ.ആർ.ഇ.ജി.എസ് - തൊഴിലിനുള്ള വേതനം, ആരോഗ്യം, 2013-14 മുതൽ നടപ്പിലാക്കി വരുന്ന ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിയുടെ സ്പിൽ ഓവർ, പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി ഉൾപ്പെടെ) - 100 കോടി

4. ഗോത്ര വാത്സല്യ നിധി - 2.00 കോടി
5. വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം - 10 ലക്ഷം രൂപ
6. ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.

7. പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്.

8. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്./ഹോസ്റ്റലുകളുടെ നിർമ്മാണം.

പദ്ധതികളുടെ പുരോഗതിയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

പട്ടികജാതി:

പദ്ധതികളുടെ പുരോഗതിയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) പട്ടികവർഗ്ഗം:

- സാമൂഹിക പഠന മുറി:

  തെരഞ്ഞെടുക്കപ്പെട്ട നൂറ് സങ്കേതങ്ങളിൽ പഠനമുറികൾ ആരംഭിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

- മെന്റർ ടീച്ചർ (ഗോത്ര ബന്ധു) പദ്ധതി:

  വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകൾ ഉള്ള 241 സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ ടി.ടി.സി./ബി.എഡ് യോഗ്യതയുള്ള പട്ടികവർഗ്ഗ യുവതീ യുവാക്കളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ ഓരോ സ്കൂളിലും ഗോത്രഭാഷ പഠന സഹായ അദ്ധ്യാപകരായി നിയമിച്ചു.

- അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് സ്കീം:

  പിന്നോക്ക അവസ്ഥയിലുള്ള കോളനികളുടെ വിവരങ്ങൾ ജില്ലാ തലത്തിൽനിന്നും ശേഖരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ 102 സങ്കേതങ്ങളുടെ വിവരം ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് ഏറ്റവും പിന്നോക്കം നിൽക്കുന്ന 50 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- <u>എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം:</u>

  100 തൊഴിൽ ദിനത്തിന് ഉപരിയായി അധിക തൊഴിൽ ഈ പദ്ധതിപ്രകാരം നൽകുന്നതാണ്. പ്രോജക്റ്റ് സമർപ്പിക്കുന്നതിന് റൂറൽ ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റിനോട് നിർദ്ദേശം നൽകിയിട്ടുണ്ട്.

- <u>പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി:</u>

  സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2321/2017/തസ്വഭവ. തീയതി 7-7-2017 പ്രകാരം പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതിയിൽ കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കി പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

- <u>ഗോത്രവാത്സല്യ നിധി:</u>

  കരട് രൂപരേഖ സർക്കാർ പരിഗണനയിലാണ്.

- <u>വയനാട് ഗോത്രഭാഷാ പഠനകേന്ദ്രം:</u>

  2017-18 സാമ്പത്തിക വർഷത്തിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

- <u>ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക</u>

  2017-18 സാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട് വയനാട് മൂന്ന് കേന്ദ്രങ്ങളും ഇടുക്കിയിൽ 2 കേന്ദ്രങ്ങളും മലപ്പുറം, അട്ടപ്പാടി, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഓരോ കേന്ദ്രവും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- <u>പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ:</u>

  ഗുരുതര പോഷകാഹാരക്കുറവുള്ള പട്ടികവർഗ്ഗ മേഖലകളിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉപയോഗിച്ച് പോഷകാഹാര പുനരധിവാസ പ്രചരണം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

- KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കിവരുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്.

<u>പട്ടികജാതി:</u>

ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി എന്ന പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷം 4465 ഗുണഭോക്താക്കൾക്കായി 17572.15 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം നിലവിൽ 1444.03 ലക്ഷം രൂപയും വിനിയോഗിച്ചു. ഭവനരഹിതർക്ക് ഭവനം എന്ന പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷം 14,946 ഗുണഭോക്താക്കൾക്കായി 37,366.64 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം നിലവിൽ 11471.05 ലക്ഷം രൂപയും വിനിയോഗിച്ചു.

പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം എന്ന പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷം 10523 പേർക്കായി 5260.60 ലക്ഷം രൂപ ചെലവഴിച്ചു. 2016-17 സാമ്പത്തിക വർഷം വിദേശ തൊഴിൽ പദ്ധതി പ്രകാരം 446 പേർക്കും സ്വയം തൊഴിൽ പദ്ധതി പ്രകാരം 192 പേർക്കും ധനസഹായം അനുവദിച്ചു. പട്ടികജാതി വികസനവകുപ്പ് തുടർ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

**ഗോത്രബന്ധു പദ്ധതി**

37 (3914) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള ഗോത്രബന്ധു പദ്ധതിയിലേയ്ക്ക് മെന്റർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽനിന്നും 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി" സർക്കാർ ഉത്തരവ് (സാധാ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നമ്പർ 229/17/പജപവവിവ തീയതി 24-1-2017 പ്രകാരം മെന്റർ ടീച്ചർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവയാണ്. വിദ്യാലയം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ മുഖ്യപിന്നോക്ക ഗോത്രവർഗ്ഗം ഏതാണോ ആ വിഭാഗത്തിൽ നിന്നുമായിരിക്കണം തെരഞ്ഞെടുക്കേണ്ടത്. അത്തരത്തിൽ യോഗ്യരായവരെ ലഭ്യമല്ലെങ്കിൽ മറ്റ് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും പരിഗണിക്കുന്നതാണ്.

ടി.ടി.സി./ഡി.എഡ്. യോഗ്യതയുള്ളവരായിരിക്കണം ഇവരുടെ അഭാവത്തിൽ ഡി.എഡ്. കോഴ്സ് പൂർത്തിയാക്കിയവരെ പരിഗണിക്കാം. ഇവരും ഇല്ലാത്തപക്ഷം എം.ജി.എൽ.സി.-കളിൽ പ്രവർത്തന പരിചയമുള്ളവരെയും ബി.എഡ്. യോഗ്യതയുള്ളവരെയും പരിഗണിക്കാം. പിന്നോക്ക ഗോത്ര വിഭാഗങ്ങളിൽനിന്നും പ്ലസ് ടു പാസ്സായവരെയും ഉൾപ്പെടുത്താവുന്നതാണ്. ഗോത്രവർഗ്ഗ ഭാഷ സംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങളിൽ പ്രാവീണ്യം എന്നിവ അധികയോഗ്യതയായി പരിഗണിക്കാവുന്നതാണ്. സാക്ഷരത/ സർവ്വേ ഇവയിലെ പരിചയം പരിഗണിക്കേണ്ടതാണ്.

**ആദിവാസികളുടെ ഉപജീവനമാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി**

38 (3915) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. ഉബൈദുള്ള :
ഡോ. എം. കെ. മുനീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ഉപജീവനമാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വനമേഖലകളിൽ ഔഷധസസ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനനുയോജ്യമായ മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇവരുടെ ഉല്പന്നങ്ങളുടെ വിപണനത്തിനായി ആയുർവ്വേദ ഔഷധ മേഖലയുമായി ബന്ധപ്പെട്ടിട്ടുണ്ടോ; വിശദവിവരം നല്കാമോ?

ഉത്തരം

(എ) വനത്തിനുള്ളിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും വനം വകുപ്പിന്റെ അധീനതയിൽ ആകയാൽ, പട്ടികവർഗ്ഗ വികസന വകുപ്പ് ഇപ്രകാരം ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടില്ല.

(ബി&സി) ബാധകമല്ല.

## പട്ടികവർഗ്ഗ വികസന വകുപ്പിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തിക

39 (3916) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സമാന തസ്തികകളിലേക്ക് 2006-ന് ശേഷം നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി. വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നറിയിക്കുമോ;

(ബി) 2006-നുശേഷം നാളിതുവരെ ഈ തസ്തികയിലേയ്ക്ക് നേരിട്ടും സ്ഥാനക്കയറ്റത്തിലൂടെയും എത്ര പേർക്കാണ് നിയമനം നൽകിയതെന്ന് വെവ്വേറെ അറിയിക്കുമോ;

(സി) ഈ തസ്തികയിലേയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യത എന്താണ്?

ഉത്തരം

(എ) ഉണ്ട്. 2009-ൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേയ്ക്ക് NCA വിഭാഗത്തിന് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്.

(ബി) 2006-ന് ശേഷം നാളിതുവരെ ഈ തസ്തികയിലേയ്ക്ക് നേരിട്ട് 19 പേർക്കും സ്ഥാനക്കയറ്റത്തിലൂടെ 78 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) നേരിട്ടുള്ള നിയമനത്തിന് ബിരുദവും, പ്രൊമോഷൻ മുഖേന സ്ഥാനക്കയറ്റം ലഭിക്കുന്നതിന് എസ്.എസ്.എൽ.സി.-യുമാണ് അടിസ്ഥാന യോഗ്യത.

## പട്ടികവർഗ്ഗ ഗോത്ര വിഭാഗത്തിൽ താഴെത്തട്ടിൽപ്പെട്ടവരുടെ ഉന്നമനം

40 (3917) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഗോത്ര വിഭാഗത്തിൽ സാമുദായികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഏറ്റവും താഴെത്തട്ടിലെ വിഭാഗക്കാർ ആരെല്ലാമെന്നും അവരുടെ ഉന്നമനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി/പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നിയമപഠനമേഖലയുൾപ്പെടെയുള്ള വിദ്യാഭ്യാസത്തിനും സിവിൽ സർവ്വീസ്, സർക്കാർ സർവ്വീസ്, ബാങ്കിംഗ്, കേന്ദ്രസർവ്വീസുകൾ തുടങ്ങിയവയിൽ ഉദ്യോഗലബ്ധിക്കുമായി എന്തെല്ലാം പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ സഹായം ചെയ്തുവരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതുവഴി മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും എത്ര പേർക്ക് വീതം (വിഭാഗം തിരിച്ച്) ഉന്നത പഠനം, ഉദ്യോഗം എന്നിവ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പ്രത്യേക ദുർബല ഗോത്രവർഗ്ഗങ്ങളായ കാടർ, കുറുമ്പർ, കൊറഗർ, ചോലനായ്ക്കർ, കാട്ടുനായ്ക്കർ തുടങ്ങിയ 5 വിഭാഗങ്ങളാണ് സാമുദായികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഏറ്റവും താഴെത്തട്ടിലുള്ളത്. പ്രാക്തന ഗോത്ര വർഗ്ഗത്തിൽപ്പെട്ട ഇവരുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി 2011-12 വർഷം 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 148 കോടി രൂപ ഉപയോഗിച്ച് പി.വി.ടി.ജി. പ്രോജക്ട് എന്നപേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം, കോളനികളുടെ വൈദ്യുതീകരണം, മണ്ണ് സംരക്ഷണം, കുടിവെള്ള വിതരണം, റോഡുകളുടെ നിർമ്മാണം, ഭക്ഷ്യധാന്യ വിതരണം, മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം, പെരിപ്പതറ്റിക് സെന്ററുകൾ, ഹെൽത്ത് ക്യാമ്പുകളുടെ നടത്തിപ്പ്, ഊരുകൂട്ടങ്ങളുടെ ശാക്തീകരണം തുടങ്ങി ഈ വിഭാഗങ്ങളുടെ സർവ്വതോന്മുഖമായ വികസന പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ടി പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. 2016 മാർച്ച് 31-ന് പദ്ധതി കാലാവധി അവസാനിച്ചിട്ടുണ്ട്. 133.20 കോടി രൂപ കേന്ദ്ര സഹായവും 7.83 കോടി രൂപ സംസ്ഥാന സഹായവും ഉൾപ്പെടെ ആകെ 141.03 കോടി രൂപ പി.വി.ടി.ജി. പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിൽ നിയമ പഠന മേഖല ഉൾപ്പെടെയുള്ള പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധി ഇല്ലാതെ മുഴുവൻ ഫീസും വാർഷിക ലംപ്സം ഗ്രാന്റും, പ്രതിമാസ സ്റ്റൈപൻഡും നൽകിവരുന്നു. ടി തുക ഇ-ഗ്രാന്റ്സ് മുഖേനയാണ് നൽകുന്നത്. കോളേജ് ഹോസ്റ്റലിലും മറ്റ് അംഗീകൃത ഹോസ്റ്റലിലും താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പൻഡിന് പകരം യഥാർത്ഥ താമസ ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു. സിവിൽ സർവ്വീസ് കോച്ചിംഗ് പരിശീലനത്തിന് സർക്കാരിൽനിന്നും പ്രത്യേകം അനുമതി വാങ്ങി ധനസഹായം അനുവദിക്കുന്നു. പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുന്നതിനായി 968 പേർക്ക് പി.എസ്.സി. പരീക്ഷ പാസ്സാകുന്നതിനുള്ള പരിശീലനം നൽകി. പട്ടികജാതി വികസന വകുപ്പിൽ നിയമ പഠന മേഖലയിൽ എൽ.എൽ.ബി./എൽ.എൽ.എം./ ബി.എ.എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി./ബിബിഎ എൽ.എൽ.ബി. കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് വഴി ലംപ്സം ഗ്രാന്റ്/സ്റ്റൈപൻഡ്/ഹോസ്റ്റൽ ഫീസ്, കോഴ്സ് ഫീസ് ഉൾപ്പെടെ അർഹതയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.

വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിലായി 4 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ടി സെന്ററുകളിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി., യു.പി.എസ്.സി., ആർ.ആർ.ബി. എസ്.എസ്.സി. തുടങ്ങിയ സംസ്ഥാന/കേന്ദ്ര സർക്കാർ/ബാങ്കിംഗ് സർവ്വീസുകളിൽ ജോലി നേടുന്നതിനുള്ള മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനും ഉദ്യോഗം നേടിയെടുക്കുന്നതിനുമായി

തീവ്രപരിശീലനമാണ് നൽകിവരുന്നത്. സംസ്ഥാന സർവ്വീസുകളിൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങളുള്ള ലാസ്റ്റ് ഗ്രേഡ്, ക്ലാർക്ക്, സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പോലുള്ള വളരെ കാര്യക്ഷമമായ രീതിയിലുള്ള പരിശീലനം വഴി ജോലി നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നു. കൂടാതെ ബാങ്കിംഗ്, കമ്പ്യൂട്ടർ മേഖലയിൽ തൊഴിലവസരങ്ങൾ നൽകുന്ന ഡേറ്റാ എൻട്രി, സ്റ്റെനോഗ്രാഫി കോഴ്സുകളും പി.ഇ.ടി.സി.-കളിൽ നൽകി വരുന്നു. പി.ഇ.ടി.സി.കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 400 രൂപ പ്രതിമാസ സ്റ്റൈപ്പൻഡ് അനുവദിച്ചിട്ടുണ്ട്. ഓരോ കോഴ്സിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബുക്ക്, റാങ്ക് ഫയൽ, ചോദ്യ കടലാസുകൾ തുടങ്ങിയ പഠന സാമഗ്രികളും നൽകി വരുന്നു. ഡിഗ്രി പഠനം പൂർത്തിയാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്കായി വകുപ്പിൻ കീഴിൽ തിരുവനന്തപുരം മണ്ണന്തലയിൽ പ്രവർത്തിച്ചുവരുന്ന ICSETS എന്ന സ്ഥാപനത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷയിൽ ഉന്നത നിലവാരം കാഴ്ചവയ്ക്കുന്നതിന് പ്രഗത്ഭരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. പിന്നോക്ക വിഭാഗം വിദ്യാർത്ഥികളിൽ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് നിയമ വിദ്യാഭ്യാസത്തിന് മുഴുവൻ ഫീസും പ്രതിമാസ സ്റ്റൈപ്പൻഡും വരുമാന പരിധിയില്ലാതെ അനുവദിക്കുന്നുണ്ട്. ഒ.ബി.സി. വിഭാഗത്തിലെ മുപ്പതു സമുദായങ്ങൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. ശേഷിക്കുന്ന പിന്നോക്ക വിഭാഗങ്ങൾക്ക് 1 ലക്ഷം രൂപ കുടുംബ വാർഷിക വരുമാന പരിധിക്ക് വിധേയമായി വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. നിയമ പഠനം പൂർത്തിയാക്കിയവർക്ക് 1 ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി പ്രതിവർഷം 7500 രൂപ അനുവദിച്ച് വന്നിരുന്നു. 2017-18 മുതൽ 12,000 രൂപ ആയി ഉയർത്തിയിട്ടുണ്ട്. സിവിൽ സർവ്വീസ്, മറ്റ് സർക്കാർ സർവ്വീസ്, ബാങ്കിംഗ് സർവ്വീസ് മേഖലയിൽ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. 2016-17-ൽ ഈ ഇനത്തിൽ 4085 പേർക്ക് ആനുകൂല്യം അനുവദിച്ചിരുന്നു. ഉദ്യോഗം ലഭിച്ചവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

(സി) പട്ടികജാതി വികസന വകുപ്പിൽ നിയമ പഠന മേഖലയിൽ എൽ.എൽ.ബി./ എൽ.എൽ.എം. കോഴ്സുകൾക്ക് പഠിച്ചിരുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് 2011-12 മുതൽ 2016-17 വരെയുള്ള കാലയളവിൽ ഇ-ഗ്രാന്റ്സ് വഴി വിദ്യാഭ്യാസാനുകൂല്യം നൽകിയതു സംബന്ധിച്ച വിവരം കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു*. വകുപ്പിന്റെ കീഴിലുള്ള 4 പി.ഇ.ടി.സി.കളുമായി മുൻസർക്കാരിന്റെ കാലയളവിൽ ഉദ്യോഗം ലഭിച്ചിട്ടുള്ള പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം, തസ്തിക എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പി.ഇ.ടി.സി | ഉദ്യോഗം ലഭിച്ചവരുടെ എണ്ണം | തസ്തിക |
|---|---|---|---|
| 1 | തിരുവനന്തപുരം | 6 | സ്റ്റാഫ് സെലക്ഷൻ ആർ.ആർ.ബി, എൽ.ഡി.സി. |
| 2 | എറണാകുളം | 7 | എസ്.ഐ. എക്സൈസ് ഇൻസ്പെക്ടർ ആർ.ആർ.ബി. |
| 3 | കോഴിക്കോട് | 8 | ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്, സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, യു.പി./എൽ.പി. അസിസ്റ്റന്റ് |
| 4 | കുഴൽമന്ദം | 15 | എൽ.ഡി.സി., ആർ.ആർ.ബി, ജൂനിയർ അസിസ്റ്റന്റ്. |

പിന്നോക്ക വിഭാഗ വികസന വകുപ്പിൽ മുൻ സർക്കാരിന്റെ കാലത്ത് വിവിധ വിഭാഗങ്ങളിലായി ആനുകൂല്യം അനുവദിച്ചവരുടെ പട്ടികയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആനുകൂല്യം അനുവദിച്ചവരുടെ പട്ടികയും അനുബന്ധമായി ചേർക്കുന്നു*. ഉദ്യോഗം ലഭിച്ചവരുടെയും ഉന്നതപഠനം പൂർത്തിയാക്കിയവരുടെയും വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിക്കുന്ന വിവരം ശേഖരിച്ച് നൽകുന്നതാണ്.

### ഒ.ഇ.സി. വിഭാഗത്തിന് നൽകിവരുന്ന ആനുകൂല്യങ്ങൾ

41 (3918) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ഇ.സി. വിഭാഗത്തിന് നൽകിവരുന്ന ആനുകൂല്യങ്ങളുടെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത വിഭാഗത്തിന് വിദ്യാഭ്യാസാനുകൂല്യത്തിനുള്ള നിലവിലെ വാർഷിക വരുമാന പരിധി 6 ലക്ഷം രൂപയിൽനിന്നും ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ;

(സി) എസ്.സി. വിഭാഗങ്ങൾക്ക് നൽകുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ഒ.ഇ.സി. വിഭാഗങ്ങൾക്കും നിലവിൽ നൽകിവരുന്നുണ്ടോ; വിശദവിവരം നൽകുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) എസ്.സി. വിഭാഗങ്ങൾക്ക് പൊതുവെ നൽകിവരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഒ.ഇ.സി. വിഭാഗത്തിനും അനുവദിക്കുന്നുണ്ട്. ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്ത് ചുവടെ ചേർക്കുന്ന കോഴ്സുകളിൽ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നു :

1. പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ്
2. പോസ്റ്റ് മെട്രിക് തലത്തിൽ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും
3. സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ കോഴ്സുകൾ
4. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾ
5. ഡീംഡ് യൂണിവേഴ്സിറ്റികൾ
6. പാരലൽ കോളേജുകൾ എന്നിവയിലും സംസ്ഥാനത്തിന് പുറത്ത് വ്യവസ്ഥകൾക്ക് വിധേയമായി ജനറൽ കോഴ്സുകൾ/ പ്രൊഫഷണൽ കോഴ്സുകൾ വിദേശ പഠനം എന്നിവയിലും ആനുകൂല്യം അനുവദിക്കുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സമുദായങ്ങൾക്ക് വരുമാന പരിധി ബാധകമല്ലാതെയാണ് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നത്. 23-5-2014-ലെ സ.ഉ.(എംഎസ്) നമ്പർ 10/2014/പി.സ.വി.വ. പ്രകാരം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട 30 സമുദായങ്ങൾക്ക് ആറ് ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം ടി വരുമാന പരിധി ഉയർത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(സി) എസ്.സി. വിഭാഗങ്ങൾക്ക് പൊതുവെ നൽകിവരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും (പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള സ്കീമുകളിലെ ആനുകൂല്യങ്ങൾ ഒഴികെ) ഒ.ഇ.സി. വിഭാഗത്തിനും അനുവദിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പരിശോധന

42 (3919) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-2016 മുതൽ 30-4-2016 വരെയുള്ള കാലയളവിൽ മുൻസർക്കാരിന്റെ മന്ത്രിസഭായോഗ തീരുമാനങ്ങൾക്കനുസൃതമായി വിവിധ വകുപ്പുകളിൽനിന്നും പുറപ്പെടുവിച്ച ഉത്തരവുകളുടെ നിയമസാധുത സംബന്ധിച്ച പരിശോധനകൾക്കായി നിയോഗിക്കപ്പെട്ട പിന്നോക്കസമുദായക്ഷേമവും നിയമവും വകുപ്പുമന്ത്രി ചെയർമാനായ കമ്മീഷന്റെ പരിശോധന ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ ഭൂമി പതിച്ചു നൽകാൻ ഭൂപരിധിനിയമത്തിൽ ഇളവുകൾ, വയൽനികത്തൽ അനുമതി, മിച്ചഭൂമി ഏറ്റെടുക്കാതിരിക്കാൻ നടപടി, പാട്ടക്കുടിശ്ശിക ഇളവു നൽകൽ, വിവിധ നികുതി കുടിശ്ശിക റദ്ദാക്കലും ഇളവുനൽകലും സ്റ്റേ അനുവദിക്കലും എന്നിവ സംബന്ധിച്ച് മുൻ സർക്കാർ ഇക്കാലയളവിൽ പുറപ്പെടുവിച്ച ഉത്തരവുകളിൽ അപാകതകളും നിയമ വിധേയമല്ലാത്തതും അഴിമതികളും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ കണ്ടെത്തിയ ഉത്തരവുകൾ റദ്ദാക്കാനും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കാനുമായി നിയമവകുപ്പ് എന്തുനടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മുൻ സർക്കാരിന്റെ അവസാന കാലയളവിൽ 1-1-2016 മുതൽ 30-4-2016 വരെ എടുത്തിട്ടുള്ള എല്ലാ മന്ത്രിസഭാ യോഗ തീരുമാനങ്ങളും പുനഃപരിശോധിക്കുന്നതിനായി ചുമതലപ്പെടുത്തിയിരുന്ന മന്ത്രിസഭാ ഉപസമിതി 18-1-2017-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) 14-3-2017-ന് ചേർന്ന മന്ത്രിസഭാ യോഗം പ്രസ്തുത റിപ്പോർട്ട് ചില ഭേദഗതികളോടെ അംഗീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെയും മന്ത്രിസഭായോഗ തീരുമാനത്തിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് നടപടി സ്വീകരിക്കേണ്ടത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കീഴ് കോടതികളുടെ നിയമനത്തിന് ജ്യൂഡീഷ്യൽ പരീക്ഷ

43 (3920) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീഴ് കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാരുടെ നിയമനത്തിന് അഖിലേന്ത്യാതലത്തിൽ നീറ്റ് മാതൃകയിൽ ജ്യൂഡീഷ്യൽ പരീക്ഷ നടത്തണമെന്ന കേന്ദ്ര സർക്കാർ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തെങ്കിലും നിയമോപദേശം ലഭിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ കേരള ഹൈക്കോടതി എന്തൊക്കെ കാര്യങ്ങളിലാണ് കേന്ദ്രത്തോട് വിശദീകരണം തേടിയിട്ടുള്ളത് എന്നറിയാമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ വിഷയത്തിൽ കേരള ഹൈക്കോടതി കേന്ദ്ര സർക്കാരിൽ നിന്നും വിശദീകരണങ്ങളൊന്നും നേടിയിട്ടില്ലെന്നും എന്നാൽ കേരള ഹൈക്കോടതിയുടെ അഭിപ്രായം സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ഹൈക്കോടതി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് സർക്കാരിൽ യാതൊരു നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽനിന്നും ലഭിച്ചിട്ടില്ല. അപ്രകാരം എന്തെങ്കിലും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സർക്കാർ നിലപാട് സ്വീകരിക്കുന്നതാണ്.

## ഫോക്‌ലോർ സർവ്വകലാശാല

44 (3921) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോക്‌ലോർ രംഗത്ത് നിരവധി സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ മേഖലയിലെ വൈവിദ്ധ്യ സ്ഥാപനങ്ങളെ ഒന്നിച്ച് ചേർത്ത് ഒരു ഫോക്‌ലോർ സർവ്വകലാശാല രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇല്ലായെങ്കിൽ ഒരു കല്പിത സർവ്വകലാശാലയ്ക്കെങ്കിലും രൂപം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഫോക്‌ലോർ രംഗത്ത് പൂരക്കളി അക്കാദമി, മാപ്പിളകലാ അക്കാദമി, ക്ഷേത്രകലാ അക്കാദമി എന്നിവ സർക്കാർ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ട്രസ്റ്റുകളുടെ രൂപത്തിൽ ഏതാനും സംഘടനകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഫോക്‌ലോർ ഫെല്ലോസ് ഓഫ് മലബാർ (ട്രസ്റ്റ്) പയ്യന്നൂർ, കേരള ഫോക്‌ലോർ സെന്റർ ട്രസ്റ്റ് (അഴീക്കോട്), ഫോക് ലാൻഡ് (ട്രസ്റ്റ്) പയ്യന്നൂർ, കടത്തനാട് ഫോക്‌ലോർ അക്കാദമി (ട്രസ്റ്റ്) വടകര, തെയ്യം അനുഷ്ഠാന പഠനകേന്ദ്രം (ട്രസ്റ്റ്) പഴയങ്ങാടി എന്നിവ ഇതിൽ ചിലതാണ്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

**പല്ലന കുമാരനാശാൻ സ്മാരകത്തിന്റെ നിർമ്മാണം**

45 (3922) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ പല്ലന കുമാരനാശാൻ സ്മാരകത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇനി എത്ര ശതമാനം നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കുവാനുള്ളത്;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഹരിപ്പാട് മണ്ഡലത്തിലെ പല്ലന കുമാരനാശാൻ സ്മാരകത്തിന്റെ ഭാഗമായ കുമാരനാശാൻ മ്യൂസിയത്തിന്റെ പ്രധാന സിവിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. കൂടാതെ സ്മാരകത്തിന്റെ ഇന്റീരിയർ, ലാൻഡ്സ്കേപ്പിംഗ് വർക്കുകൾ പുരോഗമിച്ചുവരുന്നു. കുമാരനാശാൻ മ്യൂസിയം കൂടാതെ ബോട്ട് ജെട്ടി, ഇൻഫർമേഷൻ കൗണ്ടർ, സ്നാക്ക്സ് കൗണ്ടർ, പർഗോള, റീട്ടെയിനിംഗ് വാൾ, സ്ട്രീറ്റ് ലൈറ്റ്, ഡെക്കറേറ്റീവ് ലൈറ്റ്, ആർ.സി.സി. ബെഞ്ച്, നടപ്പാത, ഹാൻഡ് റെയിൽസ്, സൈൻ ബോർഡ് എന്നിവയും ആശാൻ സ്മാരക ലൈബ്രറിയുടെ എക്സ്റ്റെൻഷൻ/ പുനരുദ്ധാരണ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി പുരോഗമിച്ചുവരുന്നു.

(ബി) ഏകദേശം 20-25 ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം സംബന്ധമായ വിലയിരുത്തലുകൾ ടൂറിസം വകുപ്പുതലത്തിലും ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.ടി.പി.സി.) തലത്തിലും മറ്റ് സാങ്കേതിക സഹായ ഏജൻസികളുടെ തലത്തിലും നിരന്തരം നടത്തുന്നുണ്ട്.

## അന്യം നിന്നുകൊണ്ടിരിക്കുന്ന കലകളെ പോഷിപ്പിക്കുന്നതിന് നടപടി

46 (3923) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യംനിന്നുകൊണ്ടിരിക്കുന്ന കലകൾ ഏതൊക്കെയെന്നും അവയെ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കുമോ;

(ബി) ഈ വിഭാഗത്തിലെ കലാകാരന്മാരെ സംരക്ഷിക്കുന്നതിനായി പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാട്യം, സംഗീതം, നൃത്തം, ചിത്രകല, നാടൻകല, കലാ രൂപങ്ങൾ എന്നിവയിൽ ഉൾപ്പെട്ടതും ശാസ്ത്രീയവും അല്ലാത്തതുമായ നിരവധി കലാരൂപങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ഈ കലാരൂപങ്ങളെയും അത്തരം കലാരൂപങ്ങളുടെ പ്രയോക്താക്കളെയും സംരക്ഷിക്കുന്നതിനും ആ കലാരൂപങ്ങളുടെ പ്രകാശനത്തിനും സാധ്യമായ നിരവധി നടപടികൾ സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ അക്കാദമികൾ നിർവ്വഹിക്കുന്നുണ്ട്. അന്യം നിന്നുപോകുന്ന കലകളെ പുനരാവിഷ്കരിക്കാനും ഡോക്യുമെന്റ് ചെയ്യാനുംവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇവയുടെ മ്യൂസിയങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ അന്യം നിന്നുകൊണ്ടിരിക്കുന്നതുൾപ്പെടെയുള്ള കലകളെ പരിപോഷിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമായി യുവകലാകാരന്മാർക്ക് വജ്ര ജൂബിലി ഫെലോഷിപ്പ് എന്ന പേരിൽ ഒരു പുതിയ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അംഗീകൃത സ്ഥാപനങ്ങളിൽനിന്നും നിശ്ചിത യോഗ്യത നേടിയ 1000 യുവ കലാകാരന്മാരെ തെരഞ്ഞെടുത്ത് അവർക്ക് പ്രതിമാസം 10,000 രൂപ വീതം ഫെലോഷിപ്പ് നൽകുന്നു. ടി പദ്ധതി പ്രകാരം ഫെലോഷിപ്പ് കലാകാരന്മാരെ വിദ്യാലയങ്ങളിലും സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള കമ്മ്യൂണിറ്റി കേന്ദ്രങ്ങളിലും വിന്യസിച്ച് സ്കൂൾ തലങ്ങളിലുള്ള കുട്ടികൾക്ക് തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന യുവജനോത്സവങ്ങളിൽ ഗോത്രകലകൾ ഉൾപ്പെടുത്താനും സർക്കാർ ശ്രമിക്കുന്നുണ്ട്. കേരള ഫോക്‌ലോർ അക്കാദമി നാടൻ കലാകാരന്മാർക്ക് പുരസ്കാരങ്ങൾ, ഫെലോഷിപ്പുകൾ, ചികിത്സാ സഹായം കലാപഠനത്തിലേർപ്പെട്ടുന്ന കുട്ടികൾക്ക് സ്റ്റൈപ്പൻഡ് എന്നിവ നൽകിവരുന്നു. കൂടാതെ വിനോദസഞ്ചാര

വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന 'ഉൽസവം' പരിപാടി, ക്ലബ്ബുകളുടെ പരിപാടികൾ, നാടൻ കലോത്സവങ്ങൾ തുടങ്ങിയവയിൽ നാടൻ കലകളെ അവതരിപ്പിക്കാനുള്ള വേദികൾ നൽകിവരുന്നു. ഫോക്‌ലോർ അക്കാദമി അവരുടെ തനത് ഫണ്ടിൽനിന്നും നാടൻ കലാകാരന്മാർക്ക് ചികിത്സാ സഹായമായി 25,000 രൂപ നൽകിവരുന്നുണ്ട്. കൂടാതെ സർക്കാർ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തിരം നാടൻ കലാകാരന്മാർ ഉൾപ്പെടെയുള്ള കലാകാരൻമാർക്ക് 25,000 രൂപ മുതൽ പരമാവധി 1,00,000 രൂപ വരെ ചികിത്സാ ധനസഹായം നൽകുന്നുണ്ട്.

(ബി&സി) കല, സാഹിത്യം, സംഗീതം, നാടൻ കലകൾ തുടങ്ങിയ വിവിധ വിഭാഗങ്ങളിലെ കലാകാരന്മാർക്ക് സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തിരം 1500 രൂപ നിരക്കിൽ കലാകാര പെൻഷൻ നൽകിവരുന്നുണ്ട്. കൂടാതെ നാടൻ കലാകാരന്മാർ ഉൾപ്പെടെയുള്ള കലാകാരന്മാർക്ക് കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖാന്തിരം 2,000 രൂപ നിരക്കിൽ നൽകി വന്നിരുന്ന പെൻഷൻ 16-8-2017 മുതൽ 3,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**നാടകകലയെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

47 (3924) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സമൂഹത്തിൽ ശ്രദ്ധേയമായ മാറ്റമുണ്ടാക്കിയ നാടകകലയെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നാടകരംഗത്ത് പ്രവർത്തിക്കുന്നവർക്കായി പ്രത്യേക പ്രതിഭാ പുരസ്കാരം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) നാടകകലയെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി കേരള സംഗീത നാടക അക്കാദമി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. പ്രൊഫഷണൽ അമേച്വർ/ലഘു നാടക മൽസരങ്ങൾ, നാടകത്തെ സൈദ്ധാന്തികമായും പ്രായോഗികമായും വിശകലനം ചെയ്തുകൊണ്ടുള്ള ശിൽപ്പശാലകൾ, പ്രതിവാര നാടകാവതരണങ്ങൾ എന്നിവ അക്കാദമി നടപ്പിലാക്കിവരുന്നുണ്ട്. ലോക നാടകത്തിലെ നൂതന പ്രവണതകളും കാലാനുസൃതമായ മാറ്റങ്ങളും പ്രേക്ഷകർക്ക് മനസ്സിലാക്കി കൊടുക്കുന്നതിനായി അക്കാദമി വർഷംതോറും രാജ്യാന്തര നാടകോത്സവവും സംഘടിപ്പിച്ചുവരുന്നുണ്ട്.

(ബി) നാടക കലാകാരന്മാർക്ക് ഫെലോഷിപ്പ് അവാർഡ്, ഗുരുപൂജ എന്നീ സംസ്ഥാന ബഹുമതികൾ അക്കാദമി എല്ലാ വർഷവും നൽകുന്നുണ്ട്. നാടക രംഗത്ത് ദീർഘകാലം പ്രവർത്തിക്കുന്ന പ്രതിഭകൾക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അതിവിശിഷ്ട പുരസ്കാരമായ എസ്.എൽ.പുരം സദാനന്ദൻ നാടക പുരസ്കാരവും അക്കാദമിയുടെ ആഭിമുഖ്യത്തിൽ സർക്കാർ നൽകിവരുന്നുണ്ട്.

## സാംസ്കാരിക വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ

48 (3925) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണുള്ളത്; ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്ത് തലത്തിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ധനസഹായം നൽകുന്നതിന് നിലവിൽ പദ്ധതികളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രാദേശികമായി അന്യം നിന്നുപോവുന്ന കലാരൂപങ്ങളെ അവതരിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും നേതൃത്വം നൽകുന്ന ക്ലബ്ബുകൾക്ക് ഗ്രാന്റ് നൽകാൻ പദ്ധതിയുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ) സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളും അവയുടെ പ്രവർത്തനങ്ങളും സംബന്ധിച്ച കുറിപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഗ്രാമപഞ്ചായത്ത് തലത്തിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ നിലവിൽ സാംസ്കാരികകാര്യ വകുപ്പിലില്ല.

(സി) പ്രാദേശികമായി അന്യം നിന്നുപോവുന്ന കലാരൂപങ്ങളെ അവതരിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും നേതൃത്വം നൽകുന്ന ക്ലബ്ബുകൾക്ക് ഗ്രാന്റ് നൽകാൻ നിലവിൽ പദ്ധതികളില്ല. ഫോക്‌ലോർ അക്കാദമി മുഖേന ഏർപ്പെടുത്തുന്ന സംഘങ്ങൾക്ക് അക്കാദമി നേരിട്ട് പ്രതിഫലം നൽകുന്ന രീതി തുടർന്നുവരുന്നുണ്ട്. സർക്കാരിൽ നേരിട്ട് സമീപിക്കുന്ന സംഘങ്ങൾക്ക് പ്രവർത്തനം പരിശോധിച്ച് അനാവർത്തന ഗ്രാന്റ് അനുവദിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ അവലോകനം

49 (3926) ശ്രീ. ജോൺ ഫെർണാണ്ടസ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ടോ;

(ബി) സാംസ്കാരിക സ്ഥാപനങ്ങളെ സംരക്ഷിക്കേണ്ടതിന്റെയും കാലാനുസൃതമായി പ്രവർത്തിക്കുന്നതിന് സജ്ജമാക്കേണ്ടതിന്റെയും ആവശ്യകത ഗൗരവമായി കാണുമോ;

(സി) സർക്കാർ നിയന്ത്രണത്തിലുള്ളവയെയും ഗ്രന്ഥശാലാസംഘങ്ങളുടെ അംഗീകാരമുള്ളവയെയും മറ്റ് അംഗീകൃത സാംസ്കാരിക കേന്ദ്രങ്ങളെയും കോർത്തിണക്കി കൊണ്ട് "മാനവീയ" സന്ദേശങ്ങൾ പ്രചരിപ്പിച്ച് സാംസ്കാരിക ചെറുത്തുനിൽപ്പിന് കളമൊരുക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ?

### ഉത്തരം

(എ) കേരളത്തിന്റെ കലാസാംസ്കാരിക രംഗത്തെ കൂടുതൽ ചലനാത്മകമാക്കുവാനും അനാവർത്തന ധനസഹായം കൈപ്പറ്റുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കുവാനും അവയ്ക്കുള്ള ധനസഹായം നിശ്ചയിക്കുവാനും സാംസ്കാരിക നയരൂപീകരണങ്ങൾക്ക് ഉപദേശം നൽകുവാനും നിലവിലുള്ള സർഗ്ഗാവിഷ്കാര മാതൃകകളെ സംരക്ഷിക്കുവാനും പുതിയവയെ പ്രോത്സാഹിപ്പിക്കുവാനുമുള്ള പദ്ധതികൾക്ക് രൂപം നൽകുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടെയും സംസ്ഥാനത്ത് ഒരു ഉന്നത അധികാര കൗൺസിൽ രൂപീകരിക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. സംസ്ഥാന ബഡ്ജറ്റിലെ പദ്ധതി വിഹിതം കൈപ്പറ്റുന്ന സ്ഥാപനങ്ങൾ ഒഴികെയുള്ളവയ്ക്ക് നൽകുന്ന ധനസഹായം സംബന്ധിച്ചും ടി സമിതി ശിപാർശ ചെയ്യുന്നതാണ്. സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളിൽ സാംസ്കാരികമായ ഉന്നതി വളർത്തുന്ന തരത്തിൽ വ്യാപിപ്പിച്ചിട്ടുണ്ട്. സാംസ്കാരിക സ്ഥാപനങ്ങൾ ഒരു വരേണ്യ ന്യൂനപക്ഷത്തിന്റേതാക്കി നിർത്തുന്നതിനുപകരം ഈ നാട്ടിലെ ഓരോ സാധാരണക്കാരന്റെയും അഭിലാഷങ്ങൾക്കൊത്ത് പ്രവർത്തിക്കുവാനും ശ്രമിക്കുന്നതാണ്.

(ബി) സാംസ്കാരിക സ്ഥാപനങ്ങളെ സംരക്ഷിക്കേണ്ടതിന്റെയും കാലാനുസൃതമായി പ്രവർത്തിക്കുന്നതിന് സജ്ജമാക്കേണ്ടതിന്റെയും ആവശ്യകത ഗൗരവമായി കാണുന്നുണ്ട്. സാംസ്കാരിക നവോത്ഥാനത്തിനുവേണ്ടി ഇത്തരം സ്ഥാപനങ്ങൾ നിലകൊള്ളണം എന്നുതന്നെയാണ് സർക്കാരിന്റെയും സാംസ്കാരിക വകുപ്പിന്റെയും നിലപാട്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും നവോത്ഥാനമൂല്യങ്ങളിലേയ്ക്കും സാംസ്കാരിക ഉന്നതിയിലേയ്ക്കും നയിക്കുന്നതിനുള്ള ശ്രമങ്ങളാണ് സാംസ്കാരിക വകുപ്പ് നേതൃപരമായി ഏറ്റെടുക്കുന്നത്. സാംസ്കാരിക സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും സജ്ജമാക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന ആവർത്തന ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) എഴുത്തുകാർക്കിടയിലും ജനങ്ങൾക്കിടയിലും സഹകരണവും സാംസ്കാരിക മൂല്യങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങൾക്കെതിരെ ആശയപരമായ പ്രതിരോധവും വർദ്ധിപ്പിക്കാനുതകും വിധം ചർച്ച, സെമിനാർ, സംവാദം തുടങ്ങിയവ സംഘടിപ്പിക്കുന്നതാണ്. ഇവയിൽ സർക്കാർ നിയന്ത്രണത്തിലുള്ളവയെയും ഗ്രന്ഥശാലാ സംഘങ്ങളുടെ അംഗീകാരമുള്ളവയെയും മറ്റ് അംഗീകൃത സാംസ്കാരിക കേന്ദ്രങ്ങളെയും ഉൾപ്പെടുത്തുന്നതാണ്. ഇത്തരത്തിൽ ഒരു മതേതര-സാംസ്കാരിക-ജനകീയ പ്രതിരോധം സൃഷ്ടിക്കുവാൻ സാഹിത്യ അക്കാദമി അടക്കമുള്ള സാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈയ്യെടുത്ത് പ്രവർത്തിക്കുന്നുണ്ട്. മതനിരപേക്ഷ സാംസ്കാരിക പ്രവർത്തനങ്ങളെയും നവോത്ഥാന മൂല്യങ്ങളെയും ശാക്തീകരിക്കുന്നതിന് അനുയോജ്യമായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

## മലയാറ്റൂർ രാമകൃഷ്ണന്റെ പേരിൽ സ്മാരകം

50 (3927) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുമ്പാവൂർ, ഇരിങ്ങോലിലെ 150 വർഷം പഴക്കമുള്ള നാഗഞ്ചേരി മന വക സ്ഥലത്ത് പ്രശസ്ത എഴുത്തുകാരനായ മലയാറ്റൂർ രാമകൃഷ്ണന്റെ പേരിൽ ഒരു സ്മാരകം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

മലയാറ്റൂർ രാമകൃഷ്ണന്റെ സ്മരണ നിലനിർത്തുന്നതിന് സ്മാരകം നിർമ്മിക്കുന്നതിനുള്ള അപേക്ഷകളോ/നിർദ്ദേശങ്ങളോ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയം

51 (3928) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയത്തിന്റെ തുടർ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മ്യൂസിയം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കി സന്ദർശകർക്ക് പ്രയോജനപ്പെടുത്തുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിലെ കഥകളി രൂപങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് നടത്തിയിട്ടുണ്ട്. മഹാശിലായുഗ കാലഘട്ടത്തിലെ ഒരു ഗ്യാലറിയും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റൊരു ഗ്യാലറി കൂടി സജ്ജീകരിക്കുന്നതിന് സൗകര്യമുള്ളതിനാൽ കൂടുതൽ പുരാവസ്തുക്കൾ പ്രദർശിപ്പിച്ച് ഗ്യാലറി വിപുലമാക്കുവാൻ വകുപ്പ് തീരുമാനം എടുത്തിട്ടുണ്ട്.

(ബി) കൊട്ടാരക്കര തമ്പുരാൻ ക്ലാസ്സിക്കൽ കലാമ്യൂസിയം പ്രവർത്തിച്ചുവരുന്ന കെട്ടിടം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള പടിഞ്ഞാറ്റിൻകര ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലായതിനാൽ ദേവസ്വം ബോർഡിന്റെ പൂർണ്ണമായ സഹകരണത്തോടുകൂടി മാത്രമേ സമഗ്രമായ വികസനം നടത്തുവാൻ പുരാവസ്തു വകുപ്പിന് സാധിക്കുകയുള്ളൂ. ഇവിടെ സ്ഥല പരിമിതിയാണ് വകുപ്പ് നേരിടുന്ന മറ്റൊരു പ്രശ്നം. കഥകളിയുടെ ഉപജ്ഞാതാവായ കൊട്ടാരക്കര തമ്പുരാനുമായി ബന്ധപ്പെട്ട ഇളയിടത്തു സ്വരൂപത്തിന്റെ കീഴിലുള്ള കൊട്ടാരത്തെ സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

## സ്വദേശാഭിമാനി ആർട്ട് ഗ്യാലറി

52 (3929) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര ടൗൺ എൽ.പി. എസ്സിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പേരിൽ ആർട്ട് ഗ്യാലറിയ്ക്കായി സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സാംസ്കാരിക വകുപ്പ് നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്വദേശാഭിമാനി ആർട്ട് ഗ്യാലറിക്ക് ഡി.പി.ആർ. ലഭിച്ചാൽ സാംസ്കാരിക വകുപ്പിൽ നിന്നും തുക അനുവദിക്കാൻ കഴിയുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ എതെങ്കിലും സ്ഥലത്ത് ആർട്ട് ഗ്യാലറികൾ സ്ഥാപിക്കാൻ ഡി.പി.ആർ. ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര ടൗൺ എൽ.പി.എസ്.-ൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പേരിൽ ആർട്ട് ഗ്യാലറിക്കായി സ്ഥലം എം.എൽ.എ. നൽകിയ നിവേദനം റിപ്പോർട്ടിനായി കേരള ലളിതകലാ അക്കാദമിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കേരള ലളിതകലാ അക്കാദമി നിർവ്വാഹക സമിതി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) പരിശോധിക്കുന്നതാണ്.

(സി) ഇല്ല.

**ചലച്ചിത്രരംഗത്തെ പ്രതിസന്ധി**

53 (3930) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ചലച്ചിത്രരംഗത്ത് നിലനിന്നിരുന്ന പ്രതിസന്ധി അവസാനിപ്പിക്കാനായി നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

(ബി) സിനിമയെന്ന ജനകീയ കല ആസ്വാദകരിൽ എത്തിക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) സിനിമാ വ്യവസായത്തിന്റെ വിവിധ തലങ്ങളിലെ ആശാസ്യമല്ലാത്ത പ്രവണതകളും മാഫിയാവൽക്കരണവും ഇല്ലാതാക്കാൻ ആവശ്യമായ ഇടപെടലുകൾ സാധ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

## ഉത്തരം

(എ) ചലച്ചിത്ര രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുംവിധം സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലയാള സിനിമയുടെ സമഗ്ര വികസനത്തിനായി അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി സമർപ്പിച്ച ശിപാർശകളടക്കം പരിഗണിച്ചുകൊണ്ടാണ് അതോറിറ്റി രൂപീകരിക്കുക. സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിക്കാൻ ജസ്റ്റിസ് കെ. ഹേമ ചെയർപേഴ്സണും നടി ശ്രീമതി ശാരദ, ശ്രീമതി വത്സലകുമാരി റിട്ട. ഐ.എ.എസ്. എന്നിവർ അംഗങ്ങളുമായ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) സിനിമയെന്ന ജനകീയ കല ആസ്വാദകരിൽ എത്തിക്കുന്നതിന് സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് പരിപാടിയിലൂടെ സാധാരണ ജനങ്ങൾക്കും ഗ്രാമീണ ജനങ്ങൾക്കും സന്നദ്ധ സംഘടനകളുടെയും ഫിലിം സൊസൈറ്റികളുടെയും ആവശ്യപ്രകാരം സംസ്ഥാനത്ത് അഞ്ച് മേഖലകളായി തിരിച്ച് സിനിമാപ്രദർശനങ്ങൾ നടത്തിവരുന്നു. കൂടാതെ സ്കൂളുകൾ കേന്ദ്രീകരിച്ചു കൊണ്ട് ഫിലിം ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അതിലൂടെ നല്ല സിനിമകളെ കുട്ടികളിൽ എത്തിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അതിനു പുറമെ പ്രതിവാര സൗജന്യ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. നിലവിൽ തിരുവനന്തപുരത്ത് നടത്തുന്ന പ്രതിവാര സൗജന്യ ക്ലാസ്സിക് സിനിമാ പ്രദർശനങ്ങൾ 5 മേഖലാ കേന്ദ്രങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. നല്ല മലയാള ചലച്ചിത്രങ്ങൾ പ്രേക്ഷകരിൽ എത്തിക്കുന്നതിനായി, കേരളത്തിലങ്ങോളമിങ്ങോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സർക്കാർ വകുപ്പുകളോ അനുവദിക്കുന്ന സ്ഥലങ്ങളിൽ ആധുനിക നിലവാരത്തിലുള്ള തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ കിഫ്ബി ഫണ്ടിൽനിന്നും കണ്ടെത്തുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. സിനിമാ വ്യവസായത്തിന്റെ വിവിധ തലങ്ങളിലെ ആശാസ്യമല്ലാത്ത പ്രവണതകൾ, മാഫിയാവൽക്കരണം എന്നിവ ഒഴിവാക്കുന്നതിനുകൂടി ഉതകുന്ന രീതിയിലുള്ള നിയമനിർമ്മാണം നടത്തുവാനാണ് സിനിമാ റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) കിഫ്ബി വഴി ജില്ലാ കേന്ദ്രങ്ങളിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. വിവിധ ജില്ലകളിൽ ടി പദ്ധതിക്കായുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

## സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് പാർലമെന്ററി കാര്യങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് നടപടി

54 (3931) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ എന്നിവർക്ക് പാർലമെന്ററി കാര്യങ്ങളിൽ അവബോധമുണ്ടാക്കുന്നതിനായി പാർലമെന്ററികാര്യ വകുപ്പ് 2016-17 വർഷത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) 2017-18 വർഷത്തിൽ പാർലമെന്ററി പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനും, അവബോധമുണ്ടാക്കുന്നതിനും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് പാർലമെന്ററി പഠനത്തിന് ഗവേഷണസ്ഥാപനങ്ങളോ, മറ്റേതെങ്കിലും സംവിധാനങ്ങളോ നിലവിലുണ്ടോ എന്നറിയിക്കാമോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് 2016-17 അദ്ധ്യയന വർഷത്തിൽ 'മതേതര ജനാധിപത്യം'എന്ന വിഷയത്തിൽ ഓരോ നിയമസഭാ മണ്ഡലത്തിലേയും സർക്കാർ/എയിഡഡ് സ്കൂളുകൾ കേന്ദ്രീകരിച്ച് സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവയും സർക്കാർ/എയിഡഡ് കോളേജുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തെ അധീകരിച്ച് സെമിനാറും സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 78 സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരവും 38 സ്കൂളുകളിൽ സെമിനാറും 17 സ്കൂളുകളിൽ ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബുകളും 34 സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തനം നടത്തിയിരുന്നു. കൂടാതെ 6 കോളേജുകളിൽ സെമിനാറും സംഘടിപ്പിക്കുകയുണ്ടായി. പാർലമെന്ററി ജനാധിപത്യം എന്ന വിഷയത്തെ അധികരിച്ച് ഉപന്യാസ രചന, പ്രസംഗ മത്സരം, ക്വിസ്സ് മത്സരം എന്നിവയും സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് സംസ്ഥാനതലത്തിൽ നടത്തുകയുണ്ടായി. കൂടാതെ 2015-16 അദ്ധ്യയന വർഷത്തിലെ മികച്ച പാർലമെന്റേറിയൻമാരായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് രണ്ട് ദിവസത്തെ പഠന ക്യാമ്പ് സംഘടിപ്പിച്ച് ആവശ്യമായ തുടർ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. കൊല്ലം ജില്ലയിലെ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ശില്പശാലയും സംഘടിപ്പിച്ചു. പാർലമെന്ററി പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി 'ജേണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ്' വർഷത്തിൽ രണ്ട് വാല്യങ്ങളായി പ്രസിദ്ധീകരിച്ചു വരുന്നു.

(ബി) 2017-18 അദ്ധ്യയന വർഷത്തിൽ ഓരോ നിയോജക മണ്ഡലത്തിലേയും 4 സർക്കാർ/എയിഡഡ് സ്കൂളുകളിൽ വീതം സെമിനാറും 2 സ്കൂളുകളിൽ വീതം യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൺ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ സംഘടിപ്പിക്കുവാൻ തീരുമാനം കൈക്കൊള്ളുകയും 2017-18 അദ്ധ്യയന വർഷാരംഭത്തിൽ തന്നെ പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദീകരിച്ചുകൊണ്ടും തങ്ങളുടെ മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ/എയിഡഡ് സ്കൂളുകളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുവാൻ എല്ലാ എം.എൽ.എ.-മാർക്കും കത്തുകൾ നൽകുകയും ഉണ്ടായി. നാളിതുവരെ 78 എം.എൽ.എ.-മാർ തങ്ങളുടെ മണ്ഡലത്തിലെ സ്കൂളുകൾ തെരഞ്ഞെടുത്ത് അറിയിക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ അധികാരികൾക്ക് സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. 2017-18-ലെ പാർലമെന്ററി ലിറ്ററസി ക്ലബ്ബിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂളിലും, സ്കൂൾ സെമിനാർ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം ജില്ലയിലെ അഞ്ചൽ വെസ്റ്റ് ഹയർ സെക്കണ്ടറി സ്കൂളിലും സംഘടിപ്പിക്കുകയുണ്ടായി. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ 9-8-2017-ൽ കോളേജ് തല സെമിനാർ സംഘടിപ്പിച്ചു. 24-8-2017-ൽ മഹാത്മ അയ്യങ്കാളിയെ സംബന്ധിച്ച അനുസ്മരണ പ്രഭാഷണം യൂണിവേഴ്സിറ്റി കോളേജിലും 29-8-2017-ന് നിലമേൽ എൻ.എസ്.എസ്. കോളേജിൽ കോളേജ്തല സെമിനാറും സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വിവിധ സ്കൂളുകളിൽ സെമിനാറുകൾ നടന്നുകഴിഞ്ഞിട്ടുണ്ട്.

(സി&ഡി) പാർലമെന്ററി കാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ ഗവേഷണ സ്ഥാപനങ്ങളോ മറ്റ് സംവിധാനങ്ങളോ ഒന്നും പ്രവർത്തിക്കുന്നില്ല.

## പാർലമെന്ററി ജനാധിപത്യ സവിശേഷതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ

55 (3932) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്, സ്കൂളുകൾ കേന്ദ്രീകരിച്ച് പാർലമെന്ററി ജനാധിപത്യ സവിശേഷതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) മങ്കട മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത സ്കൂളുകളിൽ മേൽ സൂചിപ്പിച്ച പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പ്രവർത്തന പുരോഗതി വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഓരോ നിയോജകമണ്ഡലത്തിലേയും ബഹുമാനപ്പെട്ട എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന 4 സർക്കാർ/എയിഡഡ് സ്കൂളുകളിൽ സെമിനാറും 2 സ്കൂളുകളിൽ വീതം യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൺ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവയും ഇതിനോടൊപ്പം പാർലമെന്ററി ജനാധിപത്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രസംഗ/ഉപന്യാസ/ക്വിസ്സ് മത്സരങ്ങളും ഓരോ അദ്ധ്യയന വർഷവും പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. നടപ്പ് അദ്ധ്യയന വർഷം ഇതുവരെ 78 എം.എൽ.എ.-മാർ തങ്ങളുടെ മണ്ഡലത്തിലെ സ്കൂളുകൾ തെരഞ്ഞെടുത്ത് അറിയിച്ചിട്ടുണ്ട്. ടി സ്കൂളുകളിൽ സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'കേരള നിയമസഭ ചരിത്രവും - പ്രവർത്തനങ്ങളും' എന്ന പുസ്തകവും സ്കൂൾ തലങ്ങളിൽ വിതരണം ചെയ്യുന്നുണ്ട്. സ്കൂൾ/ജില്ല/സംസ്ഥാനതലങ്ങളിൽ യൂത്ത് പാർലമെന്റ് മത്സരങ്ങൾ സംഘടിപ്പിക്കുകയും അതിൽ ജില്ലാതല മത്സരങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന 'മികച്ച പാർലമെന്റേറിയൻമാർക്ക്' സംസ്ഥാന നിയമസഭയുടെയും പാർലമെന്റിന്റെയും പ്രവർത്തനം നേരിട്ട് മനസ്സിലാക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നു.

(ബി) മങ്കട മണ്ഡലത്തിൽനിന്നും ബഹു. എം.എൽ.എ. നിർദ്ദേശിച്ച ജി.വി.എച്ച്.എസ്.എസ്. മക്കരപ്പറമ്പ്, ജി.വി.എച്ച്.എസ്.എസ്. പാങ്ങ്കുറുവ, ജി.എച്ച്.എസ്.എസ്. മങ്കട, ജി.എച്ച്.എസ്.എസ്. മങ്കട പള്ളിപ്പുറം എന്നീ സ്കൂളുകൾക്ക് സെമിനാർ നടത്തുന്നതിനും പാർലമെന്ററി ലിറ്ററസി ക്ലബ്ബിനായി നിർദ്ദേശിച്ചിട്ടുള്ള ജി.വി.എച്ച്.എസ്.എസ് മക്കരപ്പറമ്പ്, ജി.എച്ച്.എസ്.എസ്. കടുങ്ങപ്പുറം പുഴക്കാട്ടിരി ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബിനായി നിർദ്ദേശിച്ചിട്ടുള്ള ജി.എച്ച്.എസ്.എസ്. മങ്കട, ജി.എച്ച്.എസ്.എസ്. മങ്കട, പള്ളിപ്പുറം എന്നീ സ്കൂളുകൾക്കും ടി പരിപാടികൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയിട്ടുണ്ട്. യൂത്ത് പാർലമെന്റ് മത്സരത്തിനായി ജി.എച്ച്.എസ്.എസ്. ചെറിയം മങ്കട, ജി.എച്ച്.എസ്.എസ് മങ്കട എന്നീ സ്കൂളുകളിലെ നിർദ്ദേശിച്ചിട്ടുള്ള ടീച്ചർ കോ-ഓർഡിനേറ്റർമാർക്ക് ട്രെയിനിംഗ് നൽകേണ്ടതുണ്ട്. ആയത് സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഉടൻ ആരംഭിക്കുന്നതുമാണ്.

## എറണാകുളത്ത് ചലച്ചിത്ര വികസന കോർപ്പറേഷന് സ്ഥലം

56 (3933) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിൽ സർവ്വെ നമ്പർ 622/1- ൽ 25 സെന്റ് സ്ഥലം ചലച്ചിത്ര വികസന കോർപ്പറേഷന് കമ്പോളവില ഈടാക്കിയോ, പാട്ടത്തിനോ അനുവദിക്കാമെന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിൽ സർവ്വെ നമ്പർ 622/1-ൽ 25 സെന്റ് സ്ഥലം ചലച്ചിത്ര വികസന കോർപ്പറേഷന് കമ്പോള വില ഈടാക്കിയോ പാട്ടത്തിനോ അനുവദിക്കാമെന്ന രീതിയിൽ ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടില്ല. എന്നാൽ പശ്ചിമ കൊച്ചിയുടെ ഹൃദയ ഭാഗമായ തോപ്പുംപടിയിൽ രാമേശ്വരം വില്ലേജിൽ സർവ്വേ നമ്പർ 610/1-ൽപ്പെട്ട 45 സെന്റോളം വരുന്ന സർക്കാർ ഭൂമിയിൽ ആധുനിക തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യം പരിശോധിക്കുകയും ടി സ്ഥലം കെ.എസ്.എഫ്.ഡി.സി.-ക്ക് വ്യവസ്ഥകൾക്ക് വിധേയമായി കൈമാറുകയാണെങ്കിൽ തീയേറ്റർ നിർമ്മാണ പദ്ധതിയിൽ പ്രസ്തുത സ്ഥലത്തെയും പരിഗണിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

## ബീറ്റ് ഫോറസ്റ്റ് ഓഫീസർ നിയമനം

57 (3934) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-1-2017-ൽ നിലവിൽ വന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-1-2017-ൽ നിലവിൽ വന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചവരുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | നിയമനം ലഭിച്ചവർ |
|---|---|---|
| 1 | തിരുവനന്തപുരം | 20 |
| 2 | പത്തനംതിട്ട | 28 |
| 3 | കൊല്ലം | 26 |
| 4 | കണ്ണൂർ | 18 |
| 5 | കോഴിക്കോട് | 16 |
| 6 | വയനാട് | 85 |
| 7 | കാസർഗോഡ് | 1 |
| 8 | എറണാകുളം | 20 |
| 9 | തൃശ്ശൂർ | 19 |
| 10 | പാലക്കാട് | 42 |
| 11 | മലപ്പുറം | 39 |
| 12 | കോട്ടയം | 8 |
| 13 | ഇടുക്കി | 88 |
| | ആകെ | 410 |

(ബി) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ ജില്ല തിരിച്ച് സമർപ്പിക്കുന്നു.

| ക്രമ നമ്പർ | ജില്ല | ഒഴിവുകൾ |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 17 |
| 2 | പത്തനംതിട്ട | 8 |
| 3 | കൊല്ലം | 4 |
| 4 | കണ്ണൂർ | 10 |
| 5 | കോഴിക്കോട് | 6 |

| (1) | (2) | (3) |
|---|---|---|
| 6 | വയനാട് | 3 |
| 7 | കാസർഗോഡ് | 2 |
| 8 | എറണാകുളം | 36 |
| 9 | തൃശ്ശൂർ | 24 |
| 10 | പാലക്കാട് | ... |
| 11 | മലപ്പുറം | ... |
| 12 | കോട്ടയം | ... |
| 13 | ഇടുക്കി | 42 |
| | ആകെ | 152 |

**ഗ്രീൻ ഇന്ത്യ മിഷൻ**

58 (3935) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പ് ഗ്രീൻ ഇന്ത്യ മിഷൻ എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിലുള്ള വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പദ്ധതിയുടെ കീഴിൽ നടന്നുവരുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ഭവിഷ്യത്ത് നേരിടുന്നതിനുള്ള ദേശീയ കർമ്മപദ്ധതിയുടെ ഭാഗമായ എട്ട് ദൗത്യങ്ങളിൽ ഒന്നാണ് ഗ്രീൻ ഇന്ത്യ മിഷൻ. വനാശ്രിത സമൂഹങ്ങളുടെ നിലനിൽപ്പിൽ വനങ്ങൾ ചെലുത്തുന്ന സ്വാധീനം

ഉൾക്കൊണ്ടുകൊണ്ടാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. രാജ്യത്തെ വനങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതി സമ്പത്തിന് ദൂരവ്യാപക പ്രത്യാഘാതം സൃഷ്ടിക്കുന്ന കാലാവസ്ഥാ വ്യതിയാനം മൂലമുള്ള അന്തര ഫലങ്ങൾ ജനജീവിതത്തെ സാരമായി ബാധിക്കുമെന്ന തിരിച്ചറിവാണ് ഹരിതഭാരത ദൗത്യത്തിന് അടിസ്ഥാനം. രാജ്യത്തെ വനസമ്പത്തിന്റെ ഗുണമേന്മയും വിസ്തീർണ്ണവും വർദ്ധിപ്പിക്കുകയും അതുവഴി വനം നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക, സാമൂഹ്യവനവൽക്കരണ പരിപാടികളുടെ ഭാഗമായ അഗ്രോ ഫോറസ്ട്രി പ്രവർത്തനവും നഗര വനവൽക്കരണവും വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക, വനാശ്രിത സമൂഹങ്ങൾക്ക് ഗുണദായകമായ ജീവനോപായങ്ങൾ വികസിപ്പിക്കുക, വിറകിന് പകരം പുനരുത്പാദനക്ഷമമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഭക്ഷ്യസുരക്ഷ, ശുദ്ധജലസുരക്ഷ, ജൈവ വൈവിധ്യ സംരക്ഷണം, സുസ്ഥിര ജീവനം, കാർബൺ സംഭരണം, ജലപരിവൃത്തി എന്നിവ GIM ഹരിതവൽക്കരണത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങളാണ്. 2016-17 മുതൽ 5 വർഷം കൊണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ അടങ്കൽ 333 കോടി രൂപയാണ്.

(ബി) ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതിയിൻകീഴിൽ നിലവിലുള്ള വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പ്രവർത്തനങ്ങൾ ഒന്നാം ഉപദൗത്യത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിലുള്ള മിതമായ സാന്ദ്രതയുള്ള വനങ്ങളിൽ പ്രധാനമായും മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുകയും അതിലൂടെ വനങ്ങൾ നൽകുന്ന ജലലഭ്യത, അന്തരീക്ഷ താപനില കുറയ്ക്കൽ, മഴയുടെ ആഘാതം ലഘൂകരിച്ച് നീർച്ചാലുകളുടെ പോഷണം തുടങ്ങിയ പാരിസ്ഥിതിക സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാന്ദ്രത കുറഞ്ഞ വനങ്ങളിൽ ലഭ്യമായ തുറന്ന സ്ഥലങ്ങളിൽ പുനരുൽഭവ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തികളും നടപ്പിലാക്കുന്നു. നിലവിലുള്ള വനങ്ങൾ നേരിടുന്ന കാട്ടുതീ, കാലിമേച്ചിൽ, അനധികൃത മരംമുറി, വിറക് ശേഖരണം തുടങ്ങിയ ഭീഷണികളെ അതിജീവിക്കുന്നതിനുള്ള കർമ്മ പരിപാടികളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുൽമേടുകളുടെ സംരക്ഷണവും ചോലവനങ്ങളുടെ സംരക്ഷണവും മിറിസ്റ്റിക്ക കണ്ടൽ വനങ്ങളുടെ സംരക്ഷണവും പദ്ധതിയുടെ ഭാഗമാണ്.

(സി) ഗ്രീൻ ഇന്ത്യ മിഷന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളും ഉൾപ്പെട്ട 36 വനം ഡിവിഷനുകൾക്ക് കീഴിൽ വരുന്ന പ്രദേശങ്ങളിൽ പ്രാദേശിക പങ്കാളിത്ത പഠന പരിപാടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മൈക്രോ പ്ലാനുകളും വാർഷിക പദ്ധതികളും FDA തലത്തിൽ സംയോജിപ്പിച്ച് അംഗീകരിച്ച് പദ്ധതി നടപ്പാക്കുന്നു. ഓരോ വന വികാസ ഏജൻസിയും പദ്ധതി നടത്തിപ്പിനായി പ്രത്യേകം സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. ഗ്രീൻ ഇന്ത്യ മിഷൻ പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ച് നടപ്പാക്കിവരുന്നു. നിലവിലുള്ള വനങ്ങളുടെ

സംരക്ഷണം, സാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം, നീർമ്മറി പ്രദേശങ്ങളുടെ മണ്ണ് ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും, വനങ്ങൾക്ക് പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്ക വിധത്തിൽ തൈകളുടെ ഉൽപ്പാദനം, വിതരണം, ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ പകരം ഇന്ധന ഉപയോഗം പ്രോൽസാഹിപ്പിക്കൽ, ഉൽപ്പാദനക്ഷമതയുള്ള കാലി വളർത്തൽ പ്രോത്സാഹനം, തീറ്റപ്പുൽ കൃഷി വ്യാപനം, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളിപ്ലഗിംഗ് മനുഷ്യ-വന്യ ജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവ ഈ പദ്ധതിയിലെ പ്രവർത്തനങ്ങളാണ്. വനവൽക്കരണ പരിപാടികളിൽ ഏർപ്പെട്ടിട്ടുള്ള ഇതര സംഘടനകളേയും, കൃഷി, ഗ്രാമവികസനം, മണ്ണ് സംരക്ഷണം തുടങ്ങിയ സർക്കാർ വകുപ്പുകളേയും ഈ പദ്ധതിയിൽ പങ്കാളികളാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**പാലക്കാട് ജില്ലയിലെ കാട്ടാന അക്രമം**

59 (3936) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കാട്ടാനയുടെ അതിക്രമം കാരണം കഴിഞ്ഞ ഒരു വർഷത്തിനകം എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) കാട്ടാനയുടെ ശല്യംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ കാട്ടാനയുടെ അതിക്രമം കാരണം കഴിഞ്ഞ ഒരു വർഷത്തിനകം 12 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) നാളിതുവരെ ലഭിച്ച അപേക്ഷകളുടേയും അനുബന്ധ രേഖകളുടേയും അടിസ്ഥാനത്തിൽ 30,60,000 രൂപ മരിച്ചവരുടെ അനന്തരാവകാശികൾക്ക് നഷ്ട പരിഹാരമായി അനുവദിച്ചിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിൽ കാട്ടാനയുടെ ശല്യംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 2016-17 സാമ്പത്തിക വർഷത്തിൽ 51,36,364 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

## ആനക്കയത്ത് പാലം നിർമ്മിക്കുവാൻ ഭരണാനുമതി

60 (3937) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ-വടാട്ടുപാറ പ്രദേശങ്ങളിൽനിന്നും പഞ്ചായത്ത് ആസ്ഥാനമായ കുട്ടമ്പുഴയിൽ എത്തിച്ചേരുന്നതിനുവേണ്ടി എടമലയാർ പൂയംകുട്ടി ആറുകളുടെ സംഗമസ്ഥലമായ ആനക്കയത്ത് പാലം നിർമ്മിക്കുവാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും വനം വകുപ്പിന്റെ അനുമതിയുമായി ബന്ധപ്പെട്ട് തർക്കം നിലനിൽക്കുന്നതിനാൽ പ്രസ്തുത പാലത്തിന്റെ പണി തുടങ്ങുവാൻ സാധിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ തർക്കങ്ങൾ പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തർക്കങ്ങൾ പരിഹരിച്ച് ആനക്കയം പാലം യാഥാർഥ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ആനക്കയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പുമായി തർക്കം നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആനക്കയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 16-2-2016-ൽ ബഹു. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആനക്കയം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിന് നിർവ്വഹണ വകുപ്പായ പൊതുമരാമത്ത് വകുപ്പ്, ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് 1980 അനുസരിച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതാണ്. തുടർന്ന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൂവാറ്റുപുഴയ്ക്ക് 11-4-2016-ന് മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കത്ത് നൽകിയിട്ടുള്ളതുമാണ്.

(സി) ടി വിഷയവുമായി ബന്ധപ്പെട്ട് തർക്കങ്ങളൊന്നും നിലവിലില്ല. നിർവ്വഹണ വകുപ്പായ പൊതുമരാമത്ത് വകുപ്പ് ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് 1980 അനുസരിച്ച് അപേക്ഷ സമർപ്പിച്ചാൽ മാത്രമേ വനം വകുപ്പിന് തുടർ നടപടി സ്വീകരിക്കാനാവൂ.

## വനഭൂമിയോട് ചേർന്നുകിടക്കുന്ന ഭൂമി

61 (3938) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമിയോട് ചേർന്നുകിടക്കുന്ന ഭൂമി കൈമാറുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത നിയന്ത്രണങ്ങൾ പതിനായിരക്കണക്കിന് കർഷകർക്ക് ഭൂമി ക്രയവിക്രയത്തിന് സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) വനാതിർത്തി വേർതിരിക്കൽ പൂർണ്ണമായും നടത്തിയോ എന്നും ഇല്ലെങ്കിൽ എത്രത്തോളം പൂർത്തിയായി എന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ വനഭൂമി എത്ര കി.മീറ്റർ ആണ്; അതിൽ എത്ര കി.മീറ്റർ എവിടെയെല്ലാം വേർതിരിച്ചിട്ടുണ്ട്; ഇനി എത്ര വേർതിരിക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2012-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) നിയമപ്രകാരം രജിസ്ട്രേഷൻ ആക്ടിന്റെ 71-ാം വകുപ്പിൽ വരുത്തിയ ഭേദഗതി അനുസരിച്ച് സർക്കാർ ഭൂമിയോട് ചേർന്നുകിടക്കുന്ന സ്വകാര്യ ഭൂമികളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നൽകുന്ന നിരാക്ഷേപപത്രം ആവശ്യമാണ്. വനാതിർത്തി വ്യക്തമായതും തർക്കമില്ലാത്തതുമായ സ്ഥലങ്ങളിൽ കാലതാമസം കൂടാതെ വകുപ്പിൽനിന്നും നിരാക്ഷേപപത്രം (എൻ.ഒ.സി.) ലഭ്യമാക്കുന്നുണ്ട്. നിരാക്ഷേപ പത്രം നൽകുന്നതിന് ചിലപ്പോഴൊക്കെ കാലതാമസം ഉണ്ടാകാറുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിലേയ്ക്കായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന വിവിധ ബാച്ചുകളായി സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വെ, ഹയർ സർവ്വേ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തിവരുന്നു. 4-4-2016-ലെ G.O.(P) No.290/16/RD പ്രകാരം കേരള സർവ്വെ & ബൗണ്ടറീസ് റൂൾസ് 1964, റൂൾ 101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രകൃത്യാലുള്ള വനാതിർത്തി ഉൾപ്പെടെ 14235-ഓളം കിലോമീറ്റർ വനാതിർത്തി വേർതിരിച്ചുകഴിഞ്ഞിട്ടുണ്ട്.

(ഡി) 2017-18 വരെയുള്ള കണക്കെടുത്തതിൽ സംസ്ഥാനത്തെ വനാതിർത്തി 16,845-ഓളം കിലോമീറ്ററാണ്. ആയതിൽ എത്ര കിലോമീറ്റർ എവിടെയെല്ലാം വേർതിരിച്ചിട്ടുണ്ടെന്നുള്ളതിന്റെയും ഇനി വേർതിരിക്കാനുള്ളതിന്റെയും വിശദ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സർക്കിൾ | വനാതിർത്തി (കിലോമീറ്ററിൽ) | |
|---|---|---|---|
| | | 31-3-2017 വരെ ഡിമാർക്കേറ്റ് ചെയ്തതും പ്രകൃത്യാൽ ഉള്ളതുമായ വനാതിർത്തി | 31-3-2017-ൽ ബാക്കി ഡിമാർക്കേറ്റ് ചെയ്യേണ്ട വനാതിർത്തി |
| 1 | സതേൺ സർക്കിൾ, കൊല്ലം | 2386.91 | 245.99 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 1711.89 | 1091.52 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 2232.90 | 17.40 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 2831.82 | 729.90 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 3010.18 | 379.40 |
| 6 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 304.25 | 18.85 |
| 7 | ഫീൽഡ് ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്, കോട്ടയം | 740.17 | 99.60 |
| 8 | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 986.54 | 58.48 |
| | ആകെ | 14204.66 | 2641.14 |

## വനമേഖലയിൽ സസ്യജാലങ്ങൾക്ക് കാലാവസ്ഥാ വ്യതിയാനംമൂലമുള്ള നാശം

62 (3939) ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വനമേഖലയിൽ മുള, ഈറ തുടങ്ങിയ സസ്യജാലങ്ങൾക്ക് കാലാവസ്ഥാ വ്യതിയാനംമൂലം നാശം സംഭവിക്കുന്നതുകൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) പുതിയ ഈറ്റ, മുളങ്കാടുകൾ എന്നിവ വച്ചുപിടിപ്പിക്കുകയും ഉള്ളവ പരിപാലിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതി വനം വകുപ്പ് നടപ്പാക്കിയിരുന്നോ; ആ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(സി) ഇവയുടെ അഭാവംമൂലം വന്യജീവികൾ ആഹാരം തേടി ജനവാസ മേഖലയിലിറങ്ങാൻ ഇടയാകുന്ന വസ്തുത കണക്കിലെടുത്ത് മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ വനമേഖലയിൽ മുള, ഈറ തുടങ്ങിയ സസ്യജാലങ്ങൾക്ക് കാലാവസ്ഥ വ്യതിയാനംമൂലം നാശം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കിയ കേരള വനവൽക്കരണ പരിപാടിയിലും മറ്റു പരിപാടികളിലുമായി നശിച്ചുപോയ വനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വച്ചുപിടിപ്പിച്ച ഈറ, മുള തുടങ്ങിയ തോട്ടങ്ങൾ വനംവകുപ്പ് പരിപാലിച്ചു വരുന്നു. സ്വാഭാവിക ഈറ്റ കാടുകളെ കാട്ടുതീയിൽനിന്നും സംരക്ഷിക്കുന്ന പരിപാടിയും നടപ്പിലാക്കുന്നുണ്ട്. വനസംരക്ഷണ സമിതിയുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും സഹകരണത്തോടുകൂടി ഈറ്റത്തോട്ടങ്ങൾ പുതുതായി വച്ചുപിടിപ്പിക്കുന്നുണ്ട്.

(സി) സ്വാഭാവിക ഈറ്റക്കാടുകളുടെ സംരക്ഷണം, ഈറ്റ വച്ചുപിടിപ്പിക്കൽ, മുൻകാലങ്ങളിൽ വെച്ചുപിടിപ്പിച്ച തോട്ടങ്ങളുടെ പരിചരണം, ജലലഭ്യതയ്ക്കായി ചെക്കു ഡാമുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ വന്യജീവി പ്രതിരോധത്തിനായി സോളാർ പവർ ഫെൻസിംഗ്, ആന കിടങ്ങ്, ജൈവഫെൻസിംഗ് തുടങ്ങിയവ ചെയ്യുന്നുണ്ട്.

**താൽക്കാലിക വാച്ചർ നിയമനം പട്ടികവർഗ്ഗക്കാരന് നിഷേധിച്ച നടപടി**

63 (3940) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല-മച്ചാട് വനം റെയിഞ്ചാഫീസ് പരിധിയിലെ അകമല ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിലുള്ള പനംകുറ്റി തേക്ക് പ്ലാന്റേഷനിൽ താൽക്കാലിക വാച്ചർ ജോലി ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.സുരേഷ് s/o കുട്ടൻ, കളപ്പാറ മലയൻകോളനി എന്നയാൾ നൽകിയ അപേക്ഷയിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്;

(ബി) പട്ടികവർഗ്ഗത്തിൽപ്പെട്ടയാളും പ്രദേശവാസിയും ആയ ടിയാന് നിയമനം നൽകാതിരിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ; ഇതിന് നിയമപരമായുള്ള തടസ്സമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) താൽക്കാലിക വാച്ചർ ജോലിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാൾക്ക് തൊഴിൽ നൽകാതെ മറ്റുവിഭാഗത്തിൽപ്പെട്ടയാളെ നിയമിക്കാനുള്ള കാരണമെന്താണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) പനംകുറ്റി പ്ലാന്റേഷന് സമീപം താമസിക്കുന്നതും പ്രദേശവാസിയുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാളെ 15-6-2017 മുതൽ നിയമിച്ചിരുന്നതിനാലും നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം 25 ഹെക്ടർ വരെ ഒരു വാച്ചറെ നിയമിക്കുവാനെ അംഗീകൃത അടങ്കൽ പ്രകാരം സാധിക്കുകയുള്ളൂ എന്നതിനാലും ശ്രീ. സുരേഷിന്റെ അപേക്ഷ പരിഗണിക്കാൻ സാധിച്ചില്ല.

**വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടകൾ സ്ഥാപിക്കുന്ന പ്രവൃത്തി**

64 (3941) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി കയ്യേറുന്നത് തടയുന്നതിന്റെ ഭാഗമായി വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പാക്കിവരുന്നുണ്ടോ;

(ബി) വനാതിർത്തി അളന്ന് തിരിക്കുന്ന പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഫോറസ്റ്റ് ഓഫീസർമാർക്ക് പ്രത്യേക പരിശീലനം നൽകി സർവ്വേയ്ക്ക് നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടയിട്ട് വേർതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു, വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന വിവിധ ബാച്ചുകളിലായി സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വേ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തിവരുന്നു. നാളിതുവരെ 4 ബാച്ചിലായി 120 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 5-ാമത് ബാച്ചിന്റെ പരിശീലനം നടന്നുവരുന്നു.

(സി) വനാതിർത്തി നിർണ്ണയം അടുത്ത മൂന്ന് വർഷംകൊണ്ട് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വന്യമൃഗപരിപാലനം സംബന്ധിച്ച കോഴ്സ്

65 (3942) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി സർവകലാശാലയുടെ കീഴിൽ പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെയും മൃഗശാലവകുപ്പിന്റെയും സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ ആദിവാസി സെറ്റിൽമെന്റുകളിലെ മുപ്പത് പേർക്ക് Wild Animal handling in Zoo and Forest എന്ന മേഖലയിൽ പരിശീലനം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇന്ത്യയിൽ ആദ്യമായി നടത്തിയ ഈ പരിശീലനം പൂർത്തിയാക്കിയവർക്ക് വനംവകുപ്പിന്റെ വിവിധ കേന്ദ്രങ്ങൾ, ഇക്കോ ടൂറിസം കേന്ദ്രങ്ങൾ, മൃഗശാലകൾ തുടങ്ങിയ ഇടങ്ങളിൽ തൊഴിൽ നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) ഈ കോഴ്സ് തുടർന്ന് നടത്തുന്നതിന് സർക്കാർ തയ്യാറാകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) വെറ്ററിനറി സർവ്വകലാശാല പട്ടികവർഗ്ഗ ക്ഷേമ വകുപ്പ്, മ്യൂസിയം, മൃഗശാലവകുപ്പ് എന്നിവയുടെ സാമ്പത്തിക സഹായത്തോടെ കേരളത്തിലെ വിവിധ ജില്ലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ (Tribal Settlement) അഭ്യസ്ഥവിദ്യരായ യുവതീ-യുവാക്കൾക്ക് Animal Handling in Zoo and Forest എന്ന ആറ് മാസത്തെ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിയിട്ടുണ്ട്.

(ബി) സർവ്വകലാശാല അക്കാഡമിക് കൗൺസിൽ അംഗീകരിച്ച വിശദമായ സിലബസിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രായോഗിക പരിശീലനവും (തിയറി & പ്രാക്ടിക്കൽ) ലഭിച്ച ഇവർക്ക് മേൽപ്പറഞ്ഞ കേന്ദ്രങ്ങളിലും റെസ്ക്യൂ സെന്ററുകളിലും ജോലി ലഭിക്കുന്നതിന് അർഹതയുണ്ട്. ഈ കോഴ്സ് പൂർത്തിയാക്കിയ ആദിവാസികളുടെ സേവനം ബന്ധപ്പെട്ട മേഖലയിൽ ഉപയോഗിക്കാനാകുമോ എന്ന് പരിശോധിക്കുന്നതാണ്.

(സി) കോഴ്സ് തുടർന്ന് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പട്ടയ വിതരണത്തിനായി വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത വെരിഫിക്കേഷൻ

66 (3943) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവുമായി അതിർത്തിപങ്കിടുന്ന പ്രദേശങ്ങളിൽ പട്ടയം വിതരണം ചെയ്യുന്നതിന് തടസ്സങ്ങൾ നേരിടുന്നു എന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം പ്രദേശങ്ങളിലാണ് വനം വകുപ്പും റവന്യൂ വകുപ്പും സംയുക്ത വെരിഫിക്കേഷൻ പൂർത്തിയാക്കാത്തതിന്റെയും ജണ്ടകെട്ടി വനഭൂമി വേർതിരിക്കാത്തതിന്റെയും പേരിൽ പട്ടയവിതരണം തടസ്സപ്പെട്ടിരിക്കുന്നത്; ജില്ല, താലൂക്ക്, വില്ലേജ് അടിസ്ഥാനത്തിൽ വിശദാംശം നൽകുമോ;

(സി) വനഭൂമി കൈയേറിയതിന്റെ പേരിൽ സംസ്ഥാനത്ത് വസ്തുക്കരം സ്വീകരിക്കരുതെന്ന നിർദ്ദേശം വനം വകുപ്പ് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ; ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത നിർദ്ദേശം നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധമായി കോടതി വ്യവഹാരങ്ങളിൽപ്പെട്ട പ്രദേശങ്ങൾ, സർക്കാർ സ്വീകരിച്ച നടപടികൾ ഇവ വെളിപ്പെടുത്തുമോ;

(ഇ) വനം,റവന്യൂ വകുപ്പുകളുടെ സംയുക്ത വെരിഫിക്കേഷൻ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ പട്ടയം വിതരണം ചെയ്യുന്നതിന് തടസ്സങ്ങൾ നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി റെയിഞ്ചിൽപ്പെട്ടതും, വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിന്റെ കീഴിൽ വരുന്നതുമായ കോട്ടത്തറ വില്ലേജിലെ ആനപ്പാറ, കുന്നമ്പറ്റ, മണ്ണാത്തിക്കുണ്ട്, മാൻകുന്ന്, എരുമക്കൊല്ലി, ചൂളക്ക, ഓടത്തോട്, വെള്ളരിമല വില്ലേജിലെ കള്ളാടി, താഞ്ഞിലോട്, ചൂരൽമല, മുണ്ടക്കൈ, അട്ടമല, തൃക്കൈപ്പറ്റ വില്ലേജിലെ വേങ്ങാച്ചോല, നെടുമ്പാല, മൂപ്പയിനാട് വില്ലേജിലെ ജെയ്ഹിന്ദ്, അരപ്പറ്റ, കടച്ചിക്കുന്ന്, കാന്തൻപാറ, നീലിമല, റിപ്പൺ, നെടുങ്കരണ എന്നീ സ്ഥലങ്ങളിലും നിലമ്പൂർ സൗത്ത് ഡിവിഷന്റെ പരിധിയിൽ വരുന്നതും മലപ്പുറം ജില്ല, പെരിന്തൽമണ്ണ താലൂക്ക് കാര്യവട്ടം വില്ലേജിലുമാണ് വനം വകുപ്പും റവന്യൂ വകുപ്പും സംയുക്ത പരിശോധന പൂർത്തിയാക്കാത്തതിന്റെയും ജണ്ട കെട്ടി വനഭൂമി വേർതിരിക്കാത്തതിന്റെയും പേരിൽ പട്ടയവിതരണം തടസ്സപ്പെട്ടിരിക്കുന്നത്. കൂടാതെ ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ മാങ്കുളം വില്ലേജിൽ ഉൾപ്പെട്ടിട്ടുള്ള മാങ്കുളം ഡിവിഷനിൽ ഫോറസ്റ്റ് സെറ്റിൽമെന്റ് സർവ്വേ നടന്നുവരികയാണ്.

(സി) സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി റെയിഞ്ചിൽപ്പെട്ടതും മേൽ (ബി) ഉത്തരത്തിൽപ്പെട്ടതും വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ ഭൂമികൾക്ക് നികുതി സ്വീകരിക്കുന്നതിന് വനം വകുപ്പിന്റെ എൻ.ഒ.സി. റവന്യൂ വകുപ്പ് (വില്ലേജ് ഓഫീസർ) ആവശ്യപ്പെടുന്ന കേസുകളിൽ പ്രസ്തുത വസ്തുവിന്റെ നിലവിലെ സ്ഥിതി പരിശോധിച്ച് ടി ഭൂമിയിന്മേൽ തർക്കങ്ങളോ വ്യവഹാരങ്ങളോ

ഉള്ള പക്ഷം ആയതിന്മേൽ തീരുമാനം ഉണ്ടാകുന്നതുവരെ നികുതി സ്വീകരിക്കരുത് എന്ന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിവരുന്നുണ്ട്. കൈയ്യേറ്റ ഭൂമിയാണെങ്കിൽ വനത്തിന്റെ സ്റ്റാറ്റസോടുകൂടി നിലനിൽക്കുന്നതാകയാൽ നികുതി സ്വീകരിക്കരുതെന്ന് ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്. കോഴിക്കോട് ഡിവിഷനിൽ 1991-92 കാലയളവിൽ സംയുക്ത പരിശോധനയിൽ 1-1-1977-ന് ശേഷം വനഭൂമി കയ്യേറിയതായി കണ്ടെത്തിയ കൂരാച്ചുണ്ട്, കാന്തലാട്, ചക്കിട്ടപ്പാറ, നെല്ലിപ്പൊയിൽ വില്ലേജുകളിലെ 95 വനം കയ്യേറ്റങ്ങളിൽ ഉൾപ്പെട്ട ഭൂമിക്ക് പിന്നീട് വനാതിർത്തി പുനർ നിർണ്ണയം നടത്തിയപ്പോൾ വനം കയ്യേറ്റമാണെന്ന് കണ്ടെത്തിയ കൂരാച്ചുണ്ട്, കാന്തലാട് വില്ലേജുകളിലെ 61 വനം കയ്യേറ്റ സ്ഥലങ്ങൾക്കും വസ്തുക്കരം സ്വീകരിക്കരുതെന്ന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാസർഗോഡ് ഡിവിഷനിലെ കാഞ്ഞങ്ങാട് റെയിഞ്ചിൽ അത്തിയടുക്കം ഭാഗത്ത് നികുതി സ്വീകരിക്കരുതെന്ന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ നെന്മാറ ഡിവിഷന്റെ പരിധിയിൽ വരുന്ന കിഴക്കഞ്ചേരി I, കിഴക്കഞ്ചേരി II, മംഗലം ഡാം എന്നീ വില്ലേജുകളിൽ വസ്തുക്കരം സ്വീകരിക്കുന്നതിന് മുമ്പ് ജാഗ്രത പുലർത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ നിലമ്പൂർ നോർത്ത് ഡിവിഷന്റെ പരിധിയിൽ എൻ.ഒ.സി.-ക്കായി ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തുമ്പോൾ വനം കയ്യേറ്റം കണ്ടെത്തുന്ന സ്ഥലങ്ങളിൽ നികുതി സ്വീകരിക്കരുതെന്ന അറിയിപ്പ് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. ഇതുകൂടാതെ വനാതിർത്തി പങ്കിടുന്ന സ്വകാര്യ സ്ഥലങ്ങൾക്ക് വില്ലേജ് ഓഫീസർമാർ വനം വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കിയതിനു ശേഷം മാത്രമേ കൈവശാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കാവൂ എന്ന് മുൻപിനാലെ തന്നെ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഡി) കയ്യേറ്റങ്ങൾ സംബന്ധിച്ച കേസുകളിൽ തീർപ്പുണ്ടാകുന്നതിനുവേണ്ടി യഥാസമയം കേസുകളുടെ നടത്തിപ്പിനാവശ്യമായ രേഖകളും തെളിവുകളും സമർപ്പിച്ച് അവ എത്രയും പെട്ടെന്ന് തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) വനം കയ്യേറ്റത്തിലെ സംയുക്ത പരിശോധന റവന്യൂ വകുപ്പിന്റെ നേതൃത്വത്തിലാണ് നടത്തിവരുന്നത്. റവന്യൂ വകുപ്പ് ആവശ്യപ്പെടുന്ന ഘട്ടങ്ങളിലൊക്കെ സംയുക്ത പരിശോധനയ്ക്ക് ആവശ്യമായ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം നൽകിവരുന്നുണ്ട്.

**മുത്തപ്പൻപുഴയിലെ ജണ്ട കെട്ടൽ**

67 (3944) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കാംപൊയിൽ മുത്തപ്പൻപുഴയിൽ കൈവശ കൃഷിക്കാർ, ആരാധനാലയം, വിദ്യാലയം എന്നിവയുടെ സ്ഥലങ്ങളിൽ വനം വകുപ്പ് ജണ്ട കെട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിഷയത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) കൈവശഭൂമിയിൽ ജണ്ട കെട്ടുന്ന പ്രവർത്തനം നിർത്തിവെക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് റവന്യ, വനം വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വനംവകുപ്പ് വനാതിർത്തിയിൽ മാത്രമാണ് ജണ്ട കെട്ടുന്നത്. സ്വകാര്യ വ്യക്തികളുടെയോ ആരാധനാലയങ്ങളുടെയോ വിദ്യാലയങ്ങളുടെയോ സ്ഥലങ്ങളിൽ ജണ്ട കെട്ടുന്നില്ല.

(ബി) താമരശ്ശേരി റെയിഞ്ചിന്റെ പരിധിയിൽ വരുന്നതാണ് ആനക്കാംപൊയിൽ, മുത്തപ്പൻപുഴ പ്രദേശങ്ങൾ. ഇവിടെ വനാതിർത്തി ജണ്ട കെട്ടി സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർവ്വെ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വനാതിർത്തിയിൽ പലയിടങ്ങളിലും വനം കയ്യേറി വിവിധ ആൾക്കാർ കൃഷി ചെയ്തുവരുന്നത് സർവ്വെയിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇവിടങ്ങളിൽ ആരാധനാലയമോ, വിദ്യാലയമോ വനഭൂമിക്കകത്ത് ഉൾപ്പെട്ടുവരുന്നതായി ഇപ്പോൾ നടക്കുന്ന സർവ്വെയിൽ കണ്ടിട്ടില്ല. ഏതാനും വർഷങ്ങൾക്ക് മുമ്പ് ഇപ്പോൾ സർവ്വെ നടക്കുന്നതിനടുത്ത് വനാതിർത്തി സർവ്വേ ചെയ്തപ്പോൾ ഒരു ക്രിസ്ത്യൻ പള്ളിയുടെ ശ്മശാനത്തിന്റെ ഒരു ഭാഗം വനഭൂമിയിലാണെന്ന് കണ്ടിരുന്ന പ്രാദേശികമായ എതിർപ്പിനെ തുടർന്ന് അവിടത്തെ സർവ്വെ പ്രവർത്തനങ്ങൾ തുടർന്നു പോകാൻ അന്ന് കഴിഞ്ഞിരുന്നില്ല. 1971-ൽ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് പ്രകാരം നിക്ഷിപ്തമായ പ്രദേശത്ത് 1975-76 കാലത്ത് സർവ്വെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് അംഗീകൃതമായ സർവ്വെ രേഖകൾ പ്രകാരമാണ് വനാതിർത്തിയിൽ ജണ്ടകൾ നിർമ്മിക്കുന്നത്.

(സി) വനസംരക്ഷണത്തിന് വനാതിർത്തികളിൽ ജണ്ട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ഇത് 2017-18-ലെ ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിലും സർക്കാരിന്റെ ബഡ്ജറ്റ് പ്രസംഗത്തിലും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. വനാതിർത്തിയിലെ ജണ്ട നിർമ്മാണം പൂർത്തീകരിക്കേണ്ടത് നിയമപരമായ ബാധ്യതയുമാണ്. മേൽ കാരണങ്ങളാൽ വനാതിർത്തിയിൽ ജണ്ട നിർമ്മിക്കുന്ന പ്രവൃത്തി നിർത്തി വെയ്ക്കാവുന്നതല്ല.

(ഡി) സംസ്ഥാന വ്യാപകമായി കയ്യേറ്റ ഭൂമിയിലെ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന 1999-2000 വർഷം തീർക്കാൻ തീരുമാനമായിട്ടുള്ളതാണ്. കൂടാതെ ചില പ്രത്യേക കേസുകളിലും ഇത്തരം സംയുക്ത പരിശോധനയ്ക്കായി ഉത്തരവിട്ടിട്ടുണ്ട്. ഈ നടപടികൾ ഏതാണ്ട് പൂർത്തിയായതായി കണക്കാക്കുന്നു.

## ജനവാസ മേഖലയിൽ നാശനഷ്ടമുണ്ടാക്കുന്ന വന്യജീവികൾ

68 (3945) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചമൂലം വനത്തിൽനിന്നും ജനവാസ മേഖലയിലേയ്ക്ക് വന്യജീവികൾ കടന്നാൽ അവയെ തിരിച്ച് കാട്ടിലേയ്ക്ക് വിടുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് അറിയിക്കുമോ;

(ബി) സ്ഥിരമായി ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങി നാശനഷ്ടമുണ്ടാക്കുന്ന വന്യമൃഗങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) വരൾച്ചമൂലം വനത്തിൽനിന്നും ജനവാസ മേഖലയിലേയ്ക്ക് കടക്കുന്ന വന്യജീവികളെ ദ്രുതകർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്തി തിരിച്ച് കാട്ടിലേക്ക് വിടുന്നുണ്ട്. ഇത്തരത്തിൽ ജനവാസ മേഖലകളിൽ എത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് അയയ്ക്കുന്നതിന് കുങ്കി ആനകളുടെ സേവനവും ഉപയോഗ പ്പെടുത്തിവരുന്നു.

(ബി) പരിശോധിച്ചിട്ടുണ്ട്. കാട്ടാന, കുരങ്ങ്, കാട്ടുപന്നി, മാൻ, മയിൽ തുടങ്ങിയ വന്യജീവികളാണ് ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി പ്രധാനമായും നാശനഷ്ടങ്ങ ളുണ്ടാക്കുന്നത്. കടുവ, പുലി എന്നീ ജീവികൾ അപൂർവ്വമായി ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്നുണ്ട്. വനത്തിനുള്ളിൽ കുടിവെള്ളം, ആഹാരവസ്തുക്കൾ എന്നിവയുടെ ലഭ്യത കുറയുന്നത്, ആനത്താരകൾ ശിഥിലമാകുന്നത്, വനാതിർത്തി പങ്കിടുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കൃഷി രീതികൾ നടത്തുന്നത് എന്നിവയാണ് വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നതിനുള്ള പ്രധാന കാരണങ്ങൾ.

## ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനകൾ ഇറങ്ങിയ സംഭവങ്ങൾ

69 (3946) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനകൾ ഇറങ്ങിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളാണ് ഈ വർഷം റിപ്പോർട്ട് ചെയ്തതെന്ന് അറിയിക്കാമോ;

(ബി) ഇത്തരം സംഭവങ്ങളിലൂടെ ഉണ്ടായ ജീവഹാനി, കൃഷിനാശം, മറ്റ് നഷ്ടങ്ങൾ എന്നിവയുടെ കണക്കുകൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനകൾ ഇറങ്ങിയതുമായി ബന്ധപ്പെട്ട് കൃഷിനാശം, ജീവഹാനി എന്നിവ സംഭവിച്ച 2676 കേസ്സുകൾ ഈ വർഷം (1-1-2017 മുതൽ 19-8-2017 വരെ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങളിൽ 23 പേർക്ക് ജീവഹാനി സംഭവിക്കുകയും കൃഷിനാശം, കന്നുകാലിനാശം, വസ്തുവകകൾക്കുണ്ടായ നാശനഷ്ടം എന്നിങ്ങനെ 2653 സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മനുഷ്യജീവനാശത്തിനും മറ്റ് നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരത്തിനായി നാളിതുവരെ ലഭിച്ച അപേക്ഷകളിന്മേൽ 57,79,682 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

**മനുഷ്യ-വന്യജീവി സംഘർഷം**

70 (3947) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി.ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ അവ ലഘൂകരിക്കുന്നതിന് രൂപം കൊടുത്ത ജനജാഗ്രതാ സമിതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം നേരിടുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത് എന്നറിയിക്കുമോ;

(സി) വന്യജീവി ആക്രമണം നിയന്ത്രിക്കുന്നതിന് അവലംബിക്കുന്ന ആധുനിക സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഡി) വന്യജീവി ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സഹായം ലഭിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കുമോ;

(ഇ) മനുഷ്യരെ ആക്രമിക്കുന്ന ഏതൊക്കെ വന്യജീവികളെ കൊല്ലാനാണ് അനുവാദം നൽകിയിരിക്കുന്നത് എന്നറിയിക്കുമോ?

ഉത്തരം

(എ) വന്യജീവി ആക്രമണം ഉണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുകയും, പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് വനം വകുപ്പിന് നിർദ്ദേശങ്ങൾ നൽകുക കൂടാതെ നിലവിൽ നിർമ്മിച്ചിട്ടുള്ള പ്രതിരോധ മാർഗ്ഗങ്ങളായ സൗരോർജ്ജ കമ്പിവേലി, കിടങ്ങ്, മതിൽ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ

വിവരം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റാഫീസറെ അറിയിക്കുകയും കമ്മിറ്റിയിൽ ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നിവയാണ് സമിതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. വന്യജീവി ആക്രമണം ഉണ്ടാകുന്നപക്ഷം എത്രയും പെട്ടെന്ന് സ്ഥലത്തെത്തി വേണ്ടനടപടികൾ സ്വീകരിക്കുവാൻ വനം വകുപ്പിനെ സഹായിക്കുകയും വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി നടത്തുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വനം വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക എന്നതും ജനജാഗ്രതാ സമിതിയുടെ കടമയാണ്.

(ബി) വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശത്തിന് താഴെപ്പറയുന്ന വിധത്തിൽ നഷ്ടപരിഹാരം നൽകുന്നു :

| | കഷ്ട നഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാര തുക (രൂപ) | ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1. | വന്യജീവി ആക്രമണം മൂലമുള്ള വീട് നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപ) | സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 32/2013/വനം തീയതി 22-3-2013, സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 22/2015/വനം തീയതി 8-1-2015. |
| 2. | വന്യജീവി ആക്രമണം മൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപ)) | |

2. കൃഷിയിടങ്ങളിലിറങ്ങുന്ന വന്യജീവികളെ വനത്തിലേക്ക് തിരികെ അയയ്ക്കുന്നതിനായി ദ്രുതകർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

3. വനഭൂമിയുടെ അതിർത്തിയിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിക്കുന്നു.

4. വന്യജീവികൾക്ക് ആഹാരവും വെള്ളവും വനത്തിൽത്തന്നെ ലഭ്യമാക്കുവാൻ നടപടി എടുക്കുന്നു.

(സി) വന്യജീവി ആക്രമണം നിയന്ത്രിക്കുന്നതിനായി ആധുനിക സംവിധാനം എന്ന നിലയ്ക്ക് ജനവാസ മേഖലകളിൽ ആനയോ, മറ്റ് വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണിലേക്ക് എസ്.എം.എസ്. മുഖാന്തിരം അറിയിപ്പ് നൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 65 ജനവാസ കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) വന്യജീവി ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർ സഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം സംസ്ഥാന സർക്കാരിന്റെ ഇ-ഡിസ്ട്രിക്ട് എന്ന വെബ് പോർട്ടൽ വഴി ഓൺലൈനായി പ്രദേശത്തെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അഞ്ച് ലക്ഷം രൂപയാണ് ഇപ്പോൾ നൽകുന്ന സഹായധനം.

(ഇ) നിലവിൽ മനുഷ്യരെ ആക്രമിക്കുന്ന വന്യജീവികളെ കൊല്ലാൻ അനുവാദം നൽകിയിട്ടില്ല.

**ചേലക്കര മണ്ഡലത്തിൽ കാട്ടാനമൂലം ഉണ്ടായ നാശനഷ്ടം**

71 (3948) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിലെ പാമ്പാടി, തിരുവില്ല്വാമല, മായന്നൂർ എന്നീ ജനവാസകേന്ദ്രങ്ങളിൽ കാട്ടാനകൾ വന്ന് കൃഷിയും മറ്റും നശിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ നഷ്ടം ഉണ്ടായതായിട്ടാണ് വനം വകുപ്പ് കണ്ടെത്തിയിട്ടുള്ളത്;

(ബി) ഇതുമൂലം നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം നൽകുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിലെ പാമ്പാടി, തിരുവില്വാമല, മായന്നൂർ എന്നീ ജനവാസകേന്ദ്രങ്ങളിൽ കാട്ടാനകൾ വന്ന് കൃഷിയും മറ്റും നശിപ്പിച്ചതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ഒന്നും തന്നെ ഈ വർഷം വനംവകുപ്പിന്റെ ബന്ധപ്പെട്ട ഓഫീസിൽ ലഭിച്ചിട്ടില്ലാത്തതിനാൽ നഷ്ടം കണക്കാക്കിയിട്ടില്ല.

(ബി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അനുവദനീയമായ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പെരുനാട് പഞ്ചായത്തിലെ ളാഹയിൽ പുലിയുടെ ആക്രമണം**

72 (3949) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പെരുനാട് പഞ്ചായത്തിലെ ശബരിമല വനാതിർത്തിയിലുള്ള ളാഹയിലും പരിസരപ്രദേശങ്ങളിലും പുലിയുടെ ആക്രമണത്തെത്തുടർന്ന് വളർത്തുമൃഗങ്ങൾക്കും മനുഷ്യർക്കും പരിക്കേറ്റതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആക്രമണകാരിയായ പുലിയെ കണ്ടെത്തുന്നതിനും കെണിയൊരുക്കി അതിനെ പിടിച്ച് ഉൾവനത്തിലേക്ക് തിരികെ അയക്കാനും വനം വകുപ്പ് ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ആക്രമണഭീതിയിൽ കഴിയുന്ന തൊഴിലാളികുടുംബങ്ങളുടെ ജീവനും സ്വത്തിനും വളർത്തുമൃഗങ്ങൾക്കും സംരക്ഷണം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നി ഡിവിഷനിലെ റാന്നി റെയിഞ്ചിൽപ്പെട്ട രാജമ്പാറ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ M/s.ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഉടമസ്ഥതയിലുള്ള റബ്ബർ തോട്ടത്തിൽ അഴിച്ചുവിട്ടിരുന്ന കന്നുകാലികളിൽ ഒന്നിനെ അജ്ഞാത ജീവി ആക്രമിച്ച് കൊന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) M/s. ഹാരിസൺസ് മലയാളം പ്ലാന്റേഷന്റെ ഉടമസ്ഥതയിലുള്ള ളാഹ തോട്ടത്തിൽ പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന് നാട്ടുകാരിൽനിന്നും വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രദേശത്ത് ദ്രുതകർമ്മ സേന ഉൾപ്പെടെയുള്ള വനംവകുപ്പ് സംരക്ഷണ വിഭാഗം ജീവനക്കാരുടെ സേവനം ഉപയോഗിച്ച് നിരന്തരം പട്രോളിംഗ് നടത്തി വരുന്നുണ്ട്.

(സി) ളാഹ പ്രദേശത്ത് പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്ത് ദ്രുതകർമ്മ സേന ഉൾപ്പെടെയുള്ള വനംവകുപ്പ് സംരക്ഷണ വിഭാഗം ജീവനക്കാരുടെ സേവനം ഉപയോഗിച്ച് നിരന്തരം പട്രോളിംഗ് നടത്തിവരുന്നുണ്ട്. വ്യക്തമായ സൂചന ലഭിച്ചാൽ കൂടുവച്ച് പിടിച്ച് വനത്തിനുള്ളിൽ തുറന്നുവിടുന്നതിന് നടപടി സ്വീകരിക്കും.

**കാട്ടാനകളെ ചെറുക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ**

73 (3950) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനയുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണവും കാട്ടാനകൾ വിളകൾ നശിപ്പിക്കുന്നതുമൂലം സംഭവിക്കുന്ന കൃഷി നാശനഷ്ടവും പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) കാട്ടാനകളെ ചെറുക്കാൻ വനം വകുപ്പ് നടത്തുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാവുന്നില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ രംഗത്ത് എന്തെങ്കിലും നൂതനമാർഗ്ഗങ്ങൾ കണ്ടെത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ആവാസ വ്യവസ്ഥ മാറിയതും പരിസ്ഥിതി സന്തുലനം തകർന്നതും കൂടാതെ വനം കയ്യേറ്റത്തിലൂടെ വനവിസ്തൃതി കുറഞ്ഞതുമാണ് ആനയടക്കമുള്ള വന്യജീവികൾ നാട്ടിലേക്കിറങ്ങാൻ കാരണമായതെന്ന് കരുതുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. 2016-17-ൽ സംസ്ഥാനത്ത് 43 പേർക്ക് കാട്ടാനയുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുകയും 2,41,76,907 രൂപയുടെ കൃഷിനാശം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

(ബി) വനം വകുപ്പിന്റെ ഈ രംഗത്തെ പ്രവർത്തനങ്ങൾ ഏറിയ പങ്കും ഫലപ്രദമാണ്.

(സി) കൃഷിയിടത്തിലേയ്ക്കിറങ്ങുന്ന കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികളെ നിയന്ത്രിക്കുന്നതിന് നിലവിൽ അവലംബിച്ചുവരുന്ന മാർഗ്ഗങ്ങൾ കൂടാതെ പ്രതിരോധത്തിനായി റെയിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കൂടുതൽ കുങ്കി ആനകളെ പരിശീലിപ്പിച്ച് കാട്ടാനകളെ പ്രതിരോധി ക്കുവാനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

(ഡി) ആവാസ വ്യവസ്ഥ മാറിയത്, വനത്തിനുള്ളിൽ കുടിവെള്ളം, ആഹാര വസ്തുക്കൾ എന്നിവയുടെ ലഭ്യത കുറയുന്നത്, ആനത്താരകൾ ശിഥിലമാകുന്നത്, വനാതിർത്തി പങ്കിടുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കൃഷിരീതികൾ നടത്തുന്നത് എന്നിവയാണ് വന്യജീവികൾ നാട്ടിലേയ്ക്കിറങ്ങാൻ കാരണമാകുന്നതെന്ന് കാണുന്നു.

**വന്യജീവികളുടെ ആക്രമണത്തിന് വിധേയമായവർക്ക് നഷ്ടപരിഹാരം**

74 (3951) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിന് വിധേയമായവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് നിബന്ധന ചെയ്തിട്ടുള്ള ഷെഡ്യൂളിൽ ഏതെല്ലാം വന്യജീവികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കുമോ;

(ബി) തേനീച്ച, കടന്നൽ തുടങ്ങിയ ജീവികളെ ഈ ഷെഡ്യൂളിൽപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിന്റെ 1 മുതൽ IV വരെയുള്ള ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ മൃഗങ്ങളും പക്ഷികളും മൂലമുണ്ടാകുന്ന ആക്രമണത്തിന് വനം വകുപ്പ് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ബി) തേനീച്ച, കടന്നൽ തുടങ്ങിയ ജീവികളെ 1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സംസ്ഥാനങ്ങളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരാണ് സ്വീകരിക്കേണ്ടത്. ഇക്കാര്യം ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലില്ല.

**ജനവാസ കേന്ദ്രങ്ങളിലെ കാട്ടാന ശല്യം**

75 (3952) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖല കുറഞ്ഞതും വനത്തിനുള്ളിലെ ആവാസവ്യവസ്ഥയ്ക്ക് മാറ്റം വന്നതും കാട്ടാനകൾ നാട്ടിലിറങ്ങി നാശനഷ്ടങ്ങളുണ്ടാക്കുന്നതിന് കാരണമായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനും വനം കയ്യേറ്റം നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) വനമേഖലയോട് ചേർന്ന കൃഷിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് നിർമ്മിച്ചിട്ടുള്ള വൈദ്യുതവേലിയിൽ തട്ടി കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികൾ മരണമടയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനമേഖല കുറഞ്ഞതും വനത്തിനുള്ളിലെ ആവാസ വ്യവസ്ഥയ്ക്ക് മാറ്റം വന്നതും കാട്ടാനകൾ നാട്ടിലിറങ്ങി നാശനഷ്ടങ്ങളുണ്ടാക്കുന്നതിനുള്ള കാരണങ്ങളിൽ പെടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി വനത്തിനകത്ത് ഫലവൃക്ഷതൈകൾ വച്ചുപിടിപ്പിച്ചും ജലസ്രോതസ്സുകൾ പരിപാലിച്ചും കാട്ടാനകളുടെ ആവാസവ്യവസ്ഥ പരിപോഷിപ്പിച്ചും വരുന്നു. നിലവിൽ വനം കയ്യേറ്റം നിയന്ത്രണത്തിലാണ്. വനം കയ്യേറ്റം നിയന്ത്രിക്കുന്നതിന് സംരക്ഷണ വന പ്രദേശങ്ങൾക്കുചുറ്റും ജണ്ടകൾ സ്ഥാപിക്കുകയും പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതിവേലിയിൽ വന്യജീവികളുടെ മരണത്തിന് കാരണമാകുന്ന അളവിൽ വൈദ്യുതി പ്രവഹിപ്പിക്കുന്നത് കുറ്റകരമാണ്. ഇത്തരത്തിൽ വന്യജീവികളുടെ മരണം സംഭവിച്ചാൽ ഉത്തരവാദികളായവർക്കെതിരെ 1972-ലെ വന്യജീവി (സംരക്ഷണ) ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.

## ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

76 (3953) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നത്;

(ബി) പ്രസ്തുത പദ്ധതികളിൽ കുടുംബശ്രീയിൽ അംഗങ്ങളായ വനിതകൾക്ക് മുൻഗണന ലഭിച്ചു വരുന്നുണ്ടോ;

(സി) വായ്പയെടുത്ത കർഷകർക്ക് തിരിച്ചടവിനായി കൂടുതൽ സമയം അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മൂന്ന് ആട് ഫാമുകളും രണ്ട് ആട് വളർത്തൽ യൂണിറ്റുകളും ഉണ്ട്.

ആട് ഫാമുകൾ:

1. ഗോട്ട് ഫാം, പാറശ്ശാല
2. ഗോട്ട് ഫാം, അട്ടപ്പാടി
3. ഗോട്ട് ഫാം, കൊമേരി

ആട് വളർത്തൽ യൂണിറ്റ്:

1. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്
2. ഹൈടെക് ഡയറി ഫാം, കുരിയോട്ടുമല

ആടുകളിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം മൃഗാശുപത്രികൾവഴി സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. ആട് വളർത്തലിന് സബ്സിഡി സഹായം (50%) മൃഗസംരക്ഷണ വകുപ്പുവഴി നൽകുന്നുണ്ട്. അഞ്ച് പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന ഒരു യൂണിറ്റ് സ്ഥാപിക്കാൻ കർഷകന് 25,000 രൂപ സഹായം നൽകുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതികളിൽ വനിതകൾക്കാണ് മുൻഗണന ലഭിച്ചുവരുന്നത്.

(സി) ബാങ്കുകളാണ് പ്രസ്തുത തിരിച്ചടവിന്റെ കാലയളവ് നിശ്ചയിക്കുന്നത്.

## വനം, മൃഗസംരക്ഷണം, മൃഗശാലകൾ എന്നീ വകുപ്പുകളുടെ കീഴിൽ പുതിയ സ്ഥാപനങ്ങൾ

77 (3954) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം, മൃഗസംരക്ഷണം, മൃഗശാലകൾ എന്നീ വകുപ്പുകളുടെ കീഴിൽ എത്ര പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളുടെ നിർമ്മാണം തുടങ്ങിയതെന്നാണെന്നും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ സ്ഥാപനങ്ങൾ ഉദ്ഘാടനം ചെയ്തതാരൊക്കെയാണെന്നും ഉദ്ഘാടനച്ചടങ്ങുകൾക്ക് ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സ്ഥാപനങ്ങളിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തസ്തികകളെല്ലാം നികത്തപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഇ) ഉദ്ഘാടനത്തിന് ശേഷം ഈ സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം, മൃഗസംരക്ഷണം, മൃഗശാലകൾ എന്നീ വകുപ്പുകളുടെ കീഴിൽ പുതിയ സ്ഥാപനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല.

## നാടൻ പശുക്കളുടെ സംരക്ഷണത്തിന് പ്രത്യേക സഹായങ്ങൾ

78 (3955) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടൻ പശുക്കളുടെ സംരക്ഷണത്തിന് മാത്രമായി മൃഗസംരക്ഷണ വകുപ്പ് പ്രത്യേകം സഹായങ്ങൾ നൽകുമോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) നൽകുന്നുണ്ട്.

(ബി) വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയുടെ ബീജമാത്രകൾ കർഷകരുടെ ആവശ്യാനുസരണം മൃഗാശുപത്രികൾ മുഖേന മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി വിതരണം നടത്തുന്നുണ്ട്. വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന 300-ഓളം കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10,000 രൂപ വിവിധ പദ്ധതികളിലായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് നൽകി വരുന്നു.

## തലശ്ശേരി നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് ചെയ്തിട്ടുള്ള കാര്യങ്ങൾ

79 (3956) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം തലശ്ശേരി നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) അവയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച പദ്ധതികൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) 2016-17-ലെ പദ്ധതികളെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്. 2017-18-ലെ പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

## കന്നുകാലി രോഗങ്ങൾ

80 (3957) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളിൽ വ്യപകമായി പടർന്നു പിടിച്ചിരിക്കുന്ന കീറ്റൊസ്, ബ്രൂസല്ലോസ്, ഡൌൺസ് സിൻഡ്രോം എന്നീ രോഗങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത കന്നുകാലികൾ മരണപ്പെടുകയാണെങ്കിൽ അവയെ പരിപാലിച്ചിരുന്ന കർഷകർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭിച്ചു വരുന്നുണ്ടോ;

(സി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കീറ്റോസിസ്, ബ്രൂസല്ലോസിസ്, ഡൗണർ കൗ സിൻഡ്രോം എന്നീ രോഗങ്ങളിൽ ബ്രസല്ലോസിസ് മാത്രമാണ് സാംക്രമിക രോഗമായിട്ടുള്ളത്. ഈ രോഗങ്ങൾ ഉരുക്കളെ വ്യാപകമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പിന്റെ ലബോറട്ടറികളിലെ സംവിധാനങ്ങൾ ഉപയോഗിച്ച് ടി അസുഖം കണ്ടെത്തി അത്തരം ഉരുക്കളെ കള്ളിംഗിനു വിധേയമാക്കി രോഗവ്യാപനം തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സർക്കാർ ഉത്തരവ് 1374/2014/കൃഷി തീയതി 4/8/2014 പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) ആന്ത്രാക്സ്, സ്വയിൻ ഫീവർ, പേവിഷബാധ, ഏവിയൻ ഇൻഫ്ലുവൻസ, പി.പി.ആർ, പ്രിഡേറ്റർ അറ്റാക്ക്, ഡ്രൗണിംഗ്, വൈദ്യുതാഘാതം, സൂര്യാഘാതം, ഇടിമിന്നൽ, മറ്റു അപകടങ്ങൾ എന്നീ കാരണങ്ങളാൽ മരണപ്പെട്ട ഉരുക്കളെ പരിപാലിച്ചിരുന്ന കർഷകർക്ക് സർക്കാർ നിശ്ചയിച്ച നിരക്ക് പ്രകാരം ധനസഹായം നൽകുന്നുണ്ട്. ധനസഹായം നൽകുന്നതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു,

| | | |
|---|---|---|
| പശു, എരുമ എന്നിവയ്ക്ക് | - | 16,400 രൂപ (ഒരു എണ്ണത്തിന്) |
| ആട് (ഒന്നിന്) | - | 1,650 രൂപ (പരമാവധി 4 എണ്ണം) |
| പോത്ത് (ഒന്ന്) | - | 15,000 രൂപ |
| പശുക്കിടാവ് (ഒന്ന്) | - | 10,000 രൂപ |
| കോഴി, താറാവ് ഒന്നിന് | - | 50 രൂപ (പരമാവധി 50,000 രൂപ) |

## തൃശ്ശൂർ ജില്ലയിലെ കേരള ഫീഡ്സ് കമ്പനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

81 (3958) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കല്ലേറ്റിൻകരയിലെ കേരള ഫീഡ്സ് കമ്പനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ക്ഷീര കർഷകർക്കും സംഘങ്ങൾക്കും ആവശ്യാനുസരണം കാലിത്തീറ്റ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ക്ഷീര സംഘങ്ങൾ കാലിത്തീറ്റയ്ക്കായി അഡ്വാൻസ് പേയ്മെന്റ് നടത്തിയിട്ടും തീറ്റ ലഭിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതൊഴിവാക്കുന്നതിനും കാലിത്തീറ്റ ഉദ്പാദനം കൂട്ടി, തീറ്റ ക്ഷീര കർഷകർക്ക് യഥാസമയം ലഭ്യമാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സ്വീകരിക്കുന്നതാണ്. ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് 1999 മുതൽ സമീകൃത കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് കേരളത്തിലുടനീളം വിപണനം നടത്തിവരുന്നു. കേരള ഫീഡ്സ് കാലിത്തീറ്റ മിതമായ നിരക്കിൽ വിപണിയിൽ ലഭ്യമാണ്. തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലെ കമ്പനിയുടെ പ്രതിദിന ഉൽപ്പാദനം 500 മെട്രിക് ടണ്ണിൽ നിന്നും 650 മെട്രിക് ടണ്ണായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല. ക്ഷീര സംഘങ്ങൾ കാലിത്തീറ്റയ്ക്ക് പണമടയ്ക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ കാലിത്തീറ്റ വിതരണം നടത്തിവരുന്നു.

(സി) കേരള ഫീഡ്സ് കല്ലേറ്റുംകരയിലെ ഫാക്ടറിയിൽനിന്നും പ്രതിദിനം 500 മെട്രിക് ടണ്ണിൽനിന്നും 650 മെട്രിക് ടൺ ആയി ഉയർത്തി കാലിത്തീറ്റ വിതരണം നടത്തിവരുന്നു. തെക്കൻ കേരളത്തിൽ കാലിത്തീറ്റ സുലഭമായി ലഭ്യമാക്കുന്നതിനുവേണ്ടി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽനിന്നും പ്രതിദിനം 300 മെട്രിക് ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. വടക്കൻ കേരളത്തിൽ കാലിത്തീറ്റ സുലഭമായി ലഭ്യമാക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരിയിലെ ഫാക്ടറിയിൽനിന്നും ഒരു ഷിഫ്റ്റ് പ്രവർത്തനമാരംഭിച്ചു. വളരെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഇത് 3 ഷിഫ്റ്റായി ഉൽപ്പാദനം വർദ്ധിപ്പിച്ച് പൂർണ്ണമായി പ്രവർത്തനസജ്ജമാക്കുന്നതാണ്. കൂടാതെ ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കടുത്ത് അരീക്കുഴയിൽ 500 ടൺ പ്രതിദിന ഉൽപ്പാദനശേഷിയുള്ള ഫാക്ടറിയുടെ പ്രാഥമിക നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**പൗൾട്രി ഫാമുകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ**

82 (*T3959)<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിയിറച്ചിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് പൗൾട്രി ഫാമുകൾ നടത്തുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പദ്ധതികളുണ്ടോ;

(ബി) അയൽ സംസ്ഥാന ലോബിയുടെ നിയന്ത്രണത്തിൽനിന്ന് കോഴി ഉൽപ്പാദനം, വിപണനം എന്നിവയെ മുക്തമാക്കുവാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഈ മേഖലയിലെ കർഷകർക്ക് സബ്സിഡി നൽകാൻ തയ്യാറാകുമോ എന്നറിയിക്കാമോ?

---

* T' മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഉണ്ട്. കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് വഴി നടപ്പിലാക്കുന്ന ഇന്റഗ്രേഷൻ പദ്ധതി പ്രകാരം കോഴി വളർത്തലിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുള്ള തൽപ്പരരായ കർഷകർക്ക് ഇറച്ചിക്കോഴി കുഞ്ഞുങ്ങൾ, കോഴിത്തീറ്റ, മരുന്ന് എന്നിവ നൽകി 40-45 ദിവസം പ്രായമാകുമ്പോൾ കെ.എസ്.പി.ഡി.സി. തിരിച്ചെടുത്ത് കെപ്കോയുടെ മീറ്റ് പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് ചിക്കൻ തയ്യാറാക്കുന്നു. കർഷകർക്ക് കിലോഗ്രാമിന് 10 രൂപ വരെ വളർത്തു കൂലിയായി ലഭിക്കുന്നു.

(ബി) അയൽ സംസ്ഥാന ലോബിയുടെ നിയന്ത്രണത്തിൽനിന്ന് കോഴി ഉൽപ്പാദനം, വിപണനം എന്നിവയെ മുക്തമാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതി നടപ്പിലാക്കിവരുന്നു :

1. മൃഗസംരക്ഷണ വകുപ്പ്, കെ.എസ്.പി.ഡി.സി, കുടുംബശ്രീ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കുടുംബശ്രീ യൂണിറ്റുകളെ സജീവമാക്കി കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ, മരുന്ന് എന്നിവയ്ക്ക് സഹായം നൽകി കോഴിയിറച്ചി വിപണനത്തിൽ ഇടപെടുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.
2. കെപ്കോ ബ്രോയിലർ ഇന്റഗ്രേഷൻ പദ്ധതി
3. കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി (2014-15)
4. കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി (2016-17)
5. കെപ്കോ ആശ്രയ പദ്ധതി
6. റൂറൽ ബാക്ക് യാർഡ് പദ്ധതി
7. കെപ്കോ നഗരപ്രിയ പദ്ധതി
8. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി
9. കോൾ നിലങ്ങളിലെ കോഴിവളർത്തൽ പദ്ധതി
10. പട്ടികജാതിക്കാർക്കുവേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു.

(സി) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന മേൽ പദ്ധതിയിൽ കർഷകർക്ക് സഹായധനം വിഭാവനം ചെയ്യുന്നുണ്ട്.

**നെടുമങ്ങാട് മണ്ഡലത്തിൽ കാലിത്തീറ്റ ഉൽപ്പാദന കേന്ദ്രം**

83 (3960) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കാലിത്തീറ്റ ഉല്പാദന കേന്ദ്രം ആരംഭിക്കാനുള്ള സാധ്യത പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 10-8-2017-ൽ ഇപ്രകാരം ഒരു നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) കേരള ഫീഡ്സിൽനിന്ന് ഇതിന്മേൽ ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

**ഇറച്ചിക്കോഴി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി**

84 (3961) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇറച്ചിക്കോഴി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) അന്യ സംസ്ഥാന ലോബിയുടെ ഒത്തുകളിമൂലം കോഴി വില നിയന്ത്രിക്കുന്നതിനും, നികുതി ഇളവ് ഉപഭോക്താവിന് ലഭിക്കുന്നതിനും വേണ്ടി സർക്കാർ നടത്തിയ പരിശ്രമങ്ങൾ ഫലവത്തായില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇറച്ചിക്കോഴി ഉല്പാദനം വർദ്ധിപ്പിച്ച് സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിനും, അതിലൂടെ അന്യസംസ്ഥാന ലോബിയുടെ കൈകടത്തൽ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിയിറച്ചിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ വകുപ്പ്, കേരള പൗൾട്രി വികസന കോർപ്പറേഷൻ, കുടുംബശ്രീ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ തിരുവനന്തപുരം ജില്ലയിൽ

കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ബ്രീഡർ ഫാമിൽ മേൽത്തരം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് ഇറച്ചിക്കോഴി വളർത്തൽ പ്രോൽസാഹിപ്പിച്ചുവരുന്നു. (ഇന്റഗ്രേഷൻ പദ്ധതി പ്രകാരം). കൂടാതെ കെപ്കോയുടെ നേതൃത്വത്തിൽ കുടുംബശ്രീയുമായി സഹകരിച്ച് ഇറച്ചിക്കോഴി വളർത്തൽ സംസ്ഥാനത്ത് വ്യാപകമാക്കുന്നതിന് ഒരു നൂതന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള ഹാച്ചറികൾ നവീകരിച്ച് ഉൽപ്പാദനം വർദ്ധിപ്പിച്ചും സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ പുതിയ ഹാച്ചറികൾ സ്ഥാപിച്ചും കൂടുതൽ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ നൽകി 45 ദിവസം കഴിയുമ്പോൾ കെപ്കോ തന്നെ തിരിച്ചുവാങ്ങി സംസ്കരിച്ച് കോഴിയിറച്ചിയായി വിപണനം ചെയ്യുക എന്നതാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

(ബി) സർക്കാർ നടത്തിയ ഇടപെടലുകളുടെ ഭാഗമായി കോഴി വില നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. 11-8-2017-ലെ കേരളത്തിലെ ഇറച്ചിക്കോഴിയുടെ കമ്പോള വില ശരാശരി 98 രൂപയാണ്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം കുടുംബശ്രീ, കേരള പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വിലനിലവാരം കിലോഗ്രാമിന് 87 രൂപയായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സ്വീകരിക്കും. കുടുംബശ്രീ, കേരള പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിച്ച് അതിലൂടെ സംസ്ഥാനത്തെ ഇറച്ചിക്കോഴി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2017-18-ൽ 1000 യൂണിറ്റുകളും തുടർ വർഷങ്ങളിൽ ഘട്ടം ഘട്ടമായി ആകെ 5000 യൂണിറ്റുകളും തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**മൃഗ സംരക്ഷണത്തിന് കർമ്മ പദ്ധതികൾ**

85 (3962) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നതെന്ന് വിവരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദാംശങ്ങൾ അറിയിക്കുമോ?

## ഉത്തരം

(എ) പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ പ്രതിവർഷം 30 മെട്രിക് ടൺ പാൽ ഉൽപ്പാദിപ്പിക്കേണ്ടിയിരിന്നു. നിലവിൽ ഇത് 26 ലക്ഷം മെട്രിക് ടൺ ആണ്. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ പശു/എരുമ കുട്ടികൾക്ക് വെറ്ററിനറി സഹായം ഉൾപ്പെടെയുള്ള സഹായം ലഭിക്കുന്നു. കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന ക്ഷീര കർഷകർക്ക് സഹായകമാകുന്ന വിധത്തിൽ കന്നുകാലി ഇൻഷ്വറൻസ്, ഫാം യന്ത്രവൽക്കരണം, കിടാരി വളർത്തൽ, സംരംഭക വികസന പദ്ധതികൾ, ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി, ചെറുകിട ഡയറി യൂണിറ്റുകൾ ഇവയാണ് 13-ാം പഞ്ചവൽസര പദ്ധതിയിൽ ആസൂത്രണം ചെയ്തു നടപ്പാക്കുന്ന പദ്ധതികൾ. മുട്ട ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി വകുപ്പിന് കീഴിലുള്ള കോഴി ഫാമുകളിലെ ഉൽപ്പാദനക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യും. കൂടാതെ വകുപ്പിന് കീഴിൽ രണ്ടു പുതിയ ഹാച്ചറികൾ - കൊല്ലം ജില്ലയിലെ ആയൂരിലെ തോട്ടത്തറ ഹാച്ചറി മെച്ചപ്പെടുത്താൻ 5.82 കോടി രൂപ ചെലവഴിച്ചു. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പുതിയ ഹാച്ചറി സ്ഥാപിക്കാൻ 3 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. മൃഗചികിത്സ സേവനരംഗത്ത് രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നിലവിൽ 65 ബ്ലോക്കുകളിൽ നടപ്പിലാക്കുന്നുണ്ട്. 13-ാം പഞ്ചവൽസര പദ്ധതി കാലയളവിൽ ടി പദ്ധതി കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ മൃഗാശുപത്രികൾ ശാക്തീകരിച്ച് മെച്ചപ്പെട്ട രോഗനിർണ്ണയ ചികിത്സാ സംവിധാന ങ്ങളൊരുക്കും. പാലോട് പ്രവർത്തിക്കുന്ന വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പേവിഷ പ്രതിരോധ വാക്സിൻ ഉൽപ്പാദിപ്പിക്കാനും ലക്ഷ്യമിടുന്നു. പേവിഷബാധ ഉൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങളുടെ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികളും വകുപ്പ് ആസൂത്രണം ചെയ്യുന്നുണ്ട്.

(ബി) 1. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

2. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ

3. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

4. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

5. രാഷ്ട്രീയപശുധൻ വികാസ് യോജന
6. ഊർജ്ജിത കന്നുകാലി വികസനം-ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
7. വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും
8. പ്രത്യേക കന്നുകാലി വികസന പദ്ധതി
9. ഗോവർദ്ധിനി
10. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്
11. വികസനവും പരിശീലനവും
12. മൃഗസംരക്ഷണ സ്ഥിതിവിവരണ കണക്കും സാമ്പിൾ സർവ്വേയും (50% കേന്ദ്ര സഹായം)
13. കന്നുകാലി സെൻസസ് (100% കേന്ദ്ര സഹായം)
14. വിവര സാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും
15. കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന് സാമ്പത്തിക സഹായം
16. കേരള ഫീഡ്സിന് സാമ്പത്തിക സഹായം
17. കെ.എൽ.ഡി. ബോർഡിന് സാമ്പത്തിക സഹായം.

(സി) ക്ഷീരമേഖലയിൽ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിന് മിനിഡയറി യൂണിറ്റുകൾക്ക് കറവയന്ത്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് പരമാവധി 25,000 രൂപയാണ് ധനസഹായമായി നൽകുന്നത്. 2017-18 സാമ്പത്തിക വർഷം കന്നുകാലി ഇൻഷ്വറൻസിനുവേണ്ടി 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗോസമൃദ്ധി എന്ന് പേരിട്ടിട്ടുള്ള സംസ്ഥാന ആവിഷ്കൃത പദ്ധതിയായ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തിവരുന്നു.

**ഓണക്കാലത്ത് പാൽക്ഷാമം നിയന്ത്രിക്കുന്നതിന് നടപടി**

86 (3963) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓണക്കാലത്ത് പാൽക്ഷാമം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) അന്യസംസ്ഥാനത്തുനിന്നും ഗുണനിലവാരമില്ലാത്ത പാൽ സംസ്ഥാനത്ത് എത്തുന്നത് തടയുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(സി) ഉത്സവകാലത്ത് മിൽമയുടെ പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനും ക്ഷീര കർഷകരെ സഹായിക്കുന്നതിനുമായി ഇൻസെന്റീവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) മിൽമയ്ക്ക് മേഖല യൂണിയനുകൾവഴി സംഭരിക്കുന്ന പാലിനുപുറമേ വിപണി നിലനിർത്തുന്നതിനുവേണ്ടി അധികം പാൽ ആവശ്യമായ സാഹചര്യത്തിൽ തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സഹകരണ ക്ഷീര ഫെഡറേഷനുകളിൽനിന്നും പാൽ കേന്ദ്രീകൃത സംവിധാനത്തിലൂടെ വാങ്ങുന്നു.

(ബി) പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം ചെക്ക് പോസ്റ്റ് വഴിയാണ് കേരളത്തിൽ ഏറ്റവും കൂടുതൽ പാൽ കടന്നുവരുന്നത്. ഏകദേശം 2.5 മുതൽ 3 ലക്ഷം ലിറ്റർ പാലാണ് പ്രതിദിനം കടന്നുവരുന്നത്. ഇവിടെ ചെക്ക് പോസ്റ്റും പാൽ പരിശോധന ലബോറട്ടറിയും സ്ഥാപിച്ച് കേരളത്തിലേയ്ക്ക് കടന്നുവരുന്ന പാലിന്റെ ഗുണമേന്മ ക്ഷീരവികസന വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ഇവിടെ സ്ഥിരം സംവിധാനം നിലവിലുണ്ട്. കൊല്ലം ജില്ലയിലെ ആര്യങ്കാവ്, തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നിവിടങ്ങളിലും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ചെക്ക് പോസ്റ്റിലെ ലബോറട്ടറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഓണക്കാലം പാലിന്റെ ആവശ്യം കൂടുതലുള്ള കാലമായതിനാൽ മേൽപ്പറഞ്ഞ സ്ഥലങ്ങൾ കൂടാതെ വാളയാർ, കുമിളി എന്നിവിടങ്ങളിലും ചെക്ക് പോസ്റ്റ് ലബോറട്ടറി സ്ഥാപിച്ച് വകുപ്പ് പാൽ പരിശോധന ഉറപ്പുവരുത്തുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ സാമ്പിളുകൾ ഇടവിട്ടുള്ള അവസരങ്ങളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്താറുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പുതുതായി തുടങ്ങിയ രണ്ട് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുടെ സേവനവും ചെക്ക് പോസ്റ്റുകളിൽ ഉൾപ്പെടെ പരിശോധനയ്ക്കായി വിനിയോഗിക്കുന്നുണ്ട്. മിൽമയ്ക്ക് അന്യസംസ്ഥാനങ്ങളിൽനിന്നും ലഭിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷമാണ് സ്വീകരിക്കുന്നത്. കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാം തന്നെ ഇതിനായുള്ള സുസജ്ജമായ ലബോറട്ടറികൾ ഉണ്ടാക്കിയിട്ടുണ്ട്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾകൂടി നടത്തി ഗുണനിലവാരം

ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള എൻ.എ.ബി.എൽ. (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റഡ് ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ് ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

(സി) മിൽമയെന്ന പ്രസ്ഥാനത്തിന്റെ പ്രധാന ചുമതല കർഷകർ ഉൽപ്പാദിപ്പിക്കുന്ന അധികംവരുന്ന പാൽ സംഭരിച്ച് സംസ്കരിച്ച് വിതരണം ചെയ്ത് അതിന്റെ വില തിരികെ കർഷകന് നൽകുക എന്നുള്ളതാണ്. എന്നാൽ ഉൽസവക്കാലത്ത് വിശേഷിച്ച് ഓണക്കാലത്ത് ഗ്രാമപ്രദേശങ്ങളിൽ പട്ടണങ്ങളിലെപ്പോലെ തന്നെ പാലിന്റെ ഉപഭോഗം വളരെ കൂടാറുണ്ട്. ഇക്കാരണത്താൽ ഓണ ദിവസങ്ങളിൽ മിൽമയുടെ പ്രാദേശിക പാൽ സംഭരണം കുറയുന്നത് സ്വാഭാവികമാണ്. ഇവിടെ അംഗങ്ങളായുള്ള കർഷകരുടെ കാലികൾക്ക് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ചില പദ്ധതികൾ മേഖല യൂണിയനുകൾ ഏറ്റെടുത്തുവരുന്നുണ്ട്. ഉൽസവക്കാലത്ത് കൂടുതൽ പാൽ വിറ്റഴിക്കാൻ ക്ഷീരകർഷകർക്കും സംഘങ്ങൾക്കും സാധിക്കുന്നതിനാൽ ഇൻസെന്റീവ് നൽകുന്നതുകൊണ്ട് ടി സമയത്ത് മിൽമയുടെ പാൽ സംഭരണം വർദ്ധിക്കുന്നില്ല. ആയതിനാൽ ഉൽസവക്കാലത്ത് പ്രത്യേക ഇൻസെന്റീവ് നൽകുന്നത് പരിഗണനയിലില്ല.

## കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക

87 (3964) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിൽ എത്ര കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ നിലവിലുണ്ടെന്നും, അവയിൽ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ;

(സി) 2017-ൽ എത്ര സൂപ്പർ ന്യൂമററി ഒഴിവുകൾ വരുമെന്നും ഈ ഒഴിവുകൾ പി.എസ്.സി .-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 20-6-2016-ലെ 23/2016/എ.എച്ച്.ഡി. നമ്പർ ഉത്തരവ് പ്രകാരം ബോർഡിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ പുനർനിർണ്ണയിച്ച് 18-ൽ നിന്നും 13 ആയി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ 13 തസ്തികകൾ നിലവിലുണ്ട്. 3 എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 2017-ൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ സൂപ്പർന്യൂമററി ഒഴിവുകൾ ഒന്നുംതന്നെ വരുന്നില്ല.

**സമഗ്ര ക്ഷീര വികസന പദ്ധതി**

88 (3965) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ക്ഷീര വികസന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) എത്ര ഡയറി സോണുകളിലും ക്ഷീര ഗ്രാമങ്ങളിലുമാണ് പദ്ധതി നടപ്പാക്കിവരുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിയനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിവരിക്കാമോ?

ഉത്തരം

(എ) നടപ്പിലാക്കിവരുന്നുണ്ട്. മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ (എം.എസ്.ഡി.പി.) പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 4179 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം കർഷകർക്ക് താഴെപ്പറയുന്ന ധനസഹായം നൽകിവരുന്നു.

| ക്രമ നമ്പർ | പദ്ധതി | ധനസഹായം |
|---|---|---|
| (1) | (2) | (3) |
| 1 | ഗോദാനം (1 പശു) | 32,000 |
| 2 | 2 പശു യൂണിറ്റ് | 64,000 |
| 3 | 5 പശു യൂണിറ്റ് | 1,75,000 |
| 4 | 10 പശു യൂണിറ്റ് | 3,50,000 |

| (1) | (2) | (3) |
|---|---|---|
| 5 | 5 കിടാരി യൂണിറ്റ് | 90,500 |
| 6 | 10 കിടാരി യൂണിറ്റ് | 1,81,200 |
| 7 | അവശ്യാധിഷ്ഠിത ധനസഹായം | 50,000 |
| 8 | കറവയന്ത്രം | 25,000 |
| 9 | കാലിതൊഴുത്ത് നിർമ്മാണം | 50,000 |

സംസ്ഥാനത്തെ 50 ബ്ലോക്കുകളെ ഡയറി സോണായി തെരഞ്ഞെടുത്ത് അഞ്ച് ഗ്രാമപഞ്ചായത്തുകളെ ക്ഷീര ഗ്രാമമായി തെരഞ്ഞെടുത്തും സമഗ്ര ക്ഷീരവികസന പദ്ധതികൾ 2017-18 വർഷം നടപ്പിലാക്കുന്നു.

(ബി) മിൽക്ക് ഷെഡ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

- കൂടുതൽ കർഷകരെ ക്ഷീരോൽപ്പാദന മേഖല ഒരു തൊഴിലായി സ്വീകരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക.
- കാലി വളർത്തലിൽ ശാസ്ത്രീയ പരിചരണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് കർഷകരിൽ അവബോധം സൃഷ്ടിക്കുക.
- ക്ഷീരോൽപ്പാദനം ഒരു ഉപജീവനമാർഗ്ഗമായും സ്വയം തൊഴിലായും ഗ്രാമീണ മേഖലയിലെ യുവജനങ്ങളേയും വനിതകളേയും പ്രേരിപ്പിക്കുക.
- ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പ്രചോദനമായി ഇൻസന്റീവ് നൽകുക.
- കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയംസഹായ സംഘങ്ങളേയും ക്ഷീരമേഖലയിലേയ്ക്ക് കൊണ്ടുവരിക.
- ഉപജീവനത്തിന് വേണ്ടിയുള്ള ക്ഷീരോൽപ്പാദന പ്രവർത്തനങ്ങളിൽ നിന്നും സാങ്കേതിക സഹായത്തോടെ വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോൽപ്പാദനത്തിലേയ്ക്ക് ക്ഷീരകർഷകരെ പ്രാപ്തരാക്കുക.
- ഉൽപ്പാദന ക്ഷമതയുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക
- ഭാവിയിലേയ്ക്ക് മെച്ചപ്പെട്ട കന്നുകാലികളെ ഉറപ്പാക്കുന്നതിന് കിടാരി പരിപാലനം പ്രോൽസാഹിപ്പിക്കുക.

- ക്ഷീരോൽപ്പാദന മേഖലയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനികവൽക്കരണത്തിനായി സാമ്പത്തിക സഹായം നൽകുക. കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനും ഉൽപ്പാദന ക്ഷമതയ്ക്കും ഉതകുന്ന രീതിയിലുള്ള കന്നുകാലി ഷെഡ്ഡുകളുടെ നിർമ്മാണം.
- കറവയന്ത്രങ്ങൾക്കുള്ള ധനസഹായം
- ആധുനിക സാങ്കേതിക വിദ്യകൾ ക്ഷീര കർഷകർക്ക് പകർന്നു നൽകുന്നതിന് വനിതാ കന്നുകാലി ക്ഷേമ പ്രവർത്തകരെ നിയോഗിക്കുക. ഉപഭോക്താക്കൾക്ക് ഗുണമേന്മയും സുരക്ഷിതവുമായ പാൽ ഉറപ്പാക്കുക.

(സി) തെരഞ്ഞെടുത്ത 50 ബ്ലോക്ക് പഞ്ചായത്തുകളെ ഡയറി സോണുകളായും അഞ്ച് ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ, ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി, തൃശ്ശൂർ ജില്ലയിലെ ചാഴൂർ, പാലക്കാട് ജില്ലയിലെ പറളി എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളിലാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്. ഡയറി സോൺ രൂപീകരിക്കുവാനായി തെരഞ്ഞെടുക്കപ്പെട്ട ക്ഷീരവികസന യൂണിറ്റുകൾ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ഡി)

| ക്രമ നമ്പർ | പ്രോജക്ട് | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1. | ഗോദാനം | 477 |
| 2. | രണ്ട് പശു യൂണിറ്റ് | 675 |
| 3. | അഞ്ച് പശു യൂണിറ്റ് | 207 |
| 4. | പത്ത് പശു യൂണിറ്റ് | 99 |
| 5. | അഞ്ച് കിടാരി യൂണിറ്റ് | 90 |
| 6. | പത്ത് കിടാരി യൂണിറ്റ് | 72 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) |
|---|---|---|
| 7. | ഗോകുലം ഡയറി യൂണിറ്റ് | 54 |
| 8. | ധാതു ലവണ മിശ്രിതം | 10512 |
| 9. | പുരോഗമന ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം | 675 |
| 10. | കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം | 225 |
| 11. | ശാസ്ത്രീയമായ തൊഴുത്ത് | 90 |
| 12. | കാലാവസ്ഥ വ്യതിയാനത്തിന് അനുയോജ്യമായ ശാസ്ത്രീയമായ കാലിതൊഴുത്ത് നിർമ്മാണം | 54 |
| 13. | കറവ പശുക്കളുടെ പാരിസ്ഥിതിക സമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം | 72 |
| 14. | കുറഞ്ഞ ചെലവിൽ ചാണകം ഉണക്കി വിപണനം ചെയ്യുന്നതിനുള്ള ധനസഹായം | 54 |
| 15. | വെർമി കമ്പോസ്റ്റ് നിർമ്മാണം | 90 |
| 16. | സൈലേജ് നിർമ്മാണം (ടാങ്ക് സൈലേ) | 90 |
| 17. | ഗുണഭോക്താക്കൾക്കും വകുപ്പ് ഉദ്യോഗസ്ഥർക്കുമുള്ള പ്രത്യേക പരിശീലന പരിപാടി | |
| 18. | ഡോക്യുമെന്റേഷൻ, പദ്ധതി നടത്തിപ്പ്, മോണിറ്ററിംഗ് എന്നിവയ്ക്കുമുള്ള ഫണ്ട് | |

**ക്ഷീര ഗ്രാമം പദ്ധതി**

89 (3966) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും, എവിടെയൊക്കെയാണ് പദ്ധതി നടപ്പിലാക്കിവരുന്നതെന്നും വിശദമാക്കുമോ;

(ബി) പാൽ ഉല്പാദന വർദ്ധനവിന് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് ക്ഷീര കർഷകർക്ക് ഈ പദ്ധതിയനുസരിച്ച് സർക്കാർ നൽകിയത്; വിശദമാക്കുമോ ?

## ഉത്തരം

(എ) 2017-18 വർഷത്തിൽ സംസ്ഥാനത്തെ 5 ഗ്രാമപഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി ഒരു ഗ്രാമ പഞ്ചായത്തിൽ ഒരു കോടി രൂപയുടെ സമഗ്ര ക്ഷീരവികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കറവ യന്ത്രം വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും സഹായം നൽകുന്നതിന് പുറമെ ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത ധനസഹായവും നൽകുന്നു. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ, ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി, തൃശ്ശൂർ ജില്ലയിലെ ചാഴൂർ, പാലക്കാട് ജില്ലയിലെ പറളി എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളിലാണ് 2017-18 വർഷത്തെ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

(ബി) 1. അവശ്യാധിഷ്ഠിത ധനസഹായം

2. കറവയന്ത്രം

3. ശാസ്ത്രീയ കാലിത്തൊഴുത്ത്

4. കറവ പശുക്കളുടെ പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുള്ള പദ്ധതി

5. ധാതുലവണ മിശ്രിതം.

### കേരള ഫീഡ്സ് ലിമിറ്റഡിന്റെ കരുനാഗപ്പള്ളിയിലെ പ്ലാന്റ്

90 (3967) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫീഡ്സ് ലിമിറ്റഡിന്റെ കരുനാഗപ്പള്ളിയിലെ പ്ലാന്റിനുവേണ്ടി സ്ഥലം സംഭാവന ചെയ്തതിനുള്ള പ്രതിഫലമായി പ്രസ്തുത ഫാക്ടറിയിൽ എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) ഇവരിൽ എത്ര പേർക്ക് സ്ഥിര നിയമനം നൽകിയെന്നും എത്ര പേർ താൽകാലിക ദിനബത്ത അടിസ്ഥാനത്തിൽ ജോലിചെയ്യുന്നുവെന്നുമുള്ളതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) കേരളാ ഫീഡ്സിനുവേണ്ടി സ്ഥലം വിട്ടുനൽകിയതിന്റെ പേരിൽ ജോലിയിൽ പ്രവേശിച്ചവരെ സ്ഥിരജീവനക്കാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കേരള ഫീഡ്സ് ലിമിറ്റഡിന്റെ കരുനാഗപ്പള്ളിയിലെ പ്ലാന്റിനുവേണ്ടി സ്ഥലം ഏറ്റെടുത്തവർക്ക് കമ്പനിയിൽ സ്ഥിരജോലി നൽകണമെന്ന ആവശ്യം 22-2-2012-ന് ചേർന്ന കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗം പരിഗണിക്കുകയും അതിൻപ്രകാരം സ്ഥലം വിട്ട് നൽകിയവർ അല്ലെങ്കിൽ അവർ നിർദ്ദേശിച്ച നോമിനികളിൽ 30 പേർക്ക് 27-3-2012 മുതൽ കമ്പനിയുടെ കരുനാഗപ്പള്ളി യൂണിറ്റിൽ താൽക്കാലിക ദിവസവേതനത്തിൽ ജോലി നൽകിയിട്ടുണ്ട്.

(ബി) ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. കമ്പനിക്ക് ഭൂമി വിട്ട് നൽകിയവരായ 30 പേരുടെ നോമിനികൾക്ക് താൽക്കാലിക ജോലി നൽകിയിട്ടുണ്ട്. എന്നാൽ ഇവരിൽ ഒരാൾ അസുഖംമൂലം ജോലിക്ക് ഹാജരാകുന്നില്ല. ദിവസവേതനത്തിൽ ജോലി ചെയ്യുന്ന ബാക്കി 29 പേരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ദിവസവേതനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തണമെന്ന കമ്പനിയുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**ക്ഷീര കർഷകരിൽനിന്നും മിൽമ ശേഖരിക്കുന്ന പാൽ**

91 (3968) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകരിൽനിന്നും മിൽമ പ്രതിദിനം എത്ര ലിറ്റർ പാൽ ശേഖരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ക്ഷീര കർഷകർക്ക് ലിറ്ററിന് ശരാശരി എത്ര രൂപ നൽകിയാണ് മിൽമ പാൽ ശേഖരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇങ്ങനെ ശേഖരിക്കപ്പെടുന്ന പാൽ, മിൽമ വിൽപ്പന നടത്തുന്നത് ലിറ്ററിന് എത്ര രൂപ നിരക്കിലാണെന്ന് വ്യക്തമാക്കുമോ ; വിവിധ ഗുണനിലവാരത്തിലുള്ള പാലുകൾക്ക് മിൽമ നിശ്ചയിക്കുന്ന വില എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ക്ഷീര കർഷകരിൽനിന്നും മിൽമ ഇപ്പോൾ ശരാശരി പ്രതിദിനം 12.50 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മിൽമ പാൽ സംഭരിക്കുന്നത് ക്ഷീര സംഘങ്ങളിൽ നിന്നമാണ്. ക്ഷീര സംഘങ്ങൾക്ക് പാലിന്റെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിലാണ് വില നൽകുന്നത്. ഓരോ ഗുണനിലവാരത്തിനും വ്യത്യസ്തമായ വിലയാണ് നൽകുന്നത്. ഇപ്പോൾ മിൽമ സംഭരിക്കുന്ന പാലിന്റെ ശരാശരി ഗുണനിലവാരം 4.1% കൊഴുപ്പും 8.3 % എസ്.എൻ.എഫും (സോളിഡ്-നോട്ട്-ഫാറ്റ്) ആണ്. ആയതിന് ലിറ്ററിന് 35.87 രൂപയാണ് സംഭരണ വിലയായി ക്ഷീരസംഘങ്ങൾക്ക് നൽകുന്നത്.

(സി) മിൽമ വിൽക്കുന്നത് വിവിധ ഗുണനിലവാരമുള്ള പാലാണ്. ഓരോ ഗുണനിലവാരത്തിലുമുള്ള പാലിനും വ്യത്യസ്തമായ വിൽപ്പന വിലയാണ്. വ്യത്യസ്ത ഗുണനിലവാരമുള്ള പാലിന്റെ വിൽപ്പന വില അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

**സംയോജിത ക്ഷീരവികസന പദ്ധതികൾ**

92 (3969) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന വകുപ്പ് ജൈവവള ഉല്പാദനവുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്കായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നറിയിക്കാമോ;

(ബി) ക്ഷീരോല്പാദന സാധ്യതയുള്ള പ്രദേശങ്ങളിൽ സംയോജിത ക്ഷീര വികസന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ക്ഷീര വികസന വകുപ്പ് മുഖേന കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനായി ധാതുലവണ മിശ്രിതം നല്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡയറി യൂണിറ്റുകളിൽ ലഭ്യമാകുന്ന ചാണകം ഉണക്കി വിൽപ്പന നടത്തുന്നതിനായി നടപ്പുവർഷം എം.എസ്.ഡി.പി. (മിൽക്ക് ഷെഡ് വികസന പദ്ധതി) പദ്ധതിയിൽ ഉൾപ്പെടുത്തി 54 യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. ഒരു യൂണിറ്റിന് 22,000 രൂപയുടെ സബ്സിഡി നൽകുന്നു. ഇതുകൂടാതെ വെർമി കംപോസ്റ്റ് കിറ്റുകൾ 90 എണ്ണം സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് 19,500 രൂപയുടെ ധനസഹായവും കർഷകർക്ക് അനുവദിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 50 ബ്ലോക്ക് പഞ്ചായത്തുകളെ ക്ഷീരോൽപ്പാദന സാധ്യതയുള്ള പ്രദേശങ്ങളായി കണ്ടെത്തി ഡയറി സോണുകളായി പ്രഖ്യാപിച്ചുകൊണ്ട് അവിടങ്ങളിൽ കൂടുതൽ ആനുകൂല്യങ്ങൾ നൽകിവരുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | ഗോദാനം | 477 |
| 2 | 2 പശു യൂണിറ്റ് | 675 |
| 3 | 5 പശു യൂണിറ്റ് | 207 |
| 4 | 10 പശു യൂണിറ്റ് | 99 |
| 5 | 5 കിടാരി യൂണിറ്റ് | 90 |
| 6 | 10 കിടാരി യൂണിറ്റ് | 72 |
| 7 | ഗോകുലം ഡയറി യൂണിറ്റ് | 54 |
| 8 | ധാതു ലവണ മിശ്രിതം | 10512 |
| 9 | പുരോഗമന ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം | 675 |
| 10 | കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം | 225 |
| 11 | ശാസ്ത്രീയമായ തൊഴുത്ത് | 90 |
| 12 | കാലാവസ്ഥ വ്യതിയാനത്തിന് അനുയോജ്യമായ കാലി തൊഴുത്ത് നിർമ്മാണം | 54 |
| 13 | കറവ പശുക്കളുടെ പാരിസ്ഥിതിക സമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം | 72 |
| 14 | കുറഞ്ഞ ചെലവിൽ ചാണകം ഉണക്കി വിപണനം ചെയ്യുന്നതിനുള്ള ധനസഹായം | 54 |
| 15 | വെർമി കമ്പോസ്റ്റ് നിർമ്മാണം | 90 |
| 16 | സൈലേജ് നിർമ്മാണം (ടാങ്ക് സൈലേ) | 90 |
| 17 | ഗുണഭോക്താക്കൾക്കും വകുപ്പ് ഉദ്യോഗസ്ഥർക്കുമുള്ള പ്രത്യേക പരിശീലന പരിപാടി | |
| 18 | ഡോക്യുമെന്റേഷൻ, പദ്ധതി നടത്തിപ്പ്, മോണിറ്ററിംഗ് എന്നിവയ്ക്കുമുള്ള ഫണ്ട് | |

(സി) ധാതുലവണ മിശ്രിതം നൽകുന്നതിനുള്ള പദ്ധതികൾ ക്ഷീരവികസന വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. ക്ഷീരവികസന വകുപ്പിന്റെ പദ്ധതിയായ ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 155 ലക്ഷം രൂപ ധാതുലവണ മിശ്രിതം നൽകുന്നതിനുള്ള പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

## മിൽമയുടെ പ്രതിദിന പാൽ വിൽപ്പന

93 (3970) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ പ്രതിദിന പാൽ വില്പന എത്ര ലിറ്ററാണെന്ന് വ്യക്തമാക്കാമോ;

(ബി) പാലിൽ നിന്നുമുള്ള മിൽമയുടെ 2016-17 സാമ്പത്തിക വർഷത്തെ വിറ്റുവരവ് എത്രയെന്ന് വ്യക്തമാക്കാമോ;

(സി) മിൽമയുടെ മറ്റ് പാൽ ഉൽപ്പന്നങ്ങൽ എന്തെല്ലാമാണ്;

(ഡി) അവ ഓരോന്നിന്റെയും വാർഷിക വിറ്റുവരവ് എത്ര തുക വീതമെന്ന് വ്യക്തമാക്കുമോ;

(ഇ) മിൽമയുടെ കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിലെ മൊത്തം ലാഭം/ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2017 ജൂലൈ മാസത്തിൽ മിൽമയുടെ ശരാശരി പ്രതിദിന പാൽ വിൽപ്പന 13.00 ലക്ഷം ലിറ്ററാണ്.

(ബി) പാലിൽ നിന്നുമുള്ള മിൽമയുടെ 2016-17 സാമ്പത്തിക വർഷത്തെ വിറ്റുവരവ് 1962 കോടി രൂപയാണ്.

(സി) മിൽമ നെയ്, മിൽമ പ്ലസ്സ് (ഫ്ളേവർഡ് മിൽക്ക്), വെണ്ണ, ഐസ്ക്രീം, പേഡ, തൈര്, സംഭാരം, ഡയറി വൈറ്റ്നർ, മിൽമ സിപ് അപ്, പാലട മിക്സ്, പനീർ, യോഗർട്ട്, മിൽമ ലെസ്സി തുടങ്ങിയ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ മിൽമ വിതരണം ചെയ്യുന്നു.

(ഡി) മിൽമയുടെ പാൽ ഉൽപ്പന്നങ്ങളുടെ വാർഷിക വിറ്റുവരവ് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ഇ) മിൽമയുടെ കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിലെ മൊത്തം ലാഭം, നഷ്ടം എന്നിവ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള പാൽ ശേഖരണം

94 (3971) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ സംസ്ഥാനത്തിന് പുറത്തുനിന്നും പ്രതിദിനം എത്ര ലിറ്റർ പാൽ വീതം ശേഖരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് മിൽമ പാൽ ശേഖരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ ശേഖരിക്കുന്ന പാലിന് ലിറ്ററിന് എത്ര രൂപ വീതമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മിൽമ ഇപ്പോൾ സംസ്ഥാനത്തിനു പുറത്തുനിന്നും പ്രതിദിനം ശരാശരി 1.60 ലക്ഷം ലിറ്റർ പാൽ ശേഖരിക്കുന്നു.

(ബി) അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട് എന്നിവിടങ്ങളിലെ സഹകരണ ഫെഡറേഷനുകളിൽ നിന്നാണ് സംസ്ഥാനത്തിന് പുറത്തുനിന്നും മിൽമ പാൽ ശേഖരിക്കുന്നത്.

(സി) അയൽ സംസ്ഥാനങ്ങളിൽനിന്നും പാൽ വാങ്ങുന്നത് ആ സംസ്ഥാനങ്ങളിലെ ക്ഷീര സഹകരണ ഫെഡറേഷനുമായുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ്. ഇപ്പോൾ നിലവിലുള്ള കരാറിൻപ്രകാരം കർണ്ണാടക സംസ്ഥാനത്തുനിന്നും പാൽ വാങ്ങുമ്പോൾ 3.5% കൊഴുപ്പും 8.3% എസ്.എൻ.എഫും (സോളിഡ് നോട്ട് ഫാറ്റ്) ഉള്ള പാലിന് ലിറ്ററിന് 29.87 രൂപയാണ് വില. പാലിന്റെ ഗുണനിലവാരം മാറുന്നതനുസരിച്ച് ഓരോ 0.1% കൊഴുപ്പിന് 24 പൈസയും 0.1% എസ്.എൻ.എഫ്-ന് 22 പൈസയും അധികമായും/കുറവായും നൽകണം. ഈ വില പാസ്ച്ചറൈസ് ചെയ്യാത്ത തണുപ്പിച്ച പാലിനാണ്. പാസ്ച്ചറൈസ് ചെയ്യുകയാണെങ്കിൽ അതിന്റെ ചെലവ് അധികമായി നൽകണം. ഇതിനുപുറമേ അവരുടെ ടാങ്കർ ഉപയോഗിക്കുകയാണെങ്കിൽ കടത്തുകൂലി അവർക്ക് നൽകുകയും വാടകയ്ക്കെടുത്ത ടാങ്കർ ആണെങ്കിൽ അതിന് വാടക നൽകുകയും വേണം. തമിഴ്നാട്ടിൽനിന്നും പാൽ വാങ്ങുന്നത് മൊത്തം ഖര പദാർത്ഥത്തിന്റെയും അളവിന്റെയും അടിസ്ഥാനത്തിലാണ്. ഇതിന് ഇപ്പോഴത്തെ വില കിലോയ്ക്ക് 240.00 രൂപയാണ്. ഇതിനുപുറമേ കടത്തുകൂലി നമ്മൾ വഹിക്കേണ്ടതാണ്. ഈ വില പാസ്ച്ചറൈസ് ചെയ്യാത്ത തണുപ്പിച്ച പാലിനാണ്. പാസ്ച്ചറൈസ് ചെയ്യുകയാണെങ്കിൽ അതിന്റെ ചെലവ് അധികമായി നൽകണം.

## മലബാർ മേഖല മിൽമയിലെ പ്ലാന്റ് അറ്റന്റർ ഗ്രേഡ്-3 നിയമനം

95 (3972) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖല മിൽമയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അപേക്ഷ ക്ഷണിച്ച് എഴുത്തുപരീക്ഷ, കായികക്ഷമതാ പരീക്ഷ എന്നിവ നടത്തി റാങ്ക് പട്ടിക തയ്യാറാക്കിയിട്ടും പ്ലാന്റ് അറ്റന്റർ ഗ്രേഡ് 3 നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് പട്ടികയിലുള്ളവർക്ക് അടിയന്തരമായി നിയമനം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അപേക്ഷ ക്ഷണിച്ച് പ്ലാന്റ് അറ്റൻഡർ തസ്തികയിലേയ്ക്ക് മേഖലാ യൂണിയൻ എഴുത്ത് പരീക്ഷയും കായികക്ഷമതാ പരീക്ഷയും നടത്തിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയന്റെ മോശമായ സാമ്പത്തിക സ്ഥിതി, ഓങ്ങല്ലൂർ സംഘം പ്രസിഡന്റിന്റെ പരാതി, മേഖലാ യൂണിയന്റെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത് പരിഗണിക്കുന്ന സാഹചര്യം തുടങ്ങിയവ കണക്കിലെടുത്ത് നിയമനം നിർത്തിവയ്ക്കുന്നതിന് 1969 കേരള സഹകരണ നിയമം വകുപ്പ് 66(5) പ്രകാരം ഡയറി രജിസ്ട്രാർ നിർദ്ദേശിച്ചതനുസരിച്ചാണ് മലബാർ മേഖലാ യൂണിയന്റെ നിയമന നടപടികൾ നിർത്തിവച്ചിരിക്കുന്നത്. മേൽ സാഹചര്യത്തിലാണ് പ്ലാന്റ് അറ്റൻഡർമാരുടെ റാങ്ക് പട്ടിക തയ്യാറാക്കാത്തതും നിയമനം നടത്താതിരുന്നതും.

(ബി) റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

## മൃഗശാല സംരക്ഷിക്കുവാൻ നടപടി

96 (3973) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗങ്ങൾക്ക് ശരിയായ പരിചരണങ്ങൾ നൽകാതെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താതെയുമുള്ള അനാസ്ഥമൂലം തലസ്ഥാന നഗരിയിലെ മൃഗശാല നശിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തലസ്ഥാന നഗരിയുടെ തിലകച്ചാർത്തായി ഗവേഷകർക്കും വിനോദ സഞ്ചാരികൾക്കും ഒരു പോലെ ഉപകാരപ്പെടുന്ന മൃഗശാല സംരക്ഷിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തലസ്ഥാന നഗരിയിലെത്തുന്ന വിനോദ സഞ്ചാരികൾക്കും ഗവേഷകർക്കും ഉപകാരപ്പെടുന്ന രീതിയിൽ മൃഗശാല ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 20 വർഷത്തെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം വാങ്ങി മൃഗങ്ങൾക്കുവേണ്ടി പരിബന്ധനങ്ങളുടെ നിർമ്മാണം, സന്ദർശകർക്കായി ഇന്റർപ്രട്ടേഷൻ സെന്റർ, സ്ത്രീ സൗഹാർദ്ദപരമായ ടോയ്‌ലെറ്റ്, വിശ്രമമുറി എന്നിവയുടെ നിർമ്മാണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**നവകേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ**

97 (3974) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസ്രോതസ്സുകൾ, നദികൾ എന്നിവയുടെ സംരക്ഷണത്തിനായി നവ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ ഭരണാനുമതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ 'ഹരിത കേരളം മിഷന്റെ' ഉപമിഷനായ ജലസംരക്ഷണത്തിന്റെ (ജലസമൃദ്ധി) ഭാഗമായി സംസ്ഥാനത്തെ ജലസ്രോതസ്സുകളായ കുളങ്ങൾ, നദികൾ, തോടുകൾ എന്നിവയുടെ നവീകരണവും ശുദ്ധീകരണവും ലക്ഷ്യമിടുന്നു. ഇതിനായി സംയോജിത നീർത്തടാധിഷ്ഠിത പദ്ധതികൾ തയ്യാറാക്കി വിവിധ വകുപ്പുകളുടെ ഏകോപനവും ജനപങ്കാളിത്തവും ഉറപ്പാക്കി ജലലഭ്യതയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ പദ്ധതി നിർവ്വഹിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ ആദ്യഘട്ടമായി കുളങ്ങൾ, തോടുകൾ എന്നിവ പുനരുദ്ധരിച്ച് കാർഷിക/കാർഷികേതര ആവശ്യങ്ങൾക്കുള്ള സ്രോതസ്സാക്കി മാറ്റി നിലനിർത്താനുള്ള പ്രവർത്തനങ്ങളും രണ്ടാം ഘട്ടത്തിൽ നദികൾ, കായലുകൾ മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ ശുചീകരണം ഏകോപനത്തോടെ പ്രാവർത്തിക മാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനായി താഴെ വിവരിക്കുന്ന പ്രവർത്തനങ്ങൾ മിഷന്റെ ഭാഗമായി ഏറ്റെടുക്കും.

1. കിണറുകളുടെ ശുചീകരണവും മഴവെള്ള റീ-ചാർജ്ജിംഗും ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ.

2. ക്വാറികൾ പോലെയുള്ള മനുഷ്യ പ്രവർത്തനങ്ങളാലുണ്ടായ ജലസംഭരണികളിലെ ജലം ഭാവിയിലെ ഉപയോഗത്തിനായി ശുദ്ധിയാക്കി സൂക്ഷിക്കുക.

3. ഭൂപ്രകൃതിക്കനുസൃതമായി അനുയോജ്യമായ സാങ്കേതിക വിദ്യ അവലംബിച്ച് ഭൂജലപോഷണംവഴി പരമാവധി മഴവെള്ളം മണ്ണിലേയ്ക്കിറങ്ങാൻ വേണ്ടി നടപടികൾ (കുന്നിൻ മുകളിൽ നിന്ന് താഴ് വാരത്തിലേയ്ക്ക് നീങ്ങുന്ന സമീപനം).

4. വ്യവസായ-ഗാർഹിക ഉപഭോഗത്തിൽ ദുർവ്യയം കുറച്ച് എല്ലാ ഘട്ടത്തിലും പരിശോധന, ജല ഓഡിറ്റിംഗ്, ബഡ്ജറ്റിംഗ് എന്നിവ നടത്തി പാഴ്ജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിലൂടെ ജലം സംരക്ഷിക്കുക.

5. ഭൂസവിശേഷതകളായ കുന്ന്, ചരിവ്, താഴ്വര, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും ജല സംരക്ഷണം സാധ്യമാക്കുന്നതിനും ഭൂവിനിയോഗം ക്രമപ്പെടുത്തുന്നതിനും ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും നടപടികൾ.

6. ജലസംരക്ഷണം സാധ്യമാക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സമന്വയം തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഉറപ്പാക്കുക

   തൊഴിലുറപ്പ് പദ്ധതിക്കുപുറമെ, സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതം, സന്നദ്ധ സേവനം എന്നിവ വഴിയാണ് ഇത് നിർവ്വഹിക്കുക.

(സി) ജലസംരക്ഷണം (ജലസമൃദ്ധി) ഉപമിഷന്റെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി (i) കുളങ്ങളുടെ പുനരുദ്ധാരണം പ്രവൃത്തികൾക്കായി 4702-00-101-63 എന്ന ശീർഷകത്തിൽ 5 കോടി രൂപയും (ii) വി.സി.ബി/തടയണ എന്നിവയുടെ നിർമ്മാണത്തിനായി ഹരിതകേരളം എം.ഐ ക്ലാസ്സ് II '4702-00-101-65' എന്ന ശീർഷകത്തിൽ 5 കോടി രൂപയും (iii) എം.ഐ ക്ലാസ് I ഹരിതകേരളം

'4702-00-101-66' എന്ന ശീർഷകത്തിൽ 5 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്ലാൻ സ്കീമിൽ വകയിരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് അനുസൃതമായി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ ചിറയുടെ പുനരുദ്ധാരണത്തിനായി 2.30 കോടി രൂപയുടെ ഭരണാനുമതി 4702-00-101-63 റിനവേഷൻ ഓഫ് പോണ്ട്സ് എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

### കേരള വാട്ടർ അതോറിറ്റിയിലെ അംഗീകൃത സംഘടനകൾ

98 (*T3975) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രേഡ് യൂണിയൻ ആക്ട് പ്രകാരം കേരള വാട്ടർ അതോറിറ്റിയിലെ ഏതൊക്കെ തസ്തികയിലെ ജീവനക്കാർക്കാണ് തൊഴിലാളി യൂണിയനുകളിൽ അംഗത്വം എടുക്കുവാൻ നിയമപരമായ അനുമതിയുള്ളത്; ഇത്തരത്തിൽ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന യൂണിയനുകളുടെ പേരും അംഗീകാരം നൽകിയ തീയതിയും അറിയിക്കാമോ;

(ബി) ഇതിന് വിരുദ്ധമായി എഞ്ചിനീയേഴ്സ് ഫെഡറേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി എന്ന സംഘടനക്ക് ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ നിയമ വിരുദ്ധമായ ഈ നടപടി തിരുത്തുമോ; ഈ യൂണിയൻ റഫറണ്ടത്തിൽ പങ്കെടുത്തിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) വാട്ടർ അതോറിറ്റിയിൽ ഓഫീസേഴ്സിന്റെ അംഗീകൃത സംഘടനകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ഡി) 1986-ൽ കേരള വാട്ടർ അതോറിറ്റി രൂപീകരിച്ചശേഷവും അസോസിയേഷൻ ഓഫ് പബ്ലിക് ഹെൽത്ത് എൻജിനീയേഴ്സ് കേരള (അപെക്) എന്ന സംഘടനയുടെ അംഗീകാരം തുടരുന്നുണ്ടോ; എങ്കിൽ ഏത് നിയമ പ്രകാരം; ഈ സംഘടന നിയമാനുസൃതം വാർഷിക വരവ്-ചെലവ് കണക്കുകൾ അധികാരികൾക്ക് സമർപ്പിച്ചിട്ടുണ്ടോ; ഈ സംഘടനയുടെ വരുമാന സ്രോതസ്സും ആസ്തിയും വെളിപ്പെടുത്താമോ;

(ഇ) കവടിയാറിൽ സ്ഥിതി ചെയ്യുന്ന അക്വാ എൻജിനീയേഴ്സ് ടവർ എന്ന ഇവരുടെ ആസ്ഥാന മന്ദിരം സ്ഥിതി ചെയ്യുന്ന ഭൂമി സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടോ; മന്ദിരനിർമ്മാണത്തിന്റെ സാമ്പത്തിക സ്രോതസ്സ് എന്തായിരുന്നു; ഇതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വെളിപ്പെടുത്താമോ?

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ട്രേഡ് യൂണിയൻ ആക്ട് പ്രകാരം കേരള വാട്ടർ അതോറിറ്റിയിലെ അതാത് ട്രേഡ് യൂണിയൻ നിയമാവലിയിൽ പറയുന്നത് പ്രകാരമുള്ള തസ്തികകളിലെ ജീവനക്കാർക്കാണ് തൊഴിലാളി യൂണിയനുകളിൽ അംഗത്വം എടുക്കുവാൻ നിയമപരമായി അനുമതിയുള്ളത്. ഇത്തരത്തിൽ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന റഫറണ്ടം വഴി അംഗീകാരം ലഭിച്ച യൂണിയനുകളുടെ പേരും അംഗീകാരം നൽകിയ തീയതിയും ചുവടെ ചേർക്കുന്നു :

1. KWAEU (CITU) - 28-3-2017
2. KWASA (INTUC) - 28-3-2017

(ബി) എഞ്ചിനീയേഴ്സ് ഫെഡറേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി എന്ന സംഘടനയ്ക്ക് ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ ട്രേഡ് യൂണിയൻ ഡെപ്യൂട്ടി രജിസ്ട്രാർ നൽകിയിട്ടുണ്ട്. ട്രേഡ് യൂണിയനുകളുടെ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ലേബർ കമ്മീഷണറിൽ നിക്ഷിപ്തമാണ്. ഈ യൂണിയൻ റഫറണ്ടത്തിൽ പങ്കെടുത്തിരുന്നില്ല.

(സി) വാട്ടർ അതോറിറ്റി അംഗീകാരം നൽകിയിട്ടുള്ള ഓഫീസേഴ്സിന്റെ അംഗീകൃത സംഘടനകൾ ഒന്നും തന്നെയില്ല.

(ഡി) അസോസിയേഷൻ ഓഫ് പബ്ലിക് ഹെൽത്ത് എഞ്ചിനീയേഴ്സ് ഓഫ് കേരള (അപെക്) എന്ന സംഘടനയ്ക്ക് അംഗീകാരം കേരള വാട്ടർ അതോറിറ്റി നൽകിയിട്ടില്ല. ഈ സംഘടന നിയമാനുസൃതം വാർഷിക വരവ് ചെലവ് കണക്കുകൾ കേരള വാട്ടർ അതോറിറ്റിയിൽ സമർപ്പിച്ചിട്ടില്ല. ഈ സംഘടനയുടെ വരുമാന സ്രോതസ്സും ആസ്തിയും കേരള വാട്ടർ അതോറിറ്റിയിൽ ലഭ്യമല്ല.

(ഇ) കവടിയാറിൽ സ്ഥിതി ചെയ്യുന്ന അക്വാ എഞ്ചിനീയേഴ്സ് ടവർ എന്ന ആസ്ഥാന മന്ദിരം സ്ഥിതിചെയ്യുന്ന ഭൂമി സംബന്ധിച്ച് ശ്രീ. രാജഗോപാൽ എന്നയാൾ ബഹുമാനപ്പെട്ട കേരള ലോകായുക്ത മുൻപാകെ സമർപ്പിച്ച കംപ്ലയിന്റ് നമ്പർ 2054/2011 എന്ന പരാതിയിന്മേലുള്ള ഐ.എ നമ്പർ 1822/2016-ൽ അക്വാ എഞ്ചിനീയേഴ്സ് ടവർ എന്ന മന്ദിരം സ്ഥിതി ചെയ്യുന്ന കവടിയാറിലെ ഭൂമിയുമായി ബന്ധപ്പെട്ട പരാമർശങ്ങളുണ്ട്. മന്ദിര നിർമ്മാണത്തിന്റെ സാമ്പത്തിക സ്രോതസ്സിനെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടില്ല.

## വാട്ടർ അതോറിറ്റിയുടെ കൊട്ടാരക്കര ഡിവിഷൻ ആഫീസിലെ കരാർ ജീവനക്കാർ

99 (3976) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കൊട്ടാരക്കര ഡിവിഷൻ ആഫീസിലും പരിധിയിലുള്ള കേന്ദ്രങ്ങളിലും കരാർ അടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ പേര് വിവരങ്ങളും ജോലി ചെയ്യുന്ന കേന്ദ്രങ്ങളും എത്ര നാൾ മുതൽ ജോലിയിൽ തുടരുന്നു എന്ന കാര്യവും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കേരള വാട്ടർ അതോറിറ്റിയുടെ കൊട്ടാരക്കര ഡിവിഷൻ ആഫീസിലും പരിധിയിലുള്ള കേന്ദ്രങ്ങളിലും കരാർ അടിസ്ഥാനത്തിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല. എന്നാൽ ജലവിതരണം തടസ്സപ്പെടാതെയിരിക്കുന്നതിനായി പമ്പ് ഹൗസുകളിലേയും മറ്റും ദൈനംദിന പ്രവർത്തനങ്ങൾക്കായി, ബന്ധപ്പെട്ട ഓഫീസർമാർ, കോൺട്രാക്ടർമാർ മുഖേന തൊഴിലാളികളെ ഏർപ്പാടാക്കാറുണ്ട്. കോൺട്രാക്ടർമാർ മുഖേന ഏർപ്പാടാക്കുന്ന ഇത്തരം തൊഴിലാളികളുടെ പേര് വിവരങ്ങളോ ജോലി ചെയ്യുന്ന കാലയളവോ കേരള വാട്ടർ അതോറിറ്റിയുടെ കൊട്ടാരക്കര ഡിവിഷൻ ഓഫീസിൽ സൂക്ഷിക്കാറില്ല.

## റാന്നി മേജർ കുടിവെള്ള വിതരണ പദ്ധതി

100 (3977) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മേജർ കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണം എന്നാണാരംഭിച്ചത്; എത്ര കോടി രൂപയാണ് പദ്ധതിക്കനുവദിച്ചിട്ടുള്ളത്; എന്തൊക്കെ നിർമ്മാണങ്ങളാണ് ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളത്; ഇനി എന്തൊക്കെ നിർമ്മാണമാണ് പൂർത്തിയാക്കാനായി അവശേഷിക്കുന്നത്; ഇതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ബി) ഈ പദ്ധതിയുടെ കമ്മീഷനിംഗ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കി കൗണ്ട് ഡൗൺ ആരംഭിക്കാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികളുടെ നിർമ്മാണം 10/2008-ലും രണ്ടാംഘട്ട പ്രവൃത്തികൾ 12/2012-ലും ആരംഭിച്ചു. ടി പദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ട പ്രവൃത്തികൾക്കായി യഥാക്രമം 1686.83 ലക്ഷം രൂപയും 1458.99 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ കിണറും പമ്പ്ഹൗസും റാ-വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ആനപ്പാറയിലെ ഉപരിതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകളും ഗ്രാവിറ്റി ലൈനുകളും പുതുശ്ശേരിമല, തെക്കുമല, ചെല്ലമല, ആനത്തടം, പുതുശ്ശേരിമല (മിഡിൽ), ഇട്ടിയപ്പാറ എന്നിവിടങ്ങളിലെ ജലസംഭരണികളും പമ്പ് ഹൗസും പുതുശ്ശേരിമല (ടോപ്), തകിടിപ്പാറ, വലിയകുളം, തെക്കുമല എന്നിവിടങ്ങളിൽ ഭൂതല സംഭരണികൾ, പമ്പ്സെറ്റ് സ്ഥാപിക്കൽ, രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സോൺ-I, II, III, III(A), V, VI, VII എന്നിവിടങ്ങളിലെ വിതരണ ശൃംഖല, ട്രാൻസ്ഫോർമർ സബ് സ്റ്റേഷൻ എന്നീ ഘടകങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. വടശ്ശേരിക്കര പഞ്ചായത്തിലെ ഒമ്പതാം വാർഡിലെയും പഴവങ്ങാടി പഞ്ചായത്തിലെ നാലാം വാർഡിലെയും റാന്നി പഞ്ചായത്തിലെ ആറാം വാർഡിലെയും പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 95% പൂർത്തീകരിച്ചുകഴിഞ്ഞു. പൈപ്പുകളുടെ ഇന്റർകണക്ഷൻ, ട്രയൽ റൺ എന്നിവ പൂർത്തിയായിവരുന്നു. പണികൾ പൂർത്തിയാകുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നുംതന്നെയില്ല.

(ബി) ഈ പദ്ധതിയുടെ വിതരണ ശൃംഖലയിൽ സ്ഥാപിച്ച പൈപ്പുകൾ റോഡ് നവീകരണംമൂലവും കലുങ്കുകൾ പണിതതുമൂലവും പല സ്ഥലത്തും കേടുപാടുകൾ സംഭവിച്ചു. അതിന്റെ അറ്റകുറ്റപ്പണികൾ നടത്തി പരിഹരിച്ചുവരുന്നു. ഈ പ്രദേശങ്ങളിൽ ട്രയൽ റൺ നടത്തുന്നതിൽ കാലതാമസം നേരിടുന്നതും, വടശ്ശേരിക്കരയിൽ ഒരു ചെറിയ ഭാഗത്തെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കാനുണ്ടായ കാലതാമസവും പദ്ധതിയുടെ പൂർണ്ണതോതിലുള്ള കമ്മീഷനിംഗ് വൈകുവാൻ കാരണമായി.

(സി) ഈ പദ്ധതിയുടെ ബഹുഭൂരിപക്ഷം ഘടകങ്ങളും കമ്മീഷൻ ചെയ്തു കഴിഞ്ഞു. അവശേഷിക്കുന്ന പണികൾ പൂർത്തിയാക്കി 30-9-2017-ൽ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**കനാൽ റോഡുകൾ നവീകരിക്കുന്നതിന് നടപടി**

101 (3978) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിൽ കനാലുകൾ കടന്നു പോകുന്ന പല പ്രദേശത്ത് കനാൽ റോഡുകൾ നവീകരിക്കാത്തതിനാൽ, ജനങ്ങൾക്ക് വളരെയേറെ പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കനാലിന് കേടുപാടുകൾ സംഭവിക്കാത്ത തരത്തിൽ വീതിയുള്ള റോഡുകൾ നവീകരിക്കുന്നതിന് എന്താണ് തടസ്സമെന്നറിയിക്കുമോ;

(സി) ഇത്തരം റോഡുകൾ നവീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ചാൽ അതിന് അനുമതി നൽകുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്കായി ഇറിഗേഷൻ വകുപ്പ് മുഖേന ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ബാലുശ്ശേരി മണ്ഡലത്തിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ ചില കനാൽ റോഡുകൾക്ക് പഞ്ചായത്ത് ഫണ്ട് അനുവദിച്ചിട്ടും നവീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ടിന്റെ അപര്യാപ്തതയാണ് തടസ്സം.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം റോഡ് പ്രവൃത്തി നടത്തുമ്പോൾ പലപ്പോഴും കനാൽ സംരക്ഷണത്തിന് പ്രാധാന്യം നൽകാറില്ല.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. ഇത് സംബന്ധിച്ച പ്രവൃത്തികൾക്കുള്ള അപേക്ഷയിലെ ന്യൂനത പരിഹരിച്ച് സൈറ്റ് പ്ലാൻ സ്കെച്ചുകളും എസ്റ്റിമേറ്റുകളും സമർപ്പിക്കാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ജലസേചന വകുപ്പിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

102 (3979) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ ഓവർസിയർ ഗ്രേഡ് 3, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പിൽ ഓവർസിയർ ഗ്രേഡ്-3 തസ്തികയിൽ 134 ഒഴിവുകളുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഒന്നും തന്നെയില്ല.

(ബി) ഓവർസിയർ ഗ്രേഡ്-3 തസ്തികയിൽ 134 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ പി.എസ്.സി. അഡ്വൈസ് ചെയ്ത 39 ഒഴിവുകളുടെ നിയമനനടപടി സ്വീകരിച്ചുവരുന്നു.

**ജലവിഭവ വകുപ്പിന്റെ ചിറ്റൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

103 (3980) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ഹരിതകേരളം മിഷനിൽ ഉൾപ്പെടുത്തിയതുമായ വെങ്കലകയം, കുന്നപിടരി, കമ്പാലത്തറ എന്നീ ഏരികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച, കിഫ്ബിയിലൂടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റെഗുലേറ്ററുകളിൽ ചിറ്റൂർ പുഴയ്ക്ക് കുറുകെ നല്ലേപ്പിള്ളി പഞ്ചായത്തിൽ വളവുപാലത്ത് നിർമ്മിക്കുന്ന റെഗുലേറ്ററിന്റെയും പെരുവമ്പ് പഞ്ചായത്തിൽ പാലതുള്ളി വടകരപ്പളിയിൽ നിർമ്മിക്കുന്ന റെഗുലേറ്ററിന്റെയും നിർമ്മാണ പുരോഗതി വിശദീകരിക്കുമോ?

ഉത്തരം

(എ) പദ്ധതി വിഭാഗം 1-ന്റെ കീഴിലുള്ള ചിറ്റൂർ ഇറിഗേഷൻ ഡിവിഷന്റെ പരിധിയിൽപ്പെടുന്ന വെങ്കലക്കയം, കുന്നംപിടാരി, കമ്പാലത്തറ എന്നീ ഏരികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഹരിത കേരളമിഷനിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുള്ളത് (4702-00-101-64)-മൈനർ ഇറിഗേഷന്റെ ഹെഡ് ഓഫ് അക്കൗണ്ടിലാണ്. പ്രസ്തുത ഏരികളുടെ പ്രവൃത്തികൾ നിർവ്വഹിക്കേണ്ടത് ഇറിഗേഷൻ ഡിവിഷൻ, ചിറ്റൂർ ആയതിനാൽ ഹെഡ് ഓഫ് അക്കൗണ്ട് ചീഫ് എഞ്ചിനീയർ, പ്രോജക്ട് 1-ന് കീഴിലേയ്ക്ക് മാറ്റി അനുവദിക്കേണ്ടതുണ്ട്.

(ബി) 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന റെഗുലേറ്ററുകളിൽ ചിറ്റൂർ പുഴയ്ക്ക് കുറുകെ നല്ലേപ്പിള്ളി പഞ്ചായത്തിൽ വളവു പാലത്തെ റെഗുലേറ്ററിന്റെയും പെരുവമ്പ് പഞ്ചായത്തിൽ പാലത്തുള്ളി വടകര പള്ളിയിലെ റെഗുലേറ്ററിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട പര്യവേഷണ പ്രവൃത്തികൾ പൂർത്തിയാക്കി ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## വൈക്കം മണ്ഡലത്തിലെ സ്പിൽവേകളുടെ നിർമ്മാണം

104 (3981) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വൈക്കം മണ്ഡലത്തിലെ പൂത്തോട്ട, മുറിഞ്ഞപുഴ, ഇത്തിപ്പുഴ എന്നീ സ്പിൽവേകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായി ഈ സ്പിൽവേകളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സ്പിൽവേകളുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വേണ്ടി പ്രാഥമിക ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## ചൊക്ലി പഞ്ചായത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജ്

105 (3982) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജക മണ്ഡലത്തിൽ, ചൊക്ലി പഞ്ചായത്തിലെ 2017-18 വർഷത്തെ കിഫ്ബിയിൽ ഉൾപ്പെട്ട റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഡി.പി.ആർ. തയ്യാറാക്കാനുള്ള നിർദ്ദേശം നൽകിയോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

ചൊക്ലി ഗ്രാമപഞ്ചായത്തിൽ ഒളവിലം-പാത്തിക്കൽ എന്ന സ്ഥലത്ത് മാഹി പുഴയിൽനിന്ന് കനാലിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി മാഹി-വളപട്ടണം ജലപാതാ പദ്ധതിയിൽ റോഡ് പാലത്തോട് കൂടിയ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രൊപ്പോസൽ പരിഗണനയിലുണ്ട്. പദ്ധതിയുടെ സാധ്യതാ പഠനവും പര്യവേഷണവും ഡിസൈനും നടത്തേണ്ടതുണ്ട്.

## മണലൂർ മണ്ഡലത്തിൽ കാർഷികാഭിവൃദ്ധിയ്ക്കുള്ള ജലവിതരണം

106 (3983) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിൽ കാർഷികാഭിവൃദ്ധിയ്ക്കുള്ള ജലവിതരണം സുഗമമാക്കുന്നതിനായി തുവാനൂർ, കുമ്പുഴ, ആയമുക്ക്, പറപ്പൂക്കാവ് എന്നീ സ്ഥലങ്ങളിൽ ചിറകൾ നിർമ്മിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

മണലൂർ മണ്ഡലത്തിൽ കാർഷികാഭിവൃദ്ധിയ്ക്കുള്ള ജലവിതരണം സുഗമമാക്കുന്നതിനായി വടക്കാഞ്ചേരി പുഴയിലെ ഉവാന്നൂർ, കുമ്പുഴ, ആയമുക്ക്, പറപ്പൂക്കാവ് എന്നീ സ്ഥലങ്ങളിൽ ചിറകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്.

## തലശ്ശേരി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ വികസന പ്രവൃത്തികൾ

107 (3984) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ചെയ്ത വികസന പ്രവൃത്തികൾ ഏതാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും തരംതിരിച്ച് വിശദീകരിക്കുമോ;

(ബി) 2017-18 വർഷത്തിൽ പുതുതായി എന്തെങ്കിലും പ്രവൃത്തി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ജല അതോറിറ്റി:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു :

1. നഗര വികസന പദ്ധതിയുടെ കീഴിൽ യു.ഐ.ഡി.എസ്. എസ്.എം.ടി. (UIDSSMT) പദ്ധതിപ്രകാരം തലശ്ശേരി നഗരസഭയ്ക്കും സമീപ പഞ്ചായത്തുകൾക്കും ശുദ്ധജലവിതരണം നടത്തുന്നതിനു വേണ്ടിയുള്ള പദ്ധതിക്ക് 4-11-2009-ൽ 4120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തി 4 പാക്കേജുകളിലായാണ് നടപ്പാക്കുന്നത്. ഇതിൽ പാക്കേജ് 1 ജൂലൈ 2017-ലും പാക്കേജ് IV ഫെബ്രുവരി 2014-ലും പൂർത്തീകരിച്ചിട്ടുണ്ട്. പാക്കേജ് 2 പ്രവൃത്തിയിൽ എം-സോൺ, സി-സോൺ വിതരണ ശൃംഖലയുടെ ശാക്തീകരണവും മോറക്കുന്ന്, ചിറക്കക്കാവ് ജലസംഭരണികളുടെ നിർമ്മാണവുമാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ ചിറക്കക്കാവ് ടാങ്കിന്റെ നിർമ്മാണത്തിനുള്ള സ്ഥലം തലശ്ശേരി മുനിസിപ്പാലിറ്റിയിൽനിന്ന് ലഭ്യമാകുവാൻ കാലതാമസം നേരിട്ടതിനാൽ കരാറുകാരൻ ഈ പ്രവൃത്തിക്ക്

പുതുക്കിയ നിരക്ക് ആവശ്യപ്പെടുകയും 23-2-2017-ന് ചേർന്ന 57-ാമത് എംപവേർഡ് കമ്മിറ്റി ഇത് അംഗീകരിക്കുകയും ചെയ്തു. ഇതിനുശേഷം കരാറുകാരൻ ടാങ്കിന്റെ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ ബാക്കി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് റോഡ് മുറിക്കുന്നതിനുള്ള അനുവാദം പി.ഡബ്ല്യു.ഡി.-യിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ഇതിൽ ഡിഫക്ട് ലയബിലിറ്റി പിരീഡ് തീരാത്ത റോഡും കൂടി ഉണ്ട്. പാക്കേജ് 3-ൽ ടി-സോൺ, കെ-സോൺ വിതരണ ശൃംഖലകളുടെ ശാക്തീകരണവും കൊടുവള്ളി, തലായി ജലസംഭരണികളുടെ നിർമ്മാണവുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പാക്കേജിലുള്ള പ്രവൃത്തി വളരെ മന്ദഗതിയിലായിരുന്നതിനാൽ 57-ാമത് എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരം കരാർ റദ്ദ് ചെയ്യുകയും പ്രവൃത്തി ഒറിജിനൽ കരാറുകാരന്റെ റിസ്ക് &കോസ്റ്റ് ക്രമപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

2. സാർക്കിൽ അനുമതി ലഭിച്ച തലശ്ശേരി ശുദ്ധജലവിതരണ പദ്ധതിയുടെ ഇംപ്രൂവ്മെന്റിന്റെ ഭാഗമായുള്ള ട്രാൻസ്ഫോർമർ, പമ്പ്സെറ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

<u>ജലസേചന വകുപ്പ്:</u>

ജലസേചന വകുപ്പ് തലശ്ശേരി നിയോജകമണ്ഡലത്തിൽ കുണ്ടുചിറ കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ, എ.എസ്.ഇ. പ്രവൃത്തി-തലശ്ശേരി മുനിസിപ്പാലിറ്റിയിൽ ചാലിൽ ഇന്ദിരാ പാർക്ക് സി.പി. സ്റ്റോൺ 2173-ന് സമീപത്ത് 85 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അടിയന്തര അറ്റകുറ്റപ്പണി എന്നീ രണ്ടു പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തലശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി നൽകുകയും പ്രവൃത്തി ചെയ്യാനുള്ള എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ തലശ്ശേരിയിൽ സി.പി.സ്റ്റോൺ 2175-ന് അടുത്ത് തകർന്ന കടൽ ഭിത്തിയുടെ അടിയന്തിര അറ്റകുറ്റപ്പണികൾ - 15 ലക്ഷം

2. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ പാലിശ്ശേരിയിൽ സി.പി. സ്റ്റോൺ 2182-ന് സമീപം തകർന്ന കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ - 15 ലക്ഷം

3. പരിമഠത്ത് കല്ലിൻതാഴെ ന്യൂമാഹി പഞ്ചായത്തിൽ സി.പി. സ്റ്റോൺ 2145-ന് തെക്ക് വശത്ത് തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി - 25 ലക്ഷം

4. ന്യൂമാഹി പഞ്ചായത്തിൽ സി.പി. സ്റ്റോൺ 2145-ന് അടുത്ത് പരിമഠത്ത് കല്ലിൻതാഴെ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി - 40 ലക്ഷം

<u>ഭൂജല വകുപ്പ്:</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2016-17 സാമ്പത്തിക വർഷം) തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ 1,28,446 രൂപ ചെലവഴിച്ച് കൃത്രിമ ഭൂജല സംപോഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

<u>ജലനിധി:</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജകമണ്ഡലത്തിൽ ജലനിധി പദ്ധതി നടപ്പാക്കാനായി ഒരു പഞ്ചായത്തിനെയും തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ, ബാച്ച് 2-ൽ കതിരൂർ പഞ്ചായത്തിനെ 2012 കാലയളവിൽ തെരഞ്ഞെടുക്കുകയും പദ്ധതി പ്രവർത്തനം നടത്തിവരികയും ചെയ്യുന്നു. ആകെയുള്ള 7 കുടിവെള്ള പദ്ധതികളിൽനിന്നും 1444 ഗുണഭോക്തൃ കുടുംബങ്ങൾക്ക് ഈ പദ്ധതി മുഖേന കുടിവെള്ളമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) <u>കേരള ജല അതോറിറ്റി:</u>

തലശ്ശേരി നിയോജകമണ്ഡലത്തിൽ സ്റ്റേറ്റ് പ്ലാൻ 2016-17-ൽ ഉൾപ്പെടുത്തി വയലിളം പാർസിക്കുന്ന് ഗ്രാമീണ കുടിവെള്ള പദ്ധതി-പാർസിക്കുന്ന് ഉന്നതല ടാങ്കിന്റെ റിപ്പയർ പ്രവൃത്തിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. തലശ്ശേരി നിയോജക മണ്ഡലത്തിൽപ്പെട്ട ചൊക്ലി ഗ്രാമപഞ്ചായത്തിലും കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽപ്പെട്ട പാനൂർ നഗരസഭയിലെ ഏതാനും പ്രദേശങ്ങളിലും കുടിവെള്ള വിതരണത്തിനായി രൂപീകരിച്ച ചൊക്ലി ഗ്രാമപഞ്ചായത്തിനും സമീപ പ്രദേശങ്ങളിലേയ്ക്കുമുള്ള കുടിവെള്ള വിതരണ പദ്ധതിക്കായി കിഫ്ബി 2017-18-ലുൾപ്പെടുത്തി 8350 ലക്ഷം രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നുണ്ട്. എന്നാൽ പദ്ധതിക്കാവശ്യമായ സ്ഥലം വിട്ടുതരുന്നതിന് സാങ്കേതിക കാരണങ്ങളാൽ സമ്മതമല്ലെന്ന് നാരായണ ഗുരുകുലവും

തലശ്ശേരി ഗവൺമെന്റ് കോളേജ് അധികൃതരും അറിയിച്ചിട്ടുള്ളതിനാൽ പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. സർവ്വേ പ്രകാരം മറ്റൊരു ഉചിതമായ സ്ഥലം സമീപ പ്രദേശങ്ങളിൽ കണ്ടെത്തുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത സ്ഥലങ്ങൾ വിട്ടുകിട്ടുന്നതിന് പാനൂർ നഗരസഭ, ചൊക്ലി ഗ്രാമപഞ്ചായത്ത്, ജനപ്രതിനിധികൾ എന്നിവർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ജലസേചന വകുപ്പ്:

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് നിലവിലുള്ള ഇറിഗേഷൻ സ്ട്രക്ച്ചറിന്റെ പുനരുദ്ധാരണത്തിനായുള്ള പ്രവൃത്തികളുടെ ഡി.പി.ആർ. (നദീതട അടിസ്ഥാനത്തിൽ) തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. കൂടാതെ കടലാക്രമണം തടയുന്നതിനുള്ള പ്രവൃത്തികൾ, പുഴയുടെ സംരക്ഷണ ഭിത്തി നിർമ്മിക്കൽ എന്നിവ ആവശ്യകതയും ഫണ്ട് ലഭ്യതയ്ക്കുമനുസരിച്ച് നടപ്പിലാക്കാവുന്നതാണ്. 2017-18 ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കുന്നതാണ്.

## പെരിയാർ നദി മാലിന്യമുക്തമാക്കുവാൻ നടപടി

108 (3985) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവപ്പുഴയുടെ തീരം സ്വകാര്യ വ്യക്തികൾ കയ്യേറി, ഫ്ലാറ്റുകൾ നിർമ്മിച്ച് പുഴയിലേക്ക് മാലിന്യങ്ങൾ ഒഴുക്കുന്നതുമൂലം, പെരിയാർ നദി മലിനപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരിയാർ നദി മാലിന്യ മുക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പല കാരണങ്ങളാൽ പെരിയാർ നദി മലിനപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പെരിയാറിലെ ജലഗുണനിലവാരം നിലനിർത്തുന്നതിനായി പ്രത്യേകിച്ച് സമുദ്രത്തിൽ നിന്നുള്ള ഉപ്പുവെള്ളക്കയറ്റം തടയുന്നതിനായി പുറപ്പള്ളിക്കാവ്, പാതാളം, മഞ്ഞുമ്മൽ എന്നിവിടങ്ങളിൽ ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ റഗുലേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. പെരിയാർ നദിയിലെ മലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനുമായി വ്യവസായ സ്ഥാപനങ്ങൾ, ഉത്തുംഗ കെട്ടിടങ്ങൾ, ഹോട്ടലുകൾ, ഹോസ്പിറ്റലുകൾ എന്നിവ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ

കൊണ്ടുവരികയും മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കുകയും ചെയ്തുവരുന്നു. പരിശോധനകളിലൂടെ ഇവയുടെ പ്രവർത്തനം നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നൽകുകയും ചെയ്യുന്നു. മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിന് എല്ലാ സജ്ജീകരണങ്ങളോടും കൂടിയ ബോർഡിന്റെ സർവൈലൻസ് വാൻ 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്. ഏലൂർ എടയാർ വ്യവസായ മേഖലയിൽ ദൈനംദിനം ടി വാൻ വഴി നിരീക്ഷണം നടത്തുന്നുണ്ട്. ഈ മേഖലയിലെ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും എന്തെങ്കിലും മലിനീകരണം സംബന്ധിച്ച് പൊതുജനങ്ങൾ പരാതി അറിയിച്ചാൽ ഉടൻതന്നെ സർവൈലൻസ് വാൻ എത്തിച്ച് ജലവായു ഗുണനിലവാര പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വ്യവസായശാലകളിൽ നിന്നും പുറന്തള്ളുന്ന പാഴ്ജലത്തിന്റെ ഗുണനിലവാരം തത്സമയം പരിശോധിച്ച് രേഖപ്പെടുത്തുന്നതിനുള്ള കണ്ടിന്യൂവസ് എഫ്ളുവന്റ് ക്വാളിറ്റി മോണിറ്ററിംഗ് സംവിധാനം പ്രധാന വ്യവസായശാലകളിൽ ഏർപ്പെടുത്തിച്ചുവരുന്നു. ഈ സംവിധാനം വഴിയുള്ള പരിശോധനാഫലം വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ബോർഡിന്റെ ഓഫീസുകളിൽ ഇരുന്ന് നിരീക്ഷിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കൂടാതെ നിരീക്ഷണഫലങ്ങൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിനും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലുവ നഗരത്തിന്റെ വിവിധ ഭാഗങ്ങളിലെ കാനകളിലൂടെ ഒഴുകിയെത്തുന്ന മഴവെള്ളത്തോടൊപ്പം എത്തുന്ന മലിനജലം ശുദ്ധീകരിക്കുന്നതിന് നിലവിലുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് പുറമെ പുതുതായി മൂന്ന് എണ്ണം കൂടി മറ്റ് ഏജൻസികളുടെ സഹായത്തോടെ നിർമ്മിക്കുന്നതിന് ഈ വർഷത്തെ നഗരസഭാ ബഡ്ജറ്റിൽ വിഭാവനം ചെയ്യുകയും തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 27-6-2017-ലെ നഗരസഭാ കൗൺസിലിന്റെ 18-ാം നമ്പർ തീരുമാനപ്രകാരം പൊതു കാനയിലേയ്ക്ക് മലിനജലം ഒഴുകുന്ന രീതിയിൽ ഔട്ട്ലെറ്റ് വെച്ചിരിക്കുന്ന 42 സ്ഥാപനങ്ങൾക്കെതിരെ ഔട്ട്ലെറ്റ് നീക്കം ചെയ്യുന്നതിനും പുറത്തേയ്ക്ക് ജലം ഒഴുകാതെ സ്വന്തം സ്ഥലത്ത് സോക്പിറ്റ് കുഴിച്ച് ജലം സംസ്കരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. ഈ നോട്ടീസിലെ നിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള തുടർ നടപടി നഗരസഭ സ്വീകരിക്കുന്നതാണ്.

## പാറമടയിലെ വെള്ളക്കെട്ടുകൾ ജല സംഭരണികളാക്കി മാറ്റി ഉപയോഗപ്രദമാക്കൽ

109(3986) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാറമടകൾ പ്രവർത്തിച്ച ഭൂപ്രദേശങ്ങളിൽ രൂപം കൊണ്ടിട്ടുള്ള വലിയ ഗർത്തങ്ങളിൽ ധാരാളം ജലം കെട്ടിനിൽക്കുകയും കുട്ടികൾ, മുതിർന്നവർ എന്നിവർ ഈ ജലത്തിൽ മുങ്ങിമരിക്കുകയും ചെയ്യുന്ന ദാരുണമായ അവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ , ഇപ്രകാരമുള്ള സ്ഥലങ്ങൾ കണ്ടെത്തി

ജലസംഭരണികൾ പണിത് ജലം കൃഷിക്കും മറ്റ് കാർഷിക ആവശ്യങ്ങൾക്കുമായി ഉപയോഗയോഗ്യമാക്കുന്നത് ഇത്തരം അപകടങ്ങൾ ഒഴിവാക്കുവാനും ജലദൗർലഭ്യം പരിഹരിക്കുവാനും സഹായകമാവുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഗാർഹിക-വ്യാവസായിക ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള വാട്ടർ കണക്ഷനുകൾ പലതും പ്രവർത്തനരഹിതമായ മീറ്ററോട് കൂടി ഉപയോഗിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ പാറമടകൾ പ്രവർത്തനം നിർത്തിയതിന്റെ ഫലമായി വലിയ ഗർത്തങ്ങൾ രൂപം കൊണ്ടിട്ടുണ്ട്. ഇവകളിൽ പലതിലും വെള്ളം കെട്ടിനിൽക്കുന്നുണ്ട്. സുരക്ഷിതമായ വേലികൾ ഇല്ലാത്തതു കാരണം കുട്ടികളും മുതിർന്നവരും ഇത്തരം ജലാശയങ്ങളിൽ വീണ് ജീവൻ നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. പ്രസ്തുത ക്വാറികളിലെ ജലം ഗുണനിലവാര പരിശോധന നടത്തുകയും ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്തശേഷം ജലലഭ്യതയും ഗുണനിലവാരവും തൃപ്തികരമാണെങ്കിൽ പാറമടകൾ പ്രവർത്തിച്ച ഭൂപ്രദേശങ്ങളിൽ രൂപം കൊണ്ടിട്ടുള്ള കുളങ്ങൾ ചെറുകിട കുടിവെള്ള പദ്ധതികൾക്കായി പരിഗണിക്കാവുന്നതാണ്. കടുത്ത വരൾച്ചയുണ്ടാകുന്ന സാഹചര്യത്തിൽ ഇത്തരം സ്രോതസ്സുകൾ കണ്ടെത്തി ഉചിതമായ ശുദ്ധീകരണ മാർഗ്ഗങ്ങൾ അവലംബിച്ച് കുടിവെള്ളാവശ്യത്തിന് ഉപയോഗിക്കാനുള്ള പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗാർഹിക ഗാർഹികേതര കണക്ഷനുകളിൽ മീറ്റർ കേടാണെന്ന് ബോധ്യപ്പെട്ടാൽ മീറ്റർ റീഡർ, അപ്പോൾത്തന്നെ മീറ്റർ മാറ്റി വയ്ക്കുന്നതിനുള്ള നോട്ടീസ് ഉപഭോക്താവിന് നൽകുകയും നിശ്ചിത കാലയളവിൽ മീറ്റർ മാറ്റിവച്ചില്ലെങ്കിൽ മുൻ റീഡിംഗ് പ്രകാരം ശരാശരി ഉപഭോഗം കണക്കാക്കി വാട്ടർ ചാർജ്ജ് കണക്കാക്കുകയും സർചാർജ്ജ് ആയി ആദ്യത്തെ ബില്ലിൽ ശരാശരി ഉപഭോഗത്തിന്റെ 25 ശതമാനവും രണ്ടാമത്തെ ബില്ലിൽ 50 ശതമാനവും മൂന്നാമത്തെ ബില്ലിൽ 100 ശതമാനവും ഈടാക്കുന്നതുമാണ്. തുടർന്നും മീറ്റർ മാറ്റിവയ്ക്കാൻ ഉപഭോക്താവ് തയ്യാറാകുന്നില്ലെങ്കിൽ ഡിസ്കണക്ഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. കേടായ വ്യാവസായിക, സർക്കാർ കണക്ഷനുകളിൽ അതോറിറ്റി നേരിട്ട് വാട്ടർ മീറ്റർ മാറ്റിവയ്ക്കുകയും പ്രസ്തുത വാട്ടർ മീറ്ററിന്റെ വില അടുത്ത ബില്ലിനോടൊപ്പം കൺസ്യൂമറിൽ നിന്നും ഈടാക്കുകയും ചെയ്തുവരുന്നു.

## കാരാപ്പുഴ-ബാണാസുര സാഗർ പദ്ധതി

110 (3987) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പ്രധാന ജലസേചന പദ്ധതികളായ കാരാപ്പുഴ-ബാണാസുര സാഗർ പദ്ധതികൾ ജില്ലയിലെ കാർഷിക മേഖലയ്ക്ക് സഹായകരമാകുന്നുണ്ടോ; വയനാട് ജില്ലയിൽ ഈ പദ്ധതികൾ കൊണ്ട് ഏതെല്ലാം മേഖലയിൽ സഹായം എത്തിക്കാനാണ് ലക്ഷ്യമിടുന്നത്;

(ബി) ജില്ലയിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഈ പദ്ധതികളെ ഉപയോഗിച്ച് കൂടുതൽ സംവിധാനങ്ങൾ ഒരുക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്. വയനാട് ജില്ലയിലെ 5221 ഹെക്ടർ സ്ഥലത്തെ കൃഷി ഭൂമിക്കാവശ്യമായ ജലസേചനത്തിനാണ് കാരാപ്പുഴ ജലസേചന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ 603 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തിവരുന്നുണ്ട്. ഇതുകൂടാതെ കൽപ്പറ്റ മുനിസിപ്പാലിറ്റിയിലേയ്ക്കും സമീപ പഞ്ചായത്തുകളിലേയ്ക്കും കുടിവെള്ളത്തിനായി ഈ പദ്ധതിയെ ഉപയോഗപ്പെടുത്തുന്നുണ്ട്. ബാണാസുര സാഗർ പദ്ധതി 2800 ഹെക്ടർ സ്ഥലത്ത് ജലസേചനത്തിനായി വിഭാവനം ചെയ്ത പദ്ധതിയാണ്. ബാണാസുരസാഗർ പദ്ധതിയുടെ ഡാം KSEB-യുടെ കീഴിലാണ്.

(ബി) സംവിധാനങ്ങൾ ഒരുക്കാൻ തയ്യാറാവുന്നതാണ്.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിന് ഭരണാനുമതി

111 (3988) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ, ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങൾ നവീകരിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർഷത്തിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം കുളങ്ങൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി; ഓരോ കുളത്തിന്റേയും അവ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെയും പേരും ഓരോന്നിനും അനുവദിച്ച തുകയും പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കുളങ്ങൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിൽ ചിറ്റൂർ, തത്തമംഗലം മുനിസിപ്പാലിറ്റിയിൽ 'ഭഗവതികുളം' നവീകരിക്കുന്നതിന് 18 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**കുറ്റ്യാടി താലൂക്ക് ആശുപത്രി വികസനത്തിന് ഇറിഗേഷൻ വകുപ്പിന്റെ ഭൂമി**

112 (3989) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയോടനുബന്ധിച്ച് ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമി ആശുപത്രി വികസനത്തിന് വിട്ടുനൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഏതു ഘട്ടത്തിലാണ്;

(ബി) ഒട്ടേറെ പേർ ആശ്രയിക്കുന്ന ഈ ആശുപത്രിയുടെ വികസനത്തിന് മറ്റ് ഭൂമികളൊന്നും ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭൂമി വിട്ടുനൽകണമെന്ന അപേക്ഷ ആരോഗ്യവകുപ്പിൽനിന്ന് ലഭിക്കുകയുണ്ടായോ;

(ഡി) ഇത് സംബന്ധിച്ച് ജലവിഭവ വകുപ്പ് കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ കൈവശമുള്ള കുറ്റ്യാടി വില്ലേജിൽ തൊണ്ടിപൊയിൽ ദേശത്ത് റി.സ. 11/11-ൽ ഉൾപ്പെട്ട 55 സെന്റ് സ്ഥലം കുറ്റ്യാടി താലൂക്ക് ആശുപത്രി വികസനത്തിന് അനുവദിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസലിൽ സ്ഥലത്തിന്റെ സ്കെച്ചും മറ്റ് റിപ്പോർട്ടുകളും നിലവിൽ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് ബി സെക്ഷൻ പെരുവണ്ണാമൂഴി അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനയിലാണ്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) കുറ്റ്യാടി താലൂക്ക് ആശുപത്രിക്കുവേണ്ടി 55 സെന്റ് സ്ഥലമാണ് പഞ്ചായത്ത് ആവശ്യപ്പെട്ടത്. വ്യക്തമായ സ്കെച്ചും റിപ്പോർട്ടും സമർപ്പിക്കുവാൻ കണ്ണൂർ പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽ നിന്നും 1-12-2014-ലെ കത്ത് പ്രകാരം കുറ്റ്യാടി പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ ഒറിജിനൽ സ്കെച്ചും റിപ്പോർട്ടും സമർപ്പിക്കുവാൻ കുറ്റ്യാടി പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരുവണ്ണാമൂഴി സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. ആയതിന് 6-2-2015-ന് ഇ 1-383/12 പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുറ്റ്യാടി പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെങ്കിലും ഒറിജിനൽ സ്കെച്ച് സമർപ്പിച്ചിരുന്നില്ല. ഒറിജിനൽ സ്കെച്ച് ലഭ്യമാക്കുവാൻ കുറ്റ്യാടി പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### പള്ളിക്കൽ ആറിൽ തടയണ നിർമ്മാണം

113 (3990) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കൽ ആറിൽ തടയണ നിർമ്മിക്കുന്നതിന് നിലവിൽ പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത ആറിൽ തടയണ നിർമ്മിക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) വേനൽക്കാലത്ത് തൊടിയൂർ, തഴവ ഗ്രാമപഞ്ചായത്തുകളിലുണ്ടാകുന്ന ജലക്ഷാമം പരിഹരിക്കുന്നതിനായി പള്ളിക്കലാറിന്റെ സൗകര്യപ്രദമായ ഭാഗത്ത് തടയണ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ആനയടി പാലത്തിന് താഴെ തടയണ നിർമ്മിക്കുന്നതിന് എഗ്രിമെന്റ് വെച്ചുവെങ്കിലും പ്രാദേശികമായ തർക്കം നിലനിന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല. തർക്കങ്ങൾ ഒഴിവായതിനെത്തുടർന്ന് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചുമാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

### തിരൂരങ്ങാടി മോര്യകാപ്പ് പദ്ധതി

114 (*T3991) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ കാർഷിക-ജലസേചന പദ്ധതിയായ മോര്യകാപ്പ് പദ്ധതിയുടെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിലെ പദ്ധതികളെ സംബന്ധിച്ച് ചേർന്ന 17-8-2017-ലെ അവലോകന യോഗത്തിൽ മോര്യകാപ്പ് കുടിവെള്ള കാർഷിക ജലസേചന പദ്ധതിക്കുവേണ്ടി വിശദമായി പഠനം നടത്തി പരമാവധി പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഒരു സമഗ്ര പദ്ധതി തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആവശ്യകത അനുസരിച്ച് പദ്ധതി ഒരുമിച്ചോ രണ്ട് ഘട്ടങ്ങളിലായോ നടപ്പിലാക്കാനുള്ള സാധ്യത പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജലാശയങ്ങൾ സംരക്ഷിക്കുന്നതിനായി നടപടി**

115 (3992) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴയുടെ ലഭ്യത കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ബി) ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ചെറുതും വലുതുമായ ജലാശയങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മഴയുടെ ലഭ്യതയിൽ കുറവു രേഖപ്പെടുത്തിയ സാഹചര്യത്തിൽ ജല സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന തരത്തിൽ കുളങ്ങൾ, തോടുകൾ എന്നിവ പുനരുദ്ധരിക്കുന്നതിനും കിണർ റീചാർജ്ജിംഗ്, കേടായ റെഗുലേറ്ററുകളുടെയും തടയണകളുടെയും പുനരുദ്ധാരണം, ആവശ്യമുള്ളിടങ്ങളിൽ താൽക്കാലിക തടയണകളുടെ നിർമ്മാണം, കനാലുകളിലെ ജലനഷ്ടം ഒഴിവാക്കാനാവശ്യമായ നടപടികൾ എന്നിവ ജലസേചന വകുപ്പ് നടപ്പാക്കിവരുന്നു. ഇതോടൊപ്പം ഹരിതകേരളം മിഷൻ, ജലം-മണ്ണ് സംരക്ഷണം ഉപമിഷന്റെ ഭാഗമായും കുളങ്ങൾ/തോടുകൾ എന്നിവയുടെ പുനരുദ്ധാരണത്തിന് മുൻഗണന നൽകുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള ജല അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെയും പാറശാല പഞ്ചായത്തിൽ പരശുവയ്ക്കൽ വില്ലേജിലെ വണ്ടിച്ചിറ കുളത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികളിൽ ചെളി നീക്കലും സംരക്ഷണ ഭിത്തി നിർമ്മിക്കലും സമീപ പ്രദേശങ്ങളിലെ മഴവെള്ളം കുളത്തിലെത്തിക്കുകയും ചെയ്യുന്ന പ്രവൃത്തികളിൽ ഒന്നാംഘട്ടം പൂർത്തീകരിക്കുകയും രണ്ടാംഘട്ട പണികളിൽ 85 ശതമാനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പാറശ്ശാല പഞ്ചായത്തിലെ പാറശ്ശാല, പരശുവയ്ക്കൽ

വില്ലേജുകൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ വണ്ടിച്ചിറ കുളത്തിലെ ചെളി നീക്കം ചെയ്യലും വശങ്ങളിൽ കരിങ്കല്ല് പാകി എൽ.ഡി.പി.ഇ. ഫിലിം പതിപ്പിച്ച് ജലസ്രോതസ്സായ കുളത്തിനെ സംരക്ഷിക്കുന്ന പ്രവൃത്തികൾ 80 ശതമാനം പൂർത്തിയായിട്ടുണ്ട്. കൂടാതെ അരുവിക്കര ജലസംഭരണിയിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മണ്ണും നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കാനുള്ള ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നദികളുടെ പുനരുജ്ജീവനം ബഹുജന പങ്കാളിത്വത്തോടുകൂടി നടപ്പാക്കിവരുന്നു.

## കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം കൈമാറ്റം

116 (3993) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ട് - 1 (KPIP) വെസ്റ്റ് ഹിൽ, കോഴിക്കോട് പ്രോജക്ടിന്റെ പാലക്കാട് കടമ്പഴിപ്പുറത്തുള്ള ബ്ലോക്ക് നമ്പർ 77-ൽ IP 229 - സർവ്വേ നമ്പരിലുള്ള ഏകദേശം 18 സെന്റ് സ്ഥലം കടമ്പഴിപ്പുറം 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കെ.എസ്.ഇ.ബി.-ക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കൈമാറ്റം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ടി പ്രോജക്ട് - 1 (KPIP)-ന് കോഴിക്കോട് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും 9-6-2015 തീയതിയിൽ E4-6558/2014 നമ്പരായി സർക്കാരിലേക്ക് അയച്ച കത്തിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. യുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഐ.ആർ.1/121/2017/ജവിവ. നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

## തുമ്പൂർമൂഴി റിവർ ഡൈവേർഷൻ സ്കീം

117 (3994) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട തുമ്പൂർമൂഴി റിവർ ഡൈവേർഷൻ സ്കീമിനു മുകളിലായി, വർഷകാലത്ത് പാഴായിപ്പോകുന്ന ജലം സംഭരിക്കുന്നതിനുള്ള സ്റ്റോറേജ് ഡാം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ചാലക്കുടി മണ്ഡലത്തിലും സമീപമണ്ഡലങ്ങളിലും കുടിവെള്ളം, ജലസേചനം എന്നിവയ്ക്ക് ഉപകാരപ്രദമാകുന്ന പ്രസ്തുത സ്റ്റോറേജ് ഡാമിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തുമ്പൂർമൂഴിക്കും ആതിരപ്പള്ളി വെള്ളച്ചാട്ടത്തിനുമിടയിൽ 2 സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

**കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

118 (3995) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ വേണ്ടി നൽകിയിരുന്ന കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ ലിസ്റ്റ് ജലവിഭവവകുപ്പ് പരിശോധനയ്ക്കായി അയച്ചതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) 1231956/എം.ഐ 2/2017/ജ.വി.വ. എന്ന ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സമയബന്ധിതമായി ഈ പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 2017-18 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം സംബന്ധിച്ച് ബഹുമാനപ്പെട്ട കോട്ടയ്ക്കൽ നിയോജകമണ്ഡലം എം.എൽ.എ. നിർദ്ദേശിച്ച മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ പേരുകൾ ഉൾക്കൊള്ളുന്ന പട്ടിക 3-3-2017-ലെ 1231956/എം.ഐ2/2017 നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) നൽകിയിരുന്നു. 2017-18 വർഷത്തെ ബഡ്ജറ്റിൽ ഉൾകൊള്ളിക്കേണ്ട സമയപരിധി കഴിഞ്ഞിരുന്നു. 2018-19 വർഷത്തിലെ പുതിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി നടപടികൾ പരിഗണിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിവഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള എടയൂർ ഇരുമ്പിളിയം-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ സാധ്യതാ പഠനം നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കോട്ടയ്ക്കൽ പറപ്പൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ 80 mm GI ബൈപ്പാസ് ലൈൻ ഉക്കാംപാറ ഭാഗത്ത് സ്ഥാപിക്കുന്നതിന് 8 ലക്ഷം രൂപയുടെയും ഇരുമ്പിളിയം-വളാഞ്ചേരി ശുദ്ധജല വിതരണ പദ്ധതി-മങ്കേരി ഭാഗത്ത് 1000 മീറ്റർ, 160 mm PVC പൈപ്പ് ലൈൻ നിലവിലുള്ള 350 mm AC പൈപ്പിന് സമാന്തരമായി സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയുടെയും ഭരണാനുമതി സ്റ്റേറ്റ് പ്ലാൻ 2017-18-ൽ നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാൻ 2016-17-ൽ ഉൾപ്പെടുത്തി ഇരുമ്പിളിയം-

വളാഞ്ചേരി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെട്ട ടാങ്കിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ബാക്കിയുള്ള പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**തുമ്പൂർമൂഴി റിവർ ഡൈവേർഷൻ സ്കീമിലൂടെയുള്ള ജലസേചന സൗകര്യം**

119 (3996) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, എറണാകുളം ജില്ലകളിലെ അഞ്ച് നിയോജക മണ്ഡലങ്ങളിലെ വിവിധ പ്രദേശങ്ങളിൽ ജനസേചനത്തിനും, കുടിവെള്ളത്തിനും പ്രധാനമായി ആശ്രയിക്കുന്ന തുമ്പൂർമൂഴി റിവർ ഡൈവേർഷൻ സ്കീമിലൂടെയുള്ള ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(സി) വാർഷിക പദ്ധതിയുടെ ഫണ്ടിന്റെ ലഭ്യത കൂട്ടി, അടിസ്ഥാന സൗകര്യ സംരക്ഷണവും അറ്റകുറ്റപ്പണികളും കാര്യക്ഷമതയും ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) തകർന്ന് ഉപയോഗ ശൂന്യമായ ഈ പ്രദേശങ്ങളിലെ കാഡ കനാലുകളുടെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തുമ്പൂർമൂഴിക്കും ആതിരപ്പള്ളി വെള്ളച്ചാട്ടത്തിനുമിടയിൽ 2 സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

(സി) ഈ സാമ്പത്തികവർഷം ചാലക്കുടി റിവർ ഡൈവർഷൻ സ്കീമിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്കുവേണ്ടി 180 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. അധിക തുക ആവശ്യമായി വന്നാൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുകയുള്ളൂ.

## നദീതീരങ്ങളുടെ സംരക്ഷണ ഭിത്തി

120 (3997) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീതീരങ്ങളുടെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ കൂടി കടന്നുപോകുന്ന പമ്പാ നദിയുടെ തീരങ്ങൾ ഇടിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് ഒഴിവാക്കാൻ സംരക്ഷണഭിത്തി കെട്ടണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനങ്ങളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ഡി) ഈ ഭാഗത്തെ തീരങ്ങൾ സംരക്ഷിക്കുന്നതിന് സംരക്ഷണ ഭിത്തി നിർമ്മിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നദീതീരങ്ങളുടെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് വെള്ളപ്പൊക്ക നിയന്ത്രണം (Flood control), വെള്ളപ്പൊക്ക കെടുതി (flood damage), കുട്ടനാട് വികസന പദ്ധതി (Kuttanad Development Scheme) എന്നീ പദ്ധതികളിൽപ്പെടുത്തിയാണ് നിലവിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചുവരുന്നത്.

(ബി) ഉണ്ട്.

(സി&ഡി) പമ്പാനദിയുടെ തീരങ്ങൾ ഇടിഞ്ഞുപോകുന്നതുമായി ബന്ധപ്പെട്ട നിവേദനങ്ങൾ സംബന്ധിച്ച് ഫീൽഡ് ഓഫീസർമാർ സ്ഥല സന്ദർശനം നടത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ പ്രാധാന്യവും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പാണ്ടനാട് കടവ് റോഡിന് സമീപമുള്ള പമ്പാ നദിയുടെ തീരം സംരക്ഷിക്കുന്നതിന് 58.25 ലക്ഷം രൂപയുടെ 2 പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്.

## തിരുവമ്പാടിയിലെ കുടിവെള്ള പദ്ധതികൾ

121 (3998) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിയ, തിരുവമ്പാടി മണ്ഡലത്തിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ തൊഴിലാളിക്കുന്ന്-ചെമ്പിലി-പള്ളിമലക്കുന്ന്, പിച്ചാംപാറ എസ്.സി. കോളനി, മുക്കം മുനിസിപ്പാലിറ്റിയിലെ കരിമ്പിൽ കോളനി, ഇരുൾക്കുന്ന്-ചെറുകാട് എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) മേൽ പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തിരുവമ്പാടി മണ്ഡലത്തിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ തൊഴിലാളിക്കുന്ന്-ചെമ്പിലി-പള്ളിമലക്കുന്ന്, പിച്ചാംപാറ എസ്.സി. കോളനി, മുക്കം മിനിസിപ്പാലിറ്റിയിലെ കരിമ്പിൽ കോളനി, ഇരുൾക്കുന്ന്-ചെറുകാട് എന്നീ പ്രദേശങ്ങളിലേയ്ക്കുള്ള 3 കുടിവെള്ള പ്രവൃത്തികളുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

1. തൊഴിലാളിക്കുന്ന്-ചെമ്പിലി-പള്ളിമലക്കുന്ന് കുടിവെള്ള പദ്ധതി - 135 ലക്ഷം
2. പിച്ചാംപാറ എസ്.സി. കോളനി കുടിവെള്ള പദ്ധതി-26 ലക്ഷം
3. കരിമ്പിൽ കോളനി, ഇരുൾക്കുന്ന്-ചെറുകാട് കുടിവെള്ള പദ്ധതി- 57 ലക്ഷം.

ഇവ കോഴിക്കോട് ഡിവിഷൻ ഓഫീസിൽ പരിശോധനയിൽ ആണ്.

(ബി) ധനലഭ്യതയ്ക്കനുസരിച്ച് ഈ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്**

122 (3999) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ തിരുവനന്തപുരം വിഭാഗം നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറിന്റെ ഈരാറ്റിൻപുരം, ശ്രീകൃഷ്ണസ്വാമി ക്ഷേത്ര പരിസരം, പിരായുംമൂട്, അരുവിപ്പുറം എന്നീ സ്ഥലങ്ങളിൽ തടയണ നിർമ്മാണം, കുളിക്കടവ് നിർമ്മാണം എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ഈരാറ്റിൻപുരം തടയണ, ശ്രീകൃഷ്ണസ്വാമി ക്ഷേത്രം തടയണ-കുളിക്കടവ്, പിരായുംമൂട് കുളിക്കടവ്, അരുവിപ്പുറം തടയണ എന്നിവയുടെ എസ്റ്റിമേറ്റ് തുക എത്രയെന്ന് വിശദമാക്കാമോ;

(സി) ഡി.പി.ആർ. സർക്കാരിൽ ലഭിച്ചാൽ 2017-18 വർഷത്തിൽത്തന്നെ ഫണ്ട് ലഭ്യമാക്കാൻ കഴിയുമോ;

(ഡി) നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാർ പ്രദേശത്ത് 2011 മുതൽ 2016 വരെ എത്ര ഫണ്ട് വിനിയോഗിച്ചു; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം വൻകിട ജലസേചന വിഭാഗം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം തടയണ-കുളിക്കടവിന്റെ നിർമ്മാണത്തിനായി ഡി.പി.ആർ, മാമ്പഴക്കര ഈരാറ്റിൻപുരം കടവിന് സമീപമുള്ള തടയണയുടെ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി വരുന്നു. പിരായുംമൂട്, അരുവിപ്പുറം എന്നീ സ്ഥലങ്ങളിൽ തടയണ നിർമ്മാണത്തിന് സ്ഥലം പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്.

(സി) 2017-18-ലെ ബഡ്ജറ്റിൽ നദികളിലെ തടയണ നിർമ്മാണത്തിന് (കൃഷി ആവശ്യത്തിന് ഒഴികെ) തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ഡി) നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാർ പ്രദേശത്ത് 2011 മുതൽ 2016 വരെ 178.49 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

**അണക്കെട്ടുകളിൽനിന്ന് മണൽ വാരുന്ന പദ്ധതി**

123 (*T4000) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണക്കെട്ടുകളിൽ നിന്ന് മണൽ വാരുന്ന പദ്ധതി പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് പുതുതായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഏതൊക്കെ അണക്കെട്ടുകളിൽ നിന്നാണ് മണൽ വാരുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) 2006-2011 കാലഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കിയിരുന്നോ; പ്രസ്തുത പദ്ധതി വിജയകരമായിരുന്നോ; ഇല്ലെങ്കിൽ ഇതിന്റെ കാരണമെന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ഇ) കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന റിസർവോയറിൽനിന്നും മണൽ വാരുന്നത് വെള്ളം മലിനപ്പെടുവാൻ കാരണമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പുനർചിന്തനം ഉണ്ടാകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ മണലും കളിമണ്ണും നീക്കംചെയ്ത് സംഭരണശേഷി പൂർവ രൂപത്തിൽ ആക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി&സി) ഇതുസംബന്ധിച്ച് പുതുതായി പഠനം നടത്തിയിട്ടില്ല. 18-11-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 898/2016/ജവിവ പ്രകാരം റിസർവോയറുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും കളിമണ്ണും മറ്റ് പദാർത്ഥങ്ങളും നീക്കം ചെയ്യുന്നതിനായി (desilting) തയ്യാറാക്കിയ സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) സർക്കാർ പരിശോധിച്ചുവരുന്നു. ചുള്ളിയാർ, മംഗലം എന്നീ അണക്കെട്ടുകളാണ് പൈലറ്റ് പ്രോജക്ടുകളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

(ഡി) നടപ്പിലാക്കിയിരുന്നു. 2006-2011 കാലഘട്ടത്തിൽ വാളയാർ, ചുള്ളിയാർ, മലമ്പുഴ, പഴശ്ശി അണക്കെട്ടുകളിൽനിന്നും മണൽവാരൽ നടത്തിയിട്ടുണ്ട്. ഖനനം ചെയ്ത മണൽ ശുദ്ധീകരിക്കുന്ന പ്രക്രിയ നടത്തിയത് റിസർവ്വോയറിന് സമീപത്ത് തന്നെ ആയിരുന്നതിനാൽ ശേഷം വരുന്ന കലങ്ങിയ ജലം റിസർവ്വോയറിലേയ്ക്ക് തന്നെ ഒഴുകാൻ കാരണമായി. ആയതിനാൽ പദ്ധതി വിജയകരമായി പൂർത്തിയാക്കാനായില്ല.

(ഇ) ന്യൂമാറ്റിക് ഡ്രില്ലിംഗ് പമ്പ് (Pneumatic drilling pump) പ്രയോജനപ്പെടുത്തി ചെളിയും മണലും നീക്കം ചെയ്യാനാണ് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിൽ (SOP) ഉദ്ദേശിക്കുന്നത്. പമ്പ് ഉപയോഗിച്ച് വലിച്ചെടുക്കുന്ന ദ്രവപദാർത്ഥം പൈപ്പുവഴി തരംതിരിക്കുന്ന സ്ഥലത്ത് എത്തിക്കുകയാണ് ചെയ്യുന്നത്. (SOP) പ്രകാരം ഡീസിൽറ്റിംഗ് (Desilting) ചെയ്യുമ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ സ്റ്റാൻഡേർഡ് പ്രകാരമുള്ള ടർബിഡിറ്റി (turbidity)-യേ പാടുള്ളൂ എന്ന് പ്രതിപാദിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഇൻടേക്ക് വെൽ (intake well)-ന്റെ പരിസരത്തും, സെഡിമെന്റ് മാറ്റിയതിനുശേഷം റിസർവോയർ, അഥവാ ജലസ്രോതസ്സുകളിലേക്കും കടത്തിവിടുന്ന ജലത്തിന്റെയും ടർബിഡിറ്റി (turbidity) നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ നിരീക്ഷണവും ആവശ്യമാണെന്ന് (SOP)-യിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതിനാൽ റിസർവോയറിലെ വെള്ളം മലിനപ്പെടാൻ സാധ്യത കുറവാണ്.

**താനൂർ പൂരപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണം**

124 (4001) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ പൂരപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ ഇരുപത്തിയഞ്ച് കോടി രൂപ അനുവദിച്ച പദ്ധതിയുടെ തുടർനടപടികൾ ഏതു ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ;

(ബി) റെഗുലേറ്ററിനൊപ്പം വാഹനങ്ങൾ കടന്നു പോകേണ്ട പാലവും അനിവാര്യമാണോ എന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അങ്ങനെ ആവശ്യമെങ്കിൽ റെഗുലേറ്ററിനൊപ്പം പാലം കൂടി നിർമ്മിക്കുന്നതിനാവശ്യമായ രീതിയിൽ പ്രോജക്ടിൽ മാറ്റം വരുത്തി പദ്ധതി നടപ്പിലാക്കുമോ;

(ഡി) ഈ പദ്ധതി എപ്പോൾ ആരംഭിച്ച് എന്നത്തേക്ക് പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) താനൂർ പൂരപ്പുഴയ്ക്ക് കുറുകെ കെട്ടുങ്ങൽ ബീച്ചിന് സമീപം കെട്ടുങ്ങൽ തോടിൽ കിഫ്ബി ധനസഹായത്തോടെ ഒരു റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ പര്യവേഷണ പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(ബി&സി) പ്രധാനമായും ഉപ്പ് വെള്ളം തടയുന്നതിനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇരുകരകളിലും അപ്രോച്ച് റോഡില്ലാത്തതിനാലും തൊട്ടടുത്തു തന്നെ മറ്റൊരു പാലം ഉള്ളതിനാലും റെഗുലേറ്ററിനോടൊപ്പം പാലം അനിവാര്യമല്ല. എന്നാലും പാലത്തിന്റെ ആവശ്യകതയും പ്രായോഗികതയും മറ്റ് ഭൗതിക ഘടകങ്ങളും കണക്കിലെടുക്കുന്നതാണ്.

(ഡി) റെഗുലേറ്റർ പണിയുന്നതിനായുള്ള ഇൻവെസ്റ്റിഗേഷനും ഡിസൈനും നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കീച്ചേരി കടവ് പാലത്തിന്റെ നിർമ്മാണം**

125(4002) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 2010-ൽ ഉൾപ്പെടുത്തി ഭരണാനുമതി (G.O.(Rt)775/10/WRD/ Dated 5-7-2010) ലഭിച്ച ചെന്നിത്തലയേയും ചെട്ടികുളങ്ങരയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കീച്ചേരി കടവ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5-7-2010-ലെ സർക്കാർ ഉത്തരവ് (ആർറ്റി.)നമ്പർ 775/10/ജവിവ. പ്രകാരം താഴെപ്പറയുന്ന 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി.

| | | | |
|---|---|---|---|
| 1. | കീച്ചേരിക്കടവ് പാലം | - | 55 ലക്ഷം രൂപ. |
| 2. | കരിപ്പുഴ തോട്ടിൽ പാലവും അപ്രോച്ച് റോഡും | - | 23.30 ലക്ഷം രൂപ. |
| 3. | ചേരക്കര തോട്ടിൽ ക്രോസ് ബാർ കം ബ്രിഡ്ജ് | - | 27.90 ലക്ഷം രൂപ. |

ആകെ 1,06,20,000 രൂപയാണ് ടി പ്രവൃത്തികൾക്ക് വകയിരുത്തിയിരുന്നത്. ഈ തുക ആലപ്പുഴ, പിഡബ്ല്യുഡി റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഷെഡ്യൂൾ റിവിഷനും എസ്റ്റിമേറ്റിലുണ്ടായ ഭേദഗതിയും പ്രകാരം കീച്ചേരിക്കടവ് പാലത്തിന്റെ അടങ്കൽ തുകയിൽ ഗണ്യമായ വർദ്ധനവുണ്ടായി. അടങ്കൽ തുകയിൽ വന്ന വർദ്ധനവുകൊണ്ടും ഫണ്ടിന്റെ അഭാവം കൊണ്ടും പ്രവൃത്തി നടപ്പിലാക്കുവാൻ സാധിച്ചില്ല.

(ബി) ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ ലഭ്യമാക്കിയതിനുശേഷം ഡി.പി.ആർ. തയ്യാറാക്കി അംഗീകാരം നൽകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുവാൻ കഴിയും.

## കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ടോൾ പിരിവ്

126(*T4003) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം-കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിനോടനുബന്ധിച്ച് പിരിക്കുന്ന ടോൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ ;

(ബി) കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന് ആകെ ചെലവായ തുക എത്രയെന്ന് പാലം, അപ്രോച്ച് റോഡ്, സ്ഥലം ഏറ്റെടുക്കൽ, ഷട്ടറുകളടങ്ങിയ റഗുലേറ്റർ സംവിധാനം എന്നിങ്ങനെ ഓരോ ഇനത്തിനുമായി വേർതിരിച്ച് അറിയിക്കാമോ;

(സി) കവണക്കല്ല് ടോൾ പിരിവിൽ നിന്ന് ഇതുവരെ സർക്കാരിന് എത്ര രൂപ വരുമാനം ലഭിച്ചുവെന്ന കാര്യം അറിയിക്കാമോ?

ഉത്തരം

(എ) ടോൾപിരിവ് നിർത്തലാക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

* T മാറ്റിച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ റഗുലേറ്റർ, പാലം, അപ്രോച്ച് റോഡ്, ഷട്ടറുകൾ എന്നിവയ്ക്കായി ആകെ ചെലവായ തുക 24,53,16,151 രൂപയാണ്. സ്ഥലം ഏറ്റെടുക്കലിന് 65,28,190 രൂപ ചെലവായിട്ടുണ്ട്.

(സി) ടോൾ പിരിവിൽ നിന്ന് 2017 മാർച്ച് 31 വരെ സർക്കാരിന് 73,00,036 രൂപ ലഭിച്ചിട്ടുണ്ട്.

**മഴവെള്ളം പ്രയോജനപ്പെടുത്താൻ പദ്ധതി**

127 (4004) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ലഭിക്കുന്ന മഴവെള്ളത്തെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; വിശദമാക്കുമോ?

ഉത്തരം

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' സംസ്ഥാന പ്ലാൻ പദ്ധതിയിൽ നിന്നുള്ള ധനസഹായം ഉപയോഗപ്പെടുത്തി 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണം' പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം പാഴായിപ്പോകുന്ന മഴവെള്ളം ശാസ്ത്രീയമായി സംഭരിച്ച് കുടിവെള്ളത്തിനും മറ്റ് ഗാർഹിക ആവശ്യങ്ങൾക്കുമായി ഉപയോഗപ്പെടുത്തുക എന്നതാണ്. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ഗുണഭോക്തൃ വിഹിതം സമാഹരിച്ചു കൊണ്ട് വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ ശേഷിയുള്ള സംഭരണികൾ നിർമ്മിച്ചുനൽകുന്നു. പ്രസ്തുത പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിനും, ആയതിന്റെ സന്ദേശങ്ങൾ ജനമദ്ധ്യത്തിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ട് വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. മഴവെള്ള സംഭരണം വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതിലൂടെ കുട്ടികൾക്ക് അതിന്റെ ആവശ്യകതയും പ്രാധാന്യവും മനസ്സിലാക്കുവാൻ സാധിക്കുന്നു. കൂടാതെ ജലത്തിന്റെ ക്ഷാമം പരിഹരിക്കുന്നതിന് മഴവെള്ളം സംഭരണിയിൽ ശേഖരിച്ചത് ഉപയോഗപ്പെടുത്തുന്നു. ഈ പദ്ധതിയുടെ ഭാഗമായി 15 ഗ്രാമപഞ്ചായത്തുകളിലെ 4000 കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കുവാൻ സാധിച്ചു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട 840 സർക്കാർ സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന മഴവെള്ളസംഭരണ പരിപാടി സമാപനഘട്ടത്തിൽ എത്തിയിരിക്കുന്നു. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക ഉപയോഗിച്ച് കൂടുതൽ ഗ്രാമപഞ്ചായത്തുകളിലെ വ്യക്തിഗത കുടുംബങ്ങൾക്കും, സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങൾക്കും മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മഴവെള്ള സംഭരണത്തിലൂടെ സമീപ പ്രദേശങ്ങളിലെ ഭൂഗർഭ ജലവിതാനം

ഉയർത്തുകയും വേനൽക്കാലത്തും കുളത്തിലെ ജലലഭ്യത ഉറപ്പുവരുത്തുകയുമാണ് ജല അതോറിറ്റി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ജല അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിനടുത്തായി മഴവെള്ള സംഭരണത്തിനായി ഒരു കുളത്തിന്റെ നിർമ്മാണം നടന്നുവരുന്നു. പമ്പ് ഹൗസുകളുടെ ജലസ്രോതസ്സിന് സമീപത്തായി മഴക്കുഴികൾ നിർമ്മിച്ച് മഴവെള്ളം സംഭരിച്ചുവരുന്നു. " ഹരിതകേരളം" മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും മഴക്കുഴികൾ നിർമ്മിക്കുകയുംചെയ്തുവരുന്നു.

**കുപ്പിവെള്ള ഫാക്ടറികളുടെ ജല ഉപയോഗം**

128 (4005) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുപ്പിവെള്ള ഫാക്ടറികളുടെ ജല ഉപയോഗം നിമിത്തം, പ്രസ്തുത പ്രദേശത്ത് ജലദൗർലഭ്യം ഉണ്ടാകുന്നുവെന്ന് കണ്ടെത്തിയാൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കുപ്പിവെള്ള കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിക്കുന്നതിന് വാട്ടർ ഫ്ലോ മീറ്റർ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടിയാണ് ഭൂജല വകുപ്പ് എൻ.ഒ.സി. നൽകുന്നത്. വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരം കമ്പനികളുടെ ജല ഉപഭോഗം പരിശോധിച്ച് വിലയിരുത്താറുണ്ട്. ദിനംപ്രതി ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് ലോഗ് ബുക്കുകൾ സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് എൻ.ഒ.സി. നൽകിയ കമ്പനികൾ അനുവദനീയമായതിലും കൂടുതൽ ജലം ചോർത്തുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് കമ്പനിയുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വെള്ളക്കരം കുടിശ്ശിക**

129 (4006) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം കുടിശ്ശികയുടെ പേരിൽ, പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ശുദ്ധജല വിതരണ കണക്ഷനുകൾ വിച്ഛേദിക്കാറുണ്ടോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ശുദ്ധജലവിതരണ സംവിധാനം പൂർണ്ണമായും സൗജന്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ജലം കരുതലോടെ ഉപയോഗിക്കുന്നതിന് നടപടി**

130 (4007) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴ ലഭ്യത കുറയുന്ന സാഹചര്യത്തിൽ ജലം കരുതലോടെ ഉപയോഗിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) വാർഷിക ശരാശരി 3000 മി.മീറ്റർ മഴ ലഭിക്കുന്ന കേരളത്തിൽ കഴിഞ്ഞ വർഷവും ഈ വർഷവും മഴയുടെ ലഭ്യതയിൽ വലിയ കുറവാണ് കാണുന്നത്. ഇത് കണക്കിലെടുത്ത് ലഭ്യമാകുന്ന മഴവെള്ളം സംരക്ഷിക്കുന്നതിന് കിണർ റീച്ചാർജ്ജ്, കുളങ്ങളും തോടുകളും വൃത്തിയാക്കി സംഭരണശേഷി വർദ്ധിപ്പിക്കുക, തടയണകളും റെഗുലേറ്ററുകളും കേടുപാടുകൾ മാറ്റി ജലസംരക്ഷണം ഉറപ്പാക്കുക എന്നിങ്ങനെയുള്ള പ്രവൃത്തികൾ ജലസേചന വകുപ്പ് നടപ്പാക്കുന്നു. കൂടാതെ, ഡാമുകളിലെ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ജലനഷ്ടം ഇല്ലാതാക്കുന്നതിനുമുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളിലും ജലസംരക്ഷണത്തിന് ഊന്നൽ നൽകി കുളങ്ങളും തോടുകളും വൃത്തിയാക്കുന്നു. ജലത്തിന്റെ കരുതലോടെയുള്ള വിനിയോഗത്തിനായി ജലസാക്ഷരത ഉന്നം വച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. നിലവിൽ ജലം കരുതലോടെ ഉപയോഗിക്കുന്നതിനുള്ള അവബോധം ജനങ്ങളിൽ എത്തിക്കുന്നതിനായുള്ള സന്ദേശങ്ങൾ മാധ്യമങ്ങൾ വഴിയും പരസ്യ ബോർഡുകൾ സ്ഥാപിച്ചും ജല അതോറിറ്റി നൽകിവരുന്നുണ്ട്. കൂടാതെ, ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുവാനും പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുവാനും സ്രോതസ്സുകൾ സംരക്ഷിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജലമോഷണവും ജലദുരുപയോഗവും തടയുന്നതിനായി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ, ജലദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. ഭൂജലസംപോഷണം, ഭൂജല ഉപയോഗത്തിന്റെ നിയന്ത്രണവും ക്രമീകരണവും എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഭൂജലവകുപ്പ് പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ

അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തുവരുന്നുണ്ട്. ഭൂജല ഉപഭോഗം കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14) 91 &93 (എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും, ഭൂജല വകുപ്പിന്റെ ക്ലിയറൻസും നിർബന്ധമാക്കിയിട്ടുണ്ട്. ജലനിധിയുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗിച്ച് 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണം' പദ്ധതി ഗ്രാമ പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് നടപ്പിലാക്കിവരുന്നു. വ്യക്തിഗത കുടുംബങ്ങൾക്കും, വിദ്യാലയങ്ങൾക്കും മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാവുന്ന വിധം മഴവെള്ള സംഭരണികൾ ഗുണഭോക്തൃവിഹിതം സമാഹരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ കിണർ റീചാർജിംഗ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങളും നടത്തിവരുന്നു. ഇപ്രകാരം മഴയിലൂടെ ലഭിക്കുന്ന ജലം കരുതലോടെ പ്രയോജനപ്പെടുത്തുവാനുള്ള നടപടികൾ എടുക്കുന്നുണ്ട്.

**പൊതുവിതരണ ശൃംഖലയിലെ ജലചോർച്ച**

131 (4008) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിതരണ ശൃംഖലയിലുള്ള ജലചോർച്ച തടയാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പഴക്കം ചെന്ന പമ്പുകളും പൈപ്പുകളും മാറ്റിസ്ഥാപിക്കാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേടുവന്നതും കാലപ്പഴക്കം ചെന്നതുമായ പൈപ്പ്ലൈനുകൾമാറ്റി പുതിയവ സ്ഥാപിക്കുക, അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുക, പൈപ്പുലൈനുകളിൽ ഉണ്ടാകുന്ന ചോർച്ച യഥാസമയം പരിഹരിക്കുക തുടങ്ങിയ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി കൈക്കൊണ്ടുവരുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ ചോർച്ചകൾ പരിഹരിക്കാൻ ലക്ഷ്യമിടുന്ന "ബ്ലൂ ബ്രിഗേഡ്"-ന്റെ പ്രവർത്തനം മൂന്ന് കോർപ്പറേഷനുകളിലും കൂടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, കൊല്ലം, കണ്ണൂർ കോർപ്പറേഷനുകളിൽ ബ്ലൂ ബ്രിഗേഡ് പ്രവർത്തിച്ചുവരുന്നു.

(ബി&സി) അടിക്കടി ഉണ്ടാകുന്ന പെപ്പ് പൊട്ടലുകൾ മൂലമുള്ള ജലനഷ്ടം തടയുന്നതിന്റെ ഭാഗമായി 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എ.സി., പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ കേരള വാട്ടർ അതോറിറ്റി പരിശോധിച്ചു വരുന്നു. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകളും പമ്പുകളും മോട്ടോറുകളും മാറ്റിസ്ഥാപിക്കുന്നതിനായി സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലേയ്ക്കും ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളിലേയ്ക്കുമായി 255.706 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാൻ 2016-17-ൽ 4101.99 ലക്ഷം രൂപയും 2017-18-ൽ 1404.25 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഉൾപ്പെടുത്തി 2387.12 ലക്ഷം രൂപയുടെ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി പരിശോധിച്ചു വരുന്നു. പഴക്കം ചെന്നതും കേടുപാടുകൾ വന്നതുമായ പമ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാൻ 2016-17-ൽ 104 പ്രവൃത്തികൾക്ക് 1508.85 ലക്ഷം രൂപയും 2017-18-ൽ 11 പ്രവൃത്തികൾക്ക് 132.11 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കേരള വാട്ടർ അതോറിറ്റിയിലെ താൽക്കാലിക ജീവനക്കാർ**

132 (4009) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ താല്കാലിക ജീവനക്കാരുടെ ദിവസ വേതനം എത്ര രൂപയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) മറ്റ് സർക്കാർ സ്ഥാപനങ്ങളിലും വകുപ്പുകളിലും ജോലി ചെയ്യുന്ന ദിവസ വേതനക്കാർക്ക് നൽകുന്ന നിരക്കിലുള്ള വേതനം ഇവർക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ താൽക്കാലിക ജീവനക്കാരുടെ ദിവസ വേതനം സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

(ബി) ദിവസവേതനം പുതുക്കി നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി പരിഗണിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റിയിലെ വർക്കർ പമ്പ് ഓപ്പറേറ്റർ തസ്തിക

133 (4010) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ വർക്കർ പമ്പ് ഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പ്രസ്തുത തസ്തികയിൽ എത്രപേരെ നിയമിച്ചു; ഇവരുടെ നിയമനം ഏത് രീതിയിലായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ വർക്കർ, പമ്പ് ഓപ്പറേറ്റർ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ശുദ്ധജലവിതരണം തടസ്സപ്പെടാതിരിക്കുന്നതിലേയ്ക്കായി അംഗീകൃത കരാറുകാർ മുഖാന്തരം പമ്പ് ഹൗസുകളിലും മറ്റും ആളുകളെ ഏർപ്പാടാക്കാറുണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പ്രസ്തുത തസ്തികയിൽ 1720 പേരെ നിയമിച്ചു. ഇവരുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരമാണ് നടത്തിയത്.

(സി) ഒഴിവ് വരുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വിവിധ ശുദ്ധജലവിതരണ പദ്ധതികൾ

134 (4011) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്ങാടി-കൊറ്റനാട്, റാന്നി-ചെറുകോൽ, കോട്ടങ്ങൽ-ആനിക്കാട്, അയിരൂർ-കാഞ്ഞീറ്റുകര, എഴുമറ്റൂർ, കൊല്ലമുള എന്നീ ശുദ്ധജല വിതരണ പദ്ധതികളുടെ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി ഇനം തിരിച്ച് വ്യക്തമാക്കാമോ; ഓരോ പദ്ധതിക്കും അനുവദിച്ച തുക, എന്തൊക്കെ പ്രവൃത്തികളാണ് ഇതിനോടകം പൂർത്തിയാക്കിയിട്ടുള്ളത്, ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനായി അവശേഷിക്കുന്നത് എന്നിവ വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികളുടെ നടത്തിപ്പിനായാണ് ഭൂമി ഏറ്റെടുക്കേണ്ടി വരിക; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇവയുടെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. റാന്നി-അങ്ങാടി-കൊറ്റനാട് കുടിവെള്ള പദ്ധതി -ഒന്നാംഘട്ടം:

ഈ പദ്ധതിക്ക് 24-4-2015-ൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 1150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്രസഹായത്തിലുണ്ടായ കുറവ് നിമിത്തം പദ്ധതി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

2. ചെറുകോൽ -നാരങ്ങാനം കുടിവെള്ള പദ്ധതി:

ഈ പദ്ധതിക്കുവേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

3. മല്ലപ്പള്ളി-ആനിക്കാട്-കോട്ടങ്ങൽ കുടിവെള്ള പദ്ധതി - ഒന്നാംഘട്ടം:

ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 798 ലക്ഷം രൂപയുടെ ഭരണാനുമതി 21-6-2014-ൽ നൽകിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ കിണർ, പമ്പ്ഹൗസ്, ജല ശുദ്ധീകരണശാല എന്നിവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

4. മല്ലപ്പള്ളി-ആനിക്കാട് കോട്ടങ്ങൾ കുടിവെള്ളപദ്ധതി (ഭാഗികം)- രണ്ടാം ഘട്ടം:

മല്ലപ്പള്ളി-ആനിക്കാട്-കോട്ടങ്ങൽ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 2400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പമ്പിങ് മെയിനുകൾ, ജലസംഭരണികൾ, പമ്പ്ഹൗസുകൾ, പമ്പ്സെറ്റുകൾ എന്നിവയാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പമ്പിംഗ് മെയിനുകളുടെയും ജല സംഭരണികളുടെയും എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.

5. അയിരൂർ-കാഞ്ഞേറ്റുകര കുടിവെള്ള പദ്ധതി - ഒന്നാംഘട്ടം:

അയിരൂർ-കാഞ്ഞേറ്റുകര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 1400 ലക്ഷം രൂപയുടെ ഭരണാനുമതി 13-8-2013-ൽ നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന കിണർ, പമ്പ്ഹൗസ്, ജലശുദ്ധീകരണ ശാല, റാ-വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണ ശാലയിൽ നിന്നും കാഞ്ഞേറ്റുകര സംഭരണിയിലേയ്ക്കും തേക്കുങ്കൽ

സംഭരണിയിലേയ്ക്കുമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, റാ-വാട്ടർ പമ്പ്സെറ്റ്, ഇലക്ട്രിക് സബ് സ്റ്റേഷൻ കെട്ടിടം എന്നിവയുടെ പണികൾ പൂർത്തിയായിക്കഴിഞ്ഞു. ഇലക്ട്രിക്കൽ സബ് സ്റ്റേഷന്റെ നിർമ്മാണം പുരോഗമിക്കുന്നു.

6. <u>അയിരൂർ-കാഞ്ഞേറ്റുകര കുടിവെള്ള പദ്ധതി - രണ്ടാംഘട്ടം:</u>

അയിരൂർ-കാഞ്ഞേറ്റുകര കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിന് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 2800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിതരണശൃംഖലയാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു.

7. <u>ഏഴുമറ്റൂർ ശുദ്ധജലവിതരണ പദ്ധതി - ഒന്നാംഘട്ടം:</u>

ഏഴുമറ്റൂർ ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 591 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങളിൽ റാ-വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർണ്ണമായും, ഗ്രാവിറ്റി ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ഭാഗികമായും പൂർത്തീകരിച്ചുകഴിഞ്ഞു.

എന്നാൽ ഏഴുമറ്റൂർ പഞ്ചായത്ത് കൂടിയുൾപ്പെടുന്ന പുറമറ്റം, കല്ലൂപ്പാറ, കുന്നംതാനം, കോയിപ്രം, ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തുകൾക്ക് പ്രയോജനം ചെയ്യുന്ന സമഗ്ര കുടിവെള്ള പദ്ധതിക്ക് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള സ്ഥലമേറ്റെടുക്കൽ പുരോഗമിക്കുന്നതിനാൽ ഏഴുമറ്റൂർ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി നിർത്തിവച്ചിരിക്കുകയാണ്.

8. <u>കൊല്ലമുള കുടിവെള്ള പദ്ധതി -ഒന്നാംഘട്ടം:</u>

കൊല്ലമുള കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 800 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ജലശുദ്ധീകരണശാല മുതൽ വെൺകുറിഞ്ഞി സമ്പ് വരെയും വെൺകുറിഞ്ഞി മുതൽ പാമ്പിരിക്കുംപാറ വരെയുമുള്ള പമ്പിംഗ് മെയിനുകൾ, വെൺകുറിഞ്ഞിയിലെ സമ്പ്, പമ്പ്ഹൗസ് എന്നിവ ഇതിനോടകം പൂർത്തിയാക്കിക്കഴിഞ്ഞു. വെൺകുറിഞ്ഞി മുതൽ ഓലിക്കൽ വരെയുള്ള പമ്പിംഗ് മെയിനിന്റെ പ്രവൃത്തികൾക്ക് കരാർ നൽകിയെങ്കിലും നാളിതുവരെ പണികൾ

ആരംഭിക്കാത്തതിനാൽ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. ഓലിക്കൽ മുതൽ തലമുട്ടിയാണി വരെയുള്ള പമ്പിംഗ് മെയിൻ, ഓലിക്കലിലെ സമ്പും പമ്പ് ഹൗസും തലമുട്ടിയാണിയിലെ ജലസംഭരണി എന്നിവയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു. പദ്ധതിയുടെ ട്രാൻസ്ഫോർമർ, സബ്സ്റ്റേഷൻ, പമ്പ്സെറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്.

(ബി) മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളിൽ ഏഴുമറ്റൂർ, പുറമറ്റം, കല്ലൂപ്പാറ, കുന്നംതാനം, കോയിപ്രം, തോട്ടപ്പുഴശേരി എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ളപദ്ധതിക്കാവശ്യമായ ഭൂമിയേറ്റെടുക്കൽ റവന്യൂ വകുപ്പുമായി ചേർന്ന് പുരോഗമിച്ചുവരുന്നു. ചെറുകോൽ-നാരങ്ങാനം പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

**ജലനിധി പദ്ധതി**

135 (4012) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയിൽ അഡീഷണൽ ബാച്ച് ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നുണ്ടോ;

(ബി) പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എടുത്ത നടപടികൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ചേരേമ്പ്ര ഗ്രാമപഞ്ചായത്തിന് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് അധിക സഹായം ആവശ്യപ്പെട്ട് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എടുത്ത നടപടി വിശദീകരിക്കാമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ഉണ്ട്. പ്രസ്തുത പദ്ധതിയുടെ സ്ട്രക്ച്ചറൽ ഡിസൈൻ പരിശോധിക്കുന്നതിനു വേണ്ടി തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനെ ഏൽപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പണി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ജലനിധി സ്വീകരിക്കുന്നതാണ്.

**കോട്ടയം അയ്മനം പഞ്ചായത്തിലെ ഓവർ ഹെഡ് ടാങ്ക് നിർമ്മാണം**

136 (4013) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം അയ്മനം പഞ്ചായത്തിലെ കുടമാളൂരിൽ ഭരണാനുമതി ലഭിച്ച ഓവർ ഹെഡ് ടാങ്ക് നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ബി) കാലവിളംബം കൂടാതെ പ്രസ്തുത ടാങ്ക് നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കോട്ടയം അയ്മനം പഞ്ചായത്തിലെ കുടമാളൂർ ഓവർ ഹെഡ് ടാങ്കിന്റെ പണികൾ 24-5-2016-ൽ ആരംഭിച്ചു. പ്ലിന്ത് ലെവൽ വരെയുള്ള പണികൾ 2017 മാർച്ചിൽ പൂർത്തീകരിച്ചു. NRDWP-യിൽ ഉൾപ്പെട്ട ഈ പ്രവൃത്തിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിൽ ഉണ്ടായ നിയന്ത്രണങ്ങൾ കാരണം തുടർ പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുകയാണ്.

**മണലൂർ മണ്ഡലത്തിലെ ജലനിധി പദ്ധതി**

137 (4014) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ ജലനിധി പദ്ധതിയുടെയും പ്രസ്തുത കുടിവെള്ള പദ്ധതിയുടെയും പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

മണലൂർ മണ്ഡലത്തിൽ എളവള്ളി ഗ്രാമപഞ്ചായത്തിൽ ജലനിധി 2-ാം ഘട്ടത്തിൽ ഒന്നാം ബാച്ചിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതിയിൽ 3014 കുടുംബങ്ങളാണുള്ളത്. പദ്ധതി 19-11-2016-ൽ കമ്മീഷൻ ചെയ്തെങ്കിലും ഉപ്പിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതിനാൽ 24-11-2016-ൽ പദ്ധതി പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്നു. 12-7-2017-ന് ട്രയൽ റൺ ആരംഭിച്ചെങ്കിലും കേരള വാട്ടർ അതോറിറ്റി ലാബിൽനിന്നും ഗുണനിലവാരം ഉറപ്പാക്കിയശേഷം 24-7-2017 മുതൽ കുടിവെള്ള വിതരണം നടത്തിവരുന്നു. ഇപ്പോൾ 16 മണിക്കൂർ പമ്പിംഗും, ഗുണഭോക്താക്കൾക്ക് 24 മണിക്കൂറും കുടിവെള്ള വിതരണവും നടത്തുന്നുണ്ട്. രണ്ട് സോണുകളിലായിട്ടാണ് കുടിവെള്ള വിതരണം നടത്തുന്നത്.

**ശുദ്ധജലവിതരണത്തിനായി പമ്പിംഗ്, ഡിസ്ട്രിബ്യൂഷൻ ലൈനുകൾ മാറ്റി സ്ഥാപിക്കാൻ നടപടി**

138 (4015) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല വിതരണത്തിനായി പമ്പിംഗ് ലൈനുകളും ഡിസ്ട്രിബ്യൂഷൻ ലൈനുകളും മാറ്റി സ്ഥാപിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര കിലോമീറ്റർ പമ്പിംഗ് ലൈനുകളും ഡിസ്ട്രിബ്യൂഷൻ ലൈനുകളുമാണ് മാറ്റി സ്ഥാപിക്കേണ്ടത് എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന് ചെലവാകുന്ന തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനി ച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എ.സി., പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകളും പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുന്നതിനായി സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലേയ്ക്കും ഗുരുവായൂർ, പാലക്കാട്, മുനിസിപ്പാലിറ്റികളിലേയ്ക്കുമായി 255.706 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാൻ 2016-17-ൽ 4101.99 ലക്ഷം രൂപയും 2017-18-ൽ 1404.25 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഉൾപ്പെടുത്തിയ 2387.12 ലക്ഷം രൂപയുടെ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.

(ബി) ഏകദേശം 3500 കിലോമീറ്ററോളം പമ്പിംഗ് ലൈനുകളും ഡിസ്ട്രിബ്യൂഷൻ ലൈനുകളും മാറ്റിസ്ഥാപിക്കാനുണ്ടെന്ന് കണക്കാക്കപ്പെടുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇതിന് ചെലവാകുന്ന തുക സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത്, നബാർഡ്, കേന്ദ്രധനസഹായം തുടങ്ങിയവവഴി കണ്ടെത്താനാണ് ലക്ഷ്യമിടുന്നത്.

**കുളക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതി**

139 (4016) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) മൈലം-തലവൂർ കുടിവെള്ള പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കുളക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടം ഭാഗികമായ വിതരണ ശൃംഖലയടക്കം ഇതിനകം പൂർത്തിയാക്കിക്കഴിഞ്ഞു. പദ്ധതിയുടെ രണ്ടാം ഘട്ടമായി കുളക്കട-പവിത്രേശ്വരം എന്നീ പഞ്ചായത്തുകളിൽ ശേഷിക്കുന്ന വിതരണശൃംഖല സ്ഥാപിക്കുന്നതിനായുള്ള ഒരു പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

(ബി) കുളക്കടയിൽ ഏകദേശം 150 കി.മീ. വിതരണ ശൃംഖലയും പവിത്രേശ്വരം പഞ്ചായത്തിൽ 67 കി.മീ. വിതരണ ശൃംഖലയും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി, പവിത്രേശ്വരം പഞ്ചായത്തിൽ നിലവിലുള്ള 13 കി.മീ. എ.സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി എന്നിവയാണ് പൂർത്തീകരിക്കാൻ അവശേഷിക്കുന്നത്.

(സി) മൈലം-തലവൂർ കുടിവെള്ള പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. പൂക്കുന്നുമല ഉപരിതല സംഭരണിയിൽനിന്നും ആക്കാവിള ഉപരിതല സംഭരണിയിലേയ്ക്ക് 200 mm DI പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി (70 ശതമാനം പൂർത്തീകരിച്ചു). പി.ഡബ്ല്യൂ.ഡി. റോഡിൽ പൈപ്പ് സ്ഥാപിക്കുന്നതിന് നിയന്ത്രണം ഇല്ലാതിരുന്നാൽ 31-10-2017-നകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

2. മൈലം പഞ്ചായത്തിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി-മൈലം പഞ്ചായത്തിലെ 81 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയും പട്ടാഴി-പട്ടാഴി വടക്കേക്കര, തലവൂർ എന്നീ പഞ്ചായത്തുകളിൽ ശേഷിക്കുന്ന വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തി 58.07 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.

**ബാവിക്കര കുടിവെള്ള പദ്ധതി**

140 (4017) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതിന്റെ ടെണ്ടർ സംബന്ധിച്ച നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 15-7-2017-ലെ ജി.ഒ. (ആർ.റ്റി)നമ്പർ 604/2017/ജവിവ. പ്രകാരം 27.75 കോടി രൂപയുടെ ഭരണാനുമതി ബാവിക്കരയിൽ ഒരു റഗുലേറ്റർ പണിയുന്നതിന് നൽകിയിട്ടുണ്ട്. ആയത് കാസർഗോഡ് മുനിസിപ്പാലിറ്റിയും സമീപ പഞ്ചായത്തുകളിലെ കുടിവെള്ളത്തിനുള്ള സ്രോതസ്സ് മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കും.

(ബി) പ്രസ്തുത പ്രവൃത്തിയുടെ Estimate, Price മുഖാന്തിരം 7-8-2017-ന് ലഭ്യമായിട്ടുണ്ട്. ആഗസ്റ്റ് അവസാനത്തോടുകൂടി സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കുടിവെള്ളം ചൂഷണം ചെയ്യുന്നവർക്കെതിരെ നടപടി**

141 (4018) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം ചൂഷണം ചെയ്യുന്ന മാഫിയകൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ബി) പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഓരോ പഞ്ചായത്ത്/മുൻസിപ്പാലിറ്റി തലത്തിൽ ജലസ്രോതസ്സുകളുടെ വിശദമായ സ്ഥിതിവിവരകണക്ക് ലഭ്യമാക്കുമോ; ഇവിടങ്ങളിൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്ന നീരൊഴുക്ക് ഇപ്പോൾ ഉണ്ടോയെന്നുള്ള വിവരം ലഭ്യമാക്കുമോ;

(ഇ) മുൻപ് ഉണ്ടായിരുന്ന നീർച്ചാലുകൾ, കൈത്തോടുകൾ, തോടുകൾ എന്നിവ ഇപ്പോൾ നശിച്ചുപോകുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റി ഉത്പാദിപ്പിക്കുന്ന ജലത്തിന്റെ മോഷണം തടയുന്നതിനായി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ്, വാട്ടർ അതോറിറ്റിയുടെ റവന്യൂ ഇൻസ്പെക്ഷൻ വിഭാഗം എന്നീ സംവിധാനങ്ങൾ തുടർച്ചയായി പരിശോധന നടത്തിവരുന്നു. അനധികൃത കണക്ഷൻ, പൊതുടാപ്പുകളിൽ നിന്നുള്ള ജലദുരുപയോഗം എന്നിവയുൾപ്പെടെ അനധികൃതമായി കുടിവെള്ളം എടുക്കുന്നത് കണ്ടെത്തുകയാണെങ്കിൽ പിഴ ഈടാക്കുക, കണക്ഷനുകൾ വിച്ഛേദിക്കുക, നിയമനടപടികൾ സ്വീകരിക്കുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. എന്നിരിക്കലും പരിമിതമായ തോതിൽ ഇവയുടെ പുനരുദ്ധാരണവും സംരക്ഷണവും ജലസേചന വകുപ്പും, വാട്ടർ അതോറിറ്റിയും ഏറ്റെടുക്കാറുണ്ട്.

(സി) ഇതുസംബന്ധിച്ച് ജല അതോറിറ്റി ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു : തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെയും പാറശ്ശാല പഞ്ചായത്തിൽ പരശുവയ്ക്കൽ വില്ലേജിലെ വണ്ടിച്ചിറ കുളത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികളിൽ ചെളിനീക്കലും സംരക്ഷണഭിത്തി നിർമ്മിക്കലും സമീപ പ്രദേശങ്ങളിലെ മഴവെള്ളം കുളത്തിലെത്തിക്കുകയും ചെയ്യുന്ന പ്രവൃത്തികളിൽ ഒന്നാം ഘട്ടം പൂർത്തീകരിക്കുകയും രണ്ടാംഘട്ട പണികളിൽ 85 ശതമാനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പാറശ്ശാല പഞ്ചായത്തിലെ പാറശ്ശാല, പരശുവയ്ക്കൽ വില്ലേജുകൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ വണ്ടിച്ചിറ കുളത്തിലെ ചെളി നീക്കം ചെയ്യലും വശങ്ങളിൽ കരിങ്കല്ല് പാകി എൽ.ഡി.പി.ഇ. ഫിലിം പതിപ്പിച്ച് ജലസ്രോതസ്സായ കുളത്തിനെ സംരക്ഷിക്കുന്ന പ്രവൃത്തികൾ 80 ശതമാനം പൂർത്തിയായി.

കൂടാതെ തുറന്ന കിണറുകൾ സ്രോതസ്സായ കുടിവെള്ള പദ്ധതികളുടെയും, ജല അതോറിറ്റിയുടെ ഓഫീസ് പരിസരങ്ങളിലും മഴക്കുഴികൾ നിർമ്മിക്കുന്ന പ്രവൃത്തിയും ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള കുളങ്ങളും ശുദ്ധജല സ്രോതസ്സുകളും സംരക്ഷിക്കുന്നതിന് ജലസേചന വകുപ്പ് മുഖേന ഹരിതകേരളം, പ്ലാൻ ഫണ്ട്, നോൺ പ്ലാൻ ഫണ്ട്, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുളങ്ങളുടെയും ശുദ്ധജല സ്രോതസ്സുകളുടെയും സംഭരണശേഷി വർദ്ധിപ്പിക്കൽ, ശുചീകരണം, പാർശ്വഭിത്തിയിൽ കയർ ഭൂവസ്ത്രം, പുല്ല് എന്നിവ വച്ച് പിടിപ്പിച്ച് ബലപ്പെടുത്തൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ഡി) മൈനർ ഇറിഗേഷൻ സെൻസസ് പ്രകാരമുള്ള ജലസേചനത്തിന് ഉപയോഗിക്കുന്ന കിണറുകളുടെയും മറ്റ് സ്കീമുകളുടെയും സ്ഥിതിവിവര കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

### തൃക്കാക്കര നിയോജക മണ്ഡലത്തിലെ പൈപ്പ് ലൈൻ റോഡ്

142 (4019) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജക മണ്ഡലത്തിൽപ്പെടുന്നതും കൊച്ചി കോർപ്പറേഷനിലും തൃക്കാക്കര മുനിസിപ്പാലിറ്റിയിലും കൂടി കടന്നു പോകുന്നതുമായ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൈപ്പ് ലൈൻ റോഡ് വളരെക്കാലമായി പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡ് അടിയന്തരമായി ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ; ഇല്ലെങ്കിൽ ഈ റോഡ് നന്നാക്കുന്നതിന് കൊച്ചി കോർപ്പറേഷനും തൃക്കാക്കര മുനിസിപ്പാലിറ്റിക്കും വാട്ടർ അതോറിറ്റി അനുമതി നൽകുമോ എന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏകദേശം 9 മുനിസിപ്പാലിറ്റികൾക്കും കൊച്ചി കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കുംകൂടി 20 ലക്ഷത്തോളം ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനു വേണ്ട 36", 42", 48" വ്യാസമുള്ള പൈപ്പ് ലൈനുകൾ കടന്നുപോകുന്നത് പ്രസ്തുത റോഡിൽ കൂടിയാണ്. ഈ റോഡ് പൊതു ഗതാഗതത്തിന് ഉപയോഗപ്പെടുത്തിയാൽ അധികരിച്ച ട്രാഫിക് ലോഡ് കാരണം ഈ പൈപ്പ് ലൈനുകൾക്ക് കേടുപാടുകൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. അത് ശുദ്ധജലവിതരണത്തെ കാര്യമായി ബാധിക്കുന്നതാണ്. കേരളത്തിന്റെ വാണിജ്യ തലസ്ഥാനമായ കൊച്ചി നഗരത്തിന്റേതടക്കം ഒരു പ്രദേശത്തിന്റെയാകെ കുടിവെള്ളവിതരണ സംവിധാനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഈ റോഡ് പൊതുഗതാഗതത്തിനുവേണ്ടി ഉപയോഗിക്കുന്നത് ആശാസ്യമല്ല.

**ജലത്തിന്റെ ഗുണനിലവാര പരിശോധന**

143 (4020) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) നിലവിലുള്ള സംവിധാനത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും ജില്ലാ ലാബുകൾ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ സംസ്ഥാനത്ത് 33 സബ് ഡിവിഷണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ഈ ലാബുകൾ വഴി ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം നിരന്തരമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനുപുറമെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ ജലസ്രോതസ്സുകളുടെ ഗുണനിലവാരവും പരിശോധിച്ചുവരുന്നുണ്ട്. ഈ പരിശോധനാഫലം കേന്ദ്ര സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. മേൽപ്പറഞ്ഞ ലാബുകൾക്കു പുറമെ കൊച്ചിയിൽ ജലഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചുവരുന്നു. ജലഅതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അനധികൃതമായി ജലം എടുക്കുന്നത് തടയുന്നതിന് നടപടി**

144 (4021) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും അനധികൃതമായി ജലം എടുക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(ബി) 2016-17 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ;

(സി) വൻകിട ഫ്ലാറ്റ് ഉടമകൾക്കെതിരെ ഇത്തരം കേസുകൾ എടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ ആർക്കൊക്കെ എതിരെയാണ് കേസുകൾ എടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽനിന്നും അനധികൃതമായി ജലം എടുക്കുന്നത് തടയുന്നതിനായി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ്, വാട്ടർ അതോറിറ്റിയിലെ റവന്യൂ ഇൻസ്പെക്ഷൻ വിഭാഗം എന്നീ സംവിധാനങ്ങൾ തുടർച്ചയായി പരിശോധന നടത്തി വരുന്നു. അനധികൃത കണക്ഷൻ, പൊതു ടാപ്പുകളിൽ നിന്നുള്ള ജലദുരുപയോഗം എന്നിവയുൾപ്പെടെ അനധികൃതമായി കുടിവെള്ളം എടുക്കുന്നത് കണ്ടെത്തുകയാണെങ്കിൽ പിഴ ഈടാക്കുക, കണക്ഷനുകൾ വിച്ഛേദിക്കുക, നിയമനടപടികൾ സ്വീകരിക്കുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2016-17 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിലുള്ള 112 കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു :

| | | |
|---|---|---|
| പി.എച്ച്. ഡിവിഷൻ (നോർത്ത്) | - | 70 |
| പി.എച്ച്. ഡിവിഷൻ (സൗത്ത്) | - | 20 |
| എച്ച്.ഡബ്ല്യൂ. ഡിവിഷൻ അരുവിക്കര | - | 21 |
| വാട്ടർ സപ്ലൈ ഡിവിഷൻ, ആറ്റിങ്ങൽ | - | 1 |
| ആകെ | - | 112 |

(സി&ഡി) ഈ കാലയളവിൽ കേസ്സുകൾ ചാർജ് ചെയ്തിട്ടില്ല. അനധികൃതമായി കുടിവെള്ളം എടുക്കുന്നത് കണ്ടെത്തിയാൽ പിഴ ഈടാക്കുകയാണ് പതിവ്.

**കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കാൻ നടപടി**

145 (4022) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ തേഞ്ഞിപ്പാലം, ചേലേമ്പ്ര ഗ്രാമപഞ്ചായത്തുകളിലെ ജലവിതരണ പൈപ്പുകൾ കാലപ്പഴക്കം കൊണ്ട് പൊട്ടി, വർഷങ്ങളായി വെള്ളം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

**കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതികൾ**

146 (4023) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ, വിവിധ വകുപ്പുകൾ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര തുക വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്; പ്രവൃത്തികളുടെ പേരും തുകയും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികൾ ഓരോന്നിന്റേയും നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ പനത്തടി കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല പി.ഡബ്ല്യൂ.ഡി. റോഡ് വികസനത്തിന്റെ ഭാഗമായി മാറ്റി സ്ഥാപിക്കുവാൻവേണ്ടി പൊതുമരാമത്ത് വകുപ്പ് 23.33 ലക്ഷം രൂപയുടെ നിക്ഷേപം നടത്തിയിട്ടുണ്ട്. അതിന്റെ പ്രവൃത്തി പൂർത്തിയായി. കാസർഗോഡ് പി.എച്ച്. ഡിവിഷന് കീഴിൽ പഞ്ചായത്ത് മുഖേന പട്ടികവർഗ്ഗ വകുപ്പ് 357.30 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ പേരും തുകയും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വെള്ളൂർകുന്നത്തുള്ള കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്ക് സംരക്ഷണം**

147 (4024) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വെള്ളൂർകുന്നത്തുള്ള കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്ക് മണ്ണിടിഞ്ഞ് വീണതിനെ തുടർന്ന് രണ്ടുവർഷമായി അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാട്ടർ ടാങ്ക് സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 27-6-2015-ൽ മൂവാറ്റുപുഴ താലൂക്കിൽ വെള്ളൂർകുന്നം വില്ലേജിലെ കോർമലയിൽ ഉദ്ദേശം 100 മീറ്ററോളം നീളത്തിൽ വലിയ മൺതിട്ട ഇടിഞ്ഞുവീണ് നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. മണ്ണിടിച്ചിൽ ഉണ്ടായ ഭാഗം വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്ക് സ്ഥിതി ചെയ്യുന്ന കോംപൗണ്ടിന് സമീപമാണ് സ്ഥിതി ചെയ്യുന്നത്. ടാങ്കിന്റെ സംരക്ഷണത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ നടത്തിയ പഠനത്തിൽ മണ്ണിടിച്ചിൽ ഉണ്ടായതിന്റെ കാരണം ഒരു സ്വകാര്യ വ്യക്തി തന്റെ ഭൂമിയിലുള്ള മണ്ണ് ഏകദേശം 20 മീറ്റർ കീഴ്ക്കാംതൂക്കായി എടുത്തുമാറ്റിയതിനാലാണ്. അതിനാൽ വർഷകാലത്ത് വാട്ടർ ടാങ്ക് നിറച്ച് വിതരണം ചെയ്യരുതെന്ന് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. ഈ വിഷയത്തെക്കുറിച്ച് കോട്ടയത്തുള്ള രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി നടത്തിയ പഠനത്തിലും ടാങ്ക് പൂർണ്ണമായി ജലം നിറച്ച് വിതരണം ചെയ്യരുതെന്ന് നിർദ്ദേശിച്ചിരുന്നു. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ഇപ്പോൾ വർഷകാലത്ത് ഈ ടാങ്കിൽ സംഭരിക്കാതെയാണ് ശുദ്ധജല വിതരണം നടത്തിവരുന്നത്. രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റൊരു നിർദ്ദേശം ഇപ്പോൾ ഇടിഞ്ഞു കിടക്കുന്ന മണ്ണ് ഇനിയും ഇടിയാതിരിക്കുവാൻ അതിന്റെ അടിഭാഗത്തിന് സംരക്ഷണം കൊടുക്കണം എന്നായിരുന്നു. എന്നാൽ ഈ സ്ഥലം സ്വകാര്യ വ്യക്തിയുടേത് ആയതുകൊണ്ട് സംരക്ഷണ പ്രവൃത്തി നടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്ന് ചെയ്യുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ ഇക്കാര്യം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**മോര്യാകാപ്പ് പദ്ധതി**

148 (4025) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ മോര്യാകാപ്പ് കുടിവെള്ള-കാർഷിക-ജല സേചന പദ്ധതിയുടെ നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) മുൻ ബഡ്ജറ്റിൽ 5 അഞ്ച് കോടി രൂപ വകയിരുത്തിയ ഈ പദ്ധതിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ചെറുകിട ജലസേചന ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എത്തിയശേഷമുണ്ടായ നടപടിക്രമങ്ങൾ വിവരിക്കാമോ;

(സി) ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പദ്ധതികളെ സംബന്ധിച്ച് ചേർന്ന 17-8-2017-ലെ അവലോകന യോഗത്തിൽ മോര്യകാപ്പ് കുടിവെള്ള കാർഷിക ജലസേചന പദ്ധതിക്കുവേണ്ടി വിശദമായി പഠനം നടത്തി പരമാവധി പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഒരു സമഗ്ര പദ്ധതി തയ്യാറാക്കാൻ തീരുമാനിച്ചു. ഇതിനുവേണ്ടിയുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ആവശ്യകത അനുസരിച്ച് പദ്ധതി ഒരുമിച്ചോ രണ്ടു ഘട്ടങ്ങളിലായോ നടപ്പിലാക്കാനുള്ള സാധ്യത പരിശോധിക്കാനുള്ള നിർദ്ദേശവും നൽകുകയുണ്ടായി.

(ബി) സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ച 5 കോടി രൂപയുടെ ഡി.പി.ആർ. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചു. ചീഫ് എഞ്ചിനീയർ 23-1-2017-ൽ പദ്ധതി പ്രദേശം സന്ദർശിച്ച് കൂടുതൽ കൃഷി സ്ഥലങ്ങൾക്ക് പ്രയോജനപ്പെടുത്തും വിധം മോര്യാകാപ്പ് ജലാശയവും അനുബന്ധ തോടുകളും വികസിപ്പിക്കുന്ന തരത്തിൽ പദ്ധതി തയ്യാറാക്കാൻ നിർദ്ദേശിച്ചു. കൽകെട്ട് പ്രസ്തുത സ്ഥലത്ത് (ചതുപ്പ് പ്രദേശം) പ്രായോഗികമല്ലാത്തതിനാൽ അത് ഒഴിവാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് 10 കോടി രൂപയുടെ എസ്റ്റിമേറ്റ് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്താൻ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സമർപ്പിച്ചിരുന്നുവെങ്കിലും ലെറ്റർ ഓഫ് ക്രെഡിറ്റ് ഉള്ള വകുപ്പിലെ പ്രവർത്തിയായതിനാൽ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

(സി) സ്വീകരിക്കുന്നതാണ്.

**ശുദ്ധജലവിതരണ പദ്ധതികൾ**

149 (4026) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുതുതായി എത്ര ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കപ്പെട്ടു എന്ന് വിശദീകരിക്കുമോ;

(ബി) എത്ര ലിറ്റർ കുടിവെള്ളമാണ് ഈ പദ്ധതികൾ വഴി ലഭ്യമാക്കിയതെന്ന് വിശദമാക്കാമോ;

(സി) പ്രത്യേക നിക്ഷേപ പദ്ധതികളിൽ എത്ര കോടി രൂപയുടെ പുതിയ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്ന് വിവരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ച കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ജലനിധി പദ്ധതി പ്രകാരം 348 കുടിവെള്ള പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് 31-7-2017 വരെയുള്ള കാലയളവിൽ പണി പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതികളെ തുടർ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പ്രസ്തുത പദ്ധതികൾവഴി പ്രതിദിനം ഏകദേശം 164.81 ദശലക്ഷം ലിറ്റർ കുടിവെള്ളമാണ് ശുദ്ധീകരിച്ച് ലഭ്യമാക്കുന്നത്. 348 ജലനിധി പദ്ധതികളിലൂടെ 33,505 കുടുംബങ്ങളിലെ 1.5 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ളത്തിന്റെ പ്രയോജനം ലഭിക്കുന്നു. ആളോഹരി 70 lpcd വെള്ളം വിതരണം ചെയ്യുന്നതിനായാണ് ജലനിധി പദ്ധതികൾ വിഭാവനം ചെയ്യുന്നത്. പൂർത്തീകരിച്ച പദ്ധതിയിലൂടെ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അളവ് നിശ്ചയിക്കുന്നത് അതാത് ഗുണഭോക്തൃ സമിതികളാണ്.

(സി) 2016-17-ലെ പുതുക്കിയ ബജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കുമായി പ്രഖ്യാപിച്ച പദ്ധതികൾക്ക് 909 കോടി രൂപയുടെ ഭരണാനുമതിയും ഉൽപ്പാദന ഘടകങ്ങൾ മാത്രം പൂർത്തീകരിച്ച പദ്ധതികളുടെ വിതരണ ശൃംഖല പൂർത്തീകരിക്കുന്നതിനായി 163.1 കോടി രൂപയുടെ 8 പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി പ്രഖ്യാപിച്ച 5 പുതിയ പദ്ധതികൾക്കായി 185 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. മേൽപ്രകാരം അനുമതി നൽകിയ 23 പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* 2017-18-ലെ ബഡ്ജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതിനായി 41 പദ്ധതികൾക്ക് 1696 കോടി രൂപയും മറുപടി പ്രസംഗത്തിൽ ഒരു പദ്ധതിക്ക് 20 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ പ്രൊപ്പോസലുകളുടെ സാധ്യതാ പഠനം നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞ പദ്ധതികളുടെ പട്ടിക അനുബന്ധമായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചേർക്കുന്നു.* 61 ഗ്രാമപഞ്ചായത്തുകളിൽ കൂടി വാട്ടർ അതോറിറ്റിയിൽ അധികമായി ലഭ്യമാകുന്ന ജലം ബൾക്കായി വാങ്ങി ഗ്രാമ പഞ്ചായത്തിന്റെയും, ഗുണഭോക്തൃ സമിതികളുടെയും പങ്കാളിത്തത്തോടെ ഗ്രാമീണ ജനങ്ങൾക്ക് അവരുടെ വീടുകളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി കൂടി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ലോക ബാങ്കിൽ നിന്നും ഏകദേശം 1000 കോടി രൂപ കൂടി വായ്പ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ കൂടി സർക്കാർ സ്വീകരിച്ചുവരുന്നു.

## ജലവിതരണത്തിൽ നിയന്ത്രണം

150 (4027) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് കാലവർഷക്കാലയളവിലെ കണക്കുകൾ പരിശോധിക്കുമ്പോൾ നെയ്യാർ, പേപ്പാറ ഡാമുകളിലെ ജലനിരപ്പ് നിലവിൽ അറുപത് ശതമാനത്തിലധികം കുറവാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) ഭൂഗർഭ ജലനിരപ്പ് കഴിഞ്ഞ വർഷത്തേക്കാൾ താഴ്ന്നനിലയിലാണോയെന്ന് വെളിപ്പെടുത്തുമോ;

(സി) കുഴൽ കിണറുകൾ റീചാർജ് ആവുന്ന തരത്തിലുള്ള മഴ ലഭിച്ചതായി കരുതുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ തലസ്ഥാന നഗരിയിലടക്കം ജലവിതരണത്തിൽ നിയന്ത്രണമേർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ പേപ്പാറ ഡാമിലെ ജലനിരപ്പ് 60%-ൽ അധികം കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള സംഭരണശേഷിയുടെ ഏകദേശം 40% മാത്രമാണിത്. നെയ്യാർഡാമിലെ ജലനിരപ്പും കഴിഞ്ഞ 10 വർഷത്തെ അപേക്ഷിച്ച് 60%-ത്തിലധികം കുറവാണ്.

(ബി) 2017 ജൂലൈ മാസത്തെ ഭൂജല വകുപ്പിന്റെ നിരീക്ഷണ കിണറുകളിലെ ജലവിതാനം 2016 ജൂലൈ മാസത്തെ ജലവിതാനവുമായി താരതമ്യം ചെയ്യുമ്പോൾ തുറന്ന കിണറുകളിൽ 69%-വും കുഴൽകിണറുകളിൽ 66%-വും ജലവിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഇതുവരെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ 29% കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. മഴയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ തുറന്ന കിണറുകളിൽ വളരെ വേഗത്തിൽ റീചാർജ്ജ് ചെയ്യപ്പെടുന്നുണ്ട്. എന്നാൽ കുഴൽ കിണറുകൾ റീചാർജ്ജ് ചെയ്യപ്പെടുന്നത് സാവധാനത്തിലാണ്.

(ഡി) നിലവിൽ ജലവിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അപകടാവസ്ഥയിലായ ആനയാംകുന്ന് വാട്ടർ ടാങ്ക്**

151 (4028) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ ആനയാംകുന്നിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർടാങ്ക് കാലപ്പഴക്കംമൂലം അപകടാവസ്ഥയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) അടിയന്തരമായി വാട്ടർടാങ്ക് പുനർനിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടാങ്കിന്റെ നിലവിലെ അവസ്ഥ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പുതിയ ടാങ്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കാലവർഷത്തിൽ വന്ന കുറവ്**

152 (4029) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലസംഭരണികളിൽ കഴിഞ്ഞ വർഷത്തേക്കാൾ ജലനിരപ്പ് കുറയുന്ന സാഹചര്യത്തിൽ, ശുദ്ധജല ദുരുപയോഗം തടയാൻ ജലവിഭവ വകുപ്പ് കർശന നടപടികൾ കൈക്കൊള്ളുമോ, വിശദമാക്കുമോ?

<u>ഉത്തരം</u>

കേരള ജല അതോറിറ്റി, ജലവിതരണ ശൃംഖലകളിലെ ചോർച്ചകൾ അടിയന്തരമായി പരിഹരിച്ചുവരുന്നു. അതോടൊപ്പം ശുദ്ധജല ദുരുപയോഗം തടയുന്നതിനായി സ്ക്വാഡുകൾ രൂപീകരിക്കുകയും ജലദുർവിനിയോഗം, ജലമോഷണം എന്നിവ കണ്ടെത്തിയാൽ പിഴ ഈടാക്കുക, കണക്ഷൻ വിച്ഛേദിക്കുക തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ആനുകാലികങ്ങൾ, പത്രങ്ങൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ എന്നിവവഴി ജലദുരുപയോഗം തടയുന്നതിനായുള്ള ബോധവത്കരണവും നടത്തിവരുന്നുണ്ട്.

**ജലസ്രോതസ്സുകൾ മാലിന്യ വിമുക്തമാക്കി സംരക്ഷിക്കുന്നതിന് പദ്ധതി**

153 (4030) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകൾ, തോടുകൾ, കനാലുകൾ മുതലായ ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജലസംരക്ഷണവും ജലവിനിയോഗവും സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിന് ജലസുരക്ഷാ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുള്ള പരിപാടിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ വ്യവസായ സ്ഥാപനങ്ങളേയും ആശുപത്രികളേയും ഉത്തുംഗ കെട്ടിടങ്ങളേയും കൊണ്ടുവരികയും, അവിടങ്ങളിൽ നിന്നുള്ള പാഴ്ജലം ശുദ്ധീകരിച്ച് മാലിന്യഘടകങ്ങൾ അനുവദനീയ പരിധിയിൽ എത്തിച്ചശേഷം പരമാവധി പുനരുപയോഗം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ബാക്കിയുള്ള പാഴ്ജലം നിർമ്മാർജ്ജനം ചെയ്യുന്നതിന് നിഷ്കർഷിക്കുകയും ചെയ്തുവരുന്നു. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജും ഗാർബേജും

എഞ്ചിനിൽ നിന്നുള്ള എണ്ണയും മലിനീകരണം ഉണ്ടാക്കുന്നത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുള്ള സ്ഥാപനങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുകയും പാഴ്ജല സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറികളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും, വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും, നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ പുഴകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽനിന്നും ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തിവരുന്നു. കൂടാതെ കുളങ്ങളുടെ പുനരുദ്ധാരണം, അധികമായി അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ, തടാക സംരക്ഷണ പ്രവൃത്തികൾ, നദികളിലെ നീരൊഴുക്ക് നിലനിർത്തി, ഗ്രാമീണ കുടിവെള്ള സ്രോതസ്സുകൾ സ്ഥായിയാക്കുന്നതിനായി തടയണകളുടെ നിർമ്മാണം, ഉപ്പുവെള്ളക്കയറ്റം തടയുന്നതിനായി ചെക്ക് ഡാം, റെഗുലേറ്ററുകളുടെ നിർമ്മാണം, ആവശ്യമുള്ള ഇടങ്ങളിൽ നദീതീര സംരക്ഷണം, കമ്പിവേലി നിർമ്മാണം, ബോർഡുകൾ സ്ഥാപിക്കുക, വലകൾ സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു.

(ബി&സി) ലോക ജലദിനം, ലോക പരിസ്ഥിതിദിനം, ലോക തണ്ണീർത്തട ദിനം എന്നിവയോടനുബന്ധിച്ച് ജലസംരക്ഷണവും, ജലവിനിയോഗവും സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവത്കരണം നടത്തുന്നതിന് ക്യാമ്പയിനുകൾ സംഘടിപ്പിക്കാറുണ്ട്. പ്രസ്തുത ക്യാമ്പയിനിൽ ജലസേചന വകുപ്പും പങ്കാളിയാകാറുണ്ട്. കൂടാതെ ഹരിത കേരള മിഷന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജലസംരക്ഷണവും വിനിയോഗവും സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവത്കരണം നടത്തുന്നതിനുള്ള ക്യാമ്പയിനുകൾ നടപ്പിലാക്കാനും ലക്ഷ്യമിടുന്നുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ ജലസംരക്ഷണം സംബന്ധിച്ച് അവബോധം ഉളവാക്കുന്നതിന്റെ ഭാഗമായി 2017 മാർച്ച് 22-ന് തിരുവനന്തപുരത്തെ മാർബസേലിയസ് എഞ്ചിനീയറിംഗ് കോളേജിൽ നടന്ന ചടങ്ങിൽ വച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന ഒരു ബോധവത്കരണ പരിപാടിക്ക് ജലസേചന വകുപ്പ് തുടക്കമിട്ടിട്ടുണ്ട്.

**പഞ്ചായത്തുകളിലെ ജലവിതരണം**

154 (4031) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ ജലവിതരണം വീണ്ടും ജലനിധിയെ ഏൽപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനുള്ള കരാറിന് ജലനിധിയും വാട്ടർ അതോറിറ്റിയും ഒപ്പു വച്ചിട്ടുണ്ടോ; വിശദാംശം എന്തെല്ലാം;

(സി) പഞ്ചായത്തുകളിലെ ജലവിതരണം ജലനിധി സംവിധാനംവഴി നടപ്പാക്കിയതിനെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ലോകബാങ്കിൽനിന്നും എത്ര കോടി രൂപയാണ് ജലനിധി നടത്തിപ്പിന് ഇതുവരെ വായ്പയെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇത്തരത്തിൽ തീരുമാനമെടുത്തിട്ടില്ല.

(സി) ജലനിധി ഒന്നാംഘട്ടത്തിൽ 2003-2006 കാലയളവിൽ 5 പ്രാവശ്യം എക്സ്റ്റേണൽ കൺസൾട്ടന്റ് മുഖേന വിശകലനം നടത്തിയിരുന്നു. രണ്ടാംഘട്ടത്തിൽ ഇപ്രകാരം ഒരു പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ വിശകലനം ഇപ്പോൾ നടന്നുവരുന്നു. ഈ പഠനങ്ങളിലെല്ലാം മിക്ക പദ്ധതികളും നന്നായി നടന്നുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) ലോകബാങ്കിൽ നിന്നും ജലനിധി ഒന്നാം ഘട്ടത്തിന് 276.18 കോടി രൂപയും രണ്ടാം ഘട്ടത്തിന് നാളിതുവരെയായി 581.58 കോടി രൂപയും ചേർത്ത് ആകെ 857.76 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്.

**ഗ്രാമവാസികൾക്ക് സുരക്ഷിത കുടിവെള്ളം**

155 (4032) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. പി. ഉണ്ണി</u> :
<u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവാസികൾക്ക് സുരക്ഷിത കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ഗ്രാമീണമേഖലയിലെ ജനങ്ങൾക്ക് സുരക്ഷിത കുടിവെള്ളം എത്തിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധന സഹായത്തോടെയും നബാർഡ് ഉൾപ്പെടെയുള്ള ധനകാര്യ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെയുമാണ് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങൾക്കും, കുടിവെള്ള ഗുണനിലവാര പ്രശ്നങ്ങൾ നിലവിലുള്ള പ്രദേശങ്ങൾക്കും മുൻഗണന നൽകിയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ഇത്തരത്തിൽ മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികൾക്ക് ആവശ്യമായ സ്ഥലലഭ്യത ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉറപ്പാക്കിയതിനുശേഷം പദ്ധതി രൂപരേഖ തയ്യാറാക്കി അനുയോജ്യമായ ഫണ്ടിംഗ് ഏജൻസിയിൽ സമർപ്പിച്ചാണ് പദ്ധതികൾക്ക് കേരള വാട്ടർ അതോറിറ്റി അംഗീകാരം ലഭ്യമാക്കുന്നത്. കേന്ദ്ര സഹായം കൂടി ഉൾപ്പെടുത്തി നടത്തി വരികയായിരുന്ന NRDWP പദ്ധതികളിൽ കേന്ദ്രത്തിന്റെ വിഹിതം ഗണ്യമായി കുറച്ചത് ഗ്രാമീണ മേഖലയിൽ നടപ്പാക്കുവാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതികൾക്ക് തിരിച്ചടിയായിട്ടുണ്ട്. നിലവിലുള്ള പദ്ധതികളിൽ നിന്നും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എല്ലാ ജില്ലകളിലും ഓരോ ജില്ലാ ലാബുകളും 33 സബ് ഡിവിഷണൽ ലാബുകളും എറണാകുളം ജില്ലയിൽ സ്റ്റേറ്റ് ലാബും പ്രവർത്തിച്ചു വരുന്നു. ഈ ലാബുകളിൽ കുടിവെള്ളത്തിന്റെ ഉൽപ്പാദനത്തിന്റേയും വിതരണത്തിന്റേയും ഗുണനിലവാരം വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നു. കുടിവെള്ള ക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമനിവാസികൾക്ക് സുസ്ഥിരവും ഗുണമേന്മയേറിയതുമായ കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിന് ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ജലനിധി പദ്ധതി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി മുഖാന്തരമാണ് നടത്തിവരുന്നത്. പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു.

(ബി) അംഗീകാരം ലഭിക്കുന്ന പദ്ധതികളുടെ നിർവ്വഹണം വിവിധ തലങ്ങളിൽ നിരന്തരം വിലയിരുത്തി ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നുണ്ട്. ഇതിനായി കേരള ജല അതോറിറ്റി വിവിധതലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തുകയും വിശദമായ പുരോഗതി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിനും ഫണ്ടിംഗ് ഏജൻസികൾക്കും സമർപ്പിക്കുന്നുണ്ട്. ഇതിനായി വീഡിയോ കോൺഫറൻസ് ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിനുപുറമെ

സർക്കാർ തലത്തിലും/എം.എൽ.എ./എം.പി. എന്നിവരുടെ നേതൃത്വത്തിലും അവലോകന യോഗങ്ങൾ കൂടി നിർവ്വഹണത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജലനിധി പദ്ധതികൾ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പദ്ധതികളായതുകൊണ്ട് അധിക കാലതാമസം പദ്ധതി നടത്തിപ്പിൽ വരാറില്ല. കാലവർഷ സമയത്ത് പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണരൂപത്തിൽ നടപ്പാക്കാൻ കഴിയുന്നില്ല എന്നുള്ളത് മാത്രമാണ് സാധാരണ ഗതിയിൽ ജലനിധി പദ്ധതികൾ പഞ്ചായത്തുകളിൽ നടപ്പാക്കുന്നതിനുള്ള കാലതാമസം.

(സി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ കിഫ്ബി ധനസഹായത്തോടു കൂടി 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കുമായി പ്രഖ്യാപിച്ച പദ്ധതികൾക്ക് 909 കോടി രൂപയുടെ ഭരണാനുമതിയും വിതരണ ശൃംഖലകൾ വിപുലീകരിക്കുന്നതിനുവേണ്ടി പദ്ധതികൾക്ക് 163.1 കോടി രൂപയുടെ 8 പദ്ധതികളുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 പുതിയ പദ്ധതികൾക്ക് 185 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. മേൽപ്പടി പദ്ധതികളുടെ പ്രവൃത്തികൾ തുടങ്ങുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. പദ്ധതി സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധന**

156 (4033) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന്റെ ഗുണമേൻമ പരിശോധിക്കുന്നതിനായി മൊബൈൽ യൂണിറ്റുകൾ നിലവിലുണ്ടോ;

(ബി) സന്നദ്ധ സംഘടനകൾ വഴി പ്രാദേശിക തലത്തിൽ കുടിവെള്ളത്തിന്റെ ഗുണമേൻമ പരിശോധിക്കാൻ വകുപ്പ് മുഖേന സഹായം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയിൽ മൊബൈൽ യൂണിറ്റുകൾ നിലവിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുപ്പിവെള്ളത്തിന്റെ പരിശോധന

157 (4034) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പികളിൽ ലഭിക്കുന്ന കുടിവെള്ളത്തിന്റെ വില അമിതമായി വർദ്ധിപ്പിച്ചിരിക്കുന്ന കാര്യം പരിശോധിക്കുമോ;

(ബി) കുപ്പിവെള്ളത്തിന്റെ പരിശോധന ജലവിഭവവകുപ്പ് നടത്താറുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കുടിവെള്ളം വിൽക്കുന്ന ഏജൻസികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ബാക്ടീരിയകൾ കുടിവെള്ള ടാങ്കുകളിൽ കണ്ടെത്തിയ കേസുകൾ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ;

(ഇ) കുടിവെള്ള ടാങ്കുകളും കുപ്പികളും പരിശോധിക്കുവാൻ ജലവിഭവ വകുപ്പിൽ സംവിധാനം ഉണ്ടാക്കുമോ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കുപ്പികളിൽ ലഭിക്കുന്ന കുടിവെള്ളത്തിന്റെ വില മുൻകാലങ്ങളിൽ അമിതമായി സ്വകാര്യ നിർമ്മാതാക്കൾ വർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുൻ കാലഘട്ടത്തിൽ വില നിയന്ത്രിക്കുന്നതിന് വേണ്ടി സർക്കാർ നിയന്ത്രണത്തിൽ കുപ്പികളിൽ സർക്കാർ നിർമ്മിത കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും അതിന്റെ ഫലമായി ഒരു പരിധിവരെ വിലവർദ്ധനവ് നിയന്ത്രിക്കാനും സാധിച്ചിട്ടുണ്ട്.

(ബി) നിലവിൽ കുപ്പിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന ജലവിഭവ വകുപ്പ് നടത്തുന്നില്ല. കുപ്പിവെള്ളത്തിന്റെ ഗുണമേന്മ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെയും ഫുഡ് ആന്റ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ഓഫ് ഇന്ത്യയുടെയും മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് പരിശോധിച്ചുവരുന്നത്.

(സി) കുടിവെള്ളം വിൽക്കുന്ന ഏജൻസികൾക്ക് ജലവിഭവ വകുപ്പിന്റെ കീഴിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഏജൻസികൾക്ക് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലത്തിൽ നിർമ്മാണത്തിനുള്ള അനുമതി നേടേണ്ടതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കെ.ഐ.ഐ.ഡി.സി.-യുടെ ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന കുടിവെള്ളം 'ഹില്ലി അക്വ' പരിശോധിക്കുവാൻ ഫാക്ടറി പരിസരത്തു തന്നെ സംവിധാനമുണ്ട്.

## മുടങ്ങിക്കിടക്കുന്ന ശുദ്ധജല പദ്ധതികൾ

158 (4035) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഇല്ലാത്തതുമൂലം എത്ര ശുദ്ധജല പദ്ധതികളാണ് മുടങ്ങിക്കിടക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം ശുദ്ധജല പദ്ധതികൾ ഏറ്റെടുക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനുള്ള ധനസമാഹരണം എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വിവരിക്കുമോ?

### ഉത്തരം

(എ) ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഇല്ലാത്തതുമൂലം മുടങ്ങിക്കിടക്കുന്ന ശുദ്ധജല പദ്ധതികൾ ഒന്നുംതന്നെയില്ല. നിലവിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികളിൽ ഉൾപ്പെട്ട ചില പദ്ധതികൾക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ഡിസ്ട്രിബ്യൂഷൻ ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ വിതരണ ശൃംഖലകൾ സ്ഥാപിക്കുന്നതിനുവേണ്ടി 2016-17 പുതുക്കിയ ബഡ്ജറ്റിൽ കിഫ്ബി പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 162 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട 8 പ്രവർത്തികൾക്ക് 163.1 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി&സി) ആവിഷ്കരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രവൃത്തികൾ അപ്രകാരം ഏറ്റെടുത്തവയാണ്. നിലവിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പണിപൂർത്തീകരിക്കാൻ പറ്റാത്ത പദ്ധതികളുടെ പൂർത്തീകരണത്തിന് ധനലഭ്യതയ്ക്ക് അനുസരിച്ച് മുൻഗണന അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി നടപടി സ്വീകരിക്കുന്നതാണ്.

## ദേശീയപാതയ്ക്കരികിൽ ഉപേക്ഷിക്കപ്പെട്ട നിലയിലുള്ള പൈപ്പുകൾ

159 (4036) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ചെർക്കള മുതൽ വിദ്യാസാഗർ വരെ ദേശീയപാതയ്ക്ക് സമീപം മാസങ്ങളായി പൈപ്പുകൾ കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഈ പൈപ്പുകൾ വാട്ടർ അതോറിറ്റിയുടേതാണോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ, ഇവ ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പൈപ്പുകൾ വാട്ടർ അതോറിറ്റിയുടേതാണ്.

(സി) ഈ പൈപ്പുകൾ ഉപേക്ഷിക്കപ്പെട്ടവയല്ല. പൈപ്പുകൾ സ്ഥാപിക്കേണ്ട ചെർക്കള മുതൽ വിദ്യാസാഗർ വരെയുള്ള ഭാഗത്ത് നാഷണൽ ഹൈവേയുടെ ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നതിനാൽ പൈപ്പുകൾ സ്ഥാപിക്കേണ്ട സ്ഥലം നാഷണൽ ഹൈവേ അതോറിറ്റി നിർണ്ണയിച്ച് തന്നിട്ടില്ല. സ്ഥലം നിർണ്ണയിച്ച് തരുന്ന മുറയ്ക്ക് പൈപ്പുകൾ സ്ഥാപിക്കുന്നതാണ്.

**ഐ.ടി. മേഖലയിലെ ജോലി ഭാരം**

160 (4037) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയിലുള്ളവർക്ക് ജോലി ഭാരംമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ.ടി. മേഖലയിൽ തൊഴിൽ നിയമങ്ങൾ യഥാവിധി നടപ്പിലാക്കാനും ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഐ.ടി. മേഖലയിൽ ജോലിചെയ്യുന്നവർക്ക് ജോലി ഭാരം ഉള്ളതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. സ്ഥാപന പരിശോധനാവേളയിലും ടി പ്രശ്നം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

(ബി) ഐ.ടി. മേഖലയിൽ തൊഴിൽ നിയമങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ഐ.ടി. മേഖലയിൽ നാളിതുവരെ 64 പരിശോധനകൾ നടത്തിയിട്ടുണ്ട്. സെൽഫ് സർട്ടിഫിക്കേഷൻ, WPS എന്നിവയുടെ നടപ്പാക്കൽ, സ്ത്രീ തൊഴിലാളികൾക്ക് ശമ്പളത്തോടുകൂടി പ്രസവാനുകൂല്യം ഉറപ്പുവരുത്തുക, ശിശുപരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുക, മിനിമം കൂലി ഉറപ്പു വരുത്തൽ തുടങ്ങി ഐ.ടി. മേഖലയിലെ തൊഴിലാളികളുമായി ബന്ധപ്പെട്ട പരാതികളിൽ

സുതാര്യമായ രീതിയിൽ അടിയന്തര പരിഹാരത്തിനായി ടെക്നോ പാർക്കിൽ തൊഴിൽ വകുപ്പിന്റെ ഒരു Grievence Redressel Cell/Consultative Committee രൂപീകരിച്ചിട്ടുണ്ട്. G-Tech സെക്രട്ടറി, ടെക്നോപാർക്ക് എക്സിക്യൂട്ടീവ് ഓഫീസർ, അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എന്നിവർ ടി കമ്മിറ്റിയിൽ അംഗങ്ങളാണ്. ടി കമ്മിറ്റി ഐ.ടി. മേഖലയിലെ തൊഴിലാളികളുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുകയും എല്ലാ മാസവും അവസാന ആഴ്ചയിൽ അവലോകന യോഗംകൂടി തീരുമാനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

161 (4038) <u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. എം. മുകേഷ്</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ഇ.എസ്.ഐ. ആശുപത്രികളിൽ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും അവിടെ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി കൂടുതൽ സ്വകാര്യ അശുപത്രികളെ എം പാനൽ ചെയ്യാനും നടപടിയുണ്ടാകുമോ;

(സി) കേന്ദ്ര സർക്കാർ സൂപ്പർ സ്പെഷ്യലിറ്റി ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പുതുതായി ഏർപ്പെടുത്തിയ നിബന്ധനകൾ പദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്കു പ്രയാസം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ഈ നിബന്ധനകൾ ഒഴിവാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

<u>ഉത്തരം</u>

(എ) ഇ.എസ്.ഐ. ആശുപത്രികളുടെയും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അനുബന്ധ ഡിസ്പെൻസറികളുടെയും വാർഷിക അറ്റകുറ്റപ്പണികളുടെയും സ്പെഷ്യൽ റിപ്പയർ വർക്കുകളുടെയും എസ്റ്റിമേറ്റുകൾ കണക്കാക്കി ഫണ്ടിനായി ഇ.എസ്.ഐ. കോർപ്പറേഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ചെയ്ത പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

- മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.
- ലഭ്യമല്ലാത്ത മരുന്നുകൾക്കുള്ള റീ-ഇംബേഴ്സ്മെന്റ് തുക താമസംവിനാ ഐ.പി.-കൾക്ക് നൽകുന്നുണ്ട്.

- ഉച്ചയ്ക്കുശേഷം ലാബ് സൗകര്യം ഔട്ട് സോഴ്സ് ചെയ്തിട്ടുണ്ട്.
- എൻ.സി.ഡി. ക്ലിനിക്കുകളും, ഫാർമസി ഔട്ട് ലെറ്റും സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.
- സ്പെഷ്യലിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്.
- ലാബിനാവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസലിന് ഇ.എസ്.ഐ.സി. ഹെഡ് ക്വാർട്ടേഴ്സിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.
- 9 ഇ.എസ്.ഐ. ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ഓപ്പറേഷൻ തീയേറ്ററിൽ ആവശ്യമായ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി പൂർത്തീകരിച്ചുവരുന്നുണ്ട്.
- 77 ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ ഇന്റർനെറ്റ് സൗകര്യത്തോടുകൂടി ടെലഫോൺ കണക്ഷൻ സ്ഥാപിച്ചു വരുന്നുണ്ട്.

(ബി) സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി നിലവിൽ 28 സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇനിയും 20 ആശുപത്രികളെ കൂടി എംപാനൽ ചെയ്യുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) ഗുണഭോക്താക്കൾക്ക് ദോഷകരമായ ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നിബന്ധനകൾ റദ്ദാക്കണമെന്ന് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി 28-4-2017-നും 12-5-2017-നും കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ തീരുമാനം പുനഃപരിശോധിക്കുന്ന വിഷയം ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്.

## ഐ.ടി. മേഖലയിൽ തൊഴിൽ സമത്വം

162 (4039) ശ്രീ. എം. സ്വരാജ് :
ശ്രീ. വി. ജോയി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഐ.ടി. കമ്പനികളിലായി എത്ര തൊഴിലാളികളുണ്ടെന്ന കണക്ക് ലഭ്യമാണോ;

(ബി) ഈ മേഖലയിൽ തൊഴിൽ സമത്വം ഉറപ്പുവരുത്തുവാനായി എന്തെങ്കിലും മാർഗ്ഗമുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങൾ തൊഴിൽ നിയമം പാലിക്കുന്നുണ്ടോ എന്നുറപ്പ് വരുത്താൻ പരിശോധന നടത്താറുണ്ടോ;

(ഡി) തൊഴിലാളി സംഘടനകൾക്ക് പ്രവർത്തനസ്വാതന്ത്ര്യം ലഭ്യമാക്കാൻ നിയമപരമായ നടപടി സാധ്യമാണോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ലഭ്യമാണ്. സംസ്ഥാനമൊട്ടാകെയുള്ള ഐ.ടി. സ്ഥാപനങ്ങളിലായി 90,772 ജീവനക്കാർ ജോലി ചെയ്യുന്നു.

(ബി) ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന രീതി അനുസരിച്ച് വിവിധ തരത്തിലുള്ള ജോലികളിലാണ് ജീവനക്കാർ ഏർപ്പെടുന്നത്. ടി മേഖലയിൽ തൊഴിൽ സമത്വം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നിലവിൽ ടി മേഖലയിൽ തൊഴിലാളി സംഘടനകൾക്ക് നിയമ പ്രകാരം പ്രവർത്തന സ്വാതന്ത്ര്യം ഉണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികൾ**

163 (4040) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കുകൾ ഇതുവരെ ശേഖരിച്ചിട്ടില്ലെങ്കിൽ ഇനി ശേഖരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ വന്നിറങ്ങുമ്പോൾ അവർക്കുവേണ്ടി റെയിൽവേ സ്റ്റേഷനുകളിലും പ്രധാനപ്പെട്ട ബസ്സ്റ്റാൻഡുകളിലും കൗണ്ടറുകൾ സ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ;

(സി) റേഷൻകാർഡുകൾ ഉള്ളതും ഇല്ലാത്തതുമായ ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവർക്ക് റേഷൻകാർഡുകൾ അനുവദിക്കുമ്പോൾ അവരവരുടെ സംസ്ഥാനങ്ങളിൽ കൂടി റേഷൻ കാർഡുകൾ ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഏത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സർക്കാർ ആശുപത്രികളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽനിന്നും ഇവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി " ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് 27-10-2016-ലെ സർക്കാർ (സാധാ) 1325/2016/തൊഴിൽ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. " ആവാസ്" പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വ്യക്തിഗത വിവരശേഖരണം നടത്തി ഒരു ഡേറ്റാ ബാങ്ക് തയ്യാറാക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ അധികമായി വന്നുപോകുന്ന റെയിൽവേ സ്റ്റേഷൻ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സ്ഥല ലഭ്യതയ്ക്കനുസരിച്ച് കൗണ്ടറുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാർ റെയിൽവേ മന്ത്രാലയവുമായി ചർച്ച നടത്തുന്നതാണ്.

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് നാളിതുവരെയായി റേഷൻ കാർഡ് വിതരണം നടത്തിയിട്ടില്ല.

(ഡി) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണവും വിവര ശേഖരണവും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് (ആവാസ്) പദ്ധതി ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളെയാണ് ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ഐഡന്റിറ്റി കാർഡ് ലഭിക്കുന്നവർക്ക് സർക്കാർ ആശുപത്രികളിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

**കേരള ചുമട്ട് തൊഴിലാളിക്ഷേമനിധി ബോർഡ്**

164 (4041) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര തൊഴിലാളികൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്;

(ബി) ക്ഷേമനിധി ബോർഡിൽനിന്നും നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) 2016-17 സാമ്പത്തിക വർഷം തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ ആയി എത്ര തുക ബോർഡിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അൺ അറ്റാച്ച്ഡ്, സ്റ്റാറ്റേർഡ്, അറ്റാച്ച്ഡ് എന്നീ വിഭാഗങ്ങളിലായി ആകെ 68973 തൊഴിലാളികൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(ബി) കേരള ചുമട്ടുത്തൊഴിലാളി ക്ഷേമ ബോർഡിൽനിന്നും നൽകിവരുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2016-17 സാമ്പത്തിക വർഷം കേരള ചുമട്ടുത്തൊഴിലാളി ക്ഷേമ ബോർഡ് തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളായി വിതരണം ചെയ്ത തുകയുടെ വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ശരണ്യ സ്വയം തൊഴിൽ പദ്ധതി**

165 (4042) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ശരണ്യ സ്വയം തൊഴിൽ പദ്ധതി എവിടെയെല്ലാം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

24-7-2010-ലെ ജി.ഒ. (പി) നമ്പർ 81/2010/തൊഴിൽ ഉത്തരവ് പ്രകാരമുള്ള " ശരണ്യ" സ്വയം തൊഴിൽ പദ്ധതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന കേരള സംസ്ഥാനത്ത് 14 ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

**മിനിമം കൂലി**

166 (4043) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമം കൂലി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ മേഖലകളിലെ തൊഴിലുകൾക്കാണ് മിനിമം കൂലി നിശ്ചയിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) മിനിമം കൂലി നിശ്ചയിക്കുന്നതിൽനിന്നും ഏതൊക്കെ മേഖലകളെയാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 78 തൊഴിൽ മേഖലകളിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. 2017-ൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായതിന്റെ പകർപ്പുകൾ ഉൾപ്പെടുത്തുന്നു.*

(ബി) മിനിമം കൂലി നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലകളെ കുറിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളത് 80 തൊഴിൽ മേഖലകളാണ്. 78 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ആശ്രിത നിയമനം**

167 (4044) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാരായനിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട, ക്ഷേമനിധി പദ്ധതി അംഗത്വമുള്ള തൊഴിലാളി മരണപ്പെട്ടതിനെത്തുടർന്ന് നിയമാനുസൃത ആശ്രിത നിയമനത്തിനായി ശ്രീ. അനിൽകുമാർ, ആഴിക്കടവിൽ, തിരുനെല്ലൂർ, ചേർത്തല എന്നയാൾ നൽകിയ അപേക്ഷയിൻമേൽ എന്തുനടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ശ്രീ. അനിൽകുമാർ, ആഴിക്കടവിൽ തിരുനെല്ലൂർ, ചേർത്തലയുടെ അപേക്ഷ പരിശോധിക്കുകയും പരിഗണനാർഹമല്ലാത്തതിനാൽ 16-11-2016-ലെ സ.ഉ. (സാധാ) നമ്പർ 884/2016/നി.വ. ഉത്തരവുപ്രകാരം നിരസിക്കുകയും ചെയ്തു.

**ലേബർ ബാങ്ക് രൂപീകരണം**

168 (4045) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിന് ലേബർ ബാങ്ക് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വിപുലമായ ഒരു തൊഴിൽ മേഖലയെന്ന നിലയിൽ ഈ മേഖലയിലെ തൊഴിൽ സാധ്യതകൾ ചൂഷണം ചെയ്യുന്നതിനും തൊഴിലാളികളുടെ ക്ഷേമവും തൊഴിൽ സുരക്ഷയും ഉറപ്പുവരുത്തുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഗാർഹിക മേഖലയിലെ തൊഴിൽ സാധ്യതകൾ ചൂഷണം ചെയ്യുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി പ്രത്യേക നിയമനിർമ്മാണം നിലവിൽ പരിഗണനയിലില്ല. എന്നാൽ ഗാർഹിക മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം യഥാസമയം പുതുക്കി നിശ്ചയിക്കാറുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾക്കും കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം പെൻഷൻ ഉൾപ്പെടെയുള്ള വിവിധങ്ങളായ ആനുകൂല്യങ്ങൾ ലഭ്യമാണ്.

**കർഷക തൊഴിലാളികളുടെ വിവിധ ക്ഷേമനിധി ആനുകൂല്യങ്ങൾ**

169 (4046) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക തൊഴിലാളികളുടെ വിവിധ ക്ഷേമനിധി ആനുകൂല്യങ്ങൾ വർഷങ്ങളായി വിതരണം ചെയ്യുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മരണാനന്തരാനുകൂല്യം,ചികിത്സാ ധനസഹായം, പെൻഷൻ, പ്രസവാനുകൂല്യം എന്നിവയ്ക്ക് നൽകിവരുന്ന തുക എത്രയാണ്; വിശദാംശം നൽകുമോ; ഇവ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം 2010 മുതലുള്ള വിവിധ ക്ഷേമാനുകൂല്യങ്ങൾ കുടിശ്ശികയാണ്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ഓരോ തൊഴിലാളിയിൽനിന്നും പ്രതിവർഷം 60 രൂപ അംശദായമിനത്തിൽ ഈടാക്കുമ്പോൾ പ്രതിവർഷം 625 രൂപ നിരക്കിലാണ് പ്രസ്തുത തുക തൊഴിലാളികൾക്ക് ബോർഡ് റിട്ടയർമെന്റ് ആനുകൂല്യമായി തിരികെ നൽകുന്നത്. അംഗത്വ കാലയളവിൽ അർഹത വരുന്ന വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ അവാർഡ് എന്നിവയും തൊഴിലാളിക്ക് നൽകേണ്ടതുണ്ട്. ബോർഡിന്റെ പ്രതിവർഷ വരുമാനം 9 കോടി രൂപയാണെന്നിരിക്കെ ഒരു വർഷം ലഭിക്കുന്ന അപേക്ഷകളിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് 35 കോടി രൂപ ആവശ്യമാണ്. വരുമാനത്തിലെയും ചെലവിലെയും ഈ അന്തരമാണ് ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം.

(ബി) മരണപ്പെടുന്ന അംഗത്തിന്റെ ആശ്രിതർക്ക് അടിയന്തര ധനസഹായമായി 2,000 രൂപയും അംഗത്വ കാലത്തിന് അനുസൃതമായി പ്രതിവർഷം 625 രൂപ എന്ന നിരക്കിൽ അതിവർഷാനുകൂല്യവും നൽകുന്നു. ചികിത്സാ ധനസഹായമിനത്തിൽ അഞ്ച് വർഷത്തിലൊരിക്കൽ 2,500 രൂപ നൽകിവരുന്നു. പ്രസവ ധനസഹായ മിനത്തിൽ ബോർഡിന്റെ വിഹിതമായ 1,000 രൂപയും സർക്കാർ വിഹിതമായ 14,000 രൂപയും ചേർത്ത് ആകെ 15,000 രൂപ നൽകിവരുന്നു. ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സാധിക്കില്ല. നിലവിൽ 1,100 രൂപയാണ് കർഷകത്തൊഴിലാളി പെൻഷൻ ആയി നൽകി വരുന്നത്.

(സി) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് 2017-18 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനയിൽ അംഗങ്ങളുടെ റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനായി വകയിരുത്തിയിരുന്ന 30,00,00,000 (മുപ്പത് കോടി രൂപ മാത്രം) പിൻവലിച്ച് പ്രസ്തുത ബോർഡിന് നൽകുന്നതിന് ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകി 31-7-2017-ലെ സ.ഉ.(സാധാ) നമ്പർ 996/17/തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്.

**തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ**

170 (4047) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം നൈപുണ്യ വികസന പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ പദ്ധതികൾ ഏകോപിപ്പിക്കുന്നതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് ആന്റ് എന്റർപ്രണർഷിപ്പിന്റെ നൈപുണ്യ വികസന പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പിനെ നോഡൽ ഡിപ്പാർട്ടുമെന്റായും കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിനെ കേരള സംസ്ഥാന നൈപുണ്യ വികസന മിഷനായും 2-12-2016 തീയതിയിലെ G.O.(Rt.) No.1501/16/LBR എന്ന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ മേൽനോട്ടത്തിൽ നഴ്സിംഗ്, ഓയിൽ&റിഗ്ഗ് ഇൻഡസ്ട്രി, ടീച്ചിംഗ്, ഫിനാൻഷ്യൽ സർവ്വീസസ്, മെക്കാനിക്കൽ കൺസ്ട്രക്ഷൻ, ഇൻഡസ്ട്രി ഓട്ടോമേഷൻ, ബ്യൂട്ടി&വെൽനെസ്സ്, മറൈൻ ഫിസിയോതെറാപ്പി, ആയുർവ്വേദ, ടൂറിസം&ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി, മൾട്ടിമീഡിയ ഡിസൈൻ, വാട്ടർ&വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് തുടങ്ങിയ മേഖലകളിൽ ഇതിനോടകം പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി താഴെപ്പറയുന്ന നൈപുണ്യ വികസന കേന്ദ്രങ്ങളും തുടങ്ങിയിട്ടുണ്ട് :

I <u>സെന്റർ ഓഫ് എക്സലൻസ്:</u>

- NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)
- CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)
- ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)
- CRETT (സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)
- CEED (സെന്റർ ഫോർ എക്സലൻസ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ്)
- KGNLA (കേസ് ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാഡമി)
- SWAT (സ്കൂൾ ഓഫ് വാട്ടർ ടെക്നോളജി)

II ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)

III കൗശൽ കേന്ദ്രങ്ങൾ

IV എംപ്ലോയബിലിറ്റി സെന്ററുകൾ

V കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

VI കരിയർ ഡെവലപ്മെന്റ് സെന്റർ

ഇതോടൊപ്പം നൈപുണ്യവികസനം നേടിയിട്ടുള്ള തൊഴിൽ അന്വേഷകർക്കും തൊഴിൽദാതാക്കൾക്കും ഒരുപോലെ ഉപയോഗ പ്രദമാകത്തക്കരീതിയിൽ ഒരു വെബ് അധിഷ്ഠിത ജോബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ KASE-ന്റെ കീഴിൽ പുരോഗമിച്ചുവരുന്നു.

അക്രഡിറ്റേഷൻ:

കൂടാതെ വിവിധ വ്യവസായ മേഖലകളിൽനിന്നും ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങൾക്ക് KASE അക്രഡിറ്റേഷൻ ലഭ്യമാക്കുന്നു. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് കോഴ്സുകൾ രൂപകൽപ്പനചെയ്ത് പരിശീലനം ലഭ്യമാക്കി പരമാവധി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിക്കൊടുക്കുക എന്ന വ്യവസ്ഥയിലാണ് ഈ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നത്.

(സി) സ്കിൽ ഇന്ത്യാ മിഷൻ ഓപ്പറേഷൻ (SIMO) പദ്ധതിയിലൂടെ വേൾഡ് ബാങ്ക് നൽകുന്ന ധനസഹായം സംസ്ഥാനത്തെ വിവിധ നൈപുണ്യവികസന പദ്ധതികൾക്ക് വിനിയോഗിക്കേണ്ടതാണ്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനും ഏകോപനത്തിനുമായി സംസ്ഥാന നൈപുണ്യ വികസന മിഷനെ ചുമതല പ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നടത്തിവരുന്ന നൈപുണ്യ വികസന പദ്ധതികൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നതാണ് ഏകോപനത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതുമൂലം കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ ഇവയൊക്കെയാണ്:-

1. വിവിധ വകുപ്പുകൾ നടപ്പിലാക്കിവരുന്ന നൈപുണ്യവികസന പദ്ധതികളുടെ ശാസ്ത്രീയ നിരീക്ഷണവും വിവരശേഖരണവും ഫലപ്രദമായി നടപ്പിലാക്കുക.
2. വിവിധ വകുപ്പുകൾ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ മേൽനോട്ടവും പദ്ധതി നടത്തിപ്പുകളുടെ വകുപ്പുതല സഹകരണവും നടപ്പിലാക്കുക.
3. സംസ്ഥാന നൈപുണ്യവികസന പദ്ധതികൾക്കായി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

**വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ നാഷണൽ സർവ്വീസ് സ്കീം**

171 (4048) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങളിൽ നാഷണൽ സർവീസ് സ്കീം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.എസ്.എസ്. വാളണ്ടിയർമാർക്ക് നൽകുന്നതുപോലെ വ്യവസായ പരിശീലന കേന്ദ്രങ്ങളിലെ എൻ.എസ്.എസ്. വാളണ്ടിയർമാർക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ടോ;

(സി) ഇവർക്ക് ഗ്രേസ് മാർക്ക് നൽകാൻ ഇതിനകം സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) സാങ്കേതിക വിദ്യയിൽ പരിശീലനം നേടുന്ന എൻ.എസ്.എസ്. വാളണ്ടിയർമാരുടെ സേവനം പൊതുസമൂഹത്തിനു പ്രയോജനപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിക്കുമോ?

ഉത്തരം

(എ) 31 എണ്ണം.

(ബി) ഇല്ല.

(സി) കേന്ദ്ര നൈപുണ്യ വികസന വകുപ്പിന്റെ നിയന്ത്രണത്തിലാണ് പരിശീലനവും പരീക്ഷകളും നടത്തുന്നത്. ആയതിനാൽ കേന്ദ്ര നൈപുണ്യ വികസന വകുപ്പാണ് ഈ കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ വ്യാവസായിക പരിശീലന വകുപ്പ് നാഷണൽ സർവ്വീസ് സ്കീം സെൽ നടത്തിവരുന്നു.

(ഡി) പൊതുസമൂഹത്തിനു പ്രയോജനപ്പെടുന്ന ഒട്ടനവധി പദ്ധതികൾ വ്യാവസായിക പരിശീലന വകുപ്പ് നാഷണൽ സർവ്വീസ് സ്കീം നടപ്പിലാക്കിവരുന്നു. ഈ വർഷം കൂടുതൽ പദ്ധതികൾ വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പിരിച്ചുവിടൽ

172 (*T4049) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പിരിച്ചുവിട്ടു; അവ ഏതെല്ലാം;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ കർഷകത്തൊഴിലാളി സംഘടനകൾക്ക് പ്രാതിനിധ്യം നൽകി അവ എത്രയും വേഗം പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ജില്ലാടിസ്ഥാനത്തിൽ വിവിധ ക്ഷേമനിധി ഓഫീസുകൾ ഒരു കുടക്കീഴിൽ കൊണ്ടുവരാനും തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനായി തൊഴിലവകാശ കമ്മീഷൻ രൂപീകരിക്കുവാനും നടപടി സ്വീകരിക്കുമോ?

*T മാറ്റിച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിലെയും അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി നിയമാനുസൃതം അവസാനിപ്പിച്ച സർക്കാർ ഉത്തരവായിരുന്നു. അവ ചുവടെ പറയുന്നവയാണ് :

1. കേരള കെട്ടിട നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്
4. കേരള ഷോപ്പ്സ്&കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്
5. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്
6. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
7. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്
8. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
9. കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്
10. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
11. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്
12. കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷ ബോർഡ്
13. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്
14. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്
15. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
16. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13 ബോർഡുകളെ അതാത് മേഖലകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

173 (4050) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ക്ഷേമനിധി അംഗങ്ങൾക്ക് ലഭ്യമായിരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് കുടിശ്ശികയാക്കിയ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ബോർഡുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 75 ലക്ഷത്തോളം തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ ദ്വയാംഗത്വം കണ്ടുപിടിക്കുന്നതിനും ആനുകൂല്യ വിതരണം സുതാര്യമാക്കുന്നതിനും എല്ലാ ബോർഡുകളിലും കമ്പ്യൂട്ടറൈസേഷനും ഡിജിറ്റൈസേഷനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളായ തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേയ്സ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ് വെയർ മുഖേന ഡിജിറ്റൈസ് ചെയ്തുവരുകയാണ്. ഇൻഫർമേഷൻ കേരള മിഷന്റെ "സേവന" സോഫ്റ്റ്‌വെയർ മുഖേന ക്ഷേമനിധി ബോർഡുകളിലെ പെൻഷനേഴ്സിന്റെ വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി എല്ലാ ക്ഷേമനിധി ബോർഡുകൾക്കും ഏകീകൃതമായ ഒരു സോഫ്റ്റ്‌വെയർ വാങ്ങുന്നതിന് ഐ.ടി. മിഷനെ ചുമതലപ്പെടുത്തുന്ന നടപടി സ്വീകരിച്ചുവരുന്നു. വിവിധ ക്ഷേമനിധി ബോർഡുകളുടെ അംശദായവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിനും സമാന സ്വഭാവമുള്ള ബോർഡുകളും സ്കീമുകളും ഏകീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ മരണാനന്തര ആനുകൂല്യം 10,000 രൂപയിൽനിന്നും 25,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും നൽകിവരുന്ന ചികിത്സാ ധനസഹായം 1000 രൂപയിൽനിന്ന് 2500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ പെൺമക്കളുടെ വിവാഹ ധനസഹായമായി നൽകിവരുന്ന തുക 1000 രൂപയിൽനിന്നും 5000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ബോർഡിൽ നിന്നും നൽകിവരുന്ന വിവിധ സ്കോളർഷിപ്പുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ കഴിഞ്ഞ വർഷം 13% മുതൽ 150% വരെ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിലെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ എല്ലാ ക്ഷേമനിധി പെൻഷനുകളും ഏപ്രിൽ 2017 മുതൽ 1100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിലെ വർദ്ധിപ്പിച്ച അനുകൂല്യങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ കുടിശ്ശികയായിരുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷ ബോർഡ് എന്നീ ബോർഡുകളിൽ കുടിശ്ശിക തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ ഒഴികെയുള്ള ആനുകൂല്യങ്ങൾ വിതരണം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്തിട്ടുണ്ട്. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്ഷേമ പെൻഷൻ കുടിശ്ശികയില്ലാതെ നൽകിയിട്ടുണ്ട്. റിലീഫ് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി 290 കോടി രൂപ കുടിശ്ശികയുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥന പ്രകാരം ആനുകൂല്യ വിതരണത്തിനായി 30 കോടി രൂപ ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. എല്ലാ ക്ഷേമനിധി ബോർഡുകളിലും 2017 ആഗസ്റ്റ് മാസം വരെ പെൻഷൻ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) എല്ലാ ക്ഷേമനിധി ബോർഡുകളിലും കമ്പ്യൂട്ടറൈസേഷൻ നടത്തി വരികയാണ്. ബോർഡുകളിലെ അംഗങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഇതുവഴി അംശദായം നേരിട്ട് ഓഫീസുകളിലെത്തി അടയ്ക്കുന്നതിന് പകരം എൻ.ഇ.എഫ്.ടി. സൗകര്യമുള്ള ബാങ്ക് വഴി അടയ്ക്കാവുന്നതാണ്. പെൻഷൻ ആധാറുമായി ലിങ്ക്ചെയ്ത് പരിശോധിക്കുന്നതിന് സേവന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ട്. പെൻഷൻ ഉൾപ്പെടെയുള്ള എല്ലാവിധ ആനുകൂല്യങ്ങളും ബാങ്ക് വഴി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായി എല്ലാ ബോർഡുകൾക്കും വേണ്ടി പൊതുവായ ഒരു സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സ്വകാര്യ ആശുപത്രികളിലെ ട്രെയിനിംഗ് നഴ്സുമാർ**

174 (*T4051) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനവും പരിശീലനവും പൂർത്തിയാക്കിയ നഴ്സുമാരെ സ്വകാര്യ ആശുപത്രികളിൽ ട്രെയിനിംഗ് നഴ്സുമാർ എന്ന പേരിൽ വർഷങ്ങളോളം കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്യിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമപ്രകാരം നഴ്സുമാരെ എത്ര വർഷം വരെ ട്രെയിനികൾ എന്ന പേരിൽ നിയമിക്കാമെന്നറിയിക്കാമോ;

(സി) സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന പകുതിയോളം നഴ്സുമാർക്ക് നിയമന ഉത്തരവ് നൽകാതെ അവർക്ക് അർഹതപ്പെട്ട ഇ.എസ്.ഐ., ഇ.പി.എഫ്. ആനുകൂല്യം നിഷേധിക്കുന്ന കാര്യം പരിശോധിക്കുമോ?

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഉണ്ട്.

(ബി) 23-5-2013-ലെ സ.ഉ.(സാധാ.)നമ്പർ 893/13/തൊഴിൽ നമ്പർ ഉത്തരവിൻ പ്രകാരം പ്രാക്ടിക്കൽ ട്രെയിനിംഗ് കാലയളവ് പരമാവധി ഒരു വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) പരിശോധിക്കും. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മിനിമം വേതനം, ആനുകൂല്യങ്ങൾ, നിയമന ഉത്തരവ്, തിരിച്ചറിയൽ കാർഡ് എന്നിവ നൽകുന്നില്ല എന്ന് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലും സ്ഥാപന പരിശോധനകളിലൂടെ ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ 27-5-2017-ന് സംസ്ഥാനത്തെ 100 സ്വകാര്യ ആശുപത്രികളിൽ തൊഴിൽ വകുപ്പ് സ്പെഷ്യൽ പരിശോധന നടത്തുകയും കണ്ടെത്തിയ നിയമ ലംഘനങ്ങൾക്ക് പരിശോധനക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ക്ഷേമനിധി ഓഫീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി**

175 (4052) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള തൊഴിലാളി ക്ഷേമ ബോർഡുകളുടെ ഓഫീസുകൾ വലിയ തുക വാടക നൽകുന്ന കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ ക്ഷേമനിധി ബോർഡുകളുടെ ഓഫീസുകൾ ഒരേ സ്ഥലത്ത് വരാവുന്ന തരത്തിൽ ക്ഷേമനിധി ഓഫീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) താലൂക്കാസ്ഥാനങ്ങളിൽത്തന്നെ ഇത്തരം ഓഫീസുകൾ സ്ഥാപിക്കുന്നത് എത്ര മാത്രം പ്രയോജനപ്രദമായിരിക്കും എന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്**

176 (4053) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര തൊഴിലാളികളെ അംഗങ്ങളായി ചേർത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേമനിധി ബോർഡ് മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ;

(സി) 2016-17 വർഷം എത്ര കോടി രൂപ വിവിധ ഇനം ആനുകൂല്യങ്ങളായി വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ 2766 തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളാണ്.

(ബി) പി.എഫ്., ഗ്രാറ്റുവിറ്റി, പെൻഷൻ, ഭവന വായ്പ, അംഗത്തിന്റെ മക്കളുടെ വിവാഹത്തിനുള്ള അഡ്വാൻസ്, അംഗത്തിന്റെ മക്കളുടെ വിദ്യാഭ്യാസത്തിനുള്ള അഡ്വാൻസ്, രോഗചികിത്സയ്ക്കുള്ള അഡ്വാൻസ് എക്സ്ഗ്രേഷ്യാ, മരണാനന്തര ധനസഹായം, സ്കോളർഷിപ്പ് എന്നീ ആനുകൂല്യങ്ങൾ താഴെ വിവരിക്കുന്നത് പ്രകാരം നൽകി വരുന്നു :

<u>പെൻഷൻ :</u> പത്തുവർഷം വരെയുള്ള സർവ്വീസ് കാലയളവിന് 1,000 രൂപ മുതൽ ഓരോ അധിക വർഷത്തെ സർവ്വീസിനും 50 രൂപ വർദ്ധനവ് നൽകി പരമാവധി 2,000 രൂപയാക്കി നിജപ്പെടുത്തി വിതരണം ചെയ്യുന്നു.

<u>ഭവന വായ്പ:</u> തൊഴിലാളികളുടെ 12 മാസത്തെ വേതനത്തിൽ കൂടാത്ത തുകയോ അയാളുടെ ക്രെഡിറ്റിലുള്ള അയാളുടേതായ അംശദായമോ ഇതിൽ ഏതാണോ കുറവ് ആ തുക മുൻകൂറായി നൽകുന്നതാണ്.

<u>അംഗത്തിന്റെ മക്കളുടെ വിവാഹത്തിനുള്ള അഡ്വാൻസ്:</u> പി.എഫ്. അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ 50% തുക.

<u>അംഗത്തിന്റെ മക്കളുടെ വിദ്യാഭ്യാസത്തിനുള്ള അഡ്വാൻസ്:</u> 5,000 രൂപയിൽ കവിയാത്ത തുക.

<u>രോഗചികിത്സയ്ക്കുള്ള അഡ്വാൻസ്:</u> 500 രൂപയിൽ കവിയാത്ത തുക

<u>ധനസഹായങ്ങൾ</u>

(1) എക്സ്ഗ്രേഷ്യാ - 10,000 രൂപ

(2) മരണാനന്തര ധനസഹായം - 3,000 രൂപ

(3) സ്കോളർഷിപ്പ് - 8-11-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 176/2016/തൊഴിൽ പ്രകാരം കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗ തൊഴിലാളികളുടെ മക്കൾക്ക് പഠിക്കുന്ന കോഴ്സുകളുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് തുക അനുവദിക്കുന്നു.

(സി)

| വർഷം | പി.എഫ്. | ഗ്രാറ്റുവിറ്റി | പെൻഷൻ | എക്സ്-ഗ്രേഷ്യാ | മരണാനന്തര ധനസഹായം | ഭവന വായ്പ | ആകെ |
|---|---|---|---|---|---|---|---|
| 2016 -17 | 10,66,30,247 | 2,27,72,763 | 58,84,225 | 2,10,000 | 21,000 | 14,30,311 | 13,69,48,546 |

## നഴ്സുമാരുടെ പ്രതിമാസ ശമ്പളം

177(*T4054) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി നിയോഗിച്ച സമിതി 50 കിടക്കകൾ വരെയുള്ള ആശുപത്രികളിലെ നഴ്സുമാർക്ക് പ്രതിമാസം 20,000 രൂപ ശമ്പളം നൽകണമെന്ന് ശിപാർശ നൽകിയിരുന്നോ;

(ബി) 50 മുതൽ 100 വരെയും അതിനുമുകളിലും കിടക്കകളുള്ള ആശുപത്രികളിൽ നഴ്സുമാരുടെ ശമ്പളം എത്രയായി നിശ്ചയിക്കണമെന്നാണ് സമിതി ശിപാർശ ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് സ്വകാര്യ നഴ്സുമാരുടെ സമരം ഒത്തുതീർപ്പാക്കാൻ ബഹു. മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അവരുടെ ശമ്പളം സുപ്രീംകോടതി നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശയ്ക്ക് അനുസൃതമായി പുതുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

### ഉത്തരം

(എ) നൽകിയിരുന്നു.

(ബി)
- 51 മുതൽ 100 വരെ കിടക്കകളുള്ള സ്ഥാപനങ്ങൾ - സർക്കാർ നഴ്സുമാരുടെ വേതനത്തിൽനിന്നും 25% -ൽ കുറച്ചിട്ടുള്ള തുകയിൽ കുറയാത്തത്.
- 101 മുതൽ 200 വരെ കിടക്കകളുള്ള സ്ഥാപനങ്ങൾ - സർക്കാർ നഴ്സുമാരുടെ വേതനത്തിൽനിന്നും 10%-ൽ കുറച്ചിട്ടുള്ള തുകയിൽ കുറയാത്തത്.
- 200 മുകളിൽ കിടക്കകളുള്ള സ്ഥാപനങ്ങൾ - സർക്കാർ നഴ്സിന് തുല്യമായ വേതനം.

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) സംസ്ഥാനത്ത് സ്വകാര്യ നഴ്സുമാരുടെ സമരം ഒത്തുതീർപ്പാക്കാൻ ബഹു. മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 50 കിടക്ക വരെയുള്ള സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം 20,000 രൂപയായി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 50 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിലെ നഴ്സുമാരുടെ വേതനം സംബന്ധിച്ച് പഠിക്കുന്നതിനായി സർക്കാർ ഒരു ഉന്നതതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ മിനിമം വേതന ഉപദേശക സമിതിയുടെ പരിഗണനയ്ക്കായി നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. മിനിമം വേതന ഉപദേശക സമിതിയുടെ ശിപാർശപ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ ശുചിത്വം ഉറപ്പാക്കൽ**

178 (4055) ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ ശുചിത്വം ഉറപ്പാക്കാൻ കഴിയാത്തതിനാൽ രോഗങ്ങൾ പടർന്നു പിടിക്കുന്നിനുള്ള സാധ്യത ഏറെയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ക്യാമ്പുകളിൽ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ഒരുക്കുന്നതിനായി തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകൾ പലതിലേയും ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ഈ അവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ലെ സ.ഉ.(സാധാ) 960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക് ഫോഴ്സ് 17-12-2015-ലെ സ.ഉ.(സാധാ) 1717/2015/തൊഴിൽ ഉത്തരവ്

പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം ഊർജ്ജിതമായി നടന്നു വരുന്നു. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടുകൂടി മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. 2016-17 സാമ്പത്തിക വർഷം ഇതരസംസ്ഥാന തൊഴിലാളികളുടെ മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണത്തിനുമായി 50,00,000 രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 72 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയിൽ 15 ലക്ഷം രൂപ ബോധവൽക്കരണ പരിപാടികൾക്കായി മാറ്റിവച്ചിട്ടുണ്ട്.

## നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യാൻ നടപടി

179 (4056) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പേരുകളിൽ സംസ്ഥാനത്ത് ഇപ്പോഴും നോക്കുകൂലി നിലനിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നോക്കി നിൽക്കുന്നവർക്കാകരുത്, ജോലി ചെയ്യുന്നവർക്കാകണം കൂലി നൽകേണ്ടത് എന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ&ബി) നോക്കുകൂലി വാങ്ങുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചുമട്ടുതൊഴിലാളി മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കാണ് ചുമട്ടുകൂലി നൽകുന്നത്. ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളിൽ നൽകേണ്ട കൂലി നിരക്കുകൾ ചുമട്ടുതൊഴിലാളി ക്ഷേമബോർഡും അല്ലാത്തയിടങ്ങളിൽ ജില്ലാ ലേബർ ഓഫീസർമാരും നിശ്ചയിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## മത്സ്യബന്ധന/അനുബന്ധ മേഖലയിൽ പണിയെടുക്കുന്നവർക്ക് മിനിമം വേജസ് ഉറപ്പാക്കുന്നതിനുള്ള നടപടികൾ

180 (4057) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന/അനുബന്ധ മേഖലയിൽ പണിയെടുക്കുന്ന ജനവിഭാഗങ്ങളുടെ ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്കായി മിനിമം വേജസ് ഉറപ്പാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) മത്സ്യബന്ധന/അനുബന്ധ മേഖലയിൽ മിനിമം വേതനം പുതുക്കുന്നതിന് വേണ്ടുന്ന തെളിവെടുപ്പ് നടത്തി സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനായി 4-7-2017-ലെ സ.ഉ.(പി).65/2017/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സബ് കമ്മിറ്റിയുടെ തെളിവെടുപ്പ് വിവിധ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

**ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.യിലെ ട്രേഡുകൾ**

181 (4058) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിലെ ട്രേഡുകൾക്ക് എൻ.സി.വി.ടി.-യുടെ അംഗീകാരം ലഭിക്കുന്നതിനും പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനും ഐ.ടി.ഐ.-യോട് ചേർന്നുള്ള ഒരേക്കർ സർക്കാർ ഭൂമി ഐ.ടി.ഐ.ക്ക് ലഭിക്കുന്നതിനും ഐ.ടി.ഐ.-യുടെ പദവി ഉയർത്തുന്നതിനുമൊക്കെയായി ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ള ട്രേഡുകൾ ഏതൊക്കെയാണെന്നും ഓരോ ട്രേഡിലും എത്ര കുട്ടികൾക്ക് അഡ്മിഷൻ നൽകുവാൻ സൗകര്യമുണ്ടെന്നും അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇവിടെ പുതുതായി ഏതെങ്കിലും ട്രേഡുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന വിവരം അറിയിക്കാമോ;

(ഇ) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പുതിയ ട്രേഡുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ പുതിയ മാനദണ്ഡങ്ങൾ പ്രകാരം ട്രേഡുകൾക്ക് എൻ.സി.വി.ടി. അംഗീകാരം ലഭിക്കാൻ ഓരോ ട്രേഡിനും 2 യൂണിറ്റ് ആവശ്യമാണ്. നിലവിൽ ചാത്തന്നൂർ ഐ.ടി.ഐ.യിൽ ഓരോ യൂണിറ്റിൽവീതം പരിശീലനം നൽകിവരുന്ന പെയിന്റർ ജനറൽ, ഡ്രസ്സ് മേക്കിംഗ്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ ട്രേഡുകളുടെ ഓരോ

യൂണിറ്റു കൂടി അനുവദിക്കുന്നതിനും ടി ട്രേഡുകളിലേയ്ക്ക് ഉപകരണങ്ങൾ സംഭരിക്കുന്നതിനുമായി ലഭിച്ച ശിപാർശ പരിശോധിച്ചുവരുന്നു. ചാത്തന്നൂർ ഐ.ടി.ഐ.യുടെ മുന്നിലുള്ള ഒരേക്കർ തരിശുഭൂമി (മീനാട് വില്ലേജിൽ റീ സർവ്വേ 158/2, ബ്ലോക്ക് നമ്പർ 30-ൽ പെട്ട ഒരേക്കർ സ്ഥലം) വകുപ്പിന് ലഭ്യമാക്കുന്നതിനായി ലാന്റ് ട്രാൻസ്ഫർ ഫോമിൽ അപേക്ഷ കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) ചാത്തന്നൂർ ഗവ.ഐ.ടി.ഐ.യിലെ നിലവിലുള്ള ട്രേഡുകളും അഡ്മിഷൻ നൽകാൻ കഴിയുന്ന കുട്ടികളുടെ എണ്ണവും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| നമ്പർ | ട്രേഡ് | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | ഇലക്ട്രീഷ്യൻ | 42 |
| 2 | ഡ്രസ്സ്മേക്കിംഗ് | 21 |
| 3 | പെയിന്റർ ജനറൽ | 21 |
| 4 | ഫിറ്റർ | 42 |
| 5 | വെൽഡർ | 32 |
| 6 | സർവ്വേയർ | 42 |
| 7 | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 21 |
| 8 | മെക്കാനിക് മോട്ടോർ വെഹിക്കിൾ | 42 |

(ഡി) ഇല്ല.

(ഇ) പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ പുതുക്കിനൽകുന്നതിനുള്ള അവസരം

182 (4059) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ദീർഘകാലമായി രജിസ്ട്രേഷൻ നടത്തിയവരും നിലവിൽ ചുരുങ്ങിയ കാലയളവിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ പോയവരുമായവർക്ക് പൂർവ്വകാല പ്രാബല്യത്തോടെ രജിസ്ട്രേഷൻ പുതുക്കിനൽകുന്നതിനുള്ള അവസരം നൽകുമോ;

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിധവകൾ, അംഗപരിമിതർ എന്നിവരുടെ നിയമന ശിപാർശകൾ നിശ്ചയിക്കപ്പെട്ട നിലയിൽ നടക്കുന്നതായി സർക്കാർ ഉറപ്പു വരുത്താറുണ്ടോ;

(സി) ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളതും രജിസ്ട്രേഷൻ നിലവിലുള്ളതുമായ വിധവകളുടെയും അംഗപരിമിതരുടെയും വിവരങ്ങൾ നൽകുമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമന ശിപാർശകൾ പരമാവധി വേഗത്തിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ.ഉ.(സാധാ) നമ്പർ 1024/17/തൊഴിൽ തീയതി 5-8-2017 പ്രകാരം 1-1-1997 മുതൽ 31-7-2017 വരെ പുതുക്കാതെ ലാപ്സായ രജിസ്ട്രേഷനുകൾ സീനിയോറിറ്റിയോടെ പുതുക്കുന്നതിന് 2-9-2017 മുതൽ 31-10-2017 വരെ സമയം അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിധവകൾ, അംഗപരിമിതർ എന്നിവർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്ക് വയസ്സിളവും മുൻഗണനയും ലഭിക്കുന്നതാണ്. അവരുടെ നിയമന ശിപാർശകൾ നിലവിലുള്ള സർക്കാർ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിട്ടാണ് നടത്തുന്നത്.

(സി) ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളതും രജിസ്ട്രേഷൻ നിലവിലുള്ളതുമായ വിധവകളുടെ എണ്ണം-737, അംഗപരിമിതരുടെ എണ്ണം - 1084.

(ഡി) ഉദ്യോഗദായകൻ അറിയിക്കുന്ന ഒഴിവുകളിന്മേൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശ പട്ടിക സമയപരിധി പാലിച്ചു കൃത്യമായും പരമാവധി വേഗത്തിലും ഉദ്യോഗദായകർക്ക് നൽകിവരുന്നു. കമ്പ്യൂട്ടർവൽക്കരണ നടപടികൾ പൂർത്തിയാകുന്നതോടുകൂടി ഏറ്റവും വേഗത്തിൽ ലിസ്റ്റ് നൽകുവാൻ കഴിയും.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നിയമനങ്ങൾ**

183 (4060) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, അർദ്ധ സർക്കാർ മേഖലകളിൽ ആറ് മാസത്തിൽ കൂടുതലായുള്ള കാലയളവിലേക്കായി വരുന്ന താൽക്കാലിക നിയമനങ്ങൾ പൂർണ്ണമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽനിന്നും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആവശ്യമെങ്കിൽ ഇതിനായി നിയമനിർമ്മാണം നടത്തുവാൻ തയ്യാറാകുമോ എന്നറിയിക്കാമോ?

## ഉത്തരം

(എ) പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേയ്ക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പുമേധാവികൾ/ ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും സംസ്ഥാനത്തെ എല്ലാ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/ കോർപ്പറേഷനുകൾ/കമ്പനികൾ എന്നിവയിലെ മേധാവികൾക്ക് 5-2-2014-ലെ 25941/ ജി2/2013/തൊഴിൽ നമ്പർ സർക്കുലർ പ്രകാരവും 26-12-2016-ലെ 1046913/ജി2/ തൊഴിൽ നമ്പർ കത്ത് പ്രകാരവും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് വകുപ്പിലെ എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ വിഭാഗം 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധന നടത്തുകയും രേഖകൾ പരിശോധിച്ച് ആക്ട് ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ അനധികൃതമായി നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള കർശന നിർദ്ദേശം നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) Compulsory Notification of Vacancies (CNV) ആക്ട് ഭേദഗതി ചെയ്യാൻ ബുദ്ധിമുട്ടുള്ളതിനാൽ സംസ്ഥാന തലത്തിൽ ഇത് സംബന്ധിച്ച് നിയമം കൊണ്ടുവരുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

### ഇ.എസ്.ഐ.(ESI) പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾ

182 (4061) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. (ESI) പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ചികിത്സയ്ക്ക് മറ്റ് സംസ്ഥാനങ്ങളിലെ ആശുപത്രികളിൽ പോയാൽ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുമോ;

(ബി) അതിർത്തി ജില്ലകളിൽപ്പെടുന്ന തൊഴിലാളികൾ കൂടുതലായി മറ്റ് സംസ്ഥാനങ്ങളിലെ ആശുപത്രികളെ ചികിത്സയ്ക്കായി ആശ്രയിക്കുന്ന സ്ഥിതി ഉണ്ട് ; ഇത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മറ്റ് സംസ്ഥാനത്ത് പോയി ചികിത്സിച്ചാലും ആനുകൂല്യം ലഭിക്കാൻ ആവശ്യമായ ഇടപെടൽ സർക്കാർ നടത്തുമോ?

## ഉത്തരം

(എ) അടിയന്തര ഘട്ടങ്ങളിൽ മറ്റ് സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ ചികിത്സ തേടുന്നപക്ഷം ഇ.എസ്.ഐ. ആനുകൂല്യം നൽകുന്നതാണ്. കൂടാതെ സംസ്ഥാനത്ത് നിലവിലില്ലാത്ത ചികിത്സ മറ്റൊരു സംസ്ഥാനത്തുനിന്നും ലഭ്യമാകുമെന്ന് സർക്കാർ മെഡിക്കൽ കോളേജിൽനിന്നുള്ള രേഖകൾ ഹാജരാക്കുന്നപക്ഷം പ്രസ്തുത ചികിത്സയ്ക്കുള്ള അനുമതി സർക്കാർ തലത്തിൽ നൽകാറുണ്ട്. ഇക്കാര്യത്തിലും ഗുണഭോക്താവിന് ഇ.എസ്.ഐ. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

(ബി) കേരളത്തിന്റെ അതിർത്തി ജില്ലയായ കാസർഗോഡ് ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി മാത്രമാണുള്ളത്. സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് കണ്ണൂരിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രിയെ ആശ്രയിക്കണമെങ്കിൽ വളരെ ദൂരം രോഗിക്ക് യാത്ര ചെയ്യേണ്ടിവരുന്നു. കാസർഗോഡ് ജില്ലയിൽ എംപാനൽ ചെയ്ത പ്രൈവറ്റ് ആശുപത്രികളും ഇല്ല. അടിയന്തര ഘട്ടങ്ങളിൽ കാസർഗോഡ്നിന്നും മംഗലാപുരത്ത് ചികിത്സ തേടുന്നുണ്ട്. പാലക്കാട് ജില്ലയിലെ ഗുണഭോക്താക്കൾ തമിഴ്നാട്ടിലുള്ള ആശുപത്രികളിൽ ചികിത്സ തേടുന്നത് കുറവാണ്.

(സി) കേരള സംസ്ഥാനത്ത് ലഭ്യമല്ലാത്ത ഒരു സ്പെഷ്യാലിറ്റി ചികിത്സ മറ്റൊരു സംസ്ഥാനത്ത് ലഭ്യമാണ് എന്ന് സർക്കാർ മെഡിക്കൽ കോളേജിൽനിന്നുള്ള രേഖകൾ ഹാജരാക്കുന്നപക്ഷം പ്രസ്തുത ചികിത്സയ്ക്കായി മറ്റൊരു സംസ്ഥാനത്ത് പോകുന്നതിനുള്ള അനുമതി സംസ്ഥാന സർക്കാർ നൽകാറുണ്ട്. ഇക്കാര്യത്തിൽ ഗുണഭോക്താവിന് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ ഇടപെടലും സർക്കാർ നടത്തുന്നുണ്ട്.

## ഐ.ടി.ഐ.-കൾക്ക് അന്തർദേശീയ നിലവാരം

183 (4062) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഐ.ടി.ഐ.കളെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ആധുനിക സാങ്കേതിക സൗകര്യങ്ങളാണ് ഐ.ടി.ഐ.-കളിൽ ഇതോടനുബന്ധിച്ച് ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) ധനസഹായത്തോടെ 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ചാക്ക, കോഴിക്കോട് ഗവ. ഐ.ടി.ഐ.-കളെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എന്തെല്ലാം ആധുനിക സാങ്കേതിക സൗകര്യങ്ങളാണ് ഇതിനായി ഒരുക്കേണ്ടത് എന്നതുൾപ്പെടെയുള്ള വിഷയങ്ങളും അന്താരാഷ്ട്ര നിലവാരത്തിന്റെ മാനദണ്ഡവും നിശ്ചയിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്നതിന് ഇതിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിച്ചിട്ടുള്ള കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

**കരിയർ ഡെവലപ്മെന്റ് സെന്ററുകൾ**

186 (4063) <u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് കരിയർ ഡവലപ്മെന്റ് സെന്ററുകളിൽ ഒരുക്കിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. തൊഴിൽ അവബോധ പരിശീലന ക്ലാസുകൾ നയിക്കുന്നതിന് അതാതു മേഖലയിൽ വൈദഗ്ദ്ധ്യമുള്ള ഫാക്കൽറ്റികളുടെ സേവനമാണ് പ്രയോജനപ്പെടുത്തുന്നത്. കരിയർ സംബന്ധമായ എല്ലാ അറിവുകളും ശേഖരിച്ച് ക്രോഡീകരിച്ച് അനുയോജ്യമായ സോഫ്റ്റ് വെയറിൽ സൂക്ഷിക്കുകയും ദൈനംദിനം നവീകരിച്ച് ഒരു കരിയർ ഇൻഫർമേഷൻ ഡാറ്റാ ബാങ്കായി സൂക്ഷിച്ച് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും പ്രയോജനപ്രദമാകുന്ന വിധത്തിൽ വിനിയോഗിക്കുകയും ചെയ്യുന്നു. ടി സെന്ററുകളിൽ പരിശീലനം നൽകുന്നതിനായി സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി തുടങ്ങിയവ ആധുനിക സൗകര്യങ്ങളോടുകൂടി സജ്ജീകരിച്ചിട്ടുണ്ട്. കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ

കൗൺസിലിംഗ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിംഗ്, മോട്ടിവേഷൻ ക്ലാസുകൾ, പ്രീ-ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ തുടങ്ങിയവയാണ് കരിയർ ഡെവലപ്മെന്റ് സെന്ററിൽനിന്നും നൽകുന്ന സേവനങ്ങൾ. ഇതിലൂടെ ഗ്രാമീണ മേഖലയിലെ ഉദ്യോഗാർത്ഥികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെ കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകുന്നതിനും ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുവാനും കഴിയുന്നുണ്ട്.

## വയനാട്ടിലെ കെ.എം.എം. ഗവ. ഐ.ടി.ഐ. എ. ഗ്രേഡ് ആക്കുന്നതിനുള്ള നടപടികൾ

187 (4064) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ ഗ്രേഡ് ഐ.ടി.ഐ.-കൾ ഇല്ലാത്ത ഏക ജില്ല വയനാടാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1982-ൽ ആരംഭിച്ചതും 2016-ൽ സംസ്ഥാനത്തെ ഏറ്റവും മികച്ച ഐ.ടി.ഐ.-ക്കുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാരം നേടിയതുമായ കൽപ്പറ്റ കെ.എം.എം. ഗവൺമെന്റ് ഐ.ടി.ഐ., എ ഗ്രേഡ് ആക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതുസംബന്ധിച്ച ശിപാർശ ബന്ധപ്പെട്ട വകുപ്പിൽനിന്നും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കൽപ്പറ്റ ഐ.ടി.ഐ.-യെ ഒന്നാം നിര ഐ.ടി.ഐ. ആക്കുന്നതിനുള്ള ശിപാർശ വ്യാവസായിക പരിശീലന വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.

188 (4065) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.(ജനറൽ)യിൽ നേരത്തേയുണ്ടായിരുന്ന പ്രൊഡക്ഷൻ ആന്റ് മാനുഫാക്ചറിംഗ് ട്രേഡുകൾ നിർത്തലാക്കുന്നതുമൂലം പരിശീലനാവസരം നഷ്ടപ്പെടുന്ന 125-ലധികം വരുന്ന വിദ്യാർത്ഥികൾക്ക്, CNC മെഷീനിംഗ് ട്രേഡിനു പകരമായി "ഓപ്പറേറ്റർ അഡ്വാൻസ്ഡ് മെഷീൻ ടൂൾ" ട്രേഡ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ, മെക്കാനിക്ക് ഓട്ടോ ബോഡി പെയിന്റിംഗ്, വെൽഡർ - ഇൻസ്പെക്ഷൻ ആന്റ് ടെസ്റ്റിംഗ് എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ഉത്തരവ് ഇറക്കുന്നതിനും, പ്രസ്തുത ട്രേഡുകളിലേയ്ക്കുള്ള പ്രവേശനം 2017-ൽ തന്നെ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഓപ്പറേറ്റർ അഡ്വാൻസ്ഡ് മെഷീൻ ടൂൾസ് ട്രേഡ് ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ബി) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യിൽ മെക്കാനിക്ക് ഓട്ടോ ബോഡി പെയിന്റിംഗ്, വെൽഡർ-ഇൻസ്പെക്ഷൻ ആന്റ് ടെസ്റ്റിംഗ് എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിന് 19-8-2017-ലെ ജി.ഒ.(ആർടി.) നമ്പർ 1116/17/തൊഴിൽപ്രകാരം ഉത്തരവായിട്ടുണ്ട്. ക്ലാസ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ചെങ്ങന്നൂർ ഐ.ടി.ഐ. അന്താരാഷ്ട്ര പഠനകേന്ദ്രമാക്കി ഉയർത്തുവാൻ നടപടി

189 (4066) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര പഠനകേന്ദ്രമാക്കി ചെങ്ങന്നൂർ ഐ.ടി.ഐ.-യെ ഉയർത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട് സമർപ്പിച്ചുവോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ധനസഹായത്തോടെ ചെങ്ങന്നൂർ ഐ.ടി.ഐ. അടക്കമുള്ള 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ട് (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തയ്യാറാക്കി വരുന്നു. ടി പദ്ധതി റിപ്പോർട്ട് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ മുമ്പാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

## കൺസ്ട്രക്ഷൻ അക്കാഡമി

190 (4067) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ചുമതലയേറ്റ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ് ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമി സംബന്ധിച്ച് അഭിപ്രായം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ;

(ബി) കൺസ്ട്രക്ഷൻ അക്കാദമിക്കായി ചത്തന്നൂരിൽ വിലയ്ക്ക് വാങ്ങിയ 10 ഏക്കർ സ്ഥലത്ത് സമൂഹത്തിന് പ്രയോജനകരമാകുന്ന ഒരു സ്ഥാപനം തുടങ്ങാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) സാങ്കേതിക നിപുണതയും വിദഗ്ദ്ധപരിശീലനവും നൽകത്തക്ക വിധത്തിലുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ധ്യ കേന്ദ്രം ഇവിടെ സ്ഥാപിക്കുന്നതിന് താമസം നേരിടുന്നതിന്റെ കാരണങ്ങളും തടസ്സങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ 2-3-2017-ലെ 194-ാമത് ബോർഡ് യോഗത്തിൽ ഇക്കാര്യം അജണ്ട നമ്പർ 36/17 ആയി ചർച്ചചെയ്യുകയും കണ്ടസ്ട്രക്ഷൻ അക്കാഡമി എന്ന സ്ഥാപനം ഉപേക്ഷിക്കേണ്ടതില്ലെന്നും നിലവിൽ ബോർഡ് ഇതിനായി കൊല്ലം ചാത്തന്നൂരിൽ വിലയ്ക്ക് വാങ്ങിയിട്ടുള്ള 10 ഏക്കർ സ്ഥലത്തുതന്നെ ടി അക്കാഡമി ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്നും ബോർഡ് യോഗം തീരുമാനിച്ചിരുന്നു.

(ബി&സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന് കീഴിൽ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) നിലവിൽവന്നു. ഈ സാഹചര്യത്തിൽ കൊല്ലം ജില്ലയിൽ തൊട്ടടുത്ത സ്ഥലങ്ങളിലായി രണ്ട് കൺസ്ട്രക്ഷൻ അക്കാദമികൾ സ്ഥാപിച്ച് പ്രവർത്തനം നടത്തുവാൻ കഴിയുമോ എന്ന കാര്യത്തിൽ വ്യക്തത ആവശ്യമാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുമായി കൂടിയാലോചന നടത്തി സമൂഹത്തിന് പ്രയോജനകരമാകുന്ന തരത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ഡീ-അഡിക്ഷൻ ആന്റ് റിസർച്ച് സെന്റർ രൂപീകരണം

191 (4068) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് ഡീ-അഡിക്ഷൻ ആന്റ് റിസർച്ച് സെന്റർ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ സർക്കാരിന് കൈമാറിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) കൃഷി വകുപ്പിന്റെ കീഴിൽ നേര്യമംഗലത്ത് പ്രവർത്തിക്കുന്ന ജില്ലാ കൃഷിത്തോട്ടത്തിൽ ഈ സെന്റർ തുടങ്ങുന്നതിനുവേണ്ട സ്ഥലവും മറ്റ് അനുകൂല ഘടകങ്ങളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സെന്റർ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എക്സൈസ് വകുപ്പിന്റെ കീഴിൽ വിമുക്തി മിഷന്റെ ഭാഗമായി ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" -യുടെ ധനസഹായത്തോടെ സർക്കാർ ആശുപത്രികളോട് ചേർന്ന് ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്റർ തുടങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. ആരോഗ്യ വകുപ്പിൽനിന്നും 10 ജില്ലകളിലെ 10 ആശുപത്രികളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് താമസംവിനാ ഇവ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. എക്സൈസ് വകുപ്പിന്റെ കീഴിൽ ദേശീയ നിലവാരത്തിലുള്ള ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് കുറഞ്ഞത് 10 ഏക്കർ സ്ഥലം ആവശ്യമാണ്. ടി 10 ഏക്കർ സ്ഥലം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കോഴിക്കോട് കിനാലൂർ എസ്റ്റേറ്റിലും എറണാകുളം ജില്ലയിലെ നേര്യമംഗലത്ത് ജില്ലാ കൃഷിത്തോട്ടത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥലവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സ്ഥലം കോഴിക്കോട് കിനാലൂരിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള കിനാലൂർ എസ്റ്റേറ്റിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

192 (4069) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. കെ. ശശി :
ശ്രീ. എം. നൗഷാദ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഉപഭോഗം തടയുന്നതിനായി കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി ബിവറേജസ് കോർപ്പറേഷൻ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) 2016-17 സാമ്പത്തിക വർഷത്തിൽ ബിവറേജസ് കോർപ്പറേഷൻ സർക്കാരിലേയ്ക്ക് നൽകിയ വരുമാനത്തിൽ മുൻ വർഷത്തെക്കാൾ വർദ്ധന ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബിവറേജസ് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് മദ്യം സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള കുത്തകാവകാശം കെ.എസ്.ബി.സി.-യിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ എഫ്.എൽ.-9 വെയർഹൗസുകളിലും എഫ്.എൽ.-1 ചില്ലറ വില്പനശാലകളിലും എല്ലായ്പ്പോഴും ആവശ്യത്തിന് സ്റ്റോക്ക് ലഭ്യമാണെന്ന് കെ.എസ്.ബി.സി. ഉറപ്പുവരുത്തുന്നു. വില്പനയുടെ പ്രവണതകൾക്കനുസരിച്ച് ദിനംപ്രതി മദ്യത്തിന്റെ പർച്ചേസ് ഓർഡറുകൾ സമർപ്പിക്കുക വഴി ഒരു മാസത്തെ വിൽപ്പനയ്ക്കാവശ്യമായ മദ്യം കെ.എസ്.ബി.സി.-യുടെ വിവിധ യൂണിറ്റുകളിൽ ലഭ്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. വില കുറഞ്ഞ ഇനം മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടുകൂടി കെയ്സ് ഒന്നിന് ലാൻഡഡ് കോസ്റ്റ് 400 രൂപയിൽ കുറഞ്ഞ ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന് പരിധിയില്ലാതെ പർച്ചേസ് ഓർഡറുകൾ നൽകുന്നുണ്ട്. കൂടാതെ കേരള സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനിയായ ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ് നിർമ്മിക്കുന്ന മദ്യം മുഴുവൻ വാങ്ങുന്നതും വിൽക്കുന്നതും കെ.എസ്.ബി.സി. മുഖേനയാണ്.

(ബി) സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തിൽ സ്നേഹതീരം ചാരിറ്റബിൾ സൊസൈറ്റിയിലെ അന്തേവാസികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനായി സി.എസ്.ആർ. ഫണ്ടിൽനിന്നും 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 10-ാം സ്റ്റാന്റേർഡിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മദ്യത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ള പുസ്തകം പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനായി നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിക്ക് രണ്ട് ലക്ഷം രൂപ നൽകിയിട്ടുണ്ട്. വികലാംഗർക്ക് അധിക ചക്രങ്ങൾ ഘടിപ്പിച്ച 140 മോട്ടോർ സ്കൂട്ടറുകൾ സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന വാങ്ങി വിതരണം ചെയ്യുന്നതിലേക്കായി ഒരു കോടി രൂപ നൽകാനും സംസ്ഥാന ശുചിത്വമിഷന് 50 ലക്ഷം രൂപ നൽകാനും തീരുമാനമായിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്തെ ജനങ്ങൾക്കിടയിൽ മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എക്സൈസ് വകുപ്പിന് സി.എസ്.ആർ. ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സി. സംസ്ഥാന ഖജനാവിലേയ്ക്ക് നൽകിയ റവന്യൂവിൽ 2015-16 സാമ്പത്തിക വർഷത്തേക്കാൾ 566 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) എഫ്.എൽ.-1 ചില്ലറ വില്പനശാലകളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 156 അസിസ്റ്റന്റ്, 300 ഹെൽപ്പർ എന്നീ തസ്തികകളിൽ താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്.

## ലഹരി വസ്തുക്കളുടെ ഉപയോഗം തടയാൻ നടപടി

193 (4070) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ, കലാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മദ്യ, മയക്കുമരുന്ന് മാഫിയകളുടെ പ്രവർത്തനം തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂളുകളുടെ പരിസരത്ത് പുകയില ഉല്പന്നങ്ങളുടെ വില്പന നടത്തിയതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസെടുക്കുകയുണ്ടായി എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) വിദ്യാർത്ഥികൾക്ക് പുകവലി/മറ്റ് മയക്കുമരുന്ന് ഉപയോഗം എന്നിവയുടെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്നതിനായി നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് സംസ്ഥാന എക്സൈസ് വകുപ്പ് നടത്തിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ തുടങ്ങിയവയുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹരണത്തോടെ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. നാളിതുവരെ 1400-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017 ജൂലൈ 31 വരെ സ്കൂളുകളുടെ പരിസരത്ത് പുകയില ഉല്പന്നങ്ങളുടെ വില്പന നടത്തിയതിന്റെ പേരിൽ 7607 പേർക്കെതിരെ എക്സൈസ് വകുപ്പ് കേസെടുത്തിട്ടുണ്ട്.

(സി) വിദ്യാർത്ഥികളെയും യുവജനങ്ങളെയും മദ്യം, മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ തുടങ്ങിയവയുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" -യുടെ പരമപ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി 'ലഹരിക്കെതിരെ യുവത്വം' എന്ന സന്ദേശമുയർത്തി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വ്യാപകമായ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുന്നതും വിമുക്തിയുടെ ഉദ്ദേശ്യ ലക്ഷ്യമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്ന 2542 ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ ലഹരിക്കെതിരെ പ്രചാരണം നടത്തുന്നതിന്റെ ഭാഗമായി ആയതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളും മത്സരങ്ങളും പ്രദർശനങ്ങളും ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിലെ വിവിധ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ലഹരി മരുന്നുകളുടെ ഉപയോഗം കുറയ്ക്കാൻ നടപടി**

194 (4071) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി മരുന്നുകളുടെ ഉപയോഗം കുറയ്ക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇതരസംസ്ഥാനങ്ങളിൽനിന്ന് ലഹരി പദാർത്ഥങ്ങൾ കൊണ്ടുവരുന്നവരെ പിടികൂടുന്നതിനും ലഹരി വസ്തുക്കളുടെ വരവ് പൂർണ്ണമായി തടയുന്നതിനും കർശന നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും പരിശോധനകൾ നടത്തിവരുന്നു. എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ബോർഡർ/റോഡ് പെട്രോളിംഗ് യൂണിറ്റുകളുടെ പരിശോധന കർശനമാക്കിയിട്ടുമുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നതുമാണ്. വ്യാജമദ്യം, മയക്കമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽനിന്നും ഫോൺ, ഇ-മെയിൽ വാട്ട്സ്-ആപ്പ്, ഫെയ്സ്-ബുക്ക് തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ടി പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും നാളിതുവരെ 1400-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ അടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ കൂടി സഹകരണത്തോടെ

ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവത്കരണ മിഷന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ലഹരിക്കെതിരായി പൊതുജനങ്ങൾക്കിടയിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ കീഴിൽ ദേശീയ നിലവാരത്തിലുള്ള പുനരധിവാസ സൗകര്യത്തോടു കൂടിയ ഒരു സംസ്ഥാനതല മാതൃകാ ലഹരി വമോചന കേന്ദ്രം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് അംഗീകൃത മദ്യത്തിന്റെ ലഭ്യത കുറഞ്ഞതിനേത്തുടർന്നാണ് കഞ്ചാവിന്റെയും ലഹരിമരുന്നുകളുടെയും വില്പനയും ഉപഭോഗവും വർദ്ധിച്ചുവന്നതെന്നാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ആയത് പരിഗണിച്ചും മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ട് മാത്രം ഉപഭോഗം കുറയുകയില്ല എന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലും ശക്തമായ എൻഫോഴ്സെന്റ് പ്രവർത്തനങ്ങളോടൊപ്പം ബോധവത്കരണ പ്രചാരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിനും ലഹരിക്കുമെതിരായി ജനകീയ ബോധം വളർത്തിയെടുക്കുന്നതിന് ലക്ഷ്യമിട്ടുമാണ് പുതുക്കിയ മദ്യനയം സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്.

(ബി&സി) കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്ന ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടെത്തി ബന്ധപ്പെട്ട സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് ഏജൻസികളുടെ സഹായത്തോടെ നിയമ നടപടികൾ കൈക്കൊള്ളുന്നതിനും വിവരങ്ങൾ പരസ്പരം കൈമാറി ലഹരിവസ്തുക്കൾക്കെതിരായി വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതാണ്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നതുമാണ്. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പെട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നതും ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര

പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹനപരിശോധന നടത്തിവരുന്നതുമാണ്. ലഹരി വസ്തുക്കളുടെ വില്പന തടയുന്നതിന് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതും സംസ്ഥാനത്തുടനീളം എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നതുമാണ്.

**പുതിയ തരത്തിലുള്ള മയക്കുമരുന്നുകളുടെ വരവ്**

195 (4072) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ തരത്തിലുള്ള വിവിധ മയക്കുമരുന്നുകളുടെ വരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റിക്കർ രൂപത്തിലും അതുപോലെ പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കാത്ത തരത്തിലും വരുന്ന ഇത്തരം മയക്കുമരുന്നുകളെ കണ്ടുപിടിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എല്ലാത്തരം നിരോധിത ലഹരി വസ്തുക്കളുടെയും ഉത്പാദനം, കടത്ത്, വിപണനം, ഉപയോഗം തുടങ്ങിയവ കണ്ടെത്തി തടയുന്നതിനും അവയ്ക്കെതിരായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് നാർക്കോട്ടിക് വിഭാഗത്തിൽപ്പെട്ട ഹെറോയിൻ, ബ്രൗൺഷുഗർ, ഓപ്പിയം, കൊക്കയിൻ, ഹാഷിഷ്, എം.ഡി.എം.എ. തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. കൂടാതെ സ്റ്റാമ്പ്/സ്റ്റിക്കർ രൂപത്തിലുള്ള എൽ.എസ്.ഡി. എന്ന ലഹരി വസ്തുവിന്റെ ഉപയോഗവും കണ്ടെത്തിയിട്ടുണ്ട്. ഇത്തരം നിരോധിത ലഹരി പദാർത്ഥങ്ങൾ കൂടാതെ കൊഡീൻ അടങ്ങിയിട്ടുള്ള കഫ് സിറപ്പുകൾ, ക്ലോബാസം, ഡൈസെഫാം, ലോറസെഫാം, നൈട്രോസെഫാം എന്നിവ അടങ്ങിയ ജീവൻരക്ഷാ മരുന്നുകളും സ്പാസ്മോ പ്രോക്സിവോൻ ഗുളികകളും ലഹരിക്കായി ദുരുപയോഗം ചെയ്തുവരുന്നു. ആംഫിറ്റമീൻ, അനാവർ, ഡെക്കാഡ്യുറാബൊലിൻ,

ഗ്രോത്ത്, വിൻസ്റ്റോൾ (അനാബോളിക് സ്റ്റിറോയിഡ്) തുടങ്ങിയ മരുന്നുകൾ കായിക താരങ്ങൾ, ജിംനേഷ്യത്തിൽ പ്രാക്ടീസ് ചെയ്യുന്നവർ ഉൾപ്പെടെയുള്ളവർ ലഹരിക്കും അവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുമായി ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത്തരം ലഹരി വസ്തുക്കൾ തിരിച്ചറിയുന്നതിന് സഹായകരമാകുന്ന തരത്തിലുള്ള പരിശീലനങ്ങൾ എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതും കാലാകാലങ്ങളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നതും ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ ലഭ്യമാക്കിയിട്ടുള്ളതുമാണ്. കഞ്ചാവ് അടക്കമുള്ള ഇത്തരം ലഹരിവസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നതായാണ് ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ നിയമവിരുദ്ധ ലഹരിവസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും കണ്ടെത്തി ഫലപ്രദമായി തടയുന്നതിന് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകൾ, ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ്, ബോർഡർ/ റോഡ് പെട്രോളിംഗ് വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി യിട്ടുള്ളതുമാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെയും സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഈ വിഷയത്തിൽ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രസ്തുത വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തിവരുന്നതുമാണ്. ഇത്തരം ലഹരി വസ്തുക്കൾക്കെതിരായി പൊതുസമൂഹത്തിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഇടയിൽ അവബോധം സൃഷ്ടിക്കാനുതകുന്ന തരത്തിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്.

**പാൻ ഉൽപ്പന്നങ്ങൾ**

196 (4073) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരേന്ത്യക്കാരെ കടത്തുകാരാക്കി തീവണ്ടിയിൽ വൻതോതിൽ പാൻ ഉൽപ്പന്നങ്ങൾ കേരളത്തിലെത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര കിലോ പാൻ ഉൽപ്പന്നങ്ങൾ പിടിച്ചുവെന്നും ഇതിന് എത്ര രൂപ വില വരുമെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പാൻ ഉൽപ്പന്നങ്ങൾ പിടിച്ചെടുത്തതിന്റെ പേരിൽ എത്ര പേരെ പിടികൂടിയിരുന്നുവെന്നും, ഇവർക്കു കിട്ടിയ ശിക്ഷ എന്തായിരുന്നുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കോറ്റ്പ നിയമം (സിഗരറ്റ് ആന്റ് അതർ ടുബാക്കോ പ്രൊഡക്ട്സ് ആക്റ്റ്) ദുർബ്ബലമായതിനാലാണ് പാൻ ഉത്പന്നങ്ങളുടെ കടത്ത് കൂടുന്നതെന്നത് ശരിയാണോ;

(ഇ) നിയമപ്രകാരം ഇത്തരം കടത്തുകാരെ കസ്റ്റഡിയിലെടുത്ത് വലിയ പിഴ ഈടാക്കാൻ കഴിയില്ലെന്നത് ശരിയാണോ;എങ്കിൽ ഈ നിയമം ഭേദഗതി ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(എഫ്) 2002-ലെ പുകയില ഉപഭോഗ നിരോധന നിയമത്തിൽ ഇതുവരെ എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോ ; എങ്കിൽ ആ മാറ്റങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ജി) ഇല്ലെങ്കിൽ നിരോധിച്ച പുകയില ഉൽപ്പന്നങ്ങൾ വിറ്റാലും പരമാവധി ശിക്ഷ ഇരുനൂറ് രൂപ പിഴ മാത്രം നൽകാൻ അധികാരമുള്ള പ്രസ്തുത നിയമം ഭേദഗതി ചെയ്യാൻ സർക്കാരിന് എന്തു ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുള്ള പാൻ ഉത്പന്നങ്ങളുടെ അളവ് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു : ആയതിന് ആകെ 4 കോടിയോളം രൂപ വിലവരുമെന്ന് കണക്കാക്കുന്നു.

| ജില്ല | പിടിച്ചെടുത്തിട്ടുള്ള പാൻ ഉത്പന്നങ്ങളുടെ അളവ് (കിലോഗ്രാം) |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 4738 |
| കൊല്ലം | 3313 |
| പത്തനംതിട്ട | 307 |
| ആലപ്പുഴ | 1701 |
| കോട്ടയം | 462 |
| ഇടുക്കി | 65 |
| എറണാകുളം | 1664 |

| (1) | (2) |
|---|---|
| തൃശ്ശൂർ | 210 |
| പാലക്കാട് | 5372 |
| മലപ്പുറം | 1163 |
| കോഴിക്കോട് | 1134 |
| വയനാട് | 1370 |
| കണ്ണൂർ | 1248 |
| കാസർഗോഡ് | 2149 |

(സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പാൻ ഉത്പന്നങ്ങൾ പിടിച്ചെടുത്തതിന്റെ പേരിൽ എക്സൈസ് വകുപ്പ് പിടികൂടിയിട്ടുള്ള ആളുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. ടി ആളുകളെ കോട്പ നിയമപ്രകാരം 200 രൂപ വീതം ഓരോരുത്തരിൽ നിന്നും പിഴ ഈടാക്കി വിട്ടയച്ചിട്ടുള്ളതാണ്.

| ജില്ല | പാൻ ഉത്പന്നങ്ങൾ പിടിച്ചെടുത്തതിന്റെ പേരിൽ എക്സൈസ് വകുപ്പ് പിടികൂടിയിട്ടുള്ള ആളുകളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 2071 |
| കൊല്ലം | 6298 |
| പത്തനംതിട്ട | 1860 |
| ആലപ്പുഴ | 217 |
| കോട്ടയം | 52 |
| ഇടുക്കി | 305 |
| എറണാകുളം | 1609 |
| തൃശ്ശൂർ | 317 |
| പാലക്കാട് | 2852 |

| (1) | (2) |
|---|---|
| മലപ്പുറം | 423 |
| കോഴിക്കോട് | 64 |
| വയനാട് | 202 |
| കണ്ണൂർ | 555 |
| കാസർഗോഡ് | 1703 |

(ഡി) കോട്പ നിയമം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ മാത്രമാണ് പാൻ ഉത്പന്നങ്ങൽ നിരോധിച്ചിട്ടുള്ളത്. ആയതിന് 200 രൂപ പിഴ മാത്രമാണ് പ്രസ്തുത നിയമം പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. ആയതിനാൽ പാൻ ഉത്പന്നങ്ങളുടെ കടത്ത് തടയുന്നതിന് കോട്പ നിയമത്തിൽ നിലവിലുള്ള വ്യവസ്ഥകൾ അപര്യാപ്തമാണ്.

(ഇ) കോട്പ നിയമം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ മാത്രമാണ് പാൻ ഉത്പന്നങ്ങൾ നിരോധിച്ചിട്ടുള്ളത്. ആയത് ലംഘിക്കുന്നവർക്ക് 200 രൂപ പിഴ മാത്രമാണ് പ്രസ്തുത നിയമപ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരാണ് ഈ നിയമം ഭേദഗതി ചെയ്യേണ്ടത്.

(എഫ്) 20-9-2014 തീയതിയിലെ ജി.ഒ.(പി) നമ്പർ 155/2014/റ്റി.ഡി., 27-12-2016 തീയതിയിലെ ജി.ഒ.(പി) നമ്പർ 112/2016/റ്റി.ഡി. സർക്കാർ ഉത്തരവുകൾ പ്രകാരം കോട്പ നിയമം 4, 6, 12 13, 28 വകുപ്പുകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലേയ്ക്കുള്ള റാങ്കിലുള്ള ഓഫീസർമാരെ അധികാരപ്പെടുത്തിയതിന് ശേഷം പ്രസ്തുത വകുപ്പുകളിൽ മാറ്റം ഉണ്ടായിട്ടില്ല.

(ജി) കേന്ദ്ര സർക്കാരാണ് ഈ നിയമം ഭേദഗതി ചെയ്യേണ്ടത്.

**ബെവ്കോ ഔട്ട്ലെറ്റുകൾ**

197(4074) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബെവ്കോ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിശ്ചയിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇവയ്ക്കെതിരെ പൊതുജനങ്ങളുടെ പരാതി ഉയരുന്ന പ്രദേശങ്ങളിൽ ഔട്ട് ലെറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് യഥാസമയം നടപടി സ്വീകരിക്കാറുണ്ടോ;

(ബി) ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് പലപ്പോഴും ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏതെങ്കിലും തരത്തിലുള്ള സഹായം ആവശ്യമായി വരാറുണ്ടോ;

(സി) എങ്കിൽ ഏത് രീതിയിലാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണം ആവശ്യമായി വരുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനായി കെട്ടിടങ്ങൾ തെരഞ്ഞെടുക്കുമ്പോൾ സംസ്ഥാന/ദേശീയപാതയിൽനിന്നും 500 മീറ്ററും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ശ്മശാനം, ആരാധനാലയങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ എന്നിവയിൽനിന്നും 200 മീറ്ററും അകലം പാലിക്കുന്നതും 2000 മുതൽ 5000 Sq.Ft. വരെ സ്ഥലലഭ്യതയും commercial വിഭാഗത്തിലുള്ളതും സുരക്ഷിതത്വം ഉള്ളതുമായ കെട്ടിടങ്ങൾ ആണ് ഷോപ്പിനുവേണ്ടി കണ്ടെത്തുന്നത്. പൊതുജനങ്ങളുടെ പരാതി ഉയർന്നുവരുന്ന സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന ചില്ലറ വില്പനശാലകളുടെ നിയമവശം പരിശോധിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി&സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ കോർപ്പറേഷന് ഷോപ്പ് തുടങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യമാണ്. നിയമാനുസൃതമായി ലഭ്യമാക്കേണ്ട ലൈസൻസ് ലഭ്യമാക്കേണ്ടതല്ലാതെ മറ്റു സഹായം ഒന്നുംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും സാധാരണയായി ലഭ്യമാക്കേണ്ടതില്ല.

**എക്സൈസ് വകുപ്പിൽ പുതിയ തസ്തികകൾ**

198 (4075) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എക്സൈസ് വകുപ്പിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)

| നമ്പർ | തസ്തിക | എണ്ണം | ഉത്തരവ് | കുറിപ്പുകൾ |
|---|---|---|---|---|
| 1 | സിവിൽ എക്സൈസ് ഓഫീസർ (വനിത) | 138 | സ.ഉ.(എം.എസ്.) നമ്പർ 30/2017/ വി.വ. തീയതി 3-5-2017 | വിവിധ ജില്ലകൾ |
| 2 | ജൂനിയർ സയന്റിഫിക് ഓഫീസർ | 1 | സ.ഉ.(കൈ) നമ്പർ 54/2017/നി.വ. തീയതി 25-6-2017 | മൊബൈൽ ലിക്വർ ടെസ്റ്റിംഗ് |
| 3 | ലാബ് അസിസ്റ്റന്റ് | 1 | | ലാബ്, കോഴിക്കോട് |
| 4 | സർക്കിൾ ഇൻസ്പെക്ടർ | 2 | സ.ഉ.(എം.എസ്.) | ദേവികുളം, |
| 5 | പ്രിവന്റീവ് ഓഫീസർ | 4 | നമ്പർ 59/2017/ നി.വ. തീയതി | നിലമ്പൂർ ജനമൈത്രി |
| 6 | സിവിൽ എക്സൈസ് ഓഫീസർ | 10 | 14-7-2017 | സ്ക്വാഡുകൾ |
| 7 | ഡ്രൈവർ | 2 | | |
| 8 | പാർട്ട്-ടൈം സ്വീപ്പർ | 2 | | |

## നീരയുടെ ഉൽപാദനം

199(*T4076) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരയുടെ ഉൽപ്പാദനത്തിനും വിതരണത്തിനും എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് അനുവാദം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ടോഡി ബോർഡ് രൂപീകരിച്ചതുപോലെ നീര ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; ഇതിന്റെ ഘടനയേയും ബാധ്യതകളേയും കുറിച്ച് പഠനം നടത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും നീര റൂൾസ് 2014 പ്രകാരം ലൈസൻസ് നൽകുന്നത് എക്സൈസ് വകുപ്പാണ്. സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനായി ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ, കേരഫെഡ് എന്നിവയ്ക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) 13-5-2014-ലെ ജി.ഒ.(എം.എസ്.) നമ്പർ 66/2014/നി.വ. പ്രകാരം നീരാ ബോർഡ് രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് 22-6-2015-ലെ 111/2015/കൃഷി നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ ഘടനയേയും ബാധ്യതകളേയും കുറിച്ച് പഠനം ഒന്നുംതന്നെ നടത്തിയിട്ടില്ല.

**വിമുക്തിയുടെ പ്രവർത്തനങ്ങൾ**

200 (4077) <u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ലഹരി വർജ്ജന മിഷൻ 'വിമുക്തി' -യുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 'വിമുക്തി' യുടെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ എല്ലാ വീടുകളിലും സ്റ്റിക്കറുകൾ പതിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) മദ്യത്തിന്റെയും മയക്കമരുന്നുകളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും വ്യാപിപ്പിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ ലഹരിക്കെതിരായ സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന്റെ ഭാഗമായി 'Wall against Drugs' എന്ന പേരിൽ ഓരോ സ്കൂളുകളിലെയും ചുമരുകളിൽ വിദ്യാർത്ഥികൾ മുഖാന്തിരം ലഹരി വിരുദ്ധ ചിത്രരചന നടത്തിയിട്ടുണ്ട്. കൂടാതെ സ്കൂൾ നോട്ടീസ് ബോർഡുകളിൽ ലഹരി വിരുദ്ധ സന്ദേശ മടങ്ങിയ പോസ്റ്റർ തയ്യാറാക്കി പതിക്കൽ, ലഹരി വിരുദ്ധ ക്ലബ്ബ് അംഗങ്ങൾക്കായുള്ള ക്വിസ് മത്സരം, സ്പോർട്സ് ആക്ടിവിറ്റി മത്സരങ്ങൾ, ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനർമാർക്ക് ശില്പശാല, ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള കൈയ്യുറ, പാവ നാടകം, വിമുക്തി തീം സോംഗ് തയ്യാറാക്കൽ, വിഷ്വൽ മീഡിയാ പരസ്യങ്ങൾ, എഫ്.എം. റേഡിയോ വഴിയുള്ള ലഹരി വിരുദ്ധ സ്പോൺസേർഡ് പ്രോഗ്രാം, പാതയോരങ്ങളിൽ വിമുക്തി ഹോർഡിംഗ് സ്ഥാപിക്കൽ, ആദിവാസി തീരദേശ മേഖലകളിൽ പ്രത്യേക ബോധവത്കരണ പ്രവർത്തനം, ഔട്ട് റീച്ച് ആക്ടിവിറ്റികൾ, ലൈബ്രറി കൗൺസിൽ മുഖേനയുള്ള ലഹരി വിരുദ്ധ സദസ്സ്, കെ.എസ്.എഫ്.ഡി.സി.-യുടെ സഹകരണത്തോടെ ലഹരിക്കെതിരെ ഷോർട്ട് ഫിലിം നിർമ്മാണം, ലഹരി വിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന പോസ്റ്ററുകൾ, ആൽബങ്ങൾ, പരസ്യങ്ങൾ, വീഡിയോകൾ, അനിമേഷൻ എന്നിവ തയ്യാറാക്കി പ്രചരിപ്പിക്കൽ, ഡിജിറ്റൽ മീഡിയ കാമ്പയിൻ, മോഡൽ കൗൺസലിംഗ് സെന്റർ, ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡി-അഡിക്ഷൻ സെന്റർ രൂപീകരണം, അട്ടപ്പാടി ഗവൺമെന്റ് ആശുപത്രിയിൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനം, എക്സൈസ് വകുപ്പിന് കീഴിൽ വിമുക്തി മിഷന്റെ ഭാഗമായി ദേശീയ നിലവാരത്തിലുള്ള ഡി-അഡിക്ഷൻ സെന്റർ സ്ഥാപിക്കൽ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ലഹരി വിരുദ്ധ പ്രവർത്തനം എന്നീ നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 'വിമുക്തി'-യുടെ സന്ദേശം എല്ലാ ജനങ്ങളിലുമെത്തിക്കുക എന്ന ലക്ഷ്യത്തോടെ 40 ലക്ഷം വിമുക്തി ബോധവത്കരണ സ്റ്റിക്കറുകൾ തയ്യാറാക്കി കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടുകൂടി സംസ്ഥാനത്തെ 40 ലക്ഷം ഭവനങ്ങളിൽ വിമുക്തി സ്റ്റിക്കറുകൾ പതിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലത്തിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ യുവാക്കളിലും കുട്ടികളിലും മദ്യം. മയക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയുവാൻ എൻ.എസ്സ്.എസ്സ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, എസ്.പി.സി., വിദ്യാർത്ഥി-യുവജന-മഹിളാ-സന്നദ്ധ

സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിദ്യാർത്ഥികളിലും യുവജനങ്ങളിലും പൊതുസമൂഹത്തിലും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനവും ഉപഭോഗവും കർശനമായി ഒഴിവാക്കുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. ഇതിന്റെ ഭാഗമായി 1385 സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടനുബന്ധിച്ച് പി.ടി.എ.-കളുമായി ചേർന്ന് എക്സൈസ് കമ്മീഷണർ 365-ഓളം ബോധവത്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവത്കരിക്കുന്നതിന് പോസ്റ്റർ രചന മത്സരം, ചിത്രരചന മത്സരം, ഷോർട്ട് ഫിലിം പ്രദർശനം, ലഹരി വിരുദ്ധ രചനകൾ ഉൾക്കൊള്ളുന്ന മാഗസിൻ മത്സരം, ക്വിസ്സ് മത്സരം എന്നിവ സംഘടിപ്പിക്കുന്നു. ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിലേയ്ക്ക് വിദ്യാർത്ഥികളെയും യുവജനങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മികച്ച പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടന പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, ക്ലബ്ബ് പ്രവർത്തകർ, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതാണ്. കോളേജ് തലത്തിൽ എൻ.എസ്സ്.എസ്സ്.-മായി സഹകരിച്ച് ലഹരിക്കെതിരെ ബോധവത്കരണ കലാജാഥകളും ശില്പശാലകളും സംഘടിപ്പിക്കുന്നുണ്ട്.

**വിമുക്തി മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങൾ**

201 (4078) ശ്രീ. എ. എം. ആരിഫ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിമുക്തി മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്സവങ്ങളോടും ആഘോഷങ്ങളോടും അനുബന്ധിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിക്കുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) വിമുക്തി മിഷന്റെ സഹകരണത്തോടെ എല്ലാ ജില്ലകളിലും കോളേജുകൾ കേന്ദ്രീകരിച്ച് നാഷണൽ സർവ്വീസ് സ്കീമിന്റെ ലഹരി വിരുദ്ധ കലാജാഥകളും ക്യാമ്പും സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ചലച്ചിത്ര വികസന കോർപ്പറേഷനുമായി സഹകരിച്ച് ലഹരി വിരുദ്ധ ബോധവത്കരണ ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് വിമുക്തി മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാനപ്പെട്ട ഉത്സവങ്ങളോടും ആഘോഷങ്ങളോടും അനുബന്ധിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിക്കുന്നുണ്ട്. ഇത്തരത്തിൽ തിരുവനന്തപുരം ജില്ലയിൽ വെള്ളറട കുരിശുമല തീർത്ഥാടനം, ശിവഗിരി തീർത്ഥാടനം, ആറ്റുകാൽ പൊങ്കാല, ബീമാപ്പള്ളി ഉറൂസ്, തിരുവനന്തപുരം കോർപ്പറേഷൻ സംഘടിപ്പിച്ച മേളകളോടനുബന്ധിച്ച് പുത്തരിക്കണ്ടം മൈതാനം എന്നിവിടങ്ങളിൽ ലഹരിവിരുദ്ധ ബോധവത്കരണ സ്റ്റാളുകൾ സജ്ജീകരിച്ചിട്ടുള്ളതാണ്. കൊല്ലം ജില്ലയിൽ കടയ്ക്കൽ തിരുവാതിര ഉത്സവത്തോടനുബന്ധിച്ചും വയനാട് ജില്ലയിൽ മാനന്തവാടിയിൽ വള്ളിയൂർക്കാവ് ഉത്സവത്തോടനുബന്ധിച്ചും പത്തനംതിട്ട ജില്ലയിൽ മാരാമൺ കൺവൻഷൻ, ചെറുകോൽപ്പുഴ ഹിന്ദുമതസമ്മേളനം, മഞ്ഞനിക്കര പെരുനാൾ, ആറൻമുള ജലോത്സവം എന്നിവയോടനുബന്ധിച്ചും തൃശ്ശൂർ പൂരത്തോടനുബന്ധിച്ചും വടക്കാഞ്ചേരി ഉത്രാളിക്കാവ് പൂരത്തോടനുബന്ധിച്ചും ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രോത്സവത്തോടനുബന്ധിച്ചും സംസ്ഥാന സ്കൂൾ യുവജനോത്സവത്തോട് അനുബന്ധിച്ചും ലഹരിവിരുദ്ധ ബോധവത്കരണ സ്റ്റാളുകൾ സജ്ജീകരിച്ചുവരുന്നു.

(ബി) ഉണ്ട്. വിമുക്തി മിഷന്റെ സഹകരണത്തോടെ ജില്ലകളിൽ കോളേജുകൾ കേന്ദ്രീകരിച്ച് നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ കലാ ജാഥകളും ശില്പശാലകളും സംഘടിപ്പിച്ചുവരുന്നുണ്ട്. കോളേജുകളിൽ നാഷണൽ സർവ്വീസ് സ്കീം സംഘടിപ്പിക്കുന്ന ക്യാമ്പുകളിലും ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്.

(സി) ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ചലച്ചിത്ര വികസന കോർപ്പറേഷനുമായി സഹകരിച്ച് 4 ഹ്രസ്വചിത്രങ്ങൾ ചിത്രീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വിമുക്തി മിഷന്റെ തീം സോംഗ് ചിത്രീകരണവും കെ.എസ്.എഫ്.ഡി.സി.-യിൽ നടന്നുവരുന്നു.

**വൈത്തിരി താലൂക്കിൽ ജനമൈത്രി എക്സൈസ് സ്വാഡുകൾ**

202 (4079) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ആദിവാസി വിഭാഗങ്ങളിലെ മദ്യപാന ആസക്തി കുറയ്ക്കുവാൻ ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ പ്രവർത്തനം കൊണ്ട് സാധിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ പ്രവർത്തനംമൂലം ആദിവാസി വിഭാഗങ്ങളിലെ മദ്യപാനാസക്തി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

**ബെവ്കോയുടെ ആഭിമുഖ്യത്തിൽ ഡി-അഡിക്ഷൻ സെന്ററുകൾ**

203 (4080) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബെവ്കോയുടെ ആഭിമുഖ്യത്തിൽ ഡി - അഡിക്ഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ധനസഹായമാണ് ഇവയ്ക്ക് നൽകാൻ ഉദ്ദേശിക്കുന്നത്; വിവരിക്കുമോ;

(സി) മദ്യ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിനായി ബെവ്കോയ്ക്ക് നിർദ്ദേശങ്ങൾ നൽകുമോ; വിവരിക്കുമോ?

<u>ഉത്തരം</u>

(എ &ബി) ബെവ്കോയുടെ ആഭിമുഖ്യത്തിൽ ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല. അതേ അവസരത്തിൽ ഡി-അഡിക്ഷൻ സെന്ററുകൾക്ക് സി.എസ്.ആർ. ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കാറുണ്ട്.

(സി) പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്തെ ജനങ്ങൾക്കിടയിൽ മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബെവ്കോയുടെ സി.എസ്.ആർ. ഫണ്ടിൽനിന്നും എക്സൈസ് വകുപ്പിന് 10 ലക്ഷം രൂപ നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്പിരിറ്റ്, വ്യാജമദ്യം, മയക്കുമരുന്ന് എന്നിവ തടയാൻ നടപടി**

204 (4081) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്സവസാഹചര്യം മുന്നിൽ കണ്ട് അതിർത്തിവഴി സംസ്ഥാനത്തേക്ക് സ്പിരിറ്റ്, വ്യാജമദ്യം, മയക്കുമരുന്ന് എന്നിവ കടത്തിക്കൊണ്ടുവരാനുള്ള സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) സംസ്ഥാന അതിർത്തികളിൽ പട്രോളിംഗ് കർശനമാക്കുമോ;

(ഡി) സെപ്റ്റംബർ 10 വരെ സ്പെഷ്യൽ എൻഫോഴ്സ് ഡ്രൈവായി പരിഗണിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇതുമായി ബന്ധപ്പെട്ട എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(എഫ്) എല്ലാ ജില്ലാ എക്സൈസ് ആസ്ഥാനങ്ങളിലും ഈ കാലയളവിൽ കൺട്രോൾ റൂമുകൾ പ്രവർത്തിക്കുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) ഓണക്കാലത്ത് വ്യാജമദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉത്പാദനം, കടത്ത്, വിൽപ്പന, ഉപഭോഗം തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ ജില്ലയിലും വിവിധ മേഖലകളായി തിരിച്ച് സ്ട്രൈക്കിങ്ങ് ഫോഴ്സുകളും പ്രവർത്തിച്ചുവരുന്നു. സ്ഥിരം കുറ്റവാളികളെ പ്രത്യേകം നിരീക്ഷിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ബോർഡർ പട്രോളിംഗ്, റോഡ് പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും വിവിധ വകുപ്പുകളും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്തുവരുന്നു.

(സി) അതിർത്തി പ്രദേശങ്ങളിൽ എക്സൈസ് വകുപ്പിന്റെ ബോർഡർ /റോഡ് പട്രോളിംഗ് യൂണിറ്റുകളുടെ പട്രോളിംഗുകളും വാഹന പരിശോധനകളും ശക്തമാക്കിയിട്ടുണ്ട്.

(ഡി) ഓണക്കാലത്തോടനുബന്ധിച്ച് ആഗസ്റ്റ് 10-ാം തീയതി മുതൽ സെപ്റ്റംബർ 10-ാം തീയതി വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ച് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കിയിട്ടുള്ളതാണ്.

(ഇ) സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാര്യക്ഷമമാക്കിയിട്ടുണ്ട്. സ്ട്രൈക്കിംഗ് ഫോഴ്സുകളുടെ പ്രവർത്തനവും ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ പ്രത്യേക നിരീക്ഷണം നടത്തിവരുന്നു. പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കും വിവിധ വകുപ്പുകളും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി ചേർന്നുള്ള സംയുക്ത പരിശോധനകൾക്കും ഈ കാലയളവിൽ പ്രത്യേക ഊന്നൽ നൽകുന്നതാണ്.

(എഫ്) സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലയളവിൽ എല്ലാ ജില്ലകളിലും എക്സൈസ് വകുപ്പിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂമുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.

## വ്യാജമദ്യം, മയക്കുമരുന്ന്, നിരോധിത പുകയില ഉൽപ്പന്നങ്ങൾ ഇവയുടെ വിൽപ്പന തടയുന്നതിന് നടപടി

205 (4082) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് വ്യാജമദ്യവും മയക്കുമരുന്നും നിരോധിത പുകയില ഉൽപ്പന്നങ്ങളുടെയും വിൽപന തടയുന്നതിന് എക്സൈസും പോലീസും സംയുക്ത തെരച്ചിലും നിരീക്ഷണവും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രാദേശിക ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ, പൊതുപ്രവർത്തകർ തുടങ്ങിയവരുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനും വ്യജമദ്യ-മയക്കുമരുന്ന സംഘങ്ങളെ കണ്ടെത്തുന്നതിനും അവയുടെ വിൽപ്പന തടയുന്നതിനും ജനകീയ ഇടപെടൽ നടത്തുമോ;

(സി) ആൾത്താമസമില്ലാത്ത വീടുകളിലും പുരയിടങ്ങളിലും പൊതു, സ്വകാര്യ സ്ഥാപനങ്ങളിലും അനധികൃതമായി കടന്നുകയറി മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവർക്കെതിരെ ഭവന ഭേദനത്തിനടക്കം കേസ്സുകൾ എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഓണക്കാലത്ത് വ്യാജമദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും വ്യാപനം തടയുന്നതിന് ആഗസ്റ്റ് 10-ാം തീയതി മുതൽ സെപ്റ്റംബർ 10-ാം തീയതി വരെ സ്പെഷ്യൽ എൻഫോഴ്മെന്റ് ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ച് എക്സൈസ് വകുപ്പിന്റെ എൻഫോഴ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കിയിട്ടുള്ളതാണ്. ഈ കാലയളവിൽ പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തിവരുന്നു.

(ബി) എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ജില്ലാ, നിയോജകമണ്ഡലം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള ജനകീയ കമ്മിറ്റികൾ യോഗം ചേർന്നും പ്രാദേശിക ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ, പൊതു പ്രവർത്തകർ തുടങ്ങിയവരുമായി നേരിട്ട് ബന്ധപ്പെട്ടും വ്യാജമദ്യ-മയക്കുമരുന്ന് സംഘങ്ങളെ സംബന്ധിച്ച വിവരശേരണത്തിനും ഇത്തരം സംഘങ്ങളെ കണ്ടെത്തുന്നതിനും വ്യാജമദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ വിപണനം തടയുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആൾത്താമസമില്ലാത്ത വീടുകളിലും പുരയിടങ്ങളിലും പൊതു-സ്വകാര്യ സ്ഥാപനങ്ങളിലും അനധികൃതമായി കടന്നുകയറി മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഭവനഭേദനത്തിന് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് എക്സൈസ് വകുപ്പിന് അധികാരമില്ലാത്തതാണ്. എന്നാൽ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസ് വകുപ്പിന് വിവരം കൈമാറി തുടർനടപടി സ്വീകരിക്കുന്നതാണ്.

**കൊട്ടാരക്കര എക്സൈസ് സമുച്ചയ നിർമ്മാണം**

206 (4083) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര എക്സൈസ് സമുച്ചയ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനായി എക്സൈസ് വകുപ്പിന്റേതല്ലാത്ത സ്ഥലങ്ങൾ നിർദ്ദേശിച്ചിരുന്നോ; ആയതിൽ വകുപ്പിന്റെ അഭിപ്രായം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൊട്ടാരക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി അനുമതി ലഭിച്ചിരുന്ന കൊട്ടാരക്കര വില്ലേജിൽ റീസർവ്വേ നമ്പർ 87/5 (പഴയ സർവ്വേ നമ്പർ 125/1&125/2) ഏരിയ 13.45 ആർ സ്ഥലത്ത് കോംപ്ലക്സ് നിർമ്മാണത്തിന് എതിരായി ബഹു. കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി) 36002/10, കൊട്ടാരക്കര സബ് കോടതിയിൽ ഒ.എസ്.128/11, കൊല്ലം വഖഫ് കോടതിയിൽ ഒ.പി. 122/15-ൽ ഐ.എ.133/15 എന്നീ കേസുകൾ നിലവിൽ ഉണ്ടായിരുന്നതിനാൽ പ്രസ്തുത എക്സൈസ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിച്ചില്ല. നിലവിൽ ടി കേസുകൾ വകുപ്പിന് അനുകൂലമായി വിധിയായിട്ടുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി കൊട്ടാരക്കര റെയിൽവേ സ്റ്റേഷന് സമീപത്തായി സർക്കാർ പുറമ്പോക്കായുള്ള ജീർണ്ണാവസ്ഥയിലുള്ള കെട്ടിടത്തോടുകൂടിയതും 25 വർഷങ്ങൾക്ക് മുമ്പ് ഇലക്ട്രിസിറ്റി ബോർഡ് ഓഫീസായി പ്രവർത്തിച്ചിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നതുമായ 20 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് കൈമാറി എക്സൈസ് കോംപ്ലക്സ് നിർമ്മാണം നടത്തുന്നതിന് അനുമതിക്കായി കൊല്ലം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ടി അപേക്ഷ കൊട്ടാരക്കര തഹസിൽദാരുടെ അഭിപ്രായത്തിനായി അയച്ചിട്ടുള്ളതാണ്. ടി സ്ഥലം എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് അനുയോജ്യമാണ്.

**ഓണക്കാലത്ത് വ്യാജ സ്പിരിറ്റും അനധികൃത മദ്യവും തടയാൻ നടപടി**

207 (4084) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലം മുന്നിൽ കണ്ടുകൊണ്ട് വ്യാജ സ്പിരിറ്റും അനധികൃത മദ്യവും സംസ്ഥാനത്തേക്ക് കടക്കുന്നുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഓണക്കാലത്ത് ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ; ഇതിനോടകം തന്നെ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിന് ശക്തമായ പരിശോധനകൾ നടത്തിവരുന്നു.

(ബി) ഓണക്കാലത്ത് വ്യാപകമാകാനിടയുള്ള വ്യാജമദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉൽപ്പാദനം, കടത്ത്, വിപണനം, ഉപഭോഗം തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആഗസ്റ്റ് 10-ാം തീയതി മുതൽ സെപ്റ്റംബർ 10-ാം തീയതി വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ച് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കിയിട്ടുള്ളതാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നതും ഓരോ ജില്ലയിലും വിവിധ മേഖലകളായി തിരിച്ച് സ്ട്രൈക്കിംഗ് ഫോഴ്സുകളും പ്രവർത്തിക്കുന്നതുമാണ്. സ്ഥിരം കുറ്റവാളികളെ പ്രത്യേകം നിരീക്ഷിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ബോർഡർ പട്രോളിംഗ്, റോഡ് പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുള്ളതും വിവിധ വകുപ്പുകളും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തിവരുന്നതുമാണ്.

**കഞ്ചാവിന്റെ ഉപയോഗം നിയന്ത്രിക്കാൻ നടപടി**

208(4085) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഞ്ചാവിന്റെ ഉപയോഗം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2017 വർഷത്തിൽ കഞ്ചാവ് സംബന്ധമായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കഞ്ചാവ്, മറ്റ് മയക്കുമരുന്നുകൾ എന്നിവയുടെ ഉപയോഗം, വിൽപ്പന എന്നിവ നിരുത്സാഹപ്പെടുത്തുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2017 വർഷത്തിൽ ജൂലൈ 31 വരെ കഞ്ചാവ് സംബന്ധമായി എക്സൈസ് വകുപ്പ് 2975 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | കേസ്സുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 161 |
| കൊല്ലം | 379 |
| പത്തനംതിട്ട | 150 |
| ആലപ്പുഴ | 248 |
| കോട്ടയം | 209 |
| ഇടുക്കി | 298 |
| എറണാകുളം | 319 |
| തൃശ്ശൂർ | 311 |
| പാലക്കാട് | 171 |
| മലപ്പുറം | 214 |
| കോഴിക്കോട് | 125 |
| വയനാട് | 160 |
| കണ്ണൂർ | 175 |
| കാസർഗോഡ് | 55 |

(സി) കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും പരിശോധനകൾ നടത്തിവരുന്നുണ്ട്. എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതും ബോർഡർ/റോഡ് പെട്രോളിംഗ് യൂണിറ്റുകളുടെ പരിശോധന കർശനമാക്കിയിട്ടുള്ളതും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നതുമാണ്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നതുമാണ്. വ്യാജമദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽനിന്നും ഫോൺ, ഇ-മെയിൽ, വാട്ട്സ്-ആപ്പ്, ഫെയ്സ്-ബുക്ക് തുടങ്ങിയ വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ടി പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിമുക്ത ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ അടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെകൂടി സഹകരണത്തോടെ ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി " എന്ന ബോധവത്കരണ മിഷന് സർക്കാർ രൂപം നൽകിയിട്ടുള്ളതാണ്. ലഹരിക്കെതിരായി പൊതുജനങ്ങൾക്കിടയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു

വരുന്നു. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ കീഴിൽ ദേശീയനിലവാരത്തിലുള്ള പുനരധിവാസ സൗകര്യത്തോടുകൂടിയ ഒരു സംസ്ഥാനതല മാതൃകാ ലഹരി വിമോചന കേന്ദ്രം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് അംഗീകൃത മദ്യത്തിന്റെ ലഭ്യത കുറഞ്ഞതിനെ തുടർന്നാണ് കഞ്ചാവിന്റെയും ലഹരിമരുന്നുകളുടെയും വിൽപ്പനയും ഉപഭോഗവും വർദ്ധിച്ചുവന്നതെന്നാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ആയത് പരിഗണിച്ചും മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ടുമാത്രം ഉപഭോഗം കുറയുകയില്ല എന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം ബോധവത്കരണ പ്രചാരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിനും ലഹരിക്കുമെതിരായി ജനകീയ ബോധം വളർത്തിയെടുക്കുന്നതിന് ലക്ഷ്യമിട്ടുമാണ് പുതുക്കിയ മദ്യനയം സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ തുടങ്ങിയവയുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിമുക്ത ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതും നാളിതുവരെ 1400-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. വിദ്യാർത്ഥികളെയും യുവജനങ്ങളെയും മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ തുടങ്ങിയവയുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ - 'വിമുക്തി '-യുടെ പരമപ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി 'ലഹരിക്കെതിരെ യുവത്വം' എന്ന സന്ദേശമുയർത്തി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വ്യാപകമായ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുന്നതും വിമുക്തിയുടെ ഉദ്ദേശലക്ഷ്യമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്ന 2542 ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ

ലഹരിക്കെതിരെ പ്രചാരണം നടത്തുന്നതിന്റെ ഭാഗമായി ആയതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളും മത്സരങ്ങളും പ്രദർശനങ്ങളും ക്ലാസുകളും സംഘടിപ്പിച്ചു വരുന്നു. ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിലെ വിവിധ ക്ലാസ്സുകളിൽ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പാൻമസാലയുടെ ഉപയോഗം**

209 (4086) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഉൾപ്പെടെ പാൻമസാലയുടെ ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള ഉത്തരേന്ത്യൻ സംസ്കാരത്തിന്റെ സ്വാധീനം ഇതിന് ഇടയാക്കിയിട്ടുണ്ടോ;

(ബി) പാൻമസാലയുടെയും സമാനമായ മറ്റ് ലഹരി വസ്തുക്കളുടെയും നിയന്ത്രണത്തിന് ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) കോട്പ നിയമപ്രകാരം എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് ഈ വിഷയത്തിൽ സ്വീകരിച്ചുവരുന്നത്; കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഈ നിയമപ്രകാരം എത്ര കേസുകൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ പാൻമസാലയുടെ ഉപയോഗം കൂടുതലായതിനാൽ സംസ്ഥാനത്ത് പാൻമസാലയുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിന് ഉത്തരേന്ത്യൻ സംസ്കാരത്തിന്റെ സ്വാധീനം ഒരു കാരണമായി കരുതുന്നു.

(ബി) 20-9-2014 തീയതിയിലെ ജി.ഒ.(പി) നമ്പർ 155/2014/റ്റി.ഡി., 27-12-2016 തീയതിയിലെ ജി.ഒ.(പി) നമ്പർ 112/2016/റ്റി.ഡി., സർക്കാർ ഉത്തരവുകൾ പ്രകാരം കോട്പ നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് എക്സൈസ് വകുപ്പിനെ അധികാരപ്പെടുത്തിയിട്ടുള്ളതാണ്.

(സി) 20-9-2014 തീയതിയിലെ ജി.ഒ.(പി) നമ്പർ 155/2014/റ്റി.ഡി., 27-12-2016 തീയതിയിലെ ജി.ഒ.(പി) നമ്പർ 112/2016/റ്റി.ഡി., സർക്കാർ ഉത്തരവുകൾ പ്രകാരം കോട്പ നിയമം 4, 6, 12, 13, 28 വകുപ്പുകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലേയ്ക്കുള്ള റാങ്കിലുള്ള ഓഫീസർമാരെ അധികാരപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് പ്രസ്തുത വകുപ്പുകൾ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ടി നിയമപ്രകാരം കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ എക്സൈസ് വകുപ്പ് 30890 കേസുകൾ കണ്ടെടുത്തിട്ടുള്ളതാണ്.

## കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസ്

210 (4087) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിലെ ജീവനക്കാരുടെയും, വാഹനങ്ങളുടെയും കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഒരു പോലീസ് സബ് ഡിവിഷന്റെ പ്രവർത്തനപരിധിയുള്ള ഈ റേഞ്ച് ഓഫീസിനെ വിഭജിച്ച് രണ്ട് റേഞ്ചാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) രണ്ട് ഫിഷിംഗ് ഹാർബറുകളും, 100-ലധികം വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്ന ഈ പ്രദേശത്ത് എക്സൈസ് വകുപ്പിന്റെ പരിമിതികൾമൂലം ലഹരി വസ്തുക്കളുടെയും വ്യാജ മദ്യത്തിന്റെയും വ്യാപനം അപകടകരമായ നിലയിലായതിനാൽ ഇത് പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പരിശോധനകൾ കാര്യക്ഷമമാക്കി ലഹരിവസ്തുക്കളുടെയും വ്യാജമദ്യത്തിന്റെയും വ്യാപനം ഇല്ലായ്മ ചെയ്യുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിദ്യാലയങ്ങളിൽ ലഹരിക്കെതിരെ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

## വിദ്യാഭ്യാസസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിൽപന

211(T*4088) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വൻതോതിൽ മയക്കുമരുന്ന്, കഞ്ചാവ്, മറ്റിതര ലഹരി വസ്തുക്കൾ എന്നിവ വിറ്റഴിക്കപ്പെടുന്നുവെന്നും, അതിൽ ഇരകളാകുന്നവരിൽ പെൺകുട്ടികൾ കൂടി ഉൾപ്പെടുന്നുണ്ടെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ ഇത്തരം പ്രവണതകൾ ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) നമ്മുടെ യുവതലമുറയെ ഒന്നാകെ നശിപ്പിക്കുന്ന ഇത്തരം വിപത്തിനെ ഇല്ലായ്മ ചെയ്യാൻ കാര്യക്ഷമമായ പദ്ധതികൾ എക്സൈസ്, ആഭ്യന്തരം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വിദ്യാലയപരിസരങ്ങളിലെ ചെറിയകടകളും മറ്റും കേന്ദ്രീകരിച്ച് മയക്കുമരുന്നുകൾ, ലഹരി മിഠായികൾ മുതലായവ വിറ്റതിന്റെ പേരിലും, കോളേജ് പരിസരങ്ങളിൽ ലഹരി വിറ്റതിന്റെ പേരിലും എത്ര പേർക്കെതിരെ ഈ സർക്കാർ നാളിതുവരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കണ്ടെടുക്കുന്ന എൻ.ഡി.പി.എസ്. കേസുകളുടെ എണ്ണത്തിലുണ്ടായ വൻ വർദ്ധനവിന് ആനുപാതികമായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽനിന്നും കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിലും പ്രതികളാകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുള്ളതാണ്. എന്നാൽ ഇത്തരം കേസ്സുകളിൽ പെൺകുട്ടികൾ ഉൾപ്പെടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

(ബി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ തുടങ്ങിയവയുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും നാളിതുവരെ 1400-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. വിദ്യാർത്ഥികളെയും

യുവജനങ്ങളെയും മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ തുടങ്ങിയവയുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" -യുടെ പരമപ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി "ലഹരിക്കെതിരെ യുവത്വം" എന്ന സന്ദേശമുയർത്തി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വ്യാപകമായ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജ്ജീവമാക്കുന്നതും വിമുക്തിയുടെ ഉദ്ദേശലക്ഷ്യമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്ന 2542 ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ ലഹരിക്കെതിരെ പ്രചാരണം നടത്തുന്നതിന്റെ ഭാഗമായി ആയതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളും മത്സരങ്ങളും പ്രദർശനങ്ങളും ക്ലാസുകളും സംഘടിപ്പിച്ചുവരുന്നു. ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിലെ വിവിധ ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപഭോഗം എന്നിവ തടയുന്നതിനും ഇത്തരം പ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥികളെ ഉപയോഗിക്കുന്നത് തടയുന്നതിനും എക്സൈസ്, പോലീസ് വിഭാഗങ്ങൾ സഹകരിച്ചുള്ള പ്രവർത്തനങ്ങളും സംയുക്ത പരിശോധനകളും സംഘടിപ്പിച്ചുവരുന്നു. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് വിമുക്തി മിഷന്റെ പ്രവർത്തനങ്ങളും ലഹരി വിരുദ്ധ ക്ലബ്ബുകളുടെ രൂപീകരണവും സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ബോധവത്കരണ, ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നു. ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിലെ വിവിധ ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017 ജൂലൈ 31 വരെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തുനിന്നും മയക്കുമരുന്നുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് 335 പേർക്കെതിരെ എക്സൈസ് വകുപ്പ് കേസെടുത്തിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### ഹൈക്കോടതി പരാമർശം

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്...., അംഗങ്ങൾ ദയവായി സീറ്റുകളിലേയ്ക്ക് പോകൂ. ചോദ്യോത്തരവേളയുടെ സമയം അവസാനിച്ചിരിക്കുകയാണ്......(ബഹളം)......

(സഭയുടെ നടുത്തളത്തിൽ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന യു.ഡി.എഫ്. അംഗങ്ങൾ ബഹു. സ്പീക്കറുടെ അഭ്യർത്ഥനയെത്തുടർന്ന് അവരവരുടെ സീറ്റുകളിൽ ഉപവിഷ്ടരായി.)

പ്ലീസ്, പ്ലീസ്.... ഓർഡർ, ഓർഡർ.

റൂൾ 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. ഖേദകരമെന്ന് പറയട്ടെ, നിയമസഭയിൽ ഇന്ന് ചർച്ച ചെയ്യാൻ നിർവ്വാഹമില്ലാത്ത വിഷയമാണ് എഴുതിത്തന്നിട്ടുള്ളത്. കോടതി ഇന്ന് വിധി പറയാൻ പോകുന്ന ഒരു വിഷയത്തെ സംബന്ധിച്ച്, ഒന്നോ രണ്ടോ തവണ നമ്മൾ ചർച്ച ചെയ്ത കാര്യത്തിൽ വീണ്ടും അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ്: അപ്പോൾ കോടതി ഇന്നലെ പറഞ്ഞതോ?

മി. സ്പീക്കർ: ഇന്നലെ വിചാരണയ്ക്കിടയിൽ കോടതി റെക്കോർഡിലല്ലാതെ ഒരു കമന്റ് പറഞ്ഞതായി മാധ്യമങ്ങളിൽ വന്നുവെന്നല്ലാതെ ഓൺ റെക്കോർഡായി ഒന്നും സംഭവിച്ചിട്ടില്ല. ഇന്ന് രാവിലെ കോടതി പരിഗണിക്കാനിരിക്കുന്ന വിഷയം സഭയിൽ അടിയന്തരപ്രമേയമായി ചർച്ച ചെയ്യണമെന്നാവശ്യപ്പെടുന്നത് നിർഭാഗ്യകരമാണെന്ന് ചെയർ അറിയിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതിന് മുമ്പും കോടതിയിൽ നിലവിലിരിക്കുന്ന നിരവധി കേസുകളെ സംബന്ധിച്ച് അടിയന്തര പ്രമേയങ്ങൾ വന്നിട്ടുണ്ട്. ഇത് പുതിയ കാര്യമല്ല. ഈ സഭയിലെ 5 എം.എൽ.എ.-മാർ ഈ സഭാകവാടത്തിൽ സത്യാഗ്രഹം തുടങ്ങിയിട്ട് ഇന്ന് 4-ാം ദിവസമാണ്. ആ കാര്യം സഭയിൽ ഉന്നയിക്കാൻ ശ്രീ. കെ. സി. ജോസഫ് കൊടുത്ത നോട്ടീസ് തികച്ചും ഓർഡറിലാണ്. അത് അനുവദിക്കാൻ അങ്ങേയ്ക്ക് എല്ലാവിധ അർഹതയുമുണ്ട്. ദയവായി റൂൾ 50 അനുസരിച്ച് ഇത് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന്റെ നോട്ടീസ് ഓർഡറിലാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയരുത്. ചെയറിന് ചട്ടങ്ങളും കീഴ്വഴക്കങ്ങളും ഉദ്ധരിച്ചുകൊണ്ടുള്ള നിലപാട് സഭയെ അറിയിക്കേണ്ടതായി വരും. കേരളത്തിലെ കോടതി പരാമർശങ്ങളെല്ലാം സഭയിൽ ചർച്ച ചെയ്യുന്ന രീതി ഇതിന് മുമ്പുണ്ടായിട്ടില്ല. കോടതി പരാമർശങ്ങളെല്ലാം ഇവിടെ ചർച്ച ചെയ്യാറില്ല. ഇന്ന് കോടതി വിധി പറയാനിരിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച് സഭ ചർച്ച ചെയ്യുന്നതും യുക്തിസഹമല്ല. എന്നാൽ നിയമസഭയിലെ അംഗങ്ങളിൽ ചിലർ സമരം തുടരുന്ന പശ്ചാത്തലത്തിൽ ചെയർ തൽക്കാലം ഇത് അനുവദിക്കുകയാണ്.

ബാലാവകാശ കമ്മീഷൻ അംഗമായി ക്രിമിനൽ പശ്ചാത്തലമുള്ള ഒരു വ്യക്തിയെ തെരഞ്ഞെടുക്കുവാൻ സാമൂഹ്യനീതി വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ സ്വീകരിച്ച നടപടികൾ സദുദ്ദേശപരമല്ലെന്നും ഉത്തമവിശ്വാസത്തോടെയല്ലെന്നുമുള്ള ഹൈക്കോടതി വിധി മുൻനിർത്തി മന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 5 നിയമസഭാ അംഗങ്ങൾ നാല് ദിവസമായി നിയമസഭാ കവാടത്തിൽ നടത്തി വരുന്ന സത്യാഗ്രഹ സമരംമൂലവും സിംഗിൾ ബഞ്ചിന്റെ പരാമർശനങ്ങളെ ശരിവച്ചു കൊണ്ട് ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഇന്നലെ നടത്തിയ പരാമർശങ്ങൾ മൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, ടി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയ നോട്ടീസിൽ പ്രതിപാദിക്കുന്ന കാര്യം ആഗസ്റ്റ് 21-ാം തീയതി ഈ സഭ പരിഗണിച്ചതാണ്. ഒരേ വിഷയം തന്നെ ഒന്നിലധികം തവണ സഭയിൽ ഉന്നയിക്കുന്നത് വിഷയ ദാരിദ്ര്യം മൂലമാണെന്ന് കരുതേണ്ടതായിവരും. ഹൈക്കോടതി പരാമർശങ്ങൾ നീക്കിക്കിട്ടുന്നതിനായി സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ ഉന്നയിക്കുന്ന കാര്യം ഹർജി പരിഗണിക്കുന്ന വേളയിൽ നടത്തിയതായി പറയപ്പെടുന്ന പരാമർശങ്ങളാണ്. ഹൈക്കോടതിയുടെ രേഖാമൂലമുള്ള ഇടക്കാല ഉത്തരവോ മറ്റ് പരാമർശങ്ങളോ അപ്പീൽ പരിഗണിച്ചശേഷം ഉണ്ടായിട്ടില്ല. അപ്പീൽ ഇന്ന് വീണ്ടും കോടതി പരിഗണിക്കുകയാണ്. ഈ സന്ദർഭത്തിൽ കൂടുതൽ കാര്യങ്ങൾ സഭയിൽ ചർച്ച ചെയ്യുന്നത് ഉചിതമല്ല.

അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി നീട്ടിയത് സംബന്ധിച്ച് കോടതി പരാമർശിച്ചിരുന്നത് ഇവിടെ ഉദ്ധരിക്കാം - when the Minister issues a specific direction in this regard, according to me, the files should disclose the reason on the basis of which such a decision was taken by the Minister. ഇതിനർത്ഥം ഫയലിൽ കാര്യങ്ങൾ വിശദമായി രേഖപ്പെടുത്തിയിരുന്നെങ്കിൽ നടപടിയിൽ വീഴ്ചയൊന്നുമില്ലായിരുന്നുവെന്നാണ്. എന്നാൽ നേരത്തെ സഭയിൽ വ്യക്തമാക്കിയതുപോലെ ബന്ധപ്പെട്ട ഫയലിൽ മന്ത്രിയുടെ ഉത്തരവിൽ തൊട്ടുമുമ്പുള്ള ഖണ്ഡികയിൽ സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി രേഖപ്പെടുത്തിയിരുന്ന വസ്തുതകളിൽ നിന്നാണ് കൂടുതൽ പേർക്ക് അവസരം നൽകുന്നതിന് സമയപരിധി നീട്ടാനുള്ള ഉത്തരവ് ഫയലിൽ നൽകേണ്ടിവന്നതായി കാണുന്നത്. ഇതിൽ ഒരു തരത്തിലുമുള്ള അപാകതയും ഉള്ളതായി കാണുന്നില്ല. അപേക്ഷിക്കാനുള്ള അവസാന തീയതി നീട്ടുന്നത് സംസ്ഥാനത്ത് പുതിയ കാര്യവുമല്ല. ഇതേ കാര്യത്തിൽ തന്നെ

മുൻസർക്കാരിന്റെ കാലത്തും അപേക്ഷ നീട്ടുകയും നീട്ടിയ കാലയളവിൽ ലഭിച്ച അപേക്ഷയിൽനിന്നും ചെയർപേഴ്സനെ ഉൾപ്പെടെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷിക്കാനുള്ള കാലാവധി നീട്ടിയ കാലയളവിൽ ലഭിച്ച അപേക്ഷകളിൽ യോഗ്യരായ അപേക്ഷകരും പരിഗണിക്കേണ്ടി വരും. അല്ലെങ്കിൽ പിന്നെ കാലാവധി നീട്ടേണ്ടതില്ലല്ലോ. ബാലാവകാശ കമ്മീഷനിൽ ഇപ്പോൾ അംഗങ്ങളെ തെരഞ്ഞെടുത്ത രീതിയെക്കുറിച്ച് കോടതി ഒരു തരത്തിലുള്ള പ്രതികൂല പരാമർശങ്ങളും നടത്തിയിട്ടില്ല. കോടതിവിധിയിലെ ഒരു ഭാഗം ശ്രദ്ധേയമാണ്. ആ ഭാഗം ഞാൻ ഉദ്ധരിക്കാം - There is nothing on record to indicate that the selection made based on the interview conducted by the selection committee consisting of the Minister, Health and Social Justice, Secretary, Social Justice and Secretary, Law is vitiated in any manner. അപേക്ഷകരിൽ തെരഞ്ഞെടുക്കപ്പെടാത്ത ഒരാളാണ് കോടതിയിൽ ഹർജി നൽകിയത്. ഹർജിക്കാരിയെ തെരഞ്ഞെടുക്കണമെന്നും കോടതി നിർദ്ദേശമില്ല. തെരഞ്ഞെടുക്കപ്പെട്ടവരിൽ ഒരാളായ ശ്രീ. സുരേഷ് കേസുകളിൽ പ്രതിയാണ് എന്നുള്ളതാണ് പ്രതിപക്ഷം ഉന്നയിച്ച മറ്റൊരു കാര്യം. സുരേഷിനെതിരെയുള്ള കേസുകൾ സാമൂഹിക വിഷയങ്ങൾ ഉയർത്തി നടത്തിയ സമരത്തിന്റെ ഭാഗമായുള്ളതാണ്. ജനകീയ സമരങ്ങളിൽ ഭാഗമായതിന്റെ പേരിൽ പ്രതികളായ നിരവധി പേർ അപ്പുറവും ഇപ്പുറവുമുണ്ട്. നിയമാനുസൃതം അയോഗ്യതയുണ്ടോ എന്നതാണ് പരിശോധിക്കേണ്ടി വരുന്നത്. ഇപ്രകാരമുള്ള വിശദമായ പരിശോധന സർക്കാർ നടത്തിയിട്ടുണ്ട്. നിയമ വകുപ്പ് സെക്രട്ടറി ഇക്കാര്യത്തിൽ നൽകിയ നിയമോപദേശം ഈ വിധമാണ് - The offences charged and proved against him do not come within the purview of the expression moral turpitude. Hence there is no objection in issuing final orders appointing the selected candidates as members of the State Child Rights Commission. തെരഞ്ഞെടുക്കപ്പെട്ടവരിൽ ഒരാളായ ശ്രീ. സുരേഷ് 14 വർഷം വയനാട് ജില്ലാ ശിശുക്ഷേമ സമിതി സെക്രട്ടറിയും സമിതിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് അംഗവുമായിരുന്നു. 14 വർഷമെന്ന് പറയുമ്പോൾ എൽ.ഡി.എഫ്., യു.ഡി.എഫ്. ഭരണ കാലയളവിലുള്ളതാണതൊന്നും. മാത്രമല്ല, ശിശുക്ഷേമ പ്രവർത്തന മേഖലയിൽ കാൽ നൂറ്റാണ്ടുകാലത്തെ പ്രവർത്തന പാരമ്പര്യവും അദ്ദേഹത്തിനുണ്ട്. ഇദ്ദേഹത്തിന് കോടതി പിരിയുന്നതുവരെ ഒരു ശിക്ഷ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. എന്തിനായിരുന്നു അത്? കാർഷിക വിളകളെ നശിപ്പിക്കുന്ന വന്യജീവി ശല്യത്തിനെതിരായി സമരം നയിച്ച്, അതിന്റെ ഭാഗമായി അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി അതിന് ഒരു ദിവസം കോടതി പിരിയുന്നതുവരെ മാത്രമുള്ള ശിക്ഷ സുരേഷിന് കോടതി നൽകി. അപ്പീൽ പരിഗണിക്കുമ്പോൾ പ്രതിപക്ഷം പറയുന്ന കോടതിയുടെ പരാമർശം രേഖകൾ പ്രകാരമുള്ളതല്ല. അത് കോടതിയുടെ കാഷ്വലായ പരാമർശമാണ്. ഇതും പുതിയ കാര്യമല്ല. ഇത്തരം പരാമർശങ്ങൾ വന്നപ്പോൾ

മന്ത്രിമാർ രാജിവച്ച കീഴ്‌വഴക്കവുമില്ല. കേസുകൾ നടത്തുമ്പോൾ കോടതി നടത്തുന്ന പരാമർശങ്ങൾ വിധിന്യായവുമല്ല. കേസിൽ കക്ഷിയല്ലാത്ത മന്ത്രിയെക്കുറിച്ച് നടത്തിയ ഒരു പരാമർശത്തെത്തുടർന്ന് മന്ത്രി രാജിവയ്ക്കേണ്ട ഒരു സാഹചര്യവുമില്ല. അതുകൊണ്ടു തന്നെ ഈ വിഷയം പ്രത്യേകമായി സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവുമില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാന്യനായ മുഖ്യമന്ത്രി ആമുഖമായി പറഞ്ഞത് ആവർത്തന വിരസമായ വിഷയമെന്നാണ്. അങ്ങേയ്ക്ക് നിയമസഭയിൽ കുറച്ചുകാലത്തെ ഗ്യാപ്പുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ഒരേ വിഷയം നിരവധി തവണ ഉന്നയിച്ച കീഴ്വഴക്കം ഈ സഭയിൽ തന്നെയുണ്ട്. അങ്ങ് അക്കാര്യം മനസ്സിലാക്കുന്നില്ല. അങ്ങ് ഉന്നയിച്ച ന്യായവാദങ്ങളും ന്യായീകരണങ്ങളും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. കഴിഞ്ഞ നാല് ദിവസമായി സഭയിലെ അംഗങ്ങളായ ശ്രീ. വി. പി. സജീന്ദ്രൻ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. റോജി എം. ജോൺ, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എന്നിവർ സഭാ കവാടത്തിൽ ഉപവാസം അനുഷ്ഠിക്കുകയാണ്. ഈ സമരത്തെ ഹൈക്കോടതി വിശേഷിപ്പിച്ചത് ഗാന്ധിയൻ സമരമാണെന്നാണ്. ഹൈക്കോടതി നേരത്തെ ബാലാവകാശ കമ്മീഷനിലെ രണ്ട് നിയമനങ്ങൾ റദ്ദാക്കിയിരുന്നു. അങ്ങ് ടി. ബി. സുരേഷിന്റെ വിശേഷണങ്ങൾ പറഞ്ഞു. പക്ഷെ കോടതി പറഞ്ഞത് സമൂഹ്യനീതി വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ നിർദ്ദേശപ്രകാരം അപേക്ഷകൾ നീട്ടിയതുവഴി ബാലാവകാശ കമ്മീഷനിൽ നിയമിക്കപ്പെട്ട രണ്ട് അംഗങ്ങളുടെ നിയമനം അസാധുവാക്കിയെന്നാണ്. ക്രിമിനൽ പശ്ചാത്തലമുള്ള ടി. ബി. സുരേഷിനെ നിയമിക്കാൻ മാത്രമാണ് സമയം നീട്ടിയതെന്ന് കരുതേണ്ടിവരുമെന്നും മന്ത്രിയുടെ നിർദ്ദേശം സദുദ്ദേശപരമല്ലെന്ന് അനുമാനിക്കാമെന്നും കോടതി വിധിന്യായത്തിൽ പറയുന്നു. മന്ത്രിയുടെ നിർദ്ദേശം സദുദ്ദേശപരമല്ല, മന്ത്രിയുടെ തീരുമാനം ഉത്തമവിശ്വാസത്തിലൂടെയല്ലായെന്ന് പറഞ്ഞ് കോടതി റദ്ദാക്കിയ നിയമനങ്ങളെ ന്യായീകരിക്കാൻ അങ്ങ് തയ്യാറായത് വളരെയേറെ നിർഭാഗ്യകരമായിപ്പോയി. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു മന്ത്രിക്കെതിരെ ഒരാഴ്ചയ്ക്കുള്ളിൽ മൂന്നുപ്രാവശ്യം ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശം നടത്തുന്നത്. ബഹുമാന്യയായ ടീച്ചറോട് എനിക്ക് സഹതാപമുണ്ട്. ധാർമ്മികതയുടെ നേരിയ കണികയെങ്കിലുമുണ്ടെങ്കിൽ ടീച്ചർ രാജിവച്ച് ഒഴിയണമായിരുന്നു. ആ മര്യാദയാണ് പ്രതീക്ഷിച്ചിരുന്നത്. ബാലാവകാശ കമ്മീഷനിലെ നിയമനങ്ങൾ നീട്ടിക്കൊണ്ടുപോയതിന് സുപ്രീംകോടതി 50,000 രൂപ സംസ്ഥാന ഗവൺമെന്റിന് പിഴയടപ്പിച്ചു. ടീച്ചറുടെ വീഴ്ചയ്ക്ക് ഖജനാവിൽ നിന്ന് പിഴ അടയ്ക്കേണ്ടി വന്നു. ബാലാവകാശ കമ്മീഷനുമായി ഉന്നയിക്കപ്പെട്ട വിഷയങ്ങളിൽ അങ്ങ് വളരെയധികം മൗനം പാലിച്ചു.

ഇന്നലെ ലാവ്‌ലിൻ കേസ്സിന്റെ വിധി വന്നപ്പോൾ അങ്ങ് ആഹ്ലാദപൂർവ്വം മാധ്യമങ്ങളെ കണ്ടു, കോടതിയെ പ്രശംസിച്ചുകൊണ്ട് സത്യം ജയിക്കുമെന്ന് പറഞ്ഞു. ലാവ്‌ലിൻ കേസിലെ സിംഗിൾ ബെഞ്ചിന്റെ വിധി വന്നപ്പോഴുള്ള അങ്ങയുടെ പരാമർശങ്ങൾ ബാലാവകാശ കമ്മീഷൻ കേസ്സിലെ വിധിക്കും ബാധകമാണോ; അതോ രണ്ടു തരത്തിലാണോ അങ്ങ് ഇതിനെ കാണുന്നത്? ഒരു ഭാഗത്ത് കോടതി വിധിയെ പ്രശംസിച്ചുകൊണ്ട് സത്യം വിജയിക്കുമെന്ന് പറയുന്നു. ആ സമീപനം എന്തുകൊണ്ട് ബാലാവകാശ കമ്മീഷനിലെ വിധിയിൽ കാണിക്കുന്നില്ല. ഇഷ്ടമില്ലാത്ത വിധിയുണ്ടായതിന്റെ പേരിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ നാടുകടത്തിയ കീഴ്വഴക്കമാണ് ഭരണകക്ഷിക്കുള്ളത്. അതും ലാവ്‌ലിൻ കേസ്സിന്റെ പരാമർശത്തിന്റെ പേരിലായിരുന്നു. പരാമർശങ്ങൾ അനുകൂലമാണെങ്കിൽ കോടതി മഹത്തരവും വിധികൾ വളരെ പ്രശംസാർഹവുമാണ്. നിങ്ങൾക്ക് അനുകൂലമല്ലെങ്കിൽ കോടതിവിധി സ്വീകാര്യമല്ല. ഇവിടെ തുടർച്ചയായി മൂന്ന് ദിവസം മന്ത്രിക്കെതിരെ കോടതി പരാമർശം നടത്തുന്നു. ആഗസ്റ്റ് 17-ന് കോടതി പറഞ്ഞത്, "സിപി.ഐ. (എം) പ്രവർത്തകനായ ടി. ബി. സുരേഷിനെ നിയമിക്കാൻ മാത്രമാണ് സമയം നീട്ടിയതെന്ന് കരുതേണ്ടിവരും, മന്ത്രിയുടെ നിർദ്ദേശം സദുദ്ദേശപരമല്ല, മന്ത്രിയിൽ നിക്ഷിപ്തമായ അധികാരത്തിന്റെ ഉത്തമ വിശ്വാസത്തിലുള്ള വിനിയോഗമല്ലെന്ന്" കോടതി പറഞ്ഞു. ആഗസ്റ്റ് 22-ന് സ്വാശ്രയ മെഡിക്കൽ പ്രവേശനം സംബന്ധിച്ച ഒരുകൂട്ടം പരാതികൾ പരിഗണിക്കുമ്പോൾ കോടതി പറഞ്ഞത് "സ്വാശ്രയ മെഡിക്കൽ പ്രവേശനത്തിൽ സർക്കാർ ആവശ്യത്തിലേറെ ആശയക്കുഴപ്പമുണ്ടാക്കി. കമ്മ്യൂണിസ്റ്റ് സർക്കാരിൽ നിന്ന് പ്രതീക്ഷിക്കുന്നതല്ല, ഇത് ഫ്യൂഡൽ സമീപനമാണ്. മാനേജ്മെന്റുകളുടെ കയ്യിലെ കളിപ്പാവയായി സർക്കാർ മാറി. വിദ്യാഭ്യാസത്തിൽ മുൻപന്തിയിലുള്ള കേരളത്തിന് വലിയ കളങ്കമാണ് സ്വാശ്രയ മെഡിക്കൽ പ്രവേശനം" എന്നാണ് കോടതി പറഞ്ഞത്. കഴിഞ്ഞ തിങ്കളാഴ്ച ഈ വിഷയം ഉന്നയിച്ചുകൊണ്ട് ശ്രീ. ഷാഫി പറമ്പിൽ ചില പരാമർശം നടത്തി. അന്ന് ടീച്ചർ പറഞ്ഞത് പരാമർശം നീക്കുന്നതിനുവേണ്ടി കോടതിയിൽ പോകുമെന്നാണ്. കോടതിയിൽ പോയി. ഇപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് അത് പരാമർശം മാത്രമാണ്, കമന്റാണെന്നാണ്. കോടതി പറഞ്ഞിരിക്കുന്നത് റിസർച്ച് സ്കോളറായ ഒരാളെ തഴഞ്ഞ് ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ടയാളെ നിയമിച്ചത് അപാകതയല്ലേയെന്നും ഇത്തരം നടപടികൾ തെരഞ്ഞെടുപ്പ് സമിതിയുടെ വിശ്വാസത്തിലെടുക്കണ്ടേയെന്നും ഡിവിഷൻ ബെഞ്ച് വാക്കാൽ ചോദിച്ചു.

<u>മി. സ്പീക്കർ</u>: ആ വ്യാഖ്യാനങ്ങളിലേയ്ക്ക് പോകുന്നത് ശരിയല്ല. കോടതിയുടെ കമന്റ് ക്വാട്ട് ചെയ്യുന്നത് ശരിയല്ല. ഇന്ന് കോടതി വിധിക്കാൻ പോകുന്നതേയുള്ളൂ.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, വ്യാഖ്യാനിക്കുകയല്ല, ഇന്നത്തെ മാധ്യമങ്ങളിൽ വന്ന വാർത്തയാണ്. കോടതി വിധി വരട്ടെ. ഡിവിഷൻ ബെഞ്ച് ഓപ്പൺ കോടതിയിൽ എ.ജി.യോട് ചോദിച്ചത് നിങ്ങളുടെ കൊച്ചുമക്കളെ ഇതുപോലുള്ള ക്രിമിനലുകളുടെ കയ്യിൽ സംരക്ഷിക്കാൻ ഏൽപ്പിക്കുമോയെന്നാണ്. അത് അപമാനകരമല്ലേ, അന്തിമ വിധി

ഉണ്ടായില്ലെങ്കിലും. ഈ നടപടികൾ ശരിയല്ലെന്നും ശൈലജ ടീച്ചറിന്റെ നടപടികൾ പരിധിവിട്ട് പോയിരിക്കുന്നുവെന്നുമാണ് കോടതി പറഞ്ഞത്. ഇന്ന് അവസാന വിധി വരട്ടെ. സിംഗിൾ ബെഞ്ചിന്റെ വിധിക്കെതിരെ അപ്പീലിന് പോയത് എന്തിനാണ്? സ്റ്റേ ചെയ്യാൻ പോയി, കോടതി പറഞ്ഞു സ്റ്റേ ചെയ്യുന്നില്ലായെന്ന്. സിംഗിൾ ബെഞ്ചിന്റെ വിധി മാന്യമായ പരാമർശമാണെന്നാണ് ഡിവിഷൻ ബെഞ്ച് പറഞ്ഞത്. മന്ത്രിയുടെ രാജി ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷം സമരത്തിലാണെന്ന് എ.ജി. പറഞ്ഞിട്ടും ഡിവിഷൻ ബെഞ്ച് ഒരക്ഷരം പോലും പറഞ്ഞില്ല. മാത്രമല്ല, ആ സമരം ഗാന്ധിയൻ സമരമാണെന്നാണ് കോടതി പറഞ്ഞത്. കഴിഞ്ഞ തിങ്കളാഴ്ച മുഖ്യമന്ത്രി സഭയിൽ പറഞ്ഞത് ടി. ബി. സുരേഷ് കമ്മ്യൂണിസ്റ്റുകാരനായതുകൊണ്ടാണ് എതിർക്കുന്നതെന്നാണ്. ഞങ്ങൾ രാഷ്ട്രീയക്കാരെ നിയമിക്കുന്നതിന് എതിരല്ല, കമ്മ്യൂണിസ്റ്റുകാരായതുകൊണ്ടല്ല, ക്രിമിനൽ പശ്ചാത്തലമുള്ള, പല കേസ്സുകളിലും പ്രതിയായ, ഒരു പഞ്ചായത്ത് മെമ്പറെ തട്ടിക്കൊണ്ടുപോയ കേസ്സിൽ പ്രതിയായ ടി. ബി. സുരേഷിനെ നിയമിച്ചതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. അതിനെ ദയവായി ന്യായീകരിക്കരുത്. അങ്ങ് നിസ്സാരമായി പറഞ്ഞുപോയി. ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാക്കളുടെ ത്യാഗപൂർണ്ണമായ പ്രവർത്തനം ഞങ്ങൾ മാനിക്കുന്നു. പരിപ്പുവടയുടെയും കട്ടൻ ചായയുടെയും കാലം കഴിഞ്ഞുപോയി, ശൈലി മാറി എന്നൊക്കെയാണല്ലോ ഇന്ന് പറയുന്നത്. ഇന്ന് കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകൾ മുതലാളിത്ത താൽപ്പര്യങ്ങളുടെയും ഫ്യൂഡലിസത്തിന്റെയും വക്താക്കളാണ്.

<u>ശ്രീ. പി. കെ. ശശി</u> :സർ,.....

<u>മി. സ്പീക്കർ</u>: ശ്രീ. പി. കെ. ശശി നിങ്ങൾ ഇരിക്കൂ... അതൊക്കെ പ്രസംഗിക്കുമ്പോൾ പറഞ്ഞാൽ മതി. ഇപ്പോൾ ഇരിക്കൂ. തോന്നുന്നതെല്ലാം ഉടനെ വിളിച്ചുപറയണ്ട.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഇത്രയേറെ പരാമർശം ഉണ്ടായിട്ടും ജനാധിപത്യ മര്യാദകളോട് സാമാന്യ ബഹുമാനമുണ്ടെങ്കിൽ ആരോഗ്യ വകുപ്പുമന്ത്രി രാജിവച്ച് പോകേണ്ടതായിരുന്നു. ഈ സഭയിലെ കഴിഞ്ഞകാല കീഴ്വഴക്കങ്ങൾ അങ്ങേയ്ക്ക് അറിയാം. ശ്രീ. കെ. പി. വിശ്വനാഥന് എതിരായ പരാമർശം ഉണ്ടായപ്പോൾ എന്താണ് പറഞ്ഞത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ശ്രീ. കെ. പി. വിശ്വനാഥനെതിരെ കോടതി പരാമർശമുണ്ടായതിന്റെ ഫലമായി മന്ത്രിസ്ഥാനത്ത് നിന്ന് പോകേണ്ടിവന്നു. ഒരു കോടതി പരാമർശത്തിന്റെ ഭാഗമായി രാജിവയ്ക്കാൻ ശ്രീ. കെ. പി. വിശ്വനാഥനോട് പറഞ്ഞതാണ് എന്റെ ജീവിതത്തിൽ എനിക്ക് പറ്റിയ ഏറ്റവും വലിയ തെറ്റായി കാണുന്നതെന്നാണ് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെ പറഞ്ഞത്. അക്കാര്യം കൂടി അങ്ങ് മനസ്സിലാക്കണം.

ശ്രീ. കെ. സി. ജോസഫ്: സർ, ആത്യന്തികമായി ശ്രീ. കെ. പി. വിശ്വനാഥനെ കോടതി ഒഴിവാക്കിയ സമയത്താണ് ശ്രീ. ഉമ്മൻചാണ്ടി അത് പറഞ്ഞത്. ശ്രീ. കെ. പി. വിശ്വനാഥനെതിരെ ഒരു പരാതി ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ടു. ഹൈക്കോടതി ആ പരാതി പരിഗണിച്ചപ്പോൾ if the averment in the petition is correct എന്നാണ് പറഞ്ഞത്. പെറ്റീഷനിലെ പരാമർശം ശരിയാണെങ്കിൽ വനം വകുപ്പുമന്ത്രിയുടെ ഓഫീസും വനം മാഫിയയുമായി ബന്ധമുണ്ടെന്ന് സംശയിക്കേണ്ടി വരും എന്നാണ് പറഞ്ഞത്. ശരിയാണെന്ന് പറഞ്ഞില്ല. പരാതിക്കാരന്റെ പരാതിയിലെ ആക്ഷേപം ശരിയാണെങ്കിൽ എന്നുപറഞ്ഞു. ആ അവസരത്തിൽപോലും രാജിവച്ച പാരമ്പര്യമാണ് കോൺഗ്രസ്സിനും ശ്രീ. കെ. പി. വിശ്വനാഥനുമുള്ളത്.

*Shri. A. K. Balan*: Sir, " .......the only inference possible is to hold that the enlargement of the time limit by the Minister was intended to appoint the additional third respondent........" എന്നാണ് പറഞ്ഞത്. ഞാൻ ഊഹിക്കുന്നു എന്നാണ് പറഞ്ഞത്. ആ ഊഹവുമായി ബന്ധപ്പെട്ട് aggrieved ആയിട്ടുള്ള ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് കോടതിയിൽ എന്തെങ്കിലും പറയാനുള്ള അവസരമുണ്ടായിട്ടുണ്ടോ? Nature of justice comply ചെയ്തിട്ടുണ്ടോ? ഇത് വെറും inference അല്ലേ? ഇന്ന് ബഹുമാനപ്പെട്ട കോടതി ഇതിന് വിധി പറയുകയാണ്. കോടതി വിധിയുടെ ഉള്ളടക്കത്തിലേയ്ക്ക് കടന്നുകൊണ്ടാണ് ഇന്നിവിടെ ചർച്ച നടത്തുന്നത്. അതുകൊണ്ടാണ് ഇടപെടാൻ നിർബന്ധിക്കപ്പെട്ടത്. അല്ലെങ്കിൽ ഇടപെടില്ലായിരുന്നു. ഇത് തെറ്റാണ്, റൂൾ 50-ന് എതിരാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഇനിയെങ്കിലും ഇങ്ങനെയുള്ള കാര്യങ്ങൾ നിയന്ത്രിക്കണമെന്നാണ് എന്റെ അഭിപ്രായം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ ഈ കോടതി വിധി മുഴുവൻ വായിച്ചില്ല. അങ്ങ് നിയമ വകുപ്പുമന്ത്രിയാണെങ്കിലും ഇത് വായിച്ചതിൽ അങ്ങേയ്ക്ക് അപാകത പറ്റി. ഇത് മുഴുവൻ അങ്ങ് വായിക്കണം. " .........Member of the Commission and the same was not an exercise of power in good faith for the purpose for which power was conferred on the Minister. മന്ത്രിയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ദുർവിനിയോഗം ചെയ്തുവെന്നാണ് ഇതിൽ എഴുതിയിട്ടുള്ളത്. അങ്ങ് എന്ത് വായിച്ചിട്ടാണ് പറയുന്നത്.

മി. സ്പീക്കർ: കോടതി വിധിയുടെ വ്യാഖ്യാനം ഈ സഭാ വേദിയിൽ വേണ്ട. പ്ലീസ്....പ്ലീസ്...

ശ്രീ. എ. കെ. ബാലൻ: സർ, infer ചെയ്യുന്നു എന്നാണ് അവസാനം പറയുന്നത്. Inference എന്നുപറഞ്ഞാൽ ഊഹിക്കുന്നു എന്നാണ്. ഊഹമാണ് പറയുന്നത്.

മി. സ്പീക്കർ: കോടതിവിധിയുടെ interpretation സഭാ വേദിയിൽ വേണ്ട. അഞ്ച് സഭാംഗങ്ങൾ സമരം തുടരുന്ന പശ്ചാത്തലത്തിൽ പ്രതിപക്ഷത്തിന്റെ അവകാശത്തെ നിഷേധിക്കുന്നത് ശരിയല്ലാത്തതുകൊണ്ടാണ് അവസരം നൽകിയതെന്ന് വളരെ കൃത്യമായി ചെയർ പറഞ്ഞു. വിധി ക്വാട്ട് ചെയ്തുകൊണ്ടുള്ള ഒരു ചർച്ച നടത്തുന്നത് ശരിയല്ലെന്ന് ചെയർ വീണ്ടും ഓർമ്മപ്പെടുത്തുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി ഇംഗ്ലീഷ് പരിജ്ഞാനമുള്ള ആളാണ്. ആ വരികൾ ശരിക്കും വായിച്ചാൽ അദ്ദേഹത്തിന് മനസ്സിലാകും.

മി. സ്പീക്കർ: ആരും ചർച്ച ചെയ്യുണ്ടെന്നാണ് ചെയർ പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അദ്ദേഹം പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്. കോടതി വിധിയുടെ ഇംഗ്ലീഷ് വാചകത്തിന്റെ കൺസ്ട്രക്ഷൻ വായിച്ചാൽ ജഡ്ജിയുടെ ഇന്റൻഷൻ എന്താണെന്ന് അദ്ദേഹത്തിന് മനസ്സിലാകും.

ശ്രീ. കെ. സി. ജോസഫ്: സർ, ഞങ്ങളാരും കോടതി വിധി ഉദ്ധരിച്ചില്ല. ബഹുമാന്യനായ നിയമ വകുപ്പുമന്ത്രിയാണ് കോടതിവിധി വായിച്ചത്. ആ സമയത്ത് ചെയർ പറയണമായിരുന്നു. അദ്ദേഹം വായിച്ചതിലുള്ള പാകപ്പിഴയാണ് ഞങ്ങൾ ചൂണ്ടി കാണിച്ചത്. അദ്ദേഹം കോടതി വിധി മിസ് ക്വാട്ട് ചെയ്തു.

മി. സ്പീക്കർ: അങ്ങ് അതിലെ പരാമർശത്തെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, കോടതി വിധിയെക്കുറിച്ച് പറഞ്ഞത് ശ്രീ. എ. കെ. ബാലൻ ആണ്. മന്ത്രിയുടെ നടപടി ഉദ്ദേശ്യശുദ്ധിയോടെയല്ലെന്ന് കോടതി വളരെ വ്യക്തമായിട്ടാണ് പറഞ്ഞത്. ആ പരാമർശം നീക്കമെന്നാണ് മന്ത്രി പറഞ്ഞത്. നീക്കാൻ സാധിച്ചോ; അതിന് സ്റ്റേ കിട്ടിയോ? സീസറിന്റെ ഭാര്യ സംശയാതീതയാകണമെന്ന ഒറ്റ പരാമർശത്തിന്റെ പേരിൽ കെ. എം. മാണി സാർ രാജിവച്ചു. ഈ സഭയുടെ പാരമ്പര്യം അതാണ്. ആരോഗ്യ വകുപ്പുമന്ത്രിക്കെതിരെ തുടർച്ചയായി മൂന്ന് തവണ പരാമർശമുണ്ടായിട്ടും രാജിവയ്ക്കാത്തത് ശരിയല്ല. ബഹുമാനപ്പെട്ട അഞ്ച് എം.എൽ.എ.-മാരുടെ സത്യാഗ്രഹത്തിനാധാരമായ കാര്യം വളരെയേറെ ഗൗരവമുള്ളതാണ്. അടിയന്തരമായി ഈ കാര്യങ്ങൾ സഭ ചർച്ച ചെയ്യണം. ദയവായി മുഖ്യമന്ത്രി ഒഴിഞ്ഞുമാറരുത്. ലാവ്ലിൻ കേസിലെ വിധിയെ പ്രശംസിക്കുമ്പോൾ ആ പ്രശംസയും മാന്യതയും ബാലാവകാശ കമ്മീഷൻ കേസിലെ ജഡ്ജിക്കും കൊടുക്കണം. അല്ലാതെ സൗകര്യംപോലെ വ്യാഖ്യാനിക്കാൻ ദയവായി അങ്ങ് തയ്യാറാകരുത്. അതുകൊണ്ട് അത്യന്തം ഗുരുതരമായ ഈ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയം അവതരിപ്പിക്കാൻ വേണ്ടിയെങ്കിലും പ്രതിപക്ഷം സഹകരിച്ചത് നല്ല കാര്യം. ഇന്നത്തെ ചോദ്യോത്തര വേളയിൽ ആദ്യത്തെ ചോദ്യം ഇറച്ചിക്കോഴി ഉൽപ്പാദനവുമായി ബന്ധപ്പെട്ട കാര്യങ്ങളായിരുന്നു. അത് നാടിന് പൊതുവിൽ താൽപ്പര്യമുള്ള കാര്യമാണ്. രണ്ടാമത്തെ ചോദ്യം ബഹുമാന്യരായ യു.ഡി.എഫ്. അംഗങ്ങൾ തന്നെ ചോദിച്ചതാണ്. അതാണെങ്കിൽ ഏറ്റവും സാമൂഹ്യ പ്രാധാന്യമുള്ള ഒരു വിഷയമായിരുന്നു.

ശ്രീ. പി. ടി. തോമസ്: ഞങ്ങൾക്ക് അതിനേക്കാൾ പ്രാധാന്യം ഇതിനാണ്.

ശ്രീ. പിണറായി വിജയൻ: സർ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പുകയില, മയക്കുമരുന്ന് വിപണനം പ്രത്യേകിച്ച് മയക്കുമരുന്ന് വിപണനവുമായി ബന്ധപ്പെട്ട ചോദ്യമായിരുന്നു. ഏറ്റവും സാമൂഹ്യ പ്രാധാന്യമുള്ള ആ വിഷയം സഭാ വേദിയിൽപ്പോലും വന്നില്ല. ബഹുമാന്യനായ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ ഇവിടത്തെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ എണ്ണിയെണ്ണി പറയുകയുണ്ടായി. അത് കേൾക്കാനും ബഹുമാന്യരായ യു.ഡി.എഫ്. അംഗങ്ങൾ തയ്യാറായില്ല. അവർക്ക് മനസ്സിലാകാത്ത ഭാഷയിലുള്ള മുദ്രാവാക്യം ഏറ്റുവിളിക്കുകയാണ് അവർ ചെയ്തത്. ബഹുമാന്യനായ ഒരു യു.ഡി.എഫ്. അംഗം ജീവിക്കുന്ന പ്രദേശത്തുള്ള ഭാഷ അദ്ദേഹത്തിനുതന്നെ കൃത്യമായി വിളിക്കാൻ അറിയില്ല. അതുകൊണ്ട് അദ്ദേഹം വളരെ സമയമെടുത്ത് എഴുതിക്കൊണ്ടുവന്ന് വിളിക്കുന്ന കാഴ്ചയാണ് കണ്ടത്. ആ ഭാഷ അറിയാത്തതുകൊണ്ട് അത് ഏറ്റുവിളിക്കുമ്പോൾ സംഭവിക്കുന്ന തെറ്റുകൾ നമുക്കാർക്കും മനസ്സിലാക്കാനും കഴിയില്ല. പക്ഷേ പലരും അത് തെറ്റായിട്ടാണ് ഏറ്റുവിളിച്ചതെന്നുള്ളതാണ് വസ്തുത. ആ സമയത്ത് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ബഹുമാന്യരായ യു.ഡി.എഫ്. അംഗങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഇതെല്ലാം ഒരു ഗാന്ധിയൻ രീതിയാണോ എന്നാണ് എനിക്കുള്ള ആദ്യത്തെ സംശയം.

ശ്രീ. കെ. സി. ജോസഫ്: ഞങ്ങൾ ഇന്നലെയും ഇന്നും ഈ സഭയിൽ വളരെ മാന്യമായും ശാന്തമായുമാണ് സമരം നടത്തിയത്. കഴിഞ്ഞ അഞ്ച് വർഷക്കാലം സ്പീക്കറുടെ ഡയസിൽ കയറി നടത്തിയ ആഭാസപ്രകടനങ്ങൾ അങ്ങ് വിസ്മരിക്കരുത്. ഞങ്ങളെ അപഹസിച്ച് പറഞ്ഞ് ദയവായി കഴിഞ്ഞ കാലം മറന്നുപോകരുത്.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ മാന്യതയുടെയോ മാന്യതയില്ലായ്മയുടെയോ പ്രശ്നങ്ങളല്ല പറഞ്ഞത്. ഇന്നിവിടെ കണ്ട ഒരനുഭവം ഞാൻ പറഞ്ഞതാണ്. സ്വാഭാവികമായും പ്രക്ഷോഭങ്ങൾ ആരും നടത്തും. യു.ഡി.എഫ്. തീരുമാനിച്ചതിന്റെ ഭാഗമായി അവർ പ്രക്ഷോഭം നടത്തി. അത് നടത്തണമെന്നോ നടത്തണ്ടെന്നോ ഞാൻ പറയുന്നില്ല. അത് അവർ തീരുമാനിക്കേണ്ട കാര്യമാണ്. പക്ഷേ ഇന്നത്തെ അനുഭവം എന്താണെന്ന് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ഇത് എടുത്തുപറഞ്ഞത്.

ഇവിടെ ബഹുമാന്യനായ ശ്രീ. കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ച കാര്യങ്ങൾ നേരത്തെ ചർച്ച ചെയ്തിട്ടുള്ളതാണ്. സംസ്ഥാനത്തെ ബാലാവകാശ കമ്മീഷനിൽ നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് നടത്തിയ ഇന്റർവ്യൂ സംബന്ധിച്ചുള്ള കാര്യങ്ങളിൽ കോടതിയുടെ വിധി വന്നിട്ടുണ്ട്. ആ വിധിക്കകത്ത് കോടതി ഒരു പരാമർശം നടത്തി. ആ പരാമർശം സാധാരണഗതിയിൽ ഗവൺമെന്റ് ചോദ്യം ചെയ്യേണ്ട ഒരു കാര്യമാണ്. അതുകൊണ്ടാണ് ചോദ്യം ചെയ്യാൻ ഗവൺമെന്റ് സന്നദ്ധമായത്. കാലാവധി നീട്ടിയ പ്രശ്നമാണ് അതിൽ പറഞ്ഞിട്ടുള്ളത്. അതുമായി ബന്ധപ്പെട്ടുള്ളതാണ് കോടതി വിധി. ഭരണപരമായ ഉത്തമ ബോദ്ധ്യത്തോടെയാണ് കാലാവധി നീട്ടിയത്. ആ ഘട്ടത്തിൽ കാലാവധി നീട്ടേണ്ടതുണ്ടെന്ന ബോദ്ധ്യത്തിലാണ് കാലാവധി നീട്ടിയത്. ഇത്തരം തീരുമാനങ്ങളിൽ കോടതിയുടെ wisdom ഉപയോഗിച്ച് വിലയിരുത്തുന്നു. ആ വിലയിരുത്തലിൽ അത് ശരിയായില്ലെന്ന് കോടതി കാണുന്നു. കോടതി അങ്ങനെ കണ്ടതുമായി ബന്ധപ്പെട്ട് ബഹളംവയ്ക്കാനൊന്നും ആരും പോയിട്ടില്ല, സർക്കാരും പോയിട്ടില്ല. ആ വിലയിരുത്തലിന്റെ ഭാഗമായി നടത്തിയ പരാമർശം സാധാരണഗതിയിൽ ചോദ്യം ചെയ്യേണ്ടിവന്നതാണ്. കോടതി വിധിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സഭയിൽ ആ തരത്തിൽ ചർച്ച ചെയ്യുന്നത് ശരിയല്ലെന്നുള്ളതു കൊണ്ട് ഞാൻ കൂടുതലൊന്നും പറയുന്നില്ല. എന്നാൽ കോടതി വിധിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കോടതിക്കകത്ത് തന്നെയാണ് ചോദ്യം ചെയ്യേണ്ടത്. എനിക്ക് തോന്നുന്ന കാര്യം ഞാൻ ഇപ്പോൾ പറയുന്നത് ഒരു തരത്തിലും ഭംഗിയായ ഒന്നല്ല. എന്നാൽ കോടതിക്കകത്ത് സ്വാഭാവികമായും അത് ചോദ്യം ചെയ്യാം. ആ ചോദ്യം ചെയ്യലാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഏത് വിധിയാണ് നിങ്ങൾ അംഗീകരിക്കുന്നത്?

10.00 AM]

<u>ശ്രീ. പിണറായി വിജയൻ</u>: ഗവൺമെന്റ് സാധാരണഗതിയിൽ ഇത്തരമൊരു കാര്യത്തെ ചോദ്യം ചെയ്യുന്നതല്ല. അതാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് ഇന്നലെ കോടതി ചോദിച്ച ഒരു ചോദ്യം, 'എന്തുകൊണ്ടാണ് നിങ്ങൾ റിവ്യൂവിനുപകരം അപ്പീലിന് വന്നത്' എന്നാണ്. ഇത് സാധാരണ കോടതിക്കകത്ത് നടക്കുന്ന വാഗ്വാദങ്ങളാണ്. എ.ജി.-യും ബഹുമാന്യനായ ജഡ്ജിയും തമ്മിൽ നടക്കുന്ന ചില പരാമർശങ്ങളാണ്. അതൊന്നും വിധിന്യായത്തിന്റെ ഭാഗമായി വരുന്ന കാര്യമല്ല. ഇത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. സാധാരണ നിലയ്ക്ക് എ.ജി. അതിന് മറുപടി പറയും, ഇതിന് രണ്ടിനും അവകാശമുണ്ട്. റിവ്യൂവിന് പോകാനും അപ്പീലിന് പോകാനും കക്ഷിക്ക് അവകാശമുണ്ട്. അതുകൊണ്ട് ഉയർന്ന ബഞ്ചിലേയ്ക്ക് അപ്പീൽ വന്നിരിക്കും. അത് ആ ചോദ്യത്തിനുള്ള ഉത്തരമായി; അത് അവിടെ തീരുകയാണ്. നിങ്ങൾ ഇങ്ങോട്ടു വന്നത് എന്തിനാണ് എന്ന ചോദ്യം മാത്രം

നിലനിൽക്കുന്നു. എന്നാൽ മറുപടിയോടുകൂടി ആ ചോദ്യത്തിനുള്ള ഉത്തരം വന്നു; അത് അവിടെ അവസാനിക്കുകയാണ്; ആ ഭാഗം കാണുന്നില്ല. ഇത്തരം കാര്യങ്ങളിൽ കോടതിയുടെ ഈ ഭാഗമാണ് ചോദ്യം ചെയ്തത്. അതുമായി ബന്ധപ്പെട്ട പരിശോധന കോടതി നടത്തുകയാണ്. ഇന്നത്തേയ്ക്ക് അത് മാറ്റിവച്ചിരിക്കുകയാണ്. അതിൽ സ്വാഭാവികമായി വിശദമായ പരിശോധന കോടതിക്കകത്ത് നടക്കും എന്നതന്നെയാണ് കാണുന്നത്. ഇവിടെ ബഹുമാന്യനായ ശ്രീ. കെ. സി. ജോസഫ് ചോദ്യം ഉന്നയിക്കുമ്പോൾ ലാവ്ലിൻ കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരാമർശിക്കുകയുണ്ടായി. ലാവ്ലിൻ കേസ് എന്നത് ദശാബ്ദങ്ങളായി കേരളം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു കേസാണ്. ആ കേസ് എങ്ങനെയാണ് ഉയർന്നു വന്നതെന്നതിനെക്കുറിച്ച് ഞാൻ എന്തെങ്കിലും പറയേണ്ടതായിട്ടില്ല. നിങ്ങളിൽ പലർക്കും അത് വിശദമായി അറിയാവുന്നതാണ്. അതിന്റെ സൂത്രധാരന്മാരോ കാർമ്മികത്വം വഹിച്ചവരോ അങ്ങനെയെല്ലാമുള്ള പലരും ആ കൂട്ടത്തിലുണ്ട്. അതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പ്രത്യേകിച്ച് പറയേണ്ടതില്ല. പലതരത്തിലുള്ള നിഗൂഢ നീക്കങ്ങളാണ് ആ കേസുമായി ബന്ധപ്പെട്ട് നടന്നിരുന്നത്. അതിന്റെ ഭാഗമായി ഒട്ടേറെക്കാലം വ്യക്തിപരമായ വേട്ടയാടലിന് വിധേയനായ ഒരാളാണ് ഞാൻ. ഈ ഘട്ടത്തിലെല്ലാം അവസാന വിധിയെക്കുറിച്ച് ഒരുതരത്തിലുള്ള ആശങ്കയും എനിക്കുണ്ടായിരുന്നില്ല. എത്രമാത്രം ഗൂഢാലോചനാ വിഭാഗക്കാരാണ് നമ്മുടെ സമൂഹത്തിലുള്ളതെന്നാണ് നാം കാണേണ്ടത്. യഥാർത്ഥത്തിൽ അതിന്റെ ഭാഗമായിരുന്നില്ലേ വലിയ തോതിൽ പൊക്കിപ്പിടിച്ച C&AG-യുടെ ആദ്യത്തെ റിപ്പോർട്ട്. അതുതന്നെ കളമൊരുക്കലിന്റെയും ഗൂഢാലോചനയുടെയും ഭാഗമായി വന്നതായിരുന്നു. അതുവച്ച് എന്തെല്ലാം തരത്തിലുള്ള നീക്കങ്ങളുണ്ടായി. ഇതുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ട കാര്യം ഞാൻ പറയുന്നില്ല.

എനിക്ക് ഉത്തമ ബോധ്യമുള്ള ഒരു കാര്യമുണ്ട്. ഇതിനെതിരെ നേതൃത്വം കൊടുത്ത രാഷ്ട്രീയ പാർട്ടിയുടെ ഉന്നതസമിതിയിൽ തന്നെ നേരത്തെ ഇവിടെ മുഖ്യമന്ത്രിയായിരുന്ന ഒരാൾ, (ഇപ്പോൾ നമ്മുടെ സഭയിലില്ല) അദ്ദേഹം ആ സമിതിയിൽ പറയുകയാണ്, 'ഇതുമായി പോകാൻ പാടില്ല. ഇത്തരമൊരു ആക്ഷേപവുമായി നിങ്ങളാരും മുന്നോട്ടു പോകാൻ പാടില്ല. അതിൽ യാതൊരു വസ്തുതയുമില്ല. അങ്ങനെ പോകുകയാണെങ്കിൽ അതിൽ വിജയനായിരിക്കില്ല ഞാനായിരിക്കും പ്രതിയായിട്ട് വരുന്നത് ' എന്ന് ചൂണ്ടിക്കാണിക്കുന്ന അവസ്ഥ വരെ നേരത്തെ ഉണ്ടായതാണ് ഈ കാര്യത്തിൽ. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്ന ആർക്കും എങ്ങനെയാണ് കേസ് ചാർജ് ചെയ്യപ്പെടുകയെന്നതിനെപ്പറ്റി വ്യക്തതയുണ്ടല്ലോ: വ്യക്തമായി മനസ്സിലാക്കാനാകുമല്ലോ. ആ പ്രത്യേക സാഹചര്യത്തിൽ ആവശ്യമായി വന്നത് എന്റെ പാർട്ടിയെ സി.പി.ഐ.(എം)-നെ ഏറ്റവും കൂടുതൽ വേട്ടയാടണമെന്നുള്ളതാണ്. സി.പി.ഐ.(എം)-നെ വേട്ടയാടാൻ എന്നെ കരുവാക്കി; എന്നിട്ട് ഞാനൊരു

അഴിമതിക്കാരനാണെന്ന് ചിത്രീകരിക്കണം. രണ്ടുവർഷമോ മറ്റോ ആണ് ഞാൻ ആ ഘട്ടത്തിൽ മന്ത്രി സ്ഥാനത്തുണ്ടായിരുന്നത്. ഞാൻ മന്ത്രി സ്ഥാനത്ത് നിന്ന് പിരിഞ്ഞുപോകുമ്പോൾ നല്ല യാത്രയയപ്പാണ് കേരളം എനിക്ക് നൽകിയത്. ഞാൻ ആ ഘട്ടത്തിൽ ഒരു ദുഷ്പേരും സമ്പാദിച്ചിട്ടില്ല. എന്നെപ്പറ്റി ആരും മോശമായി ഒരു വാചകവും പറഞ്ഞിട്ടില്ല. സാധാരണ സി.പി.ഐ.(എം)-നെയൊക്കെ ആക്ഷേപിക്കുന്ന ചില പ്രമുഖ പത്രങ്ങൾ വരെയുണ്ട്. ഞാൻ ഇറങ്ങുന്ന ഘട്ടത്തിൽ 'ഇത് സംസ്ഥാനത്തിന് നഷ്ടമാണെന്ന്' പറഞ്ഞ് മുഖപ്രസംഗം വരെ എഴുതി. അങ്ങനെയെല്ലാമുള്ള പ്രശംസ ഞാൻ ഏറ്റുവാങ്ങിയിരുന്നു. ആ പ്രശംസയിൽ ഞാൻ അഹങ്കരിച്ചുപോയിട്ടില്ല. അതെല്ലാം കഴിഞ്ഞ് ഇറങ്ങിപ്പോയതിനുശേഷം തങ്ങൾക്ക് അധികാരം ഉപയോഗിക്കാൻ കഴിയുന്ന ഒരു സാഹചര്യം വന്നപ്പോൾ അന്നത്തെ ഒരു കരാറുമായി ബന്ധപ്പെട്ട് എന്നെ കുടുക്കാൻ പറ്റുമോയെന്നാണ് നോക്കിയത്. അപ്പോൾ ഒരു കാര്യം മറന്നുപോയി. ആ കരാറിന്റെ മൂലകരാർ തങ്ങളാണുണ്ടാക്കിയതെന്ന കാര്യം ഇത് ആലോചിച്ചവർ മറന്നുപോയി. അവരെ ഉപദേശിച്ച ചിലരുണ്ട്. ആ ഉപദേശിച്ചവർക്ക് മറ്റുപല കാരണങ്ങളാലും എന്നെ പ്രതിയാക്കണമെന്ന് താൽപ്പര്യമുണ്ടാകും. പക്ഷെ ആ ഉപദേശത്തിൽ വീഴാൻ പാടില്ലായിരുന്നു. ആ ഉപദേശം സ്വീകരിച്ച് പ്രതിയാക്കാൻ പുറപ്പെട്ടാൽ തങ്ങളെ തന്നെയാണ് അത് തിരിഞ്ഞു കുത്തുകയെന്ന് മനസ്സിലാക്കേണ്ടിയിരുന്നു. ആദ്യം ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തി. വിജിലൻസ് അന്വേഷണത്തിന്റെ റിപ്പോർട്ട് വന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, . . . . . .

<u>ശ്രീ. പിണറായി വിജയൻ</u>: ലാവ്‌ലിൻ കേസ് പറയേണ്ടിവന്നത് ഇത് പറഞ്ഞതുകൊണ്ടാണ്; അത് പറയണ്ടേ? ബഹുമാന്യനായ ശ്രീ. കെ. സി. ജോസഫിനെ പോലെയുള്ള ഒരാൾ പറഞ്ഞാൽ ഞാൻ അത് വ്യക്തമാക്കണ്ടേ? അതുകൊണ്ടാണ് പറയുന്നത്.

നമ്മുടെ സംസ്ഥാനത്ത് ഇത്തരമൊരു കേസുമായി ബന്ധപ്പെട്ട് ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ട ഒരു കാര്യമാണല്ലോ ഇത്. അന്നത്തെ സർക്കാർ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചു. വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ടും കൊടുത്തു. ഒരു തെളിവുമില്ലാത്ത ഒരു കാര്യത്തിൽ ഇത്തരമൊരു റിപ്പോർട്ട് കൊടുക്കാനേ വിജിലൻസിന് കഴിഞ്ഞുള്ളൂ. അങ്ങ് ഓർക്കുന്നുണ്ടോയെന്ന് അറിയില്ല, ഈ അന്വേഷണ റിപ്പോർട്ടിന്റെ ഭാഗമായി വിജിലൻസ് ഡയറക്ടർ കോടതിയിൽ എന്നെ ഒഴിവാക്കിക്കൊണ്ടുള്ള റിപ്പോർട്ട് കൊടുത്തു. അത്തരമൊരു റിപ്പോർട്ട് കോടതിയിൽ കൊടുത്തുവെന്നതിന്റെ പേരിൽ ആ ഡയറക്ടറെ രാജ്ഭരാമാനം മാറ്റി. ഇക്കാരണത്താൽ മാത്രം വലിയ പ്രതികാര നടപടിക്ക് അദ്ദേഹം വിധേയനായി. അദ്ദേഹം എന്റെ അടുപ്പക്കാരനാണെന്നോ എന്റെ രാഷ്ട്രീയ

പാർട്ടിയുമായി അടുപ്പമുള്ളയാളാണെന്നോ ആരും പറയില്ല. ഇതുവരെ ആരും പറഞ്ഞിട്ടുമില്ല. ഇതൊക്കെയായിരുന്നു അതിന്റെ നാൾവഴികൾ. നമ്മുടെ സംസ്ഥാനത്ത് അതുമായി ബന്ധപ്പെട്ട് പിന്നീട് ഒരു തെരഞ്ഞെടുപ്പ് വരികയാണ്. ആ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ വിജിലൻസ് അനേഷിച്ച് ഒരു കഴമ്പുമില്ലെന്ന് കണ്ടെത്തിയ കേസ് സി.ബി.ഐ.-ക്ക് വിടാൻ തീരുമാനിക്കുന്നു. പിണറായി വിജയൻ എന്ന അന്നത്തെ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ഈ കേസിൽ തങ്ങൾ ആഗ്രഹിച്ചതു പോലെ പ്രതിയായില്ല, അങ്ങനെ പ്രതിയാകാതിരുന്നാൽ സി.പി.ഐ.(എം)-നെതിരെ വേട്ടയാടൽ നടത്താൻ പറ്റില്ല. ഈ ഒറ്റ കാരണംവച്ചുകൊണ്ട് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ഘട്ടത്തിൽ ഈ കേസ് സി.ബി.ഐ.-യ്ക്ക് വിടുകയാണ്. സി.ബി.ഐ. ഈ കേസ് അന്വേഷിച്ചു. സി.ബി.ഐ. അന്വേഷിക്കാനിടയായ കാര്യം ഒരു പ്രൈവറ്റ് കംപ്ലെയിന്റ് പോയി, കോടതിയിൽ തർക്കം നടന്നു. അതൊക്കെ ഇവിടെ പലരും ഓർക്കുന്നുണ്ടാകും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇ.എം.എസ്. പഠന കേന്ദ്രമാണ് കോടതിയിൽ കേസിന് പോയത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സി.ബി.ഐ. അന്വേഷിക്കണമെന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ ഉത്തരവിന്റെ മേലെ കോടതിയിലേയ്ക്ക് പോകുന്നത് ആ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടിയുള്ളവരാണ്. യു.ഡി.എഫ്-ന്റെ താൽപ്പര്യം സംരക്ഷിക്കാനുള്ളവരാണ് അതിനുവേണ്ടി പോകുന്നത്. ഒരു ഘട്ടത്തിൽ കോടതി അതിന് അനുമതി നൽകി. ഞാൻ അതിന്റെ മറ്റു കഥകളിലേയ്ക്ക് ഇപ്പോൾ പോകുന്നില്ല. ഏതായാലും യു.ഡി.എഫ്. ആഗ്രഹിച്ചതുപോലെ തന്നെ സി.ബി.ഐ. അന്വേഷണം ആരംഭിച്ചു. സി.ബി.ഐ. അന്വേഷിച്ചപ്പോൾ നേരത്തെ വിജിലൻസ് എന്തായിരുന്നോ കണ്ടത് അതുപോലുള്ള നിഗമനത്തിൽ അവർ എത്തിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സി.ബി.ഐ. നമ്മുടെ സംസ്ഥാനത്തെ യു.ഡി.എഫ്. ഭരണകാലത്ത് അവരുടെ കീഴിലുള്ളവരെ നിയന്ത്രിക്കുന്നതിനെക്കാളും അപ്പുറമുള്ളൊരു ഏജൻസിയാണ്. ആ ഘട്ടത്തിൽ അന്നത്തെ യു.പി.എ. ഭരണ സംവിധാനത്തിന് ഇടതുപക്ഷം പിന്തുണ പിൻവലിച്ചു. ഇടതുപക്ഷം പിന്തുണ പിൻവലിച്ചതുകൊണ്ട് ആ പ്രതികാരം, അന്ന് ഇടതുപക്ഷത്തിൽ കുറച്ച് എം.പി.-മാർ കൂടുതലുണ്ടായിരുന്നത് സി.പി.ഐ.(എം)-നാണ്. സി.പി.ഐ.(എം)-നോടുള്ള പ്രതികാര മനോഭാവം യു.പി.എ.-യ്ക്ക് നേതൃത്വം കൊടുക്കുന്നവർക്ക് വന്നു. അപ്പോഴും എന്റെ പിടലിക്കായി. പിണറായി വിജയനെ ഈ കേസിൽ പ്രതിയാക്കണം. ആ നിർദ്ദേശമുള്ളതുകൊണ്ട് നേരത്തെ ഏത് നിഗമനത്തിലാണോ എത്തിയിരുന്നത് അതിൽ നിന്നും മാറി. ഈ സ്ട്രക്ചർ ചെയ്ത കേസിന് വരാനുള്ള ദൗർബല്യങ്ങളൊക്കെ അതിനകത്തുണ്ടായിരുന്നു. അത് സ്വാഭാവികമാണ്. അതാണ് സി.ബി.ഐ. ചാർജ് ചെയ്ത കേസ്. ഇക്കാര്യത്തിൽ ഒരു തരത്തിലുള്ള മോണിറ്ററി ബെനിഫിറ്റും പിണറായി വിജയന് ഉണ്ടായിട്ടില്ലെന്ന് സി.ബി.ഐ. തന്നെ പറഞ്ഞു. അതൊരു പ്രശ്നമായി വന്നു. ഞാൻ നേരത്തെ

പറഞ്ഞ വാക്ക് കടമെടുത്താൽ, ഉടനെ ഒരു അവതാരം വരുന്നു. 1996-ൽ ആണല്ലോ നിയമസഭാ തെരഞ്ഞെടുപ്പ് നടന്നത്. ആ നിയമസഭാ തെരഞ്ഞെടുപ്പിൽ ഞാൻ മത്സരിക്കുമ്പോൾ ഞാൻ ഇലക്ട്രിസിറ്റി വകുപ്പ് മന്ത്രിയാകുമെന്ന് ഈ അവതാര പുരുഷന് അറിയാമായിരുന്നു. വലിയൊരു പണക്കെട്ട് എനിക്ക് തരാൻവേണ്ടി അദ്ദേഹം കണ്ണൂരിലേയ്ക്ക് വന്നു. അവസാനം കണ്ണൂരിൽ വച്ച് ആ പണം എന്നെ ഏൽപ്പിച്ചു. ഈ പെറ്റീഷൻ സി.ബി.ഐ. അന്വേഷണം നടത്തി. ഇയാൾ പറഞ്ഞ കാര്യം സി.ബി.ഐ.-യ്ക്ക് കൊടുത്തു. എന്താണ് വസ്തുതയെന്ന് സി.ബി.ഐ. എന്നെ വിളിച്ചു ചോദിച്ചു. ഞാൻ പറയേണ്ട കാര്യങ്ങൾ പറഞ്ഞു. സി.ബി.ഐ. ഉദ്യോഗസ്ഥൻ എന്നോട് പറഞ്ഞ കാര്യങ്ങൾ പറയുന്നത് മാന്യതയല്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ഇത്തരത്തിലുള്ള ഒട്ടേറെ നീക്കങ്ങൾ ഇതിന്റെ ഭാഗമായി ഉണ്ടായിട്ടുണ്ട്. കോടതി ഇക്കാര്യം വിശദമായി പരിശോധിച്ചപ്പോൾ ഇത്തരമൊരു കേസ് ചാർജ് ചെയ്യാൻ പറ്റുന്നതല്ലെന്ന് സി.ബി.ഐ. കോടതി കണ്ടെത്തി. സി.ബി.ഐ. കോടതിയിൽ വളരെ വിശദമായ വാദപ്രതിവാദങ്ങൾ നടന്നു. ഇത്തരം കാര്യങ്ങളിൽ സത്യം തെളിഞ്ഞുവരുന്നതിന്റെ ഭാഗം, അതാണ് കോടതിയിൽ നാം അന്ന് കണ്ടത്. ഇതുമായി ബന്ധപ്പെട്ട് ഞങ്ങൾ ഒരു കാര്യം നേരത്തെ പറഞ്ഞിരുന്നു. അത് ഒട്ടേറെ വാദപ്രതിവാദങ്ങൾക്ക് ഇടയാക്കി. ബഹുമാന്യനായ ശ്രീ. കെ.സി. ജോസഫിനെ പോലുള്ളവർ അന്ന് അതിനെപ്പറ്റി പ്രതികരിച്ചിട്ടുമുണ്ട്. ഞാൻ പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി മെമ്പറും പോളിറ്റ്ബ്യൂറോ അംഗവുമൊക്കെയായതുകൊണ്ട് ഈ പ്രശ്നങ്ങളെല്ലാം ഉയർന്നുവന്നപ്പോൾ പാർട്ടി കേന്ദ്ര കമ്മിറ്റിതന്നെ ഈ വിഷയം ചർച്ച ചെയ്തു. ഇത് രാഷ്ട്രീയമായി കെട്ടിച്ചമച്ച കേസ്സാണെന്നും ഞങ്ങൾ ഇതിനെ രാഷ്ട്രീയമായും നിയമപരമായും നേരിടുമെന്നും പാർട്ടി കേന്ദ്ര കമ്മിറ്റി അന്ന് പറഞ്ഞു. ആ പറഞ്ഞ വാക്ക് അക്ഷരംപ്രതി വസ്തുതയായി വന്നിരിക്കുകയാണ്. പിന്നീട് കോടതി വിധിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലേയ്ക്ക് സി.ബി.ഐ. പോയി. ഹൈക്കോടതി വിശദമായ പരിശോധന നടത്തി. ആ പരിശോധനയുടെ ഭാഗമായി ഹൈക്കോടതി കണ്ടെത്തിയ കാര്യമാണല്ലോ ഏറ്റവും പ്രധാനം. നിങ്ങൾ എന്താണ് ഇങ്ങനെയൊരാളെ തെരഞ്ഞെടുക്കാൻ ഇടയാക്കിയതെന്ന് ചോദിച്ചല്ലോ; സത്യം ശരിയായ രീതിയിൽ കോടതിക്ക് ബോദ്ധ്യപ്പെട്ടതിന്റെ ഭാഗമായിട്ടുള്ളൊരു ചോദ്യമാണ് അത്. എന്തെങ്കിലുമൊരു പരാമർശം മറ്റൊരു രീതിയിൽ അതിനെപ്പറ്റി ഉന്നയിക്കാൻ കഴിയില്ല. ഇവിടെ ഇതിനിടയ്ക്ക് ഒരു കാര്യമുണ്ടായി. രാഷ്ട്രീയമായ കാര്യങ്ങൾ നേരിടുമെന്ന് പറഞ്ഞത് ഞങ്ങൾ അതേ തലത്തിൽതന്നെ നേരിടുന്ന നില സ്വീകരിച്ചു. എന്നാൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനകീയമായൊരു വിധി ഉണ്ടായല്ലോ. നേരത്തെ ബഹുമാന്യനായ ശ്രീ. കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ ഞാൻ കുറച്ചുകാലത്തെ വിടവിനു ശേഷമാണ് സഭയിലേയ്ക്ക് വരുന്നത്. എന്റെ പാർട്ടി ഇത്തവണ മത്സരിക്കണമെന്ന് തീരുമാനിച്ചു അങ്ങനെയാണ് ഞാൻ മത്സരിച്ചത്. മത്സരിക്കാൻ ചെന്നപ്പോൾ ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സ്വാഭാവികമായിട്ടും വരുമല്ലോ; പക്ഷെ ജനങ്ങൾ എനിക്ക് വലിയ തോതിൽ പിന്തുണ നൽകുന്ന അവസ്ഥയാണ് ഉണ്ടായത്. അത്

വ്യക്തിപരമായി എന്തെങ്കിലും കണ്ടുകൊണ്ട് അല്ലല്ലോ; ഇതെല്ലാം ഒരുതരം വേട്ടയാടൽ എന്നു കണ്ടുകൊണ്ടാണല്ലോ ജനങ്ങൾ എനിക്ക് പിന്തുണ നൽകിയത്. ആ പിന്തുണ നൽകിയതിൽ ബഹുമാന്യനായ ശ്രീ. കെ. സി. ജോസഫിന് അറിയാം, അദ്ദേഹത്തിന് അവിടെയൊക്കെ നിശ്ചയമുള്ളതാണ്. എന്നെ പിന്താങ്ങിയതിൽ സി.പി.ഐ.(എം)-കാരും എൽ.ഡി.എഫ്.-ഉം മാത്രമല്ല ശ്രീ. കെ.സി. ജോസഫിന്റെ പാർട്ടിക്കാരായവർ വരെ എനിക്ക് വോട്ട് ചെയ്യാൻ തയ്യാറായിട്ടുണ്ട്. അതുകൊണ്ടാണ് എന്റെ വോട്ടിന്റെ എണ്ണം വർദ്ധിക്കാനിടയായത്. അല്ലെങ്കിൽ അത്രത്തോളം വോട്ട് എനിക്ക് അവിടെ കിട്ടേണ്ടതില്ല. ജനങ്ങളുടെ അംഗീകാരവും ഇതിനിടയ്ക്ക് കിട്ടി. മൂന്നുപേരെ കേസിന്റെ ഭാഗമായി നിലനിർത്തിയിരിക്കുന്നു എന്നതാണ് ഹൈക്കോടതി വിധി പ്രഖ്യാപിച്ചതിൽ ശ്രദ്ധിക്കേണ്ടൊരു കാര്യം. ആരാണ് ആ മൂന്നുപേർ; അതാണ് ഞാൻ നേരത്തെ പറഞ്ഞത് ഇത് മൂലകരാറിലേയ്ക്കാണ് പോകുകയെന്നത്. ആ മൂലകരാറിന്റെ ഘട്ടത്തിൽ ആരൊക്കെയാണോ കെ.എസ്.ഇ.ബി.-യുടെ തലപ്പത്ത് ഉണ്ടായിരുന്നത് അവരെ മൂന്നുപേരെയാണ് നിലനിർത്തിയിരിക്കുന്നത്. അവിടുന്ന് അപ്പുറം കടന്നാൽ എവിടത്തേയ്ക്കൊക്കെ അത് എത്തും; ഞാൻ ഒന്നും പറയുന്നില്ല അന്നും പറഞ്ഞിട്ടില്ല, ഇന്നും പറയുന്നില്ല. പക്ഷെ ഈ മൂന്ന് ഉദ്യോഗസ്ഥരിൽ നിന്നും ഒന്ന് കടന്നാൽ എവിടെയൊക്കെ എത്തുമെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം. അതാണ് ലാവ്‌ലിൻ കേസ്. ലാവ്‌ലിൻ കേസിൽ ഏതെങ്കിലും ഘട്ടത്തിൽ ജഡ്ജിയെ നാടുകടത്താനൊന്നും തയ്യാറായിട്ടില്ല. ഞങ്ങൾ എപ്പോഴും കോടതിക്ക് അർഹമായ ബഹുമാനം കൊടുത്തുകൊണ്ട് മാത്രമേ പ്രവർത്തിച്ചിട്ടുള്ളൂ. ഇവിടെ കാണുന്നത്, കോടതിയെ ആക്ഷേപിക്കുക, അതിന്റെ ഭാഗമായി കോടതി അലക്ഷ്യ കേസ് വരിക, അതിനുശേഷം മാപ്പ് പറയേണ്ടിവരിക. ഇതൊന്നും ഞങ്ങളാരുടെയും ഭാഗത്തുനിന്നും കാണാൻ കഴിയില്ല. ഇതൊന്നും ഞങ്ങളുടേതായ പാരമ്പര്യമല്ല. ഞങ്ങൾക്ക് മാപ്പ് പറയേണ്ടി വന്നിട്ടില്ല. ലാവ്‌ലിൻ കേസുമായി ബന്ധപ്പെട്ട് ഇതാണ് എനിക്ക് വ്യക്തമാക്കാനുള്ളത്. ലാവ്‌ലിൻ കേസിൽ സത്യം വിജയിച്ചിരിക്കുന്നു. വിവാദങ്ങൾ കത്തിനിൽക്കുന്ന ഘട്ടത്തിൽ ആത്യന്തികമായി ഇങ്ങനെയായിരിക്കുമെന്ന് ഞാൻ വ്യക്തമാക്കിയിട്ടുള്ള കാര്യമാണ്. ഒരു തരത്തിലുള്ള ആശങ്കയും അന്നും എനിക്കുണ്ടായിരുന്നില്ല. ഇന്നലെ വിധി പറയാൻ പോകുന്നുവെന്ന് കേട്ടപ്പോഴും ഒരു ആശങ്കയുമില്ലാതെ ഞാൻ അത് കേട്ടിരുന്നു. അതാണ് അക്കാര്യത്തിൽ സംഭവിച്ചത്.

ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾക്ക് ശ്രീ. ഇ. പി. ജയരാജനോട് വലിയ സ്നേഹം വന്നു എന്നുള്ളത് നല്ല കാര്യമാണ്. അതിന് ഞാൻ അവരോട് നന്ദി പറയുകയാണ്. ബാലാവകാശ കമ്മീഷനിൽ പീഡകരെ നിയമിക്കുകയാണെന്ന് സഭാവേദിയിൽ മുദ്രാവാക്യം വിളിക്കുന്നത് കേട്ടു. ബാലാവകാശ കമ്മീഷനിൽ ഒരു പീഡകനെയും നിർദ്ദേശിച്ചിട്ടില്ല, കൃത്യമായ ബാലസംരക്ഷകരെ തന്നെയാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതിനകത്ത് ഒരു അപാകതയും കാണാൻ കഴിയില്ല. നിങ്ങൾ മുതലാളിയോടൊപ്പമാണോ തൊഴിലാളിയോടൊപ്പമാണോയെന്ന് ശ്രീ. കെ. സി. ജോസഫ് ഇവിടെ ചോദിക്കുകയുണ്ടായി;

അതിലെന്താണ് സംശയം? ഞങ്ങൾ ഈ നാട്ടിലെ അധഃസ്ഥിതരോടും പാവപ്പെട്ടവരോടും തൊഴിലാളികളോടും കർഷകരോടും ഒപ്പമാണ്. കഴിഞ്ഞ മാസങ്ങളിലെ ഞങ്ങളുടെ ഭരണഘട്ടത്തിൽ സ്വീകരിച്ച നടപടികൾ അതിന് തെളിവാണ്. ഞാൻ വിസ്താര ഭയത്താൽ അതൊന്നും എണ്ണിയെണ്ണി പറയുന്നില്ല. ഇവിടെ പട്ടികജാതി പട്ടികവർഗ്ഗക്കാരും അവശത അനുഭവിക്കുന്ന ഒട്ടേറെ ജനവിഭാഗങ്ങളും പാവപ്പെട്ട മത്സ്യത്തൊഴിലാളികളും കർഷകത്തൊഴിലാളികളും കർഷകരും മറ്റ് തൊഴിലാളികളും ഉണ്ട്. ഞങ്ങൾ അവരുടെയെല്ലാം ഒപ്പം തന്നെയാണ്. അതിൽ ഒരു സംശയവും ഉണ്ടാകേണ്ടതില്ല. ഗുണകരമായ എന്തെല്ലാം കാര്യങ്ങൾ അവർക്കുവേണ്ടി ചെയ്യാൻ സാധിക്കും, ഇതാണ് ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതിന് വേഗത കൂടണം. അതിനുവേണ്ട നടപടികൾ തന്നെയാണ് ഞങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ഞങ്ങൾ ഇത്തരമൊരു സമീപനം സ്വീകരിക്കുമ്പോൾ അതിൽ നമ്മുടെ നാടിന്, ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ ഒന്നിച്ചുനിൽക്കാനാകണം. അത് നാടിന്റെ പ്രശ്നമാണ്. കശുവണ്ടി തൊഴിലാളികളുടെ പ്രശ്നമെടുത്താൽ അത് നാട്ടിലെ പാവപ്പെട്ട കശുവണ്ടി തൊഴിലാളിയുടെ പ്രശ്നമല്ലേ? അതിൽ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം തമ്മിലുള്ള പ്രശ്നമല്ല. അത്തരം ആളുകൾക്ക് എന്തുചെയ്യാൻ കഴിയും, എങ്ങനെ സഹായിക്കാൻ കഴിയും, ഇതുതന്നെയാണ് സർക്കാർ വീക്ഷിക്കുന്നത്. സർക്കാർ മുതലാളിയോടൊപ്പമോ തൊഴിലാളിയോടൊപ്പമോ എന്ന് സഭാവേദിയിൽ മുദ്രാവാക്യം ഉയരുന്നത് കേട്ടു. അതിനാണ് ഞാൻ പറഞ്ഞത് ഈ നാട്ടിൽ പരമ്പരാഗത വ്യവസായത്തൊഴിലാളികളും പൊതുമേഖലാ തൊഴിലാളികളും അവശത അനുഭവിക്കുന്നവരുമുണ്ട്. അവരുടെയല്ലാം ഒപ്പം തന്നെയാണ് സർക്കാർ. അത് ആവർത്തിച്ച് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ പോലീസിന്റെ പരിശീലനം ആർ.എസ്.എസ്. ക്യാമ്പിലാണോയെന്ന് ചോദിക്കുന്നത് കേട്ടു. പോലീസിന് പോലീസിന്റേതായ രീതികളുണ്ട് എന്ന് ഞങ്ങൾക്കെല്ലാവർക്കും അറിയാം. പോലീസിനെ ജനോന്മുഖമാക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. പോലീസ് ജനമൈത്രി പോലീസായി പ്രവർത്തിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. എല്ലാ സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളാകുകയാണ്. പൊതുവെ ജനമൈത്രി സംസ്കാരം പോലീസിലുണ്ടാക്കാനാണ് ശ്രമിക്കുന്നത്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ സ്വിച്ചിട്ടപോലെ പോലീസ് സേനയിലെ എല്ലാവരും ഒരുപോലെ ഒരു ദിവസം വന്നുചേരുകയില്ല. അതിൽ അപാകത കാണിക്കുന്നവരുണ്ടാകാം. ഏതെങ്കിലും വഴിവിട്ട കാര്യങ്ങൾ നടന്നാൽ ആ കാര്യങ്ങൾ നടത്തുന്നവർക്കെതിരെ സംരക്ഷണമുണ്ടോയെന്നതാണ് പ്രശ്നം. ആ സംരക്ഷണത്തിന് ഈ സർക്കാർ തയ്യാറല്ല. വഴിവിട്ട നടപടികൾ വന്നാൽ കർക്കശ നടപടികൾ അത്തരം ആളുകൾക്കെതിരെയുണ്ടാകും. അതുകൊണ്ട് തന്നെയാണ് ഈ സർക്കാരിനെയും സർക്കാരിന്റെ നയത്തെയും എല്ലാവരും പിന്താങ്ങുന്നതിന് ഇടയാകുന്നത്. കയ്യേറ്റക്കാർക്കും കൊള്ളക്കാർക്കും മദ്യ മാഫിയക്കാർക്കുമൊക്കെ ചാകരക്കാലമാണെന്ന് ഈ സഭയിൽ ശബ്ദം ഉയരുന്നതുകേട്ടു. ഇവരെല്ലാം ഇപ്പോൾ ഭയപ്പാടിലാണ്. ഈ നാട്ടിൽ കൊള്ളരുതായ്മ കാണിക്കുന്ന ഏതെല്ലാം വിഭാഗക്കാരുണ്ടോ

അവരെല്ലാം കടുത്ത ആശങ്കയിലും ഭയപ്പാടിലുമാണ്. കാരണം അവർക്കെതിരെ കർക്കശ നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതുതന്നെയാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നതും. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ഒരു നേതാവ് വിളിച്ചുപറയുന്നതുകേട്ട് മറ്റുള്ളവരും ഏറ്റുവിളിച്ചു, ഇത് കയ്യേറ്റക്കാർക്കും കൊള്ളക്കാർക്കും മദ്യമാഫിയക്കാർക്കുമെല്ലാം ചാകരക്കാലവും സി.പി.ഐ (എം)-ന് കൈ നിറയെ വരുന്ന കാലവുമാണെന്ന്. പണ്ട് രണ്ടുപേർ തമ്മിൽ വഴക്കുണ്ടായപ്പോൾ ഒരാൾ മറ്റൊരാളുടെ നേരെ ഉള്ള തെറി മുഴുവൻ വിളിച്ചുപറയും, അപ്പോൾ മറ്റേയാൾക്ക് സാധാരണ പറയുന്ന മട്ടിൽ മാത്രമേ പറയാൻ കഴിയുകയുള്ളു. ചില വിഭാഗത്തിൽപ്പെട്ടവരാണ്, ഞാൻ ആ വിഭാഗത്തിന്റെ പേരൊന്നും പറയുന്നില്ല. ആളുകൾ 'അതെന്താ ഇങ്ങനെ' എന്ന് ചോദിച്ചപ്പോൾ പറയുകയാണ് അത് അവന്റെ രീതിയിൽ അവൻ പറയുന്നു, എന്റെ രീതിയിൽ ഞാൻ പറയുന്നുവെന്ന്. അവരവരുടെ സ്വഭാവമോ മറ്റ് കാര്യങ്ങളോ മറ്റുള്ളവരിൽ ചാർത്താൻ ശ്രമിക്കരുത്. അതിനെക്കുറിച്ച് ഞാൻ അത്രയേ പറയുന്നുള്ളൂ. നാട്ടിൽ വഴിവിട്ട് ആരെങ്കിലും പ്രവർത്തിച്ചാൽ അവർക്കെതിരെ കർക്കശ നടപടികൾ തന്നെയായിരിക്കും ഈ സർക്കാർ സ്വീകരിക്കുന്നത്.

ഈ സംസ്ഥാനത്ത് ദളിത് വിഭാഗക്കാർ വല്ലാത്ത പ്രയാസം അനുഭവിക്കേണ്ടി വരുന്നുവെന്ന് ഇവിടെ പറയുന്നതായി കേട്ടു. ദളിത് വിഭാഗക്കാരുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് ബഹുമാന്യനായ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുമ്പോഴാണ് ഈ മുദ്രാവാക്യം വിളിക്കുന്നത്. അതിലൊക്കെ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഒരുകാലത്തും ഇല്ലാത്ത രീതിയിലുള്ള പട്ടികജാതി പട്ടികവർഗ്ഗ സംരക്ഷണ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ഓണത്തിന് പച്ചക്കറി വാങ്ങണമെങ്കിൽ പറമ്പ് വിൽക്കേണ്ടിവരുമെന്ന് പറയുന്നതായി കേട്ടു. അദ്ദേഹത്തിന് മാർക്കറ്റുമായി ഒരു ബന്ധവുമില്ലെന്ന് വന്നു. അദ്ദേഹം കാര്യങ്ങൾ മനസ്സിലാക്കണ്ടേ? ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ പ്രഖ്യാപിച്ച ഒരു കാര്യമുണ്ട്. നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ആവശ്യമായ പതിമൂന്ന് സാധനങ്ങൾ .......(ബഹളം).....

<u>മി. സ്പീക്കർ</u>: ഇത് പുതിയ കാര്യമല്ല. സഭാനാഥന് സഭയെ അറിയിക്കാനുള്ള വിവരങ്ങൾ അറിയിക്കാൻ അവകാശമുണ്ട്. പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോഴും അദ്ദേഹവും സമയത്തിൽ നിബന്ധനകൾ കാണിക്കാറില്ല.

<u>ശ്രീ. പിണറായി വിജയൻ</u>: പതിമൂന്ന് നിത്യോപയോഗ സാധനങ്ങൾക്ക് സർക്കാർ അധികാരത്തിലേറുമ്പോഴുള്ള വില എത്രയാണോ അതിൽ നിന്നും കൂട്ടുന്ന പ്രശ്നമില്ല എന്നാണ് ഞങ്ങൾ പ്രഖ്യാപിച്ചത്. അത് അതേനിലയ്ക്കുതന്നെ തുടരുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റാളുകൾ ഏതെങ്കിലും കാണാമറയത്ത് നിൽക്കുന്ന സ്ഥാപനമല്ല. ഇന്ന് ഏത് പഞ്ചായത്തിൽ ചെന്നാലും ആ സ്റ്റാൾ കാണാം. എല്ലാം ഫലപ്രദമായി പ്രവർത്തിക്കുന്നവയാണ്. നല്ലതുപോലെ സാധനങ്ങൾ നിറഞ്ഞിരിക്കുകയാണ്. ഇതാണ് ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇതിൽ ഒരു തരത്തിലുള്ള ഇരട്ടത്താപ്പോ അവസരവാദ നിലപാടുകളോ ഇല്ല. അക്കാര്യത്തിലെല്ലാം ഞങ്ങൾക്ക് തീർത്തും അഭിമാനിക്കാൻ കഴിയും.

ഇവിടെ ഭരിക്കുന്നത് കമ്മ്യൂണിസ്റ്റാണോ ഫ്യൂഡലിസ്റ്റാണോയെന്ന് ചോദിക്കുന്നത് കേട്ടു. കമ്മ്യൂണിസ്റ്റുകാരായ ഞങ്ങളിൽ ചിലർ ഈ ഭരണത്തിലുണ്ടെന്നത് ശരിയാണ്. ഈ ഭരണം ഒരു കമ്മ്യൂണിസ്റ്റ് ഭരണമല്ല. കമ്മ്യൂണിസ്റ്റ് ഭരണമാണെങ്കിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ചെയ്യാൻ കഴിയുന്ന ഒട്ടേറെ കാര്യങ്ങളുണ്ടാകും. അത് മുഴുവൻ ചെയ്യാൻ സംസ്ഥാനത്തിന് കഴിയില്ല. അതിന്റെ പരിമിതി ഞങ്ങൾക്കറിയാം. കേന്ദ്ര ചട്ടക്കൂടിലാണ് നമ്മൾ നിൽക്കുന്നത് എന്നുള്ളതാണ് ആ പരിമിതി. നമ്മുടെ രാജ്യത്ത് ഭരണഘടനയുണ്ട്. ആ ഭരണഘടനയുടെ ചട്ടക്കൂടിലാണ് നമ്മൾ നിൽക്കുന്നത്. അതിന്റെ ഭാഗമായാണ് നമ്മൾ പ്രവർത്തിക്കുന്നത്. അവർക്ക് ഇത് കേൾക്കുമ്പോൾ അരോചകമാകുമോ എന്ന് അറിയില്ല. അതൊരു ബൂർഷ്വാ ചട്ടക്കൂടാണ്. ആ ബൂർഷ്വാ ചട്ടക്കൂടിനകത്തുള്ള പരിമിതി നല്ല ബോദ്ധ്യമുള്ളവരാണ് ഞങ്ങൾ. പക്ഷേ അത് പരിമിതിയാണ്, ഒന്നും ചെയ്യാൻ പറ്റില്ല എന്നുപറഞ്ഞ് ഞങ്ങൾ മാറിനിൽക്കുകയല്ല. ആ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ജനങ്ങൾക്കും നാടിനും ആശ്വാസം നൽകാൻ എന്തൊക്കെ ചെയ്യാൻ കഴിയും എന്നുള്ളതാണ് ഞങ്ങൾ നോക്കുന്നത്. അത് ഞങ്ങൾ നിർവ്വഹിക്കുക തന്നെ ചെയ്യും. ഇന്ന് കേരളത്തിലെ പ്രമുഖ പത്രങ്ങൾ എഴുതിയ മുഖപ്രസംഗത്തിൽ നാടിന്റെ വികസനത്തിന് കൂടുതൽ ശ്രദ്ധിക്കണമെന്ന് പറയുന്നുണ്ട്. അതുതന്നെയാണ് ഞങ്ങളുടെ താൽപ്പര്യം. അതിനാണ് ഞങ്ങൾ ഊന്നൽ നൽകുന്നത്. അതിനെല്ലാമാണ് ഞങ്ങൾക്ക് ഈ പിന്തുണ കരുത്തായി മാറുന്നത്. കമ്മ്യൂണിസ്റ്റുകാരായ ഞങ്ങളടക്കമുള്ള ഒരു ഭരണമാണ് ഇവിടെ നടക്കുന്നത് എന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. എന്നാൽ അതൊരു കമ്മ്യൂണിസ്റ്റ് ഭരണമല്ല, ജനങ്ങൾക്ക് ഉപകാരപ്രദമായ ഭരണം തന്നെയാണ് ഞങ്ങൾ നടത്തുന്നത്. എന്തെങ്കിലും ദൗർബല്യങ്ങളോ വീഴ്ചകളോ ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ തിരുത്തുന്നതിനും ഞങ്ങൾക്ക് മടിയില്ല. 'നാണവും മാനവും ഉണ്ടെങ്കിൽ രാജി വയ്ക്കൂ, പുറത്തുപോകൂ' എന്ന് പറഞ്ഞല്ലോ; അതൊന്നും ഞങ്ങൾക്ക് ബാധകമായതല്ല. ഇതാണ് ഇക്കാര്യത്തിൽ പറയാനുള്ളത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ആവശ്യവും വരുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗം കേട്ടപ്പോൾ ചിലർക്ക് സന്തോഷം വരുമ്പോൾ നില മറന്നുപോകുമെന്നുള്ള കാര്യം ബോദ്ധ്യമായി. ഇവിടെ ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച അടിയന്തര പ്രമേയത്തിനുള്ള മറുപടിയല്ല അദ്ദേഹം പറഞ്ഞത്. ചിലരോട് കണക്ക് തീർക്കാനുള്ള മറുപടിയാണ് അദ്ദേഹം പറഞ്ഞത്. അത് ഞങ്ങളോടല്ല എന്ന് ഞങ്ങൾക്ക്

പൂർണ്ണമായി ബോദ്ധ്യമുള്ളതുകൊണ്ടാണ് ഞങ്ങൾ മിണ്ടാതിരുന്നത്. ആ കണക്ക് തീർക്കാനുള്ള നിഗൂഢ ശക്തികൾ ഇവിടെത്തന്നെയുണ്ട്, അവരാരും പോയിട്ടില്ല എന്നുള്ളതാണ് സത്യം. അതിലേയ്ക്ക് ഞാൻ പിന്നീട് വരാം. കൂരിരുട്ടിൽ മിന്നാമിനുങ്ങിന്റെ നുറുങ്ങ് വെട്ടത്തിന് നല്ല തിളക്കം തോന്നും. ബഹുമാന്യനായ മുഖ്യമന്ത്രിക്ക് മിന്നാമിനുങ്ങിന്റെ വെട്ടം കിട്ടിയപ്പോഴുണ്ടായ ഒരാശ്വാസമാണ് ആ പ്രസംഗത്തിലുടനീളം നമുക്ക് കാണാൻ കഴിയുന്നത്. ബഹുമാന്യനായ മെമ്പർ ശ്രീ. കെ. സി. ജോസഫ് ഇവിടെ ഉന്നയിച്ച അടിസ്ഥാനപരമായ പ്രശ്നങ്ങൾക്കൊന്നും ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറഞ്ഞില്ല. ഞങ്ങളുടെ അടിയന്തര പ്രമേയത്തിന്റെ പ്രധാനപ്പെട്ട കാര്യമെന്താണ്; അഞ്ച് എം.എൽ.എ.-മാർ നിയമസഭാ കവാടത്തിൽ സത്യാഗ്രഹമിരിക്കുന്നു. അവർ സത്യാഗ്രഹം ഇരിക്കുന്നതിന്റെ കാരണമെന്താണ്; ബഹുമാനപ്പെട്ട ഹൈക്കോടതി ബാലാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട നിയമനങ്ങളെ റദ്ദ് ചെയ്തുകൊണ്ട് വിധി പുറപ്പെടുവിച്ചു. 25 പേജുള്ള കോടതി വിധിയാണത്. ആ വിധിയിലെ എട്ടോളം ഖണ്ഡികകൾ വായിച്ചാൽ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ഗുരുതരമായ കൃത്യവിലോപവും സ്വജനപക്ഷപാതവും കാട്ടിയിട്ടുണ്ടെന്ന് വ്യക്തമാകും. ഞാൻ അതിലെ ഓരോ പാരാഗ്രാഫും വായിക്കുന്നില്ല. ഗവൺമെന്റ് വിധിയിൽ ഒന്നുമില്ല എന്നാണ് നിയമ വകുപ്പുമന്ത്രി പറയുന്നതെങ്കിൽ എന്തിനാണ് ഒബ്സർവേഷൻ മാറ്റാൻ വേണ്ടി കോടതിയിൽ പോയത്; കേരളത്തിലെ ആയിരക്കണക്കിന് വിദ്യാർത്ഥികളും രക്ഷകർത്താക്കളും മുൾമുനയിലായ സ്വാശ്രയ പ്രശ്നം എടുക്കുന്നതിനുമുമ്പ് തന്നെ മന്ത്രിയുടെ പേരിലുള്ള ഒബ്സർവേഷൻ മാറ്റിക്കിട്ടണമെന്നാണ് അഡ്വക്കേറ്റ് ജനറൽ ആവശ്യപ്പെട്ടത്. അഡ്വക്കേറ്റ് ജനറലിനോട് ഇതാണോ വലിയ പ്രശ്നം; കുട്ടികളുടെ ഭാവിയല്ലേ എന്നാണ് കോടതി ചോദിച്ചത്. അങ്ങനെ കോടതി ഇന്നലെ വാദത്തിന് വച്ചു. അഡ്വക്കേറ്റ് ജനറൽ വിനീതനായി കൈ കൂപ്പിക്കൊണ്ട് ഇത് നീക്കിക്കിട്ടിയില്ലെങ്കിൽ മന്ത്രിക്ക് രാജിവയ്ക്കേണ്ടി വരുമെന്ന് കോടതിയോട് പറഞ്ഞത് കേരളത്തിന്റെയും ജുഡീഷ്യറിയുടെയും ചരിത്രത്തിലെ ആദ്യത്തെ സംഭവമാണ്. 'I'm pleading to ex-punch the remarks' എന്ന് കേരളത്തിന്റെ അഡ്വക്കേറ്റ് ജനറലിന് കോടതിയിൽ പറയേണ്ട സാഹചര്യമുണ്ടായി എന്നുള്ളത് നമ്മളാലോചിക്കേണ്ട കാര്യമാണ്. ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി പറഞ്ഞത് ഒന്നുമില്ല എന്നാണ്. പിന്നെ എന്തിനാണ് അഡ്വക്കേറ്റ് ജനറൽ കൈ കൂപ്പിക്കൊണ്ട് പ്ലീഡ് ചെയ്തത്; ഒന്നുമില്ല എന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയും പറയുന്നു. പ്ലീഡ് ചെയ്തുകൊണ്ട് ഞങ്ങൾക്ക് സ്റ്റേ വേണമെന്ന് കോടതിയോട് പറഞ്ഞു. സിംഗിൾ ബെഞ്ചിന്റെ വിധിക്കെതിരായി കൊണ്ടുവന്ന അപ്പീലിൽ ഡിവിഷൻ ബെഞ്ച് സ്റ്റേ അനുവദിച്ചില്ല. അതിന്റെ അർത്ഥം ഇപ്പോഴും ഈ ഒബ്സർവേഷൻ നിലനിൽക്കുന്നുവെന്നുള്ളതല്ലേ; ഈ കോടതി വിധിയെന്താണ്; ഞാൻ എല്ലാ ഭാഗവും വായിക്കുന്നില്ല. ഈ കോടതിവിധി വളരെ വ്യക്തമാണ്. ബാലാവകാശ കമ്മീഷന്റെ സെക്ഷൻ III അനുസരിച്ച് കമ്മീഷനിലെ അംഗങ്ങളെ നിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ ചട്ടങ്ങൾ നിലവിലുണ്ട്. ആ ചട്ടങ്ങളുടെ ലംഘനമാണ് ഇവിടെ നടത്തിയിട്ടുള്ളത്.

അതിനകത്ത് അഡ്വക്കേറ്റ് ജനറൽ ഉന്നയിച്ച എല്ലാ വാദമുഖങ്ങളെയും ആ കോടതി തള്ളിക്കളഞ്ഞിരിക്കുന്നു. ഒരു ഉദാഹരണം പറയാം, 'Pursuant to the same, the State Police Chief has informed the Government that there is a criminal case pending against the additional fifth respondent. As regards the additional third respondent, the State Police Chief has informed the Government that 12 criminal cases have been registered against him.' ഏറ്റവും പ്രധാന കാര്യമാണ്. 12 ക്രിമിനൽ കേസ്സുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യക്തിയെ ബാലാവകാശ കമ്മീഷനിലെ അംഗമായി നിയോഗിച്ച നടപടിക്കെതിരായിട്ടാണ് കോടതിയുടെ പരാമർശങ്ങൾ മുഴുവനുമുണ്ടായത്. ആദ്യം അപേക്ഷ ക്ഷണിച്ചപ്പോൾ 150 പേർ അപേക്ഷിച്ചു. അതിൽനിന്നും 40 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്തപ്പോൾ അതിൽ ഉദ്ദേശിച്ചയാളെ കണ്ടില്ല. അതുകൊണ്ട് വീണ്ടും മന്ത്രി ഉത്തരവിറക്കിയിരിക്കുന്നു. മന്ത്രിയുടെ ഉത്തരവിന്റെ ഭാഗം കഴിഞ്ഞ ദിവസം ഞാൻ വായിച്ചതുകൊണ്ട് ഇപ്പോൾ വായിക്കുന്നില്ല. മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വീണ്ടും ആളുകൾ അപേക്ഷ അയയ്ക്കുന്നു. അങ്ങനെയാണ് വയനാട്ടിൽ നിന്നുള്ള സുരേഷ് എന്ന വ്യക്തി അപേക്ഷ കൊടുത്തത്. ആ വ്യക്തിക്കെതിരെ 12 ക്രിമിനൽ കേസ്സുകൾ നിലവിലുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി, അങ്ങയുടെ പാർട്ടിക്കാരനാകാം, പക്ഷേ ഇതുപോലെയുള്ള ഒരാളിനെയല്ല ബാലാവകാശ കമ്മീഷനിൽ നിയമിക്കേണ്ടത്. ഇങ്ങനെയുള്ള ട്രാക്ക് റിക്കാർഡുള്ള ഒരാളിനെയല്ല പാർട്ടി ശിപാർശ ചെയ്ത് മന്ത്രിക്ക് കൊടുക്കേണ്ടത്. ഇക്കാര്യത്തിൽ പാർട്ടിയാണ് ഗുരുതരമായ തെറ്റ് ചെയ്തിട്ടുള്ളത്. 12 ക്രിമിനൽ കേസ്സുള്ള വ്യക്തിയാണ് ഇദ്ദേഹം. കൊട്ടിയൂർ പീഡന കേസ്സുമായി ബന്ധപ്പെട്ട് വയനാട്ടിലെ ചൈൽഡ് വെൽഫയർ കമ്മിറ്റിയെ മുഴുവൻ പിരിച്ചുവിടേണ്ട സാഹചര്യമുണ്ടായി. അതിലെ അംഗമാണ് ഇദ്ദേഹം. ആ വ്യക്തിയാണോ ഇതിൽ വരേണ്ടത്; ശശീന്ദ്രൻ എന്നുപറയുന്ന ഞങ്ങളുടെ പഞ്ചായത്ത് മെമ്പറെ തട്ടിക്കൊണ്ടുപോയതിന്റെ പേരിൽ 69 ദിവസം റിമാന്റിൽ കഴിഞ്ഞ ആളിനെയാണോ ബാലാവകാശ കമ്മീഷനിൽ നിയമിക്കേണ്ടത്; ഇതാണോ സാമൂഹ്യ പ്രതിബദ്ധതയുള്ള കേസ്സുകളാണെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഒരു പഞ്ചായത്ത് അംഗത്തെ തട്ടിക്കൊണ്ടുപോയതിന്റെ പേരിൽ കേസ്സിലകപ്പെട്ട് റിമാന്റിലായ ആളിനെ ഈ സമിതിയിൽ നിയമിക്കാനുള്ള ശിപാർശ കൊടുത്തതാരാണെന്ന് അങ്ങ് അന്വേഷിക്കണം. അങ്ങ് അതിനെപ്പറ്റി പരിശോധിക്കണം.

ഇതെല്ലാം ഒബ്സർവേഷൻസ് മാത്രമാണെന്ന് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു. ഈ കോടതി വിധിയിലൂടെ ആ രണ്ട് അംഗങ്ങളെ കോടതി അയോഗ്യരാക്കിയിരിക്കുകയാണ്. കോടതി വിധി വന്നിരിക്കുന്നതിനാൽ ഈ രണ്ട് അംഗങ്ങൾ ഇപ്പോൾ സമിതിയിൽ അംഗങ്ങളല്ല. കോടതി വിധിയിൽ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്, the files should disclose the reason... അതിനകത്ത് അഡ്വക്കേറ്റ് ജനറൽ വാദിച്ച ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. എല്ലാ ജില്ലയിൽ

നിന്നും ആളില്ലെന്ന് അഡ്വക്കേറ്റ് ജനറൽ പറയുന്നുണ്ട്. എല്ലാ ജില്ലകളിൽനിന്നും ആളിനെ വയ്ക്കേണ്ട കാര്യമെന്താണ്; ഇവിടെ ആകെ 6 പേർ മതി. എല്ലാ ജില്ലയിൽ നിന്നും അപേക്ഷയില്ലായെന്നുള്ള അഡ്വക്കേറ്റ് ജനറലിന്റെ വാദം കോടതി തള്ളിക്കളഞ്ഞു. അതിനുശേഷം കോടതി വ്യക്തമായി പറയുന്നത്, '….the files should disclose the reason on the basis of which such a decision was taken by the Minister. If the files do not disclose any reason, the courts would only presume that the decision is not one taken bonafide in such cases'. ബഹുമാനപ്പെട്ട മന്ത്രി കാരണങ്ങൾ പറയാതെ തീയതി നീട്ടിയെന്നുള്ളതിന്റെ അർത്ഥം വളരെ ബോധപൂർവ്വമായി മന്ത്രി തന്റെ അധികാര ദുർവിനിയോഗം നടത്തിയെന്നും bonafide അല്ലാതെ നിയമനങ്ങൾ നടത്തുന്നതിന് വഴിതെളിച്ചുവെന്നുള്ളതുമാണ്. അവസാനം പറയുന്നത്, '….the only inference possible is to hold that the enlargement of the time limit by the Minister was intended to appoint the additional third respondent as the Member of the Commission and the same was not an exercise of power in good faith for the purpose for which power was conferred on the Minister' എന്നാണ്.

മിനിസ്റ്ററിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ദുർവിനിയോഗപ്പെടുത്തി കൊണ്ട് നിയമനങ്ങൾ നടത്തിയെന്ന് കോടതി പറഞ്ഞാൽ അതിനേക്കാൾ കൂടുതൽ ഏത് കാര്യമാണ് കോടതി പറയേണ്ടത്. അതിനേക്കാൾ കൂടുതൽ ഏത് വിധിന്യായമാണ് കോടതി പുറപ്പെടുവിക്കേണ്ടത്. സീസറിന്റെ ഭാര്യ സംശയങ്ങൾക്ക് അതീതയായിരിക്കണമെന്ന് പറഞ്ഞപ്പോൾ ബഹുമാന്യനായ കെ. എം. മാണിസാറിന്റെ രക്തത്തിനുവേണ്ടി ദാഹിച്ചയാളുകളാണ് നിങ്ങൾ. ഇവിടെ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, കെ. കരുണാകരൻ എന്നിവർക്കെതിരെ ചെറിയ പരാമർശം വന്നപ്പോൾ അവർക്കെതിരെ സമരങ്ങൾ നടത്തിയ ആളുകളാണ് നിങ്ങൾ. ടീച്ചറുടെ പേരിൽ ഒന്നുമുണ്ടായിട്ടില്ലെന്ന് നിങ്ങൾ ഇപ്പോൾ പറയുന്നു. ഇത് കോടതി വിധിയല്ലെന്ന് നിങ്ങൾ പറയുന്നു. പിന്നെ എന്തിനാണ് നിങ്ങൾ ഹൈക്കോടതിയിൽ അപ്പീൽ പോയത്. ബഹുമാന്യയായ മന്ത്രി അധികാര ദുർവിനിയോഗം നടത്തിയിരിക്കുന്നു എന്നുള്ളത് കോടതി വിധിയിൽനിന്ന് വളരെ വ്യക്തമാണ്. വഴിവിട്ട നിയമനങ്ങൾ നടത്തിയിരിക്കുന്നു. സ്വന്തം പാർട്ടിക്കാരെ തിരുകിക്കയറ്റാൻ വേണ്ടി എല്ലാ നിയമങ്ങളും ചട്ടങ്ങളും കാറ്റിൽ പറത്തിക്കൊണ്ട്, ഈ സംസ്ഥാനത്ത് നിയമ വിരുദ്ധമായ നിലയിൽ nepotism പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കിക്കൊണ്ട് നിയമനം നടത്തിയിരിക്കുന്നു. അതാണ് ബാലാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഇന്നലെയും കഴിഞ്ഞ ദിവസവും പുറപ്പെടുവിച്ച പ്രതികരണങ്ങളിലും വിധിന്യായങ്ങളിലും പറയുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ കോടതി

പരാമർശങ്ങളെപ്പറ്റി പറഞ്ഞു. കഴിഞ്ഞ മൂന്ന് ദിവസമായി കേരളത്തിലെ ഹൈക്കോടതി 13 പരാമർശങ്ങളാണ് ഈ ഗവൺമെന്റിനെപ്പറ്റി നടത്തിയത്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞതെല്ലാം കോടതിക്കും ചീഫ് ജസ്റ്റിസിനുമുള്ള മറുപടിയാണ്. ഈ സർക്കാർ ആരോടൊപ്പമാണെന്ന് കോടതി ചോദിച്ചു. ഞങ്ങൾ ചോദിച്ചതല്ല, ബഹുമാനപ്പെട്ട ഹൈക്കോടതിയാണ് ചോദിച്ചത്. കുട്ടികളുടെ താൽപ്പര്യം സംരക്ഷിക്കാൻ കോടതി ശ്രമിക്കുമ്പോൾ സർക്കാരും എൻട്രൻസ് കമ്മീഷണറും ശ്രമിക്കുന്നത് മറ്റുചിലതിനാണ്. നിങ്ങൾ 5 മാസം കിട്ടിയിട്ട് കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയെ തകർത്ത് തരിപ്പണമാക്കിയ ആളുകളാണ്. നിങ്ങൾ ജനാധിപത്യത്തെ കുഴിച്ചുമൂടാനും ദുർബലപ്പെടുത്താനുമാണ് ശ്രമിച്ചത്. എക്സിക്യൂട്ടീവ് ദുർബലമാകുമ്പോൾ ജുഡീഷ്യറി will step in. ജുഡീഷ്യറി അവിടെ കടന്നുവരും. ജനാധിപത്യ സംവിധാനത്തിൽ എക്സിക്യൂട്ടീവ് എടുക്കേണ്ട തീരുമാനം എക്സിക്യൂട്ടീവും ജുഡീഷ്യറി എടുക്കേണ്ട തീരുമാനം ജുഡീഷ്യറിയും എടുക്കണം. എക്സിക്യൂട്ടീവ് തീരുമാനം എടുത്തില്ലെങ്കിൽ, ലെജിസ്ലേച്ചർ തീരുമാനം എടുത്തില്ലെങ്കിൽ സ്വാഭാവികമായും കോടതി step in ചെയ്യും. ആ ദൗർഭാഗ്യകരമായ സംഭവമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. നിങ്ങൾ ചെയ്യാത്തതുകൊണ്ട്, നിങ്ങൾ ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി അവതാളത്തിലാക്കിയതുകൊണ്ട് ബഹുമാനപ്പെട്ട കോടതിക്ക് ഇടപെടേണ്ടി വന്നു. അതാണ് കോടതി ചോദിച്ചത്, നിങ്ങൾ ആരോടൊപ്പമാണെന്ന്. നിങ്ങൾ സ്വാശ്രയ മാനേജ്മെന്റുകളോടൊപ്പമായിരുന്നു. ഞങ്ങൾ പാവപ്പെട്ടവരോടൊപ്പമാണെന്ന് ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞല്ലോ; സ്വാശ്രയ മാനേജ്മെന്റുകൾക്ക് കേരളത്തെ കൊള്ളയടിക്കാൻ കൂട്ടുനിന്ന നിങ്ങൾ എങ്ങനെ പാവപ്പെട്ടവരുടെ കൂടെയാണെന്ന് പറയാൻ കഴിയും? നീറ്റിൽ 85 ശതമാനം സീറ്റും മെരിറ്റാണ്. 15 ശതമാനമാണ് എൻ.ആർ.ഐ. സീറ്റ്. 85 ശതമാനം സീറ്റിലേയ്ക്ക് സുഗമമായി പ്രവേശന നടപടികൾ നടത്താൻ അവസരം കിട്ടിയിട്ട് ഇതുപോലെ കുളമാക്കാൻ പിണറായി സർക്കാരിന് മാത്രമേ കഴിയുകയുള്ളൂ. 5 മാസം നിങ്ങൾ ഒന്നും ചെയ്യാത്തത് ഒരു ദിവസം കൊണ്ട് ബഹുമാന്യനായ Chief Justice of Kerala നിറവേറ്റിയെന്ന് പറയുന്നതിൽ എനിക്ക് സന്തോഷമല്ല ദുഃഖമാണുള്ളത്. ലെജിസ്ലേച്ചറിന്റേയും എക്സിക്യൂട്ടീവിന്റേയും അധികാരത്തെ ജുഡീഷ്യറി കവർന്നെടുക്കുന്നുവെന്നുള്ളതല്ല ഞാൻ പറയുന്നത്. ജുഡീഷ്യറിക്ക് ഇടപെടാനുള്ള അവസരം കൊടുത്ത നമ്മളാണ് ലെജിസ്ലേച്ചറിന്റേയും എക്സിക്യൂട്ടീവിന്റേയും അധികാരത്തെ ദുർബലപ്പെടുത്തിയിട്ടുള്ളത്. അതിൽനിന്നും ഈ ഗവൺമെന്റിന് മാറിനിൽക്കാൻ കഴിയില്ല. ബഹുമാന്യനായ മുഖ്യമന്ത്രി ഭരണ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞു. അതിലേയ്ക്ക് ഞാൻ പിന്നീട് വരാം. ഇവിടെ കോടതിയുടെ ഓരോ പരാമർശത്തിനും മുഖ്യമന്ത്രി മറുപടി പറയണം. ഈ സർക്കാർ സമ്പന്നൻമാരോടൊപ്പമാണെന്നുള്ളതിന് ഒരു സംശയവുമില്ല. ഈ സർക്കാർ മദ്യ മാഫിയയോടൊപ്പമാണ്. കേരളത്തിലെ ജനങ്ങൾക്ക് ഓണ സമ്മാനമായി പുതിയ 300 ബാറുകൾ തുറക്കുന്നു. ബഹുമാന്യനായ സ്പീക്കർ, അങ്ങയിലൂടെ ഞാൻ

ഗവൺമെന്റിനോട് ചോദിക്കട്ടെ; കേരളത്തിലെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമുള്ള റോഡുകളൊക്കെ ഇപ്പോൾ ഏത് പട്ടികയിലാണ് വരുന്നത്; കേരളത്തിലെ ജനങ്ങൾക്ക് നൽകിയ ഓണ സമ്മാനം ഇത്രയും ബാറുകൾ തുറക്കാൻ പോകുന്നുവെന്നതാണ്. എത്ര ഗജവീരന്മാരെ നിർത്തിയാണ് ഇനി ആളുകൾ പ്രവേശനോത്സവം നടത്തുന്നതെന്നാണ് കേരളം നോക്കിയിരിക്കുന്നത്. ഇതാണോ പാവങ്ങളോടൊപ്പം; ഇതാണോ തൊഴിലാളികളോടൊപ്പം; ഇതാണോ വീക്കർ സെക്ഷനോടൊപ്പം; ഇവിടെ 5 മാസമായിട്ട് കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസത്തെ കുളമാക്കിയ നിങ്ങളാണോ ഭരണ നേട്ടങ്ങളെപ്പറ്റി അവകാശംകൊള്ളുന്നത്? കോടതി മറ്റൊന്ന് പറഞ്ഞു, മറ്റ് സംസ്ഥാനങ്ങളിൽ സ്വാശ്രയ പ്രവേശനം കുഴപ്പമില്ലാതെ നടക്കുമ്പോൾ ഇവിടെ സർക്കാർ എല്ലാം കുഴച്ചുമറിച്ചുവെന്ന്. സ്വാശ്രയ പ്രവേശനത്തിൽ സർക്കാർ മറ്റാരുടേയോ കളിപ്പാവയാണ്. ആരുടെ കളിപ്പാവയാണ്? സർക്കാർ ഇവിടെ കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രമാണ് പറയുന്നതെങ്കിലും ഫ്യൂഡൽ ചിന്താഗതി നിലനിൽക്കുന്നതു പോലെയാണ് കാര്യങ്ങൾ പോകുന്നത്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് ഭരണമാണെന്ന് ഞങ്ങളാരും പറഞ്ഞില്ല. കേരളത്തിൽ ഒരിക്കലും കമ്മ്യൂണിസ്റ്റ് ഭരണം ഉണ്ടാകാനും പോകുന്നില്ല എന്നുള്ളത് മറ്റൊരു കാര്യം. ഇവിടെ ഫ്യൂഡൽ മനോഭാവത്തോടെ ആരാണ് പെരുമാറുന്നത്? ഞങ്ങളാരും പത്രക്കാരോട് ഫ്യൂഡൽ മനോഭാവത്തോടെ പെരുമാറാറില്ല. ഞങ്ങളാരും അത്തരം പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാറില്ല. ഫീസിൽ വ്യക്തതയില്ലെങ്കിൽ കോടതിയെ സമീപിക്കാമെന്നത് കോടതി പരാമർശങ്ങളാണ്. ഇവിടെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണെങ്കിലും ഫ്യൂഡൽ മനോഭാവത്തോടെയാണ് പെരുമാറുന്നതെന്ന് പറഞ്ഞത് ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് അടങ്ങുന്ന ഡിവിഷൻ ബെഞ്ചാണ്. ദൈവത്തിന്റെ സ്വന്തം നാടെന്ന് കരുതുന്നതും വിദ്യാഭ്യാസത്തിൽ മുൻപന്തിയിലുമുള്ള കേരളത്തിന് ഇത് തീരാക്കളങ്കമായി മാറി. ഇത് ഞങ്ങൾ പറഞ്ഞതല്ല, ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞതാണ്. വേറെ രസകരമായ ഒരു കാര്യമുണ്ട്. അത് കേൾക്കണം. കാറിന്റെ എഞ്ചിനീയറിംഗ് കൊള്ളാം എൻജിന്റെ കാര്യത്തിലൊഴികെ എന്ന പോലെയാണ് സർക്കാരിന്റെ കാര്യങ്ങൾ പോകുന്നതെന്നാണ് ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ ബെഞ്ച് പറഞ്ഞത്. എന്നിട്ടും മുഖ്യമന്ത്രി പറയുന്നു ഭരണത്തിൽ എല്ലാം നന്നായി നടക്കുന്നുവെന്ന്. ബാലാവകാശ കമ്മീഷനിലെ നിയമനത്തിൽ മന്ത്രിയുടെ ഇടപെടൽ സദുദ്ദേശത്തോടെയല്ല, മന്ത്രിയുടെ അധികാരത്തിൽ നിക്ഷിപ്തമായ അധികാരത്തിന്റെ ഉത്തമ വിശ്വാസത്തിലുള്ള വിനിയോഗമല്ല നടന്നത് എന്ന് കോടതി പറയുന്നു. ക്രിമിനൽ കേസ് പ്രതി എങ്ങനെ ബാലാവകാശ കമ്മീഷൻ മെമ്പറായി? ഇന്നലെ വളരെ പ്രധാനപ്പെട്ട ഒരു പരാമർശമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി അതുസംബന്ധിച്ച് നടത്തിയത്. ആരോഗ്യ വകുപ്പുമന്ത്രിയെ ഇതിൽ നിന്ന് ഒഴിവാക്കണം, മന്ത്രിയുടെ പേരിലുള്ള പരാമർശങ്ങൾ നീക്കിക്കിട്ടണം എന്നതിന്മേൽ ആരോഗ്യ വകുപ്പുമന്ത്രിക്ക് ഉത്തരവാദിത്വങ്ങളിൽനിന്ന് ഒഴിഞ്ഞു മാറാൻ കഴിയില്ലെന്നാണ് കോടതി പറഞ്ഞത്. ഇത്രയും പരാമർശങ്ങൾ ഉണ്ടായിട്ടും

ഈ കേസിൽ ഒരു കുറ്റവും തെറ്റും ഉണ്ടായിട്ടില്ലെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി പറയുന്നത്. ഞങ്ങൾ ഇതിനുവേണ്ടി അപ്പീലിന് പോകും. പിന്നെന്തിനാണ് നിങ്ങൾ അപ്പീലിന് പോകുന്നത്? അപ്പീലിന് പോയിട്ട് ഇന്നലെ നിങ്ങൾക്ക് സ്റ്റേ കിട്ടിയില്ല. ഇന്ന് കോടതിയിൽ വരുമ്പോൾ കോടതി തീരുമാനിക്കട്ടെ. കോടതിയുടെ പരിഗണനയിലിരിക്കുന്ന പ്രശ്നമായതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കോടതിക്ക് ഇഷ്ടമുള്ളതുപോലെ തീരുമാനിക്കട്ടെ.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഞങ്ങൾക്ക് വിഷയ ദാരിദ്ര്യമാണെന്നാണ് എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് വിഷയ ബാഹുല്യംകൊണ്ട് ഞങ്ങൾക്ക് വീർപ്പുമുട്ടുകയാണെന്നാണ്. ഓരോ വിഷയം ഓരോ ദിവസം എടുക്കേണ്ട സ്ഥിതിയാണുള്ളത്. നിങ്ങളുടെ സർക്കാർ ആരോടൊപ്പമാണെന്ന് ചോദിച്ചപ്പോൾ പാവങ്ങളോടൊപ്പമാണെന്നാണ് പറഞ്ഞത്. അങ്ങയുടെ മന്ത്രിസഭയിലെ അംഗമായ ശ്രീ. തോമസ് ചാണ്ടിക്കെതിരെ ആരോപണമുണ്ടായപ്പോൾ അതിനെപ്പറ്റി അന്വേഷിക്കാൻ അങ്ങ് തയ്യാറായിട്ടില്ല. ശ്രീ. പി. വി. അൻവർ, എം.എൽ.എ.-യ്ക്കെതിരെ ചട്ട ലംഘനങ്ങളുടെയും നിയമലംഘനങ്ങളുടെയും പേരിൽ നിരന്തരമായി വാർത്തകൾ വരുന്നു. ഇതുവരേയും നടപടിയെടുക്കാൻ തയ്യാറായിട്ടില്ല. അങ്ങ് പൊതു സമൂഹത്തെ എന്ത് ബോദ്ധ്യപ്പെടുത്തിയെന്നാണ് പറയുന്നത്? ശ്രീ. തോമസ് ചാണ്ടിയുടെ പേരിൽ പ്രമുഖ ദിനപത്രങ്ങളിലും മാധ്യമങ്ങളിലും നിരന്തരമായി ആരോപണങ്ങൾ വരുന്നു. അത് ശരിയാണോ തെറ്റാണോയെന്ന് എനിക്കറിയില്ല..... ഞാൻ പിന്നീട് അങ്ങേയ്ക്ക് വഴങ്ങാം. (.....ബഹളം.....)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, ഞാൻ അങ്ങയോട് ആവശ്യപ്പെടുന്നത് എനിക്കെതിരെ ഉന്നയിക്കുന്ന ആരോപണത്തെപ്പറ്റി അങ്ങ് നേരിട്ടുവന്ന് അന്വേഷണം നടത്തണം. ആ വെല്ലുവിളി സ്വീകരിക്കാൻ അങ്ങ് ഇപ്പോഴും തയ്യാറാണോയെന്നാണ് ഞാൻ ചോദിക്കുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് ഞാനല്ല അന്വേഷിക്കേണ്ടത്. മന്ത്രിസഭയിലെ ഒരംഗത്തിനെതിരെ ആരോപണമുണ്ടായാൽ നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് അങ്ങ് തയ്യാറാണോ; ഞാൻ മാത്രമാക്കണ്ട, പ്രതിപക്ഷവും ഭരണപക്ഷവും കൂടിയുള്ള നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് അങ്ങ് തയ്യാറാണോ?

ശ്രീ. തോമസ് ചാണ്ടി: സർ, ഭരണകക്ഷിയെ ഉൾപ്പെടുത്തണ്ട, ഞാൻ അങ്ങയെ വിശ്വാസത്തിലെടുത്തിരിക്കുന്നു. അങ്ങ് നേതൃത്വം കൊടുക്കുന്ന അഞ്ചുപേരടങ്ങുന്ന സമിതി അന്വേഷിച്ച് തെളിയിക്കുകയാണെങ്കിൽ ഞാൻ രാജിവയ്ക്കാൻ ഇപ്പോഴും ബാധ്യസ്ഥനാണ്. ഞാൻ വീണ്ടും വെല്ലുവിളിക്കുന്നു. അതിന് ധൈര്യമുണ്ടോ? എനിക്ക് അങ്ങയെ വിശ്വാസമാണ്. (.....ബഹളം.....)

ശ്രീ. രമേശ് ചെന്നിത്തല: സർ, ആ ഉത്തരവാദിത്വം ഒറ്റയ്ക്ക് ഏറ്റെടുക്കാൻ ഞാൻ അശക്തനാണ്. അതുകൊണ്ട് ഒരു നിയമസഭാ കമ്മിറ്റി അന്വേഷിക്കട്ടെ. അതിന് ഞാൻ തോമസ് ചാണ്ടിയെ വെല്ലുവിളിക്കുന്നു. അതിന് നിങ്ങൾ തയ്യാറാണോ? മന്ത്രിസഭയിലെ ഒരംഗത്തിനെതിരെ ഉയർന്നുവന്ന ആരോപണം ബഹുമാനപ്പെട്ട സ്പീക്കർ ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിയമസഭയിൽ കൂട്ടുത്തരവാദിത്തമുള്ള ഗവൺമെന്റിലെ ഒരു മന്ത്രി പറയുന്ന അഭിപ്രായം ഗവൺമെന്റിന്റെകൂടി അഭിപ്രായമാണ്. ഗവൺമെന്റിന്റെ ഒപ്പീനിയൻ ഒരു കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ്. അതുകൊണ്ട് സഭ ഏകകണ്ഠമായി തീരുമാനിച്ച് നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാണോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയേണ്ടതാണ്. (...ബഹളം..)

മി. സ്പീക്കർ: പ്ലീസ്..പ്ലീസ്... പ്രതിപക്ഷ നേതാവിനെ സംസാരിക്കാൻ അനുവദിക്കേണ്ടതാണ്. (...ബഹളം..) പ്ലീസ്...അംഗങ്ങൾ അവരവരുടെ ചെയറിൽ ഇരിക്കേണ്ടതാണ്. അദ്ദേഹം സംസാരിക്കട്ടെ. (...ബഹളം..)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതല്ല പ്രശ്നം... (ബഹളം..) ഇവിടെ ഗൗരവമായ ഒരു വിഷയം പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ മന്ത്രിസഭയിലെ ഒരംഗം എഴുന്നേറ്റ് അന്വേഷണത്തിനുവേണ്ടി വെല്ലുവിളിക്കുകയാണ്. നിയമസഭാ കമ്മിറ്റി അന്വേഷിക്കണമെന്ന് പ്രതിപക്ഷനേതാവ് അഭിപ്രായം പറയുകയാണ്. നിയമസഭാ കമ്മിറ്റിയെന്നത് തത്വത്തിൽ അദ്ദേഹംകൂടി അംഗീകരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ നിയമസഭാ കമ്മിറ്റി അന്വേഷിക്കണമെന്നതാണ് ആവശ്യം. അതിൽ ചട്ടലംഘനമൊന്നുമില്ല.

*Shri. Ramesh Chennithala*: Sir, I request the Hon'ble Chair to constitute a Committee from among the members of the House and enquire about it. അതാണ് ഞാൻ അങ്ങയോട് ആവശ്യപ്പെടുന്നത്. (...ബഹളം..)

മി. സ്പീക്കർ: ഞാൻ മനസ്സിലാക്കുന്നത് പ്രതിപക്ഷം തുടർച്ചയായിട്ട് അദ്ദേഹത്തിനെതിരെ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ പ്രതിപക്ഷത്തിനുതന്നെ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ടോട്ടേയെന്നാണ് അദ്ദേഹം പറയുന്നത്. (ബഹളം..) ഉന്നയിച്ച ആരോപണം ശരിയാണോയെന്ന് പ്രതിപക്ഷനേതാവിനുതന്നെ നേരിട്ടു പോയി പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണെന്നാണ് അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം.

*Shri. Ramesh Chennithalla*: Sir, In our Parliamentary democracy, such kind of system is not there. If there is a serious allegation, whether the Government can enquire or the Chair can direct the Government and the Opposition to form a Committee and enquire about it. അല്ലാതെ ഞാൻ അന്വേഷിക്കണമെന്നല്ല പറയേണ്ടത്. (...ബഹളം..)

മി. സ്പീക്കർ: അത് അദ്ദേഹത്തിന്റെ ധാർമ്മികമായ ഒരാവശ്യമാണ്. (ബഹളം..)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ മുമ്പിലുള്ള വിഷയം റൂൾ 50 പ്രകാരമുള്ളതാണ്. റൂൾ 50 അനുസരിച്ച് അഴിമതി ആരോപണവുമായി ബന്ധപ്പെട്ടുകൊണ്ട് ഭരണപക്ഷത്തുനിന്നോ പ്രതിപക്ഷത്തു നിന്നോ ആരോപണം കൊണ്ടുവന്നാൽ അതിന്റെ മുകളിൽ ഒരു തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് അധികാരമില്ലാത്തതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയുടെ പരാമർശം ചെയറിനോടുള്ള അവഹേളനമാണ്. അതുകൊണ്ട് അത് പിൻവലിക്കാൻ ആവശ്യപ്പെടേണ്ടതാണ്.

മി. സ്പീക്കർ: റൂൾ 50-ന്റെ ഭാഗമായി അങ്ങ് സംസാരിക്കുന്ന കാര്യം അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തിയെന്നേയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതെല്ലാം പരിശോധിക്കാനുള്ള കഴിവും അധികാരവുമുള്ള ആളാണല്ലോ അങ്ങ്. അങ്ങയെ അപമാനിക്കാൻ ഒരു മന്ത്രി ശ്രമിക്കുന്നത് ശരിയാണോ? ഇക്കാര്യത്തിൽ ഞങ്ങൾ അങ്ങയോടൊപ്പമാണ്.

മി. സ്പീക്കർ: അതിൽ എനിക്ക് അങ്ങയോട് വളരെയേറെ നന്ദിയുണ്ട്. ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും ചെയറിനോട് കാര്യങ്ങൾ നിർദ്ദേശിക്കാനും ഉന്നയിക്കാനുമുള്ള അവകാശമുണ്ട്. അദ്ദേഹം പാർലമെന്ററികാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ റൂൾ 50-നിടയിൽ അത് പാടില്ലെന്ന് പറഞ്ഞു. അത്രമാത്രമേയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്നാലും വർഷങ്ങളായി അങ്ങയെ അറിയാവുന്ന ആളല്ലേ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി. അങ്ങേയ്ക്ക് അതിനുള്ള കഴിവില്ലെന്ന് അദ്ദേഹം ധരിച്ചത് വളരെ തെറ്റായിപ്പോയി. ഏതായാലും ശ്രീ. തോമസ് ചാണ്ടിയുടെ വെല്ലുവിളി ഞാൻ സ്വീകരിച്ച് അദ്ദേഹത്തിനെതിരായി ഒരു ഫൈന്റിംഗ് കൊണ്ടുവന്നാൽ ജനങ്ങൾ എന്തുവിചാരിക്കും. പ്രതിപക്ഷനേതാവ് രാഷ്ട്രീയപ്രേരിതമായി ചെയ്തതാണെന്ന് പറയും. അതുകൊണ്ടാണ് ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഞാൻ പറയുന്നത്.

മി. സ്പീക്കർ: അദ്ദേഹത്തിന്റെ ധാർമ്മികതയിൽ നിന്നുകൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞതെന്ന് നമുക്കെല്ലാവർക്കും മനസ്സിലാകും. നിങ്ങൾ ഉന്നയിക്കുന്ന ആരോപണത്തിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ നിങ്ങൾ സ്ഥലത്തുപോയി കണ്ട് മനസ്സിലാക്കു എന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്...... (ബഹളം..)

ശ്രീ. എ. കെ. ബാലൻ:സർ, ഇന്നത്തെ അടിയന്തരപ്രമേയത്തിന്റെ ഉള്ളടക്കം എന്താണ്?

മി. സ്പീക്കർ: അങ്ങ് അടിയന്തരപ്രമേയത്തിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിച്ച് അവസാനിപ്പിക്കേണ്ടതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അടിന്തരപ്രമേയവുമായി ബന്ധപ്പെട്ട കാര്യങ്ങളെ പിടിച്ചുകൊണ്ട് മുഖ്യമന്ത്രി ഈ രാജ്യത്തുള്ള മുഴുവൻ കാര്യങ്ങളെപ്പറ്റിയും പറഞ്ഞപ്പോൾ പാർലമെന്ററികാര്യ വകുപ്പുമന്ത്രി എന്തുകൊണ്ടാണ് മിണ്ടാതിരുന്നത്?

മി. സ്പീക്കർ: ...(ബഹളം..) അടിന്തരപ്രമേയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിച്ചുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവസാനിപ്പിക്കേണ്ടതാണ്... പ്ലീസ്...

ശ്രീ. രമേശ് ചെന്നിത്തല: സർ, ലാവ്‌ലിൻ കേസ്സുമായി ബന്ധപ്പെട്ടതാണോ ഇന്നത്തെ അടിയന്തരപ്രമേയത്തിനുള്ള മറുപടി? ......(ബഹളം..)

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട ഒരു കേസ്സിനെ സംബന്ധിച്ച വിഷയം ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ചു.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് ശരിയല്ല. അങ്ങ് മന്ത്രിയെ നിയന്ത്രിക്കണം.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് ആ വിഷയം ഉന്നയിച്ചതുകൊണ്ടാണ് മുഖ്യമന്ത്രിക്ക് അത് വിശദീകരിക്കേണ്ടിവന്നത്. നമ്മളെല്ലാവരും അത് കേട്ടതല്ലേ? ശ്രീ. കെ. സി. ജോസഫ് പ്രസംഗിക്കുന്നതിനിടയിൽ ലാവ്‌ലിൻ കേസ് പരാമർശിച്ചതു കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആ വിഷയത്തെപ്പറ്റി സംസാരിക്കേണ്ടതായി വന്നു. അത്രയേയുള്ളു. .......(ബഹളം..)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സംസ്ഥാനത്ത് കയ്യേറ്റം നടത്തുന്നവരെയും നിയമലംഘകരെയും ഭൂമാഫിയയെയും സംരക്ഷിക്കുന്ന ഒരു ഗവൺമെന്റായി ഈ സർക്കാർ മാറിയിരിക്കുന്നു. മദ്യരാജാക്കന്മാരുടെ ഇഷ്ടാനുസരണം കേരളത്തിൽ മദ്യബാറുകൾ തുറന്നുകൊടുക്കുന്ന ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുന്നു. മാത്രമല്ല ഇവിടെ നിയമം നിയമത്തിന്റെ വഴിക്കല്ല പിണറായി വിജയന്റെ വഴിക്കാണ്

പോയിക്കൊണ്ടിരിക്കുന്നത്. അദ്ദേഹം തീരുമാനിക്കുന്നതാണ് ഇവിടത്തെ നിയമം. അത് അംഗീകരിക്കാൻ കഴിയുന്ന കാര്യമാണോ; ഇന്ന് നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ നേരിടുന്ന പ്രശ്നമെന്താണ്? അനിയന്ത്രിതമായ വിലക്കയറ്റം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു മുറം പച്ചക്കറിയാണ് നൽകാൻ പോകുന്നതെന്ന് പറഞ്ഞു. ഒഴിഞ്ഞ മുറമാണ് കേരളത്തിലെ ജനങ്ങൾക്ക് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്നത്. എവിടെയാണ് വിലക്കയറ്റമില്ലാത്തത്? വിലക്കയറ്റംകൊണ്ട് ജനങ്ങൾ പ്രയാസപ്പെടുന്നു. ഒരു വർഷം അഞ്ചുലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞ് അധികാരമേറ്റ ഗവൺമെന്റിന് 23,000 പേർക്ക് മാത്രമാണ് ജോലി നൽകാൻ സാധിച്ചത്. ഇതാണോ സർക്കാരിന്റെ മേന്മ? ഇവിടെ വിലക്കയറ്റംകൊണ്ട് ജനങ്ങൾ പ്രയാസപ്പെടുന്നു. ഉത്തർപ്രദേശിൽ 70 കുട്ടികളാണ് യോഗി ആദിത്യനാഥ് ഗവൺമെന്റിന്റെ കൃത്യവിലോപംകൊണ്ട് മരിച്ചതെങ്കിൽ കേരളത്തിൽ ആരോഗ്യ വകുപ്പുമന്ത്രിയുടെ കൃത്യവിലോപംകൊണ്ട് 700-ൽ അധികം ആളുകളാണ് പനി ബാധിച്ച് മരണപ്പെട്ടത്. അവർക്ക് ഒരു രൂപയുടെ സഹായം കൊടുക്കാൻ നിങ്ങളുടെ സർക്കാരിന് കഴിഞ്ഞോ? ബഹുമാനപ്പെട്ട മന്ത്രി പോലീസിനെപ്പറ്റി പറഞ്ഞു. പറവൂരിൽ മുജാഹിദ് പ്രവർത്തകന്മാർ ലഘുലേഖ വിതരണം ചെയ്തതിന്റെ പേരിൽ ആ പാവങ്ങൾക്കെതിരെ 153 (എ) അനുസരിച്ച് കേസ് എടുക്കുകയും അവരെ മർദ്ദിച്ച ആർ.എസ്.എസ്.-കാരെ സ്വതന്ത്രമായി പോകാൻ അനുവദിക്കുകയും ചെയ്തവരാണ് നിങ്ങളുടെ പോലീസ്. ഇങ്ങനെയുള്ള നിയമമാണോ പോലീസ് നടപ്പാക്കുന്നത്? ശ്രീമതി ശശികല ടീച്ചറും ശ്രീ. കുമ്മനം രാജശേഖരനും ശ്രീ. കെ. സുരേന്ദ്രനും പ്രസംഗിച്ചാൽ കേസില്ല. എന്നാൽ ശ്രീ. മോഹൻ ഭഗവത് പതാക ഉയർത്തിയാൽ നിയമോപദേശം തേടണം, മുൻ എം.എൽ.എ. ശ്രീ. മൊയീൻകുട്ടി പതാക ഉയർത്തിയാൽ അതിന്റെ പേരിൽ സെക്ഷൻ 153 ചുമത്തി കേസ്സെടുക്കുകയാണ്. എന്ത് നിയമമാണ് ഇവിടെ നടപ്പാക്കുന്നത്? ഇങ്ങനെയാണോ പോലീസ് ചെയ്യേണ്ടത്.

11.00 AM]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ സൂചിപ്പിച്ച, ആർ.എസ്.എസ്.-കാർ ആക്രമിച്ചു എന്ന പ്രശ്നത്തെ വളരെ ഗൗരവമായിത്തന്നെ സർക്കാർ കാണുകയാണ്. എന്നാൽ നാം കാണേണ്ടൊരു കാര്യം, ആർ.എസ്.എസ്.-നെ പോലുള്ള വിഭാഗങ്ങൾ നാട്ടിൽ ഏതെങ്കിലും തരത്തിൽ അതിക്രമങ്ങൾ നടത്തണമെന്ന് ഉദ്ദേശിച്ചുകൊണ്ട് നടക്കുകയാണ്. അതിന് മരുന്നിട്ടുകൊടുക്കുന്ന പണി ആരും നടത്താതിരിക്കണം. (...ബഹളം...) ഞാൻ അതിലേയ്ക്കാണ് വരുന്നത്. മുജാഹിദിന്റെ ഒരു വിഭാഗം ലഘുലേഖകൾ വിതരണം ചെയ്തുകൊണ്ട് മതപ്രചരണം നടത്തുകയായിരുന്നു. അവർ ലഘുലേഖ വിതരണം ചെയ്തത് ആർ.എസ്.എസ്.-നുകൂടി കുറച്ചു സ്വാധീനമുള്ള കേന്ദ്രത്തിലാണ്. അവിടെയുള്ള ഹിന്ദു വീടുകളിൽ കയറി ലഘുലേഖ കൊടുക്കുകയാണ്. ആ

ലഘുലേഖയിൽ രണ്ടെണ്ണത്തിൽ വേറെ പ്രശ്നങ്ങളൊന്നുമില്ല. എന്നാൽ ഒരു ലഘുലേഖയിൽ പറയുന്ന ഭാഗം അങ്ങ് ഉന്നയിച്ചതുകൊണ്ട് ഞാൻ പറയുകയാണ്. അല്ലെങ്കിൽ പറയുമായിരുന്നില്ല. "എന്നാൽ നാം ഇന്ന് എന്തിന്റെ പിറകേയാണ്; നാം ആരോടാണ് പ്രാർത്ഥിക്കുന്നത്; വിഗ്രഹങ്ങളോട്, ജീവിക്കുന്നവരും മരിച്ചവരുമായ ആൾ ദൈവങ്ങളോട്, പുണ്യാളന്മാർ, ഔലിയ, ബീവി, സിദ്ധൻ. പാടില്ല സുഹൃത്തെ, ഇവരൊക്കെയും ആ മഹാനായ സ്രഷ്ടാവിന്റെ സൃഷ്ടികൾ മാത്രം. ഇവർ ഒന്നിച്ചു കൂടിയാൽ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കാൻ സാധ്യമല്ല. നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല." ഇതൊക്കെ ഒരു വിഭാഗത്തിന് വിശ്വസിക്കാൻ അതേ നിലയ്ക്ക് അവകാശമുണ്ട്. പക്ഷേ മറ്റ് തരത്തിൽ വിശ്വസിക്കുന്നവരുടെ അടുത്തുചെന്ന് ഇത് കൊടുക്കേണ്ട കാര്യമില്ലല്ലോ. അതാണ് മരുന്നിട്ട് കൊടുക്കരുതെന്ന് ഞാൻ നേരത്തെ പറഞ്ഞത്. ഇത് കണ്ടപ്പോൾ ആർ.എസ്.എസ്.-ന് ഹരമായി. അവർക്ക് നല്ല അവസരമായി. അവർ ഇടപെടുന്ന നിലയുണ്ടായി. ഇക്കാര്യത്തിൽ ചില തെറ്റായ കാര്യങ്ങൾ നടന്നിട്ടുണ്ടോയെന്ന് ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. ആ പരിശോധനയ്ക്ക് ഒരു പോലീസ് ഐ.ജി.-യെത്തന്നെ ചുമതലപ്പെടുത്തി പരിശോധിപ്പിക്കുന്നതിന് നടപടിയെടുക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, തെറ്റായ വിവരങ്ങളാണ് അങ്ങേയ്ക്ക് കിട്ടിയിരിക്കുന്നത്. ആർ.എസ്.എസ്. കേന്ദ്രങ്ങളിലല്ല ഈ പ്രചരണം നടത്തിയിട്ടുള്ളത്. എന്റെ നിയോജകമണ്ഡലത്തിലാണിത് നടന്നത്. കേരളത്തിലെ എല്ലാ ഭാഗത്തും ഈ ലഘുലേഖകൾ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി പറവൂരിലെ വടക്കേക്കര പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ, ചേന്ദമംഗലം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെല്ലാം മുജാഹിദ് ലഘുലേഖകൾ വിതരണം നടത്തിയിട്ടുണ്ട്. അഞ്ച് സ്ഥലത്താണ് ആസൂത്രിതമായി പുറത്തുനിന്നും ആർ.എസ്.എസ്. പ്രവർത്തകർ വന്ന് ഇവരെ മർദ്ദിച്ച് ബലമായി ഒരു വണ്ടിയിൽ കയറ്റി വടക്കേക്കര പോലീസ് സ്റ്റേഷനുമുമ്പിൽ കൊണ്ടുപോയി ഇറക്കുന്നത്. അവർ മുജാഹിദ് പ്രവർത്തകരെ ഓരോരുത്തരേയും വണ്ടിയിൽ നിന്നിറക്കി മർദ്ദിക്കുന്നതിന്റെ വീഡിയോ ഇപ്പോൾ സോഷ്യൽ മീഡിയയിൽ പ്രചരിക്കുകയാണ്. പോലീസ് സ്റ്റേഷന്റെ മുമ്പിലാണ് ഇത് സംഭവിച്ചത്. പോലീസിന്റെ കയ്യിലും അതിന്റെ വീഡിയോ ഉണ്ട്. നിരവധി വർഷങ്ങളായി മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ കാലത്തും മൊയ്തു മൗലവിയുടെ കാലത്തും വക്കം മൗലവിയുടെ കാലത്തുമെല്ലാം പ്രചരിപ്പിച്ചിരുന്ന അവരുടെ ഏക ദൈവ വിശ്വാസത്തിന്റെ ചെറിയൊരു ഭാഗം മാത്രമാണിത്. ഹിന്ദുവിനെ പ്രകോപിപ്പിക്കുന്നതിനുള്ള ഒന്നും അവരുടെ ലഘുലേഖയിലില്ല. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ഞാനടക്കമുള്ള നിരവധി

എം.എൽ.എ.-മാർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, മുൻ സ്പീക്കർ ഉൾപ്പെടെയുള്ള കേരളത്തിലെ രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവരാണ് ഈ ലഘുലേഖ പ്രകാശനം ചെയ്തിരിക്കുന്നത്. ശ്രീ. ഒ. രാജഗോപാലിന് അവർ കൊണ്ടുപോയി കൊടുത്തിട്ടുണ്ട്. ഏകദൈവത്തെക്കുറിച്ചുള്ള അവരുടെ വിശ്വാസം, സൃഷ്ടാവാണ് എല്ലാത്തിന്റേയും എന്നുള്ള ഒരു വാചകം മാത്രമേ അതിലുള്ളൂ. അതിന് 153 (A) എങ്ങനെയാണ് അടാക്ക് ചെയ്യുന്നത്; 153 (A) എന്നത് മതസ്പർദ്ദ വളർത്തുന്നതിനാണ്. അങ്ങിവിടെ നിയമസഭയിൽ ക്വാട്ട് ചെയ്ത ഈ ഒരു പാരഗ്രാഫിൽ എവിടെയാണ് മതസ്പർദ്ദ വളർത്തുന്നത് അടാക്ക് ചെയ്യുന്നത്; അങ്ങ് ഇത് അന്വേഷിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, മതപ്രചരണത്തിനുള്ള അവകാശം നമ്മുടെ സംസ്ഥാനത്തുണ്ട്. അതിന് ഇവിടെ എല്ലാ സ്വാതന്ത്ര്യവുമുണ്ട്. അതിനൊന്നും ആരും തടസ്സം നിൽക്കാൻ പാടില്ല. തടസ്സം നിന്നാൽ അത് അനുവദിക്കുകയുമില്ല. അതൊരു ഭാഗം. പക്ഷേ ഞാൻ പറഞ്ഞ ഈ ലഘുലേഖ അവസാനിക്കുന്നത്, "സുഹൃത്തേ, ഇസ്ലാം ഒരു ആദർശമാണ്. സൃഷ്ടിച്ച പരിപാലിക്കുന്ന ദൈവത്തിനുള്ള പരിപൂർണ്ണമായ കീഴ്വഴക്കമാണത്. ആ കീഴ്വഴക്കത്തിലേയ്ക്ക്, ഇസ്ലാമിലേയ്ക്ക് താങ്കളെ ക്ഷണിക്കുന്നു" എന്നാണ്. ഇത് ഹിന്ദു വീടുകളിൽ കയറി കൊടുക്കുകയാണ്. അതുണ്ടാക്കുന്ന ചില പ്രശ്നങ്ങളുണ്ട്. പ്രൊപ്പഗേറ്റ് ചെയ്യാനുള്ള അവകാശമുണ്ട് എന്ന് സമ്മതിച്ചുകൊണ്ടുതന്നെയാണ് പറയുന്നത്. അങ്ങനെയൊരു നിലയെടുക്കുമ്പോൾ ഇത് നോക്കി നിൽക്കുന്ന ഒരു കൂട്ടർ നമ്മുടെ നാട്ടിലുണ്ട്. അവർ ഇടപെടാൻ തയ്യാറാകുന്നു എന്നതാണ് ഉണ്ടായിട്ടുള്ളത്. അക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ട. പോലീസ് ഐ.ജി.-യെ കൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അന്വേഷിക്കും. തെറ്റായ കാര്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെതിരെ നടപടിയും ഉണ്ടാകും.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നതിനായി ഒരു കാര്യം ഞാൻ പറയുകയാണ്. ഈ ലഘുലേഖ കൊടുത്തവരെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തു. ഇവരെ ബലം പ്രയോഗിച്ച് വാഹനത്തിൽ കയറ്റി പോലീസ് സ്റ്റേഷനിൽ കൊണ്ടിറക്കി അവിടെവച്ചും തല്ലിയവർ പിന്നീട് പോലീസ് സ്റ്റേഷനിൽനിന്ന് അപ്പോൾതന്നെ ജാമ്യത്തിൽപ്പോയി. തല്ലിയവരെ ജാമ്യത്തിൽ വിട്ടു, അവർക്കെതിരെ കേസ്സില്ല. ഇവരെ റിമാന്റ് ചെയ്യുന്നു. അതുസംബന്ധിച്ച് അന്വേഷിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ടവർ ഇക്കാര്യമടക്കമുള്ള പരാതി എനിക്ക് തന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഒരു പരിശോധന വയ്ക്കുന്നത്. അത്തരം കാര്യങ്ങൾ നടന്നിട്ടുണ്ടെങ്കിൽ ഗൗരവമായിത്തന്നെ നടപടികളുണ്ടാകും. അതുമായി ബന്ധപ്പെട്ടുള്ള പരിശോധനകളും നടക്കും.

ശ്രീ. സി. കെ. നാണു: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുന്നതിനിടയ്ക്ക് പനി മരണങ്ങളെക്കുറിച്ച് പറയുകയുണ്ടായി. കൊല്ലംതോറും നമ്മുടെ സംസ്ഥാനത്ത് മഴക്കാലത്ത് പനി മരണങ്ങൾ ഉണ്ടായിട്ടുണ്ട്. ഉത്തർപ്രദേശ് മുഖ്യമന്ത്രിയെ സഹായിക്കുന്ന തരത്തിൽ, ബി.ജി.പി.-ക്ക് സ്വാധീനം ഉണ്ടാക്കുന്ന വിധത്തിൽ നാളെ പത്രവാർത്തകൾ വരുന്നതിനേ ഇത്തരത്തിലുള്ള പ്രസ്താവനകൾ സഹായിക്കുകയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങേയ്ക്ക് തെറ്റ് പറ്റിപ്പോയതാണ്. ഞാൻ ഒരിക്കലും അങ്ങനെ ഉദ്ദേശിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇവിടെ എല്ലാ മതങ്ങളും പ്രചരിപ്പിക്കാനും അവരുടെ മതവിശ്വാസത്തെപ്പറ്റി പ്രകീർത്തിക്കാനുമുള്ള അവകാശമുണ്ട്. പക്ഷേ ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ചൂണ്ടിക്കാണിച്ച കാര്യം വളരെ പ്രസക്തമാണ്. ഇതുപോലെ പ്രസംഗിക്കുന്ന മറ്റു ചിലരുണ്ടല്ലോ. അവരുടെ പേരിൽ എന്താണ് നടപടിയെടുക്കാത്തത്; ശ്രീമതി ശശികല ടീച്ചർ എന്നെക്കുറിച്ചും ശ്രീ. കോടിയേരി ബാലകൃഷ്ണനെപ്പറ്റിയും ശ്രീ. വി. ഡി. സതീശനെക്കുറിച്ചുമെല്ലാം എന്താണ് പറയുന്നത്; അതുപോലെത്തന്നെ ശ്രീ. കെ. സുരേന്ദ്രൻ എന്താണ് പറയുന്നത്; ഇവരുടെ ആരുടെയും പേരിൽ കേസ്സെടുക്കില്ലേ; ഇവരുടെ ആരുടെയും പേരിൽ 153 (A) ഉണ്ടാവില്ലേ; ശ്രീ. മോഹൻ ഭഗത് പതാക ഉയർത്തിയപ്പോൾ അതിന് കേസ്സില്ല. അതേസമയം മുൻ എം.എൽ.എ. ആയിരുന്ന ശ്രീ. സി. മോയിൻകുട്ടി പതാക ഉയത്തിയപ്പോൾ അദ്ദേഹത്തിനെതിരെ കേസ്. ഇതെന്ത് നീതിയാണ്;

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. സി. മോയിൻകുട്ടിക്കെതിരെ എന്ത് കേസ്സാണുള്ളത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, സ്വാതന്ത്ര്യദിനത്തിന് താമരശ്ശേരിയിൽ ശ്രീ. സി. മോയിൻകുട്ടി ദേശീയ പതാക ഉയർത്തി. അവിടെ flag post-ന്റെ ഏതോ ഭാഗത്ത് ഐ.യു.എം.എൽ. എന്ന് എഴുതിയിരുന്നു. (...ബഹളം...) ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഓഫീസിൽ ഐ.എൻ.സി. എന്നെഴുതിയ ബോർഡുണ്ട്. എല്ലാ കോൺഗ്രസ് ഓഫീസുകളിലും പതാക ഉയർത്താറുണ്ട്. അവിടെയെല്ലാം പാർട്ടിയുടെ ചിഹ്നങ്ങളുമുണ്ട്. സ്വാതന്ത്ര്യ ദിനത്തിൽ എല്ലാവർക്കും പതാക ഉയർത്താം. പതാകയിലല്ല, കൊടിമരത്തിലാണ് ഐ.യു.എം.എൽ. എന്ന് എഴുതിയിരുന്നത്. അതിന് ശ്രീ. സി. മോയിൻകുട്ടിയുടെ പേരിൽ കേസ്സെടുക്കുന്നത് ശരിയാണോ; (...ബഹളം...) ........ ഇവിടെ പോലീസിന് രണ്ട് നീതിയാണ്. വിനായകനെന്നു പറയുന്ന പാവം പട്ടികജാതിക്കാരനെ മർദ്ദിച്ച കേസിൽ പോലീസ് എന്ത് നടപടിയെടുത്തു?അന്വേഷണം നടത്തുന്നുണ്ട് എന്ന് പറയുന്നു. അതുമാത്രമല്ല, ഈ

സംസ്ഥാനത്ത്  ഇതു പോലെയുള്ള ദളിത് പീഡനങ്ങൾ വർദ്ധിക്കുന്നു. ദളിതർക്കും പട്ടികജാതിക്കാർക്കും വേണ്ടി ധാരാളം കാര്യങ്ങൾ ഞങ്ങൾ ചെയ്തു കൊണ്ടിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. വിസ്താരഭയം കൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല, അവസാനിപ്പിക്കുകയാണ്. സർക്കാരിന്റെ നേട്ടങ്ങൾ മുഴുവൻ മുഖ്യമന്ത്രി ഇവിടെ പറയാൻ ശ്രമിച്ചപ്പോൾ  മറുഭാഗം പറയാൻ ഞാൻ ബാദ്ധ്യസ്ഥനായതിനാൽ പറയുകയാണ്. കേരളത്തിലെ ജനങ്ങൾ പൊട്ടന്മാരാണെന്ന് മുഖ്യമന്ത്രി ധരിക്കരുത്. ഇതെല്ലാം അവർ കാണുകയാണ്. പാവപ്പെട്ട ശ്രീ. കെ. സി. ജോസഫ് ലാവ്‌ലിൻ കേസിനെപ്പറ്റി ഒരു പരാമർശം നടത്തിയെന്നതിന്റെ പേരിൽ ലാവ്‌ലിൻ കേസിന്റെ നാൾ വഴികൾ മുഴുവൻ മുഖ്യമന്തി അദ്ദേഹത്തിന്റെ  പ്രസംഗത്തിന്റെ സിംഹഭാഗവുമെടുത്തുകൊണ്ട് ഇവിടെ വിശദീകരിച്ചു. ഇങ്ങനെയൊരു അവസരം ഉണ്ടാക്കിയതിന് ശ്രീ. കെ. സി. ജോസഫിനോട് മുഖ്യമന്ത്രി നന്ദി പറയണം. ലാവ്‌ലിൻ കേസ് എങ്ങനെയുണ്ടായെന്ന് എല്ലാവർക്കും അറിയാം. അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തലിലൂടെ ആ കാലഘട്ടത്തിൽ ഉയർന്നുവന്ന ഏറ്റവും വലിയ അഴിമതിയാണത്. ഇപ്പോഴുള്ള സുപ്രീം കോടതി വിധിയെന്താണ്; ഹൈക്കോടതി വിധിയെന്താണ്? സി.ബി.ഐ. കോടതി വിധി പറഞ്ഞ് ക്ലോസ് ചെയ്ത ഒരു കേസായിരുന്നു. ആ കേസിൽ അഴിമതിയുണ്ടെന്ന് സിംഗിൾ ബഞ്ച് ജഡ്ജി വിധിച്ചിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും  പ്രധാനപ്പെട്ട കാര്യം. പൂർണ്ണമായും ശവമടക്കിയ ഒരു കേസ് വീണ്ടും റിവൈവ് ചെയ്ത് വന്നിരിക്കുന്നു എന്നുള്ളതാണ് ലാവ്‌ലിൻ കേസിന്റെ പ്രത്യേകത. ഏതുരീതിയിൽ അന്വേഷിച്ചാലും ഞങ്ങൾക്കോ യു.ഡി.എഫ്.-നോ ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. അങ്ങയെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായി കാബിനറ്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തിയത്  ഏതായാലും ഞങ്ങളല്ല, അത് സംഭവിച്ചത് ഇടതുമുന്നണി ഭരിക്കുമ്പോഴാണ് എന്നുള്ളത് അങ്ങ് മറക്കരുത്. അതുകൊണ്ട് നിഗൂഢ ശക്തികൾ എന്നുപറഞ്ഞ് ഞങ്ങളെ ആക്രമിക്കാൻ വരേണ്ടതില്ല, അവതാരങ്ങളും ഞങ്ങളുടെ ഭാഗത്തുള്ളതല്ല, ഇവരെല്ലാമുള്ളത് ഇടതുമുന്നണിയിൽ തന്നെയായിരുന്നു, മാർക്സിസ്റ്റ് പാർട്ടിയിൽ തന്നെയായിരുന്നു എന്നുള്ള കാര്യം അങ്ങ് മറക്കരുത്. ഇപ്പോഴും അവർ അവിടെത്തന്നെയുണ്ട്, അങ്ങ് കരുതിയിരുന്നാൽ മതി. അങ്ങയുടെ ഒപ്പം അവരുണ്ട്, പിറകിലുമുണ്ട്. ഞങ്ങൾ രാഷ്ട്രീയമായി എതിർക്കും, അത് ഞങ്ങളുടെ കടമയാണ്, ആ കടമ ഞങ്ങൾ നിറവേറ്റും. എന്നാൽ  പിറകിൽ നിന്ന് കുത്തിയത് ആരാണെന്ന് അങ്ങേയ്ക്ക്  തിരിച്ചറിയാൻ കഴിയട്ടെ എന്നേ ഞങ്ങൾക്ക് പറയുവാനുള്ളൂ. ലാവ്‌ലിൻ കേസ് പൂർണ്ണമായി അവസാനിച്ചിട്ടില്ല, അത് റീ-ഓപ്പൺ ചെയ്തിരിക്കുന്നു. ജയലളിതയുടെ കേസും ശ്രീ. ലാലു പ്രസാദ് യാദവിന്റെ കേസ്സും എന്തായിരുന്നു, കീഴ്‌കോടതി മുഴുവൻ വെറുതെ വിട്ടിട്ടും സുപ്രീം കോടതി .....(ബഹളം)....

മി. സ്പീക്കർ: എന്താണ്... വ്യക്തിപരമായ ഒരു പരാമർശം വന്നപ്പോൾ മുഖ്യമന്ത്രി അത് വിശദീകരിച്ചു. ഇങ്ങനെ ദീർഘമായി പ്രസംഗിക്കാതിരിക്കൂ, സമയം പതിനൊന്നുമണി കഴിഞ്ഞു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ജയലളിതയുടെ കേസിലും ശ്രീ. ലാലുപ്രസാദ് യാദവിന്റെ കേസിലും കീഴ്കോടതികൾ വെറുതെ വിട്ടിട്ടും രാജ്യത്തെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി അവരെ ജയിലിലേയ്ക്കയച്ച കാര്യം ബഹുമാന്യനായ മുഖ്യമന്ത്രി ഓർക്കുന്നത് നന്നായിരിക്കും. ഞങ്ങളൊരു വിച്ച് ഹണ്ടിംഗിന് തയ്യാറല്ല. ഞങ്ങൾ രാഷ്ട്രീയമായി കാര്യങ്ങൾ പറയും.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, അങ്ങ് പറയുന്ന ജയലളിതയുടെ കേസിലും ലാലുപ്രസാദ് യാദവിന്റെ കേസിലും വിചാരണ കഴിഞ്ഞ് കീഴ്കോടതി വെറുതെ വിട്ടെങ്കിലും മേൽകോടതി ശിക്ഷിച്ചു. ഇവിടെ തെളിവിന്റെ ഒരു കണിക പോലും ഇല്ലാത്തതുകാരണം വിചാരണയ്ക്ക് വിധേയമാക്കുന്നതുതന്നെ നീതികേടാണ് എന്നുപറഞ്ഞുകൊണ്ടുള്ള ഡിസ്ചാർജ് പെറ്റീഷനാണ്, അക്വിറ്റലല്ല. ആ വ്യത്യാസം അങ്ങ് അറിയണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. ലാലു പ്രസാദ് യാദവിന്റെ കേസിൽ ഒരു കേസിൽ കൺവിക്ട് ചെയ്ത് ജയിലിലായിരുന്നു. നാല് കേസാണ് പിന്നീടുണ്ടായിരുന്നത്. ആ കേസുകളിൽ അദ്ദേഹത്തെ വെറുതെ വിട്ടു. ശ്രീ. ലാലുപ്രസാദ് യാദവിന്റെ കേസിൽ സുപ്രീംകോടതിയുടെ ജഡ്ജ്മെന്റ് വളരെ ക്ലിയറാണ്. വിചാരണയില്ലാതെ ഒരാളിനെ വെറുതെ വിടുന്നത് നിയമ നിഷേധമാണെന്ന് വ്യക്തമായി ആ വിധി ചൂണ്ടിക്കാണിക്കുന്നുണ്ട്. അത് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി മാത്യു ടി. തോമസ് വായിച്ചാൽ മതി. ഞങ്ങൾ പ്രതിപക്ഷത്തുനിന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ പുറകിൽ നിന്ന് കുത്തിയിട്ടില്ല, ഞങ്ങൾ രാഷ്ട്രീയമായി നേരിട്ടിട്ടുണ്ട്. അത് ഞങ്ങളുടെ കടമയാണ്, ഉത്തരവാദിത്തമാണ്, നാളെയും അത് നിറവേറ്റും. അങ്ങ് കൂടെയുള്ളവരെ സൂക്ഷിച്ചാൽ മതി. അല്ലാതെ ഞങ്ങളുടെ പേരിൽ ആരോപണം ഉന്നയിക്കേണ്ട കാര്യമില്ല. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പതിനഞ്ച് മാസംകൊണ്ട് ഇങ്ങനെ ദയനീയമായി മുഖം നഷ്ടപ്പെട്ട ഒരു സർക്കാരിനെ കാണാൻ കഴിയില്ല, അതാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അഞ്ച് എം.എൽ.എ.മാർ നിയമസഭാ കവാടത്തിൽ സത്യാഗ്രഹം ഇരിക്കുകയാണ്. ഞങ്ങൾ ഈ സഭയിൽ വളരെ മര്യാദയ്ക്കാണ് ഇരുന്നത്. ഞങ്ങൾ അങ്ങയുടെ പോഡിയത്തിൽ കയറിയില്ല, കസേര മറിച്ചിട്ടില്ല. ഞങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്താൻ അച്ചടക്കത്തോടെ ഇവിടെ ഇരുന്ന് മുദ്രാവാക്യം വിളിക്കുക മാത്രമാണ് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, കന്നഡ ഭാഷയോട് അങ്ങേയ്ക്ക് ഇത്ര വിരോധം ഉണ്ടെന്നുള്ള കാര്യം എനിക്കിപ്പോഴാണ് മനസ്സിലായത്. കന്നഡ ഭാഷയിൽ മുദ്യാവാക്യം വിളിച്ചാൽ എന്താണ് തെറ്റ്? കന്നഡ എത്ര മനോഹരമായ ഭാഷയാണ്, തെന്നിന്ത്യയിൽ മലയാളം കഴിഞ്ഞാൽ ഏറ്റവും മനോഹരമായ ഭാഷയാണ് കന്നഡ. ആ ഭാഷയിൽ മുദ്രാവാക്യം വിളിച്ചതിന് അങ്ങ് കാസർഗോഡ് മെമ്പർ ശ്രീ. എൻ. എ. നെല്ലിക്കുന്നിനോട് അങ്ങനെ പറയാൻ പാടില്ലായിരുന്നു.

<u>മി. സ്പീക്കർ</u>: കന്നഡയും ഹിന്ദിയും പഠിക്കാൻ ചെയർ എല്ലാ സൗകര്യവും നിയമസഭാ സമുച്ചയത്തിൽ ചെയ്തുതരാമെന്നും നടുത്തളത്തിലിരുന്ന് പഠിക്കണ്ടായെന്നുമാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, അതുകൊണ്ട് ഞങ്ങൾക്ക് പറയാനുള്ളത്, അങ്ങ് എല്ലാ കാര്യങ്ങളും വിശദീകരിച്ചെങ്കിലും ആരോഗ്യ വകുപ്പുമന്ത്രിയെ സംരക്ഷിച്ചു കൊണ്ട് ഒരു വാക്കുപോലും പറഞ്ഞില്ല എന്നുള്ളത് അങ്ങേയ്ക്കുതന്നെ എല്ലാ കാര്യങ്ങളും ബോദ്ധ്യപ്പെട്ടതുകൊണ്ടാണ്. ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രവർത്തനങ്ങളിൽ ഗുരുതരമായ പിഴവുകളും നെപ്പോട്ടിസവും നിയമവിരുദ്ധമായ നടപടികളും ഉണ്ട് എന്ന് മുഖ്യമന്ത്രിക്കുതന്നെ ബോദ്ധ്യപ്പെട്ടിരിക്കുന്ന സാഹചര്യമാണുള്ളത്. ഈ നാട്ടിലെ ജനങ്ങൾ ഇത് കാണുന്നുണ്ട്. നിങ്ങൾക്ക് ഭൂരിപക്ഷം ഉണ്ട്, അധികാരമുണ്ട്, നിങ്ങൾക്ക് എന്ത് തീരുമാനവും എടുക്കാൻ കഴിയും. പക്ഷേ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് മറുപടി പറയേണ്ടി വരും എന്നാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. ഞങ്ങൾ പ്രതിപക്ഷത്താണ്, നിങ്ങളും പണ്ട് പ്രതിപക്ഷത്തിരുന്നിട്ടുണ്ട്. ജനാധിപത്യത്തിന്റെ പ്രത്യേകതയാണത്. ഇന്ന് പ്രതിപക്ഷത്തിരിക്കുന്നവൻ നാളെ ഭരണകക്ഷിയാകും, തിരിച്ചും സംഭവിക്കും, അതൊക്കെ സ്വാഭാവികമായ ജനാധിപത്യ പ്രക്രിയയാണ്. സമൂഹം ആഗ്രഹിക്കുന്ന നീതി നടപ്പിലാക്കാൻ മുഖ്യമന്ത്രി എന്ന നിലയിൽ അങ്ങേയ്ക്ക് ഉത്തരവാദിത്തമുണ്ട്. സംസ്ഥാനത്തെ ഒരു മന്ത്രി നടത്തിയിട്ടുള്ള തെറ്റായ നിയമനം, സ്വജനപക്ഷപാതം, കോടതിയുടെ വിധി ഇതെല്ലാം കണക്കിലെടുത്തു കൊണ്ട് ആ മന്ത്രിയെ മന്ത്രിസഭയിൽ നിന്ന് മാറ്റാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു. അതുകൊണ്ടുതന്നെ സഭാ നടപടികളിൽ തുടർന്ന് സഹകരിക്കാനുള്ള ബുദ്ധിമുട്ടുകൂടി ഞങ്ങൾ വിനയപൂർവ്വം അങ്ങയെ അറിയിക്കുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ ബഹിഷ്കരിച്ചു.)

<u>ഡോ. എം. കെ. മുനീർ</u>: സർ, ബാലാവകാശ കമ്മീഷൻ നിയമനവുമായി ബന്ധപ്പെട്ടാണ് ശ്രീ. കെ. സി. ജോസഫ് അടിയന്തരപ്രമേയം കൊണ്ടുവന്നത്. എന്നാൽ മുഖ്യമന്ത്രി അടിയന്തരപ്രമേയത്തിനല്ല മറിച്ച് നടുത്തളത്തിലെ മുദ്യാവാക്യങ്ങൾക്കാണ് മറുപടി നൽകിയത് എന്നുള്ളത് അങ്ങേയറ്റം ദയനീയമായിപ്പോയി. ഏതായാലും ഇവിടെ രണ്ടുനീതി എന്നത് അടിവരയിടുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. ലാവ്‌ലിൻ വിഷയത്തിലെ കോടതിവിധിയെ പ്രകീർത്തിച്ചുകൊണ്ട് കോടതിയിൽ നിന്നും വളരെ ശക്തമായും ന്യായമായിട്ടുമുള്ള ഒരു വിധി വന്നിരിക്കുന്നുവെന്ന് ഇന്നും അങ്ങിവിടെ പറഞ്ഞു, അത് സിംഗിൾബെഞ്ച് വിധിയാണ്. അതുപോലെതന്നെ ഒരു സിംഗിൾ ബെഞ്ച് ഒരു മന്ത്രിക്കെതിരെ വിധി പ്രഖ്യാപിച്ചപ്പോൾ അത് മറ്റൊരു

നീതി. വിധി നമുക്കനുകൂലമായി പ്രഖ്യാപിക്കുമ്പോൾ കോടതി അമ്പലപ്പുഴ പാൽപ്പായസം, എതിരാണെങ്കിൽ കയ്പിൻ പാവക്കാനീര്. ഈ രീതിയിലുള്ള സമീപനം ശരിയല്ല എന്നുള്ളതാണ് ഞങ്ങൾക്ക് പറയാനുള്ളത്. അങ്ങ് പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും കോടതി വിധിയിൽ തന്നെയുണ്ട്. ഇതിന് മുകളിൽ ആരോ പറഞ്ഞതനുസരിച്ചാണ് താഴെ ടീച്ചർ എഴുതിയിട്ടുള്ളതെന്നാണ് പറഞ്ഞിരിക്കുന്നത്.

കോടതി വിധിയിൽ വളരെ വ്യക്തമായി പറയുന്നത് "as disclosed from the extract file" ഫയലുകളിലെ എക്സ്ട്രാക്ട് അതിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് പറയുന്നത് "endorsement file does not contain any reason to justify the direction raised" എന്നുപറഞ്ഞാൽ കോടതി മുഴുവൻ ഫയലും പരിശോധിച്ചിട്ടുണ്ട് എന്നാണ് മനസ്സിലാകുന്നത്. മന്ത്രി ഇത്തരമൊരു ഉത്തരവിടാനുള്ള ജസ്റ്റിഫിക്കേഷൻ മുകളിലുള്ള ഒരു ഉത്തരവിലും വന്നിട്ടില്ല. സെക്രട്ടറിയുടെ ഫയലിലോ ക്ലറിക്കൽ ലെവലിൽനിന്നും വന്നിട്ടുള്ള ഫയലിലോ വന്നിട്ടില്ല. അതുമായി ബന്ധമില്ലാതെയാണ് മന്ത്രി അതിൽ ഉത്തരവിട്ടിട്ടുള്ളതെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. രണ്ടാമതായി പോലീസ് കേസിനെ സംബന്ധിച്ചുള്ള വിഷയം പോലീസ് ചീഫ് കൊടുത്തിട്ടുള്ളതാണ്. ഇതിലെ അഞ്ചാം റെസ്പോണ്ടന്റ് ഒരു ക്രിമിനൽ കേസ്സിലെ പ്രതിയും മൂന്നാം റെസ്പോണ്ടന്റ് 12 ക്രിമിനൽ കേസ്സുകളിലെ പ്രതിയുമാണ്. 12 ക്രിമിനൽ കേസ്സുകളിൽ പ്രതിയായിട്ടുള്ള ആളുകളെ എങ്ങനെ നിയമിക്കുമെന്നാണ് കോടതി ചോദിച്ചിട്ടുള്ളത്. ഏതായാലും ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം ഒരു പോസ്റ്റിലേയ്ക്കുള്ള ക്വാളിഫിക്കേഷൻ എത്ര ക്രിമിനൽ കേസ്സുകളിൽ അവർ ഉൾപ്പെട്ടിട്ടുണ്ട് എന്നുള്ളതാണെങ്കിൽ ആ കാര്യം കോടതിക്കറിയില്ലായിരുന്നു. 15 ക്രിമിനൽ കേസ്സുകളിൽ പ്രതിയായിട്ടുള്ള ആളാണ് ഏറ്റവും വലിയ ക്വാളിഫൈഡായിട്ടുള്ള ആൾ എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയമെങ്കിൽ അത് കോടതിക്കറിയില്ല, എന്നുമാത്രമല്ല ഇവിടെ ബാലാവകാശ കമ്മീഷനെ നിയോഗിക്കാനുള്ള എലിജിബിലിറ്റിയിൽ വളരെ വ്യക്തമായി "no person having been convicted and sentenced for imprisonment" എന്ന് പറഞ്ഞിട്ടുണ്ട്. കൺവിക്ടഡായിട്ടുള്ള ആളുകളെ ഒരു കാരണവശാലും ബാലാവകാശ കമ്മീഷനിൽ നിയമിക്കരുതെന്ന് റൂൾസിൽ വ്യക്തമായി പറയുന്നുണ്ട്. ഇത് കാറ്റിൽപ്പറത്തിക്കൊണ്ടാണ് ഇവിടെ ഈ രീതിയിൽ ഒരു സമീപനമുണ്ടായത്. ഇന്നലെ വന്നിട്ടുള്ള പരാമർശങ്ങൾ വളരെ ഗൗരവമുള്ളതാണ്. നിങ്ങൾ ആരെങ്കിലും നിങ്ങളുടെ കുട്ടികളുമായി ഈ ബാലാവകാശ കമ്മീഷന്റെ മുന്നിൽ പോകുമോ എന്ന് അവിടത്തെ വക്കീലിനോടും നിയമ വകുപ്പ് സെക്രട്ടറിയോടും ചോദിക്കുന്ന അവസ്ഥയിലേയ്ക്ക് കോടതി എത്തിയിട്ടുണ്ടെങ്കിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ജഡ്ജിമാർക്ക് കാര്യം മനസ്സിലാകാത്തതുകൊണ്ട് ഞങ്ങൾ അപ്പീൽ പോകുന്നു എന്നാണ്. ഇപ്പോൾ ജഡ്ജിമാർക്ക് കാര്യം കൃത്യമായി മനസ്സിലായി. എന്താണ് ജഡ്ജ് പറഞ്ഞിരിക്കുന്നത് കുറച്ചുകൂടി

സ്റ്റോംഗായി വേണ്ടിയിരുന്നു എന്നുള്ള രീതിയിലാണ് ജഡ്ജിന്റെ കമന്റ്. ഇനിയും കൂടുതൽ മനസ്സിലാക്കാൻ പോകണ്ട. അതിനനുസരിച്ച് ഊരാക്കുരുക്കായി മാറി കൊണ്ടിരിക്കുകയാണ് എന്ന് അങ്ങ് മനസ്സിലാക്കണമെന്നുള്ളതാണ്. അതുകൊണ്ട് പെട്ടെന്ന് ഒരു തീരുമാനമെടുക്കുന്നത് നല്ലതാണ്. ഇവിടെ ലാവ്‌ലിൻ കേസ്സിന്റെ വിഷയത്തെക്കുറിച്ചൊന്നും സൂചിപ്പിക്കുന്നില്ല. ഈ കാര്യത്തിൽ രണ്ട് നയം സ്വീകരിക്കരുത്. ചില വിധികൾ വരുമ്പോൾ കോടതിയെക്കുറിച്ച് മോശമായ രീതിയിൽ സംസാരിക്കുകയും നല്ല വിധികൾ വരുമ്പോൾ രണ്ട് കയ്യും നീട്ടി സ്വാഗതം ചെയ്യുകയും ചെയ്യുന്ന നിലപാട് ശരിയല്ല. ലോകായുക്തയുടെ ശക്തമായ തെളിവ് മന്ത്രിക്കെതിരെയുണ്ടെന്നും വിശദമായ അന്വേഷണത്തിന് ഉത്തരവിടുന്നുവെന്നുമുള്ള ഒരു ബ്രേക്കിംഗ് ന്യൂസ് ഇപ്പോൾ വന്നിരിക്കുകയാണ്. ആരുപറഞ്ഞു കഴിഞ്ഞാലും ഇവിടെ ഒരു തീരുമാനവും ഉണ്ടാകുകയില്ലെന്ന അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഞാൻ മറ്റുള്ള വിഷയങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. അങ്ങ് വായിച്ച ലഘുലേഖയിലുള്ള മുജാഹിദുകളുടെ കാര്യം അങ്ങ് മുഴുവനും വായിക്കണമായിരുന്നു. മുജാഹിദുക്കൾ ഐ.എസ്.ഐ.എസ്. എന്ന ഭീകര സംഘടയ്ക്കെതിരെ പ്രവർത്തിക്കുന്നവരാണ്. പക്ഷേ, അതിനു പുറമെ പശുവുമായി ബന്ധപ്പെട്ട് ദേശീയ തലത്തിലുണ്ടായ മതേതരത്വത്തിനെതിരെയുള്ള കാര്യങ്ങളെയുംകുറിച്ച് പറയുന്നുണ്ട്. യെച്ചൂരിയെ പ്രകീർത്തിച്ചുകൊണ്ട്, യെച്ചൂരിയെ പോലുള്ളവരാണ് മതേതരത്വം കാത്തുസൂക്ഷിക്കുന്നതിനു വേണ്ടി ശ്രമിക്കുന്നതെന്നുപോലും എഴുതിയിട്ടുണ്ട്. ആ കൂട്ടത്തിൽ വിശ്വാസികൾ എങ്ങനെയായിരിക്കണമെന്നുള്ള ഒരു ഭാഗം വന്നിട്ടുണ്ട് എന്നുള്ളത് ശരിയാണ്. ഒരു കാരണവശാലും അമ്പലങ്ങൾ തകർക്കപ്പെടരുതെന്നും തകർക്കുന്നതിനുവേണ്ടി ശ്രമിക്കുന്ന ശക്തികളെ നേരിടണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. വിഗ്രഹങ്ങളെ അവർ എതിർക്കുമ്പോഴും അവരുടെ വിശ്വാസപ്രകാരം വിഗ്രഹങ്ങളെ ആരാധിക്കുന്ന ഹൈന്ദവ ക്ഷേത്രങ്ങൾ സംരക്ഷിക്കാൻ മുന്നോട്ടുവരണമെന്ന് പറയുന്ന ഒരു തീരുമാനത്തെ എങ്ങനെയാണ് ക്രൂരമായി കാണുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അങ്ങ് ഉത്തരേന്ത്യയിലെ മോബ് ലിഞ്ചിംഗ് വിഷ്വൽസ് കാണേണ്ടതാണ്. ഞാൻ കണ്ടു. സത്യത്തിൽ മോബ് ലിഞ്ചിംഗ് കേരളത്തിൽ നടന്നിരിക്കുന്നു. വളരെ പയസ്സായിട്ടുള്ള ആളുകൾ ഇറങ്ങിപ്പോകുന്ന സമയത്ത് ഒരു വാഹനത്തിൽനിന്ന് ഇറങ്ങിവന്ന് അവരുടെ തലയ്ക്കടിക്കുകയും പോലീസ് സ്റ്റേഷന്റെ മുന്നിൽ വച്ച് മാരകമായി അവരെ പരിക്കേൽപ്പിക്കുകയും ചെയ്യുന്ന മോബ് ലിഞ്ചിംഗ് ശ്രീ. പിണറായി വിജയനെന്ന മുഖ്യമന്ത്രിയുള്ള കേരളത്തിൽ അനുവദിക്കാൻ പാടില്ലായിരുന്നു. പോലീസുകാർ മാരാർ ഭവന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കാൻ വേണ്ടിയിട്ടാണ് ഇവിടെ പരിശ്രമിക്കുന്നതെങ്കിൽ അങ്ങനെയുള്ള പോലീസിനെ കടിഞ്ഞാണിടാൻ ഈ മുഖ്യമന്ത്രിക്ക് സാധിക്കണം എന്നാണ് പറയാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിൽ നല്ല കാര്യങ്ങളെല്ലാം പറഞ്ഞാലും അന്യമതനിന്ദ പൂർണ്ണമായും ഒഴിവാക്കേണ്ടതായിരുന്നു. അതാണ് പ്രകോപനം സൃഷ്ടിക്കുന്നത്. പ്രകോപനം സൃഷ്ടിക്കാൻ വഴിവയ്ക്കരുതായിരുന്നു. മുജാഹിദ് പ്രസ്ഥാനങ്ങൾ പൊതുവെ മുസ്ലീം വിഭാഗത്തിലെ പരിഷ്കരണ പ്രസ്ഥാനമാണ്. നല്ല നിലയ്ക്ക് പ്രവർത്തിച്ചുവരുന്നവരാണ് അവർ. വിഗ്രഹാരാധനയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും ഒന്നും അതിൽ ഉണ്ടാകേണ്ടതില്ലായിരുന്നു. ഇന്നത്തെ കാലത്ത് നിർബന്ധിത മതപരിവർത്തനത്തെ നമ്മൾ എപ്പോഴും എതിർക്കുന്നതാണ്. പ്രായപൂർത്തി തികഞ്ഞാൽ മതപരിവർത്തനം നടത്താൻ ഒരു പ്രയാസവും നമ്മുടെ നാട്ടിലില്ല. അത് അവരവരുടെ അവകാശത്തിൽപ്പെട്ടതാണ്. പക്ഷേ ഓരോ വീട്ടിലും പോയി ക്ഷണിക്കുന്ന ഒരു പരിപാടി ഇന്നത്തെ നാട്ടിൽ പ്രകോപനമാണ് സൃഷ്ടിക്കുന്നത്. അത് ഒരു പ്രചരണ രീതി പോലെയല്ല. ഒരു വീട്ടിൽ ചെന്ന് നിങ്ങൾ മുസ്ലീമിലേയ്ക്ക് വരൂ എന്ന് ക്ഷണിക്കുന്ന രീതി ശരിയല്ല. നാടിന്റെ സാഹചര്യം കൂടി മനസ്സിലാക്കി പെരുമാറുന്ന നിലപാടായിരുന്നു എടുക്കേണ്ടിയിരുന്നത്. അങ്ങ് പറഞ്ഞതുപോലെ ഏതെങ്കിലും തരത്തിൽ തെറ്റായ നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് കർക്കശമായി തന്നെ നേരിടും. തെറ്റായ നടപടികൾ സ്വീകരിക്കുന്നതിന്റെ ചാമ്പ്യന്മാരാണ് ആർ.എസ്.എസ്. എന്നുള്ള കാര്യത്തിൽ ഒരു സംശയവും ഇല്ല. അക്കാര്യത്തിൽ ഫലപ്രദമായ നടപടിയുണ്ടാകും.

ഡോ. എം. കെ. മുനീർ: സർ, ശശികല ടീച്ചർ, ശോഭാ സുരേന്ദ്രൻ എന്നിവർ എന്തുപറഞ്ഞാലും അവരുടെ പേരിൽ കേസോ നടപടിയോ എടുക്കുന്നില്ല. മറു ഭാഗത്താണെങ്കിൽ ഉടനെ നടപടിയുണ്ടാകും. ആർ.എസ്.എസ്.-ന് ഈ നിയമം കയ്യിലെടുക്കാൻ ആരാണ് അവകാശം കൊടുത്തത്; വിവിധ വാഹനങ്ങളിൽ വന്ന് ആർ.എസ്.എസ്.-കാർക്ക് ഇപ്രകാരംകൈകാര്യം ചെയ്യാനുള്ള അവകാശം ആരാണ് കൊടുത്തത്? അവരെ കസ്റ്റഡിയിൽ എടുത്തതിനുശേഷം എന്തുകൊണ്ട് അപ്പോൾ തന്നെ വെറുതെവിടുന്നു. അങ്ങനെയുള്ള ഒരു സാഹചര്യമുണ്ടായപ്പോഴാണ് ആർ.എസ്.എസ്.-ന്റെ ക്യാമ്പുകളിലും ശാഖകളിലുമാണോ കേരളത്തിലെ പോലീസിന് ട്രെയിനിംഗ് കൊടുക്കുന്നതെന്ന സംശയം സ്വാഭാവികമായും എല്ലാ മതേതര വിശ്വാസികളിലുമുണ്ടാകും. ഇത് ഏതെങ്കിലും ഒരു വിഭാഗത്തിന്റെ മാത്രം സംശയമല്ല.

ശ്രീ. പിണറായി വിജയൻ: സർ, രാഷ്ട്രീയ നിലപാട് വച്ചാണെങ്കിൽ ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന് ഉണ്ടായേയ്ക്കാം. മതേതര വിശ്വാസിയാണെങ്കിൽ കേരളത്തിൽ എന്താണ് നടക്കുന്നതെന്ന് കൃത്യമായി മനസ്സിലാക്കും. മതേതരത്വം സംരക്ഷിക്കാൻ ശക്തമായ നടപടിയെടുക്കും. ഏതായാലും തൊഗാഡിയ കേസ്

പിൻവലിച്ചത് ഞങ്ങളാണെന്ന് ആരും പറയില്ല. ഇതെല്ലാം ഓർമ്മയുണ്ടല്ലോ?

ഡോ. എം. കെ. മുനീർ: സർ, മോഹൻ ഭഗത് ഒരു പതാക ഉയർത്തി. ശ്രീ. സി. മോയീൻകുട്ടിയുടെ വിഷയം നിങ്ങൾ പറയുന്നതുപോലെയല്ല. അത് കൊടിമരത്തിനു മുകളിൽ ഫിക്സ് ചെയ്തുവച്ചിട്ടുള്ളതാണ്. ഐ.യു.എം.എൽ. അതിൽ നിന്നും പാർട്ടിയുടെ പതാകയെടുത്തു മാറ്റി ദേശീയ പതാക ഉയർത്തിയ രീതി പല പാർട്ടി ഓഫീസുകളിലും നടക്കുന്നുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ഫ്ലാഗ് ആക്ടിനും ഫ്ലാഗ് കോഡിനും എതിരായ പ്രവൃത്തിയാണ്. അത് സാധാരണ നിലയ്ക്ക് കൊടിമരത്തിലൊന്നും പാടില്ല. അങ്ങനെയൊരു പ്രശ്നം ഇതിനകത്തുണ്ട്. അതിന്റെ ഭാഗമായിരിക്കും ഉണ്ടാകുന്നത്. പക്ഷേ എന്റെ അടുത്ത് പരാതി തന്നിട്ടില്ല. പരാതി തരികയാണെങ്കിൽ പരിശോധിക്കാവുന്നതാണ്.

ഡോ. എം. കെ. മുനീർ: സർ, അങ്ങനെയാണെങ്കിൽ എല്ലാ സ്ഥലത്തും ഇത് പരിശോധിക്കണം. ഒരാൾക്ക് ഒരു നീതി വേറൊരാൾക്ക് വേറൊരു നീതി എന്നത് ശരിയല്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ഈ കേസുമായി ബന്ധപ്പെട്ട വിഷയം ടെലിവിഷനിൽ ബ്രേക്കിംഗ് ന്യൂസായി എഴുതി കാണിക്കുന്നുവെന്ന് പറയുകയുണ്ടായി. ബാലാവകാശ കമ്മീഷനെ സംബന്ധിച്ച കേസ് ഹൈക്കോടതി ചർച്ച ചെയ്യുമ്പോൾ മറ്റൊരു കോടതിയിൽ കേസ് കൊടുത്താൽ ഈ കേസ് നിലനിൽക്കില്ല. ഒരേ വിഷയത്തിന്മേൽ രണ്ട് കോടതിയിൽ കേസ് കൊടുക്കാൻ പാടില്ല. ഇതുപോലും അറിയാതെയാണ് സംസാരിക്കുന്നത്. അങ്ങനെ ആരെങ്കിലും കേസ് കൊടുത്ത് ജഡ്ജി പറഞ്ഞിട്ടുണ്ടെങ്കിൽ അത് നിയമപരമാണോ? ഒരു വിഷയത്തിന്മേൽ ഒരേസമയം രണ്ട് കോടതിയിൽ കേസ് കൊടുക്കാൻ പറ്റില്ല. ഇതുസംബന്ധിച്ച് ശ്രീ. കെ. എം. മാണി മറുപടി നൽകണം. കാര്യങ്ങൾ അറിയാതെ ഒന്നും പറയരുത്.

ഡോ. എം. കെ. മുനീർ: ഇതുസംബന്ധിച്ച് അങ്ങ് ലോകായുക്തയോട് പറയണം.

ശ്രീ. സി. മമ്മൂട്ടി: സർ, ഇവിടെ ഫ്ലാഗ് കോഡുണ്ട്. ആലപ്പുഴ ജില്ലയിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പതാക പകുതി താഴ്ത്തിവച്ചതിനുശേഷം ദേശീയ പതാക ഉയർത്തിയ ഫോട്ടോ പത്രങ്ങളിൽ വന്നതാണ്. ഇതിനെതിരെ ഒരു നടപടിയും സ്വീകരിച്ചില്ല. ഇതുസംബന്ധിച്ച് മുഖ്യമന്ത്രി അന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, National Emblems and Flag Act നമ്മുടെ രാജ്യത്ത് ബാധകമാണ്. അത് ബാധകമാകുമ്പോൾ ആ ആക്ടിനും ഫ്ലാഗ് കോഡുണ്ട്.

ഇതിനെതിരാണ് പാർട്ടി കൊടിമരത്തിൽ രാഷ്ട്രീയ പതാക ഉയർത്തുന്നത്. അതിൽ പാർട്ടിയുടെ ചിഹ്നമുണ്ടാകും. എവിടെ ആയാലും നിയമം ബാധകമാണ്.

ഡോ. എം. കെ. മുനീർ: സർ, അങ്ങ് അതിൽ നീതിപൂർവ്വമായ കാര്യങ്ങൾ നീക്കണമെന്നുള്ള ശക്തമായ അഭിപ്രായം ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. മറ്റ് വിഷയങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഏത് വിഷയവും പറയാൻ പറ്റുന്ന രീതിയിലാണ് ഇന്നത്തെ അവതരണവും മറുപടിയുമൊക്കെ ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ഏത് വിഷയത്തിലേയ്ക്കും പോകാം. ആ വിഷയങ്ങളിലേയ്ക്കൊന്നും കടക്കാൻ എന്റെ സമയം വിനിയോഗിക്കുന്നില്ല. നാലുദിവസമായി അഞ്ച് അംഗങ്ങൾ നിയമസഭാ കവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. അവർ മുഖ്യമന്ത്രിയുടെകൂടി സഹപ്രവർത്തകരാണ്. അവർ ഉന്നയിച്ച കാര്യങ്ങൾ ഗൗരവമായി പരിഗണിച്ചു കൊണ്ട് കോടതികൾ പോലും ഇതിനെ ശക്തമായ ഭാഷയിൽ പറഞ്ഞിരിക്കുകയാണ്. ഞങ്ങൾ പറഞ്ഞതനുസരിച്ച് ആരോഗ്യ വകുപ്പുമന്ത്രിക്ക് ആ കസേരയിൽനിന്നും പോകാനുള്ള അനുമതി നൽകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാനും എന്റെ കക്ഷിയും സഭ ബഹിഷ്കരിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ ബഹിഷ്കരിച്ചു.)

ശ്രീ. അനൂപ് ജേക്കബ്: സർ, ജനാധിപത്യത്തെ ഏതെങ്കിലും നിലയിൽ ഈ ഗവൺമെന്റ് മാനിക്കുന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നുള്ളതാണ് ഞങ്ങൾ ഉന്നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം. കോടതി പരാമർശങ്ങൾ വന്ന ഒട്ടനവധി സന്ദർഭങ്ങൾ കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലുണ്ട്. അവിടെയെല്ലാം അഡ്വേഴ്സായ പരാമർശങ്ങളാണെങ്കിൽ മന്ത്രിമാർ രാജിവച്ച സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി വായിക്കുന്നതിന് നിയമപണ്ഡിതനൊന്നും ആകേണ്ട, വളരെ ലളിതമായി മനസ്സിലാക്കാൻ കഴിയുന്ന കാര്യങ്ങളാണുള്ളത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് ഒരു ദിവസം പോലും മന്ത്രിസ്ഥാനത്ത് തുടരാനുള്ള അവകാശമില്ല. മന്ത്രി എടുത്തിരിക്കുന്ന തീരുമാനങ്ങൾ ബോണഫൈഡല്ല എന്നാണ് കോടതി നിരീക്ഷിച്ചിരിക്കുന്നത്. സാധാരണ രീതിയിൽ ഒരു തീരുമാനമെടുക്കണമെങ്കിൽ അതിൽ കാരണം രേഖപ്പെടുത്തേണ്ട ആവശ്യമില്ല. കോടതി അത് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ആപ്ലിക്കന്റ്സിന്റെ സമയം നീട്ടിയെടുക്കുമ്പോൾ അത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കേണ്ടതുണ്ട്. അത് വ്യക്തമാക്കാത്തതുകൊണ്ട് ഇതിന്റെ സദുദ്ദേശം സംശയാസ്പദമായി നിൽക്കുന്നു. 'The same was not an exercise of power in good faith' എന്നാണ് ഏറ്റവും ഒടുവിൽ കോടതി നിരീക്ഷിച്ചിരിക്കുന്നത്. മന്ത്രി സത്യപ്രതിജ്ഞാ ലംഘനം നടത്തിയിരിക്കുന്നുവെന്നാണ് ജഡ്ജ്മെന്റിൽ വ്യക്തമാക്കിയിരിക്കുന്നത്. ഇതിൽ കൂടുതൽ എന്താണ് പറയാനുള്ളത്? ഈ വിഷയം പ്രതിപക്ഷം ഉന്നയിക്കുമ്പോൾ അത്

രാഷ്ട്രീയമാണ്, രാഷ്ട്രീയമായ നിലയിൽ അതിനെ കാണുന്നുവെന്ന നിലയിലുള്ള പ്രചരണങ്ങൾ ശരിയല്ല. ഇവിടെ ഇതിന് മുമ്പ് എല്ലാ സന്ദർഭങ്ങളിലും ജനാധിപത്യ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഏത് ഗവൺമെന്റും മന്ത്രിമാരും നിന്നിട്ടുള്ളത്. അതിൽനിന്നും വ്യത്യസ്തമായി ഉണ്ടായിരിക്കുന്ന ഈ സാഹചര്യം തികച്ചും പ്രതിഷേധാർഹമാണ്. ഈ വിഷയം പ്രതിപക്ഷം ഉന്നയിച്ചപ്പോൾ, അതിനുള്ള മറുപടിയല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയത്. ഇന്നലെ വന്ന ലാവ്‌ലിൻ വിധിയുമായി ബന്ധപ്പെട്ട പശ്ചാത്തലത്തിലാണ് അദ്ദേഹം കാര്യങ്ങൾ പറഞ്ഞത്. ഇവിടെ മന്ത്രിയുടെയും വകുപ്പിന്റെയും ഭാഗത്തുനിന്നുള്ള പാകപ്പിഴകളെ സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച ഒരു വിഷയത്തിലും വ്യക്തമായ നിലയിൽ മറുപടി പറയാൻ ഗവൺമെന്റിന് കഴിഞ്ഞില്ല. ഈ വിഷയങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ സഭ ബഹിഷ്കരിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ ബഹിഷ്കരിച്ചു.)

ശ്രീ. കെ. എം. മാണി: സർ, ഒരു തരത്തിൽ പറഞ്ഞാൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ വളരെ ഭാഗ്യവതിയാണ്. ലാവ്‌ലിൻ, പകർച്ചപ്പനി, ഓണച്ചന്ത, മതനിന്ദ, മതപരിവർത്തനം, മതേതരത്വം, ദേശീയ പതാക തുടങ്ങിയ കാര്യങ്ങളിലൂടെ വഴിവിട്ട ചർച്ചയായിരുന്നു ഇന്നത്തെ അടിയന്തരപ്രമേയം. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്കെതിരെ ഒരു പരാമർശമുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലാഘവത്തോടു കൂടി പറഞ്ഞത്, ലഘുവായി ഒരു പരാമർശമുണ്ടായതിൽ കാര്യമുണ്ടോ എന്നാണ്. ഹൈക്കോടതിയുടെ ഈ പരാമർശം വെറും obiter dictum അല്ല. മന്ത്രി good faith-ഓടുകൂടിയല്ല പ്രവർത്തിച്ചതെന്നാണ് ഹൈക്കോടതി പറഞ്ഞിരിക്കുന്നത്. അതിനർത്ഥം, ദുരുദ്ദേശത്തോടുകൂടിയാണ് മന്ത്രി പ്രവർത്തിച്ചത് എന്നാണ്. ഹൈക്കോടതിയുടെ വ്യക്തമായ ആ വിധി തീർപ്പ് ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി രാജിവയ്ക്കേണ്ടതാണ്. രാജിവയ്ക്കണമെന്നുള്ളതാണ് എന്റെയും പാർട്ടിയുടെയും അഭിപ്രായം. ഗവൺമെന്റ് മന്ത്രിയെ എപ്പോഴും ഇങ്ങനെയുള്ള വിഷയത്തിൽ സംരക്ഷിക്കുന്നു, ക്രമക്കേട് ഉണ്ടായാലും സംരക്ഷിക്കുന്നു, അത് ശരിയല്ല. അത് ഇടതുപക്ഷ മുന്നണിക്കും ഗവൺമെന്റിനും അനുയോജ്യമല്ല. അതുകൊണ്ട് ഗവൺമെന്റ് അനുവർത്തിക്കുന്ന ഈ തെറ്റായ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇവിടെ ഉണ്ടായിട്ടുള്ള ചർച്ചകളൊക്കെ ഞാൻ കേൾക്കുകയുണ്ടായി. ഒട്ടേറെ കാര്യങ്ങളിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടാകും. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് വ്യക്തിവൈരാഗ്യമുള്ളതുകൊണ്ട് പറയുന്നതല്ല. നിഷ്പക്ഷമായി, പക്ഷപാതമില്ലാതെ പെരുമാറും, കൈകാര്യം ചെയ്യുമെന്ന് സത്യപ്രതിജ്ഞ ചെയ്താണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അധികാരസ്ഥാനത്ത് വന്നത്. അതിന്റെ പ്രത്യക്ഷമായ ലംഘനം

നടന്നിട്ടുണ്ടെന്ന് നാട്ടുകാർ മാത്രമല്ല, ബഹുമാനപ്പെട്ട കോടതിയും പരാമർശം നടത്തി, കൂടുതൽ പറയേണ്ടിവരുമെന്നുള്ള കാര്യംപോലും സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ പക്ഷപാതപരമായി പ്രവർത്തിച്ചിട്ടുണ്ട് എന്നുള്ളത് സാമാന്യ ബോധമുള്ള എല്ലാവർക്കും അറിയാവുന്നതാണ്. സാധാരണനിലയിൽ സ്വന്തം കക്ഷിയിലുള്ളവരെ കുത്തിനിറയ്ക്കാൻ വേണ്ടി വഴിവിട്ട രീതിയിൽ പ്രവർത്തിക്കുന്നുവെന്നുള്ള ആരോപണങ്ങൾ പ്രതിപക്ഷം പറയാറുണ്ട്. പക്ഷേ അതിനെയെല്ലാം സ്വീകരിക്കേണ്ട കാര്യമില്ല. ഇതുസംബന്ധിച്ച് കോടതിയുടേത് വെറും അഭിപ്രായപ്രകടനമല്ല, ഒരു വിധിയാണ് പറഞ്ഞിരിക്കുന്നത്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ആ സ്ഥാനത്ത് തുടരുന്നത് അപമാനകരമാണ്, രാജിവച്ച് ഒഴിയണം. ഇക്കാര്യം സർക്കാർ ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. സി. ജോർജ്: സർ, ഇന്നത്തെ അടിയന്തരപ്രമേയം രാവിലെ 9.30-ന് ആരംഭിച്ചതാണ്. ഈ അടിയന്തരപ്രമേയം ചർച്ചയ്ക്ക് അനുവദിച്ചിരുന്നെങ്കിൽ ഇവിടത്തെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും സംസാരിക്കാൻ അവസരം ലഭിക്കുമായിരുന്നു. അത് ഒഴിവാക്കി. ബഹുമാനപ്പെട്ട കെ. എം. മാണി ഗ്രൂപ്പിലെ ലീഡർ പറഞ്ഞതു പോലെ ഏതെല്ലാം കാര്യങ്ങൾ ചർച്ച ചെയ്തു. ഒരു അടിയന്തരപ്രമേയത്തിന് ഇത് ഭൂഷണമാണോ? ഒരു മാസം മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും കക്ഷി നേതാക്കളോടുമൊക്കെ ഞാനൊരു കാര്യം പറയുകയുണ്ടായി. ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനോട് എനിക്ക് ബഹുമാനമുണ്ട്. ടീച്ചറിനെപ്പറ്റി ഒരു പരാതി പറയാനും ഞാനില്ല. പക്ഷേ ആരോഗ്യ വകുപ്പിന്റെ പോക്കിൽ കുഴപ്പങ്ങളുണ്ട്. ഇപ്പോൾ ആരോഗ്യ വകുപ്പുമന്ത്രി കൈകാര്യം ചെയ്യുന്ന വകുപ്പ് ഡോ. കെ. ടി. ജലീലിനും, ഡോ. കെ. ടി. ജലീൽ കൈകാര്യം ചെയ്യുന്ന വകുപ്പ് ആരോഗ്യ വകുപ്പുമന്ത്രിക്കും മാറ്റി നൽകണ മെന്നുള്ളതാണ് എന്റെ അഭിപ്രായം. അന്ന് ഞാൻ പറഞ്ഞത് നിങ്ങൾ കേട്ടിരുന്നെങ്കിൽ ഇപ്പോൾ ഇടതുപക്ഷ മുന്നണിക്ക് എന്തെങ്കിലും കുഴപ്പമുണ്ടാകുമായിരുന്നോ? ഹൈക്കോടതി ശക്തമായ പരാമർശം നടത്തിയിരിക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. അതുപോലെ മറ്റൊരു കേസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പറ്റിയും കോടതി പരാമർശം നടത്തുകയുണ്ടായി. ആ പരാമർശം തിരിച്ചായിരുന്നുവെങ്കിലും മുഖ്യമന്ത്രി രാജിവയ്ക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. കാരണം, ഒരു കോടതി വിസ്തരിച്ച കേസ് തെളിയിക്കാൻ കുറ്റക്കാരനെന്ന് പറയുന്ന നിമിഷം വരെ ഇറങ്ങിപ്പോകാൻ പറയുന്നത് മര്യാദയല്ല. അതുകൊണ്ട് മുഖ്യമന്ത്രി ആ സ്ഥാനത്ത് ഇരിക്കണമെന്ന അഭിപ്രായമാണ് ഞാൻ ഇന്നലെയും ഇന്നും പറഞ്ഞത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി കഴിയുമെങ്കിൽ രാജിവച്ച് മറ്റൊരു വകുപ്പ് മാറ്റി കൊടുക്കുന്നതായിരിക്കും ഉചിതം. അതാണ് നല്ലത് എന്നാണ് എന്റെ അഭിപ്രായം. ഇക്കാര്യം ചർച്ച ചെയ്യാത്തതിൽ

പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. സി. ജോർജ് സഭ വിട്ട് പുറത്തുപോയി.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം സഭ ബഹിഷ്കരിക്കുകയും സർവ്വശ്രീ. കെ. എം. മാണി, ഒ. രാജഗോപാൽ, പി. സി. ജോർജ് എന്നിവർ പ്രസ്താവന നടത്തിയശേഷം സഭയിൽ നിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു. )

## III ശ്രദ്ധ ക്ഷണിക്കൽ

### പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസന പ്രവർത്തനങ്ങൾ

ശ്രീ. ബി. സത്യൻ: സർ, സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിൽ, ബഹുമാന്യരായ നിയമസഭാ അംഗങ്ങളും ലോകസഭാ അംഗങ്ങളും എം.പി.-മാരും നിർദ്ദേശിക്കുന്ന പ്രകാരം ആദ്യഘട്ടങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു പട്ടികജാതി സങ്കേതവും കഴിഞ്ഞ വർഷം അങ്ങ് നൽകിയ നിർദ്ദേശം അനുസരിച്ച് രണ്ട് പട്ടികജാതി സങ്കേതങ്ങളും തെരഞ്ഞെടുക്കുകയും മാതൃക അംബേദ്കർ ഗ്രാമം പദ്ധതി കഴിഞ്ഞ മൂന്ന് വർഷങ്ങളായി നമ്മുടെ സംസ്ഥാനത്ത് നടന്നുവരികയുമാണ്. സിഡ്കോ, എഫ്.ഐ.ടി. തുടങ്ങിയ ഏജൻസികളെയാണ് പട്ടികജാതി സങ്കേതങ്ങളുടെ വിവിധങ്ങളായ വികസന പദ്ധതികൾ നടപ്പിലാക്കുന്ന ചുമതല ഏൽപ്പിച്ചിരുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്ന് ഏൽപ്പിക്കപ്പെട്ട ഏജൻസികൾ പലതും സാമാജികരെ കാണുകയും പല കോളനികളും അവർ ഏറ്റെടുക്കുകയും അതിന്റെ നടത്തിപ്പ് അവർക്ക് നൽകുകയും ചെയ്തു. പിന്നീടുള്ള അനുഭവം, ഒരേ ഏജൻസി തന്നെ ഏകദേശം 50-ൽപ്പരം കോളനികളുടെ വികസന പ്രവർത്തനങ്ങൾ നടത്താൻവേണ്ടിയുള്ള ചുമതല ഏറ്റെടുത്തു എന്നുള്ളതാണ്. അങ്ങനെ വന്നപ്പോൾ പല കോളനികളിലും ഭാഗികമായി തുടങ്ങിവച്ചതും പൂർത്തീകരിക്കപ്പെടാറായതുമായ നിലയിൽ കോളനികളുടെ വികസന പ്രവർത്തനങ്ങൾ മാറുകയുണ്ടായി. മുൻവർഷങ്ങളിൽ അക്കാര്യങ്ങൾ വ്യക്തമായി പഠിക്കാനും മനസ്സിലാക്കാനും പരിഹാരം കണ്ടെത്താനും വേണ്ടി ഈ വിഷയം സാമാജികർ അന്നത്തെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും കാര്യമായ ഇടപെടലുണ്ടായില്ല. അതിന്റെ ഭാഗമായി പട്ടികജാതി സങ്കേതങ്ങളിലെ വികസന പദ്ധതികൾ ഏതാണ്ട് താളം തെറ്റിയ നിലയിലായിരുന്നു. അങ്ങ് ചുമതല

ഏറ്റെടുത്തതിനുശേഷം പദ്ധതി നിർവ്വഹണവും നിർമ്മാണ പ്രവർത്തനങ്ങളും വേഗം പൂർത്തീകരിക്കപ്പെടണമെന്നുള്ള നിർദ്ദേശം ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഏജൻസികളുൾപ്പെടെയുള്ളവർക്കും നൽകുകയുണ്ടായി. പിന്നീട് അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും അടുത്ത കാലത്തായി പട്ടികജാതി സങ്കേതങ്ങളിലെ നിർവ്വഹണ പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്. ഇപ്പോൾ പട്ടികജാതി/ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ മാതൃകാ അംബേദ്കർ ഗ്രാമം പദ്ധതി താൽകാലികമായി നിർത്തിവച്ചതായാണ് അറിയുന്നത്. അതുണ്ടാക്കിയിരിക്കുന്ന പ്രത്യാഘാതം വളരെ വലുതാണ്. ഈ കോളനികളിലെ അടിസ്ഥാന പ്രശ്നങ്ങളായ കുടിവെള്ളം, വൈദ്യുതി ലഭ്യമാകാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക, ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, വഴി ഗതാഗതയോഗ്യമാക്കി മാറ്റുക, അങ്കണവാടി, സാംസ്കാരിക കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ളവയാണ് ഈ പദ്ധതിയുടെ ഭാഗമായി വരുന്നത്. സമഗ്രമായ ഒരു വികസന പദ്ധതിയാണ് പട്ടികജാതി സങ്കേതങ്ങളിൽ നടപ്പിലാക്കാൻ അങ്ങ് ഉദ്ദേശിച്ചത്. പക്ഷേ നിർഭാഗ്യവശാൽ ഈ പദ്ധതികൾ എങ്ങുമെത്താതെ നിൽക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. എന്നാൽ ചില സ്ഥലങ്ങളിൽ സാമാജികരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമെല്ലാം ഇടപെട്ട് നിർവ്വഹണം നന്നായി നടത്തി വന്ന സ്ഥലങ്ങളിൽ ഇപ്പോൾ ഡിപ്പാർട്ട്മെന്റ് നിർദ്ദേശം കൊടുത്ത് താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു എന്നാണ് അറിയുന്നത്. ഒരു നിർവ്വഹണ പ്രവർത്തനവും ആരംഭിക്കാത്ത സ്ഥലങ്ങളിൽ സർക്കാരിന് ആവശ്യമായ തീരുമാനമെടുക്കാവുന്നതാണ്. പല സ്ഥലങ്ങളിലും റോഡ്, കുടിവെള്ളം, വീട് നിർമ്മാണം, വീട് പുനരുദ്ധാരണം തുടങ്ങി മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതി കൈവരിച്ച കേന്ദ്രങ്ങളിലും ഇപ്പോഴുണ്ടായ നിർദ്ദേശപ്രകാരം നിർവ്വഹണ പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്നു എന്നതാണ് വസ്തുത. ജി.എസ്.ടി. നടപ്പിലാക്കിയതുവഴി ഇപ്പോൾ പലതും പുതുക്കി നിശ്ചയിക്കേണ്ടിവരുന്നു. മാത്രമല്ല, ഒരു കോടി രൂപ ഒരു കോളനിയിൽ ചെലവഴിക്കുമെന്ന് പറയുമ്പോൾ ഏകദേശം 25 ലക്ഷം രൂപ കുറയുകയാണ് ചെയ്യുന്നത്. കേന്ദ്ര സംസ്ഥാന ആനുപാതികമായി ഏകദേശം 18 ശതമാനം ടാക്സ് പോകുന്നു. 7 ശതമാനം കോൺട്രാക്ട് പ്രോഫിറ്റും കൂടിയാകുമ്പോൾ 25 ശതമാനം തുക പോകുന്നു. 1 കോടി രൂപയിൽ 25 ലക്ഷത്തോളം രൂപ ടാക്സിനത്തിൽ പോകുമെന്ന സ്ഥിതിയാണുള്ളത്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏറ്റവും ദുർബലരായ വിഭാഗത്തിൽപ്പെട്ടവരുടെ കോളനിയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടിയുള്ള ഈ വികസന പദ്ധതിയിൽ നിന്നെങ്കിലും ജി.എസ്.ടി. ഉൾപ്പെടെയുള്ള കാര്യങ്ങൾ ഒഴിവാക്കണമെന്നാണ് ഇതോടൊപ്പം പറയാനുള്ളത്. അതുപോലെ എം.എൽ.എ.-മാർ നിർദ്ദേശിക്കപ്പെടുമ്പോൾ ഇതിന്റെ നിർവ്വഹണ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്താനും പൂർത്തീകരിക്കാനുമുള്ള സ്വാതന്ത്ര്യം അവർക്ക് കൊടുക്കേണ്ടതല്ലേ. നിർവ്വഹണ പ്രവൃത്തികൾ നിർത്തി

വച്ചതായി എം.എൽ.എ.-മാർ അറിയുന്നില്ല. അങ്ങനെവരുമ്പോൾ ഇക്കാര്യത്തിൽ സുതാര്യത ഉറപ്പാക്കാനും ഏകോപിതമായി പദ്ധതികളുടെ പൂർത്തീകരണം നടത്താനും കഴിയുന്നില്ല. അതുകൊണ്ട് ഡിപ്പാർട്ടുമെന്റും എം.എൽ.എ.-മാരും അതാത് മണ്ഡലാടിസ്ഥാനത്തിൽ ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ കോളനികളിലെ വികസന പ്രവർത്തനങ്ങൾ വിലയിരുത്താനും അത് പഠിച്ച് മനസ്സിലാക്കി ബാക്കി പൂർത്തീകരിക്കുന്നതിനുംവേണ്ടി അങ്ങയുടെ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ നിർവ്വഹണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി അങ്ങ് ഒരു ഹൈലെവൽ മീറ്റിംഗ് വിളിക്കണമെന്നും മണ്ഡലാടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുന്ന സ്ഥലങ്ങളിൽ അത് പൂർത്തീകരിച്ചെടുക്കാനുള്ള അനുമതി നൽകുകയും വേണം. നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത സ്ഥലങ്ങളിൽ ഏങ്ങനെ വേണമെന്നതുസംബന്ധിച്ച് ഡിപ്പാർട്ടുമെന്റും ഗവൺമെന്റും ആലോചിക്കണം എന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ജി.എസ്.ടി. ഉൾപ്പെടെയുള്ള കാര്യങ്ങൾ കോളനി നവീകരണ പദ്ധതിയുടെ ഭാഗമായിട്ടുള്ള പദ്ധതിയിൽനിന്ന് ഒഴിവാക്കണമെന്നുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അടിയന്തര തീരുമാനമുണ്ടാകേണ്ട വളരെ ഗൗരവമായ ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നതും അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമായ പട്ടികജാതി കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പരിപാടി പ്രകാരം സമഗ്ര വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. അതാത് കോളനികൾക്കാവശ്യമായ പ്രവർത്തികൾ ഉൾപ്പെടുത്തി കർമ്മപദ്ധതികൾ തയ്യാറാക്കുകയും എം.എൽ.എ. അദ്ധ്യക്ഷനായിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ശിപാർശ ചെയ്യുകയും വേണം. പദ്ധതിക്ക് അംഗീകാരം നൽകുന്നത് പട്ടികജാതി വികസന ഡയറക്ടറാണ്. ഒരു എം.എൽ.എ.-യ്ക്ക് തന്റെ മണ്ഡലത്തിൽനിന്നും രണ്ട് കോളനികൾ തെരഞ്ഞെടുക്കാം. ഒരു കോളനിയിൽ പരമാവധി ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താം. 50 ലക്ഷം, 30 ലക്ഷം, 20 ലക്ഷം എന്ന ക്രമത്തിലാണ് മൂന്ന് ഗഡുക്കളായി തുക അനുവദിക്കുന്നത്. എം.എൽ.എ.-മാർ നിർദ്ദേശിച്ച 225 കോളനികളെ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ എഗ്രിമെന്റുവച്ച 196 കോളനികൾക്ക് ഒന്നാം ഗഡുവായി 50 ശതമാനം നിരക്കിൽ 50 ലക്ഷം രൂപ വീതം മൊത്തം 98 കോടി രൂപ നിർവ്വഹണ ഏജൻസികളായ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് പരിമിതിയുണ്ടെങ്കിൽ മറ്റേതെങ്കിലും സർക്കാർ നിർവ്വഹണ

ഏജൻസിയെ എം.എൽ.എ.-യുടെ തന്നെ ശിപാർശ പ്രകാരം പ്രവൃത്തി ഏൽപ്പിക്കാവുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടി എസ്റ്റിമേറ്റ് അന്തിമമായി നൽകുന്നതിന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരത്തിൽ ലഭ്യമാകുന്ന എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ അംഗീകരിച്ച് നൽകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നത് നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ട് 2017-18 വർഷത്തെ പദ്ധതി നിർദ്ദേശങ്ങളിൽ അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് സ്കീം പുതിയ അഡീഷണൽ ട്രൈബൽ സബ് പ്ലാനിൽ പ്രത്യേക പാക്കേജായി ഈ പദ്ധതി ഉൾപ്പെടുത്തുകയാണ്. ഒരു കോടി രൂപ ഓരോ സങ്കേതങ്ങൾക്കുംവേണ്ടി നീക്കിവയ്ക്കുന്നുണ്ട്. വിവിധ ജില്ലകളിലെ ഏറ്റവും പിന്നോക്ക മേഖലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന സങ്കേതങ്ങളിൽ പ്രോജക്ട് അധിഷ്ഠിത രീതിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയിൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിയന്തരമായി നടപ്പാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം, ശുചിത്വ പരിപാടികൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം എന്നിവയാണ് അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഊരുകൂട്ടം കൂടി ജനപ്രതിനിധികൾ, ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, മറ്റ് ലൈൻ ഡിപ്പാർട്ടുമെന്റിന്റെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട സങ്കേതങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് ഊരുകൂട്ടം അംഗീകരിക്കുന്ന വികസന പ്രവർത്തനങ്ങളുടെ മുൻഗണനാക്രമം അനുസരിച്ചാണ് നടപ്പിലാക്കേണ്ട പദ്ധതികൾ തെരഞ്ഞെടുക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത കോളനികളിൽ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. മുൻ ഗവൺമെന്റ് ആരംഭിച്ച ഹാംലറ്റ് വികസന പദ്ധതിയിൽ 2013-14, 2014-15, 2015-16 വർഷങ്ങളിൽ 52 കോളനികൾ തെരഞ്ഞെടുത്തിരുന്നു. അതിൽ 46 എണ്ണത്തിൽ പ്രവൃത്തി ആരംഭിച്ചു, 25 എണ്ണം അന്ന് പൂർത്തീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13 എണ്ണം പൂർത്തീകരിച്ചു. എസ്.റ്റി.എസ്.പി. പദ്ധതിയിൽ 154 കോളനികളിൽ പ്രവർത്തനം ആരംഭിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ്

അതിൽ 22 എണ്ണം പൂർത്തീകരിച്ചത്. മുൻസർക്കാരിന്റെ കാലത്ത് ഒന്നും പൂർത്തീകരിച്ചിരുന്നില്ല. പഴയ പദ്ധതിയിലെ സ്വാശ്രയ ഗ്രാമങ്ങൾ പൂർത്തിയാക്കാൻ ഒക്ടോബർ 31 വരെ സമയം അനുവദിച്ചിട്ടുണ്ട്, ഈ പദ്ധതി നിർത്തിവച്ചിട്ടില്ല. ഇതുസംബന്ധിച്ച് തെറ്റായ ആശങ്കയാണ് ബഹുമാനപ്പെട്ട എം.എൽ.എ.-ക്ക് ഉണ്ടായിട്ടുള്ളത്. ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ടാക്സിന്റെ കാര്യത്തെ സംബന്ധിച്ച് ആലോചിക്കാം. ഒരു കോടി രൂപ കൊടുത്താൽ 25 ലക്ഷം രൂപ ജി.എസ്.ടി.-യ്ക്കും മറ്റ് അനുബന്ധ കാര്യങ്ങൾക്കുമായി പോകുന്നുവെന്നാണ് ഇപ്പോൾ എം.എൽ.എ. പറഞ്ഞത്. ഫലത്തിൽ 75 ലക്ഷത്തിന്റെ ഭൗതിക പുരോഗതിയേ ഉണ്ടാവുകയുള്ളൂ. ഇതിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കാം. അല്ലെങ്കിൽ ടാക്സ് അഡീഷണലായി കൊടുക്കാൻ പറ്റുമോയെന്നും ആലോചിക്കാം.

ശ്രീ. ബി. സത്യൻ: സർ, ഒക്ടോബർ 31 എന്നാണ് സമയം പറഞ്ഞിരിക്കുന്നത്. ഇതുവരെ നിർവ്വഹണം തുടങ്ങാത്തതും തുടങ്ങിയിട്ടുള്ളതുമായ പദ്ധതികളുണ്ട്. അതിൽ ഏതിനാണ് ഒക്ടോബർ 31 എന്നുള്ള സമയമെന്ന് വ്യക്തത വരുത്തുമോ; നിർവ്വഹണം ആരംഭിക്കാത്ത പദ്ധതികൾ ആരംഭിക്കുന്നതിനുകൂടി അനുവാദം നൽകുമോ?

ശ്രീ. എ. കെ. ബാലൻ: ഇപ്പോൾ സമയം മാറ്റാൻ ഉദ്ദേശിക്കുന്നില്ല. അസംബ്ലിയിൽ പറഞ്ഞതുകൊണ്ട് സൗകര്യമായെന്ന് കരുതി ജോലി ചെയ്യാതിരിക്കും. അനിവാര്യമായ സാഹചര്യമുണ്ടെങ്കിൽ അതുസംബന്ധിച്ച് പരിശോധിക്കാം. ഇപ്പോൾ ഒക്ടോബർ 31 എന്നുള്ള സമയമാണ് കൊടുത്തിരിക്കുന്നത്.

(ശ്രീ. എം. ഉമ്മർ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

## IV സബ്മിഷൻ

### (1) പി.എസ്.സി. പരീക്ഷ

ശ്രീ. റ്റി. വി. രാജേഷ്: സർ, വിവിധ തൊഴിൽ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ വാർത്തെടുക്കുകയും അതത് മേഖലകളിൽ അഭിരുചിക്കനുസരിച്ച് ഉപരിപഠനവും തൊഴിലും സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയുമാണ് വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ ആരംഭിച്ചത്. ഇന്ന് വി.എച്ച്.എസ്.ഇ. കോഴ്സുകൾ പഠിച്ചിറങ്ങിയവർക്ക് തൊഴിലവസരങ്ങൾ വളരെ പരിമിതമാണ്. അതുകൊണ്ടു തന്നെ ഈ കോഴ്സ് പഠിച്ചിറങ്ങിയവർ വലിയ പ്രതിസന്ധിയിലുമാണ്. കേരളത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ അഗ്രികൾച്ചർ സയൻസിൽ മാത്രമായി 30 വിദ്യാർത്ഥികൾ വീതം 158 ബാച്ചുകളിലായി വിവിധ സ്കൂളുകളിൽനിന്ന് ഓരോ അദ്ധ്യയന വർഷവും 4740 പേർ കോഴ്സ് പൂർത്തീകരിച്ച് പുറത്തിറങ്ങുന്നുണ്ട്. നിലവിൽ സർക്കാർ

മേഖലയിൽ വി.എച്ച്.എസ്.ഇ. അഗ്രികൾച്ചർ യോഗ്യതയുള്ളവർക്ക് നാമമാത്രമായ അവസരങ്ങളാണുള്ളത്. കൃഷി വകുപ്പിൽ അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയ്ക്കുമാത്രമാണ് വി.എച്ച്.എസ്.ഇ. അഗ്രികൾച്ചർ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. അതുപോലും പ്രസ്തുത തസ്തികയുടെ അടിസ്ഥാന യോഗ്യതയായ അഗ്രികൾച്ചർ ഡിപ്ലോമക്കാരുടെ അഭാവത്തിൽ മാത്രമാണ് നിയമനം സാധ്യമാകുന്നത്. വകുപ്പിലെ അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന യോഗ്യത ജി.ഒ.(എം.എസ്) 35/1995/അഗ്രികൾച്ചർ തീയതി 13-2-1995 ഉത്തരവുപ്രകാരം കാർഷിക സർവ്വകലാശാല നടത്തിയിരുന്ന രണ്ടര വർഷത്തെ ഡിപ്ലോമയും ഡിപ്ലോമക്കാരുടെ അഭാവത്തിൽ വി.എച്ച്.എസ്.ഇ. അഗ്രികൾച്ചറുമായിരുന്നു. ബി.എസ്.സി. അഗ്രികൾച്ചർ പാസ്സായ ഉദ്യോഗാർത്ഥികൾ ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുകയും പരീക്ഷ തുടങ്ങുന്നതിനു മുമ്പ് ഹൈക്കോടതിയിൽനിന്നും അധിക യോഗ്യത അയോഗ്യതയല്ലെന്ന ഉത്തരവ് വാങ്ങുകയും ചെയ്തു. ഇതിന്റെ ഭാഗമായി അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ വി.എച്ച്.എസ്.ഇ. കഴിഞ്ഞവർക്ക് അവസരങ്ങൾ ഇല്ലാതാകുന്ന സ്ഥിതിയുണ്ടായിരിക്കുകയാണ്. നിലവിലുള്ള സ്ഥിതി പ്രകാരം മൈനസ് മാർക്ക് നേടുന്ന ബി.എസ്‌സി.-ക്കാരൻ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ വരികയും വി.എച്ച്.എസ്.ഇ.-ക്കാരൻ റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ട്. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ബി.എസ്‌സി.-ക്കാർക്കും ഡിപ്ലോമക്കാർക്കും വി.എച്ച്.എസ്.ഇ.-ക്കാർക്കും കട്ട് ഓഫ് മാർക്ക് നിജപ്പെടുത്തിക്കൊണ്ട് വി.എച്ച്.എസ്.ഇ.-ക്കാർക്ക് ഈ മേഖലയിൽ കുറച്ചുകൂടി തൊഴിൽ അവസരം ലഭിക്കാനാവശ്യമായ ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിനുള്ള നിലവിലെ അടിസ്ഥാന യോഗ്യത കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും നൽകുന്ന കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ ആണ്. പ്രസ്തുത യോഗ്യതയുള്ളവരുടെ അഭാവത്തിലാണ് കൃഷിയിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റുള്ളവരെ പരിഗണിക്കുന്നത്. അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് പി.എസ്.സി. നടത്തുന്ന പരീക്ഷയിൽ കൃഷി ഡിപ്ലോമക്കാർക്കൊപ്പം വി.എച്ച്.എസ്.ഇ. അഗ്രികൾച്ചർ യോഗ്യതയുള്ളവരേയും പരിഗണിച്ച് ഒരേ കട്ട് ഓഫ് മാർക്ക് നിജപ്പെടുത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കണമെന്ന ആവശ്യം പരിശോധിക്കാൻ ബന്ധപ്പെട്ടവരോട് നിർദ്ദേശിക്കുന്നതാണ്.

## (2) എസ്.ബി.ടി. - എസ്.ബി.ഐ. ലയനം

<u>ശ്രീ. കെ. രാജൻ</u>: സർ, എസ്.ബി.ടി. അടക്കമുള്ള 5 അസോസിയേറ്റ് ബാങ്കുകളെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിച്ച് ഇല്ലാതാക്കിയതോടുകൂടി ബാങ്കിംഗ്

മേഖലയിൽ ഗുരുതരമായ പല പ്രശ്നങ്ങളും ആരംഭിച്ചിരിക്കുകയാണ്. എസ്.ബി.ടി.-എസ്.ബി.ഐ. ലയനത്തിനെതിരെ സഭ ഐകകണ്ഠ്യേനയാണ് പ്രമേയം പാസ്സാക്കിയത്. അന്ന് സഭയിൽ ഉയർത്തിയ ആശങ്കകളെല്ലാം ശരിയാണെന്ന് പുതിയ നടപടി ക്രമങ്ങളിലൂടെ ബോധ്യപ്പെട്ടിരിക്കുന്നു. ഈ ലയനം പൂർത്തിയായ ഉടൻതന്നെ 200-ഓളം ശാഖകൾ അടച്ചുപൂട്ടൽ ഭീഷണിയിലാണ്. അടച്ചുപൂട്ടുന്ന ശാഖകളുടെ പൂർണ്ണമായ പേരുവിവരം ഇതിനകം മാധ്യമങ്ങളിൽ പരസ്യപ്പെടുത്തിയിട്ടുമുണ്ട്. ആയിരക്കണക്കിന് ഇടപാടുകാരുള്ള ശാഖകൾ പോലും ലയനത്തിന്റെ പേരിൽ ഇല്ലാതാകുകയാണ്. കേരളത്തിന്റെ മദർ ബാങ്ക് എന്നുവിളിക്കാവുന്ന, കേരളത്തിന്റെ വികസനത്തിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുള്ള എസ്.ബി.ടി. നൽകിവന്ന സേവനങ്ങളെല്ലാം തകിടം മറിയുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ലയനത്തെത്തുടർന്ന് ഏപ്രിൽ 1-നും ജൂൺ 1-നും ബാങ്ക് ഇടപാടുകളുടെ സേവന നിരക്കുകൾ അന്യായമായി വർദ്ധിപ്പിച്ചു. ക്യാഷ് എ.ടി.എം ഇടപാടുകൾക്ക് വർദ്ധിത സേവന നിരക്കുകൾ നിലവിൽ വന്നു. 5 വർഷം മുമ്പ് എസ്.ബി.ഐ.-യിൽ നിന്നും പിൻവലിച്ച മിനിമം ബാലൻസ് നിബന്ധന ലയനത്തെത്തുടർന്ന് പുനഃസ്ഥാപിക്കപ്പെട്ടു. ഇത് പാലിക്കാത്ത ഇടപാടുകാരിൽ നിന്നും പിഴ ഈടാക്കിവരികയാണ്. ചെറുകിട വായ്പകൾ നൽകുന്നതിൽ ബാങ്ക് അധികൃതർ വിമുഖത കാണിച്ചുതുടങ്ങിയിട്ടുണ്ട്. സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് അര ശതമാനം പലിശനിരക്ക് കുറച്ചതും ബാധിക്കുന്നത് സാധാരണക്കാരെയാണ്. ഇതിനേക്കാൾ പ്രധാനമായുള്ളത്, എസ്.ബി.ടി. ഉൾപ്പെടെയുള്ള മുൻ അസോസിയേറ്റ് ബാങ്കുകളിൽ പ്രവർത്തിച്ചിരുന്ന ജീവനക്കാരോട് ഏറ്റവും വിവേചനപരമായാണ് ബാങ്ക് അധികൃതർ പെരുമാറിക്കൊണ്ടിരിക്കുന്നത്. സ്ത്രീകൾ, അംഗപരിമിതർ, ആരോഗ്യ പ്രശ്നമുള്ളവർ, ജന്മനാ ആരോഗ്യ പ്രശ്നമുള്ള കുട്ടികൾ ഉൾപ്പെടെയുള്ളവർ എന്നിവരെ അസോസിയേറ്റ് ബാങ്കുകളിൽ പ്രവർത്തിച്ചുവെന്നതിന്റെ പേരിൽ പ്രതികാരബുദ്ധിയോടെ അന്യായമായി സ്ഥലം മാറ്റിക്കൊണ്ടിരിക്കുകയാണ്. പ്രഖ്യാപിത മാനദണ്ഡങ്ങൾക്ക് വിരുദ്ധമായാണ് പക്ഷപാതപരമായ സ്ഥലംമാറ്റം നടത്തുന്നത്. എസ്.ബി.ഐ. അധികൃതർ ആവർത്തിക്കുന്ന ജനവിരുദ്ധ/തൊഴിലാളിവിരുദ്ധ നടപടികൾക്കെതിരെ ജീവനക്കാർ ദീർഘമായ സമരത്തിലാണ്. ജൂലൈ 31 മുതൽ എസ്.ബി.ഐ. ആസ്ഥാനത്ത് ജീവനക്കാർ അനിശ്ചിതകാല സമരം നടത്തിവരികയും ചെയ്യുന്നു. ജീവനക്കാരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയ യൂണിയനോട് പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു ചർച്ചയ്ക്കു പോലും ബാങ്ക് അധികൃതർ തയ്യാറാകാത്തത് ട്രേഡ് യൂണിയൻ അവകാശങ്ങളുടെ പരസ്യമായ ലംഘനമാണ്. എ.ഐ.ബി.ഇ.എ.-യുടെ നേതൃത്വത്തിലുള്ള സമരം ഇന്നേയ്ക്ക് 25 ദിവസം പിന്നിട്ടിരിക്കുകയാണെന്ന കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങ് ഈ പ്രശ്നത്തിൽ അടിയന്തരമായി ഇടപെടണമെന്നും സർക്കാരിനും ജീവനക്കാർക്കും നൽകിയ വാക്കുകൾ പരസ്യമായി ലംഘിച്ച് ജനങ്ങൾക്ക് നേരെയും ശത്രുതാപരമായി ജീവനക്കാർക്ക് നേരെയും ബാങ്ക് മാനേജ്മെന്റ് നടത്തുന്ന പീഡനം നിർത്തിവയ്പ്പിക്കാനും ജീവനക്കാർക്ക് സമാശ്വാസപരമായ നടപടി ഉണ്ടാക്കാനും അങ്ങ് ശക്തമായി ഇടപെടണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ സവിനയം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എസ്.ബി.ടി. ഉൾപ്പെടെ 5 അസോസിയേറ്റ് ബാങ്കുകൾ എസ്.ബി.ഐ.-യിൽ ലയിച്ചശേഷം ശാഖകൾ വെട്ടിച്ചുരുക്കുക, ജീവനക്കാരെ വിദൂര സ്ഥലങ്ങളിലേയ്ക്ക് സ്ഥലം മാറ്റുക, എ.ടി.എം, ഇന്റർനെറ്റ് ബാങ്കിംഗ് തുടങ്ങിയ സേവനങ്ങൾക്ക് അധിക ചാർജ്ജ് ഈടാക്കുക, മിനിമം ബാലൻസ് എന്ന പഴയ നിബന്ധന പുനഃസ്ഥാപിക്കുക, സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് ഉണ്ടായിരുന്ന പലിശ വെട്ടിക്കുറയ്ക്കുക തുടങ്ങിയ നടപടികളുമായി എസ്.ബി.ഐ. മുന്നോട്ടുപോകുന്നതായി പരാതികൾ ഉയർന്നിട്ടുണ്ട്. ലയനം വഴി കേരളത്തിൽ 300-ലേറെ ശാഖകളും ആയിരക്കണക്കിനാളുകളുടെ തൊഴിൽ സാധ്യതയും നഷ്ടപ്പെട്ടുമെന്നാണ് അറിയുന്നത്. കേരളത്തിലെ ബാങ്ക് നിക്ഷേപത്തിൽ പകുതിയിലേറെയും എസ്.ബി.ഐ. എന്ന ഒറ്റ ബാങ്കിലേയ്ക്കാണ് വരുന്നത്. സാമ്പത്തിക രംഗത്തെ പുതിയ ആശങ്കയ്ക്ക് കാരണമാകുന്നതും ഇതാണ്. ലോകത്തിലെ ഏറ്റവും വലിയ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ശ്രേണിയിൽ സ്ഥാനം പിടിക്കുന്നതോടെ കൂടുതൽ കോർപ്പറേറ്റ് അനുകൂല നയങ്ങൾ പിന്തുടരാൻ എസ്.ബി.ഐ. ശ്രമിക്കുമെന്ന പ്രശ്നവും ഉയർന്നുവന്നിട്ടുണ്ട്. കേരളത്തിലെ ഗ്രാമീണ മേഖലയെ താങ്ങി നിർത്തിയിരുന്ന എസ്.ബി.ടി. ഇല്ലാതായതോടെ കേരളത്തിൽനിന്ന് സ്വരൂപിക്കുന്ന നിക്ഷേപം കൂടി കോർപ്പറേറ്റ് വായ്പകൾക്ക് ചെലവഴിക്കാൻ ഇടയുണ്ടെന്ന ആശങ്കയും ഉയർന്നുവന്നിട്ടുണ്ട്. ചെറുകിട വ്യവസായങ്ങൾക്ക് എസ്.ബി.ടി. നൽകിവന്നിരുന്ന വായ്പയുടെ നാലിൽ ഒന്നുപോലും എസ്.ബി.ഐ. നൽകിയിരുന്നില്ലെന്ന മുൻകാല അനുഭവവും നമുക്ക് മുമ്പിലുണ്ട്. സംയോജിത എസ്.ബി.ഐ. തങ്ങളുടെ ബാങ്കിംഗ് നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തുമെന്ന് പ്രഖ്യാപിച്ചിട്ടില്ല. ഇത്തരം ആശങ്കകൾ ഉയർന്നപ്പോൾ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് ഈ വിഷയത്തിൽ കേരളത്തിലെ പൊതുജനങ്ങളുടെ വികാരവും സർക്കാരിന്റെ അഭിപ്രായവും രേഖപ്പെടുത്തി അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് കത്തയച്ചിട്ടുണ്ട്. ഇനിയും ഇക്കാര്യത്തിൽ ഇടപെടലുകൾ ആവശ്യമാണെങ്കിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനുവേണ്ട നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതാണ്.

## (3) വിസ്ഡം ഗ്ലോബൽ മിഷൻ പ്രവർത്തകർക്ക് മർദ്ദനം

ശ്രീ. പി. ടി. എ. റഹീം: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തെ സംബന്ധിച്ച് നേരത്തെതന്നെ പരാമർശിച്ചതുകൊണ്ട് കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കോഴിക്കോട് പോസ്റ്റ് ഓഫീസിനു മുമ്പിൽ 'ഡൗൺ ഡൗൺ ഹിന്ദുത്വ' എന്ന് മുദ്രാവാക്യം വിളിച്ച പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ ഉൾപ്പെടെയുള്ള ആളുകൾക്കെതിരെ 'ഡൗൺ ഡൗൺ ഹിന്ദുസ്ഥാൻ' എന്ന് മുദ്രാവാക്യം വിളിച്ചുവെന്ന് എഫ്.ഐ.ആർ.-ൽ രേഖപ്പെടുത്തി പെൺകുട്ടികൾ ഉൾപ്പെടെയുള്ളവരെ ജയിലിൽ അടച്ച ഒരു സംഭവം ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് ഉണ്ടായത്. കൂടാതെ, മുജാഹിദ് വിഭാഗത്തിൽപ്പെട്ട ആളുകൾ മാവൂരിൽ ചില വീടുകളിൽ കയറിയതിന് മാവൂർ പോലീസ് പിടിച്ച

കൊണ്ടുപോയ സംഭവവും അന്നുണ്ടായിട്ടുണ്ട്. ഞാൻ ഇത് പറയുന്നത് 'സ്വന്തം ഭാര്യ നിസ്കരി ച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ വന്നിട്ട് നിസ്കരിച്ചതുകൊണ്ട് കാര്യമൊന്നുമില്ല, സ്വർഗ്ഗത്തിൽ പോകുകയില്ല അതുകൊണ്ട് എന്റെ കൂടെ വരണം' എന്ന് പറയുന്നത് ആർക്കെങ്കിലും ഇഷ്ടപ്പെടുമെന്ന് എനിക്ക് തോന്നുന്നില്ല. അങ്ങനെയുള്ള കാര്യങ്ങൾ ഒഴിവാക്കേണ്ടതാണെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായത്തോട് പൂർണ്ണമായും യോജിച്ചുകൊണ്ടുതന്നെ പോലീസ് ഇക്കാര്യത്തിൽ 153 (എ) വകുപ്പ് അനുസരിച്ച് കേസ്സെടുത്തത് നീതിയുക്തമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്. അക്രമിക്കപ്പെട്ട ആളുകൾ പരാതി കൊടുത്തിട്ടില്ല. എന്നിരുന്നാൽപ്പോലും ഇതേ കുറ്റം (153 (എ)) ഈ ആക്രമിച്ച ആളുകളുടെ പേരിലും നിലനിൽക്കും. മാത്രമല്ല, ഇവരുടെ മൊബൈൽ, പേഴ്സ് ഉൾപ്പെടെയുള്ള സാധനങ്ങൾ ആക്രമിച്ച ആളുകൾ എടുത്തുകൊണ്ടുപോയിട്ടുണ്ടെന്ന് അവർ പരാതി കൊടുത്തില്ലെങ്കിലും പത്രംവഴി അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ഈ കാര്യത്തിൽ വളരെ ജാഗ്രതയോടുകൂടിയുള്ള തീരുമാനങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് അറിഞ്ഞതിൽ സന്തോഷമുണ്ട്. ഇക്കാര്യത്തിൽ ഉന്നത അന്വേഷണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്ന് നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. ആ കാര്യത്തിൽ സർക്കാരിനെ അഭിനന്ദിക്കാൻകൂടി ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്.

12.00 Noon]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 20-8-2017-ന് എറണാകുളം ജില്ലയിലെ മൂത്തകുന്നം വില്ലേജിൽ വടക്കേക്കര പഞ്ചായത്തിൽ തറൈക്കവല ഭാഗത്തെ ഗ്രാമപ്രദേശത്തെ വിവിധ വീടുകളിൽ 'വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ' എന്ന സംഘടനയുടെ പ്രവർത്തകരായ ഏകദേശം നാൽപ്പതുപേർ ലഘുലേഖകളും കൈപ്പുസ്തകങ്ങളും വിതരണം ചെയ്തുവരവേ ഇവരുമായി ചിലർ വാഗ്വാദത്തിലേർ പ്പെട്ടതിനെത്തുടർന്ന് പ്രദേശത്ത് സംഘർഷാവസ്ഥയുണ്ടായി. ഇതേത്തുടർന്ന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയും വടക്കേക്കര സർക്കിൾ ഇൻസ്പെക്ടറും സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിക്കുകയും 40 പേരടങ്ങുന്ന ഈ സംഘത്തെ അറസ്റ്റ് ചെയ്ത് ക്രൈം നമ്പർ 1164/2017 ആയി വടക്കേക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ റിമാൻഡ് ചെയ്യുകയുമുണ്ടായി. വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ പ്രവർത്തകരും വിവിധ ജില്ലകളിൽനിന്നും എത്തിച്ചേർന്ന ഏതാനും ചില പ്രവർത്തകരുമാണ് വടക്കേക്കര പോലീസ് സ്റ്റേഷൻ പരിധിയിൽ ചിറ്റേറ്റുകര പഞ്ചായത്തിൽ മതസ്പർദ്ധയുണ്ടാക്കുന്ന ലഘുലേഖകൾ വിതരണം ചെയ്തത്. ഇതിനാണ് കേസ് രജിസ്റ്റർ ചെയ്തത്. പ്രവർത്തകരിൽ ചിലർ കർണ്ണാടക സ്വദേശികളാണ്. മൂന്ന് ലഘുലേഖകളാണ് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട വീടുകളിൽ വിതരണം ചെയ്തത്. അതിൽ 'ഒരേ ഒരു ഇൻഡ്യ ഒരൊറ്റ ജനത', 'ഐ.എസ്. മതനിഷിദ്ധം

മാനവ വിരുദ്ധം' എന്നീ ലഘുലേഖകളിൽ വിവാദമുണ്ടാക്കുന്ന പരാമർശങ്ങളില്ല. എന്നാൽ 'വിമോചനത്തിന്റെ വഴി' എന്ന ലഘുലേഖയിൽ അന്യമത വിശ്വാസികളുടെ വിശ്വാസത്തെ വ്രണപ്പെടുത്തുന്ന പരാമർശങ്ങളുണ്ട്. അതാണ് കേസ്സെടുക്കാനുള്ള കാരണം. ലഘുലേഖ വിതരണത്തിനെത്തിയ ചിലരെ കാറിൽ ബലമായി കയറ്റിക്കൊണ്ടുപോകുകയും മർദ്ദിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് ജാബിർ എന്ന ആളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ആർ.എസ്.എസ്. പ്രവർത്തകരായ 9 പേരെ പ്രതികളായി ക്രൈം നമ്പർ 1166/2017 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 7 പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്. സമുദായ സൗഹാർദ്ദം തകർക്കാനുള്ള ശ്രമം ഏത് ഭാഗത്തുനിന്നുണ്ടായാലും അതിനെ ശക്തമായി നേരിടുകയെന്നതാണ് സർക്കാർ നയം. അതേസമയം ഈ സംഭവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പരാതികളെക്കുറിച്ച് പരിശോധിക്കുന്നതിനായി എറണാകുളം റെയ്ഞ്ച് ഐ.ജി.യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## (4) യു.ഐ.ഡി.എസ്.എസ്.എം.ടി.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, തലശ്ശേരി നഗരസഭയിൽ കേന്ദ്ര സഹായത്തോടു കൂടി ആരംഭിച്ച പദ്ധതിയാണ് യു.ഐ.ഡി.എസ്.എസ്.എം.ടി. ഇത് നഗരാസൂത്രണ വികസന വകുപ്പിന്റെ പദ്ധതിയാണ്. അതിന്റെ സിംഹഭാഗം (lion share) കേന്ദ്ര ഗവൺമെന്റിന്റേതാണ്. സംസ്ഥാന സർക്കാരും അതിന്റേതായ വിഹിതം വഹിക്കുന്നുണ്ട്. ഒപ്പം അതിന്റെ ഒരു വിഹിതം നഗരസഭയും വഹിക്കുന്നുണ്ട്. അങ്ങനെയാണ് 411.2 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതിയായി മാറിയത്. അതിന്റെ പ്രവർത്തനമാരംഭിച്ച് ഏതാണ്ട് ഏഴുവർഷം തികയുകയാണ്. നാല് സ്റ്റേജുകളിലായാണ് പ്രവർത്തനമുള്ളത്. പക്ഷെ നിർഭാഗ്യകരമെന്ന് പറയട്ടെ, ഒന്നും നാലും സ്റ്റേജ് ഒഴികെ രണ്ടും മൂന്നും സ്റ്റേജ് ഇതുവരെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇത് വലിയ കുടിവെള്ള ക്ഷാമമാണ് തലശ്ശേരി നഗരസഭയ്ക്കകത്ത് ഉണ്ടാക്കുന്നത്. ഏതാണ്ട് 34.76 കിലോമീറ്റർ പൈപ്പ് ലൈൻ അനിവാര്യമാണ്. അവിടെ 23.15 കിലോമീറ്റർ മാത്രമാണ് പൈപ്പ്ലൈൻ പൂർത്തീകരിച്ചിട്ടുള്ളത്. ഒരു ടാങ്കിന്റെ നിർമ്മാണം പൂർത്തിയായി, ഒരെണ്ണം പൂർത്തിയാകാനുണ്ട്. ഇങ്ങനെ വലിയ മന്ദതയിലാണ് ഈ പാക്കേജ് പ്രവർത്തനം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നത്. തലശ്ശേരി നഗരസഭയിലാണ് കേരളത്തിൽ മലബാർ കാൻസർ സെന്റർ എന്ന സ്ഥാപനം പ്രവർത്തിക്കുന്നത്. ആ സ്ഥാപനമാണെങ്കിൽ വലിയ രീതിയിൽ പുരോഗതി പ്രാപിച്ച് ഒരു പോസ്റ്റ് ഗ്രാജ്വേഷൻ ഓങ്കോളജിക്കൽ സെന്ററായി ഉയർന്നുകൊണ്ടിരിക്കുകയാണ്. അതിവിദൂരമല്ലാത്ത ഭാവിയിൽ ഏതാണ്ട് എണ്ണായിരത്തോളം ആളുകളുള്ള ഒരു വലിയ കാമ്പസ്സായി എം.സി.സി. മാറുമ്പോൾ, എം.സി.സി. ഉൾപ്പെടെ കുടിവെള്ളത്തിന് ആശ്രയിക്കേണ്ട പദ്ധതിയാണ് യു.ഐ.ഡി./എസ്.എസ്.എം.ടി. ഈ പദ്ധതിയെക്കുറിച്ച് നേരത്തെ ഞാൻ മന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് മന്ത്രിതന്നെ മുൻകയ്യെടുത്ത് വലിയ ചർച്ച ഉദ്യോഗസ്ഥ തലത്തിൽ നടത്തുകയും ചെയ്തെങ്കിലും ആ ചർച്ചയ്ക്ക് വേണ്ടത്ര ഫലമുണ്ടായില്ല എന്നാണ് ഇതുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ കാണാൻ സാധിക്കുന്നത്. കുടിവെള്ളം ജനങ്ങളെ ബാധിക്കുന്ന വിഷയമാണ്. ജനങ്ങൾക്ക് ഏറ്റവും ആവശ്യമായി വേണ്ട കാര്യമാണ് കുടിവെള്ളം. പ്രത്യേകിച്ച് വലിയ രീതിയിലുള്ള വരൾച്ചയും മഴക്കുറവുമൊക്കെ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ തലശ്ശേരി നഗരംപോലെയുള്ള 150 വയസ്സ് പിന്നിട്ട ഒരു നഗരത്തിന്റെ കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കേണ്ട യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതി വലിയ മന്ദതയിൽ മുന്നോട്ടുപോകുമ്പോൾ അത് വലിയ പ്രതിസന്ധിയാണ് തലശ്ശേരി നഗരത്തിനും അവിടത്തെ ജനങ്ങൾക്കുമുണ്ടാക്കുന്നത്. ഏതാണ്ട് ഒരു ലക്ഷത്തോളം ജനങ്ങൾ താമസിക്കുന്ന ഒരു നഗരസഭയാണ് തലശ്ശേരി നഗരസഭ. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ മന്ത്രിതലത്തിൽതന്നെ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എം.എൽ.എ. തലത്തിലും ജില്ലാതല ഉദ്യോഗസ്ഥതലത്തിലും ഇടപെട്ടിട്ടും പരിഹാരമുണ്ടാകുന്നില്ല. ഇതിനെന്താണ് പരിഹാരം; എത്ര സമയംകൊണ്ട് ഇത് കമ്മീഷൻ ചെയ്യാൻ സാധിക്കും? ഇതിൽ മന്ത്രിയുടെ ഭാഗത്തുനിന്ന് സജീവമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയിൽ തലശ്ശേരി നഗരസഭയ്ക്കും സമീപ പഞ്ചായത്തുകൾക്കും ശുദ്ധജലം ലഭ്യമാക്കുന്നതിനു വേണ്ടി 411.2 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്. നാല് പാക്കേജുകളാണുള്ളത്. ഒന്നും നാലും പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടും മൂന്നും പാക്കേജുകളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. പാക്കേജ് II പ്രവൃത്തിയിൽ നഗരസഭയോട് കൂട്ടിച്ചേർത്ത പഞ്ചായത്ത് പ്രദേശത്തും ചിറക്കക്കാവ്, ഇല്ലിക്കുന്ന് പ്രദേശങ്ങളിലും വിതരണശൃംഖല സ്ഥാപിക്കലും മോറക്കുന്ന്, ചിറക്കക്കാവ് എന്നീ പ്രദേശങ്ങളിൽ ജലസംഭരണിയുടെ നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരുന്നത്. ആകെ 35 കിലോമീറ്റർ വിതരണശൃംഖല സ്ഥാപിക്കേണ്ടതിൽ ഇതുവരെ 23 കിലോമീറ്റർ സ്ഥാപിച്ചിട്ടുണ്ട്. പുതുതായി നവീകരിച്ച കൊടുവള്ളി-കൊളശ്ശേരി റോഡിന്റെ ബാധ്യതാ കാലാവധി പൂർത്തിയാകാത്തതുകൊണ്ട് മൂഴിക്കര-പാനൂർ റോഡ്, കോടിയേരി-എം.സി.സി.-പന്തക്കൽ റോഡ് എന്നീ റോഡുകൾ പുതുതായി നവീകരിച്ചതുകൊണ്ടും പൊതുമരാമത്ത് വകുപ്പിൽനിന്നും ഈ റോഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടില്ല. രണ്ട് ജലസംഭരണികൾ സ്ഥാപിക്കേണ്ടതിൽ മോറക്കുന്ന് ജലസംഭരണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കോടതിയിൽ കേസുണ്ടായിരുന്നതിനാൽ ചിറക്കക്കാവ് ജലസംഭരണി നിർമ്മാണത്തിനുള്ള സ്ഥലം തലശ്ശേരി

മുനിസിപ്പാലിറ്റിയിൽനിന്ന് ലഭ്യമാകാൻ കാലതാമസം നേരിട്ടു. ഇതുകാരണം കരാറുകാരൻ ഈ പ്രവൃത്തിക്ക് പുതുക്കിയ നിരക്ക് ആവശ്യപ്പെട്ടു. എന്നാൽ എംപവേർഡ് കമ്മിറ്റി ആ പുതുക്കിയ നിരക്ക് അംഗീകരിച്ചതിനുശേഷം കരാറുകാരൻ ടാങ്കിന്റെ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. ഈ പാക്കേജിൽ ഇതുവരെ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനുകളിൽക്കൂടി വെള്ളം കടത്തിവിട്ട് ട്രയൽ റൺ പ്രവൃത്തികളും മേൽ സൂചിപ്പിച്ച റോഡുകളിൽകൂടി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കി കൊണ്ട് 2017 ഡിസംബറോടുകൂടി ഈ പാക്കേജ് II പൂർത്തീകരിക്കാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. പാക്കേജ് III പ്രവൃത്തിയിൽ നഗരസഭയിലുള്ള കൊമ്മൽവയൽ, മാടപ്പീടിക, ആച്ചുകുളങ്ങര, കുറുക്കൻകുന്നിന്റെ ഭാഗം, മാക്കൂട്ടം റെയിൽവേ ഗേറ്റ്, വയലിളം, നങ്ങാറത്തുപീടിക, ചക്യത്ത്മുക്ക്, പെട്ടിപ്പാലം എന്നീ പ്രദേശങ്ങളിലും മുനിസിപ്പൽ ഓഫീസ്, പഴയ ബസ് സ്റ്റാന്റ് പരിസര പ്രദേശങ്ങളിലും പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും കൊടുവള്ളി, തലായി പ്രദേശങ്ങളിലെ ജലസംഭരണിയുടെ നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആകെ 27 കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ ഇതുവരെ 2 കിലോമീറ്റർ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. രണ്ട് ഉപരിതല സംഭരണിയുടെ നിർമ്മാണം തറനിരപ്പുവരെ മാത്രമേ ആയിട്ടുള്ളൂ. പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലാവധി നിരവധി തവണ നീട്ടിനൽകിയെങ്കിലും കരാറുകാരന്റെ ഭാഗത്തുനിന്നും പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വലിയ വീഴ്ചയുണ്ടായി. ടെണ്ടർ എടുത്ത കരാറുകാരനെക്കൊണ്ടുതന്നെ കഴിയുന്നത്ര പൂർത്തീകരിക്കാനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരുന്നത്. എന്നാൽ നിരന്തരമായി വീഴ്ചവന്നതു കൊണ്ട് ആ കരാർ റദ്ദുചെയ്യുന്നതിന് എംപവേർഡ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. കരാർ റദ്ദ് ചെയ്ത് റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അദ്ദേഹത്തിന്റെ റിസ്ക് ആന്റ് കോസ്റ്റിലായതുകൊണ്ട് അതിന്റെ നടപടിക്രമങ്ങളി ലുണ്ടാകുന്ന കാലതാമസമാണ് പ്രധാനമായും ഉള്ളത്. പാക്കേജ് I-ഉം II-ഉം പൂർത്തീകരിച്ച്, പാക്കേജ് II-ലും III-ലുമുള്ള ഈ പ്രവൃത്തികൾ കൂടി പൂർത്തീകരിച്ചുകഴിഞ്ഞാൽ സമ്പൂർണ്ണമായി തലശ്ശേരി കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. പാക്കേജ് IV ഡിസംബർ മാസവും പാക്കേജ് III റീടെണ്ടർ വഴിയും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## (5) സ്പിൽവേ നിർമ്മാണത്തിലെ അപാകത

ശ്രീമതി സി. കെ. ആശ: സർ, എന്റെ മണ്ഡലത്തിലെ അപ്പർ കുട്ടനാടൻ മേഖലയിലെ നൂറുകണക്കിന് ഏക്കർ നെൽകൃഷി ഓരുവെള്ളം കയറി നശിച്ചു പോകുന്ന ഘട്ടത്തിൽ ആ നെൽകൃഷിയെ രക്ഷിക്കുന്നതിനായിട്ടാണ് കുട്ടനാട് പാക്കേജിൽപ്പെടുത്തി കരിയാറിന് കുറുകെ ഒരു സ്പിൽവേ നിർമ്മിച്ചത്. എന്നാൽ

അതിന്റെ നിർമ്മാണത്തിലെ അപാകതമൂലം ഉദ്ദേശ്യലക്ഷ്യം നിർവ്വഹിക്കുന്നതിൽ അത് പരാജയപ്പെട്ടിരിക്കുകയാണ്. ഷട്ടറിന് ആവശ്യമായ നീളമില്ലാത്തതിനാൽ ജലനിരപ്പ് ഉയരുന്ന ഘട്ടത്തിൽ അതിന്റെ മുകളിൽക്കൂടിയും വീതി കുറവായതിനാൽ ഷട്ടറുകളുടെ വിടവിലൂടെയും ഉപ്പുവെള്ളം കരിയാറിലേയ്ക്ക് കയറിവരുന്ന സ്ഥിതിയുണ്ട്. മാത്രമല്ല, ഈ സ്പിൽവേയുടെ തീരപ്രദേശങ്ങളിൽ കല്ല് കെട്ടിയിട്ടില്ലാത്തതിനാൽ ഷട്ടർ തുറക്കുമ്പോഴുള്ള ശക്തമായ ഒഴുക്കിൽപ്പെട്ട് തീരം ഇടിയുന്ന സാഹചര്യവും നിലവിലുണ്ട്. തൻമൂലം സമീപവാസികളൊക്കെ ആശങ്കയിലാണ്. കാർഷിക കലണ്ടർ പ്രകാരമാണ് ഇപ്പോൾ ഷട്ടർ ഉയർത്തുകയും താഴ്ത്തുകയും ചെയ്തുകൊണ്ടിരിക്കുന്നത്. കാലാവസ്ഥയിൽ വ്യത്യാസം വരുന്നതുമൂലം കാർഷിക കലണ്ടറിൽ അടിയന്തരമായി മാറ്റംവരുത്തുകയും പുതിയ കലണ്ടറിനനുസൃതമായി ഷട്ടറുകൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്തില്ലെങ്കിൽ ഷട്ടർ ഇടുന്ന സമയം നെൽകൃഷി നശിപ്പിക്കുന്നതിനാവശ്യമായ ഓരുജലം കരിയാറിലേയ്ക്ക് കയറിവരുന്ന സാഹചര്യവുമുണ്ട്. ഈ പ്രശ്നങ്ങൾ കാരണം എന്ത് ഉദ്ദേശ്യത്തോടുകൂടിയാണോ സ്പിൽവേ നിർമ്മിച്ചത് ആ ഉദ്ദേശ്യലക്ഷ്യങ്ങൾ ഒന്നും തന്നെ നടക്കാതെ നൂറുകണക്കിന് ഏക്കർ നെൽകൃഷിയും മറ്റ് കാർഷിക മേഖലയുമൊക്കെ ഓരുവെള്ള ഭീഷണി നേരിടുകയാണ്. അതിനാൽ അടിയന്തരമായി സ്പിൽവേയുടെ നിർമ്മാണത്തിലുണ്ടായ അപാകതകളെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്തുകയും ഇപ്പോഴുള്ള അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്. വൈക്കത്ത് ഓരുവെള്ള ഭീഷണി നേരിടുന്നതു സംബന്ധിച്ച് കഴിഞ്ഞ ബഡ്ജറ്റിൽ മൂന്ന് റെഗുലേറ്ററുകൾകൂടി അനുവദിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന ഘട്ടത്തിൽ ഇപ്പോൾ നിലവിലുള്ള ഷട്ടറുകൾക്കുണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് മുൻകരുതലെടുക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബണ്ടിന്റെ നിർമ്മാണത്തിൽ അപാകതയൊന്നും കണ്ടെത്തിയിട്ടില്ലായെന്നാണ് വകുപ്പിൽ നിന്ന് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരിക്കാൻ കരിയാറിൽ പണിത ബണ്ടിന് പത്ത് ഷട്ടറുകളാണുള്ളത്. അതിന്റെ മുകളിലത്തെ ലെവൽ തണ്ണീർമുക്കം ബണ്ടിന്റെ ലെവലുവച്ചാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ തണ്ണീർമുക്കം ബണ്ട് അടയ്ക്കുമ്പോഴുണ്ടാകുന്ന വെള്ളത്തിന്റെ ലെവലിലുണ്ടാകുന്ന ഉയർച്ചമൂലം കരിയാർ ഷട്ടറിന്റെ മുകളിൽക്കൂടി ഉപ്പുവെള്ളം കയറുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഒരടികൂടി ഉയർത്തി കരിയാർ ബണ്ട് കമ്മീഷൻ ചെയ്തതിനാൽ ഉപ്പുവെള്ളം കയറുന്നത് അൽപ്പം നിയന്ത്രിക്കാനായിട്ടുണ്ട്. 50 മീറ്ററിൽ കൂടുതൽ നീളത്തിൽ ഇരുകരകളിലും തീരം സംരക്ഷിക്കാനായി കല്ല് കെട്ടിയിട്ടുണ്ട്. കൂടുതൽ പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. തീരം ഇടിയുന്നത്

സംബന്ധിച്ച് വേണ്ട നടപടി സ്വീകരിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കാർഷിക കലണ്ടറിൽ മാറ്റം വരുത്തണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. മറ്റൊരു കാര്യമായി ചൂണ്ടിക്കാണിച്ചത്. കാലാവസ്ഥാ വ്യതിയാനംമൂലം പ്രതീക്ഷിക്കാത്ത സമയത്ത് മഴ പെയ്യുകയും പ്രതീക്ഷിക്കുന്ന സമയത്ത് മഴ കിട്ടാതിരിക്കുകയും ചെയ്യുന്നൊരു പ്രശ്നമുണ്ട്. അതുകൊണ്ട് അവിടത്തെ കർഷകരുമായി ജില്ലാ കളക്ടർ ആശയവിനിമയം നടത്തി ബണ്ട് തുറക്കുന്ന കാര്യത്തെ സംബന്ധിച്ച തീയതികളിൽ മാറ്റംവരുത്തുന്നതിന് ജലവിഭവ വകുപ്പിന് യാതൊരു തടസ്സവുമില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച റെഗുലേറ്ററുകൾ ചേർത്തലയിലേയ്ക്ക് വെള്ളം കൊണ്ടുവരുന്ന മറവൻതുരുത്ത് പ്രദേശത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കൂടിയാണ് അനുവദിച്ചിരിക്കുന്നത്. ജിക്കാ പദ്ധതിയിൽ ചേർത്തലയ്ക്ക് വെള്ളമെടുക്കുമ്പോൾ ആ പ്രദേശത്ത് കുടിവെള്ള ക്ഷാമം ഉണ്ടാകാതിരിക്കാൻ വേണ്ടി നദികളെത്തന്നെ ജലസംഭരണിയാക്കാനുള്ളതാണ് ആ പദ്ധതി. അപ്പോൾ ഒരുമിച്ച് പ്രവൃത്തികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. ആ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ നടന്നു വരികയാണ്.

## (6) ബോട്ട് സർവ്വീസ്

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, എറണാകുളം ജില്ലയിലെ പടിഞ്ഞാറൻ പ്രദേശങ്ങളായ ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, വെല്ലിംഗ്ടൺ ഐലന്റ്, വൈപ്പിൻ എന്നിവിടങ്ങളിൽനിന്നും ആളുകൾ നഗരത്തിലെത്താൻ കൂടുതലായും ഇന്ന് ഉപയോഗിക്കുന്നത് ബോട്ട് സർവ്വീസാണ്. റോഡുമാർഗ്ഗമുള്ള ഗതാഗതം നഗരത്തിൽ വലിയ ബ്ലോക്ക് ഉണ്ടാക്കുന്നത് കാരണം വേഗത്തിലെത്തുന്നതിനുവേണ്ടി ബോട്ട് സർവ്വീസിനെ ആശ്രയിക്കുന്ന ഈ പ്രദേശങ്ങളിലെ ആളുകൾ ഇപ്പോൾ വല്ലാത്ത പ്രതിസന്ധിയിലാണ്. വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റാണ് ഇവിടെ ബോട്ട് സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നത്. നിലവിൽ 11 ബോട്ടുകളാണ് അവിടെയുള്ളത്. എന്നാൽ അതിൽ ആറെണ്ണം മാത്രമാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്. അഞ്ച് ബോട്ടുകൾ കഴിഞ്ഞ കുറേക്കാലമായി അറ്റകുറ്റപ്പണികൾക്കുവേണ്ടി ആലപ്പുഴയിലും തേവരയിലുമുള്ള യാർഡുകളിൽ കയറ്റിയിട്ടിരിക്കുകയാണ്. നിസ്സാര അറ്റകുറ്റപ്പണി കളാണെങ്കിൽപ്പോലും മാസങ്ങളെടുക്കുന്നതുകാരണം സർവ്വീസ് നടത്താൻ ബോട്ടുകളുടെ സൗകര്യം ലഭിക്കാത്ത പ്രശ്നം വരുന്നുണ്ട്. രാവിലെയും വൈകുന്നേരവുമാണ് ഏറ്റവും കൂടുതൽ യാത്രക്കാർ ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി ഭാഗങ്ങളിൽനിന്നും എറണാകുളത്തേയ്ക്കും വെല്ലിംഗ്ടൺ ഐലന്റിലേയ്ക്കും യാത്രചെയ്യുന്നത്. ആ സമയത്തുതന്നെയാണ് കൂടുതൽ സർവ്വീസുകൾ റദ്ദുചെയ്യുന്നതെന്നും കാണാൻ കഴിയും. ഇതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയണം. ഇതിനുമുമ്പ് എറണാകുളം ഗസ്റ്റ് ഹൗസിൽ

ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം  വിളിച്ചിരുന്നു. ആ സന്ദർഭത്തിൽ ചില ഉറപ്പുകൾ തന്നിട്ടുണ്ടെങ്കിലും അതൊന്നും പാലിച്ചിട്ടില്ല. അതുപോലതന്നെ ഫോർട്ട് കൊച്ചിയിൽ ഇപ്പോൾ ബോട്ട് അടുക്കുന്നത് സൗകര്യക്കുറവുള്ള കസ്റ്റംസ് ജെട്ടിയിലാണ്. അത് ഫോർട്ട് കൊച്ചിയുടെ പ്രധാന ഭാഗമായിട്ടുള്ള കമാലക്കടവ് ജെട്ടിയിലേയ്ക്ക് അടുപ്പിക്കണമെന്ന തീരുമാനമുണ്ടായെങ്കിലും സ്വകാര്യ ബസ് ഉടമകളുടെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് ഇപ്പോഴും പഴയതുപോലെ കസ്റ്റംസ് ജെട്ടിയിലാണ് സർവ്വീസ് വരുന്നത്. അത് മാറ്റാൻ കഴിയണം. അതുപോലെ കൊച്ചി കായലിൽ സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ ഒരു പ്രധാനപ്പെട്ട പ്രശ്നം, ഇരുമ്പ് ബോട്ടുകളായതുകാരണം അത് തുരുമ്പെടുക്കുന്നു എന്നുള്ളതാണ്. വേണ്ടത്ര സാങ്കേതിക മികവോടുകൂടി ആ ഭാഗത്തുപയോഗിക്കാൻ കഴിയുന്ന ബോട്ടുകളെന്ന നിലയിലേയ്ക്ക് അത് മാറ്റണം. 9 പുതിയ ബോട്ടുകൾ വാങ്ങാനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഉറപ്പുതന്നിട്ടുള്ളത്. അങ്ങനെ വാങ്ങുന്ന സന്ദർഭത്തിൽ ആ ബോട്ടുകളൊക്കെത്തന്നെ കൃത്യമായ നിബന്ധനകൾ പാലിച്ചുകൊണ്ട് കൊച്ചി കായലിൽ സർവ്വീസ് നടത്താൻ കഴിയുന്ന രീതിയിൽ മാറ്റിയില്ലായെങ്കിൽ അതെല്ലാം വളരെ വേഗത്തിൽ റിപ്പെയറിനോ അല്ലെങ്കിൽ യാർഡുകളിലോ കെട്ടിക്കിടക്കുന്ന ഒരു സാഹചര്യമുണ്ടാകും. അതുകൊണ്ട് സ്റ്റീൽ ബോട്ടുകൾ പണിയുമ്പോൾ തന്നെ ഈ സൗകര്യങ്ങൾ ഉറപ്പുവരുത്താൻ കഴിയണം. രാവിലെയും വൈകുന്നേരവുമെല്ലാം നടത്തിക്കൊണ്ടിരുന്ന വെട്ടിക്കുറച്ച  സർവ്വീസുകൾ പൂർണ്ണമായും നടത്താനുള്ള സൗകര്യമുണ്ടാകണം. അറ്റകുറ്റപ്പണികളോടൊപ്പംതന്നെ അവിടെ ചെറിയ സ്പെയർപാർട്സുകളുടെ കുറവുമൂലം പലപ്പോഴും ബോട്ടുകൾ കെട്ടിയിടുന്ന സ്ഥിതിയാണ് ജീവനക്കാർ കാണിക്കുന്നത്. ജീവനക്കാരെ അത്തരം കാര്യങ്ങളിൽനിന്ന് ഒഴിവാക്കി കൊണ്ട് സർവ്വീസ് പൂർണ്ണമായി നടത്താനും ആവശ്യമായ സ്പെയർപാർട്സുകൾ ലോക്കലായിത്തന്നെ വാങ്ങാനുമുള്ള സൗകര്യം ഏർപ്പെടുത്തണം. ഈ നിലയിൽ പടിഞ്ഞാറൻ കൊച്ചിയിലെ ജനങ്ങളുടെ യാത്രാ സൗകര്യം, ജലഗതാഗതമാർഗ്ഗം സംരക്ഷിക്കാൻ ആവശ്യമായ നടപടി എന്നിവ അടിയന്തരമായി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, എറണാകുളത്തുനിന്നും ഫോർട്ട് കൊച്ചി വഴി മട്ടാഞ്ചേരി ഷെഡ്യൂളിനായി 3 ബോട്ടുകളും എറണാകുളം-വൈപ്പിൻ ഷെഡ്യൂളിനായി 2 ബോട്ടുകളും എറണാകുളം-വാരാപ്പുഴ, എറണാകുളം-മുളവുകാട്, കാക്കനാട്-വൈറ്റില ഹബ്ബ് എന്നിവിടങ്ങളിലേയ്ക്ക് ഓരോ ബോട്ട് വീതവും എന്ന രീതിയിൽ ആകെ 8 ബോട്ടുകളാണ് ജലഗതാഗത വകുപ്പ് സർവ്വീസ് നടത്തിവരുന്നത്.  ഇതുകൂടാതെ രാവിലെ 7.30 മണിക്കുമുമ്പും വൈകുന്നേരം 5.30-ന് ശേഷവും വാരാപ്പുഴ സർവ്വീസ് നടത്തുന്ന ബോട്ടുപയോഗിച്ച് എറണാകുളം ജെട്ടിയിൽ നിന്നും

അഡീഷണൽ ട്രിപ്പുകളും നടത്താറുണ്ട്. അറ്റകുറ്റപ്പണിക്കായി മാറ്റിയിരിക്കുന്ന ബോട്ടുകൾക്ക് പകരം ബോട്ടുകൾ സർവ്വീസിനായി നൽകിയിട്ടുണ്ട്. മട്ടാഞ്ചേരി ജെട്ടിയിൽ അടിഞ്ഞിരിക്കുന്ന എക്കൽ നീക്കം ചെയ്യുന്നതിന് ഇറിഗേഷൻ വകുപ്പിന് ജലഗതാഗത വകുപ്പ് കത്ത് നൽകിയിരുന്നു. ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെങ്കിലും ഫണ്ട് ലഭ്യമായിട്ടില്ല എന്നാണ് ഇറിഗേഷൻ വകുപ്പിൽ നിന്നും അറിയാൻ കഴിയുന്നത്. കാലപ്പഴക്കം ചെന്ന ബോട്ടുകൾ മാറ്റി ഫൈബറിൽ നിർമ്മിക്കുന്ന 9 catamaran ബോട്ടുകൾ വാങ്ങുന്നതിനുള്ള അനുമതി ലഭിച്ചതിനെ തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണക്കരാർ നൽകിയിട്ടുണ്ട്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി I.R.S. (Indian Register of Shipping) ഡ്രോയിംഗ് പ്രകാരം I.R.S.-ന്റെ മേൽനോട്ടത്തിലും സർക്കാർ അംഗീകരിച്ചിരിക്കുന്ന സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിലുമാണ് ആയതിന്റെ നിർമ്മാണം നടത്തുന്നത്. മേൽപ്രകാരം നിർമ്മിക്കുന്ന ബോട്ടുകൾ കൂടുതൽ കാലം ഈട് നിൽക്കുന്നതും തുരുമ്പിനെ പ്രതിരോധിക്കാൻ ശേഷിയുള്ളതും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നവയുമാണ്. ചവറും പ്ലാസ്റ്റിക് മാലിന്യങ്ങളും പ്രൊപ്പെല്ലറിൽ തടസ്സങ്ങളുണ്ടാക്കുമ്പോഴും ഉപ്പുവെള്ളംമൂലം സൈലൻസറിന് കേടുവരുമ്പോഴുമാണ് യാത്രക്കാരുടെ സുരക്ഷയെക്കരുതി മുന്നറിയിപ്പില്ലാതെ സർവ്വീസുകൾ നിർത്തിവയ്ക്കേണ്ടിവരുന്നത്. എങ്കിലും സർവ്വീസുകൾ കഴിവതും റദ്ദാക്കാതിരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. പോഞ്ഞിക്കരയിലെ ഡ്രൈ ഡോക്കിലും സ്ലിപ്‌വേയിലും ബോട്ടുകളുടെ റിപ്പെയർ കാര്യക്ഷമമായി നടന്നു വരുന്നു. ഫോർട്ട് കൊച്ചിയിലെ ബോട്ട് സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിന് സർക്കാരിന് പ്രത്യേക താൽപ്പര്യമുണ്ട്. പുതിയ ബോട്ടുകൾ സർവ്വീസ് ആരംഭിക്കുന്നതോടെ യാത്രാക്ലേശം ഒരു പരിധിവരെ കുറയുന്നതുമാണ്.

## (7) വെട്ടിക്കോട് ചാൽ ടൂറിസം വികസനം

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കോട് ചാൽ ടൂറിസം പദ്ധതി അനുവദിച്ചുനൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള സബ്മിഷനാണിത്. വെട്ടിക്കോട് ചാൽ എന്നാണ് പേരെങ്കിലും വിസ്തൃതമായ ജലസമ്പത്തുള്ള ഒരു പ്രദേശമാണ്. ഓണാട്ടുകരയുടെ കാർഷിക മേഖലയിൽ ഏറ്റവും മനോഹരമായ ഭൂപ്രദേശത്ത് നിൽക്കുന്ന ഒരു ചാൽ കൂടിയാണ് വെട്ടിക്കോട് ചാൽ. മാവേലിക്കര, കായംകുളം മണ്ഡലങ്ങളുടെ അതിർത്തിയിൽ നിൽക്കുന്ന ഒരു സ്ഥലമാണിത്. വ്യത്യസ്തമായ ടൂറിസം പദ്ധതികളിലുൾപ്പെടുത്തി ഇതിന് പണമനുവദിക്കണമെന്നാണ് സബ്മിഷന്റെ ഭാഗമായി ഉന്നയിക്കാനുള്ളത്. കെ.പി. റോഡ് എന്ന സംസ്ഥാന ഹൈവേയുടെ തീരത്തെ ഏറ്റവും പ്രകൃതി രമണീയമായ സ്ഥലത്താണ് ഈ ചാൽ സ്ഥിതിചെയ്യുന്നത്. ദീർഘദൂര യാത്രയൊക്കെ ചെയ്യുന്ന ആളുകൾക്ക് 'ടെയ്ക്ക് എ

ബ്രേക്ക് പോലുള്ള സംവിധാനത്തിന്റെ ഭാഗമായി ഈ പദ്ധതിയെ ഉൾപ്പെടുത്താനാകും. ആയിരക്കണക്കിനാളുകൾ വന്നുചേരുന്ന വെട്ടിക്കോട് ക്ഷേത്രം ഇതിന്റെ സമീപത്താണ് സ്ഥിതി ചെയ്യുന്നത്. പൊതുമരാമത്ത് മന്ത്രിയുടെ വീടും ഇതിനോട് ചേർന്നാണുള്ളത്. താമരക്കുളം എന്നുപറയുന്ന; ഏത് സമയത്തും താമര വിടർന്നു നിൽക്കുന്ന ഒരു ചാലും ഒരു വലിയ ജലസംഭരണിയുമെല്ലാം അതിന്റെ ഭാഗമായിട്ടുണ്ട്. ഈ മനോഹരമായ സ്ഥലത്തെ ഒരു ടൂറിസം കേന്ദ്രമാക്കി മാറ്റണമെന്നാവശ്യപ്പെട്ട് കുറേ വർഷങ്ങൾക്ക് മുമ്പുതന്നെ ഒരു ഡി.പി.ആർ. തയ്യാറാക്കി നൽകിയിരുന്നു. അതിനുവേണ്ടിയുള്ള പണം അനുവദിക്കാമെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പറഞ്ഞിരുന്നതാണ്. ഹാബിറ്റാറ്റിനെ കൊണ്ട് 2.5 കോടി രൂപയുടെ സമഗ്രമായ ഡി.പി.ആർ. തയ്യാറാക്കി ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടും ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ ഒരു നിലപാടുണ്ടായില്ല. ആ പ്രദേശത്തിന്റെ മനോഹാരിത കൂടി പരിഗണിച്ചുകൊണ്ട് പിൽഗ്രിം ടൂറിസത്തിന്റെ ഭാഗമായി, അഗ്രി ടൂറിസത്തിന്റെ ഭാഗമായി, അത്തരത്തിലൊരു ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുവേണ്ടി ആ ഡി.പി.ആർ. അംഗീകരിച്ച് പണം അനുവദിച്ചുനൽകണമെന്ന് ഈ സബ്മിഷന്റെ ഭാഗമായി ഉന്നയിക്കുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കോട് ചാൽ ടൂറിസം പദ്ധതി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ആർ. രാജേഷിന്റെ താൽപ്പര്യ പ്രകാരം അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഹാബിറ്റാറ്റ് ശങ്കർ മുൻകയ്യെടുത്ത് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സമർപ്പിക്കപ്പെട്ടതായിരുന്നു. 2.5 കോടി രൂപയുടെ പദ്ധതിയാണ് അന്ന് തയ്യാറാക്കി സമർപ്പിച്ചത്. പക്ഷെ ആ പദ്ധതിയുടെ കാര്യത്തിൽ ഒരു തുടർനടപടിയും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവിൽ സ്വീകരിച്ചതായി കാണുന്നില്ല. ഓണാട്ടുകര പ്രദേശത്തിന്റെ കാർഷിക സംസ്കൃതിയും പൈതൃക പാരമ്പര്യവുമൊക്കെ വളരെ പ്രസിദ്ധമാണ്. അതുകൊണ്ടു തന്നെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യം പരിഗണിച്ച് വെട്ടിക്കോട് ചാൽ പദ്ധതിയുടെ ടൂറിസം സാധ്യത അടിയന്തരമായി വിലയിരുത്താൻ വകുപ്പുദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവർ നൽകുന്ന റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കും.

## (8) സ്റ്റാഫ് പാറ്റേൺ

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റും ഡയാലിസിസ് യൂണിറ്റും പ്രവർത്തനസജ്ജമാക്കുന്നതിനുള്ള എല്ലാ ഭൗതികസാഹചര്യങ്ങളും പൂർത്തിയാക്കിയിട്ട് വർഷങ്ങളായി. കഴിഞ്ഞ

ഇടതുപക്ഷഗവൺമെന്റിന്റെ കാലത്ത് അനുവദിച്ചതന്ന തുക ഉപയോഗിച്ചുകൊണ്ട് ട്രോമാകെയർ യൂണിറ്റിന്റെ കെട്ടിടങ്ങളും ഓപ്പറേഷൻ തീയ്യേറ്ററുകളുമെല്ലാം സജ്ജമാക്കിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പല പ്രാവശ്യം ഇക്കാര്യങ്ങളിൽ ഇടപെട്ടെങ്കിലും അതൊന്നും പ്രാവർത്തികമായില്ല. എം.സി. റോഡും നാഷണൽ ഹൈവേയും സന്ധിക്കുന്ന സ്ഥലമാണ് കൊട്ടാരക്കര. അപകടങ്ങൾ പറ്റി നിരവധി ആൾക്കാരെയാണ് ദിവസേന അവിടെ കൊണ്ടുവന്നുകൊണ്ടിരിക്കുന്നത്. ദീർഘദൂരം സഞ്ചരിച്ച് ട്രീറ്റ്മെന്റ് കൊടുക്കേണ്ട അവസ്ഥയാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് അടിയന്തര നടപടി സ്വീകരിച്ചുകൊണ്ട് താലൂക്ക് ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരെയും അനുബന്ധ സ്റ്റാഫുകളെയും നിയമിച്ചുകൊണ്ടും വേണ്ട ഉപകരണങ്ങൾ നൽകുന്നതോടൊപ്പം ട്രോമാകെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ അവിടെ അനുവദിച്ചിട്ടുള്ള ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കാനാവശ്യമായ നടപടികളും അടിയന്തരമായി സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കുവാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 'ആർദ്രം പദ്ധതി'യുടെ ഭാഗമായി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിൽ കൊട്ടാരക്കര താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. കൂടുതൽ പശ്ചാത്തലസൗകര്യമൊരുക്കിയിട്ടുള്ള പുതിയ കെട്ടിടത്തിൽ ട്രോമാകെയർ യൂണിറ്റ് സജ്ജമാക്കുന്നതിനുള്ള ഒന്നാംഘട്ടവും രണ്ടാംഘട്ടവും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2016-17-ലെ വാർഷിക പദ്ധതി പ്രകാരം ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി 88,15,092 രൂപ അനുവദിച്ചിട്ടുണ്ട്. സി.ടി. സ്കാൻ സ്ഥാപിക്കുന്നതിലേയ്ക്ക് 2017-18-ലെ വാർഷിക പദ്ധതിയിൽ 1,93,86,762 രൂപ വകയിരുത്തിയിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ മരാമത്ത് പണി പൂർത്തിയാക്കുന്നതിന് കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റിയെ ചുമതലപ്പെടുത്തിയതിനെത്തുടർന്ന് സൊസൈറ്റി, ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണി ആരംഭിക്കുന്നതിന് കരാർ നൽകിയിട്ടുണ്ട്. എന്നാൽ പുതുക്കിയ നികുതി ഘടനയിലുള്ള വ്യത്യാസം, ജി.എസ്.ടി. സൂചിപ്പിച്ചുകൊണ്ട് കരാറുകാരൻ നാളിതുവരെ പണി ആരംഭിച്ചിട്ടില്ല. ഇതിന്മേൽ കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റി നിയമനടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കുന്നതിലേയ്ക്കായി ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ഇതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വിതരണ കമ്പനിയെ കോർപ്പറേഷൻ കണ്ടെത്തിയിട്ടുമുണ്ട്. മരാമത്ത് പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഡയാലിസിസ് കേന്ദ്രം പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നതാണ്. എല്ലാ സംവിധാനങ്ങളും പൂർണ്ണതോതിൽ സജ്ജമാകുന്നതോടെ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഉദ്ദേശിക്കുന്നു.

## (9) പരമ്പരാഗത ചികിത്സ

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, പരമ്പരാഗത ചികിത്സ നടത്തുന്ന വൈദ്യ ചികിത്സാ കേന്ദ്രങ്ങൾക്കെതിരെ നിയമം വരുന്നുവെന്ന ആശങ്ക നാട്ടിൽ പ്രചരിപ്പിക്കപ്പെടുന്നുണ്ട്. ചികിത്സാകർമ്മത്തിൽ മുൻപന്തിയിൽ നിൽക്കുന്ന വൈദ്യമാണ് സിദ്ധവൈദ്യം എന്ന് പറയപ്പെടുന്നത്. രസവാദം മുതൽ അഷ്ടബന്ധനങ്ങൾ വരെ മാനവരക്ഷയ്ക്കും നിലനിൽപ്പിനുംവേണ്ടിയുള്ള സകലതും സിദ്ധവൈദ്യത്തിൽ അടങ്ങിയിരിക്കുന്നുവെന്നും പറയുന്നു. വൈദ്യവിദ്യയിൽ ആദരവോടും ബഹുമാനത്തോടുംകൂടി ഓർമ്മിക്കപ്പെടുന്ന അഗസ്ത്യമുനിയെയാണ് വൈദ്യശാസ്ത്രത്തിന്റെ കുലഗുരുവായി കരുതപ്പെടുന്നത്. തിരുവനന്തപുരം കേന്ദ്രമാക്കി താമസിച്ചുപോന്ന സിദ്ധനായിരുന്നു അഗസ്ത്യൻ. അദ്ദേഹത്തിന്റെ ചികിത്സാവിധികൾ തുടർന്നുവരുന്ന ചികിത്സ കേന്ദ്രങ്ങൾ ഇപ്പോഴും തെക്കൻ കേരളത്തിലുണ്ട്. എന്റെ മണ്ഡലത്തിന്റെ അതിർത്തി പ്രദേശങ്ങൾ അഗസ്ത്യകൂടവുമായി ബന്ധപ്പെട്ട പ്രദേശമാണ്; തമിഴ്നാടിന്റെ അതിർത്തി പ്രദേശവുമാണ്. തെക്കൻ കേരളത്തിൽ നിരവധി പരമ്പരാഗത വൈദ്യചികിത്സാ കേന്ദ്രങ്ങളിൽ ചികിത്സ തേടിയെത്തുന്ന രോഗികളുണ്ട്. ഈ ചികിത്സാകേന്ദ്രങ്ങളെ ആശ്രയിച്ചുജീവിക്കുന്ന തൊഴിലാളികളുമുണ്ട്. ശരിയായ അറിവുനേടാത്ത വൈദ്യന്മാരും ചികിത്സാ കേന്ദ്രങ്ങൾ നടത്തുന്നവരായുണ്ട്. അറിവ് നേടിയ പരമ്പരാഗത വൈദ്യചികിത്സ നടത്തുന്ന വൈദ്യന്മാരെ കണ്ടെത്തി അവരെ സംരക്ഷിക്കാനുള്ള നിയമവും നടപടിയും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ദ്രാവിഡ സംസ്കാരം നിലനിന്നിരുന്ന സിംഗപ്പൂർ, മലേഷ്യാ, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ സിദ്ധ വൈദ്യ സമ്പ്രദായം നിലവിലുണ്ട്. യോഗവിദ്യയ്ക്ക് സിദ്ധചികിത്സയിൽ വലിയ പ്രാധാന്യമുണ്ട്. സിദ്ധന്മാരിൽ പലരും യോഗികളുമുണ്ട്, യോഗവിദ്യയിൽ അസാമാന്യ പാണ്ഡിത്യമുള്ളവരുമുണ്ട്. സകല വ്യാധികളും ഇല്ലായ്മ ചെയ്യുന്നതിന് രസത്തിന് തുല്യമായ മറ്റൊരു ഔഷധമില്ലെന്നും രസപ്രയോഗമറിയാത്ത ഒരാളെ വൈദ്യനെന്ന് പരിഗണിക്കാനാവില്ലെന്നും പറയപ്പെടുന്നു. അത്ഭുതകരങ്ങളായ ഫലസിദ്ധിയുള്ള അനേകം ഔഷധങ്ങൾ സിദ്ധവൈദ്യത്തിലുണ്ട്. അതുകൊണ്ട് ഈ ചികിത്സാവിധികളെ നിരാകരിക്കേണ്ടതില്ല. അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമായ നിയമംമൂലം നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ അവതരിപ്പിച്ചിട്ടുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. ഈ ബിൽ നിയമമാകുന്നതോടുകൂടി ആരോഗ്യചികിത്സാരംഗത്തെ അനാരോഗ്യപ്രവണതകൾ ഇല്ലാതാക്കാനും അംഗീകൃത യോഗ്യത നേടിയിട്ടുള്ളവർക്ക് അർഹമായ തൊഴിൽ സാഹചര്യം സൃഷ്ടിക്കാനും കഴിയും. ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ പട്ടികയിൽ ഉൾപ്പെട്ട ചികിത്സാ രീതികളിൽ ഗുണമേന്മയുള്ള സേവനം ഉണ്ടാകുമെന്നുള്ളതിനാൽ ആ

മേഖലയിൽ പ്രത്യേകിച്ച് ബുദ്ധിമുട്ടൊന്നും വരുന്നില്ല. നിലവിലുള്ള നിയമപ്രകാരം അംഗീകൃത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് മാത്രമേ രജിസ്ട്രേഷൻ നൽകുന്നതിന് സാധിക്കുകയുള്ളൂ. ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ നിന്നുള്ള രജിസ്ട്രേഷൻ ഇല്ലാതെ ചികിത്സിക്കുന്നത് നിയമവിരുദ്ധമാണ്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, നിരവധി പാരമ്പര്യ ചികിത്സാവിധികൾ ഇപ്പോഴും തുടരുന്നുണ്ട്. അത്തരം ആളുകളെ പരിഗണിക്കുന്നത് എങ്ങനെയാണെന്നുള്ളത് സംബന്ധിച്ച് നിരവധി തവണ ചർച്ച ചെയ്തെങ്കിലും തീരുമാനമാകാതെ വന്നിട്ടുള്ളതാണ്. നല്ല പാരമ്പര്യ ചികിത്സകർ കേരളത്തിലുണ്ടെങ്കിലും വ്യാജ ചികിത്സ വളരെ വലിയ തോതിൽ അതിനോടൊപ്പം നടക്കുന്നുണ്ടെന്നുള്ളതും നാം കാണേണ്ടതായിട്ടുണ്ട്. അത്തരത്തിലുള്ള വ്യാജ ചികിത്സകൾ നിരോധിക്കുകയെന്നുള്ളത് സർക്കാരിന്റെ ലക്ഷ്യമാണ്. എന്നാൽ പാരമ്പര്യ ചികിത്സാവിധികൾ എങ്ങനെയാണ് നിലനിർത്തുക എന്നുള്ളതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇത്തരത്തിലുള്ള പാരമ്പര്യ ചികിത്സാവിധികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## V അറിയിപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നത്തെ കാര്യപരിപാടിയനുസരിച്ച് ഉച്ചയ്ക്കുശേഷം 12.30 മുതൽ 1.30 വരെ 2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടവുമാണ്. എന്നാൽ പ്രായോഗിക അടിസ്ഥാനത്തിൽ ഇപ്പോൾ തുടരുന്ന കാര്യപരിപാടി പൂർത്തീകരിച്ചശേഷം ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കാവുന്നതാണ്. സഭയുടെ അനുമതിയോടുകൂടി തുടർ നടപടി ആരംഭിക്കുകയാണ്.

### സബ്മിഷൻ (തുടർച്ച)

### (10) ആർദ്രം പദ്ധതി

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരളത്തിലെ ആരോഗ്യമേഖലയിൽ ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന രോഗീസൗഹൃദ ആശുപത്രികളെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ആർദ്രം പദ്ധതി ജനങ്ങൾക്ക് ഏറെ ആശ്വാസകരമാണ്. ഈ പദ്ധതി വിഭാവനം ചെയ്യുന്ന അതേ മാതൃകയിൽത്തന്നെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ 2013 മുതൽ ആരോഗ്യരക്ഷ ചാത്തന്നൂർ എന്ന പേരിൽ പി.എച്ച്.സി.-കളും സി.എച്ച്.സി.-കളും താലൂക്ക് ആശുപത്രിയും രോഗീസൗഹൃദ CAAS അക്രെഡിറ്റേഷൻ നേടുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനങ്ങളുടെയും വിവിധ ഏജൻസികളുടെയും ഗവൺമെന്റിന്റെയും

സഹായത്തോടുകൂടി അതിനാവശ്യമായ ഭൗതിക സാഹചര്യ വികസനപ്രവർത്തനം 90 ശതമാനം പൂർത്തീകരിച്ച ഘട്ടത്തിലാണ്. ഇപ്പോൾ ആർദ്രം പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി.-കളെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിനു വേണ്ടിയുള്ള ജില്ലാതല ഉദ്ഘാടനം കൊല്ലം ജില്ലയിൽ നിർവ്വഹിക്കാൻ കഴിഞ്ഞത് ഈ പദ്ധതിയിലൂടെ പണി പൂർത്തിയാക്കിയ ചാത്തന്നൂർ പി.എച്ച്.സി. ആണെന്ന കാര്യം സന്തോഷകരമായ വസ്തുതയായി ചൂണ്ടിക്കാട്ടുകയാണ്. ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന ആരോഗ്യരക്ഷ ചാത്തന്നൂർ എന്ന പദ്ധതി ആർദ്രം പദ്ധതിയുടെ ഭാഗമായി തുടരാൻ ഗവൺമെന്റ് അനുവാദം നൽകിയിട്ടുള്ളതാണ്. ഇതേ അവസ്ഥയിൽ ചാത്തന്നൂർ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന അടിസ്ഥാന സൗകര്യങ്ങളിൽ CAAS അക്രെഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് എത്തിയിട്ടുള്ള നെടുങ്ങോലം ഗവൺമെന്റ് രാമറാവു താലൂക്ക് ആശുപത്രിയെ 2010-ൽ താലൂക്ക് ആശുപത്രിയായി ഉയർത്തിയെങ്കിലും നാളിതുവരെ അതിനാവശ്യമായ ഒരു തസ്തിക പോലും അനുവദിച്ചിട്ടില്ല. കൊല്ലം ജില്ലയുടെ തെക്കുപടിഞ്ഞാറൻ മേഖലയിലുള്ള മുഴുവൻ ജനങ്ങളും ആശ്രയിക്കുന്ന ആശുപത്രിയാണിത്. പറവൂർ നഗരസഭ, പൂതക്കുളം, ചിറക്കര, ചാത്തന്നൂർ, കല്ലുവാതുക്കൽ, ആദിച്ചനെല്ലൂർ, പൂയപ്പള്ളി, നെടുമ്പന, മയ്യനാട്, വർക്കല താലൂക്കിലെ ഇടവ, ഇലകമൺ തുടങ്ങിയ പഞ്ചായത്തുകളിലെ നാലര ലക്ഷത്തോളം ആളുകൾ ആശ്രയിക്കുന്ന ആശുപത്രിയാണിത്. 24 മണിക്കൂറും അപകട കേസ്സുകളും പ്രതിരോധമടക്കമുള്ള ഗുരുതരരോഗങ്ങൾ, മെഡിക്കോ-ലീഗോ കേസ്സുകൾ, പരവൂർ, ചാത്തന്നൂർ, പാരിപ്പള്ളി, കൊട്ടിയം എന്നീ പോലീസ് സ്റ്റേഷനുകളിലെ കേസ്സുകളെല്ലാം 24 മണിക്കൂറും ഇവിടെ കൈകാര്യം ചെയ്യുകയാണ്. കാഷ്വാലിറ്റിയിൽ അഞ്ച് ഡോക്ടർമാരെങ്കിലും വേണമെന്നിരിക്കെ അപ്രകാരമുള്ള ഒരു തസ്തികപോലും ഇവിടെ അനുവദിച്ചിട്ടില്ല. നൂറോളം വരുന്ന ഐ.പി. രോഗികളുടെ വാർഡ് ഡ്യൂട്ടിയും ദിനംപ്രതി 1500-ഓളം വരുന്ന ഒ.പി.യിലെ രോഗികളെയും നോക്കുന്ന ഡോക്ടർമാർ തന്നെയാണ് കാഷ്വാലിറ്റി ഡ്യൂട്ടിയും ചെയ്യേണ്ടിവരുന്നത്. ഇത് ആശുപത്രികളുടെ മറ്റെല്ലാ സേവനങ്ങളെയും ദോഷകരമായി ബാധിച്ചിരിക്കുകയാണ്. ആയതിനാൽ പുതിയ തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കണമെന്ന ആവശ്യം നിരവധി തവണ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച 6115/എം2/2015 എന്ന നമ്പറിലുള്ള ഫയൽ സെക്രട്ടേറിയറ്റിലുണ്ട്. ഇക്കാര്യത്തിൽ തികഞ്ഞ അവഗണനയാണ് വകുപ്പ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്. ആർദ്രം പദ്ധതിയിൽ താലൂക്ക് ആശുപത്രികളെ ഉൾപ്പെടുത്തിയപ്പോഴും ഈ താലൂക്ക് ആശുപത്രിയെ അതിൽ നിന്ന് ഒഴിവാക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന മാതൃകയിൽ CAAS അക്രെഡിറ്റേഷൻ നേടുന്നതിനുള്ള

എല്ലാ അടിസ്ഥാന സൗകര്യങ്ങളും പൂർത്തീകരിച്ചിട്ടുള്ള നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരെയും അനുബന്ധ സ്റ്റാഫുകളെയും നിയമിക്കണമെന്നും ടി താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുകയാണ്. കൂടാതെ ആർദ്രം നിലവാരത്തിലേയ്ക്ക് ഭൗതിക സാഹചര്യങ്ങളുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കലക്കോട് സി.എച്ച്.സി., കല്ലുവാതുക്കൽ, ചിറക്കര, പൊഴിക്കര, ആദിച്ചനെല്ലൂർ, പൂയപ്പള്ളി എന്നീ പി.എച്ച്.സി.കളെയും ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ചാത്തന്നൂർ നിയോജകമണ്ഡലത്തെ സമ്പൂർണ്ണമായി ആർദ്രം പദ്ധതി നടപ്പിലാക്കിയ പ്രദേശമായി മാറ്റണമെന്ന് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിലുള്ള സംരംഭമാണ് ആർദ്രം മിഷൻ. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾവരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുകയെന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലാ-താലൂക്ക്-ബ്ലോക്ക്-പഞ്ചായത്ത് തലങ്ങളിലെ ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചുകൊണ്ടും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത 170 പി.എച്ച്.സി.-കളിൽ 680 തസ്തികകൾ സൃഷ്ടിക്കുകയും പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുള്ള ഭരണാനുമതി നൽകുകയും ചെയ്തു. ചാത്തന്നൂർ പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുകയും ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം താലൂക്കിൽപ്പെട്ട ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ആദ്യഘട്ടമായി ആർദ്രം പരിപാടിയിൽ കൊല്ലം ജില്ലാ ആശുപത്രിയെ തെരഞ്ഞെടുത്ത് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ആർദ്രം പദ്ധതിയുടെ മുന്നോടിയായി ചാത്തന്നൂർ എം.എൽ.എ.-യുടെ മണ്ഡലത്തിൽ ആരോഗ്യരക്ഷ ചാത്തന്നൂർ എന്ന പദ്ധതി നടപ്പിലാക്കിവരുന്നതും നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളെ വകുപ്പിന്റെ കൂടി ഇടപെടലോടെ CAAS അക്രെഡിറ്റേഷൻ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുവെന്നതും മാതൃകയാണ്. വരും വർഷങ്ങളിൽ കൂടുതൽ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രഖ്യാപിക്കുന്ന മുറയ്ക്ക് അങ്ങയുടെ നിയോജകമണ്ഡലത്തിലെ മറ്റ് പി.എച്ച്.സി.-കളെയും പരിഗണിക്കുന്നതാണ്. കൊല്ലം താലൂക്കിൽ ജില്ലാ ആശുപത്രിയെ ഈ വർഷം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ

സ്ഥിതിക്ക് അടുത്ത ഘട്ടത്തിൽ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയെ ആർദ്രം സ്റ്റാന്റേർഡൈസേഷനിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. 2010-ൽ സി.എച്ച്.സി.-യിൽനിന്നും താലൂക്ക് ആശുപത്രിയാക്കി ഉയർത്തിയെങ്കിലും തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ലായെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പലയിടങ്ങളിലും ഇത്തരം സ്ഥിതി കാലങ്ങളായി തുടരുന്നുണ്ട്. ഇത്തരം ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിച്ച് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഇതുകൂടാതെ ഈ ആശുപത്രിയിൽ 7-10-2016-ൽ രണ്ട് ലാബ് ടെക്നീഷ്യൻ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ നിയോജകമണ്ഡലത്തിൽ പ്രത്യേകിച്ച് ആരോഗ്യ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണ്. എല്ലാ  ആശുപത്രികൾക്കും CAAS നിലവാരം നേടുകയെന്ന ഉദ്ദേശത്തോടുകൂടി എം.എൽ.എ.-യുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനം തികച്ചും അനുകരണീയമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനനുസരിച്ച് ആർദ്രം മിഷനിൽ നിന്നുള്ള സൗകര്യങ്ങളും സഹായങ്ങളും ആശുപത്രികൾക്ക് ലഭ്യമാക്കുന്നതുമാണ്.

## (11) പാലം പുതുക്കി പണിയൽ

ശ്രീ. സി. കെ. നാണു: സർ, മലബാർ ഭാഗത്ത് നാഷണൽ ഹൈവേയിലെ ഏറ്റവും പ്രധാനപ്പെട്ട പാലമാണ് മൂരാട് പാലം.  നാലഞ്ച് മണിക്കൂർ കാത്തു കിടന്നാൽപ്പോലും വാഹനങ്ങൾക്ക് അങ്ങോട്ടുമിങ്ങോട്ടും പോകാൻ കഴിയാത്ത ഗുരുതരാവസ്ഥയിലാണ് ഇപ്പോൾ ആ പാലം. ആ പാലത്തിലൂടെയാണ് മംഗലാപുരം ഭാഗത്തേയ്ക്കുള്ള വാഹനങ്ങൾ പോകുന്നതും വരുന്നതും. വയനാട്ടിലേയ്ക്ക് തലശ്ശേരി ഭാഗത്തേയ്ക്ക് പോകുന്ന വാഹനങ്ങളെല്ലാം വരുന്നതും ആ ഭാഗത്തുകൂടിയാണ്. രോഗിയുമായി വരുന്ന ആംബുലൻസിനുപോലും അതുവഴി പോകാൻ സാധിക്കാത്തത്ര ഗുരുതരമായ അവസ്ഥയാണുള്ളത്.  ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മൂരാട് പാലത്തിന്റെ പണിക്കുവേണ്ടി 50 കോടി രൂപ അനുവദിച്ചിരുന്നു. വടകരയിലെ നാഷണൽ ഹൈവേയിലുള്ള കരിമ്പന, പാലോളി പാലങ്ങൾ പുതുക്കി പണിയുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയായെങ്കിലും ഇതെല്ലാം നിർത്തി വയ്ക്കുന്ന സ്ഥിതിയാണുള്ളത്. നാഷണൽ ഹൈവേ അതോറിറ്റിയുടെ പ്രശ്നങ്ങളാണെന്ന് പറഞ്ഞുകൊണ്ട് ഈ പണികളൊന്നും അനുവദിക്കുന്നില്ല. കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ എം.എൽ.എ. ശ്രീ. കെ. ദാസനും വടകര എം.എൽ.എ. ആയ ഞാനും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത് വളരെ ഗൗരവമായ പ്രശ്നമാണ്.  കുറച്ചുദിവസം മുമ്പ് പി.ഡബ്ല്യൂ.ഡി. സെക്രട്ടറി, കോഴിക്കോട് കളക്ടർ, ശ്രീ. കെ. ദാസൻ എം.എൽ.എ. ഉൾപ്പെടെയുള്ളവർ  പ്രസ്തുത സ്ഥലം പരിശോധിച്ചതിനുശേഷം അവിടെ പുതിയ പാലം പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന തീരുമാനത്തിലാണ്

എത്തിയത്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തെ വളരെ ഗൗരവമായി കാണണം. അടിയന്തരമായി കോഴിക്കോട് വരേണ്ട ആളുകൾക്ക് എത്രയോ നാഴികകൾ നാഷണൽ ഹൈവേയിൽ നിന്ന് മാറി ഉള്ളിലോട്ടുള്ള വഴിയിലൂടെ കോഴിക്കോട് നഗരത്തിലേയ്ക്ക് വരേണ്ട സ്ഥിതിയാണുള്ളത്. അവിടെ നിരന്തരമായി സമരമാണ്. വടകരയിൽ നേരത്തെ പറഞ്ഞ രണ്ട് പാലത്തിനായി അവിടത്തെ മുനിസിപ്പൽ ചെയർമാന്റെ നേതൃത്വത്തിൽ സമരം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് പുതുക്കി പണിയുന്നതിന് അംഗീകാരം ലഭിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ വിളിച്ച് അംഗീകരിച്ചത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ല. വളരെ ഗൗരവമായ പ്രശ്നമെന്ന നിലയ്ക്ക് പരിഹരിക്കാതെ നിവൃത്തിയില്ലാത്ത ഘട്ടമാണ്. നമ്മളെല്ലാവരും വിഷമിക്കുന്ന രൂപത്തിലേയ്ക്ക് പാലവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മാറിയാൽ സഹിക്കാൻ കഴിയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി പരിശോധിച്ച് പാലത്തിന്റെ നിർമ്മാണത്തിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വടകര-കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മൂരാട് പാലം പുതുക്കിപ്പണിയുന്നത് സംബന്ധിച്ച പ്രശ്നം സജീവ പരിഗണനയിലാണ്. ഇപ്പോൾ ഈ പാലത്തിന് 5.6 മീറ്റർ വീതിയും 135 മീറ്റർ നീളവുമാണുള്ളത്. Bowstring പാലമെന്നാണ് സാങ്കേതികമായി പറയുന്നത്. അതുകൊണ്ടുതന്നെ ഈ പാലത്തിലൂടെയുള്ള വാഹന ഗതാഗതം വളരെ പ്രയാസമാണ്. ഇത് ദേശീയപാത അതോറിറ്റിയുടെ അധികാരത്തിൽ വരുന്ന റോഡും പാലവുമാണ്. അതുകൊണ്ട് അവരുടെ അഭിപ്രായങ്ങൾ തള്ളിക്കളഞ്ഞു കൊണ്ട് ചെയ്യാൻ കഴിയില്ല. ദേശീയപാത നാലുവരിയാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള പാലത്തിന് സമാന്തരമായി നാലുവരിപ്പാതയുള്ള പാലം പണിയാൻ ഉദ്ദേശിക്കുന്നുവെന്നാണ് അവർ നിർദ്ദേശിച്ചിരിക്കുന്നത്. അതിന്റെ പദ്ധതിരേഖ അവർ തയ്യാറാക്കിവരികയാണ്. Competent Authority of Land Acquisition വഴി ഭൂമി ഏറ്റെടുക്കൽ നടപടികളും അവർ ആരംഭിച്ചിട്ടുണ്ട്. NHDP Phase III-യിൽ പാക്കേജ് IV ആയി ഉൾപ്പെടുത്താനാണ് അവർ ഉദ്ദേശിക്കുന്നത്. അസംബ്ലിയിൽ ഈ സബ്മിഷന് മറുപടി പറയാൻവേണ്ടി ഇന്റിമേഷൻ കൊടുത്തതനുസരിച്ച് 22-8-2017-ൽ National Highway Authority of India പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർക്ക് അയച്ച കത്തുണ്ട്. ഇപ്പോൾ 5.6 മീറ്റർ മാത്രം വീതിയുള്ള ഈ പാലത്തിന് സമാന്തരമായി പന്ത്രണ്ടര മീറ്റർ വീതം വീതിയുള്ള രണ്ട് പാതകൾ (നാല് പാതകളും കൂടി 25 മീറ്റർ) പണിയാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ പടവും അവർ അയച്ചുതന്നിട്ടുണ്ട്. അതോടൊപ്പം അങ്ങ് പറഞ്ഞതുപോലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അനുവദിച്ച 75

പാലങ്ങളിൽ (ബഡ്ജറ്റിൽ അച്ചടിച്ചത് 64 ആണെങ്കിലും മറുപടി പറഞ്ഞപ്പോൾ 10 എണ്ണം കൂടി അനുവദിച്ചു) അതിൽ 64-ാമത്തെ ഐറ്റമായി മൂരാട് ബ്രിഡ്ജിന് 50 കോടി രൂപ അനുവദിച്ചിരിക്കുകയാണ്. ഇത് കിഫ്ബിയിലെ പണം ഉപയോഗിച്ച് പണി ചെയ്യുകയാണോ വേണ്ടത്? കാരണം ഇത് നാഷണൽ ഹൈവേ അതോറിറ്റിയുടെ അധികാരത്തിലുള്ളതാകയാൽ അവർ വിട്ടുതന്നില്ലെങ്കിൽ സംസ്ഥാന ഗവൺമെന്റിന് പാലം പണിയാനാകാത്ത പ്രശ്നവുമുണ്ട്.

ശ്രീ. സി. കെ. നാണു: സർ, ഇത് സീരിയസ്സായ ഒരു പ്രശ്നമാണ്. 24 മണിക്കൂറും ഈ പാലത്തിലൂടെ വാഹനങ്ങൾ പോകുന്നതാണ്. ഈ പാലത്തിന് എന്തെങ്കിലും സംഭവിച്ചാൽ എന്ത് ചെയ്യും?

ശ്രീ. ജി. സുധാകരൻ: സർ, ഇതിനെന്ത് വേണമെന്ന് തീരുമാനിക്കേണ്ടത് ആരാണ്? ഇത് നാഷണൽ ഹൈവേ അതോറിറ്റിയുടെ പാലമാണ്. ദേശീയപാത നാലുവരിയാക്കുന്നതിന്റെ ഭാഗമായി ഈ പാലവും അതിൽ വരും. പന്ത്രണ്ടര മീറ്റർ വീതമുള്ള രണ്ട് ലൈൻ അടങ്ങുന്ന നാലുവരിപ്പാതയാണ് (25 മീറ്റർ) അവർ പറയുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിലും ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അവരോട് ആവശ്യപ്പെട്ടിട്ട് അവരുടെ സ്പെസിഫിക്കേഷനിൽ പാലം പണിതുകൊടുക്കണം.

ശ്രീ. സി. കെ. നാണു: സർ, അങ്ങനെ ചെയ്താൽ മതി.

ശ്രീ. ജി. സുധാകരൻ: സർ, അങ്ങനെ ചെയ്യാൻ ഗവൺമെന്റ് എതിരല്ല. അവരുടെ അനുവാദം കിട്ടിയാൽ മതി. കിഫ്ബി അനുസരിച്ചുള്ള ഡി.പി.ആർ. സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കണം. ബാക്കിയുള്ളത് അവർ തയ്യാറാക്കിക്കൊള്ളും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. NHAI വിട്ടുതരികയാണെങ്കിൽ അവരുടെ സ്പെസിഫിക്കേഷൻ അനുസരിച്ച് കിഫ്ബിയിലെ പണം ഉപയോഗിച്ച് ചെയ്യാം. അല്ലെങ്കിൽ NHAI-യുടെ ഫണ്ടുകൊണ്ട് അവർ ചെയ്യണം. ഏതായാലും ഗവണ്മെന്റിന് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ഇതൊരു സാധാരണ മരപ്പാലമല്ല. സെൻട്രൽ ഗവൺമെന്റിന്റെ പാലമാണ്. അവർ ഈ പാലം സംസ്ഥാന ഗവൺമെന്റിന് വിട്ടു തരണം. അങ്ങനെ വിട്ടുതന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ പണം കൊണ്ട് അവരുടെ സ്പെസിഫിക്കേഷനിൽ ചെയ്യണമെന്നേയുള്ളൂ. ഏതായാലും ഈ ആവശ്യം അംഗീ കരിക്കുകയാണ്.

## VI റിപ്പോർട്ട് സമർപ്പണം

### 1. സംസ്ഥാനം നേരിടുന്ന മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, സംസ്ഥാനം നേരിടുന്ന മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പ്രത്യേക റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

### 2. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത്തേയും മൂന്നാമത്തേയും റിപ്പോർട്ടുകൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത്തേയും മൂന്നാമത്തേയും റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VII നിയമനിർമ്മാണകാര്യം

### 2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജെയിംസ് മാത്യു: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ള പ്രധാനപ്പെട്ട യജ്ഞങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കരുത്തും ധനവിനിയോഗ ബില്ലിലൂടെ ധനം വിനിയോഗിക്കാനുള്ള സർക്കാരിന്റെ പ്രാപ്തിയും ഉറപ്പുവരുത്തുന്നതോടൊപ്പം ഈ സർക്കാരിന്

നേതൃത്വം നൽകുന്ന കേരളത്തിന്റെ മുഖ്യമന്ത്രിക്ക് ഈ യജ്ഞങ്ങളെല്ലാം പൂർത്തീകരിക്കാൻ കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും പിന്തുണയുണ്ടെന്ന് ഉറപ്പുവരുത്തുന്ന ദിവസവുമാണ് ഇന്ന്. കഴിഞ്ഞ നാലഞ്ച് ദിവസമായി പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിച്ചിരിക്കുകയാണ്. ഇന്നലെ വൈകുന്നേരം സാമൂഹ്യക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ മെമ്പേഴ്സ് ലോഞ്ചിൽ ഒരു പരിപാടി നടക്കുകയുണ്ടായി. മാനുഷികമായ ഏതെങ്കിലുമൊരു വികാരം, ആർദ്രത അൽപ്പമെങ്കിലും ഉണ്ടാകുന്ന, മനുഷ്യരെയെല്ലാം കരളലിയിപ്പിക്കുകയും കണ്ണ് നിറയിപ്പിക്കുകയും ചെയ്യുന്ന കാഴ്ചകളാണ് അവിടെ കാണാൻ സാധിച്ചത്. ഒരുപക്ഷേ എല്ലാ ശേഷിയുമുണ്ടെന്ന് കരുതുന്നവരെക്കാൾ മഹത്തരമാണ് ഭിന്നശേഷിക്കാരായ മക്കളുടെ കഴിവുകളെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുന്ന അനുഭവമായിരുന്നു അവിടെ കാഴ്ചവയ്ക്കപ്പെട്ടത്. ശ്രീ. ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിലുള്ള മാജിക് പ്ലാനറ്റും സാമൂഹ്യനീതി വകുപ്പും ചേർന്നുകൊണ്ട് കേരളത്തിലെ ഭിന്നശേഷിക്കാരായ കുട്ടികളെ മാജിക് പഠിപ്പിക്കുകയും അവർ അവിടെ മാജിക്ക് അവതരിപ്പിക്കുകയുമുണ്ടായി. അതുകാണാൻ നമ്മുടെ നിയമസഭയിലെ പ്രതിപക്ഷാംഗങ്ങളിൽ ഒരാളുപോലുമുണ്ടായില്ല. അവർ വരാതിരുന്നത് മറ്റൊന്നുംകൊണ്ടല്ല, ആ വകുപ്പിന് നേതൃത്വം കൊടുക്കുന്നത് ബഹുമാന്യയായ മന്ത്രി കെ. കെ. ശൈലജ ടീച്ചറായതുകൊണ്ടാണ്. അതിന് തൊട്ടുമുമ്പുള്ള ദിവസവും മെമ്പേഴ്സ് ലോഞ്ചിൽ പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ഒരു പരിപാടി നടക്കുകയുണ്ടായി. അന്ന് പ്രതിപക്ഷാംഗങ്ങളെല്ലാം വന്നിരുന്നു. അതിൽ നിന്ന് മനസ്സിലാക്കേണ്ടത് ഈ ഗവൺമെന്റിനോടുള്ള അഭിപ്രായഭിന്നതയല്ല, ഈ വകുപ്പും വകുപ്പിന്റെ മന്ത്രിയോടുമുള്ള ഭിന്നതയാണ് അവരെ ഇന്നലെ അവിടെ നിന്ന് അകറ്റിനിർത്തിയത്. ഇപ്പോൾ സമയം 12.52 കഴിഞ്ഞു. ഈ സമയത്ത് പ്രതിപക്ഷാംഗങ്ങൾ അവിടെയുണ്ടാകുകയും കഴിഞ്ഞ നാലഞ്ചുദിവസമായി അവർ ഈ സഭയോടും കേരളത്തിലെ ജനങ്ങളോടും കാണിച്ച വകതിരിവില്ലായ്മകൾക്കും തെറ്റുകൾക്കും മാപ്പു പറയേണ്ട സമയമാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അവർ എവിടെയാണ് ഉള്ളത്? കേരളത്തിലെ ജനങ്ങളോട് അവർ പറയട്ടെ, അവർ എവിടെയാണ് ഉള്ളതെന്ന്. ഈ പന്ത്രണ്ടേ മുക്കാൽ മണി നേരത്ത് അവർ എവിടെയാണുള്ളതെങ്കിലും കേരളത്തിലെ മുഴുവൻ ജനങ്ങളും അവരോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. കഴിഞ്ഞ നാലഞ്ചു ദിവസമായി ഈ സഭ ബഹിഷ്ക്കരിച്ചുകൊണ്ടുള്ള അവരുടെ കുത്തിയിരിപ്പും ആഭാസകരമായ സമരപരിപാടികളും ജനങ്ങൾ കാണുക മാത്രമല്ല, ഇപ്പോൾ ഒരു മറുപടി പറയാൻ ബാദ്ധ്യസ്ഥമായ തയ്യാറെടുപ്പിലാണ് അവർ നിൽക്കുന്നത്. ഞാൻ കോടതിയുടെ പരാമർശത്തെക്കുറിച്ചോ അതിന്റെ അനുകൂലവും പ്രതികൂലവുമായ കാര്യങ്ങളെക്കുറിച്ചോ ഒന്നും പറയുന്നില്ല. പക്ഷെ, അവർ ചെയ്യുന്നതെന്താണെന്ന് ജനങ്ങൾ കാണുന്നു. ഇങ്ങനെ ഞങ്ങൾ പറയുമ്പോൾ ഒരു ചോദ്യം അവർ എപ്പോഴും ചോദിക്കുന്നുണ്ട്.

'പണ്ട് നിങ്ങൾ എങ്ങനെയായിരുന്നു എന്ന്'.

ഇന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. കെ. സി. ജോസഫ് പലതവണ പറഞ്ഞു 'ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഒരു ഗ്യാപ്പുണ്ട്. അതുകൊണ്ടാണ് അങ്ങേയ്ക്ക് മനസ്സിലാകാത്തത്' എന്ന്. കഴിഞ്ഞ 5 കൊല്ലം എന്തായിരുന്നു അങ്ങയുടെ പിറകിലിരിക്കുന്ന ആളുകൾ കാണിച്ചത്? അങ്ങ് അത് അറിയാത്തതുകൊണ്ടാണ് എന്ന് പറയുകയുണ്ടായി. ഞാൻ പറയുന്നത്, അവർ ഓർമ്മിച്ചാൽ അവർക്ക് മനസ്സിലാകുമായിരുന്നു. ഞങ്ങൾ എടുത്ത ഏതെങ്കിലും ഒരു പ്രക്ഷോഭത്തിനോ പ്രതിഷേധത്തിനോ കാരണമായ കാര്യം പിന്നീട് കാലവും ചരിത്രവും നിയമ സംവിധാനങ്ങളും എങ്ങനെയാണ് പരിശോധിച്ച് വിലയിരുത്തിയത്? ഒരു ഡിസംബർ മാസം 13-ാം തീയതി ആരും മറക്കാത്ത ദിവസമാണ്. അന്ന് കോടതി പരാമർശമുണ്ടായിരുന്നില്ല. 'സ്വന്തം പാർട്ടിക്കാരും മുന്നണിക്കാരും ബഡ്ജറ്റുപോലും വിറ്റ് കാശാക്കുന്ന ആളാണ് ശ്രീ. കെ. എം. മാണിയെന്ന് ഞങ്ങൾക്കറിയാം' എന്നു പറഞ്ഞപ്പോൾ ഞങ്ങൾ പറഞ്ഞത്, 'ആ മാണി ഈ ബഡ്ജറ്റ് അവതരിപ്പിക്കരുത്' എന്നാണ്. എന്തായിരുന്നു സഭ കണ്ടത്? മാണി ബഡ്ജറ്റ് അവതരിപ്പിച്ചേ അടങ്ങൂ; അവതരിപ്പിച്ചു. ഞങ്ങളോട് ചോദിച്ചത് നിങ്ങൾ പറഞ്ഞാൽ ബഡ്ജറ്റ് അവതരണത്തിൽ നിന്ന് ധനമന്ത്രിയെ മാറ്റിനിർത്താൻ സാധിക്കുമോയെന്നാണ്?

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ശ്രീ. ജെയിംസ് മാത്യു ഇപ്പോൾ പറയുന്നത് അന്ന് ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ചുവെന്നാണോ? ഇത് കേരളത്തിലെ തർക്ക പ്രശ്നമാണ്. ബഡ്ജറ്റ് അവതരിപ്പിച്ചെന്നും മാണി ഇങ്ങനെ പറഞ്ഞെന്നും സ്പീക്കർ അവിടെ നിന്ന് ഇടയ്ക്കുകൂടി കൈ കാണിച്ചെന്നുമൊക്കെയാണ് ഞാൻ കേട്ടിട്ടുള്ളത്.

<u>ശ്രീ. ജെയിംസ് മാത്യു:</u> സർ, അതിന്റെ സാങ്കേതിക വശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ബഡ്ജറ്റ് അവതരിപ്പിച്ചോ ഇല്ലയോ എന്നുള്ളത് സാങ്കേതിക വിഷയമല്ല. കാരണം ധനവിനിയോഗമൊക്കെ പിന്നീട് നടന്നിട്ടുണ്ട്. ഇങ്ങനെയും ആകാം ബ്ഡജറ്റ് അവതരണം എന്ന് ഒരു പ്രീസിഡന്റുണ്ടാക്കി. അതാണ് സത്യം. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. രണ്ടാമത്തെ വിഷയം, സോളാർ; സരിത. ഞങ്ങളാരും പറഞ്ഞുണ്ടാക്കിയ ഒരു കാര്യമല്ല അത്. ഞങ്ങളാരെങ്കിലുമാണോ അത് കുത്തിപ്പൊക്കി കൊണ്ടുവന്നത്? അല്ല. ഈ കേരളമാകെ മനസ്സിലാക്കിയ ഒരു വലിയ അഴിമതിയുടെ, യഥാർത്ഥത്തിൽ ഒരു വ്യവസായം ആരംഭിക്കാൻവേണ്ടി സത്യസന്ധമായി ആ സ്ത്രീ ആഗ്രഹിച്ചു വന്നതാണോയെന്നും അറിയില്ല. എന്തായാലും പിൽക്കാലത്ത് പറഞ്ഞുകൊണ്ടിരുന്നത് അവർക്ക് അനുഭവിക്കേണ്ടിവന്ന ദുരവസ്ഥയാണ്. ഞാൻ ചോദിക്കുന്നത്, പഴയ സ്മാർത്ത വിചാരം പോലെ ഓരോ ദിവസവും അവർ

പുതിയ പേരുകൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ആദ്യം അവരെ കണ്ടില്ല കേട്ടില്ല പരിചയമില്ല എന്നെല്ലാം പറഞ്ഞ ആളുകൾ, അങ്ങനെയല്ല കാര്യം അത് ഇങ്ങനെയായിരുന്നു കാര്യം, അവിടെ വച്ചല്ല കണ്ടത്, അത് വേറൊരു സ്ഥലത്തു വച്ചാണ് കണ്ടത്, ഇത്രയും തവണ ഫോൺ ചെയ്തിട്ടില്ല, അതിൽ കുറച്ച് കുറവേയുള്ളൂ എന്നൊക്കെ പറയുന്നത് നമ്മൾ കണ്ടതല്ലോ! അങ്ങനെ അന്വേഷണത്തിന് നിയോഗിക്കപ്പെട്ട കമ്മീഷനോട് ഞങ്ങളാരെങ്കിലുമാണോ പ്രഥമദൃഷ്ട്യാ ഇതിന് അടിസ്ഥാനമുണ്ടെന്നു പറയാൻ നിശ്ചയിച്ച് നിർദ്ദേശിച്ചത്. അവർ നിശ്ചയിച്ച കമ്മീഷൻ അവരോട് ഈ പറയുന്ന കാര്യങ്ങളിലെല്ലാം അടിസ്ഥാനമുണ്ടെന്ന് പറയുകയാണ്. അപ്പോൾ ഞങ്ങൾ കാണിച്ച പ്രതിഷേധവും പ്രക്ഷോഭവും ഇപ്പോൾ ഈ കാണിക്കുന്നതുമായി താരതമ്യം ചെയ്ത് പ്രതിഷേധത്തിന്റെ തോതിനെക്കുറിച്ച് തുലനം ചെയ്തും എന്തിനാണ് അവഹേളിക്കുന്നത്? എന്റെ നേതാവും കേരളത്തിന്റെ മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയൻ പറഞ്ഞു, 'നിങ്ങൾ പ്രതിഷേധിക്കുന്നതിനോ സമരം ചെയ്യുന്നതിനോ മുദ്രാവാക്യങ്ങൾ ഉയർത്തുന്നതിനോ ഞങ്ങൾ എതിരല്ല. അതൊക്കെ നിങ്ങൾ തീരുമാനിക്കേണ്ട കാര്യമാണ്. എന്നാൽ ഇതിനുവേണ്ടിയായിരുന്നോ എന്നായിരുന്നു ചോദ്യം'.

ഇന്ന് ഈ സഭയ്ക്കകത്ത് ഒരു ചരിത്ര പ്രസംഗം നടത്തിയ കേരളത്തിന്റെ മുഖ്യമന്ത്രി 40 വർഷം മുമ്പ്, 1977 മാർച്ച് മാസം 30-ാം തീയതി കേരള നിയമസഭയിൽ നടത്തിയ ഒരു പ്രസംഗമുണ്ട്. ഇപ്പോൾ ഇവിടെയില്ലാത്ത സഭാംഗങ്ങൾ അവർക്ക് സമയം കിട്ടുമ്പോൾ അതെടുത്ത് വായിക്കണം. അന്നത്തെ സഭ ആ പ്രസംഗം വരി വ്യത്യാസമില്ലാതെ സ്തബ്ധരായി ഇരുന്ന് കേട്ടു. ആ പ്രസംഗത്തിന്റെ ഉള്ളടക്കം, 1975 സെപ്റ്റംബർ മാസം 28-ാം തീയതി ഈ സഭയ്ക്കകത്ത് ഏറ്റവും പ്രായം കുറഞ്ഞ അംഗമായിരുന്ന അദ്ദേഹത്തെ പോലീസ് അറസ്റ്റ് ചെയ്ത് കൂത്തുപറമ്പ് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ഷർട്ടും ബനിയനും മുണ്ടും ഊരി ഒരു അണ്ടർവെയർ മാത്രം ധരിപ്പിച്ച് രാത്രി മുഴുവൻ 5 പേർ ചുറ്റും നിന്ന് മർദ്ദിച്ച് അവശനാക്കി. പുലർകാലെ ഒടിഞ്ഞുതൂങ്ങിയ കാലുമായിട്ടാണ് കണ്ണൂരിലേയ്ക്ക് അദ്ദേഹത്തെ കൊണ്ടുപോയത്. ആ പ്രായം കുറഞ്ഞ നിയമസഭാ സാമാജികൻ 1977 മാർച്ച് മാസം 30-ാം തീയതി തിരികെ വന്ന് ഈ സഭയിൽ പ്രസംഗിച്ചു. ആ പ്രസംഗത്തിന്റെ വരികൾ അവരൊന്ന് വായിക്കണം, എന്നിട്ട് അവർ മനസ്സിലാക്കണം കാലവും ചരിത്രവും ആളുകളെ എങ്ങനെയാണ് ജനങ്ങൾക്ക് മുന്നിൽ ബോദ്ധ്യപ്പെടുത്തി കൊടുക്കുന്നതെന്ന് അവർ തിരിച്ചറിയണം. ഒരു ലാവ്‌ലിൻ കേസിന്റെ പേരിൽ കേരളത്തിൽ ഗ്രഹണകാലമായിരുന്നു. ഗ്രഹണമുണ്ടാകുമ്പോൾ നമുക്കറിയാം സൂര്യന്റെ കാൽഭാഗത്തോളം വലിപ്പമില്ലാത്ത ചന്ദ്രന് സൂര്യന്റെ കാഴ്ചയെ നമ്മുടെ മുന്നിൽ മറയ്ക്കാൻ സാധിക്കും. ഗ്രഹണകാലത്ത് ഒരു സവിശേഷതയുണ്ട്. ഞാഞ്ഞൂലും ഫണം വിടർത്തും. അതാണ് കുറച്ചുകാലമായി കേരളം കണ്ടത്. ഗ്രഹണമുണ്ടാകുമ്പോൾ മൃഗങ്ങളുടെയും ജീവജാലങ്ങളുടെയും ശബ്ദം

മാറുമെന്നാണ് പറയുന്നത്. ഞാഞ്ഞൂലും ഫണം വിടർത്തുമെന്ന് പറഞ്ഞതുപോലെയായിരുന്നു കേരളത്തിലെ പല രാഷ്ട്രീയ ഭിക്ഷാംദേഹികളുടെയും ശബ്ദം. അതിന് ഭാവപ്പകർച്ച യുണ്ടായിരുന്നു; ശബ്ദമാറ്റമുണ്ടായിരുന്നു. അവരൊക്കെ തിരിച്ചറിയണം ഗ്രഹണകാലത്ത് ചന്ദ്രന് ഭൂമിയിലുള്ള കുറച്ചുപേരിൽനിന്ന് മാത്രമാണ് സൂര്യനെ മറയ്ക്കാൻ സാധിക്കുന്നത്. അപ്പോഴും സൂര്യനുണ്ട്; ആ സൂര്യനെ കാണാൻ ലോകത്ത് മുഴുവൻ ആളുകൾക്കും കഴിയും; ഗ്രഹണം ബാധിച്ച കുറച്ചുപേർക്ക് മാത്രം അത് കാണാൻ സാധിക്കില്ല. അതാണ് കേരളം കഴിഞ്ഞ കുറച്ചുകാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന അവസ്ഥ. ആ കാലം മാറിയിരിക്കുന്നു. ഒരു പുതിയ കാലം വരുമ്പോൾ ഞങ്ങൾ ഇന്നലെകളിൽ കണ്ട സൂര്യതേജസ്സ് ഇപ്പോൾ അവർക്കും കാണാൻ സാധിക്കും. അതുകൊണ്ട് സ്നേഹപൂർവ്വം, വിനയപൂർവ്വം അവരോട് ഞങ്ങൾ പറയാൻ പോകുന്നത് ഒറ്റ കാര്യമാണ്. പാവപ്പെട്ട മനുഷ്യരുടെ ജീവിതത്തെ ഓരോ ഫയലിലും കുരുക്കിയിടുന്നതിനുപകരം ആ ജീവിതങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എടുത്ത നാല് യജ്ഞങ്ങളും ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് ഈ ഗവൺമെന്റ് മുന്നോട്ടുകൊണ്ടുപോകുന്നത്. അതിനോടൊപ്പം നിൽക്കാതെ കാലത്തിനും ചരിത്രത്തിനും മുഖം തിരിഞ്ഞ് നിൽക്കുന്നവരായി അവർ മാറിയാൽ ഒരൊറ്റ കാര്യമേ അവരോട് പറയാനുള്ളൂ. നാഷണൽ ഹെറാൾഡ് പത്രത്തിന്റെ സ്ഥലം വാങ്ങിയതിന്റെ പേരിൽ ഇന്ന് നിങ്ങളുടെ നേതാക്കന്മാരെ സി.ബി.ഐ.-യെയും സെൻട്രൽ എൻഫോഴ്സ്മെന്റിനെയും ഇൻകം ടാക്സ് വകുപ്പിനെയും ഉപയോഗിച്ച് ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അധികാരത്തിന്റെ വിവിധ ശ്രേണികളിലുള്ള ആയുധങ്ങൾ ഉപയോഗിച്ച് രാഷ്ട്രീയ അട്ടിമറി നടത്തുന്ന സംസ്ഥാനങ്ങളിൽ, ആർ.എസ്.എസ്-നാൽ നയിക്കപ്പെടുന്ന ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ ഇത്തരം ഭീഷണിക്കു മുമ്പിൽ അവർ ചൂളിപ്പോകുന്നുണ്ടെങ്കിൽ അവർക്ക് ധൈര്യം പകരാൻ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ കരുത്ത് ഇവിടെയുണ്ട്. നിങ്ങൾ എത്രയും വേഗം അവിടെ സീറ്റ് പിടിക്കുന്നവരായി ആ ക്യൂവിൽ അണി നിരക്കണോ അതല്ല ആർ.എസ്.എസ്-ഉം ബി.ജെ.പി.-യും ഉയർത്തുന്ന വെല്ലുവിളിക്കെതിരായ ചെറുത്തുനിൽപ്പ് പോരാട്ടത്തിൽ ഞങ്ങളോടൊപ്പം വരണമോയെന്ന് തീരുമാനിക്കാൻ അവർക്ക് സമയമുണ്ട്. ആ സമയം ബുദ്ധിപൂർവ്വം വിനിയോഗിച്ച് അവർ പ്രവർത്തിക്കണം. ഈ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങളോടൊപ്പം സഹകരിക്കണം. ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുമ്പോൾ ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തി പ്രകടിപ്പിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾക്കല്ല മറിച്ച് ഒരു സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ പരിരക്ഷ, സംരക്ഷണം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്കാണ് ഞങ്ങൾ പിന്തുണ നൽകുന്നതെന്ന് അവരെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഒരിക്കൽക്കൂടി ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

1.00 PM]

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ ഹൃദയപൂർവ്വം പിന്താങ്ങുകയാണ്. ഫാസിസ്റ്റ് പ്രവണതകളുടെയും ഹിംസാത്മക വർഗ്ഗീയതയുടെയും കൊടിയ സാമ്പത്തിക അനീതികളുടെയും കാലഘട്ടത്തിലൂടെ നമ്മുടെ രാജ്യം കടന്നുപോകുകയാണ്. സാമ്രാജ്യത്വ ശക്തികൾക്കും കോർപ്പറേറ്റുകൾക്കും വേണ്ടി രാഷ്ട്രത്തിന്റെ സാമ്പത്തിക നയങ്ങൾ തീറെഴുതപ്പെട്ടിരിക്കുന്നു. ക്ഷേമ രാഷ്ട്രമെന്ന സങ്കൽപ്പത്തെ തന്നെ കുഴിച്ചുമൂടുന്ന നയപരിപാടികളുമായി കേന്ദ്രം ഭരിക്കുന്ന ശ്രീ. നരേന്ദ്രമോഡി സർക്കാർ മുന്നോട്ടു പോകുമ്പോൾ നന്മയുടെ, ജനപക്ഷ വികസനത്തിന്റെ, മതേതരത്വത്തിന്റെ പ്രകാശ ഗോപുരമാകുകയാണ് നമ്മുടെ കേരളം. 1957-ൽ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ അധികാരത്തിലേറിയ കമ്മ്യൂണിസ്റ്റ് സർക്കാർ ആരംഭിച്ച ജനപക്ഷ വികസനത്തിന്റെ തുടർച്ചയാണ് കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന പല നേട്ടങ്ങളും. ഇവിടെ ഇടതുപക്ഷം നടപ്പിലാക്കുന്ന പല പദ്ധതികളെയും പ്രതിപക്ഷം വിമർശിക്കുകയാണ്. ജീർണ്ണ രാഷ്ട്രീയത്തിന്റെ ഉടമകളായ നിങ്ങൾക്ക് ഇടതുപക്ഷം നടപ്പിലാക്കുന്ന ഏതെങ്കിലും ഒരു ജനകീയ വികസന പദ്ധതിയെ ഏറ്റെടുക്കാൻ കഴിയുമോയെന്ന് വെല്ലുവിളിക്കുകയാണ്. നിങ്ങൾക്ക് കഴിയില്ല. കാരണം നിങ്ങൾക്ക് ഒരു പദ്ധതിയും അഴിമതിരഹിതമായി മുന്നോട്ടുകൊണ്ടുപോകാൻ സാധ്യമല്ല.

നമ്മുടെ ഗവൺമെന്റ് അധികാരത്തിലേറിയതിനുശേഷമുള്ള രണ്ടാമത്തെ ഓണമാണ് വരുന്നത്. ഈ ഓണത്തെ വരവേൽക്കാൻ ഗവൺമെന്റ് സജ്ജമായിക്കഴിഞ്ഞു. 1500 ഓണച്ചന്തകൾ ആരംഭിച്ചുകഴിഞ്ഞു. പ്രാദേശികമായി ഉൽപ്പാദിപ്പിച്ച വിഷരഹിത പച്ചക്കറികളും പഴങ്ങളും സുലഭമായി വിപണിയിൽ എത്തിക്കഴിഞ്ഞു. പ്രകൃതി സംരക്ഷണത്തിന്റെ പാഠം ഉൾക്കൊണ്ടുകൊണ്ട് എല്ലാ കേരളീയനും കർഷകരായി മാറുകയാണ്. തരിശായി കിടന്ന നെൽപ്പാടങ്ങളിൽ പൊന്ന് വിളയിക്കുന്നു. ആറന്മുളയിലെ വയലുകളിൽ വിളഞ്ഞ നെല്ലിന്റെ അരി വിപണിയിൽ എത്തിക്കഴിഞ്ഞു. കർഷകൻ ഏറ്റെടുത്ത ദൗത്യങ്ങൾക്ക് താങ്ങും തണലുമായി ഇടതുപക്ഷ സർക്കാർ ഉണ്ട്. കർഷകന് ഉണ്ടാകുന്ന നഷ്ടങ്ങൾ ഏറ്റെടുക്കുവാൻ പാകത്തിൽ വിള ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കുന്നു. കർഷക തൊഴിലാളി പെൻഷനുകൾ വർദ്ധിപ്പിച്ചു. വളരെ ലക്ഷ്യബോധത്തോടെ, തികഞ്ഞ ആത്മവിശ്വാസത്തോടെ കർഷകൻ പണിയെടുത്ത് സമൃദ്ധിയുടെ, നിറവിന്റെ ഒരു ഓണക്കാലം കൂടി സമാഗതമായിരിക്കുകയാണ്. എല്ലാ വിഭാഗം ജനങ്ങൾക്കും സമൃദ്ധമായ ഒരു ഓണത്തെ വരവേൽക്കാം.

അടിസ്ഥാന സൗകര്യവികസനം മുതൽ സ്വസ്ഥവും സമാധാനപൂർണ്ണവുമായ ജീവിതം വരെ അനേകം പ്രതീക്ഷകൾ ഉൾക്കൊള്ളുന്നതാണ് ശരാശരി കേരളീയന്റെ ജീവിതം. ഒരു സാധാരണ കേരളീയന്റെ എല്ലാ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കുമുള്ള

പൂർത്തീകരണമാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. അടിസ്ഥാനസൗകര്യ വികസനം വളരെ സാമ്പത്തിക ചെലവ് വേണ്ടിവരുന്ന ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യ സുരക്ഷ, ഭവന നിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം എന്നീ മേഖലകളിൽ ഭാവനാപൂർണ്ണമായ പദ്ധതികളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ലക്ഷ്യമിടുന്നത്.

നവകേരളം ദീർഘവീക്ഷണത്തോടുകൂടിയ ഒരു വികസന സമീപനമാണ്. ആരോഗ്യ സുരക്ഷയുടെ കാര്യത്തിൽ ഒരു പുതിയ സംസ്കാരം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന ആർദ്രം പദ്ധതി, മനുഷ്യത്വപരമായ സമീപനത്തിലൂടെ രോഗീസൗഹൃദ ആശുപത്രികളായി സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും മാറുകയാണ്. മാറിയ കാലത്തിനനുസരിച്ച് മനുഷ്യനുണ്ടാകുന്ന രോഗങ്ങളെ കാര്യക്ഷമമായി പ്രതിരോധിക്കുന്നതിന് പര്യാപ്തമായ ഈ പദ്ധതി നമ്മുടെ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾ വളരെ പ്രതീക്ഷയോടെയാണ് ഉറ്റുനോക്കുന്നത്. നമ്മുടെ ഗവൺമെന്റ് നടപ്പിലാക്കിവരുന്ന ലൈഫ് പദ്ധതി വെറുമൊരു ഭവന നിർമ്മാണ പദ്ധതിയല്ല. ദരിദ്രരും അഗതികളും ഭൂരഹിതരുമായ ജനങ്ങളെ ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടുകളുടെയും നടുവിൽനിന്നും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സമഗ്ര സമീപനമാണ്. ഭൂമിയുള്ള ഭവനരഹിതരെ വിവിധ സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തവർ, ഭൂമിക്ക് കൈവശാവകാശമോ പട്ടയമോ ലഭിച്ചിട്ടില്ലാത്തവർ തുടങ്ങി എല്ലാ വിഭാഗത്തിലുംപെട്ടവർക്ക് വാസയോഗ്യമായ വീടും മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളും അനുഭവവേദ്യമാക്കുന്നതാണ് ഈ പദ്ധതി. ഇതൊരു ജനകീയ മുന്നേറ്റമാണ്. ഇത് ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് മാത്രം കഴിയുന്നൊരു മുന്നേറ്റമാണ്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഇഴഞ്ഞുനീങ്ങിയ വൻകിട പദ്ധതികൾ ഊർജ്ജസ്വലമായി മുന്നോട്ടുകൊണ്ടു പോകുകയാണ്. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചുകഴിഞ്ഞു. രണ്ടാംഘട്ട പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്. യു.ഡി.എഫ്. ഭരണകാലത്ത് 131.6 കോടി രൂപയുടെ നഷ്ടം ഉണ്ടാക്കിയിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം പകുതിയായി കുറഞ്ഞു. തകർന്ന വ്യവസായ മേഖലയ്ക്ക് പുതുജീവൻ നൽകി തൊഴിൽ ഉടമയും തൊഴിലാളിയും തമ്മിലുള്ള ബന്ധം സംഘർഷരഹിതവും വികസനോന്മുഖവുമാക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി മുൻകയ്യെടുക്കുകയാണ്.

കശുവണ്ടി വ്യവസായത്തെ ആശ്രയിച്ച് ജീവിക്കുന്ന മൂന്ന് ലക്ഷത്തിലധികം വരുന്ന തൊഴിലാളി കുടുംബങ്ങളുടെ ജീവിതം ഇന്ന് സന്തോഷപൂർണ്ണമാണ്. തകർന്നു കിടന്ന കശുവണ്ടി വ്യവസായത്തെ പുനഃസംഘടിപ്പിച്ച് ലാഭത്തിലാക്കുന്നതിന് ശ്രമിക്കുകയാണ്. കശുവണ്ടി വ്യവസായ വകുപ്പിനും അതിന്റെ അമരക്കാരിക്കും എന്റെ അഭിനന്ദനങ്ങൾ ഈ അവസരത്തിൽ അർപ്പിക്കുന്നു. കശുവണ്ടി പരിപ്പിന്റെ കയറ്റുമതിക്ക് പുതിയ മേഖല കണ്ടെത്താൻ സാധ്യമായിട്ടുണ്ട്. കേരളത്തിലെ ഫാക്ടറികൾക്കാവശ്യമായ അസംസ്കൃത തോട്ടണ്ടി ലഭിക്കുന്നതിന് ദീർഘകാല കരാറുകൾ ഉണ്ടാക്കിയതിനോടൊപ്പം തന്നെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും

ഭാവനാപൂർണ്ണമായ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇത് ഏറ്റവും പാവപ്പെട്ട ജനവിഭാഗത്തിനുവേണ്ടിയുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഉത്തരവാദിത്തമാണ്. അത് നിറവേറ്റിത്തുടങ്ങിയിരിക്കുന്നു.

കേരളം പാലിനും മുട്ടയ്ക്കും മാംസത്തിനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കാലം ഒരു പഴങ്കഥയായി മാറുകയാണ്. ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ, ആഭ്യന്തര ക്ഷീരോൽപ്പാദനത്തിലുണ്ടാക്കിയ മാറ്റം എന്നിവ കേരളത്തെ പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തിക്കുമെന്നതിൽ സംശയമില്ല. മുട്ടക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ മാതൃകാപരമാണ്. മുട്ടയുടേയും മാംസത്തിന്റേയും ഉൽപ്പാദനത്തിൽ ഹ്രസ്വകാലം കൊണ്ടുണ്ടായ വർദ്ധനവ് ഭാവനാപൂർണ്ണമായ നേതൃത്വത്തിന്റെ ഫലമായി വന്നുചേർന്നതാണ്.

ക്ഷേമ പെൻഷനുകൾ കുടിശ്ശിക രഹിതമായി വിതരണം ചെയ്തു കഴിഞ്ഞു. 900 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പ ഗവൺമെന്റ് ഏറ്റെടുത്തു. അധഃസ്ഥിതരും നിരാലംബരുമായ ജനവിഭാഗങ്ങളുടെ താങ്ങും തണലുമായി കേരള സർക്കാർ മുന്നേറുമ്പോൾ ക്രമസമാധാനത്തിന്റെ ഇല്ലാ കഥകൾ പ്രചരിപ്പിച്ച് ഭരണഘടനയുടെ 356-ാം വകുപ്പ് പ്രയോഗിച്ച് സംസ്ഥാന ഗവൺമെന്റിനെ പിരിച്ചുവിടുന്നതിനുള്ള കുൽസിത ശ്രമമാണ് കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടി രിക്കുന്നത്. ഫാസിസ്റ്റ് കോർപ്പറേറ്റ് താൽപ്പര്യങ്ങൾ മാത്രം നടപ്പിലാക്കുന്ന കേന്ദ്രവും ബി.ജെ.പി.-യും ജനോപകാരപ്രദമായി മാത്രം പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിനെ അട്ടിമറിക്കാൻ ശ്രമിക്കുമ്പോൾ, അടുത്ത ദിവസങ്ങളിൽ ഉത്തർപ്രദേശിൽ പ്രാണവായു ലഭിക്കാതെ മരണപ്പെട്ട കുട്ടികളുടെയും അവരുടെ കുടുംബങ്ങളുടെയും ദുര്യോഗം കൂടി നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ ആരോഗ്യരക്ഷയ്ക്കുവേണ്ടി സംവിധാനങ്ങൾ ഒരുക്കുന്നതിനുപോലും കഴിയാത്ത ഗവൺമെന്റുകളാണ് ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഉള്ളതെന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. സാമ്പത്തിക മേഖലയിലെ നെറികെട്ട തീരുമാനങ്ങളിലൂടെ നിരന്തരം ആഘാതം സൃഷ്ടിക്കുന്ന സാമ്പത്തിക വാണിജ്യ നയങ്ങൾക്കിടയിലും ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിന്റെ എല്ലാ അർത്ഥതലങ്ങളിലുമുള്ള നയപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. കാരണമായി ഒട്ടേറെ കാര്യങ്ങൾ പറയാനുണ്ടെങ്കിലും എനിക്ക് ഒരു മിനിറ്റ് സമയം മാത്രമേ സംസാരിക്കാനുള്ളൂ എന്നതുകൊണ്ട് ഒരൊറ്റ കാര്യത്തിൽ ഞാൻ ഊന്നി നിൽക്കുന്നു. സാധാരണ നിയമസമാധാനം സംരക്ഷിക്കേണ്ട ചുമതല സംസ്ഥാനത്തിന്റേതാണ്. പക്ഷേ അതിനേക്കാളേറെ പ്രാധാന്യമുള്ള ഒരു കാര്യമാണ് രാജ്യത്തിന്റെ സുരക്ഷിതത്വം.

നമ്മുടെ നാടിനെ സംരക്ഷിക്കുന്ന പട്ടാളക്കാരെ വെടിവച്ച് കൊല്ലാനും ഭീകരപ്രവർത്തനം നടത്താനുംവേണ്ടി കാശ്മീരിൽ പോകുന്ന ആളുകൾ കേരളത്തിൽ നിന്നുള്ളവരാണ്. അതുപോലെ ഭീകരപ്രവർത്തനവുമായി ബന്ധപ്പെട്ട് ബോംബ് നിർമ്മാണവും സ്ഫോടനവും നടത്തുന്ന ആൾക്കാർക്ക് പരിശീലനം നൽകുന്നത് കേരളത്തിലാണ്. മാവോയിസ്റ്റ് പ്രവർത്തനങ്ങൾ കേരളത്തിൽ ശക്തിപ്രാപിക്കുന്നതുമൂലമുണ്ടാകുന്ന വിപത്തിനെക്കുറിച്ച് അധികാരികൾ പറയാൻ തുടങ്ങിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ഭീകരപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി പ്രത്യേക സംവിധാനമുണ്ടാക്കണമെന്ന് കേന്ദ്രസർക്കാർ രാജ്യരക്ഷയുടെ കാഴ്ചപ്പാടിലൂടെ ഒരിക്കലല്ല രണ്ടുതവണ ആവശ്യപ്പെട്ടിട്ടും അതിനോട് മുഖം തിരിച്ച്, ആ രീതിയിൽ യാതൊരു നടപടിയും സ്വീകരിക്കാൻ തയ്യാറാകാത്ത സമീപനം രാജ്യരക്ഷയ്ക്ക് സഹായകമായിട്ടുള്ളതല്ല. അതിന് മുൻഗണന കൊടുക്കണം. ആഭ്യന്തര വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽകൂടി എതിർക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, കേരളത്തിൽ കടലിലൂടെയുള്ള ആക്രമണങ്ങൾ തടയുന്നതിന് കോസ്റ്റ് ഗാർഡ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ട് കുറച്ചുകാലമായി. സമീപകാലത്തൊന്നും അത്തരം സംഭവങ്ങൾ കേരളത്തിലുണ്ടായതായി അറിയില്ല. എന്നാൽ മതപരമായ സംഘട്ടനങ്ങളും തീവ്രവാദം വളരലുമൊക്കെ കുറച്ചുകാലമായി കേരളത്തിലുണ്ട്. ഇവിടത്തെ എല്ലാമതങ്ങളിലും തീവ്രവാദം വളർത്താനിടയാക്കിയ സാഹചര്യങ്ങൾ എന്തായിരുന്നുവെന്ന് ഒരു മിനിറ്റുകൊണ്ട് പറയാൻ സാധിക്കില്ല. സമാധാനപ്രിയരായിരുന്ന ഇന്ത്യയിലെ ജനങ്ങൾ ലോകത്തിന് മാതൃകയായിരുന്നു. മൈനോരിറ്റീസായ മുസ്ലീം സമുദായമടക്കം, പല മുസ്ലീം രാജ്യങ്ങളിലും മുസ്ലീങ്ങൾ തമ്മിൽ പരസ്പരം ഏറ്റുമുട്ടലുണ്ടായപ്പോൾ പോലും കേരളത്തിലെ ന്യൂനപക്ഷങ്ങൾ ലോകത്തിനുതന്നെ മാതൃകയായിനിന്നു. പക്ഷേ അവിടെയും തീവ്രവാദമുണ്ടാക്കുന്നതിന് സഹായകരമായ അന്തരീക്ഷം, ന്യൂനപക്ഷങ്ങൾക്ക് ഭയപ്പാടുണ്ടാകുന്ന സാഹചര്യം ഇന്ത്യയിൽ ആരുണ്ടാക്കി? ആ ന്യൂനപക്ഷങ്ങളിൽ ഒരു ശതമാനത്തിനെയെങ്കിലും തീവ്രവാദം വളർത്തുന്നതിന് കാരണമായ മാനസികാവസ്ഥയിലേയ്ക്ക് കൊണ്ടുപോകാൻ ഇടയാക്കിയതിൽ നമുക്കുള്ള ഉത്തരവാദിത്തം ഓരോരുത്തരും ആലോചിക്കണം. സമാധാനത്തിലൂടെ മാത്രമേ ഇന്ത്യയ്ക്ക് മുന്നോട്ടുപോകാൻ സാധിക്കൂ. സ്വാതന്ത്ര്യ സമരകാലത്ത് അഹിംസാത്മകമായ സ്വാതന്ത്ര്യം നേടി ലോകത്തിന് മാതൃകയായിരുന്ന രാജ്യമായിരുന്നു നമ്മുടേത്. ദൗർഭാഗ്യവശാൽ ഇന്ത്യാ വിഭജനത്തിന്റെ സമയത്ത് ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ ഏറ്റുമുട്ടി ഈ രാജ്യത്തിലൂടെ രക്തപ്പുഴ ഒഴുകുകയുണ്ടായി. മതപരമായും സമാധാനപരമായും സൗഹൃദമുണ്ടെങ്കിൽ മാത്രമേ ഇന്ത്യയ്ക്ക് നിലനിൽക്കാൻ സാധിക്കുകയുള്ളൂ. ഇന്ത്യയ്ക്ക് അയൽരാജ്യത്തുനിന്നും സംഘടിതമായ ഭീഷണി ഒരിക്കലുമുണ്ടായിട്ടില്ല. നമ്മുടെ അയൽരാജ്യങ്ങളുമായി നമ്മൾ നല്ല ബന്ധത്തിലായിരുന്നു. ശ്രീ. വാജ്പേയി വിദേശകാര്യ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹം ചൈനയിൽ

പോയി ഇന്ത്യയും ചൈനയും തമ്മിലുള്ള സൗഹാർദ്ദം ദൃഢമാക്കി. ഇന്ത്യാ-ചൈന യുദ്ധത്തിനുശേഷവും നമ്മുടെ അയൽരാജ്യമായിരുന്ന ചൈനയുമായി സൗഹാർദ്ദ ത്തിലായിരുന്നു. അങ്ങനെയുള്ള നമ്മുടെ രാജ്യത്തിന്റെ അകത്തും പുറത്തുമുള്ള സമാധാനാന്തരീക്ഷം തകർക്കാനിടയാക്കിയ സംഭവങ്ങളാണിത്. അത് നമ്മൾ ഓരോരുത്തരും പരിശോധിക്കണം. ഇന്ത്യ മറ്റ് രാജ്യങ്ങൾക്ക് മാതൃകയാകണം. സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നമ്മൾ മാതൃകയാകണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആശുപത്രികളിലും വിദ്യാലയങ്ങളിലും എല്ലാ മേഖലകളിലും മാറ്റം വന്നിരിക്കുന്നു. സാധാരണക്കാരന്റെ മക്കൾ മറ്റ് വിദ്യാലയങ്ങളിൽ നിന്നും സർക്കാർ സ്കൂളുകളിൽ വരുന്നു. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കുന്നു. ഇങ്ങനെയുള്ള മാറ്റങ്ങൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കുന്ന ഗവൺമെന്റിന്റെ ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, നമ്മുടെ സഭ ഇന്ന് പിരിയുകയാണ്. ഭാരതത്തിന്റെ ഇന്നത്തെ രാഷ്ട്രീയ സാഹചര്യം കണ്ടില്ലെന്നുവച്ച് പോകാൻ നമുക്കാവില്ല. ഇന്ന് ഇന്ത്യയിലെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളും ബി.ജെ.പി.-യുടെയും ബിജെ.പി.-യോടൊപ്പം ചേർന്നുനിൽക്കുന്ന കക്ഷികളുടെയും കൈകളിലാണ്. ഇടതുപക്ഷ ജനാധിപത്യ ചിന്താഗതിയും സോഷ്യലിസ്റ്റ് കാഴ്ചപ്പാടുമുള്ള ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു തുരുത്തായി കാണുന്നത് ഈ കൊച്ചുകേരളത്തെയാണ്. ആ നിലയ്ക്ക് പിണറായി സർക്കാരിന് വലിയ ജോലി നിർവ്വഹിക്കാനുണ്ടെന്ന കാഴ്ചപ്പാടാണ് എനിക്കുള്ളത്. ന്യൂനപക്ഷങ്ങളെ സംബന്ധിച്ച് ഇന്ത്യൻ ഭരണഘടനയ്ക്ക് രൂപം നൽകിയ മഹാനായ അംബേദ്കർ എഴുതിവച്ച കാര്യങ്ങൾ നൂറ് ശതമാനവും പ്രാവർത്തികമാക്കാനുള്ള ബാധ്യത ഇന്ത്യയിലെ ജനങ്ങൾക്കുണ്ട്. ഇപ്പോൾ വന്നിരിക്കുന്ന ദേശീയ നേതൃത്വത്തിന്റെ രാഷ്ട്രീയം അവിടെ നിൽക്കട്ടെ, ഈ കൊച്ചുകേരളം ഒരു തുരുത്താണെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ആ മുസ്ലീം ജനസാമാന്യങ്ങളും ന്യൂനപക്ഷങ്ങളാണ്. ആ മുസ്ലീം ജനസാമാന്യത്തിന് മഹാനായ അംബദ്കർ എന്തുചൂണ്ടിക്കാണിച്ചോ അതനുസരിച്ചുള്ള ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന സാഹചര്യം ഒരു കാരണവശാലും നഷ്ടപ്പെടുത്തിക്കൂടാ എന്ന് തീരുമാനിക്കാനുള്ള ബാധ്യത ഈ ഗവൺമെന്റിനുണ്ട്. ഇന്ന് രാവിലെ നടന്ന ചർച്ചയിലെല്ലാം ഇതായിരുന്നു വിഷയം. പ്രസ്തുത ചർച്ചയിലും ആ മുസ്ലീം സമുഹത്തോട് നൂറ് ശതമാനം നീതി പുലർത്താൻ കഴിയുമെന്ന് പ്രഖ്യാപിക്കാൻ നിങ്ങൾക്ക് കഴിഞ്ഞോയെന്ന് നിങ്ങൾ ചർച്ച ചെയ്യണമെന്ന് ഞാൻ സൂചിപ്പിക്കുന്നു. കുറെ നല്ല കാര്യങ്ങൾ പറഞ്ഞു. പക്ഷേ നമ്മൾ ആലോചിക്കേണ്ട ഒരു പ്രശ്നമുണ്ട്, ഭരണഘടനയുടെ 153 (എ) എടുക്കുമ്പോൾ അത് ഒരു വിഭാഗത്തിന്റെ പേരിൽ മാത്രമാക്കിയാൽ അത് എവിടെപ്പോയി നിൽക്കും; അത് വീണ്ടും തെറ്റിദ്ധാരണ

യുണ്ടാക്കില്ലേ? അക്കാര്യങ്ങൾ ചർച്ച ചെയ്യുന്നത് നന്നാവും എന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത് ആയിരം കോടി രൂപ ഗ്രാമീണ റോഡുകൾ നന്നാക്കാൻ വേണ്ടി പി.ഡബ്ല്യൂ.ഡി. മന്ത്രിക്ക് നിർബന്ധമായും നൽകണം. ഈ രാജ്യത്ത് അത്യാവശ്യമുള്ള ഒരു കാര്യമാണിത്.

നമ്മുടെ വാട്ടർ അതോറിറ്റിയെ സംബന്ധിച്ച വിഷയം, നമ്മൾ കുടിവെള്ളമില്ലാതെ അലയാൻ പോകുകയാണ്. കുടിവെള്ളമില്ലാത്ത നാട് എന്നത് നമുക്ക് ഭൂഷണമല്ല. അതിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള സന്മനസ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കാണിക്കണം. അദ്ദേഹം വിചാരിച്ചാൽ അതുണ്ടാകും. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ എനിക്കറിയാം, ഞാൻ അറിയുന്നതുപോലെ ഈ സഭയിൽ ആരും അദ്ദേഹത്തെ അറിയില്ല. അങ്ങ് വിചാരിച്ചാൽ ഉണ്ടാക്കാൻ കഴിയുമെന്ന് ബോദ്ധ്യമുള്ളതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്.

ഹൈടെക് സ്കൂളുകളുടെ കാര്യം പറഞ്ഞു, അത് എങ്ങനെ നടപ്പാക്കും? അതുസംബന്ധിച്ച ഒരു വിശദീകരണം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പറ്റി എല്ലാവരും പറയുന്നു, പുകഴ്ത്തുന്നു. ഞാൻ അതിനെ എതിർക്കുന്നില്ല. കാരണം രണ്ട് വർഷം വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നപ്പോൾ, 1676 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ച് കേരളത്തെ ഇരുട്ടിൽ നിന്നും രക്ഷിച്ച വ്യക്തിയാണ് അദ്ദേഹമെന്ന് അന്നും പറഞ്ഞു, ഇന്നും പറയുന്നു. അതിൽ തർക്കമില്ല. പക്ഷേ അദ്ദേഹം പോലീസ് വകുപ്പിനെ ശ്രദ്ധിക്കുന്നില്ല എന്ന ഒരു പരാതി എനിക്കുണ്ട്. പോലീസ് വകുപ്പിൽ ചില ആളുകളുടെ കയ്യാങ്കളിയും തന്നിഷ്ടവും നടക്കുകയാണ്. ഞാൻ ഇന്ന് രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു കത്ത് കൊടുത്തു. അതിന്റെ പകർപ്പാണ് എന്റെ കയ്യിൽ ഇരിക്കുന്നത് (പേപ്പർ ഉയർത്തിക്കാട്ടി). അത് ഞാൻ വായിക്കുന്നില്ല. പക്ഷേ ഒരു വനിത എ.ഡി.ജി.പി. അവർക്ക് ഇഷ്ടമില്ലാത്തവരെ കള്ളക്കേസിൽ കുടുക്കി, എന്തിനേറെ പറയുന്നു, പാവപ്പെട്ട സ്വാമിയുടെ ജനനേന്ദ്രിയം മുറിച്ച കേസ്സുപോലും ആ വനിതാ എ.ഡി.ജി.പി.-യുടെ ഗൂഢശ്രമത്തിന്റെ ഭാഗമാണെന്നു പറഞ്ഞാൽ നിഷേധിക്കാനാവില്ല. അതുപോലെ കേസ്സുകൾ പലതുമുണ്ട്. ഞാൻ കൊടുത്ത കത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയുണ്ടാകണമെന്നും അതോടൊപ്പം ഇതുസംബന്ധിച്ച വിശദമായ കത്ത് മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നതാണെന്നും സൂചിപ്പിച്ചുകൊണ്ട് ചുരുക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്താങ്ങുന്നു. ഈ സർക്കാരിന്റെ ഇക്കഴിഞ്ഞ കാലയളവിലുള്ള പ്രവർത്തനം

നേരത്തേ എന്റെ സഹപ്രവർത്തകരായ ശ്രീ. ജെയിംസ് മാത്യു ഉൾപ്പെടെയുള്ളവർ സംസാരിച്ച സന്ദർഭത്തിൽ സൂചിപ്പിച്ചതുപോലെ ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നിറവേറ്റി നമ്മുടെ കേരളത്തെ പുരോഗതിയുടെ സുവർണ്ണ വീഥിയിലൂടെ കൈപിടിച്ച് നയിക്കാൻ പര്യാപ്തമാകുന്ന വലിയ പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. ഈ സഭയിൽ വിശേഷിച്ച് പ്രതിപക്ഷം ഇവിടെയില്ലാതെ നമ്മുടെ ഭരണരംഗത്തെ നേട്ടം ഒരുപാട് നേരം എടുത്തുപറയാൻ ഉദ്ദേശിക്കുന്നില്ല. അവർ കൂടിയുണ്ടാകണം. അവർക്കാണല്ലോ ഇത് ബോദ്ധ്യപ്പെടേണ്ടത്. ഇന്ന് സഭ പിരിയുകയാണ്. ഈ സമ്മേളനത്തിൽ ഇത്രയും ദിവസം പ്രതിപക്ഷം ഉന്നയിച്ച ചില പ്രശ്നങ്ങളുണ്ട്. അത് പരിശോധിച്ചുകഴിഞ്ഞാൽ ഈ സർക്കാരിന്റെ പ്രവർത്തനമികവ് ആർക്കും ബോദ്ധ്യപ്പെടാവുന്നതാണ്. അവർ ഉന്നയിച്ച ഏറ്റവും പ്രധാനപ്പെട്ട പ്രശ്നത്തെ ആസ്പദമാക്കി സമരം നടത്തുകയാണ്. പക്ഷേ അതിൽ ഉളുപ്പിന്റെ ഒരംശമെങ്കിലും അവരുടെ മനോമുകുരത്തിൽ ഉണ്ടെങ്കിൽ എഴുന്നേറ്റ് പോകും. അടുത്ത സഭ എന്നാണോ കൂടുന്നത് അന്ന് വന്ന് ആരോഗ്യവകുപ്പുമന്ത്രിയോട് ക്ഷമ പറയും. അവർ എന്താണ് ചെയ്യുന്നതെന്ന് അവർക്ക് അറിയില്ല. അവർ ഉന്നയിച്ച പ്രധാനപ്പെട്ട കാര്യങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ഇന്നത്തെ കോടതി നിലപാടിലൂടെ വ്യക്തമായിട്ടുണ്ട്. എന്താണ് കോടതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നറിയാതെ, പ്രത്യേകിച്ച് സർക്കാരിനെതിരെ ഉന്നയിക്കാനുള്ള വിഷയവും ലഭിക്കാത്തതുകൊണ്ടാണ് ഈ പ്രശ്നത്തെ കടന്നുപിടിച്ചത്. സഭാസമ്മേളന കാലയളവിൽ ഉയർന്നുവരേണ്ട ഒരു പ്രശ്നമാണ് സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ. ഈ നാട്ടിൽ അത്തരം പ്രശ്നങ്ങളൊന്നും നടക്കാത്തതുകൊണ്ടല്ല, സംഭവങ്ങളൊക്കെ ചിലപ്പോഴുണ്ടാകും. പഴയതിനെക്കാൾ അളവ് കുറഞ്ഞിട്ടുണ്ടാകും. മാത്രമല്ല ഇന്ന് ഈ നാടിനെ പിടിച്ചുകുലുക്കിയ, ഒരു സിനിമാ നടി പീഡിപ്പിക്കപ്പെട്ട പ്രശ്നം കഴിഞ്ഞ കുറെ നാളുകളായി മാധ്യമങ്ങളിലൊക്കെ വലിയ സംവാദമായിരുന്നു. പക്ഷേ അത്തരത്തിലുള്ള ഒരു പ്രശ്നം ഈ നിയമസഭയിൽ ഉന്നയിക്കേണ്ട അവസ്ഥ ഇവർക്കുണ്ടായില്ല. പ്രതിപക്ഷത്തിന് കൊണ്ടുവരേണ്ടിവന്നില്ല. കാരണം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ചെയ്യേണ്ട കാര്യങ്ങളിൽ ഏറ്റവും ശക്തമായ നിലപാടുകളുണ്ടായി. അവിടെ സൂപ്പർ താരമാണോ മഹാ നേതാക്കന്മാരാണോ എന്നൊന്നും നോക്കാതെ കുറ്റവാളികൾ ആരാണോ അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്ന കാര്യത്തിൽ ഈ സർക്കാരും ആഭ്യന്തര വകുപ്പും ഒരു ചാഞ്ചല്യവുമില്ലാത്ത നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് യഥാർത്ഥത്തിൽ അവർക്ക് അത്തരമൊരു ഇഷ്യൂ ഉന്നയിക്കാൻ പോലുമുള്ള സാഹചര്യമില്ലാത്തത്. ആരോഗ്യ വകുപ്പിനെതിരെ ഉന്നയിച്ചതുപോലെ ഉന്നയിക്കാനായി എന്തെങ്കിലും ഉന്നയിച്ചുകൊണ്ടുവന്നാൽ നേരെ തിരിച്ചടി നന്നായി കിട്ടും എന്നവർക്ക് അറിയാം. പറയാൻ പറ്റാത്ത പരുവത്തിലാണ് അവരുടെ നില. ഈ സഭയ്ക്കകത്ത് തന്നെ അവരെ സംബന്ധിച്ചിടത്തോളം പ്രതിരോധത്തിലാണ്. ഇതാണ് പ്രതിപക്ഷത്തിന്റെ അവസ്ഥ. പ്രതിപക്ഷം ഇവിടെ ബാലാവകാശ കമ്മീഷനുമായി ബന്ധപ്പെട്ടാണ് ആക്ഷേപം ഉന്നയിച്ചത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരിവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇവിടെ ബഹുമാന്യയായ ആരോഗ്യവകുപ്പുമന്ത്രിക്കെതിരായി ഉണ്ടായ പരാമർശങ്ങൾ ഹൈക്കോടതി നീക്കം ചെയ്തുവെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കേസ്സിൽ വാദം കേൾക്കുന്ന സമയമുണ്ടായ പരാമർശങ്ങളെ മാധ്യമങ്ങൾ വലിയ വിവാദമാക്കിയതിനെയും കോടതി വിമർശിച്ചിട്ടുണ്ട്. കോടതി പറഞ്ഞത് ഞങ്ങൾ കോടതിയിൽ പലതും പറയും, അത് കോടതിയിൽ കേസ് മനസ്സിലാക്കാൻ വേണ്ടിയാണ്. അല്ലാതെ പത്രക്കാർക്ക് റിപ്പോർട്ട് ചെയ്യാൻ എഴുതിയ ഉത്തരവുകളല്ല. കോടതിയുടെ സുഗമമായ നടത്തിപ്പിന് ദോഷകരമായി ബാധിക്കുന്ന വിധത്തിൽ മാധ്യമങ്ങൾ വാർത്ത കൊടുക്കാൻ പാടില്ല. ഈ കേസ് ഇന്ന് അപ്പീലിന് ഡിവിഷൻ ബഞ്ചിന് മുമ്പിൽ കിടക്കുന്ന സമയത്താണ് റൂൾ 50 പ്രകാരം ഇത് ഇവിടെ ഉയർത്തിക്കൊണ്ടുവന്നത്. യഥാർത്ഥത്തിൽ അത് എന്റർടെയ്ൻ ചെയ്യാൻ പാടില്ല എന്നുള്ളത് ആ സമയത്തുതന്നെ ഞാൻ പറഞ്ഞതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷം എത്രയും പെട്ടെന്ന് ആ സത്യാഗ്രഹം അവസാനിപ്പിച്ച് മാപ്പ് പറയുന്നതായിരിക്കും ഏറ്റവും നല്ലത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഇതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. ഇത്രയും ദിവസം അടിസ്ഥാനരഹിതമായിട്ടുള്ള ഒരു ആരോപണമുന്നയിച്ചുകൊണ്ട് നമ്മുടെ ആരോഗ്യവകുപ്പുമന്ത്രിയെ മുൾമുനയിൽ നിർത്തുകയായിരുന്നു. മാധ്യമങ്ങളും അതിന് പങ്കുവഹിച്ചു. അതെല്ലാം ധീരമായി നേരിട്ട്, താൻ ഒരു അപരാധവും ചെയ്തിട്ടില്ലെന്ന ബോദ്ധ്യത്തിൽ ഒരു കമ്മ്യൂണിസ്റ്റുകാരിക്ക് നിരക്കുന്ന നിലയിൽ നെഞ്ചൂക്കോടെ തന്നെ ഈ സർക്കാരിനെയും നയങ്ങളെയും പ്രതിരോധിച്ച ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറെ ഞാൻ അഭിനന്ദിക്കുകയാണ്. ബാലാവകാശ കമ്മീഷനുമായി ബന്ധപ്പെട്ടുകൊണ്ട് അവർ ഉന്നയിച്ച ആക്ഷേപം എന്താണ്; ഒരംഗമായി നിയമിച്ച ആളിന്റെ പേരിൽ കേസ്സുകളുണ്ടെന്നാണ്. നേരത്തേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞു സാധാരണ ധർണ്ണയിലും സമരത്തിലുമൊക്കെ പങ്കെടുത്തതിന്റെ കേസ്സുകളാണത് എന്ന്. പൊതുപ്രവർത്തകർക്കൊക്കെ ഉണ്ടാകുന്ന കേസ്സുകളുണ്ടാകും. ഇവിടെ ആ വിഷയം ഉന്നയിക്കുന്ന പ്രതിപക്ഷനേതാവുൾപ്പെടെ അപ്പുറത്തിരിക്കുന്ന ആളുകളുടെ പേരിൽ അത്തരത്തിലുള്ള കേസ്സുകളില്ലേ; യഥാർത്ഥ ക്രിമിനൽ കേസ് പ്രതിപക്ഷനേതാവിന്റെ പേരിൽ വരാൻ പോകുന്നതേയുള്ളൂ. വരേണ്ട കാര്യമുണ്ട്. ഇന്നലെ ആരോഗ്യ വകുപ്പുമന്ത്രിക്കെതിരെ എന്ത് ആക്ഷേപവും ഉന്നയിക്കുക എന്ന നിലയിൽ വ്യാജരേഖ ചമച്ചുകൊണ്ടുവന്നു. കെ.എച്ച്.ആർ. ഡബ്ല്യൂ.എസ്.-ന്റെ നിയമനവുമായി ബന്ധപ്പെട്ട് ആക്ഷേപമുന്നയിക്കാൻ വേണ്ടി കൃത്രിമ രേഖയുണ്ടാക്കി. നമ്മളൊക്കെ മനസ്സിലാക്കിയിടത്തോളം ഗവൺമെന്റ് നിയമാനുസൃതം മാത്രമാണ് അവിടെ പ്രവർത്തിച്ചത്. ഓരോ ഗവൺമെന്റിനും പ്രധാന തസ്തികകളിൽ ആളുകളെ നിയമിക്കാൻ അവകാശമുണ്ട്, ഡെപ്യൂട്ടേഷനിൽ

നിയമിക്കാനുള്ള അവകാശമുണ്ട്. അതനുസരിച്ച് അധികാരം വിനിയോഗിച്ചിട്ടേയുള്ളൂ. പക്ഷേ അവിടെ നിയമവിരുദ്ധമായി കാര്യങ്ങൾ ചെയ്തുവെന്ന് സ്ഥാപിക്കാൻവേണ്ടി പ്രതിപക്ഷനേതാവ് പത്രസമ്മേളനം വിളിച്ച് ആരോഗ്യ വകുപ്പുമന്ത്രിക്കെതിരെ വ്യാജരേഖ അവതരിപ്പിച്ചിരിക്കുന്നു. അതുസംബന്ധിച്ച് അന്വേഷിക്കണം, കേസ്സെടുക്കണം. വ്യാജരേഖ ചമയ്ക്കുക എന്നുള്ളത് ക്രിമിനൽ കുറ്റമാണ്. ആ ക്രിമിനൽ കുറ്റം ചെയ്ത പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയ്ക്കെതിരെ കേസ്സെടുക്കണമെന്ന് ഞാൻ ഈ സഭയിൽ ആവശ്യപ്പെടുകയാണ്. ഗവൺമെന്റ് അതിന് തയ്യാറാകണം. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ അവർ എത്രയും പെട്ടെന്ന് സമരം അവസാനിപ്പിച്ച് പോകണം. സഭയിൽ ഇന്ന് വരാൻ ചമ്മലുണ്ടാകും.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരിവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ലാവ്ലിൻ കേസ്സിൽ വിധി പറഞ്ഞ ബഹുമാനപ്പെട്ട ജഡ്ജിക്ക് ഊമക്കത്തുകൾ അയച്ചത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതും ഇതുമായി എന്തെങ്കിലും ബന്ധമുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, വ്യാജരേഖകളൊക്കെ ചമച്ച് പരിചയ സമ്പന്നരായ ആളുകളാണ് ഇത്തരം ഊമക്കത്തുകൾ അയയ്ക്കുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ആ പ്രസ്ഥാനത്തെ നയിക്കുന്നയാൾ പരീക്ഷയിൽ വ്യാജമായി ജയിച്ചയാളാണെന്നുള്ള കാര്യം അറിയാമോ? ശ്രീ. എം. എം. ഹസ്സനെക്കുറിച്ചാണ് പറയുന്നത്. കള്ളസർട്ടിഫിക്കറ്റും മാർക്ക് തട്ടിപ്പും നടത്തിയിട്ടാണ് അദ്ദേഹം ജയിച്ചതെന്ന കാര്യം അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഈ സഭയിലില്ലാത്ത ആളുകളെ സംബന്ധിച്ച് നമ്മൾ ഇവിടെ പരാമർശിക്കാൻ പാടില്ല എന്നുള്ളതുകൊണ്ട് പറയുന്നില്ല. ഇതൊക്കെ നമ്മുടെ സമൂഹം ചർച്ച ചെയ്ത കാര്യങ്ങളാണ്. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. എനിക്ക് തോന്നിയത്, ഗവൺമെന്റിനെതിരെ വളരെ സീരിയസ്സായ കാര്യം ഉന്നയിച്ചുകൊണ്ടുവരാൻ അവരുടെ കൈവശം കാര്യങ്ങളില്ല. അവർ ആലോചിച്ച് കൃത്രിമമായി ഇതുപോലുള്ള കാര്യങ്ങൾ ഉന്നയിച്ചുകൊണ്ടുവന്ന് ഈ ഒരു സിറ്റുവേഷൻ ഉണ്ടാക്കിയതെന്തിനാണെന്ന് ആലോചിച്ചപ്പോൾ ഇന്നലത്തെ ലാവ്ലിൻ കേസ്സിന്റെ വിധി വന്നപ്പോഴാണ് മനസ്സിലായത് 23, 24 തീയതികളിൽ ഈ സഭയിലിരുന്ന് നമ്മളെ അഭിമുഖീകരിക്കേണ്ട ഒരു സാഹചര്യമൊഴിവാക്കാൻ വേണ്ടിയാണ്, അങ്ങനെയൊരവസ്ഥ മുൻകൂട്ടി കണ്ടുകൊണ്ടാണ് അവർ യഥാർത്ഥത്തിൽ ഇക്കഴിഞ്ഞ മൂന്ന് നാല് ദിവസമായി സഭ ബഹിഷ്കരിക്കുന്ന അജണ്ട നേരത്തേ തന്നെ സെറ്റ് ചെയ്തത്. അതിന് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് വർത്തമാനം ഉണ്ടായപ്പോൾ ഒരടിസ്ഥാനവുമില്ലാതെ അത്

പറഞ്ഞു. അല്ലെങ്കിൽ മറ്റൊരു വകുപ്പിന് നേരെ പറയുമായിരുന്നു. ഈയൊരു സിറ്റുവേഷൻ ഒഴിവാക്കാൻ വേണ്ടിയാണ് ആരോഗ്യ വകുപ്പിനെതിരെ പറഞ്ഞത്. ലാവ്‌ലിൻ കേസ്സുമായി ബന്ധപ്പെട്ടുകൊണ്ട് കോടതി വിധി വന്നു. അക്കാര്യവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നേരത്തേ വിസ്തരിച്ച് പഴയ ചരിത്രവും എല്ലാ കാര്യങ്ങളും ഇവിടെ പറഞ്ഞു. നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി നേരത്തേ കേസ്സിൽ ആരോപണവിധേയനായ സമയത്ത് സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയായിരുന്നു. അദ്ദേഹത്തെ പൂർണ്ണമായി കുറ്റവിമുക്തനാക്കിക്കൊണ്ടാണ് ഇപ്പോൾ വിധി വന്നിരിക്കുന്നത്. നേരത്തേ സി.ബി.ഐ.-യുടെ വിചാരണ കോടതി ആ വിധി പ്രഖ്യാപിച്ചതാണ്. രാഷ്ട്രീയ പ്രേരിതമായി അപ്പീൽ പോയതിനെ തുടർന്ന് ആ വിധി ശരിവച്ചുകൊണ്ടാണ് ഹൈക്കോടതി വിധി പറഞ്ഞിരിക്കുന്നത്. വിചാരണ ചെയ്യാൻ പോലുമുള്ള ഒരു കാര്യവും അതിനകത്തില്ലെന്നും ഇത് രാഷ്ട്രീയ ഉദ്ദേശ്യത്തോടെ കെട്ടിച്ചമച്ച കേസ്സാണെന്നും അദ്ദേഹത്തെ വേട്ടയാടുകയായിരുന്നു എന്നും അസന്നിഗ്ദ്ധമായി കോടതി പറഞ്ഞിരിക്കുകയാണ്. വളരെ ശക്തമായ നിലയിലാണ് പറഞ്ഞിരിക്കുന്നത്. ഇപ്പോഴും നമ്മുടെ പ്രതിപക്ഷനേതാവ് എടുക്കുന്ന സമീപനം നോക്കൂ. അവസാനം അദ്ദേഹം ശ്രീ. ലാലുപ്രസാദ് യാദവിന്റെയും ജയലളിതയുടെയും പേര് പറഞ്ഞതുകൊണ്ട് ഇത് അവസാനിച്ചിട്ടില്ല. ഇതിനകത്ത് അഴിമതിയുണ്ടെന്നും ഒരു ഭാഗമേ അംഗീകരിച്ചിട്ടുള്ളൂ, ഇനിയും കേസ് വരാൻ പോകുന്നുവെന്നുമുള്ള മട്ടിൽ യു.ഡി.എഫ്. പറയുകയാണ്. ഈ കേസ്സിനെ സംബന്ധിച്ചും നിയമത്തെക്കുറിച്ചും എന്തെങ്കിലുമൊരു പ്രാഥമിക ജ്ഞാനമുള്ളൊരാൾ പറയുന്നതല്ല. ശ്രീ. ലാലുപ്രസാദ് യാദവിന്റെയും ജയലളിതയുടെയും കേസ് പോലെ ഇതിനൊരു പുനർജന്മം ഉണ്ടാകുകയാണെങ്കിൽ അവരുടെ നേതാവാണ് അതിൽ പ്രതിയാകാൻ പോകുന്നത്. അതിൽ കേസ് തുടരാനുദ്ദേശിച്ച, നേരത്തേ മുഖ്യമന്ത്രി അത് വ്യക്തമായി പറഞ്ഞു, പേരൊന്നും എടുത്തുപറഞ്ഞില്ല. അതിൽ പറഞ്ഞിരിക്കുന്ന രണ്ടുമൂന്ന് ആളുകൾ കെ.എസ്.ഇ.ബി.-യുടെ ചുമതല വഹിച്ചിരുന്നവരാണ്. ഈ എഗ്രിമെന്റുമായി ബന്ധമുള്ളവരാണ്. അത് യു.ഡി.എഫ്. സർക്കാർ ഭരിക്കുന്ന കാലഘട്ടത്തിലാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയും ജി. കാർത്തികേയൻ വൈദ്യുതി വകുപ്പുമന്ത്രിയുമായിരുന്ന സമയത്തുള്ള ആളുകൾക്കാണ് ആ ഉത്തരവാദിത്വം. ആ ഉത്തരവാദിത്വത്തിന്റെ ആഴങ്ങളിലേയ്ക്ക് പോയാൽ എവിടെ ചെന്നെത്തും എന്നുള്ളത് ഇവിടെ പറഞ്ഞിട്ടുണ്ട്. എന്നിട്ടാണ് അദ്ദേഹം വീണ്ടും ഈ ആക്ഷേപമുന്നയിക്കുന്നത്. ശ്രീ. പിണറായി വിജയനെ വേട്ടയാടുന്ന കാര്യത്തിൽ വലിയൊരു ഗൂഢാലോചനയെക്കുറിച്ച് കോടതി തന്നെ വ്യക്തമാക്കിയതാണ്. ഗൂഢാലോചനയുണ്ടായിട്ടുണ്ട്. അതിൽ രാഷ്ട്രീയ നേതൃത്വമുണ്ട്. മാധ്യമങ്ങൾക്ക് പങ്കുണ്ട്. ഞാൻ ഇപ്പോഴും ഓർക്കുന്നത് ഈ കേസുമായി ബന്ധപ്പെട്ട് അന്ന് ഒരു മാധ്യമത്തിൽ രണ്ട് ദിവസമായി വന്ന വാർത്തയാണ്. ഒരു ദിവസത്തെ ഹെഡ്ഡിംഗിൽ പറയുന്നത്, ആ കേസിൽ ജി. കാർത്തികേയനിൽനിന്ന് മൊഴി

എട്ടക്കുമെന്നും പിന്നെ പറയുന്നത് ശ്രീ. പിണറായി വിജയനെ ചോദ്യം ചെയ്യുമെന്നുമാണ്. ഒരു പ്രമുഖ പത്രം രണ്ട് ദിവസമായി ഈ കേസുമായി ബന്ധപ്പെട്ട് കൊടുത്ത വാർത്തയാണിത്. ആ വാർത്തപോലും ഈ ഒരു അന്തരീക്ഷം വികസിപ്പിച്ചുകൊണ്ടു വരുന്നതിനുവേണ്ടി അവർ സമർത്ഥമായി പ്ലാൻ ചെയ്തുവെന്നതിന് തെളിവാണിത്. അന്ന് വായിച്ചതിന്റെ ഓർമ്മയിൽനിന്ന് പറയുകയാണ്. ആ പത്രത്തിലെ രണ്ട് മെയിൻ ഹെഡ്ഡിംഗായിരുന്നു. ഇങ്ങനെ സംഘടിതമായ ഒരു ശ്രമം നടന്നിട്ടുണ്ട്. അത് ശ്രീ. പിണറായി വിജയനെന്ന വ്യക്തിയെ ഉന്മൂലനം ചെയ്യാൻ മാത്രമല്ല, അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ഉന്മൂലനം ചെയ്യാനുള്ള വലിയ ശ്രമം കൂടിയാണ് നടന്നത്. ഇവിടെ പ്രതിപക്ഷനേതാവ് പറഞ്ഞത് ഞങ്ങൾ രാഷ്ട്രീയമായി എതിർത്തതാണെന്നാണ്. രാഷ്ട്രീയമായി മാത്രം എതിർത്തതായിരുന്നെങ്കിൽ വിജിലൻസ് ക്ലിയർ ചെയ്തു, ശ്രീ. ഉപേന്ദ്ര വർമ്മയെപ്പോലെ അതിപ്രശസ്തനും സത്യസന്ധനുമായ ഡി.ജി.പി. ക്ലിയർ ചെയ്ത ഒരു കേസ് എന്തിനായിരുന്നു സി.ബി.ഐ. കോടതിക്ക് കൊടുത്തത്. പൊളിറ്റിക്കലായുള്ള ഫൈറ്റ് മാത്രമായിരുന്നെങ്കിൽ അങ്ങനെ ആയിരുന്നില്ല. ഓരോ തെരഞ്ഞെടുപ്പ് വരുന്ന ഘട്ടത്തിലും, ഓരോ പ്രധാന സന്ദർഭത്തിലും, ഇടതുപക്ഷം ഒരു മുന്നേറ്റത്തിന് ഒരുങ്ങുന്ന ഓരോ ഘട്ടത്തിലും അതിനെ ദുർബലമാക്കുന്നതിനുവേണ്ടി ഈ കേസിനെ സമർത്ഥമായി ഉപയോഗിക്കാൻ ശ്രമിച്ചു. അവസാനം എല്ലാ പിടിയും പോയപ്പോൾ ഊമക്കത്തുകൾ വരെ അയച്ചു. അത്രയും നെറികെട്ട ഏറ്റവും നികൃഷ്ടമായ പ്രവർത്തനങ്ങൾ ഈ കേസുമായി ബന്ധപ്പെട്ട് നടന്നിട്ടുണ്ടെന്നതിന് തെളിവാണിത്. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഇതിന് സമാനമായ ഒരു സംഭവവും ഉണ്ടായിട്ടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്..... പ്ലീസ്...... പ്ലീസ്.......

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ കമ്മ്യൂണിസ്റ്റുകാരെല്ലാം പല തരത്തിലുള്ള വേട്ടയാടലുകൾക്ക് വിധേയമായിട്ടുണ്ട്. പക്ഷെ ഇതുപോലുള്ള വേട്ടയാടലിന് വിധേയമായ ഒരു സംഭവവും ഉണ്ടാകില്ല. അതിനെയൊക്കെ അതിജീവിച്ച് വന്നതാണ് ശ്രീ. പിണറായി വിജയനും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനവും. അതിൽ നമുക്ക് അഭിമാനവും സന്തോഷവുമുണ്ട്. ഈയൊരു പതനത്തിലെത്തിയിട്ടും അവർ പഠിച്ചിട്ടില്ലെന്നാണ് പ്രതിപക്ഷം അവരുടെ പ്രതികരണങ്ങളിൽനിന്ന് ബോധ്യമാകുന്നത്. ഇന്നലെയും ശ്രീ. വി. ഡി. സതീശനും ശ്രീ. പി. ടി. തോമസുമൊക്കെ ചാനലുകളിൽ പോയി ഈ കേസിന്റെ ഭാവിയെക്കുറിച്ച് നാണമില്ലാതെ വാദം നടത്തുന്നത് കണ്ടു. പാറ വക്കീലും പീറ വക്കീലുമൊക്കെ ചാനൽ കോടതികളിലാണ് ഇപ്പോൾ നിരങ്ങിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ കാര്യങ്ങളൊക്കെ നാട്ടും സമൂഹവും തിരിച്ചറിയുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, സമൂഹം പ്രതീക്ഷിക്കുന്നതുപോലെ ഈ സർക്കാരിനെയും നാടിനെയും

മുന്നോട്ടുനയിക്കുന്നതിന് തീർച്ചയായും ഈ വിധി ഉൾപ്പടെയുള്ള കാര്യങ്ങൾ, ഇന്ന് ആരോഗ്യ വകുപ്പുമന്ത്രിക്ക് അനുകൂലമായി കോടതിയിൽ നിന്നുണ്ടായ പരാമർശ മുൾപ്പടെയുള്ള കാര്യങ്ങളെല്ലാം ഈ സർക്കാരിന് കൂടുതൽ ശക്തിയോടെ മുന്നോട്ടു പോകുന്നതിന് സഹായകരമാകുമെന്നുള്ള പ്രതീക്ഷയോടെ ഈ സർക്കാരിന്റെ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, കേരളത്തിന്റെ വികസനത്തിൽ സർക്കാർ കൂടുതൽ ശ്രദ്ധിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് രാവിലെ നിയമസഭയിൽ പറയുകയുണ്ടായി. വളരെ സ്വാഗതാർഹമായ ഒരു പ്രസ്താവനയായി ഞങ്ങൾ ഇതിനെ കാണുകയാണ്. കേരളത്തിന്റെ വികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കാർഷിക മേഖലയുടെ പുരോഗതി. ഇന്ന് കാർഷിക മേഖല നിരവധിയായ പ്രതിസന്ധികളെ നേരിടുന്നതിനെക്കുറിച്ച് നിയമസഭയിൽ സമീപ ദിവസങ്ങളിൽ തുടർച്ചയായി ചർച്ച നടക്കുകയുണ്ടായി. ഇന്നലെ ബഹുമാന്യനായ കേരളാ കോൺഗ്രസ് നേതാവ് ശ്രീ. കെ. എം. മാണി അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് നിയമസഭയിൽ കൊണ്ടുവന്നത് കാർഷിക മേഖലയുടെ പ്രതിസന്ധികളെയാണ്. ഞങ്ങൾ ഉന്നയിക്കുന്നത് കാർഷിക മേഖലയ്ക്കുവേണ്ടി സമഗ്രമായ ഒരു കാർഷിക നയത്തിന് രൂപം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകേണ്ടതായിട്ടുണ്ടെന്നാണ്. റബ്ബറിന്റെ കാര്യത്തിൽ വന്ന പ്രതിസന്ധി പരിഹരിക്കാൻ റബ്ബർ വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തി. ആ പദ്ധതി ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുകയും ഇന്നത്തെ സാഹചര്യത്തിൽ അത് 200 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്യണമെന്ന ആവശ്യം ശക്തമായി വീണ്ടും ഞങ്ങൾ ഉന്നയിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

അതുപോലെ നാളികേരത്തിന്റെ സംഭരണം കേരളത്തിൽ ഫലപ്രദമായി നടന്ന ഒരു കാര്യമാണ്. ഇപ്പോൾ അത് നിർത്തിവച്ചിരിക്കുകയാണ്. അത് പുനരാരംഭിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. നെല്ലിന്റെ പമ്പിംഗ് സബ്സിഡി കൊടുക്കുന്ന കാര്യം ഇവിടെ വിവിധ സന്ദർഭങ്ങളിൽ എല്ലാവരും ആവശ്യപ്പെട്ടതാണ്. ഇതുവരെ അത് കൊടുക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടായിട്ടില്ല. സംഭരിച്ച നെല്ലിന്റെ വില കൊടുക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടായിട്ടില്ല. ഇത്തരം കാര്യങ്ങളിലെല്ലാം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പരമാവധി പരിശ്രമങ്ങൾ നടത്തുന്നുണ്ടെന്നുള്ളത് ഞങ്ങൾ അംഗീകരിക്കുമ്പോഴും ഈ ഓണത്തിനു മുമ്പ് ഇത് കൊടുത്തുതീർക്കുകയെന്നത് കർഷകരെ സംബന്ധിച്ചുള്ള ആവശ്യമാണ്. നിരന്തരമായ ഇടപെടലിനെ തുടർന്ന് കർഷക പെൻഷൻ കുറച്ച് മാസത്തേത് ഇപ്പോൾ കൊടുത്തിട്ടുണ്ട്. എങ്കിലും ഇപ്പോഴും കുടിശ്ശിക നിൽക്കുകയാണ്. കുടിശ്ശികയുള്ള എല്ലാ മാസത്തേയും കർഷക പെൻഷൻ കൊടുത്തുതീർക്കാൻ കഴിയണം. സംസ്ഥാന

ഗവൺമെന്റ് മാത്രമല്ല കേന്ദ്ര ഗവൺമെന്റും കാർഷിക വിഷയത്തിൽ സഹായിക്കേണ്ടതായിട്ടുണ്ട്. നിർഭാഗ്യവശാൽ കേന്ദ്ര ഗവൺമെന്റ് കാർഷിക മേഖലയെ സഹായിക്കാൻ കഴിയുന്ന നിലപാട് എടുക്കുന്നില്ലായെന്നുള്ളത് പ്രതിഷേധാർഹമാണ്. അതിനുവേണ്ടി പ്രധാനമന്ത്രിയെ കാണുന്നതടക്കമുള്ള കാര്യങ്ങൾ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ തീരുമാനിച്ചതാണ്. ഇതുവരെ കേരളത്തിൽനിന്ന് നമുക്ക് അതിനുവേണ്ടിയുള്ള നീക്കങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ല. അതിനുവേണ്ടി ശക്തമായ ഇടപെടലുകൾ നടത്തുവാനും കേന്ദ്രത്തിൽനിന്നും 500 കോടി രൂപ നേടിയെടുക്കണമെന്നും ഐകകണ്ഠേന പാസ്സാക്കിയതാണ്. അത് നേടിയെടുക്കുന്നതിനുള്ള പരിശ്രമം ശക്തമായി നടത്തേണ്ടതായിട്ടുണ്ട്.

ധനവിനിയോഗ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അടിസ്ഥാന മേഖലയുടെ വികസനമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ശ്രീ. പി. സി. ജോർജ് ഇവിടെ ചൂണ്ടികാണിച്ചതുപോലെ ഗ്രാമീണ റോഡുകളുടെ കാര്യത്തിലുള്ള പ്രതിസന്ധി തുടരുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ ആവശ്യം നമ്മളെല്ലാം ശക്തമായി ഉന്നയിച്ചതാണ്. അവസാനം ഏകദേശം 1000 കോടി രൂപയോളം ഗ്രാമീണ റോഡുകൾക്ക് അഡീഷണലായി പി.ഡബ്ല്യു.ഡി. വഴി വൺ ടൈം ടാറിംഗ് എന്ന നിലയിൽ ചെയ്യുന്നതിന് നടപടിയുണ്ടായി. അത് വലിയൊരു ആശ്വാസമായിരുന്നു. ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാമീണ റോഡുകളെല്ലാം ടാർ ചെയ്യുന്നതിനുള്ള സാഹചര്യമില്ല എന്നുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ട് തീർച്ചയായും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇത്തരം കാര്യങ്ങളിലെല്ലാം ജനപക്ഷത്തുനിൽക്കുന്ന ഒരു ഭരണാധികാരിയെന്ന നിലയിൽ, തീർച്ചയായും ഗ്രാമീണ റോഡുകൾ, 140 മണ്ഡലങ്ങളിലും ബാധിക്കുന്ന വിഷയമെന്ന നിലയിൽ കൂടുതൽ അലോട്ട്മെന്റ്, 1000 കോടി രൂപയെങ്കിലും അതിനുവേണ്ടി മാറ്റിവച്ച് ഒരു പരിഹാരത്തിലേയ്ക്ക് വരാനും വൺ ടൈം ടാറിംഗ് എന്ന നിലയിലുള്ള ഒരു നടപടി സ്വീകരിക്കണം.

കുടിവെള്ളത്തിന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ അലോട്ട്മെന്റും നിർത്തിയതായാണ് കാണുന്നത്. എങ്ങനെ നമ്മുടെ പദ്ധതികൾ മുന്നോട്ടുകൊണ്ടു പോകും. നിലവിലുള്ള ഓൺ ഗോയിംഗ് പദ്ധതികൾ പൂർത്തിയാക്കണം. പുതിയ പദ്ധതികൾ ആരംഭിക്കണം. കിഫ്ബിയിലൂടെ അങ്ങ് കുറെയേറെ കാര്യങ്ങൾ പ്രഖ്യാപിച്ചു. അത് നല്ല കാര്യമാണ്. കുടിവെള്ള പദ്ധതികൾക്ക് മുൻഗണന നൽകി കൊണ്ട് കേന്ദ്ര ഗവൺമെന്റ് സഹായിക്കാത്ത സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഈ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഈ വർക്കെല്ലാം നടക്കണമെങ്കിൽ കരാറുകാരുടെ കുടിശ്ശിക തീർക്കണം. 750 കോടി രൂപയോളം വാട്ടർ അതോറിറ്റിയിൽ തന്നെ

കുടിശ്ശികയായിരിക്കുകയാണ്. എങ്ങനെ ഇവിടെ കാര്യങ്ങൾ നടക്കുമെന്നൊരു വലിയ പ്രശ്നം നിൽക്കുകയാണ്. പി.ഡബ്ല്യു.ഡി.-യിൽ നേരത്തെ നടപ്പാക്കിയ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഒരാശ്വാസമായാണ് നമുക്ക് കാണാൻ കഴിയുന്നത്. അതുപോലും വാട്ടർ അതോറിറ്റിയിൽ നടപ്പാക്കിയിട്ടില്ല. അതുകൊണ്ട് ഒരു ഗൗരവതരമായ ഇടപെടൽ ധനകാര്യ വകുപ്പുമന്ത്രി കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി അലോട്ടുമെന്റ് കൊടുക്കാനും കുടിശ്ശിക തീർക്കാനും കഴിയുന്ന വിധത്തിലുള്ള സാഹചര്യമുണ്ടാക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ:</u> യെസ്..... പ്ലീസ്...... കൺക്ലൂഡ്....

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ചുരുക്കുകയാണ്. കിഫ്ബി പദ്ധതി വലിയ പ്രതീക്ഷയോടെ നിൽക്കുകയാണ്. അതിന്റെ വേഗത വർദ്ധിപ്പിക്കേണ്ടതുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒന്നേകാൽ വർഷമായി. പദ്ധതികൾ പ്രഖ്യാപിച്ചു. ഇൻ പ്രിൻസിപ്പിൾ സാങ്ഷൻ പല കാര്യത്തിലും കൊടുത്തതായി മനസ്സിലാക്കുന്നു. എങ്കിലും കിഫ്ബി വഴിയുള്ള പദ്ധതികൾ യാഥാർത്ഥ്യമാകണമെങ്കിൽ അതിന് ഭരണാനുമതി കൊടുത്തുകൊണ്ട് വർക്ക് ടെണ്ടർ ചെയ്യാൻ കഴിയുന്ന സ്റ്റേജിലേയ്ക്ക് പോകാൻ കഴിയണം. ഏതാനും വർക്കുകൾക്ക് കൊടുത്തിട്ടുണ്ട്. ബഹുഭൂരിപക്ഷം വരുന്ന പദ്ധതികൾ ഇപ്പോൾ പെൻഡിംഗിലാണ്. അത് പരിഹരിക്കാൻ കഴിയുന്ന വിധത്തിലുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്)</u>: സർ, നമ്മുടെ പദ്ധതി നിർവ്വഹണമെല്ലാം മുമ്പ് ഏത് കാലത്തെക്കാളും വേഗതയിൽ ഈ വർഷം കാര്യക്ഷമമായി നീക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏകദേശം 70 ശതമാനത്തിൽ അധികം പദ്ധതിയുടെ അടങ്കലിന് ഭരണാനുമതി നൽകിക്കഴിഞ്ഞുവെന്നാണ് എന്റെ അനുമാനം. ഒന്നാമത്തെ ക്വാർട്ടർ പിന്നിടുന്നതേയുള്ളൂ. ബാക്കിയുള്ള പലതിനും ഭരണാനുമതി കൊടുക്കാൻ പ്രോജക്ടുകളാകണം. അതിന് സമയമെടുക്കും. ഈ ധനവിനിയോഗ ബില്ലിലൂടെ പാസ്സാകുന്ന സ്കീമുകൾക്ക് എത്രയും പെട്ടെന്ന് ഭരണാനുമതി നൽകിക്കൊണ്ട് നടപ്പാക്കാനുള്ള പരിശ്രമം നടത്തുന്നതാണ്. അംഗീകരിച്ച പദ്ധതികൾ സംബന്ധിച്ച് ചില ചോദ്യങ്ങൾ വന്നിട്ടുണ്ട്. ഒന്ന് ശ്രീ. പി. സി. ജോർജ് ചോദിച്ചതാണ്. വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ ഹൈടെക് ആക്കുകയാണ്. 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ കമ്പ്യൂട്ടർ സൗകര്യങ്ങൾ വരികയാണ്. അത് ഉപയോഗിച്ചാണ് പഠിപ്പിക്കേണ്ടത്. ഇത് നടക്കണമെന്നുണ്ടെങ്കിൽ സർക്കാർ കിഫ്ബി വഴി പണം എത്തിക്കണം. പക്ഷെ, അതിനുള്ള തയ്യാറെടുപ്പ് വേണം. ക്ലാസ്സ് മുറികൾ അടച്ചുറപ്പുള്ളതാകണം. ടൈൽ പാകിയ ക്ലാസ്സ് മുറികളാണെങ്കിൽ

പൊടി പരമാവധി കുറയും. ചിലപ്പോൾ വയറിംഗ് വേണ്ടി വന്നേയ്ക്കാം. ഇങ്ങനെയുള്ള ചെലവുകളുണ്ട്. ഇതില്ലാതെ എങ്ങനെ നടത്താമെന്നതാണ് ശ്രീ. പി. സി. ജോർജ് ചോദിച്ചിരിക്കുന്നത്. ഹരിത കേരളം മിഷനായാലും ആർദ്രം പദ്ധതിയായാലും വിദ്യാഭ്യാസ യജ്ഞമായാലും ഇതിന്റെയൊക്കെ മുഴുവൻ ചെലവും സർക്കാർ തന്നെ വഹിക്കണം. മിഷനായും ജനകീയ യജ്ഞവുമായി നടത്തേണ്ട ആവശ്യമെന്താണ്; ജനങ്ങളുടെയും മാനേജ്മെന്റിന്റേയുമൊക്കെ പങ്കാളിത്തം വരേണ്ടതുണ്ട്. 4 മണ്ഡലങ്ങളിൽ നടപ്പാക്കിയതിൽ ഈ പറഞ്ഞ ചെലവെല്ലാം ജനങ്ങളുടെ സഹകരണത്തോടെ പ്രാദേശികമായി നടപ്പാക്കുകയാണ് ചെയ്തത്. അപൂർവ്വം കേസുകളിൽ അങ്ങനെ പറ്റാതെ വരാം. അതുകൊണ്ടാണ് ആസ്തി വികസന ഫണ്ട് ഇതിനുവേണ്ടി ഉപയോഗിക്കുന്നത്. അങ്ങനെ ഉപയോഗിക്കുമ്പോഴും പകുതിയെങ്കിലും പ്രാദേശികമായി സമാഹരിക്കണം. ഒരു ക്ലാസ്സ് മുറിക്ക് 5 ലക്ഷം രൂപ വരുമെങ്കിൽ 2½ ലക്ഷം രൂപ ആസ്തി വികസന ഫണ്ടിൽനിന്നും എടുക്കാം. ബാക്കി 2 ½ ലക്ഷം രൂപ പ്രാദേശികമായി സമാഹരിക്കാൻ പറ്റണം. അതല്ലെങ്കിൽ പണ്ടത്തെ കവിത പോലെ, ഒരു ബീഡി തരൂ, ഒരു തീപ്പെട്ടി കൊള്ളി തരൂ, അവസാനം ഒരു ചുണ്ടു തരൂ, ഞാനൊന്ന് ബീഡി വലിച്ച് രസിക്കട്ടെയെന്ന് പറയുന്നതുപോലെ ഇതെല്ലാം കൊണ്ടുപോയി കൊടുത്തിട്ട് കാര്യം നടത്തുന്ന സ്ഥിതി വരും.

അങ്ങനെ കൊടുത്താൽ എന്തുപറ്റുമെന്ന് അറിയാമോ? ഇതിന് ഓണർഷിപ്പ് ഉണ്ടാകില്ല എന്നുമാത്രമല്ല ഇത് ഉപയോഗിക്കില്ലെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇതുപയോഗിച്ച് പഠിപ്പിക്കണമെങ്കിൽ അദ്ധ്യാപകർ തയ്യാറാകണം, ജനങ്ങളുടെ ഇടപെടൽ ആവശ്യമാണ്. അതിനൊക്കെയുള്ള അന്തരീക്ഷമൊരുക്കാനാണ് ഉദ്ദേശിക്കുന്നത്. രണ്ടാമതായി, ഗ്രാമീണ റോഡുകളെപ്പറ്റി പറഞ്ഞു. ഗ്രാമീണ റോഡുകൾക്ക് കഴിഞ്ഞ പ്രാവശ്യവും ആയിരം കോടി രൂപ അനുവദിച്ചു. പക്ഷെ എല്ലാ വർഷവും പ്ലാനിന് പുറത്ത് കൊടുക്കാൻ കഴിയില്ല. ബഡ്ജറ്റ് തത്വം അനുസരിച്ച് റവന്യൂ വരുമാനവും റവന്യൂ ചെലവും എത്രയും പെട്ടെന്ന് തുല്യമാക്കണം അല്ലെങ്കിൽ ഗൗരവതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും. ഇപ്പോൾ പുതിയ എഫ്.ആർ.ബി.എം. ആക്ടിന്റെ ഭേദഗതി വരുന്നുണ്ട്. അത് വന്നുകഴിയുമ്പോഴേയ്ക്കും വളരെ കർശനവും കർക്കശവുമായ നിലപാട് ഇക്കാര്യത്തിൽ വരാൻ പോകുകയാണ്. മൂലധന ചെലവ് പ്ലാനിലെ പറ്റുകയുള്ളൂ. എന്നാൽ കിഫ്ബി വന്നതുകൊണ്ട് കൂടുതൽ ചെലവ് അവിടെയായിരിക്കുമെന്ന് പറഞ്ഞ് പ്ലാനിൽ മൂലധന ചെലവ് ഗണ്യമായി കുറയുകയും റവന്യൂ പ്ലാനായി മാറിക്കൊണ്ടിരിക്കുകയുമാണ്. അങ്ങനെ വന്നാൽ ബഡ്ജറ്റിൽ ഒരിക്കലും ഈ തിരുത്ത് വരുത്തുവാൻ കഴിയില്ല. അത് പിന്നീട് വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. അതുകൊണ്ട് ഇങ്ങനെയുള്ള ആവശ്യങ്ങൾ ഈ വർഷം മുതൽ പ്ലാനിന്റെ ഭാഗമായി തന്നെ ഉൾക്കൊള്ളിക്കുന്നതിനുള്ള പരിശ്രമം നടത്തും. കുടിവെള്ളം സംബന്ധിച്ച് ഇവിടെ പറഞ്ഞത് വളരെ ശരിയാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽ നിലവിലുള്ള

സ്കീമുകൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി കിഫ്ബി അതിന്റെ ഗൗരവം കണക്കിലെടുത്തു കൊണ്ട് പണം ലഭ്യമാക്കും. തടസ്സം നിൽക്കുന്നത് വാട്ടർ അതോറിറ്റിയുടെ നിർവ്വഹണശേഷിയാണ്. അല്ലാതെ പണമില്ലായ്മയല്ല. ഏത് വേണമെങ്കിലും നമുക്കെടുക്കാം. പക്ഷെ അത് പൊതുവിൽ ജലവിഭവ വകുപ്പിന് മാത്രമല്ല എല്ലാ വകുപ്പുകൾക്കും പരിമിതിയുണ്ട്. ഒരു പരിധിക്ക് അപ്പുറത്തേയ്ക്ക് ചുമതല ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് അവർക്ക് കഴിയുന്നില്ല എന്നുള്ളതാണ് പ്രശ്നം. ഞാൻ ദീർഘമായി മറ്റ് കാര്യങ്ങളെപ്പറ്റി പറയുന്നില്ല. എന്നാൽ സഭ അവസാനിക്കുന്ന ദിവസമായ ഇന്ന് സഭ തുടങ്ങുമ്പോഴുണ്ടായിരുന്ന കാർമേഘങ്ങളൊക്കെ മാറിയിട്ടുണ്ട്. ഈ സഭയിൽ ഉടനീളം പ്രശ്നങ്ങൾ ഉന്നയിച്ച് സൃഷ്ടിക്കാൻ ശ്രമിച്ച വിവാദങ്ങളൊക്കെ കെട്ടടങ്ങിക്കൊണ്ടാണ് ഇന്ന് സഭ അവസാനിക്കുന്നത്. അതിലെ ഏറ്റവും പ്രധാനപ്പെട്ടത് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസംഗമാണ്. എങ്ങനെയാണ് ഒരു വിവാദം രണ്ട് പതിറ്റാണ്ട് കാലം കത്തിയുരുണ്ട് നമ്മുടെ വികസനത്തിന് വിലങ്ങ് തടിയായി വരുന്നത്. വ്യക്തികളുടെ നഷ്ടം മാത്രമല്ല, കാര്യക്ഷമമായി തീരുമാനങ്ങൾ എടുത്ത് ചെയ്യുന്നതിനുള്ള അന്തരീക്ഷവും കൂടി ഇങ്ങനെയുള്ള വിവാദങ്ങൾ ഇല്ലാതാക്കും. ഈ സഭയിൽ എന്നൊക്കെ ലാവ്ലിൻ സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ടോ ആ ചർച്ചയിലെല്ലാം പങ്കെടുത്തിട്ടുള്ള ആളാണ് ഞാൻ. ഇതെങ്ങനെ ഇങ്ങനെ വ്യാഖ്യാനിച്ച് ഉണ്ടാക്കാൻ പറ്റുമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കേരളത്തിലെ ജലവൈദ്യുത പദ്ധതികളൊക്കെ പണ്ട് പണിതതായതുകൊണ്ട് അറ്റകുറ്റപ്പണികളൊക്കെ ചെയ്ത് നവീകരിക്കാൻ അന്നത്തെ യു.ഡി.എഫ്. സർക്കാർ നയപരമായ തീരുമാനമെടുക്കുന്നു. ഇടുക്കി ജലവൈദ്യുതി പദ്ധതിയടക്കം കേരളത്തിലെ മുഴുവൻ ജലവൈദ്യുത പദ്ധതികളും നവീകരിക്കുന്നതിന് ലാവ്ലിൻ കമ്പനിയുമായി MoU ഒപ്പ് വയ്ക്കുന്നു. അതിൽ ആദ്യത്തേതായിട്ട് കുറ്റ്യാടിക്ക് കരാർ കൊടുത്ത് പൂർത്തീകരിക്കുന്നു. സി.ആന്റ് എ.ജി.-യുടെ വിമർശനം അതിനെപ്പറ്റി വന്നിട്ടുണ്ട്. ഇതേ കുറ്റ്യാടിയുടെ മാതൃകയിൽ പള്ളിവാസലും ചെങ്കുളവും പന്നിയാറും ഏറ്റെടുക്കും. ഇതിന്റെ അവസാന ഘട്ടത്തിൽ സർക്കാർ മാറുകയും ശ്രീ. പിണറായി വിജയൻ വൈദ്യുതി വകുപ്പുമന്ത്രിയായി ചുമതല ഏൽക്കുന്നു. ശ്രീ. പിണറായി വിജയൻ ചെയ്ത കാര്യമെന്താണ്? MoU റൂട്ടിൽ ഒരു കമ്പനിയെ മാത്രം ആശ്രയിച്ചുകൊണ്ട് ജലവൈദ്യുത പദ്ധതികൾ നവീകരിക്കുന്നത് നയപരമായി വേണ്ടെന്ന് വയ്ക്കുന്നു. അവരുമായുള്ള കരാറുകൾ തുടർന്നില്ല, പകരം ഓരോന്നും ടെണ്ടർ വിളിച്ചുകൊടുക്കാൻ തീരുമാനിക്കുന്നു. അപ്പോൾ എ.ബി.ബി. എന്നുപറയുന്ന കമ്പനി നമുക്കെതിരായി കേസിന് പോകുകയും കേസ് നമ്മൾ തോൽക്കുകയും ചെയ്തു. അവർക്കുതന്നെ കൊടുക്കേണ്ടിവന്നു. പക്ഷെ നയപരമായ മാറ്റം വരുത്തുന്നു. ഇതിന്റെ അവസാന ഘട്ടത്തിൽ എത്തിനിൽക്കുമ്പോൾ ഇത് വേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിൽ അത് കേസും നടപടികളുമായി അനന്തമായി നീണ്ടുപോകും എന്നുള്ളതുകൊണ്ട് അത് തുടരുന്നതിന് തീരുമാനിക്കുന്നു. ഉത്തമ വിശ്വാസത്തോടെ ഭരണാധികാരി എടുക്കുന്ന

തീരുമാനമാണത്. അതിനുശേഷം അദ്ദേഹം മാറി വേറെ മന്ത്രിമാർ വരുന്നു. ഇങ്ങനെ ഇത്രയും മന്ത്രിമാർക്ക് തുടക്കവും ചരിത്രവും ഉള്ളിടത്തുനിന്നും ഒരാളുടെ പേരിൽ മാത്രം എങ്ങനെ കേസ്സെടുക്കുമെന്നാണ് കോടതി ചോദിച്ചത്. ഇത് തുടക്കം മുതൽ ഉള്ളതാണ്. ഇതുമായി നേരിട്ട് ബന്ധമില്ലെങ്കിലും കനേഡിയൻ ഇൻറർനാഷനൽ ഡെവലപ്മെൻറ് ഏജൻസി (സിഡ)-യിൽ നിന്നും കിട്ടാൻ പോകുന്ന ആനുകൂല്യമെന്ന് പറയുന്നത് കനേഡിയൻ സർക്കാരിന്റെ ഗ്രാന്റാണ്. വിദേശ സഹായത്തിന്റെ ഭാഗമായി നൽകുന്നതാണ്. ഇതിലെ ടേംസ് ആന്റ് കണ്ടിഷൻസ് കേരളത്തിന് കൂടുതൽ അനുകൂലമാക്കാൻ മാത്രമേ ശ്രമിച്ചിട്ടുള്ളൂ. ഇതിനെ ഒരു വ്യക്തിയെ വേട്ടയാടാൻ വേണ്ടിയുള്ള വലിയ അവസരമാക്കി മാറ്റിയെന്നുള്ളതാണ്. ഇനി സാങ്കേതികമായി എല്ലാം ക്രമത്തിലാണെന്നൊന്നും നമ്മൾ അവകാശപ്പെടുന്നില്ല. സി.ആന്റ് എ.ജി. പറയുന്നതൊന്നും തെറ്റാണെന്നല്ല പറയുന്നത്. അത് നിയമപരമായി പരിശോധിക്കേണ്ട കാര്യമാണെന്ന് മൂന്നു ഉദ്യോഗസ്ഥരുടെ പേരുകൾ പരാമർശിച്ചുകൊണ്ട് കോടതി തന്നെ അവരെപ്പറ്റി സൂചിപ്പിച്ചു. ഈ പദ്ധതിയുടെ തുടക്കം മുതൽ ഉള്ളത് ഉദ്യോസ്ഥന്മാരാണ്. ഇതിനപ്പുറം പോയിട്ട് ആരാണ് ഉത്തരവാദിയെന്നുള്ളതിനെ പറ്റി ചോദിക്കാവുന്നതാണ്. നിയമസഭയിൽ ജി. കാർത്തികേയനോട് ചോദിച്ചപ്പോൾ പറഞ്ഞത്, ഒന്നും രണ്ടും കരാർ സി. വി. പത്മരാജൻ ഒപ്പുവച്ചശേഷമാണ് ജി. കാർത്തികേയൻ മൂന്നാമത്തെ കരാർ ഒപ്പ് വച്ചത്. ജി. കാർത്തികേയന് മന്ത്രിയെന്ന നിലയിൽ മൂന്നാമത്തെ കരാർ വയ്ക്കേണ്ടായെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നോ എന്നുള്ള ചോദ്യത്തിന് ഇല്ലായെന്നാണ് ഈ സഭയിൽ കാർത്തികേയൻ മറുപടി പറഞ്ഞത്. പിന്നെ എന്തിനാണ് ഇങ്ങനെ ചോദിക്കുന്നതെന്നുള്ളത് വ്യക്തിപരമായി എന്നോട് വിശദീകരിച്ചിട്ടുണ്ട്. ഞാൻ അതിനെപ്പറ്റി ഇവിടെ പറയുന്നില്ല. ഇങ്ങനെ വിഴിഞ്ഞം പദ്ധതിയെടുത്താലും വിമർശനമുണ്ട്. സി.ആന്റ്. എ.ജി.യുടെ റിപ്പോർട്ടുണ്ട്, അതിന്റെ പരിശോധന നടക്കട്ടെ. പക്ഷെ ഒരു രാഷ്ട്രീയ വിവാദമാക്കിക്കൊണ്ട് ആ പദ്ധതി അനന്തമായി നിർത്തിവയ്ക്കുന്ന ഏർപ്പാടിലേയ്ക്ക് ഇല്ല. അതിനർത്ഥം ഇവിടെ എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ഞങ്ങൾ അതിന് അനുകൂലമായി നിൽക്കുന്നുവെന്നല്ല. അതിന്റെ പരിശോധന നടത്തി ആരാണ് കുറ്റവാളിയെന്ന് കണ്ടുപിടിക്കട്ടെ. ഈ പദ്ധതി രൂപീകരിച്ചപ്പോൾ സി. ആന്റ് എ.ജി. പറയുന്നതുപോലെ എന്തെങ്കിലും ക്രമക്കേടുണ്ടെങ്കിൽ അത് കോടതിയോ മറ്റാരെങ്കിലും അന്വേഷിക്കട്ടെ. ആരാണ് വേണ്ടെന്ന് പറയുന്നത്. ഇത് കേവലമൊരു രാഷ്ട്രീയമോ വ്യക്തിപരമോ ആയ ആക്ഷേപത്തിന്റെ പ്രശ്നമല്ല. കേരളത്തിന്റെ വികസനത്തോടുള്ള സമീപനവുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ് ഇങ്ങനെയുള്ള വിഷയങ്ങളിൽ രാഷ്ട്രീയ പാർട്ടികൾ എന്ത് സമീപനം സ്വീകരിക്കണമെന്നത്. ഏതായാലും സഭ ഇന്ന് അവസാനിക്കുമ്പോൾ ഇത്തരം കാര്യങ്ങളിൽ കൃത്യമായ വ്യക്തത വന്നുവെന്നത് വളരെ സന്തോഷകരമായ കാര്യമാണ്. ആ സന്തോഷത്തിൽ എല്ലാവരും പങ്കു

ചേരുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2017-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ ............

2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## VIII പ്രസ്താവന

### സിംഗിൾ ബെഞ്ച് വിധിയിലെ പരാമർശം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബാലാവകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട സിംഗിൾ ബെഞ്ചിന്റെ വിധിക്കെതിരായി സർക്കാർ നൽകിയ അപ്പീൽ ഹർജിയിൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസ് അടങ്ങുന്ന ഡിവിഷൻ ബെഞ്ച് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കെതിരെ ഉണ്ടായിരുന്ന വിധിയിലെ പരാമർശം നീക്കിയിരിക്കുന്നു. ഡിവിഷൻ ബെഞ്ച് പ്രസ്തുത വിധിയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ദുരുദ്ദേശപരമായ ഒരു നടപടിയും ഉണ്ടായിട്ടില്ല എന്നും അവരെ കേൾക്കാതെ പുറപ്പെടുവിച്ച സിംഗിൾ ബെഞ്ച് വിധി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സ്വാഭാവിക നീതി പാലിക്കണമെന്നുള്ള ഒട്ടനവധി വിധികളുടെ ലംഘനമാണെന്നും വ്യക്തമാക്കിയിരിക്കുന്നു.

ഇതാണ് കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ സർക്കാരിനുവേണ്ടി ഞങ്ങളെല്ലാം വ്യക്തമാക്കിക്കൊണ്ടിരുന്ന കാര്യം. എത്രമാത്രം അപക്വമായ നിലപാടാണ് നമ്മുടെ സംസ്ഥാന നിയമസഭയിലെ പ്രതിപക്ഷം സ്വീകരിച്ചതെന്നാണ് ഈ വിധിയിലൂടെ വ്യക്തമാകുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷത്തിന്റെ നിലപാട് തുറന്നുകാട്ടപ്പെട്ട

എന്നുള്ളതാണ് ഈ വിധിയുടെ ഏറ്റവും വലിയ പ്രത്യേകത.

## നിയമനിർമ്മാണകാര്യം (തുടർച്ച)

### (2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചപ്പോഴും പ്രതിപക്ഷത്തുനിന്നും ആരും ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ഗൗരവതരമായ ഒരു ചർച്ച ഇതുമായി ബന്ധപ്പെട്ടുകൊണ്ട് വന്നിട്ടില്ല. മത്സ്യ സമ്പത്തിന്റെ സംരക്ഷണം സംബന്ധിച്ചാണ് ഈ ഭേദഗതി ബില്ലിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. കേരളത്തിലെ ഭക്ഷ്യ സമ്പത്തിൽ 11 ശതമാനത്തോളം സംഭാവന ചെയ്യുന്നത് മത്സ്യ മേഖലയാണ്. എന്നാൽ ഇപ്പോൾ കുറേ വർഷങ്ങളായി അതിൽ കാര്യമായ കുറവുണ്ട്. അതിന് എങ്ങനെ പരിഹാരം കാണാം എന്നുള്ളതാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. അനിയന്ത്രിതമായ മത്സ്യബന്ധന രീതിയെ നിയന്ത്രിക്കുക എന്നതാണ് ഈ ബില്ലിന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. മത്സ്യബന്ധന ബോട്ട് നിർമ്മാണം, വല നിർമ്മാണം എന്നിവയുടെ കാര്യത്തിൽ അതിനെ റെഗുലേറ്റ് ചെയ്തുകൊണ്ടും ഇക്കാര്യം മോണിറ്റർ ചെയ്യുന്നതിന് കൃത്യമായ മാനേജ്മെന്റ് സംവിധാനം ഉറപ്പാക്കിക്കൊണ്ടും കൃത്യമായ ഇടപെടൽ നടത്താൻ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ആലോചിക്കുന്നു. അതിന്റെ ഭാഗമായിട്ടാണ് ഈ ബില്ലിൽ ഭേദഗതി വന്നത്. സബ്ജക്ട് കമ്മിറ്റിയിൽ അത്യാവശ്യം ചില ഭേദഗതികളുണ്ട്. അതാണ് ഇവിടെ അവതരിപ്പിക്കുന്നത്.

(വിയോജനക്കുറിപ്പ് അവതരിപ്പിച്ചില്ല.)

ശ്രീ. ഒ.ആർ. കേളുവിനുവേണ്ടി ശ്രീ. കെ. ജെ. മാക്സി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ

(ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് മത്സ്യമേഖല. ഈ മത്സ്യമേഖലയിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന പൊതു സ്ഥിതി നമുക്കറിയാം. കേരളം പോലുള്ള സംസ്ഥാനത്തിന്റെ തീരക്കടലിൽ മാത്രം ഉണ്ടാകുന്ന അപൂർവ്വം ഒന്നായിരുന്നു ചാകര. ഈ പ്രതിഭാസം ഇന്ന് ഇല്ലാതായികൊണ്ടിരിക്കുകയാണ്. കേരളത്തിൽ പ്രതിവർഷം 7.26 ലക്ഷം ടൺ മത്സ്യമാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. 2014-15-ൽ മത്സ്യോൽപ്പാദന കയറ്റുമതിയിൽ 5,166 കോടി രൂപ വിദേശ നാണ്യം നേടിക്കൊടുത്ത സംസ്ഥാനമാണ് കേരളം. ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന 11.5 ലക്ഷം മത്സ്യത്തൊഴിലാളികളിൽ 1 ലക്ഷം പേരും സ്ത്രീകളാണ്. മത്സ്യ സംസ്കരണ-വിതരണ രംഗത്ത് തൊഴിലെടുക്കുന്നവർ. വളരെ ദുരിതപൂർണ്ണമായൊരു ജിവിത രീതിയാണ് മത്സ്യത്തൊഴിലാളികൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. CRZ നിയമംമൂലം അവർക്ക് സ്വന്തമായി വീട് നിർമ്മിക്കാൻ കഴിയുന്നില്ല, മക്കളുടെ വിദ്യാഭ്യാസ വിഷയങ്ങൾ തുടങ്ങി ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന ഈ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വന്നപ്പോഴാണ് പല ഘട്ടങ്ങളിലും ഫലപ്രദമായ പല തീരുമാനങ്ങളും എടുത്തിട്ടുള്ളത്. അവരുടെ മക്കളുടെ പഠന സഹായ ഗ്രാന്റ് വർദ്ധിപ്പിക്കൽ, തൊഴിലാളികൾക്ക് അപകടമുണ്ടാകുമ്പോൾ കിട്ടുന്ന പണത്തിന്റെ വർദ്ധനവ് എന്നിവ. അടുത്തകാലത്ത് കേരളത്തിൽ അങ്ങോളമിങ്ങോളം മത്സ്യോത്സവം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. അതുമൂലം ഈ തൊഴിലാളി രംഗത്ത് നിലനിൽക്കുന്ന ധാരാളം പരാതികൾ അദാലത്തിലൂടെ പരിഹരിക്കാൻ കഴിഞ്ഞു. അവിടെ മത്സ്യ കൃഷിയുമായി ബന്ധപ്പെട്ട് പല സെമിനാറുകളും സംഘടിപ്പിക്കുകയുണ്ടായി. അങ്ങനെ ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാണ് ഈ ബില്ലിലൂടെ അവതരിപ്പിക്കുന്നത്.

ദേശീയ രംഗത്ത് മത്സ്യോൽപ്പാദന മേഖല വളർച്ചയുടെ പകുതിയാണ്. എന്നാൽ 2003-ൽ 63 ലക്ഷം ടൺ ആണ് ഉൽപ്പാദനം. 2013-14 ആയപ്പോൾ 86.7 ലക്ഷം ടൺ ആയി വർദ്ധിച്ചിരിക്കുകയാണ്. ഈ വളർച്ച കേരളത്തിന്റെ മത്സ്യ മേഖലയിൽ ദൃശ്യമാകുന്നില്ല. 1951-ൽ 0.75 ലക്ഷം ടൺ ആയിരുന്നത് 1973 ആയപ്പോൾ അത് 4.48 ലക്ഷം ടൺ ആയി വളർന്നു. ട്രോളിംഗ് നിരോധനം വന്ന 2006-07 കാലഘട്ടത്തിൽ 6.70 ലക്ഷം ടൺ ആയി ഇത് വർദ്ധിക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ വളർച്ച മുരടിച്ചുനിൽക്കുകയാണ്. ഇന്ത്യയുടെ ആകെ മത്സ്യ ഉൽപ്പാദനത്തിൽ കേരളത്തിന്റെ വിഹിതം കുറഞ്ഞു വരികയാണ്. മത്സ്യോൽപ്പാദനത്തിൽ ഒന്നാം സ്ഥാനത്തായിരുന്ന കേരളം ഇപ്പോൾ പശ്ചിമ ബംഗാളിന്റെയും ആന്ധ്രാ പ്രദേശിന്റെയും ഗുജറാത്തിന്റെയും പുറകിലേയ്ക്ക് മാറിയിരിക്കുകയാണ്. കേരളത്തിന്റെ ആകെ മത്സ്യോൽപ്പാദനത്തിന്റെ 72% കടൽ മത്സ്യമേഖലയിൽ നിന്നുള്ള സംഭാവനകളാണ്. ഉൾനാടൻ ജലസമ്പത്തുണ്ടെങ്കിലും മത്സ്യോൽപ്പാദനം 28 ശതമാനത്തിൽ താഴെയാണ്.

ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കണമെങ്കിൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ജനകീയ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. 1996-2006 കാലഘട്ടത്തിൽ മത്സ്യകേരളം പദ്ധതിക്ക് രൂപം കൊടുക്കുകയുണ്ടായി. 1996-97 ൽ 0.60 ലക്ഷം ടൺ ആയിരുന്നത് 2014-15-ൽ 2.20 ലക്ഷം ടൺ ആയി ഉയർത്തുവാൻ കഴിഞ്ഞിരിക്കുകയാണ്. അങ്ങനെ ഉയർത്തിയെങ്കിലും സമുദ്ര മത്സ്യോൽപ്പാദന രംഗത്ത് ആന്ധ്രാ പ്രദേശിന്റെയും പശ്ചിമ ബംഗാളിന്റെയും മുകളിലേയ്ക്ക് പോകാൻ കേരളത്തിന് കഴിഞ്ഞിട്ടില്ല എന്നുള്ളത് വളരെ വ്യക്തമാണ്. കടൽ മത്സ്യം പൊതു സ്വത്തായിരിക്കെ, കയ്യിൽ കാശുള്ളവന് അർഹതയുള്ളതാണെങ്കിലും ഈ മേഖലയിൽ ട്രോളർ ബോട്ടുകൾ മത്സ്യബന്ധനം നടത്തുകയാണ്. അമിതമായി ചൂഷണം ചെയ്ത് സമ്പത്ത് കൈമാറുകയും ചെയ്യുന്നു. മത്സ്യത്തൊഴിലാളികൾ ദാരിദ്ര്യവൽക്കരിക്കപ്പെടുകയാണ്. മത്സ്യത്തൊഴിലാളികളുടെ കൈവശമുണ്ടായിരുന്ന ഉപകരണങ്ങൾ ഇല്ലാതായി കൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ പലരും സമ്പന്നരായ ബോട്ടുടമകളുടെയും വള്ളമുടമകളുടെയും വള്ളങ്ങളിൽ പണിയെടുക്കാൻ പോകുന്നവരായി മാത്രം മാറിയി രിക്കുകയാണ്. ആ രീതിയിലേയ്ക്ക് മത്സ്യത്തൊഴിലാളി മേഖല മാറിക്കൊണ്ടിരിക്കുന്നു. കടലിലെ ആവാസ വ്യവസ്ഥയുടെ ശോഷണംമൂലം കടലിലെ മത്സ്യ വൈവിധ്യം തകരാറായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കടലിൽ കിട്ടിക്കൊണ്ടിരിക്കുന്ന ഏട്ട മീനുകൾ, പരവകൾ, സ്രാവുകൾ, പാമ്പാടകൾ ഇതെല്ലാം ഇല്ലാതായിക്കൊണ്ടിരിക്കുന്നു. മത്സ്യോപകരണങ്ങളുടെ ഉടമസ്ഥാവകാശം തൊഴിലാളി കുടുംബങ്ങൾക്ക് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. 1961-62-ൽ 28% ഉണ്ടായിരുന്നുവെങ്കിൽ 2005 ആയപ്പോൾ ഇത് 20% ആയിക്കുറഞ്ഞിരിക്കുകയാണ്. ഉപകരണങ്ങളില്ലാത്തതുമൂലം മത്സ്യബന്ധന രംഗത്തുള്ളവർ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഈ ബില്ലിന്റെ പ്രധാന ഉദ്ദേശ്യം ഫിഷിംഗ് വില്ലേജ് മാനേജുമെന്റ് കൗൺസിൽ ത്രിതലത്തിൽ രൂപീകരിക്കുക എന്നുള്ളതാണ്. വില്ലേജ്, ജില്ല, സംസ്ഥാന തലത്തിൽ അവ രൂപീകരിക്കുകയാണ്. ഈ കൗൺസിൽ വന്നുകഴിയുമ്പോൾ ഈ മേഖലയിലെ മത്സ്യത്തൊഴിലാളികൾ നേരിടുന്ന നിരവധി പ്രശ്നങ്ങൾക്ക് ചെറിയ പരിഹാരമുണ്ടാകും എന്നാണ് മനസ്സിലാകുന്നത്. ഇപ്പോൾ പെലാജിക് വല ഉപയോഗിച്ച് കടലിലെ ചെറുമത്സ്യങ്ങളെ വരെ ഊത്തുവാരിക്കൊണ്ടു പോകുന്നതുവഴി മത്സ്യസമ്പത്ത് നശിക്കുകയാണ്. ഈ സാഹചര്യത്തിൽ മത്സ്യബന്ധന വല ഉത്പാദന യൂണിറ്റുകളുടെ രജിസ്ട്രേഷൻ വരുന്നത് ഇക്കാര്യങ്ങളിൽ ഒരു നിയന്ത്രണം വരുത്തും. മത്സ്യസമ്പത്ത് നശിപ്പിക്കുന്നത് ഒരു പരിധിവരെ തടയാനും കഴിയും. പണമുള്ളവൻ പലതരത്തിലുമുള്ള ബോട്ടുകൾ നിർമ്മിച്ച് കടലിലിറക്കുന്നുണ്ട്. ഈ ബില്ലിലുള്ള ബോട്ടുനിർമ്മാണ യാർഡുകളുടെ ലൈസൻസിംഗിലൂടെ ഇതും ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉദ്ദേശിച്ചുകൊണ്ടുവന്ന ബിൽ മത്സ്യബന്ധന മേഖലയിൽ വളരെയധികം ഗുണം ചെയ്യും. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എല്ലാ മേഖലയിലെയും തൊഴിലാളികൾക്ക് ദോഷകരമായി വരുന്ന കാര്യങ്ങളാണ് ഉണ്ടായിക്കൊണ്ടിരുന്നത്. ആരോഗ്യ വകുപ്പുമന്ത്രിയുടെ പേരിൽ അനാവശ്യമായ

കുറ്റങ്ങൾ ചുമത്തിക്കൊണ്ട് സഭാനടപടികൾ അലങ്കോലപ്പെടുത്തുകയും സഭ ബഹിഷ്കരിച്ച് പോകുകയും ചെയ്യുന്ന പ്രതിപക്ഷത്തിന് തിരിച്ചടിയായാണ് ഇപ്പോൾ കോടതിവിധി ഉണ്ടായത് എന്നത് വളരെ വ്യക്തമാണ്. അവർ സമരം അവസാനിപ്പിക്കേണ്ട സ്ഥിതി വന്നിരിക്കുകയാണ്. കേരളത്തിലെ സി.പി.ഐ.(എം)-നെയും അതിന് നേതൃത്വം കൊടുക്കുന്ന സഖാവ് പിണറായി വിജയനെയും വേട്ടയാടിക്കൊണ്ടിരുന്ന ലാവ്‌ലിൻ കേസിന്റെ വിധി ഇന്നലെ വന്നതോടെ അവരുടെ മുഖത്തെല്ലാം വളരെ വിഷമമുണ്ട്. ഇന്ന് രാവിലെ സഭയിൽ റൂൾ 50 പ്രകാരം അടിയന്തരപ്രമേയം അവതരിപ്പിച്ച സമയത്ത് അവർ പരാമർശിച്ച ചില കാര്യങ്ങളെ സംബന്ധിച്ച് വളരെ നന്നായി വിശദീകരിച്ച് മറുപടി പറഞ്ഞതിനാൽ ആകെ വിഷമിച്ചാണ് പ്രതിപക്ഷം ഇവിടെ നിന്നും ഇറങ്ങിപ്പോയത്. ഈ ഗവൺമെന്റിനെതിരെ ഒന്നും പറയാനില്ലെന്ന കാര്യം നാം മനസ്സിലാക്കണം. അതുകൊണ്ട് മത്സ്യബന്ധന മേഖലയിൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ഈ ബിൽ പാസ്സാകണം. ഇതിനെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

2.00 PM]

ശ്രീ. ചിറയം ഗോപകുമാറിനുവേണ്ടി ശ്രീ. ആർ. രാമചന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് തീരം മാത്രമല്ല, കടലും നഷ്ടപ്പെടുമെന്ന് ആശങ്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് മത്സ്യബന്ധന രംഗത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയുന്ന ഈ ഭേദഗതി നിയമം സഭയുടെ പരിഗണനയ്ക്ക് വരുന്നത്. കേന്ദ്രഗവൺമെന്റ് പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ ജിവിതം തന്നെ തകർക്കുന്ന നയ സമീപനങ്ങളാണ് കൈക്കൊള്ളുന്നത്. ഇത് മത്സ്യത്തൊഴിലാളികളെ ഏറെ ആശങ്കപ്പെടുത്തുന്നുണ്ട്. മത്സ്യബന്ധന കാര്യത്തിൽ നിയന്ത്രണങ്ങൾ വരുത്തുന്നതോടൊപ്പം തന്നെ അവർ അഭിമുഖീകരിക്കുന്ന ജീവിത ക്ലേശങ്ങളെ സംബന്ധിച്ചും ഗൗരവതരമായി പരിഗണിക്കാനും നമുക്ക് ബാധ്യതയുണ്ട്. ഞാൻ മത്സ്യമേഖലയിൽനിന്നും വരുന്ന ജനപ്രതിനിധിയാണ്. മത്സ്യബന്ധനത്തിന് പോയാൽ വെറും കയ്യോടെ മടങ്ങി വരേണ്ട ദുരവസ്ഥയുണ്ട് എന്നതാണ് ഇന്ന് മത്സ്യ തൊഴിലാളികൾ അനുഭവിക്കുന്ന പ്രധാന ബുദ്ധിമുട്ട്. മത്സ്യസമ്പത്തിന്റെ ലഭ്യതയില്ലായ്മ അതിന്റെ മൂലകാരണമാണ്. യഥാർത്ഥത്തിൽ മത്സ്യബന്ധന യാനങ്ങൾക്ക് ഉപയോ ഗിക്കേണ്ടിവരുന്ന ഇന്ധന ചെലവുപോലും ചിലപ്പോൾ ലഭിക്കാത്ത അവസ്ഥയുണ്ടാകാറുണ്ട്. അതുപോലെതന്നെ തുടർച്ചയായ അപകടങ്ങളെ അഭിമുഖീകരിക്കുന്നവരാണ് മത്സ്യ തൊഴിലാളികൾ. ജീവൻ അപകടപ്പെടുമെന്ന് അറിഞ്ഞുകൊണ്ടാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത്. അങ്ങനെ മരണപ്പെടുന്ന മത്സ്യ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അർഹമായ പരിഗണന ലഭിക്കാറുണ്ട് എന്നത്

ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ കടലിൽ കാണാതെ പോകുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾ അനാഥമാകുകയാണ്. നിലവിലുള്ള കേന്ദ്ര നിയമമനുസരിച്ച് ആ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് യാതൊരുവിധ ധനസഹായവും നൽകാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. ഇത് കേന്ദ്രഗവൺമെന്റിന്റെ കൂടി പരിഗണനയിൽ കൊണ്ടുവന്ന് അതിന് പരിഹാരമുണ്ടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ അനാഥ കുടുംബങ്ങളുടെ എണ്ണം നമ്മുടെ സംസ്ഥാനത്ത് വർദ്ധിക്കാനുള്ള സാധ്യതയുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ മത്സ്യബന്ധന യാനങ്ങൾക്കും വലകൾക്കും യാതൊരുവിധ നിയന്ത്രണവുമില്ല. ഏത് വലിപ്പത്തിലും രൂപത്തിലുമുള്ള യാനങ്ങൾ നിർമ്മിക്കാനും വലകളുപയോഗിക്കാനും സാധ്യമാകുന്ന ഒരവസ്ഥ ഇന്നുണ്ട്. ഇത് മത്സ്യസമ്പത്ത് നഷ്ടപ്പെടുന്നതിന് ഗൗരവതരമായ സാഹചര്യങ്ങൾ ഒരുക്കുന്നതാണ്. ഈ നിയമനിർമ്മാണം വഴി അത് തടയാനുള്ള സാധ്യത ഉണ്ടാകുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളിൽ വളരെ ജാഗ്രതയോടുകൂടിയുള്ള നിലപാടുകൾ മത്സ്യബന്ധന വകുപ്പ് ഇപ്പോൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. കാരാട്ട് റസാഖ്: സർ, ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മത്സ്യ തൊഴിലാളികൾക്ക് നേരിട്ട് അവരുടെ ഉപകരണങ്ങൾ വാങ്ങുന്നതിനും വല, വള്ളം തുടങ്ങിയവ വാങ്ങുന്നതിന് പലിശരഹിത വായ്പ അനുവദിക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാകണം എന്നുള്ളതും അങ്ങയുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നുണ്ടോ; അതോടൊപ്പം തന്നെ കടലിൽ കേജ് കൾച്ചർ സിസ്റ്റം ഈ സീസണിൽ നടപ്പിലാക്കണമെന്നതിനെക്കുറിച്ചും അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ആർ. രാമചന്ദ്രൻ: സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. എനിക്കും ആ വിഷയത്തിൽ യോജിപ്പാണുള്ളത്. ബഹുമാന്യയായ ഫിഷറീസ് വകുപ്പുമന്ത്രി മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളിൽ വളരെ ജാഗ്രതയോടെയുള്ള നിലപാടാണ് സ്വീകരിക്കുന്നത്. ഏറ്റവും കൂടുതൽ സുനാമി ദുരന്തമനുഭവിച്ച കരുനാഗപ്പള്ളി അടക്കമുള്ള മേഖലകളിൽ അവർക്ക് വീടുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. ആ വീടുകൾ ആകെത്തന്നെ ഇന്ന് വാസയോഗ്യമല്ലാത്ത സ്ഥിതിയാണുള്ളത്. ഒരു തവണ മാത്രം സഹായിക്കുന്ന സംവിധാനമെന്ന നിലയിൽ അവർക്ക് യാതൊരുവിധ സഹായവും ലഭ്യമാകാത്ത സ്ഥിതി നിലനിൽക്കുന്നുണ്ട്. വളരെ സങ്കടകരമായ അവസ്ഥയാണിത്. അവർ അധിവസിക്കുന്ന കോളനികളും പരിസരവും യാതൊരു ശുചിത്വവുമില്ലാത്തതാണ്. സഞ്ചാരയോഗ്യമായ വഴികളോ ശുദ്ധജലം ലഭിക്കാനുള്ള സാഹചര്യമോ ഇല്ല. ആ വീടുകൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ ഏതെങ്കിലും ഒരു പദ്ധതി ഈ ഗവൺമെന്റിന്റെ കാലയളവിൽ മുന്നോട്ടു വയ്ക്കുന്നില്ലെങ്കിൽ കഷ്ടകരമായിരിക്കും അവരുടെ അവസ്ഥ എന്നുമാത്രം ഓർമ്മപ്പെടുത്തി കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. ജെ. മാക്സി, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ആർ. രാമചന്ദ്രൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആർ. രാമചന്ദ്രൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ(ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, 132-ാം നമ്പർ ഭേദഗതിയും 133-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

132. In section 2(cb) proposed to be inserted in the principal Act by clause 4(1), the word " fabricated" shall be deleted.

133. In section 2(da) proposed to be inserted in the principal Act by clause 4(2), the words "a fishing village" shall be substituted with the words "fisheries village".

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 132, 133 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

Minister for Fisheries, Harbour Engineering and Cashew Industry (*Smt. J. Mercykutty Amma*) Sir, I move the following amendment:

154. In clause 6,-

(a) in section 9A proposed to be inserted in the principal Act,-

(i) in the marginal heading, for the word, figure and letter "and 9G", the word, figures and letters "9G and 9H" shall be substituted;

(ii) in sub-section (3), for the words "commencement of this Act", the words, figures and brackets "commencement of the Kerala Marine Fishing Regulation (Amendment) Act, 2017 (......of 2017)" shall be substituted;

(iii) in sub-section (4), for the words "commencement of this Act", the words, figure and bracket "commencement of the Act specified in sub-section (3)" shall be substituted;

(iv) in sub-section (5), for the figure and bracket "(4)", the figure and bracket "(6)" shall be substituted;

(v) in sub-section (6), for the figure and bracket "(3)", the figure and bracket "(5)" shall be substituted;

(b) in section 9E proposed to be inserted in the Act,-

(i) in sub-section (3), for the words "commencement of this Act", the words, figures and brackets "commencement of the Kerala Marine Fishing Regulation (Amendment) Act, 2017 (.....of

2017)" shall be substituted;

(ii) in sub-section (4), for the words "commencement of this Act" , the words, figures and bracket "commencement of the Act specified in sub-section (3)" shall be substituted;

170, 189, 253 എന്നീ നമ്പർ ഭേദഗതികളും 181-ാം നമ്പർ ഭേദഗതിയും 235-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടുകൂടിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു :

170. In the proviso to subsection 9A(4) proposed to be inserted in the principal Act by clause 6, for the word " authorized" substitute the word "authorised".

181. In section 9 A (6) (b) proposed to be inserted in the principal Act by clause 6, insert the words "or fishing gear" after the word "vessel".

189. In section 9A(9) proposed to be inserted in the principal Act by clause 6, after the word "registration" the words "number and a" shall be inserted wherever it occurs.

253. In section 9 H (2) proposed to be inserted in the principal Act by clause 6, for the word "authorized" the word "authorised" shall be substituted.

235. In section 9E (8) proposed to be inserted in the principal Act by clause 6, after the word "inspection" the words "of fishing net unit" shall be inserted

എന്നതിൽ "of fishing net unit" എന്നതിനുപകരം "fishing net production unit" എന്ന് മാറ്റണം.

191-ാം നമ്പർ ഭേദഗതിയുടെ സ്പിരിറ്റ് ഉൾക്കൊള്ളുന്നു. പക്ഷെ ഭേദഗതി സ്വീകരിക്കുന്നില്ല.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 154, 170, 181, 189, 235, 253 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

Minister for Fisheries, Harbour Engineering and Cashew Industry (*Smt. J. Mercykutty Amma)*: Sir, I move the following official amendment.

255. In section 13A(9) proposed to be inserted in the principal Act by clause 7,

(i) for the words "if the Act were not in force", the words, letters, figures and brackets "if the Kerala Marine Fishing Regulation (Amendment) Act, 2017 (....of 2017) were not enacted" shall be substituted.

(ii) for the words and brackets "Member (Co-ordination) of the council", the words and bracket "Member (Co-ordination) of the State Fisheries Management Council" shall be substituted.

*Shri K Dasan* : Sir, I move the following ammendments :

262. In item (b) to section 13A(2) proposed to be inserted in the principal Act by clause 7, for the word "Head" substitute the words "Inspector in charge".

293. Item (m) of section 13 A(4), proposed to be inserted in the principal Act by clause 7, shall be recast as follows:

"(m) Joint Director of Fisheries - Ex-Officio Member"

*Shri K. J. Maxi* : Sir, I move the following ammendment.

265. The item (c) to section 13A(2) proposed to be inserted in the

Principal Act by clause 7 shall be recast as follows:-

"(c) Two elected members from coastal wards of Grama Panchayat or Municipality or Municipal Corporation to be nominated by the President or the Chairman of the local self government institutions."

*Shri John Fernandez* : Sir, I move the following ammendment.

270. In the explanation to section 13A(2) proposed to be inserted in the principal Act by clause 7 for the words "most of the fishermen of the respective fishing village belong shall be the head of Fishing Village Management Council", the following words shall be substituted, namely:-

"more of the fishermen of the respective fishing village reside shall be the Chairman of Fishing Village Management Council."

*Shri V. Abdurahiman* : Sir, I move the following ammendment :

276. The item (f) to section 13A(3) proposed to be inserted in the principal Act by clause 7, shall be recast at follows:

"(f) One representative each of the recognized trade unions of fishermen nominated by the Government - Members".

*Shri A. N. Shamseer* : Sir, I move the following ammendments.

283. In section 13A(4) proposed to be inserted in the principal Act by clause 7, item (f) shall be deleted and remaining parts shall be renumbered.

294. Item (n) of section 13 A(4), proposed to be inserted in the principal Act by clause 7, shall be recast as follows:

"(n) Deputy Director of Fisheries Ex-Officio Member"

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

267-ാം നമ്പർ ഭേദഗതിയും 278, 291 എന്നീ നമ്പർ ഭേദഗതികളും 287-ാം

നമ്പർ ഭേദഗതിയും 297-ാം നമ്പർ ഭേദഗതിയും 268-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

267. In item (d) to section 13A(2) proposed to be inserted in the principal Act by clause 7, for the word "jurisdictionin" substitute the words "jurisdiction in".

278. The item (g) to section 13A(3) proposed to be inserted in the principal Act by clause 7, shall be recast as follows:-

| | | | |
|---|---|---|---|
| "(g) | One person having expertise in Marine Fisheries, nominated by the Government | - | Member". |

287. In the column (2) of item (g) to section 13A(4) proposed to be inserted in the principal Act by clause 7, after the words "from the" the word "recognized" shall be inserted.

291. Item (i) of section 13 A(4), proposed to be inserted in the principal Act by clause 7, shall be recast as follows:-

| | | |
|---|---|---|
| "(i) | One person having expertise in Marine fisheries, nominated by the Government | - Member" |

എന്നതിൽ Marine fisheries എന്നതിനുപകരം Marine Resource Conservation എന്ന് മാറ്റം വരുത്തണം.

297. In proviso to section 13 A(4), proposed to be inserted in the principal Act by clause 7, for the word "casemay" the words "case may" shall be substituted.

268. In the item (e) to section 13A(2) proposed to be inserted in the principal Act, for the words "three fishermen" substitute the words "two fishermen and a fisher woman".

ഇതിൽ "two fishermen and a fisher woman"എന്നതിനുപകരം "two fishermen and one fisher woman from same fishing village" എന്ന് മാറ്റം വരുത്തണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 255, 267, 268, 278, 287, 291, 297 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 262, 293 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. അബ്ദുറഹിമാൻ അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 283, 294 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

9-ാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

Minister for Fisheries, Harbour Engineering and Cashew Industry (*Smt. J. Mercykutty Amma)*: Sir, I move the following official amendment.

325. In section 17 proposed to be substituted in the principal Act, by clause 10-

(i) in sub-section (1), in the first proviso, for the words and symbol "and/or licence", the words "or licence or both" shall be substituted;

(ii) in sub-section (5) for the words "shall be recovered", the words "may be recovered" shall be substituted.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

Minister for Fisheries, Harbour Engineering and Cashew Industry (*Smt. J. Mercykutty Amma)*: Sir, I move the following official amendment.

343. In section 24(2)(a) proposed to be amended in the principal Act by clause 11,-

(i) in item (en), the words, letters and brackets "specified under sub-section (12) of section 9E" shall be omitted;

(ii) in item (eo), the words "shall be specified" shall be omitted;

(iii) in item (ep), the words "shall be prescribed" shall be omitted;

(iv) in item (eq), the words "shall be specified" shall be omitted.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## IX അവകാശലംഘന പ്രശ്നങ്ങൾ

### പരിഗണനയിലിരിക്കുന്നവ

മി. സ്പീക്കർ: ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ് :

1. 11-5-2017-ൽ കൃഷി എന്ന ധനാഭ്യർത്ഥനയുടെ ചർച്ചാവേളയിൽ ആറന്മുള വിമാനത്താവളത്തിനായി ഏറ്റെടുത്ത സ്ഥലത്ത് കൃഷി നടത്തിയെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും സഭയുടെയും അംഗങ്ങളുടെയും അവകാശലംഘനമാണെന്ന് ആരോപിച്ച് ബഹുമാനപ്പെട്ട അംഗം അടൂർ പ്രകാശ് ചട്ടം 155 പ്രകാരം ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകുകയുണ്ടായി. നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

2. കേരളത്തിലെ പനിമരണങ്ങളെ സംബന്ധിച്ച് 10-8-2017-ലെ അടിയന്തര

പ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് നൽകിയ റിപ്പോർട്ടിന്മേലുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി വസ്തുതാവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവന നടത്തിയെന്ന് ആരോപിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ ചട്ടം 155 പ്രകാരം അവകാശലംഘന പ്രശ്നങ്ങൾ ഉന്നയിക്കുന്നതിന് നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

## X പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## XI അവലോകനം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. നിയമനിർമ്മാണത്തിനായുള്ള ഒരു സമ്മേളനം എന്ന നിലയിലാണ് ഈ സമ്മേളനം ചേർന്നത്. നിയമനിർമ്മാണത്തിനായുള്ള പ്രത്യേക സമ്മേളനം ചേരുന്നത് സാധാരണഗതിയിൽ അത്ര എളുപ്പത്തിൽ നടപ്പാകുന്നതല്ലെങ്കിലും ഇത്തരത്തിൽ ഒരു സമ്മേളനം ചേരാൻ സാധിച്ചത് ഒരു നേട്ടമായി വിലയിരുത്തുകയാണ്.

2017 ആഗസ്റ്റ് 7-ാം തീയതി ആരംഭിച്ച സമ്മേളന കാലയളവിൽ സഭ 12 ദിവസം സമ്മേളിക്കുകയുണ്ടായി. അതിൽ 9 ദിവസം നിയമനിർമ്മാണത്തിനും ഒരു ദിവസം ധനകാര്യ നടപടികൾക്കും രണ്ട് ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കുമായിട്ടാണ് വിനിയോഗിക്കപ്പെട്ടത്. നിയമനിർമ്മാണത്തിൽ ധനവിനിയോഗ ബില്ലിനുപുറമേ ഏറെ ചർച്ച ചെയ്യപ്പെട്ട 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ, സഹകരണ സംഘ (ഭേദഗതി) ബിൽ, 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ, 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ എന്നിവ ഉൾപ്പെടെ 9 ബില്ലുകൾ പാസ്സാക്കുകയും 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ വിശദമായ പരിശോധനയ്ക്കായി സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയുമുണ്ടായി. അനൗദ്യോഗിക കാര്യങ്ങൾക്കായി നീക്കിവച്ച രണ്ട് ദിനങ്ങളിൽ ഒരു ദിവസം ബില്ലുകളും ഒരു ദിവസം പ്രമേയങ്ങളുമാണ് സഭ

പരിഗണിച്ചത്. ബില്ലുകളുടെ കാര്യത്തിൽ സ്വകാര്യ ബില്ലുകളുടെ അവതരണാനുമതി തേടിക്കൊണ്ടുള്ള 4 പ്രമേയങ്ങൾ സഭ പരിഗണിക്കുകയുണ്ടായി. അതുപോലെ സഭ മുമ്പാകെ വന്ന നാല് അനൗദ്യോഗിക പ്രമേയങ്ങൾ സംബന്ധിച്ചും സഭ ചർച്ച ചെയ്യുകയുണ്ടായി.

അടിയന്തര പ്രമേയങ്ങൾക്കുള്ള അവതരണാനുമതി തേടിക്കൊണ്ടുള്ള 11 നോട്ടീസുകളാണ് സമ്മേളന കാലയളവിൽ സഭാതലത്തിൽ പരിഗണിക്കപ്പെട്ടത്. ഈ സമ്മേളനവുമായി ബന്ധപ്പെട്ട് 390 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 4088 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 48 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. സഭാതലത്തിൽ 362 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു. 19 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളിലൂടെയും 104 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ ഈ സമ്മേളനത്തിൽ ഉന്നയിക്കപ്പെട്ടു. കൂടാതെ ചട്ടം 118 പ്രകാരം ഒരു ഗവൺമെന്റ് പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി. ചട്ടം 300 അനുസരിച്ച് സമ്മേളന കാലയളവിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും സഭയിൽ ഓരോ പ്രസ്താവനകൾ നടത്തുകയുണ്ടായി.

കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷ പരിപാടികൾ സമുചിതമായി നടന്നുവരുന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിവുള്ളതാണല്ലോ. അതിന്റെ ഭാഗമായി 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ സംബന്ധിച്ച് അംഗങ്ങൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിലേയ്ക്കായി പ്രസ്തുത ബിൽ സഭ പരിഗണിക്കുന്നതിനു മുമ്പുതന്നെ വിദഗ്ദ്ധരടങ്ങുന്ന ഒരു പാനലിനെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാർ നടത്താനും ഈ സമ്മേളനകാലത്ത് നമുക്ക് കഴിഞ്ഞു. അതോടൊപ്പം ജില്ലാ ആസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് സെമിനാറുകൾ, പ്രദർശനങ്ങൾ, സ്കൂൾ പാർലമെന്റുകൾ, ഭരണഘടനാ ക്ലാസ്സുകൾ എന്നിവയും പൊതുജനങ്ങളേയും വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ചു കൊണ്ടുള്ള വൈവിധ്യമാർന്ന പരിപാടികളും നടത്തിവരികയാണ്. അതിന്റെ തുടർച്ചയായി സെപ്റ്റംബർ മാസം 9, 10, 11 തീയതികളിൽ നിയമസഭയുടേയും ജില്ല ഭരണകൂടത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കണ്ണൂർ ജില്ലയിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പ്രസ്തുത ചടങ്ങിന്റെ വിശദാംശങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുന്നതാണ്. പരിപാടിയിൽ പങ്കെടുക്കാൻ അംഗങ്ങൾ സൗകര്യം കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുന്നു. തുടർന്ന് മറ്റ് ജില്ലാ ആസ്ഥാനങ്ങളിലും ഇത്തരം പരിപാടികൾ ആസൂത്രണം ചെയ്തുവരികയാണ്.

ഇന്നലെ (23-8-2017) ചേർന്ന കക്ഷിനേതാക്കളുടെ യോഗത്തിൽ അടുത്ത വർഷത്തെ ബഡ്ജറ്റ് സംബന്ധിച്ച നടപടികൾ വോട്ട്-ഓൺ-അക്കൗണ്ട് കൂടാതെ തന്നെ മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുവാൻ ധാരണയായിട്ടുള്ള കാര്യം ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുവാൻ ചെയറിന് സന്തോഷമുണ്ട്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാൻ പ്രസ്തുത തീരുമാനം ഏറെ സഹായകരമാകുമെന്ന്

കരുതുന്നു.

രാഷ്ട്രീയ സംവാദങ്ങൾക്കും പരസ്പര വിമർശനങ്ങൾക്കും ഒപ്പം കേരള വികസനത്തിനായി ഒരു പൊതുസമവായം എന്ന നിലയിലേയ്ക്ക് കൂടി വളരാൻ നമ്മുടെ സഭയ്ക്ക് കഴിയേണ്ടതുണ്ട്. കേരളത്തെ ഇനി മാറ്റിനിർത്താനാകാത്ത വികസന വഴികളിലേയ്ക്ക് നയിക്കാൻ ഒരുമിച്ച് നിൽക്കാവുന്ന മിനിമം കാര്യങ്ങളോ, പദ്ധതികളോ സംബന്ധിച്ച കൂടിയുള്ള ഒരു സമവായം ഉണ്ടാകുന്നത് നന്നായിരിക്കുമെന്ന് ചെയർ കരുതുന്നു. അതിനായി ക്രീയാത്മകവും സർഗ്ഗാത്മകവുമായ നേതൃത്വം കൊടുക്കാൻ വജ്രജൂബിലി വർഷത്തിൽ ഈ സഭാവേദി പ്രയോജനപ്പെടുത്തണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

ഈ സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, വിവിധ കക്ഷി നേതാക്കൾ, അംഗങ്ങൾ എന്നിവരോട് ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടപടികളുമായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടറിയറ്റിലേയും വിവിധ വകുപ്പുകളിലേയും എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ നന്ദിരേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര ദൃശ്യ മാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

എല്ലാവർക്കും ഹൃദ്യമായ ഓണം, ബക്രീദ് ആശംസകൾ നേരുന്നു.

ഓർഡർ....... ഓർഡർ......... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയ ഗാനാലാപനത്തോടെ സഭ ഉച്ചയ്ക്കുശേഷം 2.28-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

---